# പി.കെ. ബാലകൃഷ്ണന്റെ സാഹിത്യ-സാമൂഹികവിമർശനം

**കാലിക്കറ്റ് സർവ്വകലാശാലയിൽ**
**ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനുവേണ്ടി**
**സമർപ്പിക്കുന്ന പ്രബന്ധം**

**ജയരാജൻ. പി. (പൊയിലിൽ)**

മലയാള-കേരളപഠനവിഭാഗം
കാലിക്കറ്റ് സർവ്വകലാശാല

2018

# LITERARY AND SOCIAL CRITICISM OF P.K. BALAKRISHNAN

**Thesis submitted to the**
**University of Calicut for the Degree of**
**DOCTOR OF PHILOSOPHY IN MALAYALAM**

**JAYARAJAN. P. (POYILIL)**

**DEPARTMENT OF MALAYALAM**
**AND KERALA STUDIES**
**UNIVERSITY OF CALICUT**

**2018**

കാലിക്കറ്റ് സർവ്വകലാശാലയിൽ ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനുവേണ്ടി സമർപ്പിക്കുന്ന **പി.കെ. ബാലകൃഷ്ണന്റെ സാഹിത്യ-സാമൂഹികവിമർശനം** എന്ന ഈ ഗവേഷണപ്രബന്ധം ഇതിനുമുമ്പ് ഏതെങ്കിലും പരിക്ഷയ്ക്കോ അസ്സോസ്സിയേറ്റ്ഷിപ്പിനോ ഫെല്ലോഷിപ്പിനോ മറ്റേതെങ്കിലും അംഗീകാരത്തിനോ വേണ്ടി എഴുതപ്പെട്ടതല്ലെന്ന് ഇതിനാൽ സത്യമായി ബോധിപ്പിക്കുന്നു.

സ്ഥലം: കാലിക്കറ്റ് സർവ്വകലാശാല **ജയരാജൻ. പി. (പൊയിലിൽ)**

തിയ്യതി:

**ഡോ. സോമനാഥൻ പി.**
അസോസിയേറ്റ് പ്രൊഫസർ
മലയാള-കേരള പഠനവിഭാഗം
കാലിക്കറ്റ് സർവ്വകലാശാല

# സാക്ഷ്യപത്രം

**ജയരാജൻ**. പി. **(പൊയിലിൽ)** സമർപ്പിച്ച **പി.കെ. ബാലകൃഷ്ണന്റെ സാഹിത്യ-സാമൂഹികവിമർശനം** എന്ന ഗവേഷണപ്രബന്ധത്തിന്റെ പരീക്ഷകർ നിർദ്ദേശിച്ച ഭേദഗതികൾ വരുത്തി പരിഷ്കരിച്ച കോപ്പിയാണ് ഇതെന്ന് സാക്ഷ്യപ്പെടുത്തുന്നു.

കാലിക്കറ്റ് സർവ്വകലാശാല **ഡോ. സോമനാഥൻ പി.**

തിയ്യതി:

**ഡോ. സോമനാഥൻ പി.**
അസോസിയേറ്റ് പ്രൊഫസർ
മലയാള-കേരള പഠനവിഭാഗം
കാലിക്കറ്റ് സർവ്വകലാശാല

# സാക്ഷ്യപത്രം

കാലിക്കറ്റ് സർവ്വകലാശാല മലയാള-കേരളപഠനവിഭാഗത്തിൽ പി.എച്ച്. ഡി. യോഗ്യതാപരീക്ഷയ്ക്ക് സമർപ്പിക്കുന്ന **പി.കെ. ബാലകൃഷ്ണന്റെ സാഹിത്യ-സാമൂഹികവിമർശനം** എന്ന ഈ പ്രബന്ധം **ജയരാജൻ**. **പി. (പൊയിലിൽ)**; എന്റെ മാർഗ്ഗനിർദ്ദേശമനുസരിച്ച് നിർവ്വഹിച്ച ഗവേഷണത്തിന്റെ രേഖയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

കാലിക്കറ്റ് സർവ്വകലാശാല **ഡോ. സോമനാഥൻ പി.**

തിയ്യതി:

# കൃതജ്ഞത

ഈ പ്രബന്ധരചനയ്ക്കാവശ്യമായ പഠനക്കുറിപ്പുകൾ ക്ഷമയോടെ സൂക്ഷമമായി പരിശോധിച്ച് അതാത് സമയങ്ങളിൽ വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയത് ഡോ. സോമനാഥൻ. പി ആണ്. ബഹുമാന്യനായ അദ്ധ്യാപകനോടുള്ള എന്റെ സ്നേഹാദരവും കടപ്പാടും ആദ്യമേ രേഖപ്പെടുത്തുന്നു. എന്റെ പ്രവർത്തനങ്ങളെക്കുറിച്ച് പലപ്പോഴും ഓർമ്മിപ്പിക്കാറുള്ള മലയാള-കേരളപഠനവിഭാഗം മേധാവി, ഡോ. എൽ. തോമസ്സ്കുട്ടി, മുൻ മേധാവിയായിരുന്ന ഡോ. എം.എൻ. കാരശ്ശേരി എന്നിവരോടുള്ള നന്ദിയും ഈ അവസരത്തിൽ ഇവിടെ പ്രകടിപ്പിക്കുന്നു. ഗവേഷണസംബന്ധമായി പല രീതിയിലും എന്നെ ആദ്യാവസാനം സഹായിച്ച ഡോ. അനിൽ വള്ളത്തോളിനോട് എനിക്കുള്ള സ്നേഹവും കടപ്പാടും വാഗതീതമാണ്.

പ്രബന്ധരചനയുടെ ഭാഗമായ ചരിത്രവിശകലനവേളകളിലും രചനയുടെ ആദ്യാവസാനവും ഡോ.എം. ഗംഗാധരനുമായുള്ള കൂടിക്കാഴ്ചകൾ വളരെ ഉപകാരപ്രദമായിരുന്നു. വിലപ്പെട്ട സമയം നീക്കിവെച്ച് എന്നെ സഹായിച്ച മറ്റൊരദ്ധ്യാപകനാണ് ഡോ. എം.എം. ബഷീർ. ആദരണീയരായ ഇവരോടുള്ള കൃതജ്ഞതയും ഇവിടെ രേഖപ്പെടുത്തുന്നു.

മലയാള-കേരളപഠനവിഭാഗത്തിലെ അദ്ധ്യാപകനായിരുന്ന ഡോ. കെ.എം. അനിൽ, ഇപ്പോഴത്തെ അദ്ധ്യാപകരായ ഡോ. ഉമർ തറമേൽ, ഡോ. അർ.വി.എം. ദിവാകരൻ, ഡോ. എം.ബി. മനോജ്, ഡോ. ഹസ്കറലി, ഇ.സി. എന്നിവരോടും എന്റെ സഹപ്രവർത്തകരായ ബാബുരാജൻമാഷ്, ഫാ. അനീഷ് പോൾ, ഡോ. മഞ്ജു, എം.പി. എന്നിവരോടും എനിക്ക് പ്രത്യേകമായ കടപ്പാടുണ്ട്.

മലയാള-കേരളപഠനവിഭാഗം സെക്ഷൻ ഓഫീസർ അജയഘോഷിനും മറ്റു ജീവനക്കാർക്കും ഈ അവസരത്തിൽ നന്ദിപറയുന്നു. ഇവരെക്കൂടാതെ മലയാള-കേരള പഠനവിഭാഗം ലൈബ്രറി, സി.എച്ച്.എം.കെ. ലൈബ്രറി, തൃശൂർ കേരള സാഹിത്യ അക്കാദമി ലൈബ്രറി, അപ്പൻതമ്പുരാൻ സ്മാരക ലൈബ്രറി, കേരള യുണിവേഴ്സിറ്റി ലൈബ്രറി എന്നിവിടങ്ങളിലെ ജീവനക്കാരെയും ഞാൻ നന്ദിയോടെ ഓർക്കുന്നു.

ഈ പ്രബന്ധം ഭംഗിയായി ഡി.ടി.പി. ചെയ്തുതന്ന ശ്രീ. രാംപ്രകാശിനോട് എനിക്ക് എന്നും കടപ്പാടുണ്ടായിരിക്കും.

**ജയരാജൻ. പി. (പൊയിലിൽ)**

അക്ഷരലോകത്ത് എനിക്ക്
എല്ലാമായിരുന്ന എന്റെ അമ്മയ്ക്ക്

# ഉള്ളടക്കം


| | | പേജ് നമ്പർ |
|---|---|---|
| | **ആമുഖം** | **1-10** |
| **അധ്യായം ഒന്ന് :** | **പി.കെ. ബാലകൃഷ്ണന്റെ ധൈഷണികവ്യക്തിത്വ രൂപീകരണത്തിന്റെ ചരിത്രപശ്ചാത്തലം** | **11-30** |
| | 1.1. വീട്ടിൽനിന്ന് ആർജ്ജിക്കുന്ന പുരോഗമനചിന്ത | 14 |
| | 1.2. സാഹിത്യപ്രവേശം | 15 |
| | 1.3. രാഷ്ട്രീയപ്രവർത്തനവും സാമൂഹികചിന്തയുടെ രൂപീകരണവും | 15 |
| | 1.4. സ്വതന്ത്രചിന്തയിലേക്കുള്ള മുന്നേറ്റം | 19 |
| | 1.5. മാർക്സിയൻചിന്തയും പുരോഗമനസാഹിത്യവിമർശനവും | 20 |
| | 1.6. ആർഷപാരമ്പര്യത്തിന്റെ നിഷേധവും ഗാന്ധിവിമർശനവും | 24 |
| | 1.6.1. ഗാന്ധിജിയ്ക്ക് ഒരു പിതൃത്വംകൂടി | 24 |
| | 1.8. നാരായണഗുരുവിന്റെ ബൗദ്ധികസ്വാധീനവും കീഴാളനിലപാടും | 26 |
| **അധ്യായം രണ്ട് :** | **കാവ്യപഠനങ്ങളിലെ സാഹിത്യവീക്ഷണവും സാമൂഹിക ചിന്തയും** | **31-96** |
| | 2.1.0 സൗന്ദര്യചിന്തയും സമൂഹവും | 33 |
| | 2.1.1. കലാകാരനിലെ പാരമ്പര്യവും സിദ്ധിയും | 34 |
| | 2.1.2 വീണപൂവ്-ഒരു സ്ത്രോത്രകാരനിലെ ഇംഗ്ലീഷ് റൊമാന്റിക് ഭാവനാസ്ഫുലിംഗം | 35 |
| | 2.1.3. സമുദായകവിതയിലെ സാമുദായികവൈരുദ്ധ്യം | 38 |
| | 2.1.4 സാമുദായികബന്ധമറ്റ കാവ്യപഠനം | 45 |
| | 2.1.5 രാജസം വിടുന്ന ലീലാരചന | 50 |
| | 2.1.6 പുതിയ വെളിച്ചം ബുദ്ധചരിതത്തിൽ | 52 |
| | 2.1.8. വിമർശനാവബോധം ഉൾക്കൊണ്ട കൃതി | 63 |
| | 2.2.0 എഴുത്തച്ഛൻകൃതികളിലൂടെ അഭിവ്യക്തമാവുന്ന സമൂഹചിത്രവും കഥാപാത്രചിത്രവും | 69 |
| | 2.2.1 രാമായണം മൂലത്തിന്റെയും കിളിപ്പാട്ടിന്റേയും താരതമ്യം | 75 |
| | 2.2.2. കവിത്വസിദ്ധിയാൽ തരംമാറിയ ഭാരതകഥ | 79 |
| | 2.2.3. കർണ്ണകഥാപാത്രം വ്യാസഭാരതത്തിലും കിളിപ്പാട്ടിലും | 87 |
| **അധ്യായം മൂന്ന് :** | **നോവൽചിന്തയും ഗദ്യലേഖനങ്ങളും** | **97-154** |
| | 3.1.0. മലയാളത്തിലെ ആദ്യകാല നോവൽപഠനങ്ങൾ | 96 |
| | 3.1.1. വ്യത്യസ്തയാർന്ന പ്രമേയകൽപനകൾ | 100 |
| | 3.1.2. ആഖ്യാനരീതികൾ | 105 |
| | 3.1.3. കഥാപാത്രസൃഷ്ടികളിലെ പ്രതിഭാപ്രവർത്തനം | 108 |

| | | പേജ് നമ്പർ |
|---|---|---|
| | 3.2.0 നവോത്ഥാനചിന്ത ചന്തുമേനോൻ കൃതികളിൽ | 116 |
| | 3.2.1 അധിനിവേശവും ഭാഷാവിപ്ലവവും | 117 |
| | 3.2.2 നവോത്ഥാനത്തിന്റെ തുടർച്ച | 119 |
| | 3.2.3 തകരുന്ന ഫ്യൂഡൽ വ്യവസ്ഥയും ഉയരുന്ന പാശ്ചാത്യസംസ്കാരവും | 121 |
| | 3.2.4. മാതൃകാനായികമാർ | 123 |
| | 3.2.5. സമ്മിശ്രാഭിരുചിയുടെ വക്താക്കൾ | 124 |
| | 3.2.6. കഥയിൽ ഒളിപ്പിച്ച ആശയം | 125 |
| | 3.2.7. ചന്തുമേനോനിലെ കലാപ്രതിഭ | 128 |
| | 3.2.8. സിദ്ധിയുടെയും സാധനയുടെയും പാരമ്പര്യം ചന്തുമേനോനിൽ | 130 |
| | 3.2.9. ബാലകൃഷ്ണന്റെ നോവൽസങ്കൽപം | 133 |
| | 3.2.10. കലാകാരനും സമൂഹവും കലാസൃഷ്ടിയും | 140 |
| | 3.2.11. ചന്തുമേനോനിലെ ആന്തരവൈരുദ്ധ്യങ്ങൾ | 142 |
| | 3.3.0 ബാലകൃഷ്ണന്റെ നാടകവിമർശനങ്ങൾ | 143 |
| | 3.3.1 രംഗസജീകരണത്തിലെ സോഫോക്ലിയൻ ജനുസ്സ് | 145 |
| | 3.3.2 കഥാപാത്രസൃഷ്ടി | 145 |
| **അധ്യായം നാല് :** | **ബാലകൃഷ്ണന്റെ നോവൽരചനകൾ** | **155–204** |
| | 4.1.0 ഇതിഹാസകഥാഖ്യാനത്തിന്റെ പ്രസക്തി | 155 |
| | 4.1.1 ഇതിഹാസത്തിൽ നിന്നുള്ള നോവൽ | 156 |
| | 4.1.2 ആഖ്യാനരീതി | 156 |
| | 4.1.3 ഇന്ദ്രിയവേദ്യമായ പ്രകൃതിദൃശ്യങ്ങൾ | 169 |
| | 4.1.4. നോവലിലെ കർണ്ണകഥാപാത്രം | 172 |
| | 4.1.5. ദ്രൗപദി | 180 |
| | 4.1.6 നോവലിലെ കുന്തി | 184 |
| | 4.1.7. *ഇനി ഞാൻ ഉറങ്ങട്ടെ*- ഒരു സമകാലിക ആഖ്യാനം | 185 |
| | 4.2.0 ആത്മാംശവും ആത്മപരിഹാസവും കലർന്ന ആഖ്യാനം | 187 |
| | 4.2.1. നോവലിലെ ഗ്രാമചിത്രം | 188 |
| | 4.2.2. അൾസേഷ്യനായ പ്ലൂട്ടോ | 189 |
| | 4.2.3. ബഹിഷ്കൃതനായ പ്ലൂട്ടോ | 191 |
| | 4.2.4. മനുഷ്യനിലെ മൃഗനീതി | 192 |
| | 4.2.5 ഒരു സ്നേഹപ്രകടനം | 195 |
| | 4.2.6. നോവലിന്റെ പ്രത്യേകതയും ആത്മകഥാംശവും | 196 |

| | | പേജ് നമ്പർ |
|---|---|---|
| **അധ്യായം അഞ്ച്:** | **ചരിത്രപഠനത്തിന്റെ വേറിട്ട വഴി** | **205–245** |
| | 5.1. ചരിത്രത്തിൽ തരംമാറിയ ഗുരു | 205 |
| | 5.2. രീതിശാസ്ത്രം ലംഘിച്ച ചരിത്രപഠനം | 206 |
| | 5.2.1 രണ്ടാം ചേരരാജ്യമെന്ന ഭാവനാസൃഷ്ടി | 208 |
| | 5.2.2 എ.ഡി. ഒമ്പതാം നൂറ്റാണ്ടുമുതലുള്ള സാമ്പത്തിക മുരടിപ്പ് | 209 |
| | 5.2.3 ജാതിവ്യവസ്ഥ | 216 |
| | 5.2.4 നായർ-പരാജയം ഏറ്റുവാങ്ങിയ സമുദായം | 223 |
| | 5.2.5 കേരളത്തിലെ നമ്പൂതിരിമാർ | 225 |
| | 5.2.6 ബാലകൃഷ്ണന്റെ നിഗമനങ്ങളും വസ്തുതകളും | 230 |
| | 5.3. വേറിട്ട ഒരു ചരിത്രഗ്രന്ഥം | 232 |
| | 5.3.1 ടിപ്പുവിന്റെ സമാധാനശ്രമങ്ങൾ | 232 |
| | 5.3.2. ഭരണാധികാരിയായ ടിപ്പു | 235 |
| | 5.3.3. കാർഷികപരിഷ്കാരങ്ങൾ | 236 |
| | 5.3.4. . മതസമീപനം | 237 |
| | 5.3.5. ഗ്രന്ഥത്തിന്റെ പരിമിതി | 239 |
| | **ഉപസംഹാരം** | **246–259** |
| | **ഗ്രന്ഥസൂചി** | **260–278** |
| | **അനുബന്ധങ്ങൾ** | |

# സംക്ഷേപസംജ്ഞകൾ

## മലയാളം

| | | |
|---|---|---|
| എഡി. | - | എഡിറ്റർ/എഡിറ്റേർസ് |
| കൊ.വ. | - | കൊല്ലവർഷം |
| പു. | - | പുറം |
| പു. ? | - | പുറം അജ്ഞാതം |
| പുസ്ത. | - | പുസ്തകം |
| പേ? | - | പേജ് അജ്ഞാതം |
| പ്രസാ. | - | പ്രസാധകൻ/പ്രസാധകർ |
| ഭാ. | - | ഭാഗം |
| ഭാ.കി. | - | ഭാരതം കിളിപ്പാട്ട് |
| ല. | - | ലക്കം |
| വിവ. | - | വിവർത്തനം |
| വാ. | - | വാല്യം |
| സമ്പാ. | - | സമ്പാദനം |
| സമാ. | - | സമാഹരണം |

## English

| | | |
|---|---|---|
| Ed. | - | Editor |
| Edn. | - | Edition |
| P. | - | Page |
| P.P. | - | Pages |
| Tr. | - | Translated by |
| Vol. | - | Volume |

# ആമുഖം

പത്രപ്രവർത്തകൻ, സാഹിത്യവിമർശകൻ, നോവലിസ്റ്റ്, ചരിത്രകാരൻ എന്നീ നിലകളിൽ ശ്രദ്ധേയങ്ങളായ സംഭാവനകൾ മലയാളസാഹിത്യത്തിനു നൽകിയ ധിഷണാശാലിയാണ് പി.കെ. ബാലകൃഷ്ണൻ. വിഹരിച്ച മേഖലകളിൽ സ്വതന്ത്ര ചിന്തയ്ക്ക് പ്രാധാന്യം നൽകിയ അദ്ദേഹത്തിന്റെ രചനകൾ, സർഗ്ഗാത്മകതയാൽ ചൈതന്യമുൾക്കൊള്ളുന്നവയാണ്. ദേശീയപ്രസ്ഥാനത്തിന്റെയും സഹോദരപ്രസ്ഥാനത്തിന്റെയും സ്വാധീനമുൾക്കൊണ്ടാണ് അദ്ദേഹം സാഹിത്യ-ചരിത്രരംഗത്ത് എത്തിച്ചേരുന്നത്. സാമൂഹികചിന്തയും ചരിത്രബോധവും അദ്ദേഹത്തിന്റെ എല്ലാ കൃതികളിലും നിറഞ്ഞു നിൽക്കുന്നു. സർഗ്ഗാത്മകതയുള്ള ഒരെഴുത്തുകാരന് സ്വാതന്ത്ര്യബോധം സ്ഥാപനത്തിന്റെയോ സംഘടനയുടെയോ അടിമയാകാതെ തന്റേതായ വ്യക്തിത്വം നിലനിർത്താൻ സഹായിക്കും. ആശയാവിഷ്കരണത്തിൽ ഈ പാരമ്പര്യമാണ് ബാലകൃഷ്ണൻ തന്റെ സാഹിത്യ-സാമൂഹിക പഠനരംഗത്ത് നിലനിർത്തിയത്.

## പഠനലക്ഷ്യം

ഒരു സ്വതന്ത്രചിന്തകൻ എന്ന നിലയിൽ വളർന്നുവന്ന ബാലകൃഷ്ണനിലെ സാമൂഹികകാഴ്ചപ്പാടുകളും സാഹിത്യചിന്തകളും മനസ്സിലാക്കുക എന്നതാണ് ഈ പഠനത്തിന്റെ ലക്ഷ്യം. സമൂഹത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റ ചിന്തകൾ ചരിത്രപരമായും സാഹിത്യചിന്തകളെ സാഹിത്യസിദ്ധാന്തങ്ങളുടെ അടിസ്ഥാനത്തിലും പരിശോധിക്കുകയാണ് പഠനത്തിൽ ചെയ്യുന്നത്. അക്കാദമിക പഠനരീതികളിൽ നിന്നും വേറിട്ടുനിൽക്കുന്ന രചനാസമ്പ്രദായമാണ് ബാലകൃഷ്ണന്റേത്. അതുകൊണ്ടുതന്നെയാണ് അവയ്ക്ക് വിമർശനങ്ങൾ ഏറെ ഏറ്റുവാങ്ങേണ്ടിവന്നതും. അദ്ദേഹത്തിന്റെ രചനകളിലെ കാഴ്ചപ്പാടുകളെ തിരിച്ചറിയാനുള്ള ശ്രമം നടന്നുകാണുന്നില്ല. ചരിത്രഗ്രന്ഥരചനയിലാണ് അദ്ദേഹത്തിന് ഏറെ വിമർശനങ്ങൾ ഏറ്റുവാങ്ങേണ്ടിവന്നത്. ചരിത്രരചനയിൽ അദ്ദേഹം അഭിമുഖീകരിച്ച പ്രശ്നങ്ങൾ കണ്ടെത്തുകയും ഇവിടെ പഠനലക്ഷ്യമാണ്.

## പഠനത്തിന്റെ പ്രസക്തി

ദേശീയപ്രസ്ഥാനത്തിന്റെയും നവോത്ഥാനമുന്നേറ്റത്തിന്റെയും കേരളത്തിലെ പ്രാദേശികരാഷ്ട്രീയരൂപവൽക്കരണത്തിന്റെയും കാലഘട്ടത്തിൽ വളർന്നതാണ് ബാലകൃഷ്ണന്റെ രാഷ്ട്രീയബോധവും സാഹിത്യ-ചരിത്രചിന്തകളും. 1940 കളുടെ ആദ്യകാലത്ത് പൊതുജീവിതം തുടങ്ങുന്ന അദ്ദേഹത്തിൽ പഠനകാലത്തുതന്നെ പ്രകടമായ രാഷ്ട്രീയബോധം കണ്ടുതുടങ്ങുന്നുണ്ട്. രാഷ്ട്രീയപ്രവർത്തനത്തോടൊപ്പം സാഹിത്യ-ചരിത്രരചനകളും സാമൂഹികവിമർശനവും നടത്തിയ അദ്ദേഹത്തിന്റെ രചനകളെക്കുറിച്ച് സാഹിത്യ-സാമൂഹിക കാഴ്ചപ്പാടോടെയുള്ള ഗൗരവമായ പഠനങ്ങളുണ്ടായിട്ടില്ല.

സ്വാതന്ത്ര്യചിന്തയുടെ വലിയ സ്വാധീനം ബാലകൃഷ്ണന്റെ രചനാലോകത്ത് അസാധരണത്വം നിലനിർത്തുന്നു. സർഗ്ഗാത്മകതയാലും ആന്തരികമൂല്യങ്ങളാലും പലതരത്തിൽ സമ്പന്നമായ അവ പണ്ഡിതലോകത്തുനിന്നും പലതരത്തിലുള്ള പുകഴ്ത്തലുകൾക്കെന്നപോലെ ഇകഴ്ത്തലുകൾക്കും വിധേയമായിട്ടുണ്ട്. അവയെല്ലാംതന്നെ പല സന്ദർഭങ്ങളിലും സൗഹാർദ്ദത്താലോ വ്യക്തിവിരോധത്താലോ നിറം മങ്ങിയതായി കാണപ്പെടുന്നു.

വ്യത്യസ്തമേഖലകളിൽ വ്യാപരിച്ച ഒരു വ്യക്തി, സമൂഹത്തിലും സാഹിത്യചരിത്രത്തിലും സവിശേഷസ്ഥാനം നേടാറുണ്ട്. അവരെക്കുറിച്ചുള്ള പഠനം ആ കാലഘട്ടത്തെക്കുറിച്ചു മനസ്സിലാക്കാൻ സഹായകമാകും. സാധാരണക്കാരനായി ജീവിക്കുമ്പോഴും സഹജാതരിലെ മാനുഷികമായ അന്തസ്സിന്റെ ശോഭ കണ്ടറിഞ്ഞ് പ്രക്ഷോഭകാരിയായി, വിട്ടുവീഴ്ചയില്ലാത്ത നിലപാടുകൾ ഉൾക്കൊണ്ട് ഒറ്റയാനായി ജീവിച്ച ബാലകൃഷ്ണന്റെ അഭിപ്രായങ്ങൾ പലപ്പോഴും പലരുടെയും എതിർപ്പിനു കാരണമായിരുന്നു. ഇന്ത്യൻ രാഷ്ട്രീയത്തിലെ ദുഷ്പ്രവണതകൾ പലതിന്റെയും ഉറവിടം ഗാന്ധിജിയാണെന്ന അദ്ദേഹത്തിന്റെ അഭിപ്രായം ഗാന്ധിയന്മാരിൽനിന്നും, കമ്മ്യൂണിസ്റ്റ് പാർട്ടിയെപ്പറ്റി ആദ്യകാലത്ത് നടത്തിയ ചില പരാമർശങ്ങൾ അവരുടെ അനുഭാവികളിൽനിന്നും അദ്ദേഹത്തെ അകറ്റിയിരുന്നു.

അതുപോലെ സാഹിത്യകൃതികളിലെ സാമൂഹികാംശവുമായി ബന്ധപ്പെട്ട്, കൃതികളിലെ ഉള്ളടക്കമാണ് പ്രധാനമെന്ന മുണ്ടശ്ശേരിയുടെ അഭിപ്രായത്തെ ഒരിക്കൽ അനുകൂലിക്കുകയും പിന്നീട് പിൻവാങ്ങുകയും ചെയ്തിരുന്നു അദ്ദേഹം. ഇത്തരം വിധിനിർണ്ണയങ്ങളെ സ്വീകരിക്കുകയോ തിരസ്കരിക്കുകയോ ചെയ്യാതെ ബാലകൃഷ്ണന്റെ ധൈഷണികലോകത്തെ സാമൂഹികമായും ചരിത്രപരമായും സാഹിത്യചിന്താധിഷ്ഠിതമായും മനസ്സിലാക്കാനുള്ള ഒരു ശ്രമമാണ് ഇവിടെ നടത്തുന്നത്. .

ബാലകൃഷ്ണൻ കൈവയ്ക്കാത്ത സാഹിത്യശാഖ കുറവാണ്. ചരിത്രവും രാഷ്ട്രീയവും സാമൂഹികശാസ്ത്രവും തത്വചിന്തയും സാഹിത്യവും അദ്ദേഹത്തിൽ ഒന്നിച്ചുചേരുന്നുണ്ട്. പത്രപ്രവർത്തകനെന്ന നിലയിലും പ്രഭാഷകനെന്ന നിലയിലുംകൂടി അദ്ദേഹം അറിയപ്പെടുന്നുണ്ട്. ബൃഹത്തായ ധൈഷണികജീവിതം നയിച്ച ഒരു വ്യക്തിയുടെ കൃതികളെ പഠിക്കുക എന്ന താൽപര്യവും ഈ പ്രബന്ധരചനയ്ക്ക് പിന്നിലുണ്ട്.

കേരളചരിത്രഗ്രന്ഥരചനകളിലെ സവർണ്ണകാഴ്ചപ്പാടുകൾക്കെതിരെ നിലനിന്നപ്പോഴും, പ്രഗൽഭചരിത്രഗ്രന്ഥകർത്താക്കളെ ചോദ്യം ചെയ്തുകൊണ്ട് ചരിത്രഗ്രന്ഥങ്ങൾ രചിച്ചപ്പോഴും സാഹിത്യഗ്രന്ഥരചനാവേളകളിലും ബാലകൃഷ്ണനിലെ ചരിത്ര-സാഹിത്യ-സാമൂഹികസങ്കൽപങ്ങളും ദാർശനികസ്വാധീനങ്ങളും എങ്ങനെയെല്ലാം പരസ്പരം ബന്ധപ്പെട്ടു എന്നും അത് എത്രമാത്രം വിജയിച്ചു എന്നും രേഖപ്പെടുത്തിക്കാണുന്നില്ല. അത്തരത്തിലുള്ള അന്വേഷണവും ഇവിടെ പ്രസക്തമാണ്.

### പൂർവ്വപഠനങ്ങൾ

ബാലകൃഷ്ണന്റെ കൃതികളെക്കുറിച്ച് സമഗ്രമായ പഠനങ്ങൾ മലയാളത്തിൽ ഉണ്ടായിട്ടില്ല. ഉണ്ടായിട്ടുള്ളവയിൽ പലതും ഒറ്റപ്പെട്ട ഭാഗികപഠനങ്ങൾ മാത്രമാണ്. പ്രൊഫ. എം.കെ.സാനു, *പി.കെ. ബാലകൃഷ്ണൻ: ഉറങ്ങാത്ത മനീഷി* (2011) എന്ന പേരിൽ ഒരു ജീവചരിത്രഗ്രന്ഥം പ്രസിദ്ധീകരിച്ചിട്ടുണ്ട്. രാഷ്ട്രീയനേതാവ്, പത്രപ്രവർത്തകൻ, പത്രാധിപർ, സർഗ്ഗാത്മകസാഹിത്യകാരൻ എന്നീ നിലകളിലുള്ള ബാലകൃഷ്ണന്റെ ജീവിതത്തെ ലഘുവായി ഈ ഗ്രന്ഥത്തിൽ വിവരി

ക്കുന്നുണ്ട്. എന്നാൽ ബാലകൃഷ്ണനിലെ ചരിത്രകാരനെക്കുറിച്ചും സാഹിത്യചിന്തകനെക്കുറിച്ചുമുള്ള വിലയിരുത്തലുകൾ അപൂർണ്ണമായിട്ടാണ് ഗ്രന്ഥത്തിൽ കാണപ്പെടുന്നത്. മഹാത്മഗാന്ധി സർവ്വകലാശാലയിൽ ഡോ. എസ്.കെ. വസന്തന്റെ മാർഗ്ഗനിർദ്ദേശത്തിൽ ജെൻസി. കെ.എ. *എഴുത്തിന്റെ ഭിന്നഭാവങ്ങൾ, പി.കെ. ബാലകൃഷ്ണനിൽ* (2015) എന്ന പേരിൽ ഒരു ഗവേഷണപ്രബന്ധം സമർപ്പിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രബന്ധം ബാലകൃഷ്ണന്റെ കൃതികളുടെ ഒരു കേവലവിവരണമായിട്ടാണ് കാണപ്പെടുന്നത്. ഡോ. വി. പ്രസന്നമണി, *പി.കെ. ബാലകൃഷ്ണൻ* എന്ന പേരിൽ ഒരു ലഘുജീവചരിത്രം (2017) രചിച്ചിട്ടുണ്ട്.

മേൽപറഞ്ഞ രണ്ടു പഠനങ്ങൾ മാത്രമേ ബാലകൃഷ്ണന്റെ കൃതികളെക്കുറിച്ച് സവിശേഷമായ രീതിയിൽ അവലോകനം നിർവഹിച്ചു കാണുന്നുള്ളൂ. തുടർന്ന് സ്മരണികകളായി പുറത്തിറങ്ങിയ രണ്ടു പ്രത്യേക പതിപ്പുകളുണ്ട്. അവയിൽ, കേരളഗ്രന്ഥശാലാസംഘം 2011-ൽ പ്രസിദ്ധീകരിച്ച *ഗ്രന്ഥാലോകം പി.കെ. ബാലകൃഷ്ണൻ പതിപ്പാ*ണ് ആദ്യത്തേത്. പ്രൊഫ. എം.കെ. സാനു, ഡോ. എം. ഗംഗാധരൻ, പഴവിള രമേശൻ, ഡോ. കെ. മേഹശ്വരൻ നായർ, എൻ. അജയകുമാർ, ഡോ.കെ.എൻ. ഗണേഷ് എന്നിവർ ബാലകൃഷ്ണന്റെ രചനകളുടെ വ്യത്യസ്തമുഖങ്ങൾ ചർച്ചചെയ്യുന്നുണ്ട്. രണ്ടാമത്തേത് തിരുവനന്തപുരത്തെ കൗമുദി പബ്ലിക്കേഷൻസ് 2012-ൽ പുറത്തിറക്കിയ *കൗമുദി പി.കെ. ബാലകൃഷ്ണൻ പതിപ്പാ*ണ്. സി. രാധാകൃഷ്ണൻ, നീലമ്പേരൂർ മധുസൂദനൻ നായർ തുടങ്ങിയവരും ഇതിൽ അദ്ദേഹത്തെ വിലയിരുത്തുന്നുണ്ട്.

മുകളിൽ വിവരിച്ച വിശേഷപഠനങ്ങൾക്കുപുറമെ ബാലകൃഷ്ണന്റെ ചരിത്രഗ്രന്ഥങ്ങളെയും നോവലുകളെയും കുറിച്ച് ഒറ്റയൊറ്റ പഠനങ്ങൾ പലപ്പോഴായി പുറത്തുവന്നിട്ടുണ്ട്. *ജാതിവ്യവസ്ഥിതിയും കേരളചരിത്രവും* എന്ന ചരിത്രഗ്രന്ഥത്തെക്കുറിച്ച് അത് പ്രസിദ്ധീകരിച്ച കാലത്തുതന്നെ ഡോ. രാജൻഗുരുക്കൾ നടത്തിയ പഠനം (പ്രസക്തി ബുക്ക്സ്, പത്തംതിട്ട 2009) ശ്രദ്ധിക്കപ്പെട്ടതായിരുന്നു. അതേ ഗ്രന്ഥത്തെക്കുറിച്ച് ഡോ. കെ.എൻ. ഗണേഷ് നടത്തിയ പഠനം *കേരളസമൂ*

*ഹപഠനങ്ങൾ* (പ്രസക്തി ബുക്സ്, പത്തനംതിട്ട, 2002) എന്ന പേരിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ബി. രാജീവൻ *വാക്കുകളും വസ്തുതകളും* (ഡി.സി. ബുക്സ്, കോട്ടയം, 2011) എന്ന ഗ്രന്ഥത്തിൽ ബാലകൃഷ്ണന്റെ ചരിത്രഗ്രന്ഥത്തെ കേരളത്തിന്റെ ജാതിരാഷ്ട്രീയത്തിന് മുറിവേൽപ്പിക്കുന്ന ചരിത്രഗ്രന്ഥമായിട്ട് വിലയിരുത്തുന്നു. ഡോ. എം.ആർ. രാഘവവാര്യർ, ഡോ. രാജൻഗുരുക്കൾ തുടങ്ങിയവർ ചേർന്നു രചിച്ച കേരളചരിത്രത്തിൽ (വള്ളത്തോൾ വിദ്യാപീഠം, ശുകപുരം, 1991) *ജാതിവ്യവസ്ഥിതിയും കേരളചരിത്രവും* പരാമർശിക്കപ്പെടുന്നുണ്ട്. പഠനങ്ങൾ പലതും സമീപനവൈരുദ്ധ്യങ്ങളാൽ വ്യത്യസ്ത ദിശാസൂചനകൾ നൽകുന്നവയാണ്.

ബാലകൃഷ്ണന്റെ നോവലുകൾക്കും ധാരാളം പഠനങ്ങൾ നടന്നിട്ടുണ്ട്. ഡോ. ഇ. ബാനർജിയുടെ *ഇനി ഞാൻ ഉറങ്ങട്ടെ: മിത്തിന്റെ ദർശനസാഫല്യം* എന്ന ലേഖനം (*മിത്തും മലയാളനോവലും,* കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2010) സാമൂഹികമായ കാഴ്ചപ്പാടിൽ മിത്തിനെ കണ്ടെത്തുന്നതാണ്. ഡോ. എം.എം.ബഷീർ, (*20 നോവലുകൾ,* ലീഡ് ബുക്സ്, കോഴിക്കോട്, 2013), ഡോ. ബിയാട്രിക്സ് അലെക്സിസ്, (*വയലാർ പുരസ്കാരപെരുമ,* രചന ബുക്സ്, കൊല്ലം) എം.ആർ. ചന്ദ്രശേഖരൻ, (*ഗ്രന്ഥപൂജ,* സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം, 2010) ടോണി മാത്യു (*നോവൽ പരിചയം*, ഡി.സി. ബുക്സ്, കോട്ടയം, 1986) എന്നിവരും ഇതേ നോവലിനെക്കുറിച്ച് ലഘുപഠനങ്ങൾ നടത്തിയിട്ടുണ്ട്. ഡോ. എൻ.എം. നമ്പൂതരിയുടെ മേൽനോട്ടത്തിൽ *വ്യാസഭാരതകഥാപാത്രങ്ങൾ- മലയാളനോവലുകളിൽ- തെരഞ്ഞെടുത്ത കൃതികളെ ആസ്പദമാക്കി ഒരു പഠനം* എന്ന പേരിൽ സുജയ. ജി. (കാലിക്കറ്റ് യൂണിവേഴ്സിറ്റി, 2009) തയ്യാറാക്കിയ ഗവേഷണപ്രബന്ധത്തിൽ പ്രസ്തുത നോവൽ പരാമർശിക്കപ്പെടുന്നുണ്ട്. ഡോ. എസ്. ഷാജി *ഒരു വീരപുളകത്തിന്റെ കഥ* (കഥാപൂർണ്ണാ പബ്ലിക്കേഷൻസ്, തിരുവനന്തപുരം, 2015) എന്ന പേരിൽ ബാലകൃഷ്ണന്റെ അസമാഹൃതലേഖനങ്ങൾ കണ്ടെത്തി പഠനത്തോടെ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഇവരെക്കൂടാതെ ഡോ. കെ. അയ്യപ്പപ്പണിക്കർ, (*വ്യക്തിചിത്രങ്ങൾ യാത്രാദൃശ്യങ്ങൾ*-സാംസ്കാരിക പ്രസിദ്ധീകരണവകുപ്പ്-കേരളസർക്കാർ, 2005), ജി. എൻ.

പണിക്കർ, (*അകലെനിന്ന് അടുത്ത്നിന്ന്,* ജീവചരിത്രം/അനുസ്മരണം, നാഷണൽ ബുക്സ്റ്റാൾ, കോട്ടയം, 1991), കെ.പി. അപ്പൻ, (*വരകളും വർണ്ണങ്ങളും,* ഒലീവ് പബ്ലിക്കഷൻസ്, കോഴിക്കോട്, 1999), ഡോ. എം. ഗംഗാധരൻ (*ഉണർവിന്റെ ലഹരിയിലേക്ക്* - ഡി.സി. ബുക്സ്, കോട്ടയം, 2012), ഡോ. ഏഴുമറ്റൂർ രാജരാജവർമ്മ (*മലയാളനിരൂപണങ്ങൾ - ആധുനികഘട്ടം,* പി.കെ. പരമേശ്വരൻ നായർ സ്മാരക ഗ്രന്ഥാവലി, പി.കെ. പരമേശ്വരൻ നായർ മെമ്മോറിയൽ ട്രസ്റ്റ്, തിരുവനന്തപുരം, 1998), എൻ. ഗോപിനാഥൻ നായർ (*പാഞ്ചാലിയെക്കുറിച്ചൊരു ചിന്ത*, സാഹിത്യലോകം, 1984) ഡോ. ആർ.ബി. ശ്രീകല (*മഹാഭാരതത്തിലെ മൗനഭാഷ്യങ്ങൾ*- ശാന്തം മാസിക ഫിബ്രവരി, 2017) എന്നിവരും പലപ്പോഴായി എഴുതിയ ലേഖനങ്ങൾ കാണുന്നുണ്ട്.

## പഠനരീതി

ബാലകൃഷ്ണന്റെ ഗ്രന്ഥങ്ങളുടെ ഏറ്റവും പുതിയ പതിപ്പുകൾതന്നെയാണ് പ്രഥമാകരങ്ങളായി പ്രബന്ധരചനയിൽ കൂടുതൽ ആശ്രയിച്ചിരിക്കുന്നത്. പത്രപ്രവർത്തനം, നിരൂപണം, ചരിത്രരചന തുടങ്ങിയ മേഖലകളിൽപ്പെടുന്ന ഗ്രന്ഥങ്ങളാകയാൽ സാമൂഹിക-ചരിത്രാത്മക രീതിയാണ് പ്രബന്ധരചനയിൽ അവലംബിച്ചിരിക്കുന്നത്. ചരിത്രം, ജീവചരിത്രം, സ്മരണകൾ കവിതാ-നോവൽ പഠനങ്ങൾ അനുകാലികങ്ങളിലെ ലേഖനങ്ങൾ എന്നീ വിഭാഗങ്ങളിൽപ്പെട്ട ഗ്രന്ഥങ്ങൾ പ്രബന്ധരചനയിൽ ഉപയോഗിച്ചിട്ടുണ്ട്. ഇവയ്ക്കുപുറമെ ബാലകൃഷ്ണന്റെ സമകാലികരും സുഹൃത്തുക്കളുമായ വ്യക്തികളുമായുള്ള അഭിമുഖസംഭാഷണങ്ങളും സെമിനാറുകളും ഉപയോഗപ്പെടുത്തിയിട്ടുണ്ട്.

## പ്രബന്ധഘടന

ഈ പ്രബന്ധത്തിന് ആമുഖവും ഉപസംഹാരവും കൂടാതെ അഞ്ച് അദ്ധ്യായങ്ങളാണുള്ളത്. അവ താഴെ വിവരിക്കുന്ന പ്രകാരമാണ്.

ഒന്നാമത്തെ അദ്ധ്യായത്തിൽ ബാലകൃഷ്ണന്റെ ബാല്യകാലത്തെ ലോകപരിതഃസ്ഥിതിയും ഇന്ത്യയിലും കേരളത്തിലും നടന്ന രാഷ്ട്രീയ-സാമൂഹിക മാറ്റ

ങ്ങളും ലഘുവായി വിവരിക്കുന്നു. ആയിരത്തിതൊള്ളായിരത്തി മുപ്പതുകളിലെ ലോകസംഭവഗതികളും ലോകയുദ്ധത്തിനെതിരെ ധൈഷണികരംഗത്തെ ചെറുത്തുനിൽപും കൂട്ടായ്മയും, ഇന്ത്യയിലെയും കേരളത്തിലെയും രാഷ്ട്രീയക്കാരെയും എഴുത്തുകാരെയും അവ സ്വാധീനിച്ചതും സൂചിപ്പിക്കുന്നുണ്ട്. ബാല്യത്തിൽത്തന്നെ സോഷ്യലിസ്റ്റ് ആശയങ്ങളിൽ ആകൃഷ്ടനായി രാഷ്ട്രീയ പ്രവർത്തനത്തിലിറങ്ങിയ ബാലകൃഷ്ണനെ സ്വാധീനിച്ച രാഷ്ട്രീയവ്യക്തിത്വങ്ങൾ, സാഹിത്യപ്രതിഭകൾ, എന്നിവരെക്കുറിച്ച് വിവരണം നൽകുന്നു. കെ.എസ്.പി.യുടെ മുഖപത്രമായിരുന്ന *സോഷ്യലിസ്റ്റ്* വാരികയിലൂടെ പത്രപ്രവർത്തനത്തിന്റെയും എഴുത്തിന്റെയും പഠനത്തിന്റെയും ലോകത്ത് പ്രവേശിച്ച ബാലകൃഷ്ണകൃഷ്ണന്റെ ധൈഷണികവ്യക്തിത്വരൂപീകരണത്തിന്റെ പശ്ചാത്തലം അവലോകനം ചെയ്യുകയാണ് ഈ അദ്ധ്യായത്തിൽ.

രണ്ടാം അധ്യായത്തിൽ സാഹിത്യനിരൂപകനായ ബാലകൃഷ്ണനെ പദ്യസാഹിത്യമേഖലയിൽവെച്ച് വിലയിരുത്താൻ ശ്രമിക്കുന്നു. രണ്ടു ഭാഗങ്ങളുള്ള ഈ അധ്യായത്തിലെ ആദ്യഭാഗം *കാവ്യകല കുമാരനാശാനിലൂടെ* എന്ന ഗ്രന്ഥം പരിശോധിക്കുന്നതാണ്. മറ്റു മലയാളനിരൂപകരിൽനിന്നും വ്യത്യസ്തമായി തന്റേതായ ചില കാഴ്ചപ്പാടുകൾ മുന്നോട്ടുവയ്ക്കുന്നവയാണ് ബാലകൃഷ്ണന്റെ ഓരോ ആശാൻകവിതാപഠനവും. കാവ്യരചനയ്ക്കു പിന്നിൽ പ്രവർത്തിക്കുന്ന കവിപ്രതിഭയുടെ സാന്ദർഭികമായ പ്രത്യക്ഷപ്പെടലിലൂടെ കവിത്വം ഉച്ചസ്ഥായിയിലെത്തുമ്പോഴാണ് ആശാൻ മികവുറ്റ കൃതികൾ രചിക്കുന്നതെന്ന ബാലകൃഷ്ണന്റെ വാദം അദ്ദേഹത്തിന്റെ വിമർശനരീതിയുടെ പ്രത്യേകതയായിട്ടുകാണാം. ആശാന്റെ ജീവചരിത്രസന്ദർഭങ്ങൾ ഈ വാദം സമർത്ഥിക്കുന്നതിനുവേണ്ടി ബാലകൃഷ്ണൻ ഉപയോഗിക്കുന്നുണ്ട്. കവിതാപഠനത്തിൽ പാശ്ചാത്യ-പൗരസ്ത്യ കാവ്യസിദ്ധാന്തങ്ങൾ അദ്ദേഹത്തെ എത്രമാത്രം സ്വാധീനിച്ചു എന്നതും പരിശോധനാവിഷയമാണ്.

അദ്ധ്യായത്തിൽ രണ്ടാം ഭാഗത്ത് *എഴുത്തച്ഛന്റെ കല: ചില വ്യാസഭാരതപഠനങ്ങളും* എന്ന ഗ്രന്ഥത്തെ പഠനവിധേയമാക്കുന്നു. ഒരു സാമൂഹികപഠനമെന്നോ സാംസ്കാരികപഠനമെന്നോ പറയാൻ കഴിയുന്ന തരത്തിലുള്ള പ്രബന്ധങ്ങളാണ്

ഈ ഗ്രന്ഥത്തിലുള്ളത്. കേരളത്തിലെ സമുദായവളർച്ചയുടെയും ഭാഷാസ്വത്വരൂപീകരണത്തിന്റെയും വ്യത്യസ്തവശങ്ങൾ പഠനത്തിൽ വരുന്നുണ്ട്. ബ്രാഹ്മണ-ബ്രഹ്മണേതരസമുദായങ്ങളുടെ സാംസ്കാരികജീവിതത്തിന്റെ വിവിധ വശങ്ങൾ പഠനഭാഗമായി വരുന്നു. സവർണ്ണസംസ്കാരത്തിന്റെ നിലനിൽപിന് അവർണ്ണർ അബോധപൂർവമായി പങ്കാളികളായത് ബാലകൃഷ്ണൻ വിവരിക്കുന്നുണ്ട്. ഇക്കാര്യം പരിശോധിക്കാൻ പ്രബന്ധത്തിൽ ശ്രമിക്കുന്നുണ്ട്.

കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ വ്യാസഭാരതപരിഭാഷയെ ഉപജീവിച്ചുകൊണ്ടാണ് ബാലകൃഷ്ണൻ ഭാരതം കിളിപ്പാട്ടിനെയും വ്യാസഭാരതത്തെയും താരതമ്യം ചെയ്യുന്നത്. കഥാസന്ദർഭങ്ങളിലെ വിവരണങ്ങളിലൂടെയുള്ള ഇത്തരം താരതമ്യപ്പെടുത്തലുകൾ മലയാളത്തിൽ ഏറെയില്ല എന്നത് ശ്രദ്ധേയമാണ്. പരിഭാഷാകർമ്മത്തിൽ എഴുത്തച്ഛന്റെ പാരമ്പര്യം വിശ്വമഹാകവികളുടേതാണെന്നദ്ദേഹം കരുതുന്നു. എന്നാൽ ഭക്തിയിലൂടെയല്ലാതെ എഴുത്തച്ഛനിൽനിന്നും ഒന്നും ജനിക്കുന്നില്ല എന്നാണ് രാമായണം, ഭാരതം കിളിപ്പാട്ടുകൾ വ്യക്തമാകുന്നത്. പരിഭാഷാശരീരം ഭക്തിയാൽ ചീർപ്പിച്ചിരിക്കുന്നു എന്നു മാത്രമല്ല മഹാഭാരതത്തെ ഒരു 'ശ്രീകൃഷ്ണകഥാമൃത'മായിക്കാണുന്നു എന്നുതന്നെ ഗ്രന്ഥകർത്താവ് പറയുന്നുണ്ട്. ഇതിനെ ഒരു ബൃഹത്കൃതി സംക്ഷേപിക്കുമ്പോളുണ്ടാകുന്ന സ്വാഭാവികമായ ഏറ്റക്കുറച്ചിലായി കാണുന്ന പഠിതാക്കളുടെ ലളിതവൽക്കരണത്തെ ഖണ്ഡിക്കുന്നു ബാലകൃഷ്ണൻ.

മഹാഭാരതത്തിലെ കുരുവംശകഥാപ്രതിപാദനത്തിൽ വ്യക്തമാകുന്ന വർണ്ണാശ്രമസങ്കൽപത്തെ ബാലകൃഷ്ണൻ വിവരിക്കുന്നുണ്ട്. ഈ വിഷയം ചരിത്രപണ്ഡിതരുടെ കാഴ്ചപ്പാടുകൾ പരിശോധിച്ച് വ്യക്തത വരുത്തുവാൻ ശ്രമിക്കുന്നുണ്ട്. സാമൂഹികചിന്ത കാവ്യപഠനങ്ങളിലെല്ലാം തെളിഞ്ഞു കാണുന്നുണ്ട്. ജാതിവ്യവസ്ഥയുമായി ബന്ധപ്പെട്ട കേരളസമൂഹത്തിന്റെ വ്യത്യസ്ത വശങ്ങളിലേക്ക് അദ്ദേഹത്തിന്റെ ചിന്ത കടന്നു ചെല്ലുന്നു.

മൂന്നാം അധ്യായത്തിൽ ബാലകൃഷ്ണന്റെ ഗദ്യസാഹിത്യനിരൂപണങ്ങളാണ് പഠനവിധേയമാക്കുന്നത്. 1957-ൽ പ്രസിദ്ധപ്പെടുത്തിയ *ചന്തുമേനോൻ ഒരു പഠനം*

1965-ൽ പുറത്തിറങ്ങിയ *നോവൽ:സിദ്ധിയും സാധനയും*, തുടർന്നു പലപ്പോഴായി നാടക-നോവൽ സംബന്ധമായി രചിച്ച ലേഖനങ്ങളും പഠനത്തിൽ വരുന്നു. *നോവൽ: സിദ്ധിയും സാധനയും* എന്ന ഗ്രന്ഥത്തിൽ താരാശങ്കർബാനർജിയുടെ *ആരോഗ്യനികേതനം,* ജയിൻ ഓസ്റ്റന്റെ നോവലുകൾ, ഡോസ്റ്റോയ്വ്സികിയുടെ *കാരമസോവ് സഹോദരന്മാർ* എന്നിവയെ അവലംബിച്ചുകൊണ്ട് നോവൽ പ്രതിഭയുടെ ചില വ്യക്തിവിശേഷങ്ങളിലാണ് അദ്ദേഹം ഊന്നുന്നത്. കാവ്യവിശക ലനത്തിന്റെ രീതിവിശേഷങ്ങൾ ഗദ്യസാഹിത്യമായ നോവലിന്റെ കാര്യത്തിൽ സംഗതമല്ലെന്ന ബാലകൃഷ്ണന്റെ ബോധ്യം ഗ്രന്ഥത്തിൽ വെളിവാകുന്നുണ്ട്. ജന്മ സിദ്ധമായ പ്രതിഭ, നിരന്തരമായ അഭ്യാസം, ഈ രണ്ടു ഘടകങ്ങളുടെ പ്രവർത്തനം നോവലുകളിലെ പ്രമേയത്തിലും ആഖ്യാനത്തിലും കഥാപാത്രഘടനയിലും എങ്ങ നെയെല്ലാം പ്രവർത്തിക്കുന്നു എന്നതാണ് മേൽപറഞ്ഞ നോവലിസ്റ്റുകളുടെ കൃതി കളിലൂടെ അന്വേഷിക്കുന്നത്. വ്യക്തിപ്രതിഭയാണ് കലയുടെ അടിസ്ഥാനമെന്ന് ആവർത്തിച്ചുകൊണ്ട് നോവലുകളിൽ അതു പ്രകടമാകുന്ന മൂന്നു വഴികൾ കാണി ച്ചുതരികയാണ് ബാലകൃഷ്ണൻ. അതേ സമയം മേൽപറഞ്ഞ കൃതികളിലെ സമൂ ഹത്തിന്റെ ചലനം അദ്ദേഹത്തിന്റെ നിരൂപണത്തിൽ വ്യക്തമല്ല എന്നത് ശ്രദ്ധിക്ക പ്പെടുന്നതാണ്. പ്രതിഭയുടെയും സാധനയുടെയും സാന്നിദ്ധ്യം വ്യക്തമാക്കുന്ന പ്രമേ യങ്ങളിൽ സാമൂഹികാംശം ബാലകൃഷ്ണൻ എത്രമാത്രം ഉയർത്തിക്കാണിക്കുന്നു എന്നത് പരിശോധിക്കുന്നുണ്ട്. സി.ജെ. തോമസ്, സി.എൻ. ശ്രീകണ്ഠൻനായർ എന്നീ നാടകകൃത്തുക്കളുടെ നാടകങ്ങളെ സംബന്ധിച്ച ലേഖനങ്ങളും ഇവിടെ ചർച്ച ചെയ്യുന്നു.

നാലാം അദ്ധ്യായം ബാലകൃഷ്ണന്റെ സർഗ്ഗാത്മകസാഹിത്യപ്രവർത്തനഫ ലമായുണ്ടായ നോവലുകളെ വിലയിരുത്താനുള്ള ശ്രമമാണ്. സാഹിത്യ-സാമൂഹി കവിമർശകനെന്ന നിലയിൽ പാർശ്വവൽകൃതജനതയുടെ ചരിത്രമെഴുതുക, കീഴാ ളവിഭാഗത്തിനുവേണ്ടി തൂലിക ചലിപ്പിക്കുക തുടങ്ങിയ പ്രത്യേകതകൾ ബാലകൃ ഷ്ണനിൽ ദൃശ്യമാണ്. ഈ ഒരു പ്രത്യേകത അദ്ദേഹത്തിന്റെ സർഗ്ഗാത്മകകൃതിക ളായ നോവലുകളിലും കാണാം. *ഇനി ഞാൻ ഉറങ്ങട്ടെ, പ്ലൂട്ടോ! പ്രിയപ്പെട്ട പ്ലൂട്ടോ!*

എന്നീ നോവലുകളിലെ കേന്ദ്രകഥാപാത്രങ്ങൾ ഇതിനു തെളിവാണ്. ഈ കാഴ്ച പ്പാടോടുകൂടി പ്രസ്തുത നോവലുകളെ കണ്ടെത്താനുള്ള ശ്രമം ഈ അദ്ധ്യായ ത്തിൽ നടത്തുന്നുണ്ട്.

അഞ്ചാം അദ്ധ്യായം ചരിത്രഗ്രന്ഥങ്ങളെ വേർതിരിച്ചു നിർത്തി പഠനം നട ത്തുന്നു കേരളചരിത്രത്തിൽ അർഹിക്കുന്ന സ്ഥാനം ലഭിക്കാതെ പോയ ശ്രീനാരാ യണഗുരുവിന്റെ സാമൂഹികപ്രാധാന്യത്തെക്കുറിച്ചും കേരളത്തിലെ അധഃകൃത വർഗ്ഗ ത്തിന്റെ ചരിത്രപ്രാധാന്യത്തെക്കുറിച്ചും നടത്തുന്ന അവലോകനമാണ് *ശ്രീനാരായ ണഗുരു സമാഹാരഗ്രന്ഥം. ജാതിവ്യവസ്ഥിതിയും കേരളചരിത്രവും* എന്ന ഗ്രന്ഥം, ഔപചാരികചരിത്രരചനയുടെ പുറത്തുനിന്നും രചനനിർവഹിച്ച കൃതിയാകയാൽ ചരിത്രപണ്ഡിതരിൽനിന്നും ഏറെ ചർച്ചകൾക്കും വിവാദങ്ങൾക്കും വഴിമരുന്നിട്ടിരു ന്നു. പേരു സൂചിപ്പിക്കുന്നതുപോലെ കേരളസമൂഹത്തിന്റെ അടിസ്ഥാനഘടന ജാതിവ്യവസ്ഥയാണെന്നാണ് ഗ്രന്ഥകർത്താവിന്റെ വാദം. പല തരത്തിലുമുള്ള ചരിത്രചിന്തകൾക്കും ഉപയോഗപ്രദമായ നിരീക്ഷണങ്ങൾ ഗ്രന്ഥത്തിലുണ്ടെന്നത് അംഗീകരിക്കപ്പെട്ടതാണ്. *ടിപ്പുസുൽത്താൻ* എന്ന ജീവചരിത്രഗ്രന്ഥം ടിപ്പുവിന്റെ രാഷ്ട്രീയവും സാമൂഹികവും മതപരവുമായ നിലപാടുകളെ സൂക്ഷ്മമായി വില യിരുത്തന്നതാണ്. ഈ രണ്ടുചരിത്രഗ്രന്ഥങ്ങളും ചരിത്രപരമായ വസ്തുതകളുടെ പിൻബലത്തോടെ വിശകലനം ചെയ്യാൻ ഈ അദ്ധ്യായത്തിൽ ശ്രമിച്ചിട്ടുണ്ട്.

അദ്ധ്യായം ഒന്ന്

# പി.കെ. ബാലകൃഷ്ണന്റെ ധൈഷണികവ്യക്തിത്വ രൂപീകരണത്തിന്റെ ചരിത്രപശ്ചാത്തലം

ലോകമാകെയും ഇന്ത്യയിൽ വിശേഷിച്ചും ആശയസംഘർഷങ്ങളുടെ ഘോഷയാത്രനടക്കുന്ന ഒരു ചരിത്രഘട്ടത്തിലാണ് പി.കെ. ബാലകൃഷ്ണന്റെ വ്യക്തിത്വരൂപീകരണം നടക്കുന്നത്. 1926, മാർച്ചിൽ രണ്ടു ലോകമഹായുദ്ധങ്ങളുടെ ഇടയിലുള്ള കാലഘട്ടത്തിലാണ് ബാലകൃഷ്ണൻ ജനിക്കുന്നത്. രണ്ടു ലോകയുദ്ധങ്ങൾ സാർവ്വലൗകികതലത്തിൽത്തിൽത്തന്നെ മനുഷ്യരാശിയുടെ ഭാഗധേയങ്ങൾ മാറ്റിമറിച്ചുകളഞ്ഞു. യുദ്ധക്കൊതിയും അധികാരാസക്തിയും ഫാസിസത്തിന്റെ മുന്നേറ്റവും ലോകവ്യാപകമായ സാമ്പത്തികമാന്ദ്യവും അതിനെതിരെയുള്ള പ്രതിരോധവും എല്ലാം ചേർന്ന് സംഭവബഹുലമായ കാലഘട്ടമാണത്.

1922-23 കാലഘട്ടത്തിലെ ലോകജനതയെ ബാധിച്ച സാമൂഹികമാറ്റങ്ങളിൽ നിന്ന് ഒഴിഞ്ഞുനില്ക്കാൻ ബ്രിട്ടീഷാധിപത്യത്തിൻ കീഴിലമർന്ന ഇന്ത്യയ്ക്ക് കഴിയുമായിരുന്നില്ല. ലോകത്തെയാകമാനം തങ്ങളുടെ വരുതിയിലാക്കാനുള്ള ഫാസിസ്റ്റ് സാമ്രാജ്യത്വശക്തികളുടെ മത്സരം മനുഷ്യജീവിതത്തെ തളർത്തിക്കളഞ്ഞ കാലഘട്ടമായിരുന്നു ഇരുപതാംനൂറ്റാണ്ടിന്റെ മുപ്പതുകൾ. ഭാവിയെക്കുറിച്ചുള്ള ആശങ്കകൾ ജനതയെ മുഴുവനും സാമൂഹികമാറ്റങ്ങൾക്കുവേണ്ടിയുള്ള പ്രവർത്തനങ്ങളിലേക്കു നയിച്ചു. മനുഷ്യരുടെ നിലനിൽപ്പിനും ജീവസന്ധാരണത്തിനും വേണ്ടി മാത്രമല്ല, സ്വാതന്ത്ര്യത്തിനും സമത്വത്തിനും പുരോഗതിക്കും വേണ്ടിയുള്ള പ്രവർത്തനങ്ങൾ സർവ്വരാജ്യങ്ങളിലെയും പ്രതിഭാശാലികളിൽനിന്നുമുണ്ടായിക്കൊണ്ടിരുന്നു.

ദേശീയാന്തർദേശിയരംഗങ്ങളിൽ വലിയ ചലനങ്ങൾ നടക്കുന്ന കാലത്ത് കേരളത്തിന്റെ സാമൂഹിക-രാഷ്ട്രീയരംഗത്ത് സവിശേഷമായ ചില വൻപരിവർത്തനങ്ങളും നടക്കുന്നുണ്ട്. ഗുരുവായൂർ സത്യാഗ്രഹംപോലുള്ള സംഭവങ്ങൾ കേരളത്തിലെ അവർണ്ണസമുദായങ്ങൾ അനുഭവിച്ചിരുന്ന അവശതകൾ രാജ്യത്തിന്റെ മൊത്തം ശ്രദ്ധയാകർഷിച്ചു. സാമ്പത്തികമാന്ദ്യത്തിന്റെ ഫലമായി കേരളത്തിലെ

കാർഷികോൽപ്പന്നങ്ങൾക്ക് വിലയിടിഞ്ഞുകൊണ്ടിരുന്നു. കൊച്ചിയിൽ ദേശീയപ്രസ്ഥാനത്തിനു പ്രേരകമായ സംഘടനകൾ പ്രത്യക്ഷപ്പെടുന്നതോടെ തിരുവിതാംകൂറിൽ നിവർത്തനപ്രസ്ഥാനവും രൂപംകൊള്ളുന്നു. ഈഴവ-ക്രിസ്ത്യൻ-മുസ്ലീം സമുദായങ്ങൾ നടത്തിയ പ്രക്ഷോഭണമായിരുന്നു ഇത്. സർ. സി.പി. രാമസ്വാമി അയ്യരുടെ ജനദ്രോഹനയങ്ങൾക്കെതിരെ സ്റ്റേറ്റ് കോൺഗ്രസ്സുകാർ ഒരു മെമ്മോറാണ്ടം സമർപ്പിക്കുന്നുണ്ട്. ഗാന്ധിജിയുടെ നിർദ്ദേശപ്രകാരം അത് പിൻവലിച്ചതിനു ശേഷം സ്റ്റേറ്റ് കോൺഗ്രസ്സിലെ ഒരു വിഭാഗം കമ്മ്യൂണിസ്റ്റ് പാർട്ടിയിലേക്ക് ആകർഷിക്കപ്പെടുന്നു. 1942 ആഗസ്തിൽ ഗാന്ധിജിയെയും നെഹ്റുവിനെയും ബ്രിട്ടീഷ് സർക്കാർ അറസ്റ്റ് ചെയ്തതോടെ സ്വാതന്ത്ര്യസമരത്തിനു ആവേശമേറുകയും അത് കേരളത്തിലെ സമരരംഗം നഗരഗ്രാമഭേദമെന്യേ പടരുകയും ചെയ്തു. കോൺഗ്രസ് നേതാക്കൾ ജയിലിലായിരുന്നതിനാൽ സോഷ്യലിസ്റ്റ് നേതാക്കളായിരുന്നു കേരളത്തിലെ സമരത്തിന്റെ നേതൃത്വം ഏറ്റെടുത്തത്. ഇങ്ങനെ തിളച്ചുമറിയുന്ന ചരിത്ര പശ്ചാത്തലത്തിലാണ് പി.കെ. ബാലകൃഷ്ണൻ യുവത്വത്തിലേക്കും രാഷ്ട്രീയ-സാമൂഹിക രംഗത്തേക്കും പ്രവേശിക്കുന്നത്.

1932-ൽ ഇറ്റലിയിൽ ഫാസിസം തലപൊക്കിയതിനു പിന്നാലെ 1934-ൽ ഹിറ്റലറുടെ നാസിസവും പ്രബലമാവുന്നു. ലോകരാഷ്ട്രങ്ങൾക്കുമുകളിൽ ഭീഷണിയായി ഇവ നിലനിന്നപ്പോൾ, സാഹിത്യനായകന്മാർ ‘കലയും സാഹിത്യവും ഫാസിസത്തിനെതിരെ’ എന്ന മുദ്രാവാക്യത്തിനു കീഴെ അണിനിരന്നു. അങ്ങനെയാണ് സാഹിത്യമഹാരഥന്മാർ 1935-ൽ പാരീസിൽ സമ്മേളിക്കുകയും അഖിലലോകപുരോഗമനസാഹിത്യസംഘടന രൂപീകരിക്കുകയും ചെയ്യുന്നത്. ഇന്ത്യയിൽനിന്നും മുൽക്കരാജ് ആനന്ദ്, സജ്ജാദ് സാഹിർ എന്നിവർ അതിൽ പങ്കെടുത്തു. പിന്നീട് ഇവർ രണ്ടുപേരും, ലണ്ടനിൽ കഴിഞ്ഞിരുന്ന ചില ഭാരതീയരും ചേർന്നാണ് 1936 -ൽ യോഗം ചേർന്ന് ഇന്ത്യൻ പുരോഗമനസാഹിത്യസംഘടന രൂപീകരിക്കുന്നത്[1]. സർവ്വദേശീയാടിസ്ഥാനത്തിലുള്ള ഒരു ലോകപുരോഗമനസാഹിത്യസംഘടനയുടെ പശ്ചാത്തലത്തിൽ ആരംഭിച്ച അഖിലേന്ത്യാതലത്തിലുള്ള പുരോഗമനസംഘടനയുടെ പ്രാദേശികഘടകമായിട്ടാണ് 1937 ഏപ്രിൽ 20-ന് കേരളത്തിൽ തൃശൂരിൽവെച്ച്

പുരോഗമനസാഹിത്യകാരന്മാരുടെ സമഗ്രപ്രാതിനിദ്ധ്യമുള്ള ഒരു സമ്മേളനം വിളിച്ചുകൂട്ടുന്നത്. *ബോംബെ ക്രോണിക്കിൾ* സഹപത്രാധിപരായിരുന്ന ശ്രീ. വി. നാരായണസ്വാമിയുടെ അധ്യക്ഷതയിൽ നടന്ന സമ്മേളനത്തിൽ കെ. ദാമോദരൻ. ഇ.എം.എസ്. നമ്പൂതിരിപ്പാട്, കെ.കെ. വാര്യർ, എം.എസ്. ദേവദാസ്, സി. അച്യുതക്കുറുപ്പ്, എൻ.സി. ശേഖർ, ഇടപ്പള്ളി നാരായണപ്പിള്ള തുടങ്ങിയവർ മുൻനിരയിൽ അണിനിരന്നു. 1944-ൽ അത് ജീവൽസാഹിത്യം എന്ന പേര് ഉപേക്ഷിച്ച് പുരോഗമനസാഹിത്യമെന്ന പേര് സ്വീകരിക്കുന്നുണ്ട്. യുവത്വത്തിലേക്ക് കാലൂന്നുന്ന ഒരു സാഹിത്യകുതുകിയെ സംബന്ധിച്ച് തികച്ചും ആവേശപൂർവ്വമായ ഈ സാമൂഹികരാഷ്ട്രീയപശ്ചാത്തലം പി.കെ. ബാലകൃഷ്ണനെ ഏറെ സ്വാധീനിച്ചതിൽ അത്ഭുതമില്ല.

1935-നു ശേഷമുള്ള രണ്ടു ദശാബ്ദക്കാലത്താണ് മലയാളത്തിൽ സാമൂഹികപുരോഗതിക്കുവേണ്ടി എഴുത്തുകാരെ പ്രോത്സാഹിപ്പിക്കാൻ ബോധപൂർവ്വമായ ശ്രമം നടക്കുന്നതും കലയുടെ പ്രയോജനവാദത്തിന്റെ ചർച്ച സജീവമാകുന്നതും. ഭാരതത്തിന് ഒരു രാഷ്ട്രീയസാഹിത്യം ഉണ്ടാകേണ്ടതിന്റെ ആവശ്യകത മഹാത്മാ ഗാന്ധി ഊന്നിപ്പറഞ്ഞതും ഈ പശ്ചാത്തലത്തിൽ പ്രാധാന്യമർഹിക്കുന്നതാണ്.

സാമൂഹികോന്നമനം ലക്ഷ്യമാക്കിയ സാഹിത്യരചന പ്രാധാന്യം നേടിയ ഈ കാലഘട്ടത്തിലാണ് കേരളത്തിലെ അറിയപ്പെടുന്ന സാഹിത്യകാരന്മാരേതാണ്ടും ചേർന്ന് പുരോഗമനസാഹിത്യപ്രസ്ഥാനത്തെ ശക്തിപ്പെടുത്തുന്നത്. കേരളത്തിലെ പുരോഗമനസാഹിത്യപ്രസ്ഥാനത്തെ കമ്മ്യൂണിസ്റ്റുപാർട്ടിസഹയാത്രികരുടെ പ്രസ്ഥാനമായിട്ടാണ് പൊതുവെ വിലയിരുത്തപ്പെടുന്നതെങ്കിലും അത് തീർത്തും വസ്തുതാപരമാണെന്നു പറയാനാവില്ല. എം.പി.പോൾ, ജോസഫ് മുണ്ടശ്ശേരി, എം.ഗോവിന്ദൻ, സി.ജെ. തോമസ്, ജി. ശങ്കരക്കുറുപ്പ്, തകഴി ശിവശങ്കരപ്പിള്ള, പി.കെ. ബാലകൃഷ്ണൻ തുടങ്ങി സ്വതന്ത്രചിന്താഗതിക്കാരായ ധാരാളം ആളുകൾ ആദ്യകാലത്ത് അതുമായി സഹകരിച്ചു പ്രവർത്തിച്ചിരുന്നതുതന്നെ ഉദാഹരണം. സാഹിത്യത്തിന്റെ സാമൂഹികപ്രതിബദ്ധതാവിഷയത്തോട് അനുഭാവപരമായ സമീപനം വെച്ചുപുലർത്തുമ്പോഴും അതിൽ തീവ്രവാദപരമായ നിലപാട് സ്വീകരിക്കാൻ

ഇവർ ഒരുങ്ങിയില്ലെന്നത് ശ്രദ്ധേയമാണ്. ഇവർ ഏതെങ്കിലും പ്രത്യേകരാഷ്ട്രീയ വിശ്വാസത്തിൽ ഐക്യപ്പെട്ടവരായിരുന്നില്ല. മറിച്ച്, ഓരോരുത്തരും വ്യത്യസ്തമായ രാഷ്ട്രീയകാഴ്ചപ്പാടുകൾ സൂക്ഷിച്ചവരായിരുന്നു. അതുകൊണ്ടാണ് ഇവരെയെല്ലാം ചേർത്തുകൊണ്ട് സ്വതന്ത്രചിന്താഗതിക്കാർ എന്നു വിളിക്കുന്നത്. ഈ സ്വതന്ത്ര ചിന്തകരുടെ പത്തിയിലാണ് പി.കെ. ബാലകൃഷ്ണനെ സ്ഥാനപ്പെടുത്തുന്നത്. സാമൂഹികരാഷ്ട്രീയസാഹിത്യസാഹചര്യങ്ങളോട് ഇണങ്ങാൻ തീർത്തും അനു യോജ്യമായ ഒരു കുടുംബസാഹചര്യം പി.കെ. ബാലകൃഷ്ണന് ലഭിച്ചിരുന്നു.

## 1.1. വീട്ടിൽനിന്ന് ആർജ്ജിക്കുന്ന പുരോഗമനചിന്ത

കേരളത്തിൽ ശ്രീനാരായണഗുരുവിന്റെ നേതൃത്വത്തിൽ ആരംഭിച്ച സാമൂഹി കപരിഷ്ക്കരണശ്രമങ്ങളുടെ ചുവടുപിടിച്ച് ആരംഭിച്ചതാണ് സഹോദരൻ അയ്യപ്പന്റെ സഹോദരപ്രസ്ഥാനം. അതിന്റെ അനുഭാവിയുടെ മകനായാണ് പി.കെ. ബാലകൃഷ് ണന്റെ ജനനം. 1926 മാർച്ച് 2ന് എറണാകുളം ജില്ലയിൽ ഏടവനക്കാട് ഗ്രാമത്തിൽ ഒരു ഇടത്തരം കുടുംബത്തിൽ പണിക്കശ്ശേരി വീട്ടിൽ കേശവനാശാന്റെയും മാണി യമ്മയുടെയും നാലുമക്കളിൽ ഏറ്റവും ഇളയവനായി ബാലകൃഷ്ണൻ ജനിച്ചു. മൂന്നു സഹോദരിമാർക്കുംകൂടി ഒരേയൊരു സഹോദരൻ. അച്ഛന്റെ പുരോഗമനാ ശയത്തിലൂന്നിയ പ്രവർത്തനങ്ങൾ കണ്ടുകണ്ടാണ് ബാലകൃഷ്ണൻ വളരുന്നത്.

എടവനക്കാട് സഭാ സ്കൂൾ, ചേറായി ആർ.വി. ഹൈസ്ക്കൂൾ എന്നിവിടങ്ങ ളിൽ മികച്ചരീതിയിൽ സ്കൂൾപഠനം പൂർത്തിയാക്കിയ ബാലകൃഷ്ണൻ 1942-ൽ എറണാകുളം മഹാരാജാസ് കോളേജിൽ വിദ്യാർത്ഥിയായി. അത് ക്വിറ്റ് ഇന്ത്യാ സമരത്തിന്റെ ആവേശകാലമായിരുന്നു.സ്വാഭാവികമായും പി.കെ. ബാലകൃഷ്ണൻ അതിൽ അണിചേരുകയും പഠിപ്പുമുടക്കിൽ പങ്കെടുത്ത് അറസ്റ്റ് വരിക്കുകയും ചെയ്തിരുന്നു. കോൺഗ്രസ് സോഷ്യസലിസ്റ്റ് നേതാക്കളോടൊപ്പം വിയ്യൂർ സെൻട്രൽ ജയിലിൽ ഡെറ്റിന്യൂ തടവുജീവിതം കഴിച്ചുകൂട്ടി. 1944-ൽ വീണ്ടും കേളേ ജിൽ ചേർന്നെങ്കിലും ബ്രിട്ടീഷ് വിദ്യാഭ്യാസം അടിമകളെ സൃഷ്ടിക്കുമെന്ന ചിന്ത യാൽ മുഴുവൻസമയ രാഷ്ട്രീയപ്രവർത്തകനായി.

ഒത്തുതീർപ്പിനു വഴങ്ങാത്ത ഒരു പ്രക്ഷോഭകാരിയുടെ മനസ്സ് രാഷ്ട്രീയപ്രവർത്തനത്തിൽ അദ്ദേഹം കാണിച്ചു. ഒളിവിൽ പോകാനും ചെയ്ത പ്രവർത്തനങ്ങളിൽ മാപ്പു ചോദിച്ചാൽ അറസ്റ്റ് ചെയ്യപ്പെടാതിരിക്കാനും അവസരമുണ്ടായിട്ടും അവയൊന്നും തന്റെ സ്വഭാവത്തിനു ചേർന്നതല്ലെന്നു മനസ്സിലാക്കി അദ്ദേഹം അറസ്റ്റു വരിക്കുകയാണുണ്ടായത്. അങ്ങനെയാണ് മൂന്നുമാസം ജയിൽശിക്ഷയനുഭവിക്കേണ്ടിവന്നത്. അപ്പോഴേക്കും അദ്ദേഹം മാർക്സിസവും സോഷ്യലിസവുമായി ബന്ധം സ്ഥാപിച്ചുകഴിഞ്ഞിരുന്നു.

## 1.2. സാഹിത്യപ്രവേശം

സാഹിത്യലോകത്തെ പ്രഗത്ഭവ്യക്തികളെക്കുറിച്ച് അനുമോദനരൂപത്തിലും വിമർശനരൂപത്തിലും എഴുതിയ തൂലികാചിത്രരചനയിലൂടെയാണ് ബാലകൃഷ്ണൻ എഴുത്തിന്റെ ലോകത്തിലേക്ക് പ്രവേശിക്കുന്നത്. വൈലോപ്പിള്ളിയെക്കുറിച്ചും മുണ്ടശ്ശേരിയെക്കുറിച്ചും[2] *മലയാളരാജ്യ*ത്തിൽ പ്രകാശിപ്പിച്ചിരുന്ന തൂലികാചിത്രങ്ങൾ അക്കൂട്ടത്തിൽ പ്രശസ്തങ്ങളാണ്. വിപുലമായ വായനാശീലത്തിനുടമയായ അദ്ദേഹത്തിൽ രാഷ്ട്രീയബോധവും സാഹിത്യചിന്തയും ഒന്നിച്ചാണ് വളർന്നത്. കൈയെഴുത്തുമാസികകളിലാണ് അവ പലപ്പോഴും അദ്ദേഹം പ്രകടിപ്പിച്ചിരുന്നത്. അവ വായിക്കാനിടയായ പി. ശങ്കരൻ നമ്പ്യാരും, ജി. ശങ്കരക്കുറുപ്പും മറ്റും ബാലകൃഷ്ണനെ അഭിനന്ദിച്ചിരുന്നു.

## 1.3. രാഷ്ട്രീയപ്രവർത്തനവും സാമൂഹികചിന്തയുടെ രൂപീകരണവും

സഹോദരപ്രസ്ഥാനത്തിന്റെ പാരമ്പര്യത്തിൽനിന്നു വന്ന പി.കെ ബാലകൃഷ്ണൻ ആദ്യംതന്നെ ആകർഷിക്കപ്പെട്ടത് ഇടതുപക്ഷരാഷ്ട്രീയത്തിലേക്കാണ്. ബാലകൃഷ്ണന്റെ യുവത്വകാലം ഇന്ത്യൻ രാഷ്ട്രീയം സാമാന്യമായും തിരുവിതാംകൂർ രാഷ്ട്രീയം വിശേഷമായും തിളച്ചുമറിയുന്ന സമരകാലമാണ്.

അക്കാലത്ത് തിരുവിതാംകൂർ ഭരണം ദിവാനായ സി.പി. രാമസ്വാമി അയ്യരാണ് നയിച്ചിരുന്നത്. സ്വാതന്ത്ര്യം ലഭിച്ചതോടെ സ്റ്റേറ്റ് കോൺഗ്രസ് നേതാക്കാന്മാർ

അധികാരത്തിൽ കയറിക്കൂടാനുള്ള ശ്രമമാണ് നടത്തിയത്. ഇത് അവരിലെ തന്നെ ഇടതുപക്ഷ വിഭാഗത്തെ അസ്വസ്ഥരാക്കിയിരുന്നു. എൻ. ശ്രീകണ്ഠൻനായർ, മത്തായി മാഞ്ഞൂരാൻ മുതലായവരായിരുന്നു ഇതിൽ പ്രമുഖർ. 1947 മാർച്ച് 6, 7 തീയതികളിൽ ഇന്ത്യൻ സോഷ്യലിസ്റ്റ് പാർട്ടിയുടെ ദേശീയ എക്സിക്യൂട്ടീവ് യോഗം ബോംബെയിൽവെച്ച് ചേർന്നപ്പോൾ കേരളത്തിൽനിന്നും പങ്കെടുത്തവർ ഡോ. കെ. ബി. മേനോൻ, എൻ. ശ്രീകണ്ഠൻനായർ, മത്തായി മാഞ്ഞൂരാൻ എന്നിവരായിരുന്നു[3]. യോഗത്തിൽവെച്ച് മത്തായി മാഞ്ഞൂരാനും ശ്രീകണ്ഠൻനായരുമാണ് വ്യത്യസ്ത നിലപാടെടുത്തിരുന്നത്. ഗാന്ധിസത്തിനുപകരം മാർക്സിസം-ലെനിനിസം പാർട്ടി യുടെ നയരേഖയായി അംഗീകരിക്കണമെന്ന് അവർ ആവശ്യപ്പെട്ടു. എന്നാൽ ഈ നയരേഖയ്ക്ക് പിന്തുണ കിട്ടാതിരുന്നതിനാൽ മത്തായി മാഞ്ഞൂരാനും ശ്രീണ്ഠൻനാ യരും ജയപ്രകാശ് നാരായണന്റെ നേതൃത്വത്തിലുള്ള സോഷ്യലിസ്റ്റ് പാർട്ടിയുടെ ദേശീയ എക്സിക്യൂട്ടീവ് യോഗത്തിൽനിന്നും വാക്കൗട്ട് നടത്തി. കോൺഗ്രസ്സ്-സോ ഷ്യലിസ്റ്റ് പാർട്ടിയുടെ ആശാവഹമല്ലാത്ത പശ്ചാത്തലത്തിൽ മാർക്സിസ്റ്റ് വീക്ഷണ മുള്ള ഒരു സോഷ്യലിസ്റ്റ് പാർട്ടി കേരളത്തിൽ ആവശ്യമാണെന്ന് സോഷ്യലിസ്റ്റ് ചിന്താഗതിക്കാരിൽ ചിലർക്ക് തോന്നി. സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത ഏതാനും വിപ്ലവകാരികൾ പാലക്കാട്ട് തേൻകുറിശ്ശി എന്ന സ്ഥലത്തുവെച്ച് കേരളസോഷ്യലി സ്റ്റുപാർട്ടിക്കു ജന്മം കൊടുത്തു. 1947- ആഗസ്ത് 15-ാം തീയതി ആ സമ്മേളനത്തിൽ പങ്കെടുത്ത ശ്രീകണ്ഠൻ നായർ, മത്തായി മാഞ്ഞൂരാൻ, എ.പി. പിള്ള, എം.പി. മേനോൻ, കെ.എസ്. ജോസഫ്, ജനാർദ്ധദ്ദനക്കുറുപ്പ് തുടങ്ങിയവരായിരുന്നു[4].

*സോഷ്യലിസ്റ്റ്*, *നവോദയം*, *മുന്നേറ്റം* എന്നീ പേരുകളിൽ കെ.എസ്.പി.ക്കു മുഖപത്രങ്ങളുണ്ടായിരുന്നു. ശ്രീകണ്ഠൻനായരും മത്തായി മാഞ്ഞൂരാനും ഇ.എം. എസ്. നമ്പൂതിരിപ്പാടും തമ്മിൽ കെ.എസ്.പിയുമായി ബന്ധപ്പെട്ട മാർക്സിസ്റ്റ് വീക്ഷണഗതിയെക്കുറിച്ചുള്ള പ്രസിദ്ധങ്ങളായ വാദപ്രതിവാദങ്ങൾ പ്രസിദ്ധീകരി ച്ചിരുന്നത് ഈ പത്രികകളിലാണ്.

തൊഴിലാളിപ്രസ്ഥാനമായിരുന്നു പാർട്ടിയുടെ അടിസ്ഥാനശില. ത്യാഗമ നോഭാവവും സോഷ്യലിസ്റ്റ് ചിന്താഗതിയും ധീരതയുമുള്ള നേതാക്കളും അതു

പോലെതന്നെ ആദർശനിഷ്ഠരും സാഹസികപ്രവർത്തനപരിചയമുള്ള വലിയൊരു കൂട്ടം തൊഴിലാളിപ്രവർത്തകരും കെ.എസ്.പി. യിലൂടെ ഉയർന്നുവന്നു. ഇതൊക്കെ ബാലകൃഷ്ണനെ ആകർഷിച്ചിരുന്നു. എന്നാൽ 1949 മുതൽക്കുതന്നെ പാർട്ടിയിൽ പിളർപ്പിന്റെ ലക്ഷണങ്ങൾ കണ്ടുതുടങ്ങിയിരുന്നു. ഇന്ത്യയിലെ സോഷ്യലിസ്റ്റ് പ്രസ്ഥാനങ്ങളുടെ തകർച്ചക്കു കാരണം പലപ്പോഴും നേതാക്കൾ തമ്മിലുള്ള പോരായിരുന്നു. പ്രത്യയശാസ്ത്രത്തിന്റെ അടിത്തറ അവയ്ക്ക് പലപ്പോഴും അന്യ മായിരുന്നു. 'സ്വതന്ത്രകേരളറിപ്പബ്ലിക്ക്' എന്ന മുദ്രവാക്യത്തിന്റെ അവതാരകനും പ്രചാരകനുമായ മത്തായി മാഞ്ഞൂരാന്റെ ആശയം ശ്രീകണ്ഠൻനായരെപ്പോലുള്ള വർ അംഗീകരിച്ചില്ല. ബാലകൃഷ്ണൻ മത്തായി മാഞ്ഞൂരാന്റെ വക്താവും പ്രമുഖ കെ.എസ്.പി. പ്രവർത്തകനുമായി മാറി. മത്തായി മാഞ്ഞൂരാന്റെ ബൗദ്ധികമായ കഴിവാണ് ബാലകൃഷ്ണനെ ആകർഷിച്ചത്. ഗ്രന്ഥകാരൻകൂടിയായ മാഞ്ഞൂരാൻ 1957-നു മുൻപുതന്നെ തത്വചിന്താപ്രധാനങ്ങളായ രചനകളിലും പ്രശസ്തി കൈവ രിച്ചിരുന്നു. ക്വിറ്റ് ഇന്ത്യാസമരത്തിൽ ഒരു ധീരഭടനായിത്തീർന്ന അദ്ദേഹം പോലീ സിനെ കബളിപ്പിച്ച് ആഗാഖാന്റെ കൊട്ടാരത്തിൽ ഗാന്ധിജിയുടെ തടവുസ്ഥല ത്തെത്തിയ ഏക വളണ്ടിയർ എന്ന അപൂർവ നില കൈവരിച്ചതും 'കീഴരിയൂർ ബോംബുകേസ്', 'നടത്രനെല്ലുവണ്ടികേസ്', ലക്നൗ പോലീസിന്റെ പിടിയിൽ നിന്നും അത്ഭുതകരമായി രക്ഷപ്പെട്ടത്[5] എന്നീ കാര്യങ്ങളും ഇതിനെല്ലാം പുറമെ ഒളിവിലും പുറത്തുമായി അദ്ദേഹം പ്രകടിപ്പിച്ച സാഹസപ്രവർത്തനങ്ങളും കെ.എ സ്.പി.യിലെ അദ്ദേഹത്തിന്റെ നേതൃത്വം സ്വീകരിക്കാൻ ബാലകൃഷ്ണനെപ്പോലു ള്ളവരെ പ്രേരിപ്പിച്ചു.

*സോഷ്യലിസ്റ്റ്* വാരികയുടെ എഡിറ്റിംഗ് ചുമതലയും പത്രാധിപച്ചുമതലയും ബാലകൃഷ്ണന് നൽകിയത് മത്തായി മാഞ്ഞൂരാനായിരുന്നു. രാഷ്ട്രീയചർച്ചകൾ, സൈദ്ധാന്തികലേഖനങ്ങൾ തുടങ്ങിയവയായിരുന്നു വാരിക പ്രസിദ്ധപ്പെടുത്തിയി രുന്നത്. അതിൽ ബാലകൃഷ്ണന്റെ സംഭാവനകളും കുറവല്ലായിരുന്നു. പക്ഷെ, ക്രമേണ പാർട്ടിയുടെ ലക്ഷ്യത്തിലും പ്രവർത്തനത്തിലും ബാലകൃഷ്ണനു സംശയം

ജനിച്ചു. കേരളസോഷ്യലിസ്റ്റ് പാർട്ടിയിലെ അച്ചടക്കവുമായി ബന്ധപ്പെട്ട ചില പ്രശ്നങ്ങൾ ബാലകൃഷ്ണന്റെ സഹജമായ സ്വഭാവഘടനയ്ക്കു പൊരുത്തപ്പെടാൻ കഴിഞ്ഞില്ല. കെ.എസ്.പി.യുടെ പ്രവർത്തകനായിരിക്കെ അനുഭവിക്കേണ്ടിവന്ന യാതനകളുടെ ഭാരം കുറയ്ക്കാൻ കണ്ടെത്തിയ വിദ്യയായിരുന്നു പുസ്തകവായനയെന്ന് ബാലകൃഷ്ണൻ ഒരിക്കൽ പറഞ്ഞതായി പഴവിള രമേശൻ അനുസ്മരിക്കുന്നുണ്ട്[6]. ക്രമേണ സോഷ്യലിസം സ്ഥാപിക്കുക എന്ന പാർട്ടിയുടെ ലക്ഷ്യത്തിൽ അദ്ദേഹത്തിനു വിശ്വാസമില്ലാതാവുകയും പാർട്ടി വിടുകയും ചെയ്തു. ആത്മാഭിമാനത്തിനും സ്വാതന്ത്ര്യബോധത്തിനും നിയന്ത്രണവും പരിധിയും കൽപിക്കുന്ന പ്രസ്ഥാനത്തോടും സ്ഥാപനത്തോടും യോജിച്ചുപോകാൻ കൂട്ടാക്കാത്ത ധിഷണയായിരുന്നു ബാലകൃഷ്ണന്റേത്. അടിച്ചേൽപ്പിക്കപ്പെടുന്ന യാന്ത്രികമായ അച്ചടക്കമോ സമഗ്രാധിപത്യമോ അദ്ദേഹത്തിന് അസഹനീയമായിരുന്നു.

ആഴത്തിലുള്ള വായന അദ്ദേഹത്തെ സാഹിത്യപഠനത്തിലും സാമൂഹ്യവിമർശനത്തിലുമാണ് എത്തിച്ചത്. അസാമാന്യമായ ബുദ്ധിശക്തിയും ചിന്താശീലവും ബാലകൃഷ്ണന്റെ പ്രവർത്തനങ്ങളിൽ നിലീനമാണ്. എറ്റെടുക്കുന്ന വിഷയം അപഗ്രഥനവൈഭവത്താൽ മികവുറ്റതാക്കുകയും യുക്തിഭദ്രമാക്കുകയും ചെയ്യുക അദ്ദേഹത്തിന്റെ പ്രത്യേകതയാണ്. "ചിന്തയുടെ തിളക്കം അദ്ദേഹത്തിന്റെ ഓരോ രചനയെയും സമാവർജ്ജകമാക്കിയിരിക്കുന്നു. എഴുത്തുകാരുടെ പുരുഷാരത്തിനിടയിൽ അദ്ദേഹത്തെ ശ്രദ്ധിക്കാരിതിരിക്കാൻ സാധ്യമല്ലാത്തതിനു കാരണം മൗലികശോഭാങ്കിതമായ ആശയങ്ങളാണ്". എന്ന് പ്രൊഫ. എം.കെ. സാനു രേഖപ്പെടുത്തിയിട്ടുണ്ട്[7]. സാമൂഹ്യനീതിയെക്കുറിച്ചുള്ള ചിന്തയും മാനവികതയുമായിരുന്നു ബാലകൃഷ്ണനിൽ നിറഞ്ഞുനിന്നിരുന്നത്. ലഭാനഷ്ടങ്ങൾ നോക്കാതെ തനിക്കു തെറ്റെന്നു തോന്നിയവയ്ക്കു നേരെ അദ്ദേഹം ആഞ്ഞടിച്ചു. അതുകൊണ്ടുതന്നെയാണ് അദ്ദേഹത്തിന് അർഹിക്കുന്ന അംഗീകാരങ്ങൾ ലഭിക്കാതെ പോയത്. വിരലിലെണ്ണാവുന്നവരോടുമാത്രം ഇടപഴകിയിരുന്ന, അധികം സൗഹൃദബന്ധങ്ങളില്ലാതിരുന്ന അദ്ദേഹം കേരളം കണ്ട വലിയ വിഗ്രഹഭഞ്ജകരിലൊരാളായി മാറുകയായിരുന്നു.

പുരോഗമനസാഹിത്യത്തിന്റെ ആദ്യകാലപ്രവർത്തനങ്ങളിൽ കേരളത്തിലെ പ്രമുഖസാഹിത്യകാരന്മാർക്കൊപ്പം ബാലകൃഷ്ണനും സജീവമായിരുന്നു. 1954 ഒക്ടോബറിൽ കോട്ടയത്തു നടന്ന ചർച്ചായോഗത്തിൽ അദ്ദേഹം പങ്കെടുത്തതായി കാണുന്നു[8]. എന്നാൽ കലാകാരനും സമൂഹവും തമ്മിലുള്ള ബന്ധത്തിനു സംഘ ടന നൽകുന്ന നിർവചനം ഉൾക്കൊള്ളാൻ അദ്ദേഹത്തിനായിരുന്നില്ല. "പ്രയോജന ങ്ങൾക്കുവേണ്ടി മനുഷ്യവർഗ്ഗം ആവിഷ്കരിച്ച പ്രയോജനപരമായ ഒരു മൂല്യമല്ല സൗന്ദര്യം, സ്വയംഭൂവായ ഒരു കേവലമൂല്യമാണത്"[9] എന്ന് വർഷങ്ങൾക്കുശേഷം 1966-ൽ എറണാകുളം സാഹിത്യപരിഷത്ത് സമ്മേളനത്തിൽ അവതരിപ്പിച്ച പ്രബ ന്ധത്തിലെ ആശയം അദ്ദേഹം അന്നുതന്നെ വ്യക്തമാക്കിയിരുന്നു. ജീവിതം സുര ക്ഷിതമാക്കാൻ വേണ്ട ബുദ്ധിശക്തിയും അവസരങ്ങളും ഉണ്ടായിട്ടും തന്റെ നില പാടിനുവേണ്ടി മാത്രം പൊള്ളുന്ന ചരിത്രത്തിലേക്കിറങ്ങിയ അപൂർവം വ്യക്തി കളിൽ ഒരാളാണ് ബാലകൃഷ്ണൻ. സമൂഹത്തിലെ പദവികളുടെ വില കാണാത്ത തിനാലും അക്കാദമികപദവികൾ അലങ്കരിക്കാഞ്ഞതിനാലും കേരളസമൂഹം വേണ്ടപോലെ ആദരിക്കാതെ തഴഞ്ഞ വ്യക്തിത്വമാണത്. വ്യവസ്ഥാപിതനിലപാടു കളോട് കലഹിക്കുകയും സാഹിത്യത്തെയും ചരിത്രത്തെയും സമൂഹത്തെയും നവീനമായ രീതിയിൽ കാണുകയും ചെയ്ത അദ്ദേഹം സാംസ്കാരികലോകത്ത് ഒറ്റയാനായി തുടർന്നു.

### 1.4. സ്വാതന്ത്ര്യചിന്തയിലേക്കുള്ള മുന്നേറ്റം

കെ.എസ്.പി.യിലെ പ്രസംഗപരിശീലനവും പത്രാധിപപ്രവർത്തനവും ബാല കൃഷ്ണനെ ഒരു മികച്ച പ്രസംഗകനായും എഴുത്തുകാരനായും മാറ്റി. ഇവിടെ നിന്നാണ് എഴുത്തുകാരനെന്ന രീതിയിലുള്ള അദ്ദേഹത്തിന്റെ വളർച്ച. *സോഷ്യ ലിസ്റ്റു* വാരികയ്ക്കു ശേഷമാണ് 1950-ൽ *നവഭാരതം* ദിനപത്രത്തിൽ അദ്ദേഹം ചേരുന്നത്. ബാലകൃഷ്ണന്റെ രാഷ്ട്രീയ-സാമൂഹ്യവിമർശനങ്ങൾ കെ.എസ്.പി .യുടെ *സോഷ്യലിസ്റ്റ്* പത്രത്തിന്റെ വീക്ഷണത്തോടെ തന്നെയാണ് നീങ്ങിയത്. അത് കൂടുതലും ഊന്നിയത് ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നിലപാടുകളെ

എതിർക്കുക എന്ന ആശയത്തിലാണ്. പലപ്പോഴും ആ വിമർശനങ്ങൾക്ക് ശരവ്യ മായതാകട്ടെ കമ്മ്യൂണിസ്റ്റുപാർട്ടിയുടെ താത്വികവിഷയങ്ങൾ കൈകാര്യം ചെയ്തി രുന്ന ഇ.എം.എസ്സുമായിരുന്നു.

## 1.5. മാർക്സിയൻചിന്തയും പുരോഗമനസാഹിത്യവിമർശനവും

സമൂഹത്തിലെ തിന്മകൾക്കും ജീർണ്ണതകൾക്കും നീതികേടുകൾക്കും നേരെ കലഹിക്കുക എന്ന വിപ്ലവകാരിയുടെ പാരമ്പര്യമായിരുന്നു മലയാളത്തിലെ ആദ്യകാല പത്രപ്രവർത്തകരുടെ രീതി. ചിന്താസ്വാതന്ത്ര്യത്തിനും രാജ്യത്തിന്റെ താൽപര്യത്തിനും വേണ്ടിയാണവർ പൊരുതിയത്. സ്വദേശാഭിമാനി കെ. രാമകൃ ഷ്ണപ്പിള്ളയും കേസരി ബാലകൃഷ്ണപ്പിള്ളയും അത്തരത്തിൽപ്പെട്ടവരായിരുന്നു. ഇവരുടെ മാതൃക പിന്തുടർന്നാണ് കെ. ബാലകൃഷ്ണൻ *കൗമുദി* ആഴ്ചപ്പതിപ്പ് പ്രസിദ്ധീകരണമാരംഭിച്ചത്. *കൗമുദി* ആഴ്ചപ്പതിപ്പിൽ ബാലകൃഷ്ണൻ അവതരി പ്പിച്ച ആശയങ്ങൾ, ചിന്തകൾ അപൂർവവും സ്വതന്ത്രചിന്തയുടെ തെളിമയാർന്നതു മായിരുന്നു. കൗമുദിയുടെ ഏതാണ്ട് ആരംഭം മുതൽതന്നെ വിവിധ വിഷയങ്ങൾ പി.കെ. ബാലകൃഷ്ണൻ കൈകാര്യം ചെയ്തിരുന്നു. അവയിൽ പലതും പിന്നീട് ചർച്ച ചെയ്യപ്പെട്ടതുമാണ്. 'ഇ.എം.എസ്സും കേരളചരിത്രവും' എന്ന പരമ്പര പിന്നീട് മലയാളത്തിൽ വന്ന ഇ.എം.എസ്. സംവാദങ്ങളുടെ തുടക്കമായിരുന്നു.

കലാസാഹിത്യരാഷ്ട്രീയരംഗത്ത് ആശയപരമായ സംവാദങ്ങൾക്ക് *കൗമുദി* വേദിയൊരുക്കി. ഉന്നതമായ ജനാധിപത്യബോധവും സ്വതന്ത്രചിന്തയും *കൗമുദി* വെച്ചുപുലർത്തിയിരുന്നു. ഇത് ബാലകൃഷ്ണനെ സ്വാധീനിക്കുന്നുണ്ട്. 'സോഷ്യ ലിസ്റ്റ് റിയലിസത്തിന്റെ അടിസ്ഥാനതത്വങ്ങൾ' എന്ന ശീർഷകത്തിൽ എം.കെ. കുമാരൻ 1950 ഒക്ടോബർ 23-നു *കൗമുദി* വാരികയിൽ പ്രസിദ്ധീകരിച്ച ലേഖനം മലയാളികളുടെ സംവേദനത്തെ സ്പർശിച്ച ചർച്ചയായി മാറിയിരുന്നു[10]. മാർക്സി സത്തെക്കുറിച്ചും സോഷ്യലിസ്റ്റ് റിയലിസത്തെക്കുറിച്ചും ലോകം മുഴുവൻ ചർച്ച ചെയ്യുന്ന കാലമായിരുന്നു അത്. പി. കേശവദേവ്, കെ. ദാമോദരൻ തുടങ്ങിയവർ തുടങ്ങിവെച്ച മാർക്സിസം-ലെനിനിസം ചർച്ചകൾ പ്രസ്തുത തത്വചിന്ത അടി

സ്ഥാനപ്രമാണമായി സ്വീകരിച്ച ആർ.എസ്.പി.യുടെയും കമ്മ്യൂണിസ്റ്റ് പാർട്ടിയുടെയും രാഷ്ട്രീയ നിലപാടുകളുടെ അടിസ്ഥാനമായിമാറി. ഇരുവിഭാഗത്തിന്റെയും ആശയങ്ങളുടെ സ്രോതസ്സ് ഇപ്രകാരം ഒന്നായിരുന്നെങ്കിലും സ്റ്റാലിനിസത്തോടുള്ള സമീപനങ്ങളിൽ അവർ പലപ്പോഴും വേറിട്ടുനിലനിന്നു. സ്റ്റാലിനിസത്തെ ആർ.എസ്.പി. ഒരിക്കലും അംഗീകരിച്ചിരുന്നില്ല. ഇത്തരത്തിലുള്ള ഒരു ആശയസംഘർഷം കേരളത്തിന്റെ ധൈഷണികലോകത്ത് വളരെക്കാലം നിലനിന്നിരുന്നു.

*കൗമുദി*യും *ജയകേരള*വും പോലുള്ള ആനുകാലികങ്ങളിൽ അമ്പതുകളുടെ ആദ്യമെഴുതിയ ലേഖനങ്ങളിൽ ഒരു തീവ്രരാഷ്ട്രീയ മനസ്സിന്റെ ഉടമയായ ബാലകൃഷ്ണനെയാണ് കാണുന്നത്. സ്വതന്ത്ര ഇന്ത്യയുടെ പട്ടിണിയും പരാധീനതകളും ബാലകൃഷ്ണനെ വേദനിപ്പിച്ചിരുന്നു എന്ന് ആ ലേഖനങ്ങൾ തെളിയിക്കുന്നു. ഇന്ത്യൻ രാഷ്ട്രീയത്തിന്റെ ദാരുണമായ മുഖങ്ങളാണ് ലേഖനങ്ങളിലാകെ തെളിഞ്ഞുകാണുന്നത്. വെളുത്തമുതലാളിയുടെ സ്ഥാനത്ത് കറുത്ത മുതലാളി വന്ന് കൊള്ളയടിക്കുന്ന വഞ്ചനാപരമായ ഒരു ദിവസം മാത്രമായിട്ടാണ് ആഗസ്ത് പതിനഞ്ചിനെ അദ്ദേഹം ഓർക്കുന്നത്[11]. ഈ അവസ്ഥയ്ക്കൊക്കെ പിന്നിൽ മറഞ്ഞിരിക്കുന്ന ഒരു സാമൂഹികയാഥാർത്ഥ്യത്തെക്കുറിച്ചുള്ള ബോധം അദ്ദേഹം *കൗമുദി*യിലും മറ്റു പല മാസികകളിലും എഴുതിയ ലേഖനങ്ങളിൽ തെളിയുന്നുണ്ട്. അത് ആർഷസംസ്കാരത്തെക്കുറിച്ചുള്ള നിലപാടിൽനിന്ന് വായിച്ചെടുക്കാം. സനാതനഹിന്ദുധർമ്മംഇന്ത്യൻ ജനതയുടെ മർദ്ദനോപാധിയല്ലാതെ മറ്റൊന്നുമായിരുന്നില്ല എന്നും[12] അതിനെ പൊട്ടിക്കാതെ, സാമൂഹ്യപുരോഗതി ഉണ്ടാകില്ല എന്നും അദ്ദേഹം അക്കാലത്തുതന്നെ നിരീക്ഷിച്ചു. എല്ലാ അടിമത്തത്തിന്റെയും തുടക്കം സനാതനഹിന്ദുധർമ്മവും ആർഷസംസ്കാരവുമാണെന്നും ലോകത്ത് മറ്റൊരിടത്തും കാണാൻ കഴിയാത്ത തരത്തിലുള്ള അസഹിഷ്ണുതയുടെ പ്രഭവകേന്ദ്രമാണതെന്നും അദ്ദേഹം വിലയിരുത്തി. അതുകൊണ്ട് കേരളത്തിന്റെ നവോത്ഥാനത്തിന് വിദ്വേഷാത്മകമായ ഈ ആർഷസംസ്കാരത്തെ തീർത്തും നിഷേധിക്കാതെ തരമില്ല എന്ന് അദ്ദേഹം ഉറച്ചുവിശ്വസിച്ചു. അതിനായി തന്റെ എഴുത്തിലൂടെ നിരന്തരം ആഹ്വാനം ചെയ്തുകൊണ്ടിരുന്നു.

കേരളത്തിലെ പുരോഗമനസാഹിത്യകാരന്മാരുടെ പ്രവർത്തനങ്ങളിലെ ശരി തെറ്റുകൾ കണ്ടുപിടിക്കുന്ന തരത്തിൽ ധാരാളം ലേഖനങ്ങൾ മാർക്സിസത്തിന്റെ ചില അടിസ്ഥാനതത്വങ്ങളിൽ ഊന്നിനിന്നുകൊണ്ടുതന്നെ *കൗമുദി* വാരികയിൽ ബാലകൃഷ്ണൻ എഴുതി. അക്കൂട്ടത്തിൽ പ്രധാനപ്പെട്ട ഒന്നാണ് 1952-ൽപ്രസിദ്ധീക രിച്ച 'കമ്മ്യൂണിസ്റ്റ് നേതാക്കളുടെ ഫ്യൂഡൽസാഹിത്യം' എന്ന ലേഖനം[13]. പുരോഗ മനത്തെക്കുറിച്ചാണ് പറയുന്നതെങ്കിലും കേരളത്തിലെ പുരോഗമനസാഹിത്യകാര ന്മാരിൽ പലരിലും ഫ്യൂഡൽചിന്താഗതി ശക്തിമായ അന്തർധാരയായി നില നില്ക്കുന്നുവെന്ന് അദ്ദേഹം നിശിതമായിത്തന്നെ രേഖപ്പെടുത്തി. തൊഴിലാളിത ത്വശാസ്ത്രത്തെ അവർ കാണുന്നത് ഒരുതരം ഭക്തമനസ്സോടെയാണെന്നും തൊഴിലാളിയിൽ ആരോപിക്കുന്നത് ദൈവികത്വമാണെന്നും നിരീക്ഷിച്ചു. എല്ലാ മനുഷ്യരും നാരായണസന്തതികളാണെന്നു വിശ്വസിച്ച ഗാന്ധിജിയുടെ നിതാന്ത ഭക്തനായ വള്ളത്തോളിന്റെ ആശയത്തിനു കേരളത്തിലെ പുരോഗമനസാഹിത്യ കാരന്മാർ പിന്തുണ നൽകുന്നതിനെ ബാലകൃഷ്ണൻ പരിഹസിച്ചു. ഇന്ദുചൂഡൻ, അച്യുതക്കുറുപ്പ്, എം.എസ്. ദേവദാസ്, ഡി.എം. പൊറ്റെക്കാട്, എന്നിവരുടെ കൃതി കളിൽ തൊഴിലാളിവർഗ്ഗസാഹിത്യകാരന്മാരുടെ സൃഷ്ടികൾക്കു വിരുദ്ധമായ നില പാടാണ് കാണുന്നതെന്ന് അദ്ദേഹം ചൂണ്ടിക്കാണിച്ചു. ഫ്യൂഡലിസ്റ്റുകാലഘട്ട ത്തിലെ കലാസാഹിത്യസങ്കല്പമാണ് ഇവരുടെ കൃതികളിൽ ഉൾച്ചേർന്നിരിക്കുന്ന ത്. മാർക്സിംഗോർക്കിയുടെയും മിഖായേൽ ഷോളോക്കോവിന്റെയും കഥാപാത്ര ങ്ങൾ വിപ്ലവം ദീർഘമായ ഒരു പരിണാമമാണെന്ന തത്വം വ്യക്തമാക്കുന്നവരാണ്. വർഗ്ഗസമരത്തിന്റെ ഓരോ പതനത്തിലും കഥാപാത്രത്തിൽ ആത്മസംഘർഷം നട ക്കുന്നു അതുകൊണ്ടാണ് ആ കഥാപാത്രങ്ങൾ അപൂർണ്ണതയിൽ നിലനിൽക്കുന്ന ത്. ബാലകൃഷ്ണൻ പറയുന്നു: "വിപ്ലവം ദീർഘദീർഘമായ ഒരു പരിണാമമാണ്. അതിന്റെ ഏതെങ്കിലും ഒരു ഘട്ടത്തെ ഭൂതക്കണ്ണാടിയിലൂടെ എന്നപോലെ കണ്ടു ചിത്രീകരിക്കുകയും; ആ ചിത്രത്തിൽ വിജയം എങ്ങോട്ട് തൂങ്ങുന്നുവെന്ന് വ്യഞ്ജി പ്പിക്കുകയുമാണ് ലോകോത്തരന്മാരായ എല്ലാ വിപ്ലവസാഹിത്യകാരന്മാരും ചെയ്തി ട്ടുള്ളത്"[14]. മാർക്സിസത്തിനു തൊഴിലാളിഭക്തിയല്ല വേണ്ടത് സമൂഹത്തിലെ

തൊഴിലാളി എന്ന ഘടകത്തെക്കുറിച്ചുള്ള ശാസ്ത്രീയമായ അറിവും യാഥാർത്ഥ്യ ബോധവുമാണ് എന്ന് അദ്ദേഹം ഉദ്ഘോഷിച്ചു. മാർക്സിസ്റ്റുതത്വചിന്തയുടെ കാതലായ വർഗ്ഗസമരത്തിന്റെ അന്തസ്സത്തയെത്തന്നെ നിർവ്വീര്യമാക്കുന്ന മട്ടിൽ അതിന്റെ പ്രയോഗത്തിൽ ഉള്ളടങ്ങിയ വൈരുദ്ധ്യങ്ങളെ അദ്ദേഹം മറനീക്കിക്കാണിച്ചു.

മാർക്സിസവും കലയും സാഹിത്യവും തമ്മിലുള്ള ബന്ധം കലാകാരന്റെ സർഗ്ഗസ്വാതന്ത്ര്യത്തിന് കൂച്ചുവിലങ്ങിടുന്നതായിക്കൂടാ എന്ന് അദ്ദേഹം നിരന്തരം ഓർമ്മിപ്പിച്ചു. സോഷ്യലിസ്റ്റുറിയലിസമെന്നു പറഞ്ഞാൽ സാഹിത്യകാരന്മാരുടെ മേൽ അടിച്ചേൽപ്പിക്കപ്പെടുന്ന ഒരു രാഷ്ട്രീയനിബന്ധനയാണെന്നു ചില സാഹിത്യകാരന്മാർ വിശ്വസിക്കുന്നതായി അദ്ദേഹം ആരോപിക്കുന്നു.

കേരളത്തിലെ കമ്മ്യൂണിസ്റ്റ് നേതൃത്വത്തെയും അവർ കൊണ്ടാടുന്ന സവർണ്ണപക്ഷപാതത്തെയും അദ്ദേഹം എതിർത്തു. മാർക്സിസത്തിന്റെ ഭൗതികചിന്തയിൽ വിശ്വസിക്കുമ്പോൾതന്നെ അതുപ്രകാരമുള്ള സാമൂഹ്യയാഥാർത്ഥ്യങ്ങളെ കാണാൻ അവർക്കു കഴിയുന്നില്ലെന്ന് കുറ്റപ്പെടുത്തി. അന്നത്തെ പ്രമാണിമാരായ കമ്മ്യൂണിസ്റ്റുനേതാക്കൾക്ക് ചരിത്രപരമായ ഭൗതികവാദത്തിലും മാർക്സിയൻ ദർശനത്തിലും അവഗാഹമുണ്ടായിരുന്നെങ്കിലും മാർക്സിയൻ സൗന്ദര്യശാസ്ത്രത്തിൽ വേണ്ടത്ര അറിവ് അവരിൽ പലർക്കും ഉണ്ടായിരുന്നില്ല. അതിനാൽ പലരും കലാകാരന്മാരെക്കുറിച്ചും കൃതികളെക്കുറിച്ചുമെല്ലാം അപക്വമായ ധാരണ വെച്ചുപുലർത്തി എന്നത് ശരിയാണ്[15]. ഗ്രന്ഥങ്ങളിൽനിന്ന് മാർക്സിയൻ തത്വചിന്ത പഠിച്ചുവെങ്കിലും ആ തത്വങ്ങളുടെ വെളിച്ചത്തിൽ സമൂഹത്തെ പഠിക്കുന്നതിൽ അവർ പരാജയപ്പെട്ടു എന്ന് ബാലകൃഷ്ണൻ വിലയിരുത്തി.

തൊഴിലാളിവർഗ്ഗസംസ്കാരത്തെയോ സോഷ്യലിസ്റ്റ് സാഹിത്യത്തിന്റെ സന്ദേശത്തെയോ നിരാകരിക്കുന്നവയല്ല ബാലകൃഷ്ണന്റെ വിമർശനങ്ങൾ. മലയാളത്തിലെ പേരെടുത്ത പുരോഗമനസാഹിത്യകാരന്മാരെ ചിലരെയല്ലാം വിമർശനത്തിൽനിന്ന് ഒഴിവാക്കാനും അദ്ദേഹം മറക്കുന്നില്ല. എന്നാൽ സോഷ്യലിസ്റ്റ് സാഹി

ത്യത്തിന്റെ പേരിൽ പടച്ചുവിടുന്ന പടപ്പാട്ടുകളെ അദ്ദേഹം അംഗീകരിച്ചില്ല. മാർക്സിസവും കലയും ചർച്ചചെയ്യുമ്പോൾ കാൽഡ്വൽ, ലുക്കാക്സ് എന്നിവരല്ലാതെ മാർക്സിയൻ സൗന്ദര്യവിജ്ഞാനത്തിലും സാഹിത്യ-സാമൂഹികവിമർശനത്തിലും മൗലികസംഭാവന നൽകിയ മറ്റു ചിന്തകരൊന്നും അദ്ദേഹത്തെയും സ്വാധീനിച്ചതായി കാണുന്നില്ല.

### 1.6. ആർഷപാരമ്പര്യത്തിന്റെ നിഷേധവും ഗാന്ധിവിമർശനവും

ഗാന്ധിസത്തിന്റെ സാമൂഹികപ്രാധാന്യം വിലയിരുത്തുന്ന എം.എൻ. റോയിയുടെ ചിന്തകൾ ബാലകൃഷ്ണൻ പലപ്പഴും പിൻപറ്റുന്നുണ്ട്. ഗാന്ധിയൻ ആദർശം നിശ്ചലമായ ഒരു സാമൂഹികാവസ്ഥയായിട്ട് റോയി കരുതിയിരുന്നു. ഏകോപിതമല്ലാത്തതും ദാർശനികനിരാസമാർന്നതുമായ ചിന്താഗതിയാണത്. ഗാന്ധിസം സാർവലൗകികമായി സ്വീകാര്യത നേടാത്തതിന്റെ പ്രധാനകാരണം അതിന്റെ കാഴ്ചപ്പാട് വിശ്വാസാധിഷ്ഠിതമാണെന്നതാണ്. ഗാന്ധിസം നിലനിന്നത് ഇന്ത്യയിലെ ബഹുഭൂരിപക്ഷം ജനങ്ങളും മതത്തിലും അന്ധവിശ്വാസത്തിലും ആണ്ടുകിടന്നതിനാലാണ് എന്നും അതുകൊണ്ടുതന്നെയാണ് പാശ്ചാത്യമർദ്ദിതജനവിഭാഗങ്ങളെ ഗാന്ധിസം ആകർഷിക്കാതെ പോയതെന്നും അത് ഗാന്ധിസത്തിന്റെ പരിമിതിയാണെന്നുമാണ് റോയ് വിലയിരുത്തുന്നത്[16]. അദ്ദേഹത്തിന്റെ അഭിപ്രായപ്രകാരം സാംസ്കാരികമായ പിന്നോക്കാവസ്ഥയാണ് ഗാന്ധിസത്തിന്റെ സാമൂഹികാടിസ്ഥാനം.

#### 1.6.1. ഗാന്ധിജിയ്ക്ക് ഒരു പിതൃത്വംകൂടി

ഭക്തിയും വിശ്വാസവും സ്വാധീനിക്കാത്ത നിലപാടിൽനിന്നുകൊണ്ട് ഗാന്ധിചിന്തയെ സമീപിക്കാനാണ് ബാലകൃഷ്ണൻ ശ്രമിച്ചത്. 'ഹിന്ദുമതത്തെ മറ്റെല്ലാ മതങ്ങളിൽനിന്നും വേർതിരിക്കുന്ന മേൻമ, വർണ്ണാശ്രമധർമ്മം എന്നതിലേറെ ഗോസംരക്ഷാവ്രതമാണെ'[17]ന്ന ഗാന്ധിജിയുടെ വാക്കുകൾതന്നെ ഉദാഹരണമാക്കിക്കൊണ്ട് ഉറച്ച ഹൈന്ദവചിന്ത ഗാന്ധിജിയുടെ പ്രവർത്തനത്തെ ജനാധിപത്യവിരുദ്ധമാക്കിയിട്ടുണ്ടെന്ന് ബാലകൃഷ്ണൻ നിരീക്ഷച്ചിട്ടുണ്ട്. നിത്യജീവിതത്തിലെ

ഏതൊരു പ്രശ്നത്തിനും പരിഹാരമായി 'ഗീത'യെ കണ്ടിരുന്ന ഗാന്ധിജിയുടെ രീതിയെ അദ്ദേഹം വിമർശിച്ചു. മതത്തിൽനിന്നാണ് ഇന്ത്യയിൽ തത്വചിന്ത രൂപപ്പെടുന്നത്. ഇതിന്റെ ഫലമാണ് ഗാന്ധിജിയുടെ ദർശനത്തിൽ മറഞ്ഞിരിക്കുന്ന മതാത്മകമായ ധാർമ്മികചിന്തയെന്ന് ബാലകൃഷ്ണൻ നിരൂപിച്ചു. തത്വചിന്ത രൂപപ്പെടേണ്ടത് ശാസ്ത്രത്തിൽനിന്നാണ് എന്നും മതാത്മകചിന്ത അവയുടെ വളർച്ചയ്ക്ക് തടസ്സമാകുന്നു എന്നുമുള്ള ബർട്രാൻഡ് റസ്സലിന്റെ ആശയമാണ് ബാലകൃഷ്ണന് പഥ്യം.

ഗാന്ധിയൻരാഷ്ട്രീയത്തെക്കുറിച്ചു പറയുമ്പോൾ ജനങ്ങൾക്ക് അദ്ദേഹം കാണപ്പെട്ട ദൈവമാണ്. പണ്ഡിതർപോലും ബിംബവൽക്കരിച്ചാണ് ഗാന്ധിജിയെ ദർശിക്കുന്നത്. അതിനാൽ ഗാന്ധിജിയുടെ അഭിപ്രായങ്ങൾ പ്രായോഗികമാക്കിയാലുള്ള ഭവിഷ്യത്തുകൾ ആ ഭക്തർക്ക് കാണാൻ കഴിയുന്നില്ല. ജ്ഞാനികളായവർപോലും മതപരമായ ചിന്തയുടെ വക്താക്കളായിട്ട് ഗാന്ധിജിയിൽ ദിവ്യത്വം കാണുന്നു. "ജിന്നയുടെ ശവകുടീരത്തിൽ നെഹ്റു പുഷ്പമാല്യം അർപ്പിക്കുമ്പോൾ അത് തന്ത്രപരമായ ഒരു മര്യാദയാണ്. എന്നാൽ, രാജ്ഘട്ടിലെ ശവകുടീരത്തിൽ ചൗ-ഇൻ-ലായ് മാല്യമർപ്പിക്കുമ്പോൾ അതിന്റെയർത്ഥം വേറെയായി. മാർക്സിസം ഗാന്ധിമാർഗ്ഗത്തിന്റെ മുമ്പിൽ തലകുനിക്കുകയാണ് ആ ചെയ്യുന്നത്"[18] എന്ന് 1960-ൽ *കേരളഭൂഷണം* വാർഷികവിശേഷാൽപ്രതിയിൽ ബാലകൃഷ്ണൻ എഴുതി. രാഷ്ട്രീയരംഗത്ത് ധാർമ്മികതയ്ക്കും അഹിംസയ്ക്കും പ്രാധാന്യം കൊടുത്ത ഗാന്ധിജിയ്ക്ക് അതിമാനുഷഭാവം നൽകിയവരുടെ നാട്ടിലുണ്ടായതുപോലെ ഒരു രാഷ്ട്രീയാധഃപതനം മറ്റൊരു രാജ്യത്തും കാണുകയില്ലെന്ന് അദ്ദേഹം അർത്ഥമാക്കി. സങ്കൽപത്തിലെ മഹത്വത്തിന്റെ പിതൃത്വം ഗാന്ധിജിക്കു നല്കുന്നവർ ഇന്ത്യയുടെ ദുരിതയഥാർത്ഥ്യത്തിന്റെ പിതൃത്വംകൂടി ഗാന്ധിജിക്ക് കല്പിച്ചുകൊടുക്കേണ്ടതുണ്ട് എന്നദ്ദേഹം വാദിച്ചു. ബാലകൃഷ്ണനെ സംബന്ധിച്ച് ഗാന്ധിസത്തിന്റെ പരമമായ ആദർശമായ അഹിംസ പ്രതിലോമകരമായ ഒരു പദ്ധതിയാണ്. മുതലാളിത്തത്തോട് അഹിംസാത്മകമായ സമീപനം സ്വീകരിക്കുന്നതിലൂടെ മുതലാളിത്തത്തിനെതിരായി ഗാന്ധിസത്തിൽ ഉള്ളടങ്ങിയിട്ടുള്ള എല്ലാ എതിർപ്പുകളെയും ആഗ്രഹങ്ങളെയും ഫലത്തിൽ നിർവീര്യമാക്കുകയും മുതലാളിത്തത്തെ ശാശ്വതമാക്കിതീർക്കാൻ സഹായിക്കുകയുമാണ് ചെയ്യുന്നതെന്ന എം.എൻ. റോയി

യുടെ ചിന്തയെ ബാലകൃഷ്ണൻ പിന്തുടരുന്നു[19]. ഗാന്ധിയൻ സങ്കൽപപ്രകാര മുള്ള രാഷ്ട്രീയചിന്തയിൽനിന്നും മതവേഴ്ചയെ നീക്കിനിർത്താൻ കഴിയാത്തത് ഗാന്ധിജിയുടെ രാഷ്ട്രീയഭാഷതന്നെ മതചിന്തയിൽ വേരൂന്നുന്നതുകൊണ്ടാണ്.. അങ്ങനെയുള്ള ഗാന്ധിജിയെ ഉയരത്തിൽ പ്രതിഷ്ഠിച്ചിട്ടുകൊണ്ട് രാഷ്ട്രീയത്തിൽ മതത്തിന്റെയും മറ്റും സ്വാധീനമില്ലാതാക്കുന്നതിനെക്കുറിച്ച് ചർച്ചചെയ്യുന്നത് അതി നാൽ നിഷ്ഫലമായ യത്നമാണ്. എല്ലാ മതങ്ങളെയും അവയുടെ അന്ധമായ നിഷ്ഠകളെയും ബഹുമാനിക്കുകയും പരിപാലിക്കുയും ചെയ്യുന്നതല്ല മതനിരപേ ക്ഷസങ്കൽപം എന്നാണ് ബാലകൃഷ്ണന്റെ അഭിപ്രായം.

അഹിംസാത്മകമായ മാർഗ്ഗത്തിലൂടെ ഗാന്ധിജി നമുക്കു സ്വാതന്ത്ര്യം നേടിത്തന്നു എന്നു പറയുന്നതിലെ വൈരുദ്ധ്യം 'അംബേദ്കർ എന്ന പ്രതിഭാസ ത്തിനു ഒരു മുഖവുര' എന്ന ലേഖനത്തിൽ തുറന്നു കാട്ടിയിട്ടുണ്ട്[20]. ഗാന്ധി ജിയെക്കുറിച്ചുള്ള വ്യത്യസ്തതയാർന്ന കാഴ്ചപ്പാടുകൾ ബാലകൃഷ്ണന്റെ ആദ്യ കാലലേഖനങ്ങളിൽ കാണാം. 1948-ൽ ഏപ്രിലിൽ *ജയകേരള*[21]ത്തിൽ പ്രസിദ്ധീക രിച്ച 'ഗാന്ധിജിയും മാർക്സിസ്റ്റുകളും' എന്ന ലേഖനം ഉദാഹരണം. മനുഷ്യജീവി തത്തിന്റെ എല്ലാ മേഖലകൾക്കും ബാധകമായ ജീവിതതത്ത്വശാസ്ത്രങ്ങൾ ബാല കൃഷ്ണൻ മഹാത്മാവിൽ കാണുന്നു. അവ സമുദായസൗഹാർദ്ദവും അക്രമരാഹി ത്യവും അവശോദ്ധാരണവുമാണെന്ന് പൊതുവെ പറയാം. ഗാന്ധിജിയെക്കുറി ച്ചുള്ള ഈ അഭിപ്രായം അദ്ദേഹം ഇന്ത്യൻ മാർക്സിസ്റ്റുകളുടേതുമായി താരതമ്യം ചെയ്യുന്നുണ്ട്. മേൽപ്പറഞ്ഞ തത്വങ്ങൾ പ്രവൃത്തിപഥത്തിലെത്തിക്കുന്നതിൽ ഇന്ത്യൻ മാർക്സിസ്റ്റുകളാണ് ബാപ്പുജിയോട് ആദരവ് കാണിച്ചത് എന്നദ്ദേഹം അഭിപ്രായപ്പെടുന്നുണ്ട്.

### 1.8. നാരായണഗുരുവിന്റെ ബൗദ്ധികസ്വാധീനവും കീഴാളനിലപാടും

ആത്മീയസിദ്ധികളെ നിഷേധിക്കുന്ന ഒരു വീക്ഷണം ബാലകൃഷ്ണനുണ്ട്. ഈശ്വരാനുഭൂതി, ആത്മീയാനുഭവങ്ങൾ തുടങ്ങിയവയെ മനോദൗർബല്യമായി ഒരു കാലത്ത് അദ്ദേഹം കണ്ടിരുന്നു. ഈ വിഷയത്തിൽ എം.എൻ. റോയി നൽകുന്ന

വിശദീകരണമാണ് അദ്ദേഹം അവലംബമാക്കിയിരിക്കുന്നത്. ഇന്ത്യയുടെ ആദ്ധ്യാത്മികസന്ദേശത്തിന്റെ സാമൂഹികമായ താൽപര്യം എം.എൻ. റോയി പരിശോധിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ 'Psychology of the Seer' എന്ന ഗ്രന്ഥത്തിൽ ശ്രീരാമകൃഷ്ണപരമഹംസൻ, സ്വാമി വിവേകാനന്ദൻ തുടങ്ങിയവരെ ഉദാഹരണമാക്കി ഇത് വിവരിക്കുന്നുണ്ട്[22]. ആത്മാവ്, മനസ്സ്, സ്വത്വം എന്നിവ ഒരേപോലെ നിലനിൽക്കുന്ന സത്തയല്ല എന്നും മതാനുഭൂതിയെന്നത് മനുഷ്യന്റെ താഴ്ന്ന മാനസികാവസ്ഥയാണെന്നും അദ്ദേഹം വിശദീകരിക്കുന്നു.

ശ്രീനാരയണഗുരുവിനെ പഠിക്കുന്നതോടെ ആദ്ധ്യാത്മികതയെ സംബന്ധിച്ച റോയിയുടെ ചിന്തകളിൽനിന്ന് ബാലകൃഷ്ണൻ മാറുന്നുണ്ട്. ശ്രീനാരായണഗുരുവിനെ ഒരു ആജന്മസന്യാസിയായിട്ട് വിലയിരുത്തുന്നതുകാണാം. സന്യാസിയുടെ സിദ്ധിയും അവരുടെ പിറവിയിലുള്ള ഘടനാവിശേഷങ്ങളും അത്ഭുതകരമായ ഒരു പ്രതിഭാസമാണെന്ന് അദ്ദേഹം അഭിപ്രായപ്പെടുന്നു[23]. സന്യാസത്തെ മനസ്സിന്റെ സഹജസ്വഭാവമായും പ്രപഞ്ചരഹസ്യങ്ങളെ സന്ധിക്കാനുള്ള ഒരു തരം കഴിവായും കാണുന്നതു മാത്രമല്ല ശ്രീരാമകൃഷ്ണനെയും വിവേകാനന്ദനെയും യതിഭാവത്തിന്റെ സാക്ഷാത്കാരമായും, വിശേഷിപ്പിക്കുന്നുണ്ട്[24]. യോഗാനുഭൂതിയെന്നു പറയപ്പെടുന്ന വൈകാരികാവസ്ഥ ആത്മീയമായ ഔന്നിത്യത്തിന്റെ അവസ്ഥയല്ലായെന്നും മറിച്ച് അതൊരു മനോരോഗപരമായ അധഃപതനമാണെന്നും ബോധപൂർവ്വമായ മാനസികപ്രവർത്തനങ്ങളുടെ താൽക്കാലികമായ സ്തംഭനാവസ്ഥയാണെന്നുമുള്ള രീതിയിലുള്ള റോയിയുടെ  വീക്ഷണത്തിൽ നിന്നുള്ള വ്യതിയാനമാണിത്.

രാഷ്ട്രീയരംഗങ്ങളിലും തുടർന്ന് സാഹിത്യവിമർശനത്തിന്റെയും സർഗ്ഗാത്മകരചനയുടെയും ചരിത്രരചനയുടയും രംഗങ്ങളിലുമെല്ലാം തനതായ സംഭാവനകൾ നല്കിയ പി.കെ. ബാലകൃഷ്ണൻ എന്ന വ്യക്തിയുടെ ധൈഷണികജീവിതത്തിന്റെ രൂപീകരണത്തിന്റെയും പരിണാമത്തിന്റെയും ഒരു നഖചിത്രം നല്കാനാണ് ഇവിടെ ശ്രമിച്ചത്. സഹോദരപ്രസ്ഥാനത്തിന്റെ അനുഭാവിയായ പിതാവിന്റെ സംരക്ഷണത്തിൽ ബാല്യകാലത്തുതന്നെ പുരോഗമനപരമായ ആശയങ്ങളുമായി ഇടപെടാനുള്ള

ജീവിത പരിസരം ലഭിച്ചത് വിദ്യാഭ്യാസകാലത്ത് സജീവരാഷ്ട്രീയപ്രവർത്തനത്തിലേക്കും തുടർന്ന് സോഷ്യലിസ്റ്റ് ആശയലോകത്തേക്കും നീങ്ങാൻ അദ്ദേഹത്തിന് തുണയായി. സ്വതന്ത്രമായ ചിന്താലോകം രൂപപ്പെടുത്തുന്നതിൽ ബാലകൃഷ്ണൻ ജീവിച്ച ചരിത്രപരവും സാമൂഹികവുമായ പശ്ചാത്തലം നിർണ്ണായകമായി.

സജീവരാഷ്ട്രീയപ്രവർത്തകനായി തുടങ്ങിയ പി.കെ. ബാലകൃഷ്ണൻ രാഷ്ട്രീയത്തിൽനിന്ന് ആദർശാത്മകത അന്യമാകുന്നുവെന്ന് ബോധ്യംവന്ന ഘട്ടത്തിൽ രാഷ്ട്രീയപ്രവർത്തനം അവസാനിപ്പിച്ചു. സാഹിത്യരചനയിൽ തന്റേതായ കാഴ്ചപ്പാടുകൾ അദ്ദേഹം സൂക്ഷിക്കുന്നതായി കാണുന്നു. *നാരായണഗുരു* സമാഹാരഗ്രന്ഥം 1954-ൽ പുറത്തിറക്കുന്നതിനു മുൻപുതന്നെ ഗുരുവിനെ വ്യത്യസ്തമായി കാണാനുള്ള ശ്രമം അദ്ദേഹം നടത്തിയിട്ടുണ്ട്. ഗാന്ധിജിയെയും ഗുരുവിനെയും ഒരേ രാഷ്ട്രീയ-സാംസ്കാരികപ്രവണതയുടെ പ്രതിനിധിയായി കാണാനുള്ള മാർക്സിസ്റ്റ് ചിന്തകരുടെ ശ്രമത്തിനെതിരെ അദ്ദേഹം പ്രതികരിക്കുന്നുണ്ട്[25].

ഇന്ത്യയുടെ പാരമ്പര്യത്തിൽ വേരോടിയ ആത്മീയവും വിശ്വാസാത്മകവുമായ പ്രസ്ഥാനങ്ങളുടെ കീഴാളവിരുദ്ധതയും മുതലാളിത്തത്തിന്റെ ചതിക്കുഴികളും ഒരേസമയം തിരിച്ചറിയാൻ ബാലകൃഷ്ണനെ സഹായിച്ചത് സ്വതന്ത്രചിന്തയാണ്. ബ്രാഹ്മണികമായ ഹൈന്ദവപ്രത്യയശാസ്ത്രത്തിന്റെ ഹിംസാത്മകമായ പ്രവർത്തനരീതികളെ ഇഴപിരിച്ചെടുക്കാനും ഗാന്ധിസത്തിന്റെ ആന്തരികദൗർബ്ബല്യങ്ങളെ വിവേചിച്ചറിയാനും അംബേദ്ക്കർ മുന്നോട്ടുവെച്ച പുരോഗമനനിലപാടുകളുടെ വേറിട്ട ഉള്ളടക്കം തിരിച്ചറിയാനും അത് ബാലകൃഷ്ണന് കരുത്തുനല്കി. പിന്നീട് ഇന്ത്യയിലും കേരളത്തിലും സജീവമായിത്തീരുന്ന ഈ ആശയഗതിയെ മുമ്പേ തന്നെ പ്രവചനാത്മകമായ ഉൾക്കാഴ്ചയോടെ ബാലകൃഷ്ണൻ തിരിച്ചറിഞ്ഞെങ്കിലും അദ്ദേഹത്തിന്റെ ചിന്താലോകത്തെ അറിഞ്ഞാദരിക്കാൻ മലയാളിസമൂഹത്തിന് ഇനിയും കഴിഞ്ഞിട്ടുണ്ടെന്നുതോന്നുന്നില്ല. കീഴാളപക്ഷത്ത് നിലയുറപ്പിച്ചുകൊണ്ടുള്ള ബാലകൃഷ്ണന്റെ ചരിത്രരചനയും സർഗ്ഗസാഹിത്യവും സാഹിത്യവിമർശനവും അതിനാൽ വേണ്ടരീതിയിൽ പഠനഭാഗമായിട്ടില്ല. സാമൂഹികമായ കാഴ്ചപ്പാടോടെ കൃത്യമായ രാഷ്ട്രീയ നിലപാടിൽ നിന്നുകൊണ്ട് പ്രവചനാത്മകമായ നിരീക്ഷ

ണങ്ങൾ നടത്തിയ മലയാളിയായ സ്വതന്ത്രബുദ്ധിജീവിയാണ് പി.കെ. ബാലകൃഷ്ണൻ എന്നു വിലയിരുത്താം.

## കുറിപ്പുകൾ

1) മോഹനൻ, ജെ.ബി. (ഡോ) 'പുരോഗമനസാഹിത്യപ്രസ്ഥാനത്തിന്റെ ചരിത്രം' *സാഹിത്യഗവേഷണവും വിമർശനവും* (കോട്ടയം: ഡി.സി. ബുക്സ്, 1990 ആഗസ്ത്) പു. 59.

2) സാനു, എം.കെ. 'മൂർച്ഛയുള്ള തൂലികയുമായി തുടക്കം' *പി.കെ. ബാലകൃഷ്ണൻ-ഉറങ്ങാത്ത മനീഷി* (കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണസംഘം, 2011 ജൂൺ) പു. 62.

3) പ്രസന്നരാജൻ. 'കെ.എസ്.പി രൂപമെടുക്കുന്നു' *കെടാത്ത ജ്വാല: കെ. ബാലകൃഷ്ണൻ* (കോട്ടയം: ഡി.സി. ബുക്സ്, 2010 ജൂലൈ) പു. 84.

4) സുകുമാരൻ നായർ, നാവായിക്കുളം, *ശ്രീകണ്ഠൻനായർ: വ്യക്തിയും പ്രസ്ഥാനവും* (കോട്ടയം: സാഹിത്യപ്രവർത്തകസഹകരണസംഘം, 1980) പു. 223.

5) പൊറ്റെക്കാട്ട്, എസ്.കെ. 'എക്കൗണ്ടന്റ്', *എന്റെ വഴിയമ്പലങ്ങൾ* (കോഴിക്കോട്: പി.കെ. ബ്രദേർസ്, 1994 മാർച്ച്) പു. 125.

6) രമേശൻ പഴവിള, 'പി.കെ. ബാലകൃഷ്ണൻ - കവചകുണ്ഡലങ്ങളില്ലാത്ത കണ്ണൻ', *മാതൃഭൂമി ആഴ്ചപ്പതിപ്പ്* (1991 ഏപ്രിൽ 21-27).

7) സാനു, എം.കെ. 'ഓർമ്മയുടെ പശ്ചാത്തലം' *പി.കെ. ബാലകൃഷ്ണൻ-ഉറങ്ങാത്ത മനീഷി* (കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണസംഘം, 2011 ജൂൺ) പു. 27.

8) മോഹനൻ, ജെ.ബി. (ഡോ) 'പുരോഗമനസാഹിത്യപ്രസ്ഥാനത്തിന്റെ ചരിത്രം' *സാഹിത്യഗവേഷണവും വിമർശനവും* (കോട്ടയം: ഡി.സി. ബുക്സ്, 1990 ആഗസ്ത്) പു. 80.

9) ബാലകൃഷ്ണൻ, പി.കെ. 'സമൂഹവും സൗന്ദര്യം എന്ന മൂല്യവും', *പി.കെ. ബാലകൃഷ്ണന്റെ ലേഖനങ്ങൾ* (കോട്ടയം: ഡി.സി. ബുക്സ്, 2010 സപ്തംബർ, മൂന്നാം പതിപ്പ്) പു. 12.

10) പ്രസന്നരാജൻ. 'കെ.എസ്.പി രൂപമെടുക്കുന്നു' *കെടാത്ത ജ്വാല: കെ. ബാലകൃഷ്ണൻ* (കോട്ടയം: ഡി.സി. ബുക്സ്, 2010 ജൂലൈ) പു. 110.

11) ബാലകൃഷ്ണൻ, പി.കെ. 'ഇന്ന് ആഗസ്ത് പതിനഞ്ചാണ്' *കേരളീയതയും മറ്റും* (പി.കെ. ബാലകൃഷ്ണന്റെ അസമാഹൃത രചനകൾ) (കോട്ടയം: ഡി.സി. ബുക്സ്, 2008 ജൂൺ, രണ്ടാം പതിപ്പ്) പു. 78.

12) ബാലകൃഷ്ണൻ, പി.കെ. 'എന്താണു ശ്രീനാരായണഗുരു' *കൗമുദി പി.കെ. ബാലകൃഷ്ണൻ പതിപ്പ്* എഡി. ഹാഷിം രാജൻ (2012 ജനുവരി-മാർച്ച്) പു. 37.

13) ബാലകൃഷ്ണൻ, പി.കെ. 'കമ്മ്യൂണിസ്റ്റ് നേതാക്കളുടെ ഫ്യൂഡൽ സാഹിത്യം' *കൗമുദി പി.കെ. ബാലകൃഷ്ണൻ പതിപ്പ്* എഡി. ഹാഷിം രാജൻ (2012 ജനുവരി-മാർച്ച്) പു. 46.

14) അതേ മാസിക. പു. 47

15) ബാലറാം, എൻ. ഇ. *മാർക്സിയൻ സൗന്ദര്യശാസ്ത്രം* (തിരുവനന്തപുരം: ദേശാഭിമാനി ബുക്സ്, ചിന്ത പബ്ലിഷേഴ്സ്, 1996) പു. 30.

16) റോയ്, എം.എൻ. 'ഗാന്ധിസം: മധ്യാകലത്തിലെ അന്ധത' *ദിവ്യന്മാരുടെ മനഃശാസ്ത്രം* വിവ: എം.വി. ഹരിദാസൻ, (കോഴിക്കോട്: ഇൻസൈറ്റ് പബ്ലിക്ക, 2012 ഫെബ്രുവരി) പു. 40.

17) ബാലകൃഷ്ണൻ, പി.കെ. 'ഗാന്ധിജിയും ഡോ. അംബേദ്കറും' *പി.കെ. ബാലകൃഷ്ണന്റെ ലേഖനങ്ങൾ* (കോട്ടയം: ഡി.സി. ബുക്സ്, 2010 സപ്തംബർ, മൂന്നാംപതിപ്പ്) പു. 200.

18) ബാലകൃഷ്ണൻ, പി.കെ. 'ബാപ്പുജിക്കു ചില പുതിയ പിതൃസ്ഥാനങ്ങൾക്കൂടി' *കേരളീയതയും മറ്റും പി.കെ. ബാലകൃഷ്ണന്റെ അസമാഹൃതരചനകൾ* (കോട്ടയം: ഡി.സി. ബുക്സ്, 2010 സപ്തംബർ, മൂന്നാംപതിപ്പ്) പു. 81.

19) റോയ്, എം.എൻ. 'ഗാന്ധിസം: മധ്യാകലത്തിലെ അന്ധത' *ദിവ്യന്മാരുടെ മനഃശാസ്ത്രം* വിവ: എം.വി. ഹരിദാസൻ, (കോഴിക്കോട്: ഇൻസൈറ്റ് പബ്ലിക്ക, 2012 ഫെബ്രുവരി) പു. 43.

20) ബാലകൃഷ്ണൻ, പി.കെ. 'അംബേദ്കർ എന്ന പ്രതിഭാസത്തിന് ഒരു മുഖവുര' *പി.കെ. ബാലകൃഷ്ണന്റെ ലേഖനങ്ങൾ* (കോട്ടയം: ഡി.സി. ബുക്സ്, 2010 സപ്തംബർ, മൂന്നാംപതിപ്പ്) പു. 191.

21) ബാലകൃഷ്ണൻ, പി.കെ. 'ഗാന്ധിജിയും മാർക്സിസ്റ്റുകളും' *കേരളീയതയും മറ്റും പി.കെ. ബാലകൃഷ്ണന്റെ അസമാഹൃതരചനകൾ* (കോട്ടയം: ഡി.സി. ബുക്സ്, 2008 സപ്തംബർ, രണ്ടാംപതിപ്പ്) പു. 86.

22) റോയ്, എം.എൻ. 'ദിവ്യന്മാരുടെ മനഃശാസ്ത്രം' *ദിവ്യന്മാരുടെ മനഃശാസ്ത്രം* വിവ, എം.വി. ഹരിദാസൻ, (കോഴിക്കോട്: ഇൻസൈറ്റ് പബ്ലിക്ക, 2012 ഫെബ്രുവരി) പു. 12.

23) ബാലകൃഷ്ണൻ, പി.കെ. 'നാരായണഗുരുവും സന്ന്യാസവും' *ശ്രീനാരായണഗുരു* (കോട്ടയം: ഡി.സി. ബുക്സ്, 2010 ജൂലൈ, നാലാം പതിപ്പ്) പു. 132.

24) അതേ പുസ്തകം പു. 134.

25) ബാലകൃഷ്ണൻ, പി.കെ. 'എന്താണു ശ്രീനാരായണഗുരു' *കൗമുദി പി.കെ. ബാലകൃഷ്ണൻ പതിപ്പ്* എഡി. ഹാഷിം രാജൻ (തിരുവനന്തപുരം: 2012 ജനുവരി-മാർച്ച്) പു. 34.

അദ്ധ്യായം രണ്ട്

# കാവ്യപഠനങ്ങളിലെ സാഹിത്യവീക്ഷണവും സാമൂഹികചിന്തയും

പത്രപ്രവർത്തനം, സാഹിത്യവിമർശനം, സാമൂഹികവിമർശനം, നോവൽ രചന, ചരിത്രപഠനം, എന്നിങ്ങനെ വൈവിധ്യമാർന്നതാണ് പി.കെ. ബാലകൃഷ്ണന്റെ രചനാലോകം. വിപുലവും വ്യത്യസ്തങ്ങളുമായ നിരീക്ഷണങ്ങളാൽ സമ്പന്നമാണ് അദ്ദേഹത്തിന്റെ സർഗ്ഗാത്മകപ്രവർത്തനം.

മലയാളനിരൂപണസാഹിത്യചരിത്രത്തിൽ ജീവചരിത്രനിരൂപണശാഖയിൽ തനതായ സംഭാവന നൽകിയ ബാലകൃഷ്ണൻ, സാഹിത്യവിമർശനത്തിൽ സാമൂഹികചിന്തയും ജീവചരിത്രപഠനവും പ്രതിഭാനിരീക്ഷണവും ഇടകലർത്തി കൃതികളെ വിലയിരുത്തുന്നു. കാവ്യപഠനങ്ങളിലും ഗദ്യപഠനങ്ങളിലും അദ്ദേഹം ഈ രീതി പിന്തുടരുന്നു. കവിയുടെ ജീവചരിത്രസന്ദർഭങ്ങളിലൂടെ കൃതിയുടെ സ്വഭാവത്തെ മനസ്സിലാക്കുകയും അവയെ അപഗ്രഥിച്ച് വിശദീകരിക്കുകയും ചെയ്യുന്നതാണ് അദ്ദേഹത്തിന്റെ കവിതാനിരൂപണങ്ങൾ. അക്കൂട്ടത്തിൽ എടുത്തുപറയേണ്ട രണ്ടു കവിതാപഠനഗ്രന്ഥങ്ങളാണ് *കാവ്യകല കുമാരനാശാനിലൂടെ*(1970), *എഴുത്തച്ഛന്റെ കല- ചില വ്യാസഭാരതപഠനങ്ങളും* (1982) എന്നിവ.

സാമൂഹികചിന്ത ബാലകൃഷ്ണന്റെ കൃതികളിലെല്ലാം തെളിഞ്ഞുകാണാം. ജാതിവ്യവസ്ഥിതിയിലൂടെ രൂപപ്പെട്ട കേരളസമൂഹത്തിന്റെ അടരുകളിലേക്ക് അദ്ദേഹത്തിന്റെ അന്വേഷണം കടന്നുചെല്ലുന്നു. കീഴാളജനതയുടെ ജീവിതപശ്ചാത്തലം ഈ രണ്ടുപഠനഗ്രന്ഥങ്ങളിലും പരിശോധിക്കപ്പെടുന്നുണ്ട്. സമൂഹത്തിലെ താഴ്ന്ന സമുദായത്തിൽ ജനിക്കുകയും ജാതിപരമായ അവശതകൾ അനുഭവിക്കുകയും ചെയ്ത് സ്വന്തം പ്രതിഭകൊണ്ട് മഹത്വമാർജ്ജിച്ചവരാണ് കുമാരനാശനും തുഞ്ചത്തെഴുത്തച്ഛനും. പ്രതിഭാശാലിയായ കവിയുടെ രചനയ്ക്കു പിന്നിലുള്ള പ്രേരണകളെ കണ്ടെത്തുക എന്ന സാമൂഹികവും ചരിത്രപരവുമായ പ്രാധാന്യം മനസ്സിലാക്കിയാണ് ബാലകൃഷ്ണൻ കുമാരനാശാനിലെ കവിയെയും കവിതയെയും സമീപിക്കുന്നത്.

കുമാരനാശാനിലെ കവിയുടെ വളർച്ചയെക്കുറിച്ച് പൊതുസമ്മതി നേടിയ ചില ധാരാണകളെ അദ്ദേഹം തിരുത്തിയെഴുതുന്നു. അതിന് ബാലകൃഷ്ണൻ അവലംബിക്കുന്നത് കവിയുടെ ബാല്യകാലജീവിതത്തിലെ സംഭവങ്ങളെയാണ്. ആശാനും ശ്രീനാരായണഗുരുവും തമ്മിലുള്ള ആദ്യകൂടിക്കാഴ്ചയെപ്പറ്റി ഒരു കഥ പ്രചാരത്തിലുണ്ടായിരുന്നു. ബാലനായ കുമാരനാശാനെ കാണ്ടുമുട്ടിയ സ്വാമി ഒരു സമസ്യയുടെ അവസാനപദം നൽകി പൂരിപ്പിക്കാൻ പറഞ്ഞ് ബാലന്റെ ബുദ്ധി പരീക്ഷിക്കാൻ ശ്രമിച്ചു. സമസ്യാപൂരണത്തിൽ തൃപ്തനായ ഗുരു 'ഇനി ശൃംഗാരശ്ലോകങ്ങൾ രചിക്കരുത്' എന്ന ഉപദേശിച്ചു എന്നാണ് കഥ. ഗുരുവിനെ സന്ധിക്കുന്ന കാലത്ത് കെ.എൻ. കുമാരൻ കേവലമൊരു ബാലനായിരുന്നില്ല, മറിച്ച് പക്വമതിയായ ഒരു വ്യക്തിയായിരുന്നു എന്നാണ് ജീവചരിത്രം നല്കുന്ന സൂചന. ആദ്യകൂടിക്കാഴ്ചയക്കുശേഷം ഗുരുവിന്റെ ശിഷ്യനായി ആദ്ധ്യാത്മികശിക്ഷണത്തിൽപ്പെട്ട കുമാരൻ ആകെ മാറിമറിഞ്ഞു എന്ന കഥയെയും ബാലകൃഷ്ണൻ നിരാകരിക്കുന്നു. ഗുരു, ആശാനിലെ ജന്മസിദ്ധമായ അഭിരുചിയെ മാറ്റി മറിക്കുകയല്ല, മറിച്ച് അവയെ വളർത്താനുള്ള സാഹചര്യമൊരുക്കുകയാണ് ചെയ്തത് എന്നു സ്ഥാപിക്കാൻ 'നദി സമുദ്രത്തെ സന്ധിക്കുന്നതുപോലെയുള്ള ഒരു നടപടി'യായി ആ സന്ദർഭത്തെ ഉപമിക്കുകയാണ് ബാലകൃഷ്ണൻ.

കുമാരനാശാന്റെ ബാല്യകാലത്തെ സാമൂഹികചുറ്റുപാടും ധനസ്ഥിതിയും സാമുദായികാവസ്ഥയും മനസ്സിലാക്കിയാണ് ബാലകൃഷ്ണന്റെ വിശദീകരണം. ധനസ്ഥിതി കുറഞ്ഞ ഒരു ഈഴവകുടുംബത്തിലെ ഒമ്പതുമക്കളിൽ രണ്ടാമനായ കുമാരൻ സ്വാമിയെ സന്ധിക്കുന്ന കാലത്ത് കൗമാരപ്രായമാണെങ്കിലും ജീവിതപ്രശ്നങ്ങളും ധാരാളം അനുഭവസമ്പത്തും ചുമതലാബോധവുമുള്ള ഒരു വ്യക്തിയായിരുന്നു.

എസ്.എൻ.ഡി.പി. യോഗം ജനറൽ സെക്രട്ടറിയായി സാമൂഹ്യസേവനനിരതമായ ജീവിതം നയിച്ച ആശാന്റെ വ്യക്തിത്വത്തെ കേരളസാമൂഹിക നവോത്ഥാനത്തിന്റെ പ്രോദ്ഘാടകരിലൊരാളായിട്ടും മുന്നണിനേതാവായിട്ടും അദ്ദേഹം വിലയിരിത്തുന്നു. അതേസമയം സാമൂഹികനവോത്ഥാനവുമായി കുമാരനാശാന്റെ കവിത

കൾക്കദ്ദേഹം ബന്ധം കാണുന്നില്ല. എന്നാൽ ആശാൻ സാഹിത്യരംഗത്ത് സ്വീകാര്യനാവുന്നത് യോഗം ജനറൽസെക്രട്ടറിയായതിനു ശേഷമാണ് എന്നത് വാസ്തവമാണ്. ആശാനിലെ കവിയശസ്സ് വർദ്ധിക്കുന്നതാകട്ടെ അദ്ദേഹത്തിനു നേരിടേണ്ടി വന്ന ഖണ്ഡനവിമർശനങ്ങളിലൂടെയുമാണ്.

കാവ്യപഠനത്തിൽ ആധുനികമായ അപഗ്രഥനരീതിയാണ് ബാലകൃഷ്ണൻ പിന്തുടർന്നിരിക്കുന്നത് എന്ന് ഇന്ന് നോക്കുമ്പോൾ മനസ്സിലാകും. സങ്കീർണ്ണമായ സർഗ്ഗക്രിയാ പ്രവർത്തനത്തിന്റെ പിന്നിൽ പ്രവർത്തിക്കുന്ന സാമൂഹിക-ചരിത്ര-മനശാസ്ത്രഘടകങ്ങൾ പഠനത്തിൽ വരുന്നു.

### 2.1.0 സൗന്ദര്യചിന്തയും സമൂഹവും

സാഹിത്യത്തിന്റെ സാമൂഹിക പ്രയോജനവാദത്തെക്കുറിച്ചും കലയും കലാകാരനും തമ്മിലുള്ള ബന്ധത്തെക്കുറിച്ചും ഗൗരവതരമായ ചർച്ച നടക്കുന്ന കാലഘട്ടത്തിലാണ് കലയുമായി ബന്ധപ്പെട്ട മനുഷ്യന്റെ വ്യക്തിവൈശിഷ്ട്യത്തെക്കുറിച്ചുള്ള ചിന്ത ബാലകൃഷ്ണനിൽ രൂപപ്പെടുന്നത്. വ്യക്തിയും സമൂഹവും കലാകാരനും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ബാലകൃഷ്ണന്റെ കാഴ്ചപ്പാടുകൾ ആശാൻ കവിതാപഠനങ്ങളിൽ വ്യക്തമാണ്. അദ്ദേഹത്തിന്റെ ആദ്യകാല ആശാൻ പഠനങ്ങൾ ആശയംകൊണ്ട് വ്യത്യസ്തമാണ്. സൗന്ദര്യത്തോടുള്ള ആഭിമുഖ്യം മനുഷ്യന്റെ വർഗ്ഗപരമായ സിദ്ധിയല്ല എന്നും അത് വ്യക്തിയുടെ മാനസിക കഴിവ് ആണെന്നുമെന്ന നിഗമനത്തിലാണ് അദ്ദേഹം പിന്നീട് എത്തിച്ചേരുന്നത്. ഭാഷകൊണ്ട് സൗന്ദര്യം സൃഷ്ടിക്കുന്ന പ്രവർത്തനത്തിന്റെ പ്രേരണ വ്യക്തിയുടെ സൗന്ദര്യാഭിമുഖ്യം ഒന്നു മാത്രമാണ്1 എന്ന നിരീക്ഷണം അത്തരം ചിന്ത പ്രതിഫലിക്കുന്നതാണ്. സാഹിത്യത്തിന്റെ സാമൂഹികപ്രയോജനവാദത്തെ പൂർണ്ണമായും അദ്ദേഹം നിഷേധിക്കുന്നുണ്ട്. എന്നാൽ സാമൂഹികസാഹചര്യങ്ങളും പ്രശ്നങ്ങളും സാഹിത്യവിഷയമായിക്കൂടാ എന്നദ്ദേഹം പറയുന്നില്ല. കലാകാരന്റെ കൈമുതൽ സഹജമായ പ്രതിഭയാണ്. അനുഭവങ്ങളെ അകന്നുനിന്ന് വീക്ഷിക്കാനുള്ള കഴിവാണ് രചനയിലെ സാഹിത്യമൂല്യത്തെ മികവുറ്റതാക്കിത്തീർക്കുന്നത്. പ്രതിഭ, സിദ്ധി എന്നീ ഘടകങ്ങൾക്കാണ് അദ്ദേഹം മുൻഗണന നൽകുന്നത്.

ഇവിടെയാണ് ബാലകൃഷ്ണൻ ആശ്രയിക്കുന്ന ചില കാവ്യതത്ത്വങ്ങളുടെ പശ്ചാത്തലം മനസ്സിലാക്കേണ്ടത്. ബോധപൂർവ്വമായ നിയന്ത്രണത്തിനതീതമാണ് കവിയുടെ രചനാപ്രക്രിയ എന്നതാണവയിൽ പ്രധാനം. അവ മികച്ച രീതിയിൽ പ്രകടമാകുന്ന ഗ്രന്ഥമാണ് *കാവ്യകല കുമാരനാശാനിലൂടെ*. കാവ്യദേവതയാൽ ആവിഷ്ടനായ ഒരാളുടെ വിഭ്രാന്തി ജല്പനമാണു കവിത എന്നത് പ്ലേറ്റോയുടെ കാലം മുതൽ നിലനിന്നുപോരുന്ന ഒരു കാവ്യതത്ത്വമാണ്. പ്രചോദിതനിമിഷങ്ങ ളിൽ മാത്രമേ കവി കവിതയെഴുതൂ എന്നും ആ നിമിഷം ദൈവം കവിയുടെ മനസ്സ് തട്ടിയെടുത്തുപയോഗിക്കുന്നു എന്നുമുള്ളത് പ്ലേറ്റോ വിശദീകരിച്ചിട്ടുണ്ട്[2].

ആശാൻകവിതയിലേക്കു പ്രവേശിക്കുമ്പോൾ പ്രതിഭയെ ജന്മനാ ലഭിക്കുന്ന ഒരു സ്വഭാവ പ്രത്യേകതയായിട്ടാണ് ഗ്രന്ഥത്തിലുടനീളം ബാലകൃഷ്ണൻ വിശദീ കരിക്കുന്നത്. കവിതയിൽ കവിയുടെ സിദ്ധിയുടെ സന്നിവേശമാണ് കാവ്യത്തെ ജീവ ത്താക്കുന്നതും അനശ്വരപദവിയിലേക്കുയർത്തുന്നതും[3]. എന്നാണ് ബാലകൃഷ്ണന്റെ കാഴ്ചപ്പാട്. ജന്മസിദ്ധമായ വിശേഷഗുണത്തിന്റെ പ്രാധാന്യം അദ്ദേഹം ഊന്നിപ്പറ യുന്നുണ്ട്. അതുപോലെതന്നെ സൃഷ്ടിവൈഭവത്തെ സൂചിപ്പിക്കുന്ന സന്ദർഭത്തിൽ " 'കാവ്യകലയിൽ കവി മെനഞ്ഞുണ്ടാക്കുന്ന രൂപത്തിനു ജീവനുണ്ടാകട്ടെ' എന്ന ശാസന പുറപ്പെടുവിക്കുന്ന ഈശ്വരനാണ് അയാളിലെ കവിത്വസിദ്ധി"[4] എന്നു പ്രസ്താവിച്ചു കാണുന്നു. ഇത്തരത്തിലുള്ള സിദ്ധിവിശേഷത്താൽ അനുഗൃഹീത മായ പ്രതിഭയെ മുൻനിർത്തിയാണ് അദ്ദേഹം ആശാനെ നോക്കിക്കാണുന്നത്. അത്തരം പ്രതിഭയിലൂടെ രൂപപ്പെടുന്ന കൃതികൾ അനശ്വരപദവിയിലെത്തിച്ചേരു ന്നു. ഇതാണ് ബാലകൃഷ്ണനിലെ സാഹിത്യതത്വചിന്ത.

### 2.1.1. കലാകാരനിലെ പാരമ്പര്യവും സിദ്ധിയും

ഏതൊരു കൃതിയും രൂപപ്പെട്ടുവരുന്നതിൽ അതിന്റെ രചയിതാവവായ വ്യക്തിയുടെ ജീവിതത്തിന്റെയും പാരമ്പര്യത്തിന്റെയും സ്വാധീനമുണ്ടായിരിക്കും എന്നൊരു പൂർവ്വാനുമാനം ബാലകൃഷ്ണന്റെ ജീവചരിത്രനിരൂപണങ്ങളുടെ അടി യൊഴുക്കായി നില്പുണ്ട്. വ്യക്തിയെന്ന നിലയിലും കവിയെന്ന നിലയിലും ഒരു വ്യക്തിയുടെ വളർച്ച പ്രകൃതിയിലെ മറ്റേതു വളർച്ചയുടെയും പോലെ നിരന്ത

രമായ ഒരു പ്രക്രിയയാണ് എന്നാണ് ബാലകൃഷ്ണന്റെ നിലപാട്. "പരസ്പരബന്ധമറ്റ നിലയിൽ ഒരു പതനത്തിൽനിന്ന് മറ്റൊരു പതനത്തിലേക്ക് പ്രകൃതിയിൽ യാതൊന്നും വളരുന്നില്ല"[5] എന്നദ്ദേഹം വ്യക്തമാക്കുന്നു. എന്നുവെച്ചാൽ ഒരു ഘട്ടത്തിൽനിന്ന് മറ്റൊരു ഘട്ടത്തിലേക്കുള്ള മാറ്റം തികച്ചും യുക്തിപരമാണ്. അത് പക്ഷെ പ്രത്യക്ഷത്തിൽ പ്രകടമായിക്കൊള്ളണമെന്നില്ല എന്നുമാത്രം. പാരമ്പര്യം നിഷേധിക്കുന്ന വിപ്ലവചിന്താഗതിക്കാർ ഉണ്ടാകാം. പക്ഷെ അവർ ബോധപൂർവ്വം നിഷേധിക്കാൻ ശ്രമിക്കുന്ന അതേ പാരമ്പര്യത്തിൽ നിന്നുതന്നെയാണ് അതിനുള്ള ഊർജ്ജം കണ്ടെത്തുന്നത്. ആ പാരമ്പര്യമാണ് തീർത്തും വിരുദ്ധമെന്നു തോന്നുന്ന പുതിയ രീതിയെയും സൃഷ്ടിക്കുന്നത്. പാരമ്പര്യം തുടർച്ച മാത്രമല്ല വിച്ഛേദമായും വരാമെന്നർത്ഥം. അഥവാ ആ പാരമ്പര്യമില്ലെങ്കിൽ അതിന്റെ വിരുദ്ധമായതിലേക്കുള്ള കുതിപ്പ് സാദ്ധ്യമല്ല.

കലാകാരന്മാർ ജന്മനാ സിദ്ധിയുള്ളവരാണ്. നൂതനത്വമാണ് അവരുടെ ഓരോ സൃഷ്ടിയുടെയും മേന്മ. നൂതനത്വമാകട്ടെ അർത്ഥപൂർണ്ണമാകുന്നത് നിലനില്ക്കുന്ന പാരമ്പര്യത്തോട് തട്ടിച്ചുനോക്കുമ്പോൾ മാത്രമാണ്. പാരമ്പര്യവുമായി ബന്ധമില്ലാത്ത നൂതനത്വം ഏറെക്കുറെ അസംഭവ്യമാണെന്നു മാത്രമല്ല അത് തീർത്തും അസ്വീകാര്യവുമായിരിക്കും. പാരമ്പര്യത്തോട് ചേർന്നുനില്ക്കുകയും അതേ സമയം അതിൽ നൂതനത്വം കൊണ്ടുവരികയുമാണ് കവികൾ നേരിടുന്ന വെല്ലുവിളി. "ജന്മസിദ്ധി അവരുടെ ജീവിതത്തിൽ അസദൃശമായ മേന്മ മാത്രമല്ല, അലംഘ്യമായ ഒരു പരാധീനത കൂടിയാണ്"[6] എന്ന് ബാലകൃഷ്ണൻ ഈ വെല്ലുവിളിയെ അവതരിപ്പിച്ചിട്ടുണ്ട്. ജന്മനാ ലഭിച്ച പ്രതിഭാശക്തി ഈ വെല്ലുവിളി നേരിടാൻ അയാളെ നിരന്തരം പ്രലോഭിപ്പിക്കുന്നു. അതിന് വശംവദരാകാതിരിക്കാൻ കലാകരന്മാർക്കു കഴിയില്ല.

### 2.1.2 വീണപൂവ്-ഒരു സ്തോത്രകാരനിലെ ഇംഗ്ലീഷ് റൊമാന്റിക് ഭാവനാ സ്ഫുലിംഗം

ധാരാളം വിമർശനങ്ങളും പഠനങ്ങളും ഏറ്റുവാങ്ങിയവയാണ് 'വീണപൂവ്', 'നളിനി', 'ലീല' എന്നീ കൃതികൾ. പക്ഷെ, ആ പഠനങ്ങളും വിമർശനങ്ങളും കൃതി

കളുടെ രചനാഘട്ടങ്ങളെയും കുമാരനാശാന്റെ ജീവചരിത്രവസ്തുതകളെയും പൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ടല്ല നടത്തിയിരിക്കുന്നത് എന്ന് ബാലകൃഷ്ണന്റെ പഠനം തെളിയിക്കുന്നു. ഓരോ കവിയും അവരുടെ തനതായ ഭാഷാപാരമ്പര്യത്തിൽനിന്നും വിട്ടുപോകാറില്ല. എന്നാൽ തനതായ ഭാഷയിൽനിന്നും സ്വാഭാവികമായ ഒരു പരിണാമം അല്ലെങ്കിൽ വളർച്ച കവനയത്നങ്ങളിൽ അവർ പ്രകടിപ്പിക്കാറുണ്ട്, ഇക്കാര്യം ബാലകൃഷ്ണനും സമ്മതിക്കുന്നു. എന്നാൽ ആശാനെക്കുറിച്ചു ചിന്തിക്കുമ്പോൾ, അദ്ദേഹത്തിന്റെ ജീവചരിത്രവസ്തുതകൾ കണക്കിലെടുക്കുമ്പോൾ മറ്റു കവികൾക്കു സമാനമായ വളർച്ചയിൽനിന്നും ആശാൻ വ്യത്യസ്തനായിരിക്കുന്നത് ബാലകൃഷ്ണൻ എടുത്തുകാണിക്കുന്നു. അതിൽ പ്രധാനമായത് ആശാൻ കവിയെന്ന നിലയിൽ ശ്രദ്ധേയനാവുന്നത് കാവ്യശിക്ഷണസമാനമായ പരിണതി നേടിക്കഴിഞ്ഞ ശേഷമാണ് എന്നതാണ്. കൂടാതെ ആശാന്റെ കവിത്വസിദ്ധി ആംഗലകാവ്യസങ്കൽപങ്ങളുമായി സമന്വയിച്ചുകഴിഞ്ഞിരുന്നു. ഭക്തിയും ധ്യാനവും അന്തർലീനമായിരുന്ന ആശാന്റെ മനസ്സിൽ വിഷാദാത്മകതയും ജീവിതത്തിന്റെ അനിശ്ചിതത്വവും വിഷയമായ ഷെല്ലിയുടേതുപോലുള്ള കവിതകൾ സ്വാധീനം ചെലുത്തിയിരുന്നു. ആംഗലകവിതാസമ്പർക്കം ആശാന്റെ ഭാവനയെയും കാവ്യസംസ്കാരത്തെയും പുതിയ ഭാവുകത്വവുമായി സമന്വയിപ്പിച്ചതിന്റെ വിജയകരമായ ഫലമാണ് അദ്ദേഹം 36-ാം വയസ്സിൽ രചിച്ച *വീണപൂവ്*. അതായത് ഒരു സ്ത്രോത്രകാരൻ ഇംഗ്ലീഷ് റൊമാന്റിക് ഭാവനയുടെ ചൈതന്യം ഉൾക്കൊണ്ടതിന്റെ ഫലമാണ് *വീണപൂവ്* എന്നർത്ഥം.

ബാലകൃഷ്ണന്റെ വാദങ്ങൾ, *വീണപൂവി*നെക്കുറിച്ചുള്ള ഇതരപണ്ഡിതനിരൂപണങ്ങളുടെ കേവലാനുകരണമോ ആവർത്തനമോ ആയി കാണാൻ കഴിയില്ല. അവ ആശാന്റെ ജീവിതപശ്ചാത്തലവുമായും ആശാനിൽ നിലീനമായിരുന്ന ചില പ്രത്യേക സ്വഭാവവിശേഷങ്ങളുമായും ബന്ധപ്പെട്ടിരിക്കുന്നു. ഇങ്ങനെയുള്ള ബന്ധപ്പെടുത്തലിലൂടെ കണ്ടെത്തുന്ന യുക്തികൾ കവിതയുടെ ശില്പ-ഭാവ തലങ്ങളിൽകൂടി തെളിയുന്നതായും കാണുന്നു.

നാരായണഗുരുവിന്റെയും കുമാരനാശാന്റെയും ഭക്തിയും ധ്യാനവുമായി ബന്ധപ്പെട്ട ആദ്യകാല സ്ത്രോത്രങ്ങളിലെ സാമ്യതകളുടെ വിശകലനം പഠന

ത്തിലെ ജീവചരിത്ര-മനഃശാസ്ത്ര ഘടകങ്ങൾ വ്യക്തമാവുന്നവയാണ്. വിഷാദഭരിതനായ സ്വഭാവഘടനയോടുകൂടിയ നാരായണഗുരുവിനെ ആശാൻ സന്ധിക്കുന്നതും, ആശാന്റെ കാവ്യരചനാകാലഘട്ടങ്ങളിലെ ഇടവേളകളുടെ വ്യാഖ്യാനവും ഈ രീതിയിലുള്ള പഠനത്തിന്റെ ഭാഗമാണ്. നാരായണഗുരുവിന്റെ ഭക്തിയും ഭാവവൈവിധ്യവും അറിഞ്ഞാൽ മാത്രമേ ആശാൻ കവിതയെ സമഗ്രമായി പഠിക്കാൻ കഴിയൂ എന്ന് ബാലകൃഷ്ണൻ പറയുന്നത് അദ്ദേഹത്തിന്റെ പഠനവഴികളിലെ നവീനതയായിക്കാണാം.

ആശാന്റെ കാവ്യകലാതത്വങ്ങളുടെ അടിസ്ഥാനഭാവം വ്യക്തമാക്കാനുള്ള ശ്രമത്തിന്റെ ഭാഗമായി ആശാന്റെതന്നെ സാഹിത്യനിരൂപണനിബന്ധങ്ങളെ ആശ്രയിക്കുന്നതിൽ സ്വാഭാവികതയുണ്ട്. കാരണം *ചിത്രയോഗനിരൂപണ*ത്തിലും *പ്രരോദന* നിരൂപണത്തിനുള്ള മറുപടിയിലും പ്രാസത്തിനായി കവി പദ്യത്തെ ബലികൊടുക്കുന്നതിന്റെ നിരർത്ഥകതയും പദദോഷവും വാക്യദോഷവും ആശാൻ ഇവിടെ വിശദീകരിക്കുന്നുണ്ടല്ലോ[7]. ഒരു കവിയുടെ കാവ്യനിരൂപണത്തിൽ കാവ്യരചനാസംബന്ധമായ അദ്ദേഹത്തിന്റെ ആശയങ്ങൾ കലർന്നിരിക്കും എന്നതിനു മികച്ച ഉദാഹരണമാണ് കാവ്യഭംഗിയുടെ ആഹ്ലാദജനകത്വം ആസ്വാദകനിൽ ജനിപ്പിക്കുന്നതിനുള്ള കാവ്യകലാവൈഭവത്തെ പരിചയപ്പെടുത്തുന്ന ആശാന്റെ നിരൂപണ കുറിപ്പുകൾ.

*സുബ്രഹ്മണ്യശതകം* പോലുള്ള കൃതികളുടെ അന്തസ്സത്ത ഉൾക്കൊള്ളുന്നതാണ് *നളിനി*, *ലീല* തുടങ്ങിയ കൃതികൾ എന്ന് ബാലകൃഷ്ണൻ പറയുമ്പോൾ സ്ത്രോത്രകൃതികളോടുള്ള പ്രതിഷേധമാണ് ആദ്യകാല സ്ത്രോത്രകൃതികളെതുടർന്നുള്ള കൃതികളിൽ കാണുന്നതെന്ന് നിരൂപകർ പറയുന്നു.

കാലം കുറഞ്ഞ ദിനമെങ്കിലുമർത്ഥദീർഘം
മാലേറെയെങ്കിലു മതീവമനോഭിരാമം

എന്നതുപോലുള്ള പരാമർശം അദ്ധ്യാത്മവാദത്തിനു വിരുദ്ധമാണെന്നും വീണപൂവിന്റെ ആകർഷകത്വം ജീവിതതൃഷ്ണയാണെന്നും അവർ ഓർമ്മിപ്പിക്കുന്നു. *വീണപൂവി*നെ ഒരു കലാസൃഷ്ടിയായി മാത്രം കണ്ട ഡോ. കെ.എം. ഡാനിയേലും

സമസൃഷ്ടങ്ങളെ ആസകലം ആസേചനം ചെയ്തു പരന്നൊഴുകുന്ന സ്നേഹവാഹിനിയുടെ പ്രഭവസ്ഥാനമായ ആ കവിഹൃദയത്തിനു പൂവു കേവലമൊരു പൂവായിട്ടു കാണുന്നില്ല. സമഷ്ടിയുടെ ഒരു പ്രതിനിധിയായിട്ടാണു കാണുന്നത്'[8] എന്ന് നിരീക്ഷിക്കുന്നതിലൂടെ വീണപൂവിന്റെ അദ്ധ്യാത്മവാദം മാത്രമല്ല സൂചിപ്പിക്കുന്നത്. കാവ്യരചനാസംബന്ധമായി ആശാന്റെ ശൈലികൾക്ക് സ്ത്രോത്രകൃതികളോടുള്ള ആധമർണ്ണ്യം അനിഷേധ്യമാണെങ്കിലും *വീണപൂവി*ന്റെ ആകർഷകത്വം ജീവിതതൃഷ്ണതന്നെയാണ്.

**2.1.3. സമുദായകവിതയിലെ സാമുദായികവൈരുദ്ധ്യം**

മലയാളത്തിലെ ഒന്നാമത്തെ 'ഫ്യൂച്ചറിസ്റ്റ് കാവ്യം' എന്നു വിശേഷിപ്പിക്കപ്പെട്ടിട്ടുള്ളതാണ് *ദുരവസ്ഥ*. പ്രമേയംകൊണ്ടും ആഖ്യാനരീതികൊണ്ടും കുമാരനാശാന്റെ പതിവുരചനാരീതികളിൽനിന്ന് ഇത് വ്യത്യസ്തമാണ്. ഏറെ ആസ്വാദനശിക്ഷണമാവശ്യമില്ലാതെതന്നെ ആസ്വാദനക്ഷമമാണ് സുദീർഘമായ ഈ കാവ്യം. രചനാരീതി വ്യത്യസ്തമായതുകൊണ്ടുതന്നെ പണ്ഡിതലോകത്ത് ഏറെ ചർച്ചക്കു വിധേയമായ കൃതിയാണിത്. ഒരു സാഹിത്യകൃതിയെന്ന നിലയിലുപരി ഒരു സമുദായപ്രശ്നമെന്ന നിലയിലാണ് കേരളീയജനത *ദുരവസ്ഥ*യെ സ്വീകരിച്ചത്.

ലളിതമായ ഒരു ഇതിവൃത്തം ഇത്ര ദീർഘമായി കുമാരനാശാൻ എന്തുകൊണ്ട് കൈകാര്യം ചെയ്തു എന്നും തന്റെ കാവ്യങ്ങളുടെ കൂട്ടത്തിൽ ഏറ്റവും നീളംകൂടിയ ഈ കൃതി സ്വന്തം സമയക്രമമനുസരിച്ച് ഏറ്റവും കുറഞ്ഞ സമയംകൊണ്ട് എങ്ങനെ, എന്തുകൊണ്ട് അദ്ദേഹം എഴുതുതീർത്തു എന്നും ഉള്ള വിചാരങ്ങളിൽനിന്ന് ഒരാൾക്ക് ഒഴിഞ്ഞുനിൽക്കുക സാധ്യമല്ല'[9] എന്ന പ്രസ്താവന കുമാരനാശാന്റെ പ്രതിഭയുടെ സവിശേഷതയും രചനാരീതിയും ജീവചരിത്രവസ്തുതകളും വളരെ വ്യക്തമായി മനസ്സിലാക്കിയതിൽനിന്നുണ്ടായതാണ്. സമകാലികസംഭവത്തെ ആധാരമാക്കി ആശാൻ രചിച്ച കൃതിയായതുകൊണ്ടുതന്നെ കൃതിയുടെ പോരായ്മ വിമർശകന്മാർ ചൂണ്ടിക്കാണിച്ചതെങ്കിലും ബാലകൃഷ്ണന്റെ പല നിരീക്ഷണങ്ങളും പലരും വേണ്ടത്ര ചർച്ച ചെയ്തുകാണുന്നില്ല. തന്റേതായ കാവ്യകലാവൈഭവത്തിൽ

നിന്നും തികച്ചും ഭിന്നമായ രീതിയിൽ സമുദായപരിഷ്കരണാഹ്വാനം നടത്തുന്ന ഒരു ദീർഘകാവ്യമെഴുതാൻ തീരുമാനിച്ചതിൽ ചിത്തവൃത്തിയുടെ ഏതെങ്കിലും തരത്തിലുള്ള പ്രേരണ കൂടിയേതീരു എന്നാണ് ബാലകൃഷ്ണന്റെ നിഗമനം.

കാവ്യാപഗ്രഥനത്തിൽ പ്രാഥമികമായി ശ്രദ്ധാർഹമാകുന്നത് അതിന്റെ അസ്വാഭാവികമായ സ്ഥൂലതയാണ്. ഇത് കുമാരനാശാന്റെ കാവ്യരചനാ സമ്പ്രദായവുമായി പൊരുത്തപ്പെടാത്തതാണെന്നാണ് അദ്ദേഹം കരുതുന്നത്. കൂടാതെ അസ്ഥാനത്തുള്ള ചില ധർമ്മപ്രബോധനങ്ങൾ, ഒരു നമ്പൂതിരി യുവതിയ്ക്ക് പുലയച്ചാളയിൽ അഭയം തേടേണ്ടിവന്നതിൽ കവിക്കുള്ള ദുഃഖം, ഇതെല്ലാമാണ് അദ്ദേഹത്തിന്റെ നിരീക്ഷണത്തിനടിസ്ഥാനം. ഇല്ലം കൊള്ളയടിക്കുന്നതും ഉറ്റവർ നഷ്ടപ്പെടുന്നതും കവിയ്ക്ക് അപ്രധാനവും പുലയക്കുടിലിൽ അഭയം തേടേണ്ടിവന്നത് പ്രധാനവുമായി കൃതിയിൽ കൈവന്നിരിക്കുന്നു. കവിപ്രതിഭയ്ക്ക് ഒട്ടും യോജിക്കാത്ത പ്രമേയം കൈകാര്യം ചെയ്തപ്പോൾ സൃഷ്ടിപ്രക്രിയയുടെ മൂർദ്ധന്യാവസ്ഥയിൽ കവിയ്ക്കുവന്ന അടിപ്പതർച്ചയാണത്രെയിത്!

ഒരു കലാസൃഷ്ടിക്ക് കലാകാരന്റെ പ്രതിഭയുടെ സഹജഭാവത്തെ ആവേശിക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്ന നിലപാടിൽനിന്നാണ് ബാലകൃഷ്ണൻ കുമാരനാശാന്റെ *ദുരവസ്ഥ*യെ നോക്കിക്കാണുന്നത്. ഇതിവൃത്തിനോ പ്രമേയത്തിനോ പ്രതിഭയെ അങ്ങനെ ആവേശിക്കാൻ കഴിഞ്ഞില്ലെങ്കിൽ സൃഷ്ടി പരാജമായിരിക്കും. അത്തരം ഒരു പരാജയമായി കലാശിച്ച കൃതിയായി *ദുരവസ്ഥ*യെ അദ്ദേഹം വിലയിരുത്തുന്നു. *ദുരവസ്ഥ*യുടെ പരിമിതികളും കാവ്യനിർമ്മാണഘട്ടത്തിൽ കവി നേരിടേണ്ടിവന്ന ആത്മസംഘർഷവും പ്രമേയാവതരണത്തിൽ നേരിട്ട പ്രതിസന്ധികളും അപഗ്രഥിച്ച് ഒരു കാവ്യമെന്ന നിലയിലും സാമൂഹ്യവിപ്ലവപ്രബന്ധമെന്ന നിലയിലും കൃതിക്കു കൈവന്ന തരക്കേട് ചൂണ്ടിക്കാണിക്കുകയാണ് അദ്ദേഹം.

**2.1.3.1. കഥാപാത്രവ്യക്തിത്വത്തിലെ വൈരുദ്ധ്യം**

സാമുദായികകവിതയെങ്കിലും കഥാപാത്രങ്ങളിൽ സമുദായവൈരുദ്ധ്യചിത്രീകരണം വ്യക്തമായ കഥാപാത്രമാണ് ചാത്തൻ. അതായത് ഒരു വരേണ്യപക്ഷ നിലപാട്, കീഴാളവിരുദ്ധചിന്ത അബോധപൂർവ്വമായി ചാത്തൻ എന്ന കഥാപാത്ര

ത്തിൽ നിലനിൽക്കുന്നു എന്ന് ബാലകൃഷ്ണൻ കണ്ടെത്തുന്നു. ആരോരുമില്ലാത്ത സാഹചര്യത്തിൽ ആഴ്ചകളോളം സാവിത്രി അന്തർജ്ജനവും ചാത്തനും കഴിയേണ്ടിവന്ന ഭാഗം വിവരിക്കുന്നിടത്ത് ആശാൻ കൽപിക്കുന്ന കാവ്യപരിസമാപ്തിയുടെ ഔചിത്യം ബാലകൃഷ്ണൻ ചോദ്യം ചെയ്യുന്നു. കവി സ്വന്തം ഇഷ്ടപ്രകാരം മെനഞ്ഞെടുത്ത കഥാസന്ദർഭത്തിന്റെ നിയന്ത്രണം കൈവിട്ടുപോകുകയും ആഴ്ചകളോളം കൃതിയുടെ ക്ലൈമാക്സ് സാവിത്രിയുടെ ആത്മഗതങ്ങളിൽക്കൂടി നീട്ടികൊണ്ടുപോവുകയുമായിരുന്നു. ചാത്തന്റെ മേന്മയും അവനെ പ്രേമിക്കുന്നതും വിവരിക്കുന്ന വരികൾ ഗതികേട് വ്യക്തമാക്കുന്നതായിട്ടാണ് ബാലകൃഷ്ണൻ വിവരിക്കുന്നത്. കഥാപാത്രചിത്രീകരണം അങ്ങനെ സന്ദർഭമനുസരിക്കാത്ത വിധത്തിലായി മാറുന്നു. കാവ്യരചനാസമയത്ത് ആശാൻ അറിയാതെചെന്ന് അകപ്പെട്ടുപോയ വിഷമസന്ധിയിൽനിന്നും വിടുതൽ നേടാനുള്ള ത്വരയിലായിരുന്നു കവിമനസ്സിനുണ്ടായിരുന്നത് എന്നാണ് ബാലകൃഷ്ണൻ അർത്ഥമാക്കുന്നത്. ജാതികൃതമായ അസമത്വത്തെയും അനാചാരത്തെയും തുറന്നുകാട്ടുകയും അവ നിർമ്മാർജ്ജനം ചെയ്യുകയുമായിരുന്നു ആശാന്റെ ഉദ്ദേശ്യം. എന്നാൽ ആശാൻപോലും ശ്രദ്ധിക്കാതെ കൃതിയിൽ വന്നുപോയ വൈരുദ്ധ്യങ്ങളെയാണ് ബാലകൃഷ്ണൻ എടുത്തുകാണിക്കുന്നത്. അന്തർജനത്തിന്റെ പ്രാണൻ രക്ഷിക്കാൻ അഭയം നൽകിയതിനേക്കാൾ ചാത്തന്റെ അമ്മയെയും പെങ്ങളെയും വീടുമാറിത്താമസിപ്പിച്ച് അന്തർജനത്തിന്റെ ജാതിമേന്മയെ ആദരിക്കുകയാണ് കവി ചെയ്തത്. കവിയും കഥാപാത്രമായ അന്തർജ്ജനവുംകൂടി ശ്ലാഘനീയമായ നടപടികളായി എണ്ണിയെണ്ണിപ്പറയുന്നവ ഓരോന്നും ജാതികൃതമായ സ്വന്തം അധഃകൃതാവസ്ഥയെ പൂവിട്ടു പൂജിക്കുന്ന ചാത്തന്റെ നടപടികളായിട്ടാണ് അദ്ദേഹം കാണുന്നത്[10].

കുമാരനാശാന്റെ നൈസർഗ്ഗികമായ കവിത്വസിദ്ധിയുടെ ശക്തിവിശേഷത്തെ അതിലംഘിക്കുന്നതിനു പലപ്പോഴും കവിവ്യക്തിതാൽപര്യങ്ങൾക്കു കഴിയുന്നില്ല എന്നും സർഗ്ഗപ്രതിഭ ജീവിതാനുഭവങ്ങളിലൂന്നിയല്ല വികസിക്കുന്നതെന്നുമാണ് *ദുരവസ്ഥ*യെ മുൻനിർത്തി ബാലകൃഷ്ണൻ സമർത്ഥിക്കുന്നത്. ഈ സന്ദർഭത്തിൽ കലയും ജീവിതവും തമ്മിലുള്ള ബന്ധത്തെക്കുറിച്ചുള്ള ബാലകൃഷ്ണന്റെ ധാരണ ഒരിക്കൽക്കൂടി ആവർത്തിച്ചുറപ്പിക്കുകയാണ്. ആശാനെക്കുറിച്ചുള്ള ചിന്തകളിൽ

മുഴുവൻ ബാലകൃഷ്ണൻ കലയുടെ പ്രയോജനവാദത്തെ നിരസിക്കുന്നു. വ്യക്തിയെന്ന നിലയിൽ കവിയെ സ്വാധീനിച്ച സാമൂഹികാവസ്ഥ കൃതിയിൽ വന്നപ്പോൾ കല അപ്രത്യക്ഷമായി എന്നാണ് *ദുരവസ്ഥ*യെ ഉദാഹരണമാക്കി അദ്ദേഹം അർത്ഥമാക്കുന്നത്.

**2.1.3.2 *ദുരവസ്ഥ* യും വസ്തുതകളും**

ഇവിടെ ബാലകൃഷ്ണൻ സ്പർശിക്കാതെ വിടുന്ന ചില പ്രധാനപ്പെട്ട വിഷയങ്ങളുണ്ട്. 'മരിച്ചുവീഴുന്ന നായികമാർക്കു പകരം മരിക്കാനുള്ള സാഹചര്യമുണ്ടായിട്ടും മരണത്തിന്റെ പിടിയിൽനിന്നും കുതറിമാറി ജീവിക്കാൻ തയ്യാറെടുക്കുന്ന ഒരു നായികയാണ് ഈ കൃതിയിൽ പ്രത്യക്ഷപ്പെടുന്നത്'[11] എന്നത് ശ്രദ്ധിക്കേണ്ടതാണ്. കടങ്കഥയായി മാറിക്കഴിഞ്ഞിട്ടില്ലാത്ത ഒരു സമകാലികസംഭവാവിഷ്ക്കരണത്തിലൂടെ ഒരു റിയലിസ്റ്റിക്ക് പ്രവണതയിലേക്കാണ് ആശാൻ പ്രവേശിച്ചത്. അതുകൊണ്ടുതന്നെ ഗ്രാമീണജീവിതചിത്രീകരണത്തിന്റെ മന്ദഗതിയിലുള്ള ആഖ്യാനം കാവ്യദോഷമായിക്കാണാൻ കഴിയില്ല[12]. പതിവുരചനാരീതികളിൽനിന്നും തികച്ചും വ്യത്യസ്തമായ കൃതിയാണിത് എന്നർത്ഥം.

*ദുരവസ്ഥ*യിലൂടെ ആശാൻ തന്റെ കാവ്യകൽപ്പനയെ സാമൂഹികമാറ്റത്തിനുവേണ്ടി ഉപയോഗപ്പെടുത്തി എന്നത് അനിഷേധ്യമാണ്. ചാത്തന്റെ കുടിലിന് ആശാൻ കൊടുത്ത വർണ്ണന വിൻസന്റ് വാങ്കോക്കിന്റെ കലാദർശനത്തോട് സാമ്യമുള്ളതാണെന്ന് പറയുന്നതതുകൊണ്ടാണ്[13]. ആശാന്റെ മനുഷ്യസ്നേഹവും വേദാന്തചിന്തയും അന്നത്തെ കാലഘട്ടത്തെ തന്റെ കവിതയിലേക്ക് കൊണ്ടുവന്നിരിക്കുന്നു. ഉടനടിയുള്ള ഒരു സമഗ്രസാമൂഹികമാറ്റം ആശാൻ ലക്ഷ്യം വച്ചു എന്നല്ല അർത്ഥമാക്കുന്നത്.

ബാലകൃഷ്ണന്റെ ചില നിരീക്ഷണങ്ങൾക്ക് വേണ്ടത്ര ബലം പോരായ്മ അനുഭവപ്പെടുന്ന സന്ദർഭങ്ങളുമുണ്ട്. അതിനുദാഹരണമാണ് അന്തർജനത്തോടൊപ്പം ആരുമില്ലാതെ മാടത്തിൽ അന്തിയുറങ്ങിയ ചാത്തന്റെ മനസ്സിനെ വിഷയാസക്തി തീണ്ടാത്ത കാര്യം അന്തർജനം സാക്ഷിപറഞ്ഞതിൽ ബാലകൃഷ്ണൻ

അവിശ്വാസം രേഖപ്പെടുത്തുന്നത്. അധഃകൃതവർഗ്ഗത്തിന്റെ അക്കാലത്തെ മാനസികാവസ്ഥയും സാമൂഹികസ്ഥിതിയും വ്യക്തമായി അറിയാവുന്ന ബാലകൃഷ്ണനിൽനിന്നും ഇത്തരം നിരീക്ഷണങ്ങൾ ഉണ്ടാവുന്നത് അവിശ്വസനീയമാണ്. അസ്വാഭാവികമായി ആശാൻ കൃതിയിൽ ഒന്നും വിവരിക്കുന്നില്ല എന്നതാണ് വാസ്തവം. അന്നത്തെ ചുറ്റുപാടിൽ ഒരന്തർജനം പുലയയുവാവുമായി ഒരിക്കലും കണ്ടുമുട്ടാൻപോലും സാദ്ധ്യതയില്ലാത്തതാണ്. ആ അവസ്ഥയെ തായാട്ടുശങ്കരൻ ഇപ്രകാരം വിവരിക്കുന്നു: 'തന്റെ മുമ്പിലുള്ള തമ്പ്രാട്ടിയെ ഒരു വിശേഷാതിഥിയായി മാത്രം ചാത്തൻ നോക്കിയാൽ മതിയോ? നിങ്ങളുടെ വീട്ടിൽ ഈശ്വരൻ വിരുന്നുപാർക്കാൻ വന്നാൽ എന്തുചെയ്യും? ഒരു അതിഥിയെന്ന നിലയ്ക്ക് പെരുമാറിയാൽ സംതൃപ്തമാകുമോ? ചാത്തന്റെ മുമ്പിലുള്ള സാവിത്രി ഏതാണ്ട് അങ്ങനെയാണ്'[14]. അന്തർജനത്തിനു മുൻപിൽ ഒന്നുകിൽ ആത്മഹത്യചെയ്യുക അല്ലെങ്കിൽ ചാത്തന്റെകൂടെ പൊറുക്കുക എന്നീ നിസ്സഹായവും ആത്മഹത്യാപരവുമായ രണ്ടുവഴികൾ മാത്രമാണ് ബാലകൃഷ്ണൻ കാണുന്നത്. എന്നാൽ അങ്ങനെയൊരവസ്ഥ അവൾക്കുണ്ടായിരുന്നില്ല. അന്തർജനത്തിന്റെ ആത്മഗതത്തിൽ തനിക്ക് സഹതാപം തോന്നുന്നു എന്നുകൂടി ബാലകൃഷ്ണൻ പറയുന്നുണ്ട്. സാവിത്രി അന്തർജ്ജനം തനിക്കു വഴങ്ങണമെന്നോ മറ്റോ ചാത്തൻ ആവശ്യപ്പെടുന്ന പക്ഷം ബാലകൃഷ്ണന്റെ വാദങ്ങളിൽ കഴമ്പുണ്ടെന്നു സമ്മതിക്കാം. എന്നാൽ സാവിത്രിയുടെ ആത്മഗതം അത്തരത്തിലുള്ള ഒരു സൂചനപോലും നമുക്കു തരുന്നില്ല, മറിച്ച്;

അത്യുദാരൻ പിന്നെയെന്നിഷ്ടാനിഷ്ടങ്ങൾ
പ്രത്യഹമോതാതെ താനറിഞ്ഞു
പ്രത്യുപകാരമോരാതെ ചെയ്യുന്നോരോ
കൃത്യമോർത്താൽക്കണ്ണിൽ നീർനിറയും[15]

ഇപ്രകാരം ചിന്തിക്കുന്ന സാവിത്രി ചാത്തന്റെ പെരുമാറ്റത്തിൽ ആദരവു കാണിക്കുകയാണ് ചെയ്യുന്നത്. പരിപാകവും കൗതുകരങ്ങളുമായ നിരീക്ഷണങ്ങളുടെ ഉടമയായ ബാലകൃഷ്ണൻ, മനുഷ്യജീവിതത്തിൽ യാദൃച്ഛികമായി വന്നുപ

തിക്കുന്ന ചില സന്ദർഭങ്ങൾക്കു മുൻപിൽ വ്യക്തികൾ നിസ്സഹായരായിമാറുമെന്ന വാസ്തവം തിരിച്ചറിയുന്നില്ല. 'ഗത്യന്തരമില്ലാതെ അധഃപതിക്കേണ്ടിവന്നാൽ അവിടെയും സ്വർഗ്ഗമുണ്ടാക്കുകയാണ് ധീരകൃത്യമെന്ന ഗുണപാഠ'മാണ്[16] ആശാൻ ദുരവസ്ഥയിലൂടെ നമ്മെ ഓർമ്മിപ്പിക്കുന്നത്. ബാലകൃഷ്ണന്റെ കീഴാളപക്ഷ നിലപാടല്ല ഈ സന്ദർഭം വിവരിക്കുന്നതിലൂടെ വ്യക്തമാവുന്നത്. കവി തന്റെ രചനാപ്രക്രിയയിൽനിന്നും പുറത്തുചാടാനുള്ള ശ്രമമായി കാവ്യഭാഗത്തെ വിവരിക്കുന്നതും തന്റെ കാവ്യദർശനത്തിനും മാനദണ്ഡത്തിനുമനുസരിച്ച് പൂർത്തിയാക്കാൻ കഴിയാത്ത ഒരു വികലസൃഷ്ടിയായി അദ്ദേഹം കൃതിയെ കണ്ടിരുന്നു എന്നുമുള്ള വിവരണം ബാലകൃഷ്ണന്റെ ഊഹം മാത്രമാണ്.

*ദുരവസ്ഥ*യിലെ വിവരണങ്ങളുടെ സ്ഥൂലതയെക്കുറിച്ചും സന്ദർഭത്തിന് യോജിക്കാത്ത വിവരണങ്ങളെക്കുറിച്ചുമാണ് പിന്നീട് അദ്ദേഹത്തിന്റെ പരാതി. സൂക്ഷ്മമായിനോക്കിയാൽ ആശാന്റെ ആഖ്യാനവിളംബം *ദുരവസ്ഥ*യിൽ ഒരു ആഖ്യാനതന്ത്രമായിത്തന്നെ ദർശിക്കാൻ കഴിയുന്നതാണ്. ധ്വനിപ്രയോഗനിഷ്ഠയും ഏകാഗ്രതാബോധവും രൂപശിൽപനിഷ്കർഷയും *ദുരവസ്ഥ*യെ വേണ്ടുവോളം അനുഗ്രഹിച്ചിട്ടില്ലെന്നത് നിരീക്ഷിക്കപ്പെട്ടതാണെങ്കിൽകൂടി[17] അത് 'എന്റെ മറ്റു കൃതികളെ അപേക്ഷിച്ച് വിലക്ഷണരീതിയിൽ ഉള്ള ഒരു കാവ്യമാണ്'[18] എന്ന പ്രസ്താവനയിലൂടെ കാവ്യപാരമ്പര്യത്തിൽനിന്നുള്ള വ്യതിയാനം ആശാൻ കാവ്യത്തിന്റെ മുഖവുരയിൽക്കൂടി മുൻകൂട്ടി സൂചനതരുന്നുണ്ട്. വാസ്തവത്തിൽ ഈ ഏറ്റുപറയൽ കാവ്യനിർമ്മിതിയിലെ ഭാഷാപരമായ വ്യത്യസ്തതയും പ്രമേയസന്നിവേശത്തിൽ കാലികങ്ങളായ വസ്തുതകളെ സ്വീകരിച്ച് പരിചിതകാവ്യമാതൃകകളാക്കിത്തീർക്കുന്ന ആശാന്റെ പുതിയ രചനാരീതിയുമാണ്. പക്ഷെ, ബാലകൃഷ്ണൻ ഇക്കാര്യങ്ങളൊന്നും ഇവിടെ വ്യക്തമാക്കുന്നില്ല എന്നുമാത്രമല്ല, ആശാന്റെ കാടുകയറിയ സാമൂഹികചിന്ത എന്ന് അതിനെ വിശേഷിപ്പിക്കുകകൂടി ചെയ്യുന്നു.

#### 2.1.3.3 *ദുരവസ്ഥ*യിൽ ബാലകൃഷ്ണൻ കണ്ടെത്തുന്ന പരിമിതികൾ

- കുടിലിന്റെ വിവരണത്തിനുശേഷം കഥയിലേക്ക് പ്രവേശിക്കുമ്പോൾ സന്ദർഭത്തിനു യോജിക്കാത്ത വാചാപ്രസംഗം.

- അനാവശ്യസ്ഥൂലത, സംഗ്രഹിച്ചു പറയാവുന്ന കഥ ആയിരത്തിയെഴുന്നൂറ് വരികളിൽ പറഞ്ഞുതീർത്തിരിക്കുന്നു.
- ആദ്യാവസാനം നിയതലക്ഷ്യവും രൂപസങ്കൽപവുമില്ലാതെ അപ്പപ്പോൾ ചിന്തയിൽക്കയറിവരുന്നവയുടെ പിന്നാലെപോകുന്ന കവിപ്രതിഭ.
- നമ്പൂതിരിയുവതിക്ക് അഭയം നൽകിയതിനേക്കാൾ ശ്രേഷ്ഠനടപടി ചാത്തന്റെ അമ്മയെയും പെങ്ങളെയും മാറ്റിത്താമസിപ്പിക്കുന്നതിനു നൽകി.
- കവി ഊന്നിപ്പറയുന്നവയോരോന്നും ജാതികൃതമായ അധഃകൃതാവസ്ഥയെ പൂവിട്ടു പൂജിക്കുന്നു.
- ഒരു പുലയച്ചാളയിൽ അഭയം തേടേണ്ടിവന്ന അന്തർജ്ജനത്തിന്റെ അവസ്ഥ ദുരവസ്ഥയായി അനുഭവപ്പെടുന്നത് വരികളിൽ വായിച്ചെടുക്കാം.

കാവ്യപഠനത്തിൽ ജീവചരിത്രപഠനം അവലംബിക്കുന്ന ബാലകൃഷ്ണനു സംഭവിച്ച പിഴവാണ് *ദുരവസ്ഥ*യുടെ രചനാകാലത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ പ്രസ്താവന. ആശാന്റെ പ്രതിഭയുടെ സഹജഭാവത്തെ ആവേശിക്കാൻ കഴിയാതിരുന്നതിനാലാണ് പതിവുകൃതികളുടെ രചനാകാലയളവിൽനിന്നും മാറി കേവലം മൂന്നുമാസംകൊണ്ട് ദുരവസ്ഥയെഴുതിയത് എന്ന് ബാലകൃഷ്ണൻ സൂചിപ്പിക്കുന്നുണ്ട്. എന്നാൽ ഇതിനൊരു മറുവശം കാണാം. ഒരേ സമയത്ത് ഒന്നിലധികം വ്യക്തികൾക്ക് കാവ്യങ്ങൾ എഴുതിക്കൊടുക്കേണ്ട സാഹചര്യം ആശാനിൽ വന്നുചേർന്നിരുന്നു. ഏറെക്കാലത്തെ മനനത്തിനുശേഷം വിരചിതമായ കൃതി സ്വാമി സത്യദേവന്റെ അഭ്യർത്ഥനപ്രകാരമായിരുന്നു തിടുക്കത്തിൽ എഴുതിത്തീർക്കാൻ ഇടയായതെന്ന് പ്രൊഫ. മീരാക്കുട്ടി അഭിപ്രായപ്പെടുന്നുണ്ട്[19].

നിരൂപകന്മാർ *ദുരവസ്ഥ*യെ മുൻനിർത്തി കുമാരനാശാന്റെ ഭാഷയെയും *ദുരവസ്ഥാ* രചനയിൽ അദ്ദേഹം വരുത്തിയ മാറ്റങ്ങളെയും ചർച്ചചെയ്തപ്പോൾ ബാലകൃഷ്ണൻ അവയ്ക്കു വിരുദ്ധങ്ങളായ ചിന്തകളിൽ കറങ്ങിക്കൊണ്ട് സൂക്ഷ്മവായനയിൽ കഥാപാത്രങ്ങളിൽ കണ്ടെത്തിയ വൈരുദ്ധ്യങ്ങളെ പെരുപ്പിച്ചു കാണിക്കുകയായിരുന്നു.

### 2.1.4 സാമുദായികബന്ധമറ്റ കാവ്യപഠനം

സ്നേഹഗായകനായ കുമാരനാശാന്റെ കൃതികളിലെ പ്രധാനമായവ എടുത്ത് ആ സ്നേഹസങ്കൽപത്തിന്റെ വ്യത്യസ്തത വ്യക്തമാക്കുന്നു ബാലകൃഷ്ണൻ. 'സ്നേഹകാവ്യങ്ങളെന്ന പേരിൽ ആശാൻ എഴുതിയിട്ടുള്ളതെല്ലാം പ്രേമകാവ്യങ്ങളാണെന്ന സത്യം അതർഹിക്കുന്ന ഗൗരവത്തോടെ ശ്രദ്ധിക്കപ്പെട്ടിട്ടില്ല'[20] എന്നദ്ദേഹം പറയുന്നതതുകൊണ്ടാണ്. അതിനു കാരണമായിട്ടദ്ദേഹം നിരത്തുന്ന യുക്തികൾ ഇവയാണ്:

1. ശുദ്ധമായ സ്നേഹവികാരത്തിന്റെ ഭാവം ആവിഷ്കരിക്കാൻ ജീവിതത്തിൽ അനവധി സന്ദർഭങ്ങളുള്ളപ്പോൾ കാമുകീകാമുകപ്രേമരംഗമല്ലാതെ വേറൊരു സന്ദർഭവും കാണാൻ കഴിയുന്നില്ല.
2. പരസ്പരസ്നേഹബന്ധം സമുദായത്തിൽ ഒരു വിപ്ലവം സൃഷ്ടിക്കാം. ഇവിടെ അതിനു മാർഗ്ഗം കാണാനില്ല. ഒരു സമൂഹത്തിനും അംഗീകരിക്കാനാവാത്ത ഒരുതരം സ്ത്രീപുരുഷ പ്രേമമാണിവിടെ.

അന്ധവും ഒരുതരം പ്രേമത്തിന്റെ ഏകാഗ്രവുമായ നിലയിലെത്തിയവരാണ് ആശാന്റെ പല കഥാപാത്രങ്ങളും. അങ്ങനെയുള്ള കഥാപാത്രങ്ങൾ ലോകത്തിലെ ഇതര സ്നേഹബന്ധങ്ങൾ അംഗീകരിക്കുന്നവരല്ലെന്ന് അദ്ദേഹം പറയുന്നു. 'സമുദായബദ്ധമായ ഏതു കാഴ്ചപ്പാടിൽ നോക്കിയാലും സമുദായത്തിനു പൊതുവെ അനുകരിക്കാവുന്നതോ കൊണ്ടാടാവുന്നതോ ആയ ഒരു സ്നേഹതത്ത്വമല്ല ആശാന്റെ നായികമാരുടെ പ്രത്യേകമായ പ്രേമം'[21].

ആശാന്റെ കവിതയിലെ സമുഹം അംഗീകരിക്കാത്ത തരത്തിലുള്ള പരസ്പരസ്നേഹബന്ധത്തെക്കുറിച്ചാണ് ബാലകൃഷ്ണന്റെ വിവരണം. പക്ഷെ ഇത്തരം യുക്തികളിലൂടെ അദ്ദേഹം സമർത്ഥിക്കുന്നത് ആശാൻകവിതയിൽ അന്തർലീനമായ സാമൂഹികാവസ്ഥകളുടെ നിഷേധമാണ്. ഇങ്ങനെ കവിതയിൽ നിന്നും സാമൂഹികാംശത്തെ അകറ്റി നിർത്തിക്കൊണ്ട് പഠനം തുടരുന്നു. *നളിനി*യിലെ അസാധാരണ അന്തരീക്ഷം വിശദീകരിക്കുമ്പോൾ അത് വ്യക്തമാവുന്നു.

എന്നാൽ, “മനസ്സും ശരീരവും തമ്മിലുള്ള പിളർപ്പ് ആശാന്റെ മിക്ക കാവ്യങ്ങളിലും കാണാവുന്നതാണ്. ജീവിതമൂല്യങ്ങളെക്കുറിച്ചുള്ള ധർമ്മസംശയങ്ങളുടെയും തുടർച്ചയും ചർച്ചയുമാണ് നളിനിയിൽ ആശാൻ അവതരിപ്പിക്കുന്നത്. സന്യാസത്തെ വിമർശിക്കാൻ സന്യാസജീവിതംതന്നെ ചിത്രീകരിക്കുകയാണ് ആശാൻ”[22] എന്ന് അക്കാര്യം നിരൂപകർ വസ്തുതാപരമായി നിരീക്ഷിച്ചതാണ്.

ഈ ഭൂമിയുടെതല്ലാത്ത ഒരന്തരീക്ഷം ‘നളിനി’യിൽ ഉള്ളതിനാൽ നളിനിയെ കേന്ദ്രമാക്കി പ്രപഞ്ചജീവിതത്തിന്റെ മാധുര്യത്തെ സ്ഥാപിക്കുകയാണ് കവി ചെയ്യുന്നത്. വ്യക്തിയിൽ ജന്മനാ അലിഞ്ഞു ചേർന്നിരിക്കുന്ന മാനസികപ്രകൃതം നശിപ്പിക്കാൻ സന്യാസത്തിനു കഴിയില്ല എന്ന ചിന്ത ആശാനിൽ വരുന്നുണ്ട്. രാഗമാണ് വൈരാഗ്യമല്ല ജീവിതത്തിന്റെ സത്യം എന്ന് ആശാന് ബോധ്യമായിരുന്നു. ഇങ്ങനെയൊക്കെയുള്ള സംഘർഷാവസ്ഥയിലാണ് ആശാൻ *നളിനി* രചിക്കുന്നത്. ആശാനിലെ ഇപ്രകാരമുള്ള മാനസികസംഘർഷാവസ്ഥ ബാലകൃഷ്ണന്റെ നിരീക്ഷണങ്ങളിലില്ല.

‘നല്ല ഹൈമവതഭൂവിൽ’ എന്നു തുടങ്ങുന്ന കാവ്യത്തിന്റെ ആരംഭവും പ്രതീകാത്മകമായിട്ടുള്ള അതിന്റെ സംവിധാനവും പലരും പ്രകീർത്തിച്ചതാണ്[23] പക്ഷെ സമുദായജീവിതത്തിന്റെയും സ്വാനുഭവങ്ങളുടെയും സീമയിൽനിന്നകന്ന് കഥയെയും കഥാപാത്രങ്ങളെയും എവിടേക്കോ ഉയർത്തി നിർത്താൻ ആശാൻ ശ്രമിക്കുന്നു. അതായത് കൃതിയിൽ യഥാർത്ഥ്യബോധം നിലനിർത്താതെ അതിനെ തുടച്ചുമാറ്റുകയാണ് എന്നിരുന്നാലും കഥയുടെ വിശ്വാസ്യത നശിക്കാതെ നിലനിർത്തിയത് കവിപ്രതിഭയുട സഹജമായ പ്രത്യേകത കാരണമാണ് എന്നദ്ദേഹം അഭിപ്രായപ്പെടുന്നു.

ആശാന്റ നായകൻമാർ കേവലം നിഴലിൽ മറഞ്ഞിരിക്കുന്ന അവ്യക്തരൂപികളും മൗനികളുമാണെന്ന് വിവരിക്കുന്നു. മാനുഷികമായ കാഴ്ചപ്പാടിൽ നോക്കുമ്പോൾ ഭീകരമാണ് നളിനിയുടെ ജീവിതനിഷേധം. എവിടുത്തെ സ്ത്രീഹൃദയവും സ്ത്രീപുരുഷ പ്രേമവുമാണ് നളിനിയിലൂടെ കവി വരച്ചുവെച്ചിരിക്കുന്നത് എന്ന

ബാലകൃഷ്ണന്റെ ചോദ്യത്തിനുത്തരം ജീവിതത്തിന്റെ വൈരുദ്ധ്യാത്മകതയാണ് ആശാന്റെ കവിതയ്ക്ക് ശക്തി പകർന്നത് എന്നതാണ്. 'പല ദുർഘടങ്ങളുമുണ്ട് *നളിനി*യിൽ. സന്യാസിയായ സ്ത്രീ സന്യാസിയെ സ്നേഹിക്കുന്നു എന്നതാണ് ഒരു ദുർഘടം. സന്യാസി തിരിച്ചു സ്നേഹിക്കുന്നില്ല എന്നതാണ് മറ്റൊന്ന്. സന്യാസത്തിൽ അനുരാഗമില്ല, എന്നാൽ മനുഷ്യന്റെ പ്രാഥമികവികാരങ്ങൾ ഇവർ രണ്ടു പേരിലും ഉറങ്ങിക്കിടക്കുന്നു[24] എന്നീ നിരീക്ഷണങ്ങൾക്കു മുമ്പിൽ ബാലകൃഷ്ണന്റെ വാദത്തിനു മങ്ങലേൽക്കുന്നു. ആശാന്റെ മനസിൽ നടന്ന പലതരത്തിലുള്ള ആശയസംഘട്ടനങ്ങളുടെ പ്രതിഫലനം ഏറ്റവും കൂടുതൽ തെളിഞ്ഞുകാണുന്ന കൃതിയാണ് *നളിനി*.

കുമാരനാശാൻ തനിക്കു നിതൃപരിചിതമായ അനുഭവങ്ങൾക്കും കഥയുടെ വിശദാംശങ്ങൾക്കും നൽകുന്ന അപൂർവ്വതയും വിശ്വാസ്യതയില്ലായ്മയും ആശാനിലെ സിദ്ധിവിശേഷത്തിൽ ഒതുക്കി നിലനിർത്തുകയാണ് ബാലകൃഷ്ണൻ. അവയെല്ലാംതന്നെ അശാനിലെ സാമൂഹികദർശനമായും കാലഘട്ടത്തിന്റെ പ്രത്യേകതയായും അദ്ദേഹം കാണുന്നില്ല. തന്റെ കാലഘട്ടത്തിലെ അസ്തിത്വദുഃഖങ്ങൾ ആശാന്റെ കൃതികളിൽ പ്രതിഫലിക്കുന്നുണ്ട്. മനുഷ്യവികാരങ്ങൾ സന്യാസിയിലും ഉണ്ടെന്ന് ആശാന്റെ *നളിനി*യിലൂടെ വ്യക്തമാക്കുന്നുണ്ട്. മനുഷ്യവികാരങ്ങളുടെ സ്വാഭാവികമായ സന്തരണം ജീവിതത്തിന്റെ മൂല്യമായി ആശാൻ കരുതിയിരുന്നു. ഒരു കാലഘട്ടത്തിലെ വ്യക്തിയിലും സമൂഹത്തിലും അന്തർഭവിച്ചിരുന്ന വൈരുദ്ധ്യവും ആത്മസംഘർഷവും അസ്തിത്വദുഃഖവുമെല്ലാം ആശാനെപ്പോലെ ആശാന്റെ കഥാപാത്രങ്ങളിലും പ്രതിബിംബിച്ചിരുന്നു. ആ അർത്ഥത്തിൽ *നളിനി*യും ആശാന്റെ ഇതരകവിതകളെപ്പോലെതന്നെ സാമൂഹ്യപ്രാധാന്യമുള്ളതാണ്. പക്ഷെ, ഇവിടെ നളിനി എന്ന കഥാപാത്രത്തിൽമാത്രം സൂക്ഷ്മാർത്ഥത്തിൽ പഠനം ഒതുങ്ങിനിൽക്കുകയും നിശ്ചിത പാത്രസൃഷ്ടി നടത്തിയ കവിയിലേക്കോ അതിനു സാഹചര്യമൊരുക്കിയ കവിയുടെ സാമൂഹിക-മാനസിക പശ്ചാത്തലത്തിലേക്കോ അന്വേഷണം അതേപോലെ സൂക്ഷ്മമായി കടന്നുചെല്ലുന്നില്ല.

"തനിക്കങ്ങോട്ടു പ്രേമമുണ്ടെന്ന വിവരം പോലുമറിയാത്തവനും എവിടെയുണ്ടെന്നു തനിക്കുതന്നെ നിശ്ചയമില്ലാത്തവനും ആയ ഒരു കാമുകനോടുള്ള പ്രേമ

ത്തിന്റെ പേരിൽ അച്ഛനമ്മമാരെയും സ്നേഹമുള്ള സഖികളെയും നിത്യദുഃഖത്തിലാഴ്ത്തിയ ആ നടപടി സമുദായജീവിതത്തിന്റെയും മാനുഷികമായ മമതാബന്ധങ്ങളുടെയും രംഗത്തിൽ ആദരണീയമായ ഒന്നാവുകയില്ല"[25] എന്നു പറയുന്നതിലൂടെ നളിനിയെപ്പോലുള്ളവരുടെ നടപടികളിലെ ഔചിത്യമില്ലായ്മ ബാലകൃഷ്ണൻ ചൂണ്ടിക്കാണിക്കുന്നുണ്ട്. പക്ഷേ പരിശുദ്ധപ്രേമം ചില ലക്ഷ്യങ്ങളിൽ നിലകൊള്ളുന്നു എന്നും എന്നാൽ ആശാന്റെ ലോകത്തിൽ അതിനു പ്രസക്തിയില്ല എന്നും അദ്ദേഹം വിശദീകരിക്കുന്നു. അവിടെ ജീനിയസ്സിന്റെ സാന്നിദ്ധ്യവും കവിപ്രതിഭയുടെ സ്വാധീനവും വായനക്കാരുടെ സമുദായബോധവും യുക്തിചിന്തയും കൃതിയെ വായനക്കാരിൽനിന്നും മാറ്റിനിർത്തുന്നു എന്ന രീതിയിൽ വിവരിച്ചുപോകുന്നു. *നളിനി*യിൽ ആശാൻ കൈകാര്യം ചെയ്തത് ഒരർത്ഥത്തിൽ ആശാന്റെതന്നെ ആദ്ധ്യാത്മികപ്രശ്നവും ആത്മസംഘർഷവും കൂടിയാണ് എന്നത് വാസ്തവമാണ്. സമഷ്ടി-വ്യഷ്ടി, രാഗ-വൈരാഗ്യചിന്തകൾ കുമാരനാശാന്റെ മനസ്സിൽ പലപ്പോഴും വ്യത്യസ്ത അനുപാതത്തിൽ ഏറിയും കുറഞ്ഞും നിലനിന്നിരുന്നു. അത്തരമൊരു മനസ്സിലെ സ്നേഹചിന്തകളിൽ അല്ലെങ്കിൽ പ്രേമസങ്കൽപങ്ങളിൽ വ്യതിയാനം സംഭവിക്കുന്നത് സ്വാഭാവികമാണ്. 'ലൗകികത്തിൽ നിന്നും അലൗകികത്തിലേക്കും അവിടുന്ന് അതിവേഗം ലൗകികത്തിലേക്കും പിടഞ്ഞുമണ്ടിക്കൊണ്ടിരുന്ന ഒരു പെൻഡുലമായിരുന്നു ആശാന്റെ മനസ്സ്' എന്ന് നിരീക്ഷിക്കപ്പെടുന്നത്[26] അതുകൊണ്ടാണ്. സാമുദായികബന്ധവും മമതാബന്ധവും വിവരണങ്ങളിലൂടെ സൂചിപ്പിക്കുന്നുവെങ്കിലും ബാലകൃഷ്ണൻ അവ സൂക്ഷ്മാർത്ഥത്തിൽ പരാമർശിക്കുന്നില്ല.

ജീവചരിത്രനിരൂപണരീതിയിൽ നഷ്ടപ്പെടുന്ന സാമൂഹികചിന്ത യാണ് പഠനത്തിൽ കാണുന്നത്. മറ്റേതു കൃതിയെ താരതമ്യപ്പെടുത്തിയാലും കുമാരനാശാന്റെ മാനസികജീവിതം പ്രതിഫലിപ്പിക്കുന്ന കൃതിയെന്ന നിലയിൽ ജീവചരിത്രപരമായ പ്രാധാന്യമുള്ളതാണ് *നളിനി*[27] എന്നാൽ *നളിനി*യിലെ അസാധാരണ പ്രവൃത്തികളുടെ പിന്നിൽ പ്രവർത്തിച്ച കുമാരനാശാന്റെ മനസ്സ് ബാലകൃഷ്ണന്റെ പഠനത്തിൽ അവ്യക്തമാണ്. "മഹത്തായ കല യഥാർത്ഥ വസ്തുതകളുടെ സത്യമായ ചിത്രണമല്ല കലാകാരന്റേതായ നൂതനസത്യങ്ങളുടെ സംസൃഷ്ടിയാണ്"[28] എന്ന

വാചകത്തിൽ *നളിനി*യെക്കുറിച്ചുള്ള ചിന്ത അവസാനിപ്പിക്കുകയാണ് അദ്ദേഹം. *നളിനീ*പഠനത്തിൽ ബാലകൃഷ്ണന്റെ ജീവചരിത്രപഠനവസ്തുതകൾ പലപ്പോഴും ഇപ്രകാരം വസ്തുതാപരമല്ലാതാകുന്നു.

**2.1.4.2 *നളിനി* യിലെ പ്രതിഭാപ്രവർത്തനം**

കാലാകാരന്മാർ കലാനിർമ്മിതിക്ക് ആവശ്യമായ സിംബലുകൾ, പ്രമേയങ്ങൾ, പ്രാക്തനപ്രതീകങ്ങൾ, മിത്തുകൾ തുടങ്ങിയവയ്ക്കുവേണ്ടി ക്ലാസിക്ക് സാഹിത്യത്തെ ഉപജീവിക്കാറുണ്ട്. *ബൈബിളി*ന്റെയും ഗ്രീക്കുപുരാണങ്ങളുടെയും ഇതിഹാസകൃതികളുടെയും സ്വാധീനം കലാസൃഷ്ടികളിൽ കാണുന്നതിനു കാരണമിതാണ്. എന്നാൽ കലാകരന്മാർ ഇതിഹാസപുരാണങ്ങളിലേക്കു തിരിയുന്നത് അവരുടെ ചിന്തയ്ക്കും ഭാവനാശക്തിക്കും പാരമ്പര്യവശാൽ വന്നുപെട്ട ഒരു പരിമിതിയായിട്ടാണ് ബാലകൃഷ്ണൻ കാണുന്നത്[29]. തികഞ്ഞ ഒരു പ്രതിഭാശാലിക്ക് ഇങ്ങനെ ഇതിഹാസങ്ങളിലേക്ക് തിരിയേണ്ട സാഹചര്യം അദ്ദേഹം കാണുന്നില്ല. അതേസമയം അന്തർമുഖനായ ഒരു പ്രതിഭയ്ക്ക് ബാഹ്യപ്രേരണാസഹായമില്ലാതെ പ്രവർത്തിക്കാൻ കഴിയില്ലെന്ന് അദ്ദേഹം അംഗീകരിക്കുന്നു. ഇവിടെ പാരമ്പര്യവുമായുള്ള ബന്ധം തന്നെയാണ് സൂചിപ്പിക്കുന്നത്. ആശാന്റെ കാര്യത്തിൽ ഈ ബാഹ്യപ്രേരണയുടെ രാസത്വരകമായി പ്രവർത്തിച്ചത് ആംഗലകാവ്യമാതൃകകളാണ് എന്നത് വാസ്തവമാണ്. ഇക്കാരണംകൊണ്ടാണ് ഭാരതീയസാഹിത്യത്തിന് അന്യമായ പ്രേമസങ്കൽപം ആശാൻകൃതികളിൽ കാണുന്നത്. *നളിനി*യുടെ ശീർഷകം ഇംഗ്ലീഷിൽ ‘എ ലൗ’ എന്ന് കുറിച്ച് സ്നേഹസംജ്ഞക്ക് അർത്ഥവ്യാപ്തി നൽകുകയാണദ്ദേഹം ചെയ്തത്.

പ്രേമത്തിലൂടെ മനുഷ്യാത്മാവുകൾ സായൂജ്യമടയുന്ന ഒരു പ്രേമകാവ്യം, അതായത് ബ്രഹ്മസാക്ഷാത്കാരത്തിനു തൊട്ടുതാഴെയുള്ള പ്രേമസാക്ഷാത്ക്കാരം. ഇത്തരമൊരാശയമാണ് *നളിനി*യിലൂടെ ആശാൻ ആവിഷ്കരിച്ചതായി ബാലകൃഷ്ണൻ അവകാശപ്പെടുന്നത്. ആശാന്റെ *നളിനി, ലീല* തുടങ്ങിയ കൃതികൾ അദ്ദേഹത്തിന്റെ രചനാപ്രക്രിയയിലെ ഒരു നൈരന്തര്യമായിട്ടാണ് കാണുന്നത്. ആശാന്റെ തന്നെ ജീവചരിത്രവസ്തുകളവലംബിച്ചാണ് ഇപ്രകാരം വിലയിരുത്തുന്നത്. ഈ

പ്രേമസാക്ഷാത്കാരത്തിന്റെ പ്രത്യേകത, അത് ഭാരതീയസാഹിത്യത്തിന് അന്യ മാണ് എന്നതാണ്.

പ്രതിഭയുടെ കടിഞ്ഞാൺ കവിയുടെ നിയന്ത്രണത്തിൽനിന്നും കൈവിട്ടു പോകുന്നു എന്ന വ്യതിരിക്തത കവിപ്രതിഭയുടെ അനിയന്ത്രിതാവസ്ഥയെ സൂചി പ്പിക്കുന്നു. ഈ അവസ്ഥയെ പ്രതിഭാരക്ഷസ്സ് എന്നദ്ദേഹം വിശേഷിപ്പിക്കുന്നു. *നളിനി*യിൽ പ്രഥമശ്ലോകം കടലാസ്സിൽ പകർന്നപ്പോൾത്തന്നെ കവിയെ പ്രതിഭാര ക്ഷസ് പിടികൂടുന്നു. അങ്ങനെ കവിയുടെ കണക്കുകൂട്ടലുകൾക്കതീതമായിക്കഴിഞ്ഞ രചനാപ്രക്രിയയിലൂടെ പിറന്ന *നളിനി* ഭാവപരമായ ഏകാഗ്രത ആദ്യന്തം നില നിർത്താൻ കഴിഞ്ഞ മലയാളത്തിലെ ഒരേയൊരു കാവ്യമായി അദ്ദേഹം കാണുന്നു.

### 2.1.5 രാജസം വിടുന്ന *ലീലാ* രചന

*നളിനീ*വിമർശനംപോലെ തന്നെ ബാലകൃഷ്ണന്റെ *ലീലാ*വിമർശനവും സർഗ്ഗാത്മകമാണെന്ന് നിരീക്ഷിക്കുന്നുണ്ട്[30]. പക്ഷെ ബാലകൃഷ്ണൻ പലപ്പോഴും തന്റേതായ ഒരു മാനദണ്ഡം മനസ്സിൽ സങ്കൽപ്പിച്ച് മുൻകൂട്ടി തീരുമാനിച്ച നിയമാ വലിക്കടിപ്പെട്ടു മാത്രമാണ് ചിന്തിക്കുന്നതെന്നു കാണാം. തന്റെ കലാസാഹിത്യചി ന്തകളെ സംരക്ഷിച്ചുനിർത്തുക എന്ന ലക്ഷ്യംകൂടി പ്രസ്തുത കൃതികളെ വിലയി രുത്തുന്നതിലൂടെ ബാലകൃഷ്ണൻ നിറവേറ്റുന്നുണ്ട്. ആശാൻ കൃതികളിൽ വിപ്ലവ ചിന്താഗതി തിരയുന്നവരെ ഏതിർത്തുകൊണ്ട് കല അതിന്റെ ഉന്നതിയിലെപ്പോഴും ആത്മനിഷ്ഠമാണ് അല്ലെങ്കിൽ വ്യക്തിനിഷ്ഠമാണ് എന്ന തന്റെ കലാതത്വചിന്ത അദ്ദേഹം സ്ഥാപിക്കുന്നു. അതിനുവേണ്ടി ആശാന്റെ വ്യക്തിജീവിതത്തിന്റെ ആത്മീ യഭാവങ്ങളിലേക്ക് കടന്നുചെല്ലാൻ ഏറ്റവും മികച്ച കൃതികളായിട്ടാണ് *ലീല*യെ കാണുന്നത്.

കുമാരനാശാൻ 1911-ൽ *നളിനി* എഴുതിയതിനുശേഷം സമുദായബദ്ധമനു ഷ്യജീവിതവും *നളിനി*യും തമ്മിലുള്ള ബന്ധമറ്റനിലയെകുറിച്ച് കവി ബോധവാനാ യിരുന്ന കാര്യം ബാലകൃഷ്ണൻ വിവരിക്കുന്നുണ്ട്. അങ്ങനെ *നളിനി*യിൽ വിട്ടു ക ളഞ്ഞ സമുദായബന്ധത്തെക്കുറിച്ചുള്ള ബോധ്യം ഏറ്റുപറയുന്ന രേഖയായിട്ടാണ്

*ലീല*യുടെ ആമുഖം ബാലകൃഷ്ണൻ കാണുന്നത്. അതിനദ്ദേഹം കാണുന്ന കാരണങ്ങൾ ഇവയാണ്:

1. പേർഷ്യൻ കാവ്യമായ *ലൈലാമജ്നു* ഉപജീവിച്ചത്
2. രൂപസങ്കൽപവ്യത്യസ്തത. രക്തത്തിന്റെയും മാംസത്തിന്റെയും ചൂടനുഭവപ്പെടുന്ന രീതിയിലുള്ള പാത്രചിത്രീകരണം.
3. അച്ഛനമ്മമാർ, സ്നേഹിതന്മാർ, സമുദായം തുടങ്ങിയ രീതിയിലുള്ള സാമൂഹിക ബന്ധങ്ങൾക്ക് നൽകിയ പ്രാധാന്യം.
4. കാവ്യത്തിന്റെ ഒന്നും രണ്ടും സർഗ്ഗങ്ങളിൽ മദനനോട് ലീലയ്ക്കുള്ള ഹൃദയവേഴ്ചയുടെ മാനുഷികമായ സാന്നിദ്ധ്യം
5. മൂന്നാം സർഗ്ഗത്തിലെ പ്രേമനാടകപശ്ചാത്തലം. ഭാവങ്ങളെയും വികാരങ്ങളെയും ഹൃദയത്തിലേക്ക് തള്ളിക്കയറ്റുന്ന സ്വച്ഛമായ കവിതക്കുദാഹരണം.

ആശാന്റെ നായികമാരെ സമുദായബന്ധമറ്റവരാക്കിത്തീർക്കുന്നു എന്നതിനു രണ്ടു പ്രധാന കാരണങ്ങളാണ് അദ്ദേഹം കണ്ടെത്തുന്നത്. അതിൽ ആദ്യത്തേത് നായികമാരുടെ വിചിത്രതരമായ പ്രേമബന്ധം. രണ്ടാമത്തേത് പ്രേമനാടകത്തിനു വേണ്ടി ആശാനൊരുക്കുന്ന മനുഷ്യവാസമൊഴിഞ്ഞ വനസ്ഥലികളും ചുടുകാടും. സാമൂഹികബന്ധമറ്റ കഥാപാത്രങ്ങളുടെ പ്രവർത്തനത്തിന് പിന്നിൽ വർത്തിച്ച കവിയിലെ പ്രത്യേകതകളിലേക്ക്, പ്രതിഭാശക്തിയുടെ തീവ്രമായ സ്വാധീനത്തിലേക്കാണ് ബാലകൃഷ്ണൻ നീങ്ങുന്നത്. സാമൂഹികബന്ധം വിട്ട അവസ്ഥ കൈവരിച്ച കഥാപാത്രങ്ങളെക്കുറിച്ച് അധികമൊന്നും അദ്ദേഹം വിവരിക്കുന്നില്ല. അപ്പോഴേക്കും പ്രതിഭയുടെ തടവിൽപ്പെട്ടുപോകുന്നു. അങ്ങനെ പ്രതിഭാസംബന്ധമായ സാഹിത്യചിന്തയാണ് കൃതികളിലൂടെ സ്ഥാപിച്ചെടുക്കുന്നത്.

ലീലയുടെയും മദനന്റെയും സമാഗമരംഗത്തിനായി ആശാൻ തെരഞ്ഞെടുത്തത് മദ്ധ്യപ്രദേശത്തുള്ള വിന്ധ്യാപർവതത്തിൽനിന്നും ഉത്ഭവിക്കുന്ന നർമ്മദയുടെ പോഷകനദിയായ രേവാതീരമാണ്[31] ലീലയ്ക്കുവേണ്ടി മാധവി അനുഭവിക്കുന്ന ത്യാഗപ്രവർത്തനം കവി ചിത്രീകരിച്ചിരിക്കുന്നു[32] ഈ വസ്തുതകളെല്ലാം *ലീല*യെ

സമുദായജീവിതത്തിലേക്ക് ഇറക്കിക്കൊണ്ടുവന്നതിന് ഉദാഹരണമായി നിരൂപക ന്മാർ സൂചിപ്പിക്കുന്നുണ്ട്.

എന്നാൽ ആശാന്റെ കാര്യത്തിൽ പൂർവനിശ്ചിതമായ ഒരു സന്ദർഭമുണ്ടെന്നും ഒരു നിശ്ചിതഘട്ടമെത്തുമ്പോൾ കാവ്യങ്ങളെല്ലാം ഒരു പ്രത്യേക അന്വേഷണരീതി അവലംബിക്കുമെന്നും ബാലകൃഷ്ണൻ വ്യക്തമാക്കുന്നു. "തിരക്കുന്ന വ്യക്തിയും തിരച്ചിലിന്റെ രീതിയും കവി സൃഷ്ടിക്കുന്നു-അഥവാ കാവ്യത്തിൽ കവിപ്രതിഭ സംജാതമാകുന്ന-അന്തരീക്ഷത്തിൽ, ഏതോ കേവലമഹാസങ്കൽപങ്ങളുടെ പ്രതീക ങ്ങൾപോലെ തോന്നുന്നു"[33] കവി മനപൂർവമല്ല ഇത്തരത്തിലുള്ള ഒരു ചിത്രം കൃതി യിൽ സന്നിവേശിപ്പിക്കുന്നത്. സിദ്ധപ്രതിഭ ആ രംഗത്തിന് ഒരു ജീവിതസാമാന്യമ ല്ലാത്ത ധ്വനി വരുത്തിത്തീർക്കുന്നു എന്നർത്ഥം.

ഭൂമിയിൽ നടക്കാത്ത ഒരുതരം സമാഗമമായി ലീലയുടെ കാമുകദർശനം മാറുകയും നളിനീദിവകരന്മാരിൽനിന്നും ഭിന്നമല്ലാത്ത ഒന്നായിത്തീരുകയും ചെയ്യുന്ന അവസ്ഥയാണിത്. ലോകസാധാരണമായ അല്ലെങ്കിൽ രജോഗുണമാർന്ന സ്ത്രീപു രുഷപ്രേമം ചിത്രീകരിക്കാൻ ശ്രമിച്ച ആശാന്റെ പരാജയമായിട്ടാണ് *ലീലാ*രചനയെ ബാലകൃഷ്ണൻ വിലയിരുത്തുന്നത്. ഇങ്ങനെ പഠനത്തിൽ കവിയുടെ ചരിത്ര-ജീ വചരിത്രപശ്ചാത്തലത്തെ ആശ്രയിക്കുമ്പോൾത്തന്നെ കവിയിൽ നിന്നകലുകയും കഥാപാത്രത്തിൽ സൂക്ഷ്മമായി ശ്രദ്ധ കേന്ദ്രീകരിക്കുകയും ചെയ്യുന്നതിലൂടെ കവിത പ്രതിനിധീകരിക്കുന്ന സാമൂഹികാംശങ്ങൾ സ്പർശിക്കാതെ പോകുന്നതി നുദാഹരണമായി ഈ സന്ദർഭവും കാണാം.

### 2.1.6 പുതിയ വെളിച്ചം *ബുദ്ധചരിത*ത്തിൽ

*ബുദ്ധചരിത*ത്തെ കേവലമൊരു പരിഭാഷയായിക്കാണാൻ അദ്ദേഹം കൂട്ടാ ക്കുന്നില്ല. ഇത്രമാത്രം പ്രാധാന്യം വെറുമൊരു തർജ്ജമയ്ക്ക് കവി നൽകിയതിനു പിന്നിൽ ആശാന്റെ കവിപ്രതിഭയുടെ ഏതെങ്കിലും പുതിയ വശത്തെ പ്രകാശിപ്പി ക്കുന്നുണ്ടോ എന്ന അന്വേഷണമാണ് തുഞ്ചത്തെഴുത്തച്ഛനിലേക്ക് അദ്ദേഹത്തെ നയിക്കുന്നത്. മലയാളത്തിലെ പൂർവ്വസൂരികളെ സ്മരിക്കുന്ന പതിവില്ലാത്ത

ആശാൻ തന്റെ കാവ്യജീവിതത്തിൽ മൂന്നുതവണ എഴുത്തച്ഛനെ സ്മരിക്കുന്നത്[34]. ബാലകൃഷ്ണൻ കണ്ടെത്തുന്നുണ്ട്. *പ്രരോദനം*, *ചിത്രയോഗനിരൂപണം*, രവീന്ദ്രനാഥടാഗോറിനുവേണ്ടി രചിച്ച *ടാഗോർമംഗളം* എന്നിവയാണവ. ഈ മൂന്നു കൃതികളിലെ സൂചനവെച്ചുകൊണ്ടാണ് ബാലകൃഷ്ണൻ തന്റെ വാദം സമർത്ഥിക്കുന്നത്.

ആദ്ധ്യാത്മികത്വം, വേദാന്തചിന്ത, സംസ്കൃതവിദ്യാഭ്യാസം ഈ മൂന്നു ഘടകങ്ങളെ വിലയിരുത്തി, ആശാൻ കവിതകളെ പ്രൗഢസംസ്കൃതസ്വാധീനത്തിൽ നിന്നും വിടുതൽ നേടിക്കാൻ ആംഗലകവിതാമാതൃകകൾക്കുപോലും കഴിഞ്ഞിട്ടില്ലാ എന്നാണ് പരമ്പരയാ ആശാൻ വിമർശകർ വിലയിരുത്തിക്കൊണ്ടിരുന്നത് എന്നദ്ദേഹം പറയുന്നു. അതിനവർ ആശാൻ കൃതികളെ സാക്ഷികളാക്കി അവതരിപ്പിക്കാറുണ്ട്[35]. ഈ അഭിപ്രായത്തെ ബാലകൃഷ്ണൻ നിഷേധിക്കുകയും കവിതാരചനയുടെ ആദ്യകാലം മുതൽ *ദുരവസ്ഥ* എഴുതിക്കഴിയുന്നതുവരെ ആശാൻ സംസ്കൃതപദ-വൃത്തനിബദ്ധമായിട്ടുമാത്രമല്ല എഴുത്തിലേർപ്പെട്ടിരുന്നത് എന്നു സ്ഥാപിക്കുകയും ചെയ്യുന്നു. *ശ്രീബുദ്ധചരിതം* അതിനുദാഹരണമായി കാണിക്കുന്നുണ്ട്. ആശാനെ മഹാകവിയാക്കിയ ജീവിതത്തിന്റെ പ്രാരംഭഘട്ടത്തിൽത്തന്നെ ലളിതസുഭഗമായ വരികൾ കേകാവൃത്തത്തിൽതന്നെ അദ്ദേഹം രചിച്ചിരുന്നു എന്ന് ഇവിടെ സമർത്ഥിക്കുകയാണ്. 1923-ൽ സംസ്കൃതസ്വാധീനമില്ലാത്ത ഗാഥയായ *ദുരവസ്ഥ* എഴുതിയതും ഉദാഹരണമാക്കുന്നു. ഇപ്രകാരം പരസ്പരവിരുദ്ധമായ അല്ലെങ്കിൽ ഒരേ സമയം ഇടകലർന്ന രീതിയിലുള്ള രണ്ടു സമാന്തരകാവ്യധാരകൾ ആശാന്റെ കാവ്യജീവിതത്തിലുടനീളം അദ്ദേഹം കാണുന്നു. കവിയുടെ സൃഷ്ടികർമ്മത്തിലുള്ള അനുഭവത്തെ നിഷേധിക്കാതെതന്നെ കലാസൃഷ്ടിക്കാധാരമായ സിദ്ധപ്രതിഭയുടെ പ്രാധാന്യം കവിയിൽ ആജീവനാന്തം നിലനിന്നിരുന്നു എന്ന് വ്യക്തമാക്കുകയാണ് അദ്ദേഹം. വിമർശനബോധവും രചനാസാമർത്ഥ്യവും പ്രതിഭയിൽ കാലം വളർത്തും. പ്രതിഭ ജന്മസഹജമായതിനാൽ പ്രത്യേകിച്ച് വികസനമെന്നും കൂടാതെ നിലനിൽക്കുമെന്നർത്ഥം. പ്രതിഭയിലുണ്ടാകുന്ന ഉദ്ദീപനമാണ് കാവ്യാശൈലീരൂപീകരണത്തിൽ മുൻനിൽക്കുന്നത്. അതുകൊണ്ടത്രെ *ബുദ്ധചരിത*ത്തിന്റെ എല്ലാ ഭാഗങ്ങളും ഒരേ അന്തരീക്ഷം പ്രകടമാക്കുന്നത്. കുമാരനാശാന്റെ കാവ്യജീവിതം ആകെയുള്ള കാല

വുമായി രചനാപരമായി ബന്ധമുള്ള കൃതി എന്ന കാഴ്ചപ്പാടിലൂടെയാണ് ബാലകൃഷ്ണന്റെ നിഗമനം.

കുമാരനാശാന്റെ കാവ്യജീവിതത്തിലെ സാന്ദർഭികമായ സംഭവങ്ങളുമായി ബന്ധപ്പെടുത്തി ബാലകൃഷ്ണന്റെ കണ്ടെത്തലുകൾ അവഗണിക്കാവുന്നതല്ല. അതേ സമയം നിലവിലുള്ള *ബുദ്ധചരിത*ത്തിലെ ഭാഗങ്ങൾ കാവ്യഭംഗികൊണ്ട് എഴുത്തച്ഛനോളം ഉയർന്നു നിൽക്കുന്നതായി അദ്ദേഹം വിവരിക്കുന്നത് പരിശോധനയർഹിക്കുന്നു. *ബുദ്ധചരിത*ത്തിൽ കാവ്യഭംഗി തുടിക്കുന്ന ഭാഗങ്ങൾ താരതമ്യേന വിരളമാണെന്നും ഇതു തെളിയിക്കാൻ ബാലകൃഷ്ണൻതന്നെ കാണിക്കുന്ന രണ്ടുദാഹരണങ്ങൾതന്നെ മതിയെന്നും നിരീക്ഷിക്കപ്പെടുന്നുണ്ട്[36]. അതിനുദാഹരണമാണ് എഡ്വിൻ ആർനോൾഡിന്റെ

> 'With all the crooked daggers for her claws
> rending his flesh, all her yellow fangs
> bathed in blood.....'

എന്ന വരികളിൽ കടുവ ഒരു മഹാശയനെ ചീന്തി ഭക്ഷിക്കുന്ന രംഗത്തിൽ കടുവയുടെ പല്ലുകൾ 'ചെമ്പരത്തിതൻ മുകുളങ്ങൾപോൽ ചുകന്നതായി' എന്ന പോലുള്ള ആശാന്റെ പരിഭാഷയുടെ പോരായ്മ - 'മുകുളങ്ങൾ' എന്ന പദത്തിൽ തെളിഞ്ഞു കാണുന്നത്.

കാവ്യജീവിതാരംഭത്തിൽ തുടങ്ങിയ പരിഭാഷായത്നം ജീവിതാന്ത്യംവരെ ആശാൻ നിലനിർത്തുന്നത് ഒരു തരം യജ്ഞസമാനമാണെന്നാണ് ബാലകൃഷ്ണൻ അവകാശപ്പെടുന്നത്. ഇവിടെയും ആശാന്റെ കാവ്യരചനാചരിത്രത്തെ ജീവചരിത്രവസ്തുതകളുമായി ബന്ധിപ്പിച്ച്കൊണ്ടാണ് അദ്ദേഹത്തിന്റെ അവകാശവാദം. റഡീമർ ബോട്ടപകടത്തിൽപെട്ട ആശാന്റെ ജഡത്തിൽനിന്ന് കണ്ടെടുത്ത *ശ്രീബുദ്ധചരിതം* അഞ്ചാംഭാഗത്തിന്റെ പരിഭാഷ കവിമനസ്സ് പരിഭാഷായത്നത്തിൽ വ്യാപൃതനായതിന്റെ തെളിവായിട്ട് അദ്ദേഹം എടുത്തുകാണിക്കുന്നുണ്ട്. "കവിയുടെ സ്വകാര്യചിന്താപദ്ധതിയിൽ പ്രധാനപ്പെട്ട ഒരു സൃഷ്ടികർമ്മമായിരുന്നു ആ പരി

ഭാഷ"[37]. അങ്ങനെ ആ പരിഭാഷായത്നത്തിലൂടെ 'കൈരളിയെ ആനന്ദാശ്രുവിൽ മുക്കിയ' മഹാധന്യനായ എഴുത്തച്ഛന്റെ ശിഷ്യത്വം ഏറ്റുപറയുന്ന സംരംഭമായിട്ട് *ബുദ്ധചരിതം* രചനയെ കാണുന്നു. ആ ശിഷ്യത്വബോധം ജീവിതാന്ത്യംവരെ ആശാൻ നിലനിർത്തിയതുകൊണ്ടുതന്നെയാണ് കാവ്യകലാജീവിതത്തിലും അത് തുടർന്നത്. പരിഭാഷാസന്ദർഭത്തിൽ *അദ്ധ്യാത്മരാമായണം കിളിപ്പാട്ടാ*ണ് അദ്ദേഹത്തെ സ്വാധീനിച്ചത്. ഈ ശിഷ്യസങ്കല്പത്തെക്കുറിച്ചും ആഗ്രഹചക്രവാളത്തെക്കുറിച്ചും അൽപം വിശദീകരണമാവശ്യമാണ്. കാരണം കുമാരനാശാന്റേതെന്ന് ബാലകൃഷ്ണൻ തന്നെ സങ്കൽപ്പിച്ചെടുത്ത ഒന്നാണ് ഈ ആഗ്രഹചക്രവാളം. *ബുദ്ധചരിതം* നാലാംഭാഗത്തിലെ 'തുഞ്ചഗുരുവരോപജ്ഞമാം രീതിയിൽ' എന്ന ഗുരുപദപ്രയോഗത്തെമാത്രം അടിസ്ഥാനമാക്കിയിട്ടുള്ള പ്രസ്താവനയാണിത്. സാധാരണഗതിയിൽ കൃതികളിൽ കാണപ്പെടുന്ന ഗുരുവന്ദനമായിട്ടുമാത്രമേ ഈ പ്രയോഗത്തെ കാണേണ്ടതുള്ളൂ. 'കിളിപ്പാട്ട്' രീതിയിൽ *ബുദ്ധചരിതം* എഴുതണമെന്ന ആഗ്രഹത്തിനപ്പുറം ഒരു ചിന്ത ഇതിലൂടെ ആശാനിൽ ആരോപിക്കുന്നത് യുക്തിസഹമല്ല. എസ്.എൻ.ഡി.പി. യോഗപ്രവർത്തനവും നിയമസഭാപ്രവർത്തനവുംപോലുള്ള പൊതുപ്രവർത്തനങ്ങളിൽ മുഴുകിയിരുന്ന ആശാനിൽ ഭാരതത്തിലെയും കേരളത്തിലെയും നവോത്ഥാനപ്രസ്ഥാനങ്ങളുടെ അലയൊലികൾ പ്രതിഫലിച്ചിരുന്നു. സാഹിത്യത്തിൽ പ്രതിഫലിച്ചിരുന്ന നവഭാവുകത്വചിന്താധാരകളുമായി അദ്ദേഹം പരിചയം സമ്പാദിച്ചിരുന്നു. ഈ ഒരവസ്ഥയിൽ കവിതയിൽ പരമ്പരാഗതമായ ആഖ്യാനരീതികളുടെ കാലം കഴിഞ്ഞെന്ന ബോധ്യം വന്നതിനാലാണ് പുതുതലമുറയെ തൃപ്തിപ്പെടുത്താനുതകുന്ന തരത്തിലുള്ള കാവ്യരചനകളിൽ ആശാൻ ഏർപ്പെട്ടിരുന്നത്. അതിന്റെ ഭാഗമായിത്തന്നെയാണ് മിക്ക ഭാഷകളിലും ഭാഷാന്തരണം ചെയ്യപ്പെട്ട എഡ്വിൻ ആർനോൾഡിന്റെ *Light of Asia* അദ്ദേഹം പരിഭാഷപ്പെടുത്തിയത്.

ഇത് ആശാൻകൃതികളുടെ പിറവിയുടെ പിന്നിൽ പ്രവർത്തിച്ച സാമൂഹികപ്രാധാന്യമുള്ള വിഷയംകൂടിയാണ്. പക്ഷെ ഇത്തരം വിഷയങ്ങൾ ബാലകൃഷ്ണൻ സ്പർശിക്കാതെ വിട്ട്, കേവലം ആശാന്റെ 'ആഗ്രഹചക്രവാള'മെന്ന പേരു

നൽകി എഴുത്തച്ഛനെ ആശാന്റെ ഗുരുസ്ഥാനത്ത് പ്രതിഷ്ഠിക്കുകയാണ്. മുൻപ് സൂചിപ്പിച്ച *പ്രരോദനം, ചിത്രയോഗനിരൂപണം ടാഗോർമംഗളം* എന്നിവകളിൽ കാണപ്പെടുന്ന ചില പരാമർശങ്ങളിൽ പിടിച്ച് ബാലകൃഷ്ണൻ ആശാന്റെ എഴുത്തച്ഛന്റെ ഭാഷയോടുള്ള ശിഷ്യത്വം സൂചിപ്പിക്കുന്നുണ്ട്. എന്നാൽ പ്രസ്തുത കൃതികളിലൊന്നുംതന്നെ ആശാന്റെ, എഴുത്തച്ഛൻ ഭാഷയോടുള്ള പ്രത്യേക താൽപര്യമല്ലാതെ ഭക്തിഭാവമൊന്നും വ്യക്തമല്ല എന്നതാണ് വാസ്തവം.

*ബുദ്ധചരിത*ത്തെക്കുറിച്ചുള്ള നിരൂപണത്തിൽ വിഷയവ്യതിചലനം കാണുന്നു. കാര്യമാത്രപ്രസക്തങ്ങളല്ലാത്ത വിവരണങ്ങൾ ആദ്യവസാനം വിവരണങ്ങളിൽ ദൃശ്യമാണ്. കാവ്യം പഠിക്കുന്നതിനുവേണ്ട ജീവചരിത്രപഠനങ്ങൾ അദ്ദേഹം വേണ്ടത്ര ഉപയോഗിച്ചതായി കാണുന്നില്ല. *ബുദ്ധചരിതം* രചനയുടെ പശ്ചാത്തലമായി ആശാന്റെ വ്യക്തിജീവിതത്തിൽ മറ്റു പല ഘടകങ്ങളും നിലനിന്നിരുന്നു. അതുകൊണ്ടുതന്നെ ബാലകൃഷ്ണന്റെ ആശാനെക്കുറിച്ചുള്ള ജീവചരിത്രപശ്ചാത്തലനിരീക്ഷണത്തിലുള്ള പരിമിതികൾ വ്യക്തമാണ്. "ബുദ്ധന്റെ മാർഗ്ഗത്തോട് നാരായണഗുരുവിന്റെ മാർഗ്ഗത്തെ സാദൃശ്യപ്പെടുത്തുവാൻ ആശാൻ ആഗ്രഹിച്ചിരുന്നു. എന്നാൽ ഗുരുവിനെ താൻ പൂർണ്ണമായും മനസ്സിലാക്കിയിട്ടുണ്ടോ എന്ന സംശയം ഒരു വശത്തും ബുദ്ധമാർഗ്ഗം തന്നെയാണോ നാരായണഗുരുവിന്റെ മാർഗ്ഗം എന്ന സന്ദേഹം മറുവശത്തും ബലമായി നിന്നിരുന്നതുകൊണ്ട് വളരെ സൂക്ഷിച്ചാണ് കുമാരനാശാൻ ഈ രണ്ടു മഹാമതികളെയും മാനുഷികമൂല്യങ്ങളുടെ സന്ദർഭത്തിൽ മുഖാമുഖമായി നിലനിർത്തിയിട്ടുള്ളത്" എന്ന നിത്യചൈതന്യയതിയുടെ വാക്കുകൾ[38] ആശാന്റെ *ശ്രീബുദ്ധചരിതം* രചനയുടെ മേൽപറഞ്ഞ വശങ്ങളിലേക്ക് വെളിച്ചം തൂകുന്നതാണ്. ഇതിന്റെ രചനാവേളകളിലെല്ലാംതന്നെ ശ്രീനാരായണഗുരുവിനെക്കുറിച്ചുള്ള ചിന്തകളിൽ ആശാൻ വ്യാപൃതനായിരുന്നു. ഗുരുവിനെക്കുറിച്ചുള്ള രണ്ടു മുഖ്യകൃതികളുടെ രചന തടസ്സപ്പെട്ട അവസ്ഥയും അദ്ദേഹം അനുഭവിച്ചിരുന്നു. ഒരേസമയം *Light of Asia* യും ഗുരുവിന്റെ ജീവിതമാതൃകയും അദ്ദേഹത്തിന്റെ മുൻപിലുണ്ടായിരുന്നു. ഇതുകൂടാതെ നാലപ്പാട്ട് നാരായണമേനോൻ വളരെ മുൻപുതന്നെ *Light of Asia* യുടെ വിവർത്തനത്തിനുവേണ്ട അനുമതി

വാങ്ങുകയും വിവർത്തനം നിർവ്വഹിക്കുകയും ചെയ്തിരുന്നു. അക്കാര്യം അറിയാതെയാണ് ആശാൻ *Light of Asia*യുടെ വിവർത്തനം നടത്തിയത്. അനുമതി വാങ്ങി പ്രസിദ്ധപ്പെടുത്തിയ തന്നെ അറിയിക്കാതെ, തന്റെ അനുവാദം കൂടാതെ ആശാൻ *Light of Asia* പ്രസിദ്ധപ്പെടുത്തിയതിൽ നാലപ്പാടന് അസുഖം തോന്നി. അദ്ദേഹം അതുസംബന്ധിച്ച് നിയമനടപടി സ്വീകരിക്കുകയും ഒടുവിൽ മധ്യസ്ഥന്മാർ മുഖേന ഒത്തുതീർപ്പിലെത്തുകയുമാണുണ്ടായത്. ഇതു സംബന്ധിച്ച അസ്വസ്ഥത ആശാന്റെ മനസ്സിലുണ്ടായിരുന്നു. *ബുദ്ധചരിത*ത്തിന്റെ രചനയ്ക്ക് കാലതാമസം വരുത്തിയതിന് ഇതെല്ലാം കാരണങ്ങൾ തന്നെയാണ്. വളരെ പ്രധാനപ്പെട്ട ഇത്തരം സൂചനകളൊന്നും ബാലകൃഷ്ണന്റെ പഠനത്തിൽനിന്നും വ്യക്തമാകുന്നില്ല. ജീവചരിത്രനിരൂപണരീതി പിന്തുടരുമ്പോൾത്തന്നെ വിമർശകൻ നേരിടേണ്ടിവരുന്ന ഉത്പത്തിസംബന്ധമായ പരാധീനതകൾ *ബുദ്ധചരിത*പഠനത്തിലും ബാലകൃഷ്ണൻ നേരിടുന്നുണ്ട്. പ്രതിഭയുടെ സ്വഭാവംതന്നെ നൂതനത്വവും അതുല്യവുമാണെന്ന ആശയത്തിൽ അധിഷ്ഠിതമാണ് പഠനം. ഭക്തിയെന്നല്ലാതെ മറ്റൊരു പേരുവിളിക്കാനാവാത്തത്ര കടുത്ത ആദരമനോഭാവം[39]. ബാലകൃഷ്ണന് എഴുത്തച്ഛനോടുള്ളത് തുറന്നു പറയുന്നതിനാൽ അദ്ദേഹം ആശാന്റെ *ബുദ്ധചരിത*ത്തെ മറ്റു കൃതികളേക്കാൾ മഹത്വവൽക്കരിക്കുന്നതിൽ അത്ഭുതമില്ല. *ബുദ്ധചരിത*ത്തെക്കുറിച്ചുള്ള ഈവിധമുള്ള അമിതപ്രശംസ ആശാന്റെ പ്രശസ്തങ്ങളായ മറ്റു കൃതികളെക്കുറിച്ചുള്ള ബാലകൃഷ്ണന്റെ തന്നെ അഭിപ്രായങ്ങളെ അസ്ഥാനത്താക്കുന്നു.

### 2.1.7 *സീത*യിലെ അപഥസഞ്ചാരം

സംസ്കൃതത്തിലും ഇതിഹാസപുരാണാദികളിലും മികച്ച ധാരണയുള്ള ആശാൻ അവകളിൽനിന്നുള്ള ഇതിവൃത്തങ്ങൾ പൊതുവെ സ്വകൃതികളിൽ സ്വീകരിക്കുന്നില്ല എന്ന കാര്യം വേണ്ട രീതിയിൽ ചർച്ച ചെയ്തിട്ടില്ല. ആ കാഴ്ചപ്പാടോടെയാണ് ആശാന്റെ ഇതിഹാസാസ്പദകൃതിയായ *ചിന്താവിഷ്ടയായ സീത* എന്ന കൃതിയിലേക്ക് ബാലകൃഷ്ണൻ പ്രവേശിക്കുന്നത്. കവിയിൽ പ്രതിഭയുടെ ഉയിർത്തെഴുനേൽപും പ്രവർത്തനവും ഏതേതളവിൽ എപ്രകാരം പ്രവത്തിക്കുന്നു എന്ന മാനദണ്ഡമാണ് ബാലകൃഷ്ണന്റെ കൈമുതൽ. *ദുരവസ്ഥ*യിലും *ചിന്താവി*

*ഷ്ടയായ സീത*യിലും അദ്ദേഹം വൈകല്യം കാണുന്നു. *ചിന്താവിഷ്ടയായ സീത*യിൽ ലോകാപവാദത്തെപ്പറ്റിപ്പറയുന്ന ഭാഗമാണ് കവിയിലെ പതനവും വൈകല്യവുമായി കാണുന്നത്. ആശാന്റെ വ്യക്തിജീവിതവുമായി ബന്ധപ്പെടുത്തിയാണ് ഈ വിലയിരുത്തൽ. കവിതയിലെ ഭാഷ ഇതിലെ പ്രധാന ചർച്ചയാകുന്നു.

### 2.1.7.1 കവിയുടെ ദാർശനികചിന്ത

ആശാൻ ദാർശനികകവിയെന്ന നിലയിൽ പ്രഖ്യാതനാണല്ലോ[40] ഈയൊരു പ്രത്യേകത മനസ്സിൽവെച്ചാണ് ബാലകൃഷ്ണനും സീതാനിരൂപണം നടത്തുന്നത്. ദാർശനികതയിൽ അധിഷ്ഠിതമായ കവിപ്രതിഭയ്ക്ക് മരണചിന്തയിൽ വിമുഖത പ്രകടിപ്പിക്കാൻ കഴിയില്ല. മതപണ്ഡിതർക്കും ദാർശനികർക്കും മരണവിഷയമില്ലെങ്കിൽ ആശയവിനിമയം അസാധ്യമാണ്. അവ്യക്തവും അമൂർത്തവുമായ പ്രമേയത്തിലൂടെ ജീവിതത്തെ കാണുമ്പോൾ ഉണ്ടാവുന്ന ആ വ്യത്യസ്തത കുമാരനാശാന്റെ കൃതികളെ കാണുമ്പോൾ ബാലകൃഷ്ണൻ സൂചിപ്പിക്കുന്നു.

ആശാനിലെ ദാർശനികാകർഷണവും പ്രതിഭയുടെ ഉദ്ദീപനവും സമ്മിശ്രമായി പ്രവർത്തിച്ചതിന്റെ ഫലമത്രെ *ചിന്താവിഷ്ടയായ സീത*. ജീവിതത്തിലെ ഒരു പ്രത്യേക അവസ്ഥയിൽ സ്വജീവിതത്തിലേക്കുതന്നെ തിരിഞ്ഞുനോക്കുന്ന സീത, ദാർശനികതയിൽ അധിഷ്ഠിതമായിരുന്ന ആശാന്റെ കവിത്വസിദ്ധിയുടെ ശ്രദ്ധാകേന്ദ്രമായിരുന്നു. കവിയുടെ പ്രതിഭയുടേയും സാധനയുടേയും പ്രവർത്തനം ബാലകൃഷ്ണൻ പ്രത്യക്ഷമല്ലാത്ത പരാമർശങ്ങളിലൂടെ വ്യക്തമാക്കുന്നു. “മനസ്സിൽ അഭൗമികമായ ശാന്തിയുടെയും ദിവ്യമായ വിഷാദത്തിന്റെയും മൂർത്തിമദ്ഭാവമായ ഒരു സീതാദേവിയും തലയിൽ ചായക്കൂട്ടുകളും കൺമുന്നിൽ ധവളമായ ഒരു വലിയ ക്യാൻവാസുമായി അനേകം ദിനങ്ങൾ ആ കവി അസ്വസ്ഥനായിക്കഴിഞ്ഞിരിക്കണം”[41] എന്ന പ്രസ്താവന സൂചിപ്പിക്കുന്നത് അതാണ്.

### 2.1.7.2 ഇഴഞ്ഞുനീങ്ങിയ കാവ്യസാധന

ഒരു പ്രതിഭയിൽ നിലീനമായ സർഗ്ഗപ്രവർത്തനങ്ങൾക്ക് എങ്ങനെയെല്ലാം ദിശാമാറ്റം സംഭവിക്കാം എന്ന ചിന്ത ഗ്രന്ഥനിരൂപണങ്ങളിലും ചരിത്രരചനാവേള

കളിലും കവിതാനിരൂപണഘട്ടങ്ങളിലും ബാലകൃഷ്ണന്റെ ഇഷ്ടവിഷയമാണ്. അത്തരമൊന്നാണ് സീതാകാവ്യരചനാഘട്ടത്തിൽ ആശാൻ തള്ളിനീക്കിയ അഞ്ചു വർഷത്തെക്കുറിച്ചുള്ള ചിന്ത. ഇഴഞ്ഞുനീങ്ങിയ കവിപ്രതിഭയക്ക് ചില സന്ദർഭങ്ങ ളിൽ അനുഭവപ്പെട്ട സ്തംഭനാവസ്ഥയാണദ്ദേഹം സൂചിപ്പിക്കുന്നത്. അവ്യക്തമായ ദാർശനികസംജ്ഞകളുടെ മേഘപാളികൾ കവിയിൽ നിഴൽ വീഴ്ത്തിയ കാര്യങ്ങൾ മാത്രമല്ല കുമാരനാശാന്റെ വ്യക്തിജീവിതത്തിൽ അനുഭവിക്കേണ്ടിവന്ന ചില പ്രശ് നങ്ങൾ കൂടിയാണ് ബാലകൃഷ്ണൻ സൂചിപ്പിക്കുന്നത്. "ഒരു വശത്ത് കവിസഹജ മായ മനോവാസനകളും വൈകാരികബന്ധങ്ങളും; മറുവശത്ത് ബുദ്ധിഗോചരവും ജീവിതചര്യോത്ഭിന്നവുമായ അനുഭവങ്ങൾ-തുല്യബലങ്ങളായ ഈ ആഭ്യന്തരശ ക്തികളുടെ പരസ്പരസംഘർഷം അറിഞ്ഞും അറിയാതെയും ആശാന്റെ അന്തരംഗ ത്തിൽ നെടുനാൾ നടന്നുകൊണ്ടിരുന്നു"[42] എന്ന പ്രകാരം പ്രൊഫ. എൻ. കൃഷ്ണ പ്പിള്ള സൂചിപ്പിച്ച ആശാനിലെ അന്തഃസംഘർഷങ്ങൾ തന്നെയാണവ. ആശാന്റെ പ്രേമബന്ധവും വിവാഹവുമായി ബന്ധപ്പെട്ട അപവാദങ്ങളും ഈ സന്ദർഭത്തിൽ ശ്രദ്ധിക്കേണ്ട വശമാണ്. തന്റെ കവിത്വശക്തിയുടെ മറ്റൊരു വശം വികസിപ്പിക്കുന്ന തിന് ഗൃഹസ്ഥാശ്രമാനുഭൂതിക്കുള്ള പ്രാധാന്യം മനസ്സിലാക്കി ആശാൻ ദാമ്പത്യ ത്തിലേക്ക് പ്രവേശിക്കുന്നതും 45-ാം വയസ്സിലാണ്. കുമാരനാശാനിലെ മാനുഷിക ഭാവങ്ങൾക്ക് പരിവർത്തനമുണ്ടാക്കുന്ന കാലഘട്ടമാണിത്. 1918-ൽ എസ്.എൻ.ഡി. പി. യോഗത്തിലെ ഒരു സംഘം എതിരാളികൾ ആശാനെതിരെ അപവാദങ്ങൾ പ്രചരിപ്പിച്ചതും ഇതോട് ചെർത്തുവെച്ച് പരിശോധിക്കേണ്ടതാണ്.

### 2.1.7.3 ആഖ്യാനത്തിലെ സാങ്കേതികത

കവിതയിലെ 'നാടകീയസ്വഗതാഖ്യാന'മെന്ന സാങ്കേതികരചനാരീതി അവ ലംബിച്ചാണ് സീതയുടെ വിചാരം നടത്തിയതെന്നാണ് ബാലകൃഷ്ണൻ അവകാ ശപ്പെടുന്നത്. ഇതിനു വിമർശനലോകത്ത് അഭിപ്രായവ്യത്യാസമുണ്ടെങ്കിലും[43] ഏറെക്കുറെ മലയാളനിരൂപകർ അംഗീകരിച്ച വസ്തുതയാണ്. എന്നാൽ നാടകീയ സ്വാഗതാഖ്യാനമെന്ന ആഖ്യാനരീതികൊണ്ട് കവി നിബന്ധിച്ചെടുത്ത കലാമേ ന്മയും ഔചിത്യബോധവും മറ്റു കവികൾക്ക് ദൂരെ നിന്നുകൊണ്ടുമാത്രം നോക്കി

കാണാവുന്നത്ര മികച്ചതാണെന്ന് അവകാശപ്പെടാൻ കഴിയില്ല. കുമാരനാശാന്റെ *ചിന്താവിശിഷ്ടയായ സീത* എന്ന കാവ്യം നാടകീയസ്വാഗതാഖ്യാനരീതിയിലുള്ള കാവ്യത്തിന്റെ ലക്ഷണങ്ങൾ പൂർണ്ണമായിട്ടും ഉൾക്കൊള്ളുന്നതല്ല. കാരണം, സീതയുടെ ആത്മഗതത്തിനിടയിൽ പലപ്പോഴും കവി പ്രത്യക്ഷപ്പെടുന്നത് കാണാം.

### 2.1.7.4 ആഖ്യാനരീതിയിലെ അനൗചിത്യം

ഇതിഹാസകഥാപാത്രങ്ങൾ കാവ്യസന്ദർഭങ്ങളിൽ അവതരിപ്പിക്കുമ്പോൾ അവർക്കു നഷ്ടമാകുന്ന ഗാംഭീര്യപ്രകൃതി അക്ഷന്തവ്യമെന്നു കരുതുന്ന ബാലകൃഷ്ണൻ, കുഞ്ചൻനമ്പ്യാരുടെ കഥാപാത്രങ്ങളെ എഴുത്തച്ഛന്റെ കഥാപാത്രങ്ങളോടൊപ്പം പുകഴ്ത്തുന്നത് സംസ്കാരലോപമായി കരുതുന്നു. ജീനിയസ്സിന്റെ ജീവവായു ശ്വസിക്കുന്ന വലിയ പ്രതിഭാശാലിക്കുമാത്രമേ ഇതിഹാസപാത്രങ്ങളെ വിശ്വസനീയമായി അവതരിപ്പിക്കാൻ കഴിയൂ എന്നാണർത്ഥമാക്കുന്നത്. കൗരവമാതാവായ ഗാന്ധാരിയെ വിശ്വമാതൃത്വത്തിന്റെ ദുഃഖമായി അനുഭവിപ്പിച്ച എഴുത്തച്ഛനെ ഈ സന്ദർഭത്തിൽ ഉദാഹരണമാക്കുന്നുണ്ട്[44]

പാത്രഭാഷണവിഷയത്തിൽ ബാലകൃഷ്ണൻ വിധേയമാക്കുന്നത് പൗരജനഭർത്സനമാണ്. അയോദ്ധ്യയിലെ സ്ത്രീകളെയൊന്നടങ്കം ആക്ഷേപിക്കുന്നത് വാല്മീകിയുടെ സീതയ്ക്ക് ചേർന്നതല്ലെന്നാണ് അദ്ദേഹത്തിന്റെ യുക്തി. അത്തരം ഭാഷണം ഒരു സ്ത്രീക്കു ചേർന്നതായിട്ട് അദ്ദേഹം കരുതുന്നില്ല. ബാലകൃഷ്ണൻ ആദ്യമേ തന്റേതായ ഒരു കാവ്യതത്ത്വസിദ്ധാന്തം മുൻകൂട്ടി തീരുമാനിക്കുന്നത് നേരത്തേ സൂചിപ്പിച്ചിരുന്നു. അതിനോട് വിയോജിക്കാത്തവയെല്ലാം അദ്ദേഹം നിഷ്കരുണം നിഷേധിക്കുന്നതിന് ഏറ്റവും മികച്ച ഉദാഹരണമാണീ രംഗം. പൗരജനഭർത്സനരംഗമാണ് ചിന്താവിഷ്ടയായ സീതയുടെ രചനയുടെ പിന്നണിയിലേക്ക് പ്രവേശിക്കാൻ ബാലകൃഷ്ണനെ പ്രേരിപ്പിക്കുന്നത്. രചനാഘട്ടത്തിൽ ആശാൻ നേരിടേണ്ടിവന്ന പ്രതിസന്ധി ഇവിടെയാണ് വിവരിക്കുന്നത്. ആശാൻ കവിതയിലെ ഒരു കുഴഞ്ഞ പ്രശ്നമായി പൗരജനഭർത്സനവ്യഗ്രത അദ്ദേഹം കാണുന്നതിനുകാരണം ആത്മവിദ്യയാൽ ജീവിതം ശാന്തമായിക്കഴിഞ്ഞഴവളാണ് സീത എന്നതുകൊണ്ടാണ്. സാക്ഷാൽ സീതാദേവിയാണ് ഇങ്ങനെ ഭർത്സനം നടത്തുന്നത് എന്ന

അനൗചിത്യം ബാലകൃഷ്ണൻ ആശാൻ എന്ന കവിയിലേക്കും ആരോപിക്കുന്നു. *നളിനി*യിലും *ലീല*യിലും കാണാത്ത കാമവികാരത്തോട് അനുഭാവമുള്ള ചില വിചാരങ്ങൾ ബാലകൃഷ്ണൻ സീതാദേവിയിൽ കാണുന്നു. *ഗ്രാമവൃക്ഷത്തിലെ കുയിലിൽ* തീരാത്ത ആത്മാലാപനം സീതാദേവിയിലേക്ക് സംക്രമിച്ചതായിട്ട് അദ്ദേഹം കാണുന്നു. എന്നാൽ ബാലകൃഷ്ണന്റെ ഈ വാദം യുക്തിക്കു നിരക്കാത്തതുകൊണ്ട് വിമർശന വിധേയമായിട്ടുണ്ട്.

പരിതൃപ്തിയെഴാത്ത രാഗമാ-
മെരിതീക്കിന്ധനമായിനാരിമാർ
പുരിയിൽ സ്വയമാത്മജീവിതം
കരിയും ചാമ്പലുമാക്കിടുന്നിതേ

എന്ന ശ്ലോകത്തിലെ 'രാഗ'മെന്ന പദത്തെ 'കാമ'മെന്ന പദമാക്കി തെറ്റിദ്ധരിച്ചതാണ് ബാലകൃഷ്ണൻ എന്ന് തായാട്ട് ശങ്കരൻ വിവരിക്കുന്നുണ്ട്[45]. കൂടാതെ സീത ഭർത്താവൊത്ത് ഏകാന്തമായിട്ടനുഭവിച്ചുപോന്ന ജീവിതസൗഭാഗ്യമനുസരിക്കുന്ന സമയത്ത് 'പറയേണ്ടയി' എന്ന പദമുപയോഗിച്ചുള്ള വിശദീകരണവും ആശാനെക്കുറിച്ച് തെറ്റിദ്ധാരണയുണ്ടാക്കാൻ മത്രമേ ഉപകരിക്കൂ.

പടുരാക്ഷസചക്രവർത്തിയെ-
ന്നുടൽ മോഹിച്ചതു ഞാൻ പിഴച്ചതോ?

എന്ന സീതാവാക്യത്തിൽ ബാലകൃഷ്ണൻ എതിർപ്പു കാണുന്നത് സീത ഉപയോഗിച്ച ഭാഷയിലാണ്.

"ജീവിതത്തിന്റെ ഉള്ളറകളിൽ എത്തിച്ചേരുമ്പോൾ നാം ജീവിതത്തിന്റെ ബാഹ്യമായ ഏകമുഖമായ സത്യങ്ങൾ കാണാതിരിക്കുകയും ജീവിതം ബഹുമുഖമായ വിചിത്രമായ പരസ്പരവിരുദ്ധമായ ഒരു ലോകമാണ് എന്ന് മനസ്സിലാക്കുകയും ചെയ്യും... സീതയെ കുമാരനാശാൻ അവതരിപ്പിച്ചിരിക്കുന്നത് വളരെ ഭ്രാന്തചിത്തയായിട്ട്, ഉന്മാദയായിട്ട്, ശ്രീരാമനെ ചീത്ത വിളിക്കുന്ന ഒരു സ്ത്രീയായിട്ടാണ്.

പിന്നീട് വളരെ പരവശയായി ഈ ഉന്മാദത്തിൽ പശ്ചാത്തപിക്കുന്ന ഒരു സ്ത്രീയാ യിട്ടുമാണ്. ഇത് ഒരു manic–depessive കഥാപ്രസംഗമാണ് എന്ന് നമുക്ക് കാണാൻ കഴിയും"[46] എന്ന എം.എൻ. വിജയന്റെ നിരീക്ഷണത്തിൽ ഒരു വ്യക്തിയുടെ മാന സികാവസ്ഥയാണ് ആശാൻ കാണിച്ചുതരുന്നതെന്ന് വ്യക്തമാണ്. എന്നാൽ ബാല കൃഷ്ണന്റെ നിരീക്ഷണങ്ങൾ ഇത്തരം സന്ദർഭങ്ങളിൽ യുക്തിക്കു നിരക്കാതെ പോകുന്നു. ഇത്തരത്തിൽ പല സന്ദർഭങ്ങളിലും അദ്ദേഹത്തിന്റെ നിലപാടുകൾ സത്യവിരുദ്ധമായിപ്പോകുന്നുണ്ട്.

ജീവിതാനുഭവങ്ങളുടെ പ്രതികരണം എങ്ങനെയെന്നതിനാലാണ് കഥാപാ ത്രമഹത്വം ബാലകൃഷ്ണൻ കാണുന്നത്. എന്തുപറഞ്ഞുവെന്നല്ല, എങ്ങനെ പറ ഞ്ഞുവെന്നാണ് മഹത്വമായിക്കാണുന്നത്. *ചിന്താവിഷ്ടയായ സീത* യിലെ സീതാ ചിന്തകൾക്കുണ്ടായത് ഈ കുറവാണ്. ഇവിടെ ശ്രദ്ധിക്കപ്പെടേണ്ട ഒരു വശം *ചിന്താ വിഷ്ടയായ സീത* യിലെ സാമൂഹികാംശത്തെക്കുറിച്ച് ബാലകൃഷ്ണൻ നിശ്ശബ്ദ നാണ് എന്നതാണ്. സാമൂഹികമായി ചിന്തിച്ചാൽ ഒരു സ്ത്രീക്കു വന്നുഭവിച്ച നീതി കേടിനെതിരെയുള്ള പ്രതിഷേധമാണ് സീതയുടെ ചിന്ത എന്നു പറയാം. രാജാവായ ഭർത്താവും അയോദ്ധ്യാപുരവാസികളും തന്നോട് കാണിച്ച അനീതിക്കെതിരെയുള്ള പ്രതികരണമായിരുന്നു സീതയുടേത്. സമൂഹികമായ ഈ ഘടകം ബാലകൃ ഷ്ണന്റെ പഠനത്തിൽ ഉൾപ്പെട്ടിട്ടില്ല.

നിരൂപണത്തിന്റെ ഒരു ഘട്ടമെത്തുമ്പോൾ സീതാദേവിയുടെ സ്വരപാരുഷ്യം ബാലകൃഷ്ണന് അസഹനീയമാവുന്നു. സീതാചിന്തയിലെ ശരിതെറ്റുകളെക്കുറി ച്ചുള്ള ന്യായാന്യായവിവാദങ്ങൾ കവിപ്രതിഭയ്ക്കു എൽപ്പിച്ചുകൊടുക്കുകയാണദ്ദേ ഹം. എന്നാൽ പറയുന്ന ഭാഷണമെന്തിനെപ്പറ്റിയായാലും തികഞ്ഞ ഗാംഭീര്യപ്ര തീതി വേണമെന്ന കാര്യത്തിൽ വിട്ടുവീഴ്ചയില്ല. ഗംഭീരമായ ഒരു ഹൃദയത്തിന്റെ രീതിക്കു നിരക്കണം അവ. പക്ഷെ *ചിന്താവിഷ്ടയായ സീത*യിൽ ആശാൻ സീത യെക്കൊണ്ട് പറയിപ്പിക്കുന്ന വാക്കുകൾ ഒട്ടും അസ്ഥാനത്തല്ല എന്ന് നിരീക്ഷിക്ക പ്പെടുന്നുണ്ട്[47] കാരണം മിണ്ടാപ്രാണികളാക്കി ഒതുക്കിനിർത്താതെ ഇരുപതാംനൂ

റ്റാണ്ടിലെങ്കിലും സ്ത്രീകൾക്ക് ആത്മഗതം ചെയ്യാനെങ്കിലുമുള്ള സ്വാതന്ത്ര്യം കൊടുക്കുവാനാണ് കുമാരനാശാൻ ശ്രമിച്ചത്.

കുമാരനാശാനെ പഠിക്കുമ്പോൾ കവിതയെ സാമൂഹ്യജീവിതത്തിന്റെ പ്രശ്നങ്ങളിൽനിന്ന് വേറിട്ടുനിർത്തുന്നതിൽ മേന്മ കാണുന്ന ബാലകൃഷ്ണൻ ചന്തു മേനോനെ പഠിക്കുമ്പോൾ ഭക്തിയും ഇംഗ്ലീഷ് വിദ്യാഭ്യാസവും കൃതിയിൽ സ്വാധീനിക്കുന്നതിൽ എതിർപ്പു കാണുന്നില്ല. ബാലകൃഷ്ണന്റെ സാമൂഹികവിമർശന ചിന്തയിലെ ഇത്തരം വൈരുദ്ധ്യം ആശാൻപഠനത്തിൽ ആദ്യന്തം തെളിഞ്ഞുകാണുന്നതാണ്.

### 2.1.8. വിമർശനാവബോധം ഉൾക്കൊണ്ട കൃതി

ബാലകൃഷ്ണന്റെ ആശാൻ നിരൂപണത്തിൽ കലാചിന്ത വ്യക്തമായി പ്രത്യക്ഷപ്പെടുന്ന ഭാഗമാണ് *കരുണ*യുടെ പഠനം. ആദ്യമായി, കല അതിന്റെ ശ്രേഷ്ഠഭാവത്തിൽ എപ്പോഴും ആത്മനിഷ്ഠമാണ് എന്ന കലാപക്ഷത്ത് നിലയുറപ്പിച്ചതിനു ശേഷമാണ് *കരുണ* എന്ന കാവ്യശില്പത്തെ അദ്ദേഹം സമീപിക്കുന്നത്. നിരൂപണത്തിന്റെ സ്ഥിതിയും അതേ പക്ഷപാതചിന്തയിൽ നിലനിർത്തുന്നതിനാൽ *കരുണാ* നിരൂപണവും സർവ്വസ്വീകാര്യമാവില്ല എന്നും അത് ആത്മനിഷ്ഠമായിരിക്കുമെന്നുമുള്ള ഒരു മുൻധാരണ ബാലകൃഷ്ണൻ നിലനിർത്തുന്നു. ആ അർത്ഥത്തിൽ പഠനത്തിനു മുമ്പായി കവിതയെ 'കാവ്യകല അഥവാ ഏഴാമിന്ദ്രിയം' എന്ന് സ്വന്തമായി നിർവ്വചിച്ചെടുത്ത് പദരചനാ-ശില്പപൂർണ്ണതയോടൊപ്പം കവിതയുടെ എല്ലാ ഭാവങ്ങളും ഒത്തിണങ്ങിയ സൃഷ്ടിയായി *കരുണ*യെ വിലയിരുത്തുന്നു.

*കരുണ*യിൽ അന്തരിതമായിരിക്കുന്ന സംഗീതാത്മകതയെക്കുറിച്ചുള്ള നിരീക്ഷണങ്ങൾ ശ്രദ്ധിക്കപ്പെടേണ്ടതാണ്. ആശാൻകവിതയിലെ ശബ്ദസാന്നിദ്ധ്യം ചരിത്രപരമായി കണ്ടെത്താൻ ശ്രമിക്കുന്നു. ആദ്യകാലരചനകളായ കൈകൊട്ടിപ്പാട്ടുകളിലും സ്ത്രോത്രങ്ങളിലും ശബ്ദസാന്നിദ്ധ്യം അടങ്ങിയിരിക്കുന്നതായി അദ്ദേഹം അഭിപ്രായപ്പെടുന്നു. ഇതിന്റെ തുടർച്ച *നിജാനന്ദാനുഭൂതി*യിലൂടെ നളിനിയിലും എത്തിച്ചേരുന്നുണ്ട്. "ഉറക്കെ ഉച്ചരിച്ചുകേൾക്കുമ്പോൾ ഹൃദയത്തിൽ ഭക്തിയും

ശാന്തിയും അർത്ഥനിരപേക്ഷമായുളവാക്കുന്ന സ്തോത്രങ്ങളുടെ രചനയിൽ ശിക്ഷണമുറച്ച കവിയാണ് *നളിനി*യും *ലീല*യും എഴുതിയതെന്ന് എന്തു കാരണംകൊണ്ടോ, ആശാന്റെ ആരാധകരായ വിമർശകന്മാർപോലും ഓർമ്മിക്കാറില്ല"[48] എന്ന് ബാലകൃഷ്ണൻ ആരോപിക്കുന്നു. അത് ദുർഗ്രഹതയാർന്ന ആശാനിലെ ശബ്ദപ്രാധാന്യം ആരും ശ്രദ്ധിക്കാത്തതിനാലാണ് എന്നദ്ദേഹം ചൂണ്ടിക്കാണിക്കുന്നു. മലയാള കവിതയിൽ ശബ്ദസൗന്ദര്യത്തിന്റെ കാര്യത്തിൽ എഴുത്തച്ഛനുശേഷം കൂടുതൽ പരീക്ഷണങ്ങൾ നടത്തി വിജയിച്ച കവി ആശാനാണെന്നാണ് ബാലകൃഷ്ണൻ സ്ഥാപിക്കുന്നത്. *ഉപഗുപ്തന്റെ അനുകമ്പ* എന്ന കാവ്യനാമം *കരുണ* എന്നാക്കി തിരുത്തിയതോടെ വന്ന മാറ്റം പ്രത്യേക എടുത്തുകാണിക്കുന്നു. ബോധപൂർവ്വം തിരുത്തലുകൾ നടത്തി കാവ്യസാധനാനിരതമായ ഒരു ക്ലേശം ആശാൻ അനുഭവിച്ചതായി കാണുന്നു. ചിലപ്പോൾ കാവ്യസാമാന്യമായ പദങ്ങൾക്കുപകരം നിത്യഭാഷയിലെ പദങ്ങൾ ചേർക്കുന്നതിൽ താൽപര്യം കാണിച്ചതിനു *കരുണ*യിലെ വരികൾതന്നെ ഉദാഹരണമാക്കുന്നുണ്ട്. പൊതുവെ സംസാരഭാഷയോടുള്ള സാമീപ്യവും സംഗീതവും നിലനിർത്തിക്കാണുന്നു. ഇങ്ങനെ കവിതയിലെ സംഗീതാത്മകതയെക്കുറിച്ചുള്ള ബാലകൃഷ്ണന്റെ ധാരണ വ്യക്തമാക്കുന്നതാണ് *കരുണ*യെക്കുറിച്ചുള്ള നീരീക്ഷണങ്ങൾ. ശബ്ദപ്രധാനമായ സാഹിത്യരൂപമാണ് കവിതയെന്നു വിശ്വസിച്ചിരുന്ന കവിയായിരുന്നു കുമാരനാശാൻ എന്നാണർത്ഥമാക്കുന്നത്. 'സംഗീതബോധമില്ലാത്ത ഒരാൾക്ക് എങ്ങനെ കവിതയെഴുതാൻ കഴിയു'മെന്ന് ഒരിക്കൽ ആശാൻ ചോദിച്ചതായി അദ്ദേഹത്തിന്റെ ജീവചരിത്രകാരന്മാരും രേഖപ്പെടുത്തിയിട്ടുണ്ട്[49].

#### 2.1.8.1 കാവ്യങ്ങളിലെ സമാനതകളും കവിപ്രതിഭയുടെ അശരീരിയും

കുമാരനാശാന്റെ ജീവിതകാലഘട്ടവും ചരിത്രസംഭവങ്ങളും അടിസ്ഥാനമാക്കിക്കൂടിയാണ് ബാലകൃഷ്ണൻ *കരുണ*യെ പഠിക്കുന്നത്. ആശാന്റെ പ്രധാനപ്പെട്ട മൂന്നു പ്രേമകാവ്യങ്ങളും സമാനതകൾ പ്രകടിപ്പിക്കുന്നവയാണ്. കഥാസ്വീകരണം, കഥാപാത്രസംവിധാനം, പ്രേമശക്തിയാൽ സ്വജീവിതഹോമം, അന്വേഷണം, കൂടിക്കാഴ്ച, കാവ്യാരംഭകാലം ഇവക്കെല്ലാം പുറമെ പ്രകൃതിയും വിജന

തയും ഇവകളിൽ സമ്മേളിക്കുന്നു. മരണം എന്ന പ്രശ്നം ആശാന്റെ ദാർശനികചിന്തയുമായി ബന്ധപ്പെട്ടതാണ്. പ്രേമത്തെ മരണത്തോട് താദാത്മ്യപ്പെടുത്തി ആവിഷ്കരിക്കാനുള്ള പ്രവണതയിൽ പ്രത്യേകതകാണാം. അപ്രധാനകഥാപാത്രങ്ങളുടെ മരണം സാധാരണമരണങ്ങളാകുമ്പോൾ നളിനി, ലീല, വാസവദത്ത എന്നീ നായികമാരുടേത് അത്തരത്തിലുള്ള കേവലജീവിതാന്ത്യമല്ല. നിത്യജീവിതം, പ്രേമസായൂജ്യം എന്നിങ്ങനെയുള്ള നിത്യസങ്കൽപവുമായി തന്മയീഭവിക്കുന്ന ഒരുതരം ആത്മത്യാഗത്തിലൂടെയുള്ള അനുരാഗസാഫല്യമാണവ. മൂന്നു കൃതികൾക്കും ഇത് ബാധകമാണ്.

രചനാനന്തരം കവിയെപ്പോലും അത്ഭുതപ്പെടുത്തുന്നവരാണ് കഥാപാത്രങ്ങൾ. ജീനിയസ്സിന്റെ പൂർണ്ണമായ സന്നിവേശം വേണ്ടവിധം കവിയിൽ പ്രവേശിക്കാത്തതിനാലാണ് ചില കൃതികൾ മാത്രം പരാജയങ്ങളായിത്തീരാൻ കാരണം എന്നും, എന്നാൽ *നളിനി, ലീല, കരുണ* എന്നിവ അതിന്റെ പൂർണ്ണസന്നിവേശത്താൽ വിപരീതമായവയാകയാൽ സമ്പൂർണ്ണവിജയമാണ് എന്നും ബാലകൃഷ്ണൻ അഭിപ്രായപ്പെടുന്നു. കവിയിലെ ജീനിയസ്സിന്റെ പ്രവൃത്തി *ലീലാ*കാവ്യത്തിലെ അതേ രീതിയിൽ കവിയെ കീഴ്പ്പെടുത്തുന്ന കഥയാണ് *കരുണ*യും പറയുന്നത്. അടിസ്ഥാനപരമായി ഏകവർഗ്ഗ സ്വഭാവമുള്ള ഈ മൂന്നു കൃതികളിൽ സ്വയം വിമർശനബോധം ഉൾക്കൊണ്ടാണ് *കരുണ*യിലെ കഥാപാത്രചിത്രീകരണം ആശാൻ നിർവഹിച്ചത്.

ശ്രദ്ധാർഹങ്ങളായ ചില നിരീക്ഷണങ്ങളാണ് ബാലകൃഷ്ണൻ *കരുണ*യിൽ കണ്ടെത്തുന്നത്. കരചരണശ്രവണനാസികകൾ മുറിക്കപ്പെട്ട് രക്തത്തിൽ കുളിച്ച് ആസന്നമൃത്യുവായി വാസവദത്ത ചുടുകാട്ടിൽ കിടക്കുന്ന സമയം ഉപഗുപ്തൻ അവളെ സമീപിക്കുന്ന രംഗം വിശദീകരിച്ചുകൊണ്ട് ബാലകൃഷ്ണൻ പറയുന്നു:

“കുലവൃത്തിവശാൽ സംഭോഗജീവിതത്തിൽ മുങ്ങിക്കിടന്ന വാസവദത്തയിൽ, സ്നേഹനീയമായ ഹൃദയമേന്മകളുണ്ടെന്ന് സ്വാനുഭവങ്ങൾകൊണ്ട് ഗ്രഹിക്കാൻ കഴിഞ്ഞ ആ ജീവിതവിജ്ഞൻ ഈ സ്വഭാവവൈരുദ്ധ്യം ഏതെങ്കിലും മഹാദുരന്തത്തിന്റെ പടുകുഴിയിൽ അവളെ വീഴ്ത്തുമെന്ന് ദീർഘദർശനം ചെയ്തിരിക്കണം... ശ്രീബുദ്ധശിഷ്യനായ അർഹന്തൻ രതിഭാവത്തിന്നതീതനാണ്... പതിതജീ

വികളോട് അനുകമ്പയും സഹജീവികളോടെല്ലാം സ്നേഹവും മാത്രമല്ല അവനു വശപ്പെടുന്ന അനുഭവങ്ങൾ"[50].

ചുടുകാട്ടിലേക്കു പോകാൻ ഉപഗുപ്തനെ പ്രേരിപ്പിച്ച മനോഭാവത്തെ 'രതി ഭാവനിർമുക്തമായ പ്രത്യനുരാഗ'മെന്നാണ് ബാലകൃഷ്ണൻ വിശേഷിപ്പിക്കുന്നത്. വാസ്തവത്തിൽ വാസവദത്ത തന്നോടുകാണിച്ച മാനസികമായ അടുപ്പം മനസ്സിലാക്കാത്ത ഉപഗുപ്തൻ ബുദ്ധശിഷ്യനാകാൻ വഴിയില്ല എന്നദ്ദേഹം സൂചിപ്പിക്കുന്നുണ്ട്. ഉപഗുപ്തന്റെ ഇത്തരം പ്രവർത്തനങ്ങളുടെ അടിസ്ഥാനം ബുദ്ധഭിക്ഷുക്കൾക്കുണ്ടാകുന്ന ദീനാനുകമ്പയുടെ ഭാഗമായിക്കാണാൻ നമ്മെ പ്രേരിപ്പിക്കുന്നവയാണ്. ആ കാഴ്ചപ്പാടിൽ *കരുണ* വായിച്ചാൽ സ്നേഹത്തിന്റെ വിശുദ്ധഭാവം ഉപഗുപ്തനിൽ ലീനമാണെന്നു കാണാം. വാസവദത്ത കൊലപാതകം ചെയ്തോ എന്നത് അവിടെ അപ്രസക്തമാണ്. "കൊലപാതകി കൂടിയായ വാസവദത്തയെ ശ്മശാനത്തിൽ ചെന്ന് സമാശ്വസിപ്പിക്കാൻ വേണ്ടത്ര ആത്മധൈര്യം ബുദ്ധമതത്തിന്റെ കരുണാതത്വത്തിൽനിന്നാണ് അവനു വിശേഷാൽ ലഭിച്ചതെന്നു വരാം."[51] *കരുണ* ആദ്യന്തം ശ്രദ്ധിച്ചുപഠിക്കുന്നവർക്ക് ഈ അഭിപ്രായം നിരസിക്കാൻ കഴിയില്ല. സമസ്തമനുഷ്യരേയും ഒന്നായിക്കാണുന്ന പ്രതിഫലേച്ഛാരഹിതമായ സ്നേഹത്തെയാണ് ബുദ്ധദർശനം അംഗീകരിക്കുന്നത്. അതുകൊണ്ടാണ് ഉപഗുപ്തൻ ആ അനുരാഗാഭ്യർത്ഥന സ്വീകരിച്ചത്. ദുഃഖത്തിന്റെ തമോഭൂമിയിലേക്ക് കാരുണ്യത്തിന്റെ പ്രതീകമായിട്ടാണ് ഉപഗുപ്തൻ കടന്നുവരുന്നത്. മറ്റുള്ളവരുടെ ദുഃഖം അകറ്റുന്നത് സമ്യക്കർമ്മമാണ് ബുദ്ധദർശനത്തിൽ. 'സമയമായില്ല' എന്ന ഉപഗുപ്തവാക്യത്തിൽ പിൽക്കാലത്ത് സൗന്ദര്യം നശിക്കുന്ന ഘട്ടത്തിൽ ചെല്ലാം എന്നാവാം അർത്ഥമാക്കുന്നത്. അങ്ങനെയെങ്കിൽ ഉപഗുപ്തന് ദിവ്യപരിവേഷം ലഭിക്കണം.

സുഖകരമായ ഒരു മരണംപോലും നൽകാതെ ഈ പ്രപഞ്ചം മുഴുവൻ വാസവദത്തയെ തള്ളിപ്പറഞ്ഞപ്പോൾ ദുഃഖത്തിന്റെയും നിസ്സഹായതയുടെയും നടുവിൽകിടന്ന് ഉഴറുമ്പോൾ, ആരും കടന്നു ചെല്ലാനറയ്ക്കുന്ന ശ്മശാനഭൂവിലെത്തിച്ചേരുന്ന ഉപഗുപ്തന്റെ വിശുദ്ധോദാരമായ കരുണയാണ് അവളെ നിർവ്വാണത്തിലേക്കു നയിക്കുന്നത് എന്ന് ഡോ. ഡി. ബഞ്ചമിനും അഭിപ്രായപ്പെടുന്നുണ്ട്[52].

*ഉപഗുപ്തന്റെ അനുകമ്പ* എന്ന പേരിൽ എഴുതിത്തീർക്കുകയും *കരുണ* എന്നു പേരിട്ട് പരിഷ്കരിക്കുകയും ചെയ്ത കൃതിയിൽ കവി തന്റെ കാവ്യനിർവ ഹണലക്ഷ്യമാണ് നിറവേറ്റിയത്. വേശ്യയായ ഒരു സുന്ദരിയുടെ അനുരാഗകേന്ദ്രം താനാണെന്ന വസ്തുത അറിഞ്ഞ നായകൻ അത് ഉൾക്കൊണ്ടതോടെ മാറുകയാ ണിവിടെ. ആ അനുകമ്പയ്ക്ക് എന്തു പേരിട്ട് വിശേഷിപ്പിക്കണമെന്ന ചോദ്യമാണ് ബാലകൃഷ്ണൻ ഉയർത്തുന്നത്. അവിടെയാണ് 'പ്രത്യനുരാഗ'മെന്ന പദം പ്രത്യ ക്ഷമാവുന്നത്. *കരുണയെ*ക്കുറിച്ച് തികച്ചും മൗലികമായ ചില ആശയങ്ങൾ പ്രകാ ശിപ്പിച്ചതും *കരുണയി*ലെ ജീവിതസംഭവങ്ങളെ സവിശേഷമായ വിധത്തിൽ കാണാ ൻ കഴിഞ്ഞതും ബാലകൃഷ്ണന്റെ നേട്ടമായി നിരീക്ഷിക്കപ്പെട്ടിരിക്കുന്നു[53]. ചരിത്ര വസ്തുതകളുടെ പിൻബലത്തോടുകൂടിയുള്ള ഇത്തരം കണ്ടെത്തലുകളിൽ പുതുമ അവകാശപ്പെടാം. അത്തരത്തിലുള്ള കണ്ടെത്തലുകളുടെ മറ്റൊരു ഉദാഹരണമാണ് ആദ്യപകർപ്പിൽ പ്രത്യക്ഷപ്പെടാതെ പിന്നീട് ആശാൻ എഴുതിച്ചേർത്തു എന്ന് ബാലകൃഷ്ണൻ അവകാശപ്പെടുന്ന താഴെ കൊടുത്ത വരികൾ :

> "ശരിശരി ! പരദുഃഖശമനമോർത്തല്ലോ മുറ്റും
> ശരണത്രയീധനന്മാർ ഭിക്ഷതെണ്ടുന്നു.
> തിരഞ്ഞു രക്ഷ നൽകുന്ന ദേവതകളല്ലോ സാക്ഷാൽ
> ധരണിയിൽ നടക്കുമിദ്ധർമ്മദൂതന്മാർ." (*കരുണ*)

ഈ വരികളുടെ ആശയം കവിക്ക് കാവ്യലക്ഷ്യം ഓർമ്മ വന്നതിന്റെ ഫലമത്രെ. കരുണയിൽ കുതിർന്ന വാക്കുകളാണ് തുടർന്ന് ഉപഗുപ്തൻ ഉച്ചരിക്കുന്നത്. വിമർശ നാത്മകമായ രീതിയിൽ ആശാൻ കാവ്യരചന നിർവഹിച്ചപ്പോൾ ഉപഗുപ്തനെ കരുണാഭാവത്തിന്റെ മൂർത്തിയായിട്ടുതന്നെയാണ് പ്രതിഷ്ഠിച്ചത്.

#### 2.1.8.2 *കരുണ*യിലെ ചില പരിമിതികൾ

*കരുണ*യുമായി ബന്ധപ്പെട്ട ബാലകൃഷ്ണന്റെ നിരീക്ഷണങ്ങളിൽ വ്യത്യ സ്തങ്ങളായ ആശയങ്ങൾ അടങ്ങിയിരിക്കുന്നു. അതേ സമയം *കരുണ*യുടെ മഹത്വം കണ്ടെത്താതെപോയ സാഹിത്യപഞ്ചാനനൻ പി.കെ. നാരായണപ്പിള്ളയുടെ സമു ദായചിന്തകലർന്ന വിമർശനം അദ്ദേഹം പരാമർശിക്കുന്നുണ്ട്. *കരുണ*യിൽ രൂപാ

ജീവിയുടെ വേഷത്തിന് വാസവദത്തയെ തെരഞ്ഞെടുത്ത ആശാന്റെ പ്രവൃത്തിയിൽ സാമുദായികചിന്ത കലർത്തുന്നുണ്ട് സാഹിത്യപഞ്ചാനനൻ[54]. അതുകൂടാതെ ആശാന്റെ സമുദായത്തെത്തന്നെ അദ്ദേഹം പരാമർശിക്കുന്നുണ്ട്. ഇതെല്ലാം *കരുണ* വേണ്ടപോലെ പഠിക്കാതെ പോകാൻ കാരണമായി.

ബാലകൃഷ്ണന്റെ വിമർശനത്തിൽ ഭാഷാസംബന്ധമായ പോരായ്മകൾ ആദ്യന്തം നിലനിൽക്കുന്നു. ഭാഷ പലപ്പോഴും കൃത്രിമവും ആവർത്തനവിരസവുമായി അനുഭവപ്പെടുന്നു.

ബാലകൃഷ്ണൻ കലയേയും സാഹിത്യത്തേയും ഒക്കെ വിലയിരുത്തുന്നത് കലാപക്ഷത്തുനിന്നാണ്. അതിനടിസ്ഥാനം സൗന്ദര്യം എന്നത് ആത്മനിഷ്ഠമാണ് എന്ന ചിന്തയാണ്. ഒരാൾ മികച്ച സാഹിത്യകാരനായിമാറുന്നത് അദ്ദേഹത്തിന്റെ സാമൂഹ്യവ്യക്തിത്വത്തിലുപരി ചില പ്രത്യേക വ്യക്തിവൈശിഷ്ട്യം ജന്മസിദ്ധിയാൽ ലഭ്യമാകുന്നതിനാലാണെന്നദ്ദേഹം വിലയിരുത്തുന്നു. ഇത്തരത്തിലുള്ള വീക്ഷണങ്ങൾ ഏറെയും കുട്ടികൃഷ്ണമാരാരെ പിൻപറ്റിക്കൊണ്ടുള്ളതാണ്. 'കല അതിന്റെ ശ്രേഷ്ഠഭാവത്തിൽ എപ്പോഴും ആത്മനിഷ്ഠമാണ് കലാസ്വാദനശേഷിയും വ്യക്തിഗതമായ ഒരു ഹൃദയവൈഭവമത്രെ. വസ്തുനിഷ്ഠമായ ആസ്വാദനമെന്നൊന്ന് കവിതയിൽ സാധ്യമല്ല'[55] എന്നു പറയുന്നതിലൂടെ കലാസ്വാദനത്തിലെ വ്യക്തിപരതയാണല്ലോ അർത്ഥമാക്കുന്നത്. തനിക്കനുഭവപ്പെട്ട രീതിയിൽ ഒരു കവിതയുടെ വിശേഷസൗഭാഗ്യം വാക്കിൽ വിവരിക്കുന്ന നടപടി വ്യക്തിത്വത്തിന്റെ വ്യക്തിഭാവങ്ങളെ നിമജ്ജനം ചെയ്യുന്ന സമഷ്ടിയിലേക്ക് നിരൂപകനെ വലിച്ചിഴച്ചുകൊണ്ടുപോകുന്നുവെന്ന് അദ്ദേഹം പ്രസ്താവിക്കുന്നു[56].

കുമാരനാശാന്റെ ഏതു കൃതിയെ സമീപിക്കുമ്പോളും ആദ്യമേ ഒരു ചട്ടക്കൂടുണ്ടാക്കി തന്റെ സിദ്ധാന്തങ്ങളെ അവയിലൊതുക്കാനുള്ള ശ്രമം ഗ്രന്ഥത്തിൽ കാണാം. കാവ്യനിരൂപണത്തിൽ കവിതയെ മറ്റു മേഖലകളുമായി ബന്ധപ്പെടുത്തുന്നതിനു തടസ്സമായി നിൽക്കുന്നത് പ്രതിഭാസംബന്ധമായ ഈ ചട്ടക്കൂടാണ്. ഭാരതീയകാവ്യസിദ്ധാന്തങ്ങളോടോ പാശ്ചാത്യകാവ്യതത്ത്വങ്ങളോടോ പൂർണ്ണമായി

യോജിക്കുന്നതല്ല ബാലകൃഷ്ണന്റെ സൗന്ദര്യസങ്കൽപ്പം എന്ന് *കാവ്യകല കുമാര നാശാനിലൂടെ* എന്ന ഗ്രന്ഥത്തെ ആസ്പദമാക്കി പറയാം.

## 2.2.0 എഴുത്തച്ഛൻകൃതികളിലൂടെ അഭിവ്യക്തമാവുന്ന സമൂഹചിത്രവും കഥാപാത്രചിത്രവും

ഭാരതീയ ഇതിഹാസപുരാണങ്ങളിലെയും നീതിസാരകഥകളിലെയും ദർശ നങ്ങളും സങ്കൽപങ്ങളുമാണ് കേരളീയരുടെ സാംസ്കാരികജീവിതത്തിൽ അലിഞ്ഞു ചേർന്നിരിക്കുന്നത്. വ്യത്യസ്ത്യഭാഷകളിൽക്കൂടി പ്രവഹിച്ച ഈ ധാരയുടെ പ്രധാന ഉറവിടം മലയാളിയെ സംബന്ധിച്ചിടത്തോളം എഴുത്തച്ഛൻ കൃതികളാണെന്നു പറയാം. മലയാളിയുടെ ധർമ്മാധർമ്മസങ്കൽപങ്ങൾ ദൃഢതരമാക്കിയതിന് എഴുത്ത ച്ഛൻ കൃതികൾക്ക് പ്രധാന പങ്കുണ്ട്. എഴുത്തച്ഛൻസാഹിത്യം മലയാളത്തിൽ വിശാ ലമായ ഒരു പഠനശാഖതന്നെയായി മാറിയതിനു കാരണം ഭഷയ്ക്കും സാഹിത്യ ത്തിനും അദ്ദേഹം ചെയ്ത സംഭാവനകളുടെ വ്യാപ്തിയും വൈചിത്ര്യവുമാണ്. എഴുത്തച്ഛന്റെ തന്നെ സവിശേഷമായ ചില പ്രത്യേക സ്വഭാവഘടനയിലേക്കും ഒരു പ്രദേശത്തെ സാംസ്കാരികജീവിതത്തെ രൂപപ്പെടുത്തിയ പ്രതിഭയുടെ സങ്കീർണ്ണ മായ രചനാവ്യക്തിത്വത്തിലേക്കും വെളിച്ചം വീഴ്ത്തിയ ഏതാനും പണ്ഡിത ന്മാർമാത്രമേ നമുക്കുണ്ടായിരുന്നുള്ളൂ. സാഹിത്യപഞ്ചാനനൻ ഡോ. പി.കെ. നാരാ യണപ്പിള്ള, എൻ കൃഷ്ണപിള്ള, എഡി. ഹരിശർമ്മ, എന്നിവരെപ്പോലെ അപൂർവം ചിലർ. എന്നാൽ അവർ ആ വഴിയിൽ ഏറെ ദൂരം സഞ്ചരിച്ചിട്ടുമില്ല. പി.കെ. ബാല കൃഷ്ണന്റെ *എഴുത്തച്ഛന്റെ കല-ചില വ്യാസഭാരതപഠനങ്ങളും* എന്ന ഗ്രന്ഥത്തിന്റെ പ്രസക്തി ഈ സന്ദർഭത്തിൽ പരിശോധനയർഹിക്കുന്നു. എഴുത്തച്ഛനെക്കുറിച്ചുള്ള ബാലകൃഷ്ണന്റെ ചിന്ത പ്രത്യക്ഷപ്പെടുന്നത് 1970-ൽ *കാവ്യകല കുമാരനാശാനി ലൂടെ* എന്ന ഗ്രന്ഥത്തിലെ 'പ്രതിഭാസംഗമം', 'ആഗ്രഹചക്രവാളം', 'കവിതയും കാവ്യസംഗീതവും' എന്നീ അദ്ധ്യായങ്ങളിലാണ്. കുമാരനാശാന്റെ ദാർശനികാഭിമു ഖ്യവും അന്തർമുഖപ്രകൃതവും വിശദീകരിക്കുമ്പോൾ എഴുത്തച്ഛൻകൃതികൾ ആശാൻ മാതൃകയാക്കിയത് സൂചിപ്പിക്കുന്നുണ്ട്. *ബുദ്ധചരിതം പരിഭാഷ*യിലും *കരുണ*യിലെ സംഗീതാത്മകതയെക്കുറിച്ചുള്ള നിരൂപണത്തിലും കുമാരനാശാന് എഴുത്തച്ഛനോടുള്ള കടപ്പാട് ബാലകൃഷ്ണൻ വിശദമായി ചർച്ച ചെയ്യുന്നുണ്ട്.

1970 കാലത്ത് മഹാഭാരതത്തെ ഉപജീവിച്ച് *ഇനി ഞാൻ ഉറങ്ങട്ടെ* എന്ന നോവൽരചനാഘട്ടത്തിലാണ് വ്യാസഭാരതത്തിന്റെ വ്യാപ്തിയും കഥാസന്ദർഭങ്ങ ളുടെ സ്ഥാനക്രമവും അദ്ദേഹം വ്യക്തമായി മനസ്സിലാക്കുന്നത്. എഴുത്തച്ഛന്റെ *ഭാരതംകിളിപ്പാട്ടു*മായി വ്യാസഭാരതം താരതമ്യം ചെയ്തപ്പോൾ വ്യാസഭാരതത്തിലെ ആകെക്കൂടിയുള്ള ജീവിതവീക്ഷണത്തിനും കാഥാപാത്രഘടനയ്ക്കും വിരുദ്ധ മാണ് എഴുത്തച്ഛന്റെ ഭാരതത്തിൽ തെളിഞ്ഞു കാണുന്ന കഥാഘടനയും കഥാപാ ത്രസ്വഭാവവും എന്നദ്ദേഹം മനസ്സിലാക്കുന്നു.

1983-ൽ പുറത്തിറങ്ങിയ *ജാതിവ്യവസ്ഥിതിയും കേരളചരിത്രവും* എന്ന ഗ്രന്ഥത്തിൽ കേരളീയജാതിസമൂഹചർച്ചയിൽ എഴുത്തച്ഛനെക്കുറിച്ച് പരാമർശിക്കു ന്നുണ്ട്.

കേവലമൊരു തർജ്ജമക്കാരൻ വരകവിയും ഭാഷാപിതാവുമാകുന്നതെങ്ങ നെയെന്ന സംശയം ബാലകൃഷ്ണൻ പ്രകടിപ്പിക്കുന്നുണ്ടെങ്കിലും തന്റെ സാഹി ത്യാവബോധത്തിന്റെ 'മൂലശില' ഭക്തകവിയായ എഴുത്തച്ഛനാണെന്ന് അദ്ദേഹം അംഗീകരിക്കുന്നുണ്ട്[57] ഈ ബോധമാണ് ബാലകൃഷ്ണനെ ഗ്രന്ഥരചനയിൽ സ്വാ ധീനിക്കുന്ന പ്രധാനഘടകം എന്നുകാണാം.

എഴുത്തച്ഛൻ എന്ന കവിപ്രതിഭയുടെ കാവ്യവ്യക്തിത്വത്തെക്കുറിച്ചും ജീവ ചരിത്രവസ്തുതകളെക്കുറിച്ചും പൂർണ്ണവും ഖണ്ഡിതവുമായ വിധിയെഴുത്ത് ചരി ത്രപണ്ഡിതരുടെ ഭാഗത്തുനിന്നുണ്ടായിട്ടില്ല. എഴുത്തച്ഛൻകൃതികളിൽനിന്നും ലഭ്യ മായ സൂചനകളനുസരിച്ചുള്ള വസ്തുതകൾ അപഗ്രഥിച്ചുകൊണ്ടാണ് എഴുത്തച്ഛന്റെ ജീവചരിത്രത്തിലേക്ക് ബാലകൃഷ്ണൻ പ്രവേശിക്കുന്നത്. എഴുത്തച്ഛൻ കൃതികൾക്ക് എഴുത്തച്ഛന്റെ കാലശേഷം രണ്ടു നൂറ്റാണ്ടെങ്കിലും കഴിഞ്ഞാണു പ്രചാരം ലഭ്യമാ യതെന്നാണ് ബാലകൃഷ്ണൻ പറയുന്നത്. സമൂഹത്തിലെ ബ്രാഹ്മണരല്ലാത്തവ രിൽപ്പെട്ട പ്രതിഭകളുടെ പിതൃത്വം സവർണ്ണജാതികളിൽ ചാർത്തിക്കൊടുക്കുന്ന കേരളത്തിന്റെ പതിവുരീതിയിൽനിന്നും വ്യത്യസ്തമായി നായന്മാരിൽത്തന്നെയും പതിതജാതി നായരാക്കി എഴുത്തച്ഛനെ സങ്കൽപിക്കാൻ കാരണം ജൻമദേശത്ത് അവശേഷിച്ചിരുന്ന ജീവിതസത്യമാവാമെന്ന് അദ്ദേഹം കരുതുന്നു. "ഉന്നതരായ

നായന്മാരുടെ ഉപജാതിമഹിമാബോധം കടുകട്ടിയായിരുന്ന അന്നത്തെ സമുദായ സ്ഥിതിയിൽ അതിനെക്കൂടി ആദരിക്കാൻ ബാധ്യസ്ഥനായ എഴുത്തച്ഛൻ താൻ ചക്കാലനായരാണെന്ന സത്യം ഏറ്റു പറയാനാവണം "അജ്ഞാനീനാമാദ്യനായുള്ളോരു ഞാൻ" എന്നതിലെ 'ആദ്യൻ' പ്രയോഗിച്ചത്[58]എന്ന പ്രസ്താവത്തിലൂടെ പതിതപദവിയിൽ ഏറ്റവും പതിതനായിരുന്നു താൻ എന്ന് അദ്ദേഹം വ്യക്തമാക്കുന്നതിനുപുറമേ എഴുത്തച്ഛൻ ചക്കാലനായരാണെന്നു സ്ഥാപിക്കുകകൂടിചെയ്യുന്നു. താരതമ്യേന അക്കാലത്ത് നായന്മാരിൽ അക്ഷരജ്ഞാനം പരിമിതവുമായിരുന്നു എന്ന കാര്യം

"പലർക്കുമാത്മജ്ഞാനമില്ലായ്കതന്നെ ഞാനും -
ജ്ഞാനമുണ്ടെന്നാകിലേ രമിപ്പൂ നൂനമിതിൽ
ജ്ഞാനമോ നൂറുപേരിലൊരുത്തനുണ്ടാകിലാം"[59]

എന്ന വരികളിൽ ധ്വനിക്കുന്നത് ഉദാഹരിക്കുന്നു.

**അക്ഷരമാലയെ സംബന്ധിച്ച അവ്യക്തത**

എഴുത്തച്ഛനുമായി ബന്ധപ്പെട്ട ഭാഷാചർച്ചയിൽ ലിപിസംബന്ധമായുള്ള അഭിപ്രായങ്ങൾ ഇക്കാലത്ത് ചർച്ചയ്ക്കുവരാറില്ല. എഴുത്തച്ഛൻ കാലഘട്ടത്തിൽ ഭാഷാശാസ്ത്രസംബന്ധമായ പല പ്രത്യേകതകളും നിലവിൽ വന്നു കഴിഞ്ഞിരുന്നു. എന്നാൽ ബാലകൃഷ്ണന്റെ അതുസംബന്ധിച്ചുള്ള വിവരണങ്ങൾ വ്യക്തമല്ല. സാർവ്വത്രികപ്രചാരമുള്ള ഒരു ലിപി 16-ാം നൂറ്റാണ്ടിലെ കേരളത്തിൽ നിലവിൽവന്നിരുന്നില്ലെന്നും ഒരുപക്ഷെ തന്റെ കൃതികളുടെ പകർപ്പുണ്ടാക്കാനുള്ള ശ്രമത്തിന്റെ ഭാഗമായി എഴുത്തച്ഛൻതന്നെ ഗ്രന്ഥാക്ഷരങ്ങൾവെച്ചു രൂപം നൽകിയിരിക്കാവുന്നതുമായ മലയാളലിപി"[60] എന്നും അദ്ദേഹം പറയുന്നുണ്ട്. മലയാളലിപികൾ ഇന്നത്തെ മട്ടിൽത്തന്നെ എ.ഡി. 1300 നോടടുത്ത കാലത്ത് കേരളത്തിൽ നിലവിലുണ്ട്. പല ഭാഷാപണ്ഡിതരും ഇതു വ്യക്തമാക്കിയതാണ്[61]. പതിനാലാം നൂറ്റാണ്ടായതായി കാണുന്ന ആദിത്യവർമ്മയുടെ ശാസനം പത്മനാഭസ്വാമിക്ഷേത്രത്തിലെ കൃഷ്ണൻ കോവിലിലുള്ളത്-ഗ്രന്ഥാക്ഷരത്തിൽനിന്നുള്ള മലയാളം അക്ഷരത്തിന്റെ വളർച്ചയെ

കാണിക്കുന്നുണ്ട്. ഏതായാലും തെക്കെ ഇന്ത്യയിൽ സംസ്കൃതം എഴുതുവാൻ പഴയ കാലം മുതൽക്കേ ഉപയോഗിച്ചിരുന്ന ഗ്രന്ഥലിപി നമ്മുടെ മലയാളലിപിയായി എഴുത്തച്ഛന്റെ കാലത്തിനു രണ്ടുമൂന്നു നൂറ്റാണ്ടു മുമ്പെങ്കിലും നടപ്പിൽ വന്നു കാണണം[62].

എഴുത്തച്ഛൻ കൃതികളെക്കുറിച്ചും കാലഘട്ടങ്ങളെക്കുറിച്ചുമുള്ള ഡോ. കെ. എൻ. എഴുത്തച്ഛന്റെ അഭിപ്രായങ്ങൾ ഭാഷാശാസ്ത്രസാഹിത്യചരിത്രപണ്ഡിതരിൽ ഏറെക്കുറെ സ്വീകാര്യത നേടിക്കഴിഞ്ഞതാണ്.

**ഉപരിവർഗ്ഗം അയിത്തം കല്പിച്ച ഭാഷ**

എഴുത്തച്ഛനെക്കുറിച്ച് പ്രചാരത്തിലുള്ള ധാരണകളിൽനിന്നും വ്യത്യസ്തമായി അക്കാലത്തെ ജാതിവ്യവസ്ഥയെ അടിസ്ഥാനമാക്കിയാണ് ബാലകൃഷ്ണന്റെ പഠനം. കേരളസമൂഹം ഇന്ത്യയുടെ ഇതരഭാഗങ്ങളിൽനിന്നും ജീവിതപശ്ചാത്തലം കൊണ്ട് വ്യത്യസ്തമായിരുന്നു. സവർണ്ണവർഗ്ഗമായ ബ്രഹ്മണാധിപത്യത്തിൽ വളരെ വിചിത്രമായ ജാതിസമ്പ്രദായത്തിൽ അടിപ്പെട്ടുപോയ കേരളീയസമൂഹത്തെ ഇന്ത്യയുടെ മറ്റു പ്രദേശവുമായി താരതമ്യപ്പെടുത്താൻ ബാലകൃഷ്ണൻ തയ്യാറല്ല. ആ വിചിത്രമായ സാമൂഹികസ്ഥിതി അദ്ദേഹം വിവരിക്കുന്നുണ്ട്. അറിവ് നമ്പൂതിരിമാരിൽ മാത്രം ഒതുങ്ങി നിന്നെങ്കിലും അതിൽപ്പോലും നമുക്ക് വൈരുദ്ധ്യങ്ങൾ കാണാൻ കഴിയും. അറിവിന്റെ കുത്തക അവകാശപ്പെടുന്ന നമ്പൂതിരിമാർ ലേഖനവിദ്യയിൽ നിരക്ഷരായിരുന്നു. "ചരിത്രപഠനത്തിൽ പത്മനാഭമേനോൻ. കണ്ടതും, എഴുത്തച്ഛൻ മുൻകൂറായി സാക്ഷ്യപ്പെടുത്തിയതുമായ സാമൂഹ്യപരിതസ്ഥിതി എഴുത്തച്ഛന്റെ കാലത്ത് പരമാവധി ശക്തമായി നിലനിന്നിരുന്നു എന്ന പരമപ്രധാനസത്യം കണക്കിലെടുക്കാതെയാണ് നമ്മുടെ മിക്ക ഭാഷാചരിത്രകാരന്മാരും ഭാഷാസാഹിത്യചരിതങ്ങൾ രചിച്ചുവച്ചിട്ടുള്ളത്"[63]. എന്നദ്ദേഹം അഭിപ്രായപ്പെടുന്നുണ്ട്. നമ്പൂതിരിമാർ സംസ്കൃതഭാഷയെ പ്രമാണമാക്കി മലയാളത്തെ നിഷിദ്ധമാക്കിവെച്ചിരുന്നു എന്ന കെ.പി. പത്മനാഭമേനോന്റെ *കൊച്ചീരാജ്യചരിത്ര*ത്തിലെ പരാമർശമാണ് ബാലകൃഷ്ണൻ ഉദ്ധരിക്കുന്നത്[64]. ബ്രാഹ്മണരുടെ ജീവിതാവശ്യങ്ങൾക്കുവേണ്ടിയുള്ള പ്രവർത്തനങ്ങളാണ് മലയാളത്തെ അഭിവൃദ്ധിപ്പെടുത്തിയത്. വേദാദ്ധ്യയനമായിരുന്നു അവർക്ക് പ്രധാനം. അതിനുവേണ്ടി പ്രത്യേക ശാസ്ത്രസഭാമഠങ്ങൾ

അവർ സ്ഥാപിച്ചിരുന്നു[65]. ജീവിതത്തിൽ കീഴ്ജാതിക്കൾക്കു കൽപിച്ചുകൊടുത്ത സ്ഥാനം മാത്രമാണ് ബ്രാഹ്മണർ മലയാളത്തിനു നൽകിയത് എന്നാണദ്ദേഹത്തിന്റെ നിഗമനം. ജാതിയും ഉപജാതിയും കാരണം സമൂഹത്തിൽ ഒറ്റപ്പെട്ടുപോയ വ്യക്തി യുടെ ജീവിതാവസ്ഥകളിലേക്കുള്ള ബാലകൃഷ്ണന്റെ അന്വേഷണം എത്തിനോ ക്കുന്നത് ഒരു സാമൂഹ്യചിന്തകന്റെ വീക്ഷണത്തോടെയാണ്. ചരിത്രത്തിലെ ഈ അവസ്ഥയെ പരാമർശിക്കുമ്പോൾ മണിപ്രവാളസാഹിത്യകാലത്തെ 'ദേവദാസീസ ഞ്ചയ'മാക്കി ഇളംകുളത്തിന്റെ വിലയിരുത്തൽ ബാലകൃഷ്ണൻ അംഗീകരിക്കുന്നില്ല. എഴുത്തച്ഛന്റെ കൃതികളിലെ പരാമർശങ്ങൾ ഉദ്ധരിച്ചുകൊണ്ട് സാമൂഹികപരിണാമ ത്തിന്റെയും ജനജീവിതവൃത്തിയുടെയും വ്യത്യസ്ത വശങ്ങളാണ് ഇങ്ങനെ അനാ വരണം ചെയ്യുന്നത്. കേരളത്തിന്റെ ആത്മീയവും ഭൗതികവുമായ സൗകര്യങ്ങളുടെ കുത്തക നമ്പൂതിരമാരിലായിരുന്നു. മഹാഭൂരിപക്ഷമായിരുന്ന 'പതിത'വർഗം സാഹി ത്യത്തിൽ ഒരു ഘടകമേയായിരുന്നില്ല. നായന്മാരുടേതുപോലുള്ളവരുടെ സന്മാർഗ ബോധവും വികലമായിരുന്നു. ഭാഷോച്ചാരണപോലും വികലമായിരുന്ന അവർക്ക് സാഹിത്യോദ്യമം അസാധ്യമായിരുന്നു. അത്തരം ജനതയുടെ മനോഭാവംപോലും ഉപരിവർഗത്തിനെതിരെ തിരിഞ്ഞില്ല എന്നത് ആ സാമൂഹികാവസ്ഥയുടെ പ്രത്യേ കതയായിട്ടു കാണണം. രാമായണ-ഭാരത കിളിപ്പാട്ടുകളുടെ കർത്താവുപോലും ദ്വിജകുലപാദസേവാവ്യഗ്രതയെ അത്തരത്തിൽ എതിർക്കുന്നില്ല. സാമൂഹികമായ ഒര വസ്ഥയെ നിലനിർത്തിപ്പോരുന്നതിൽ ബ്രാഹ്മണേതരജാതികൾ അബോധപൂർവ മായി പങ്കാളികളായത് തെളിയിക്കുന്ന രീതിയാണ് ഇവിടെ ബാലകൃഷ്ണന്റെ വാദ ത്തിന്റെ പ്രത്യേകത. എന്നാൽ നിഷേധിക്കാനാവാത്ത വാസ്തവമായ ഭാഷാപിതൃ സ്ഥാനം എഴുത്തച്ഛനിൽ വന്നുചേർന്നിരിക്കുന്നത് കവിയോ സമൂഹംതന്നെയോ അറിയാത്ത തരത്തിലാണെന്ന് ബാലകൃഷ്ണൻ പറയുന്നു. എന്നുവെച്ചാൽ കേരളീ യരുടെ ബോധപൂർവകമായ ആഗ്രഹവും നമ്പൂതിരിമാരുടെ എതിർപ്പും അപ്രസ ക്തമാക്കിക്കൊണ്ട് ആ കൃതികൾക്ക് സാർവത്രികപ്രചാരം സിദ്ധിച്ചു. അന്നേക്കു കഥാവശേഷൻ പോലുമല്ലാത്ത ഒരു 'അപൗരുഷേയശബ്ദ'മായി മാറിയിരുന്ന കവി യോ, സമൂഹമോ അറിഞ്ഞുണ്ടായ മാറ്റമോ, ആഗ്രഹിച്ചുണ്ടായ മാറ്റമോ അല്ല കേരള ചരിത്രത്തിലെ ഏറ്റവും നിർണ്ണായകമായ ഈ മാറ്റം കേരളീയ ജനതയുടെ ബോധ

പൂർവകമായ ആഗ്രഹവും നമ്പൂതിരിമാരുടെ എതിർപ്പും സ്വയം അപ്രസക്തമായി ത്തീർന്ന ഒരു സ്ഥിതിവിശേഷം ആ കൃതികൾ പിടിച്ചുപറ്റിയ സാർവത്രിക പ്രചാരത്തിന്റെ ഫലമായി സ്വയം ആവിർഭൂതമായി എന്നതാണ് നാം കാണേണ്ടിവ രുന്ന സത്യം"[66]. ഇത്തരത്തിലൊക്കെ വിശദീകരിക്കപ്പെടുന്നതും സാമാന്യമായ അള വുകളിലൊന്നും ഒതുങ്ങുന്നതല്ല എഴുത്തച്ഛന്റെ ഭാഷയെന്നാണു ഇവിടെയൊക്കെ അർത്ഥമാക്കുന്നത്.

**പരാധീനതയുടെ ജൈവബന്ധം അഥവാ സിദ്ധിയുടെ സ്വാധീനം**

എഴുത്തച്ഛൻകൃതികളും പശ്ചാത്തലവും ഭാഷാവിചാരവും അവലോകനം ചെയ്യുമ്പോൾ അക്കാലത്തെ വ്യവഹാരഭാഷയെക്കുറിച്ചുള്ള ചില നിരീക്ഷണങ്ങളി ലൂടെ അദ്ദേഹത്തിന്റെ പരിഭാഷാസംരംഭങ്ങളിൽ പ്രധാനപ്പെട്ട ചില കാര്യങ്ങൾ ബാലകൃഷ്ണൻ വിവരിക്കുന്നുണ്ട്. അതിൽ പ്രധാനപ്പെട്ടതാണ് എഴുത്തച്ഛന്റെ കാ ലത്തെ ഭാഷാരൂപത്തെക്കുറിച്ചുള്ള അവ്യക്തസൂചനകൾ. ഭാഷാശാസ്ത്രപണ്ഡിത രിൽ ഏറെക്കുറെ വ്യത്യസ്തരീതികളിൽ അഭിപ്രായവ്യത്യാസമുള്ള വിഷയമാണിത്. എഴുത്തച്ഛനു മുൻപുതന്നെ മലയാളം നല്ല മലയാളമായിത്തീർന്നിരുന്നു എന്നത് തെളിയിക്കപ്പെട്ടതാണ്. അക്ഷരമാലാസൃഷ്ടി, ഭാഷാപരിഷ്കരണം എന്നീ വിഷയ ങ്ങളിൽ എഴുത്തച്ഛന്റെ പ്രാമാണ്യം ചോദ്യംചെയ്യപ്പെട്ടുകഴിഞ്ഞതാണ്[67]. തുടർന്ന ദ്ദേഹം പറയുന്ന കാര്യം പരിഭാഷാസമയത്ത് ഉത്തേജിതമാവുന്ന കവനസിദ്ധിയെപ്പറ്റി യാണ്. "അന്യമായ ഒരു കാവ്യത്തിന്റേയോ പരകീയമായ ഒരാശയത്തിന്റെയോ താങ്ങുകൂടാതെ എഴുത്തച്ഛനിലെ കവനസിദ്ധി ഒരിക്കലും പ്രവർത്തിക്കുകയില്ല"[68]. ഒരു പ്രത്യേക മനോഘടനയുടെ സവിശേഷതയാണീ പരാധീനത. പരിഭാഷാസമ യത്താണ് ഈ ഉയർന്ന കവനസിദ്ധി പരിഭാഷകനു ലഭിക്കുന്നത്.

അതുവരെ മലയാളത്തിൽ പരിചിതമല്ലാതിരുന്ന ദ്രാവിഡശീലുകളുമായി എഴുത്തച്ഛൻ ഭാഷാന്തരീകരണത്തിനു മുതിർന്നതിനു പിന്നിലെ പ്രേരണ മേൽപ റഞ്ഞ കവനസിദ്ധിയുടെ പരോക്ഷമായ സ്വാധീനമാണ് എന്നദ്ദേഹം പറയുന്നു. പരിഭാഷയുടെ ശരീരം ഇതിവൃത്തത്തേക്കാൾ ചീർപ്പിച്ചിരിക്കുന്നതിനു പിന്നിലെ രഹസ്യം ഗാഢഭക്തിയാണ്. എന്തായാലും പ്രൗഢിയും സൗഭാഗ്യവും നൈസർഗ്ഗി

കമായ സർഗചേതനയുമാണ് എഴുത്തച്ഛന്റെ ഭാഷ പരകീയാശയങ്ങൾ നവാനുഭൂതിക്ഷമമായി തിരിഞ്ഞ് എഴുത്തച്ഛന്റെ കവിചേതനയെ സൃഷ്ടിമാർഗ്ഗത്തിലേക്ക് ത്വരിപ്പിക്കയാണ് ചെയ്തത്. ഈ അഭിപ്രായം പരിശോധിക്കപ്പെടേണ്ടതാണ്.

### 2.2.1 *രാമായണം* മൂലത്തിന്റെയും *കിളിപ്പാട്ടി*ന്റേയും താരതമ്യം

മൂലത്തെ അതിശയിപ്പിക്കുന്ന പരിഭാഷ എന്ന പണ്ഡിതമതത്തിന്റെ അർത്ഥശൂന്യത വെളിവാക്കുന്ന രീതിയിലാണ് *രാമായണം* മൂലത്തെയും *കിളിപ്പാട്ടി*നെയും ബാലകൃഷ്ണൻ സമീപിക്കുന്നത്. യാഗരക്ഷാർത്ഥം വിശ്വാമിത്രൻ രാമലക്ഷമണന്മാർക്ക് നൽകുന്ന മന്ത്രമുപദേശം, താടകാവധനിർദ്ദേശം ജനകരാജധാനിയിൽ രാമൻ വില്ലുകുലയ്ക്കുന്ന രംഗം, സീതാവരണമാല്യരംഗം, എന്നിവ എടുത്തുകാണിച്ചാണ് എഴുത്തച്ഛന്റെ 'മനോധർമ്മ'ത്തെയും 'പൊടിക്കൈപ്രയോഗ'ത്തെയും വാഴ്ത്തുന്നവരെ ബാലകൃഷ്ണൻ നേരിടുന്നത്. ആരണ്യകാണ്ഡത്തിൽ രാക്ഷസസേന രാമനുമായുള്ള ഏറ്റുമുട്ടൽ മൂന്നു ശ്ലോകങ്ങളിൽ പറഞ്ഞ കാര്യം കിളിപ്പാട്ടിൽ അത് ഏറ്റവും ഭംഗിയായി ഒൻപതു പുറത്തു കാണാവുന്നതാണ്. ഹനുമാന്റെ ലങ്കാദഹനവും കൗസല്യയുടെ ശ്രീരാമസ്തുതിയും അപ്രകാരംതന്നെ താരതമ്യം ചെയ്ത് കിളിപ്പാട്ട് രൂപസൗഭാഗ്യവും ഭാവപ്രൗഢിയും തികഞ്ഞ നൈസർഗ്ഗികകാവ്യധാരയായി മാറ്റുന്നത് അദ്ദേഹം കാണുന്നു. ഇതെല്ലാം കാണുമ്പോൾ വാഗ്ദേവതയുടെ അവതാരത്തെ സ്തുതിക്കാൻപോന്ന വാക്കുകൾ നമുക്കു വശമില്ലാത്തതോർത്ത് ബാലകൃഷ്ണൻ പരിതപിക്കുന്നു. ഇങ്ങനെയുള്ള അമിതപ്രശംസകളിൽ ബാലകൃഷ്ണനിൽനിന്നും വന്നുപോകുന്ന പദപ്രയോഗങ്ങളാണ് ഭാഷാശാസ്ത്രസംബന്ധമായ യുക്തികൾക്ക് ഭംഗമുണ്ടാക്കുന്നത്.

#### 2.2.1.1 ആത്മാനുകരണങ്ങളും ആത്മാപഹരണങ്ങളും നടത്തിയ 'വരകവി'

എഴുത്തച്ഛന്റെ അനുകരണവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ പി.കെ. നാരായണപ്പിള്ള, എ.ഡി. ഹരിശർമ്മ, എൻ. കൃഷ്ണപ്പിള്ള എന്നിവരുടെ അഭിപ്രായങ്ങളെ ബാലകൃഷ്ണൻ അനുകൂലിക്കുന്നുണ്ട്. അന്യരുടെ കൽപനകൾ വിപുലമായി എഴുത്തച്ഛൻ അനുകരിക്കുന്നത് അദ്ദേഹം കാണുന്നു. എഴുത്തച്ഛന്റെ ഭാഷ ചില സന്ദർഭങ്ങളിൽ അനുകരണത്തിന്റെ വഴിയിൽ സമാന്തരമായി സഞ്ചരിക്കുന്നു

ണ്ട്. ഔചിത്യദീക്ഷ എന്ന പരമപ്രധാനമായ കാവ്യഗുണം പലപ്പോഴും എഴുത്തച്ഛൻ പാലിക്കാതെ അതിവാചാലതയ്ക്കടിപ്പെട്ടുപോകുന്ന സന്ദർഭങ്ങൾ ധാരാളം അദ്ദേഹം കണ്ടെത്തുന്നു. എന്നാൽ അവ നമുക്ക് അരോചകമാവുന്നില്ല എന്നതാണ് നിലനിൽക്കുന്ന വൈരുദ്ധ്യം. "*കിളിപ്പാട്ടി*ന്റെ അന്തരീക്ഷത്തിൽവച്ചു പ്രകടമായ ഈ ഔചിത്യലംഘനം ഒരു കല്ലുകടിയായിട്ടല്ല നമുക്കനുഭവപ്പെടുന്നതെന്നും, സരസ്വതീപ്രസാദം ശോഭ ചോരിയുന്ന കവിതയുടെ വിയൻമണ്ഡലത്തിലേക്കു സ്വയമറിയാതെ നാം ഉയരുകയാണു ചെയ്യുന്നതെന്നുമുള്ള വൈരുദ്ധ്യം, എഴുത്തച്ഛൻ എന്ന കവിതാ തത്ത്വസമസ്യയെ പരമാവധി സങ്കീർണ്ണമാക്കുന്നു"[69] എന്നദ്ദേഹം പറയുന്നതുകൊണ്ടാണ്. ഇത്രയൊക്കെ ഔചിത്യക്കുറവ് കാണുമ്പോഴും എഴുത്തച്ഛൻ ആവിഷ്കരണരീതിയിൽ കൊണ്ടുവന്ന പുതുമയ്ക്ക് മങ്ങലേൽക്കുന്നില്ല. ആത്മനിയന്ത്രണത്താൽ കാര്യമാത്രപ്രസക്തമായി കവിതാസരസ്വതിയെ വിളിപ്പുറത്തുവരുത്താൻ എഴുത്തച്ഛനുള്ള കഴിവ് ചോദ്യം ചെയ്യപ്പെടാത്തതാണ് എന്ന് അവകാശപ്പെടുകയും ചെയ്യുന്നു. എഴുത്തച്ഛന്റെ അനുകരണങ്ങളെ അനുകരണങ്ങളെന്നറിഞ്ഞിട്ടും അവ എഴുത്തച്ഛനെന്ന 'വരകവി'യുടെ സൃഷ്ടികളായി കാണുകയാണ് ബാലകൃഷ്ണൻ. ഗ്രന്ഥാരംഭത്തിൽ 'പ്രസ്താവന'യിൽ സൂചിപ്പിക്കുന്ന ഭക്തിയിൽ കവിഞ്ഞ ആരാധനാഭാവം എഴുത്തച്ഛനെക്കുറിച്ചുള്ള വിശേഷണങ്ങളിൽ പ്രകടമാകുന്നു. 'അമാനുഷൻ', 'അവതാരപുരുഷൻ' തുടങ്ങിയ വിശേഷണങ്ങൾ അതാണ് വ്യക്തമാക്കുന്നത്.

**2.2.1.2 ഭാഷാതീതമായ സ്വരപ്രൗഢി**

എഴുത്തച്ഛൻകൃതികളെ സമീപിക്കുമ്പോൾ കേരളീയരിൽ നിലീനമായ സംഗീതാഭിമുഖ്യത്തെക്കുറിച്ചുള്ള ബാലകൃഷ്ണന്റെ നിരീക്ഷണങ്ങൾ ശ്രദ്ധിക്കേണ്ടതാണ്. കുമാരനാശാനെ പഠിക്കുമ്പോൾ എഴുത്തച്ഛൻ കൃതികളിലെ ശബ്ദസൗന്ദര്യത്തെ അദ്ദേഹം വിശദീകരിക്കുന്നുണ്ട്. ഭാഷാപരമായ അതിരുകൾക്കപ്പുറത്ത് വർത്തിക്കുന്ന ദ്രാവിഡശീലുകളിൽ വാർന്നുവീഴുന്ന എഴുത്തച്ഛൻ കവിതകളിൽ ഉൾച്ചേർന്നിരിക്കുന്ന ശബ്ദതാളലയഭംഗികളാണ് അദ്ദേഹത്തിന്റെ പ്രത്യേക ശ്രദ്ധയ്ക്ക് പാത്രമാവുന്നത് കവിയുടെ സിദ്ധിയും പ്രജ്ഞയും തമ്മിലുള്ള വിചിത്ര

മായ ഘടനയിൽക്കൂടി നിർഗ്ഗളിക്കുന്ന വാഗ്പ്രവാഹത്തിന് മണിപ്രവാളമോ നമ്പൂതിരിഭാഷയോ ആഢ്യസംസ്കൃതമോ എന്ന ഭിന്നതയില്ല. ശബ്ദഘടനയുടെ ഈ പ്രത്യേകത വേണ്ടവിധം ഉൾക്കൊള്ളാതെ എഴുത്തച്ഛന്റെ അനുകരണരീതിയെ വിമർശിക്കുന്നവരെ നേരിടുകയാണ് ബാലകൃഷ്ണൻ ഈ ഭാഗത്ത്.

വാരിധിതന്നിൽ തിരമാലകളെന്നപോലെ-

ഭാരതീ, പദാവലി തോന്നേണം കാലേകാലേ"[70] എന്ന പ്രശസ്തമായ വരികൾ കണ്ണശ്ശാനുകാരണമാണെന്ന പണ്ഡിതഭാഷ്യം നിലവിലുണ്ട്. പ്രൗഢവും സ്വച്ഛവുമായ ഇത്തരം വരികളിൽ പ്രകടമാകുന്ന ശബ്ദതാളലയബദ്ധമായ അന്തരീക്ഷം കാണാത്തതാണ് ഇത്തരം പാണ്ഡിത്യാന്ധതയ്ക്കു കാരണമെന്നദ്ദേഹം പറയുന്നുണ്ട്. ഈ സ്വരവ്യത്യാസം മറ്റു കവികൾക്ക് വശമില്ല എന്നതാണ് അദ്ദേഹത്തിന്റെ നിലപാട്. ഇത് കേവലം അനുകരണമല്ലെന്നും ഒരു പുനഃസൃഷ്ടിയാണെന്നുമാണ് അർത്ഥമാക്കുന്നത്. വിചിത്രമായ ഒരു രചനാസ്വത്വത്തിൽനിന്നും നിർഗ്ഗളിക്കുന്ന ഒരു ധാരയാണിത്. സംസ്കൃതപദങ്ങളായാലും മലയാളപദങ്ങളായാലും ആജ്ഞാനുവർത്തികളായി എഴുത്തച്ഛനിൽ കുടികൊള്ളുന്നു എന്ന കാര്യം, 'ഒരു നവഭാഷയായിരുന്നു എഴുത്തച്ഛന്റെ രചനാസ്വത്വത്തിലെ ഭാഷയെന്നും, ആ ഭാഷയിലേക്ക് അദ്ധ്യാത്മരാമായണം മൂലത്തിലെ ആശയങ്ങളും വാല്മീകി തുടങ്ങിയുള്ള സംസ്കൃതമഹാകവികളുടെ വിശിഷ്ടകൽപനകളും, കണ്ണശ്ശനെപ്പോലുള്ള പാട്ടുമണിപ്രവാളക്കാരുടെ കൽപനകളും വിചിത്രമായ രീതിയിൽ പുനഃസൃഷ്ടി ചെയ്തെടുക്കുകയാണ് എഴുത്തച്ഛൻ ചെയ്തതെന്നുമാണ് വിശദീകരിക്കുന്നത്[71]. കിളിപ്പാട്ടുകൾ സംഗീതത്തിന് അത്യന്തം വശംവദങ്ങളാകയാൽ സാഹിത്യ-സംഗീതസമ്മേളനത്തിലുള്ള സരണി എഴുത്തച്ഛൻ സ്വീകരിച്ചു എന്ന സാഹിത്യപഞ്ചാനനന്റെ അഭിപ്രായത്തെ[72] അംഗീകരിക്കുകയാണ് ബാലകൃഷ്ണൻ.

#### 2.2.1.3 അനുകരണമെന്ന പുനഃസൃഷ്ടി

രചനാവേളകളിൽ മൂലകൃതികളിലെ പല കൽപനകളും സ്വതന്ത്രമായി സ്വന്തം കൽപനകളായി സ്ഥാനം മാറുന്നത് എഴുത്തച്ഛനിൽ ബാലകൃഷ്ണൻ കാണുന്നു. അന്യകൃതിയെ അന്യമല്ലാത്തതായി വരുത്തിത്തീർക്കുന്ന ഈ രീതിയുടെ

മഹാത്മ്യം എന്ത് എന്ന ചോദ്യമാണ് ബാലകൃഷ്ണൻ ഉന്നയിക്കുന്നത്. വിചിത്രമായ ഒരു പരാധീനതയായിട്ടാണ് ഇതിനെ വിശേഷിപ്പിക്കുന്നത്. സിദ്ധിയിൽ ഊർജ്ജം കൈക്കൊള്ളുന്ന എഴുത്തച്ഛന്റെ മനസ്സിൽ സ്വകീയപരകീയകൽപനകൾ എന്ന വേർതിരിവുണ്ടായിരുന്നില്ല എന്നും എല്ലാം ലയിച്ച് ഒരു സമഗ്രജൈവരൂപമായി മാറി എന്ന് അദ്ദേഹം പറയുന്നു. ഇത് സാധൂകരിക്കാൻ വിശ്വനാടകകൃത്തായ ഷേക്സ്പിയറെ ഉദാഹരിക്കുന്നു. ഷേക്സ്പിയറെ സ്വാധീനിച്ച തോമസ്സ് കിഡ്ഡിയുടെ നാടകങ്ങളെക്കാൾ ഷേക്സ്പിയറുടെ നാടകങ്ങൾക്കാണ് വിശ്വസാഹിത്യത്തിൽ സ്ഥാനമുണ്ടായത്. അനുകരണത്തെ ഒരു പുനഃസൃഷ്ടിയായി കാണുകയാണിവിടെ. അതിനുദാഹരണമായിട്ടാണ് ഷേക്സ്പിയറുടെ കൃതിയെ കാണുന്നത്. എഴുത്തച്ഛന്റെ കാര്യത്തിലും സിദ്ധിയാൽ പ്രവർത്തനക്ഷമമാകുന്ന ആന്തരികനിർമ്മിതിക്ഷമതയാണ് പ്രവർത്തിച്ചത് എന്ന് വ്യക്തമാക്കുകയാണ്. വിശ്വമഹാകവികളുടെ പാരമ്പര്യംതന്നെയാണ് എഴുത്തച്ഛനിലും അദ്ദേഹം കാണുന്നത്. ഭാഷാപണ്ഡിതന്മാർ പതിവായി എടുത്തു കാണിക്കുന്ന രസഭാവങ്ങളെ തൊട്ടുകാണിക്കുന്നതിൽനിന്നും ഭിന്നമായി, ബാലകൃഷ്ണൻ സ്വന്തം വീക്ഷണപ്രകാരം വ്യക്തമാക്കുന്നത് എഴുത്തച്ഛന്റെ ചലനശക്തിയുള്ള ചിത്രങ്ങളാണെങ്കിലും അവ പരിശോധിക്കപ്പെടേണ്ടതാണ്. എഴുത്തച്ഛൻകൃതികളെ വിശ്വമഹാകവികളുടെ സൃഷ്ടികളുമായി താരതമ്യം ചെയ്യുമ്പോൾ ബാലകൃഷ്ണന്റെ എഴുത്തച്ഛനോടുള്ള ഭക്തിസമാനമായ വികാരംതന്നെയാണ് പ്രകടമാകുന്നത്. അന്യഭാഷയെയും ആശയങ്ങളെയും ഉപജീവിച്ച് സർഗ്ഗവ്യാപാരത്തിലേർപ്പെടുന്ന ഒരു കവിയെ വിശ്വമഹാകവിസ്ഥാനം നൽകി ബഹുമാനിക്കുന്നതിൽ ഔചിത്യക്കുറവുണ്ട്.

എഴുത്തച്ഛന്റെ അനുകരണങ്ങളെ എഴുത്തച്ഛന്റെതന്നെ സൃഷ്ടികളായി ബാലകൃഷ്ണൻ കണ്ടെത്തുന്നു. *കാവ്യകല കുമാരനാശാനിലൂടെ* എന്ന ഗ്രന്ഥത്തിൽ തുടക്കമിടുന്ന ഈ കാഴ്ച്ചപ്പാട് *എഴുത്തച്ഛന്റെ കല-ചില വ്യാസഭാരതപഠനങ്ങളും* എന്ന ഗ്രന്ഥത്തിൽ പൂർണ്ണതതേടുന്നു. ആധുനികഭാഷയുടെ പിതൃസ്ഥാനം എഴുത്തച്ഛനു നൽകുന്നതിൽക്കവിഞ്ഞ്, 'നവഭാഷാസൃഷ്ടി'യുടെ പേരിൽ എഴുത്തച്ഛനെ വാഴ്ത്തുകയാണ് ബാലകൃഷ്ണൻ. ദാർശനികകവിത്വം എഴുത്തച്ഛനിൽ കൽപിക്കുമ്പോഴും അതേ ചിന്ത ശ്രീനാരായണഗുരുവിലേക്കും സഞ്ചരിക്കുന്നതുകാണാം.

### 2.2.2. കവിത്വസിദ്ധിയാൽ തരംമാറിയ ഭാരതകഥ

ധാരാളം കഥകളും ഉപകഥകളുമായി പടർന്നുപന്തലിച്ച് ഇന്നത്തെ രൂപത്തിലായിത്തീർന്ന വ്യാസഭാരതകഥയുടെ ആദ്യരൂപം വളരെ വ്യത്യസ്തമായിരിക്കാമെന്നാണ് പണ്ഡിതാഭിപ്രായം. "മഹാഭാരതത്തിന്റെ മൂലരൂപം 'ജയം' എന്ന പേരിലായിരുന്നു. പിന്നീട് നൂറ്റാണ്ടുകളിലായി കൂടിച്ചേർക്കപ്പെട്ട് ഇന്നുകാണുന്ന മഹാഭാരതമായി. വ്യാസൻ ഒരു പക്ഷെ മഹാഭാരതത്തിന്റെ മൂലഗ്രന്ഥകാരൻ ആയിക്കൊള്ളണമെന്നില്ല, സൂതൻ പറഞ്ഞ മട്ടിൽ കഥകൾ വിന്യസിച്ച ആൾ ആവാം"[73] എന്ന് ഇരാവതി കാർവെ അഭിപ്രായപ്പെട്ടിട്ടുണ്ട്. "24000 ശ്ലോകങ്ങളുള്ളതും ഇപ്പോൾ പ്രചാരത്തിലിരിക്കുന്നതുമായ ആദ്യകാലഭാഷ്യം വീണ്ടെടുപ്പിനു സാധ്യതയില്ലാത്തവിധം ഇന്നു നഷ്ടപ്പെട്ടിരിക്കുന്നു. വ്യത്യസ്ത ശ്രോതാക്കളെ ആകർഷിക്കുന്നതിനുവേണ്ടി പുരാവൃത്തവും ഐതിഹ്യവും ചേർത്തുകൊണ്ട് സാങ്കൽപികകഥകൾ സൃഷ്ടിച്ചിരിക്കുകയാണ് പുതിയ ഗ്രന്ഥപരിശോധകർ"[74] എന്ന് ചരിത്രപണ്ഡിതനായ ഡി.സി. കൊസാംബിയും രേഖപ്പെടുത്തിയിട്ടുണ്ട്. കൊസാംബിയുടെയും മാക്ഡൊണലിന്റെയും കുട്ടികൃഷ്ണമാരാരുടെയും സാമുദായികവും സാഹിത്യപരവുമായ കാഴ്ചപ്പാടോടെ എഴുത്തച്ഛന്റെ വ്യാസഭാരതം കിളിപ്പാട്ടിനെ താരതമ്യം ചെയ്യുകയാണ് ബാലകൃഷ്ണൻ വ്യാസഭാരതപഠന സംബന്ധമായ ലേഖനങ്ങളിലൂടെ. മഹാഭാരതത്തിൽ 19-ാം നൂറ്റാണ്ടുവരെ കൂട്ടിച്ചേർക്കലുകളും വ്യാഖ്യാനഭേദങ്ങളും നടന്നതുകൊണ്ടാവാം തികഞ്ഞ കൊള്ളരുതാത്തവനോ തികഞ്ഞ ശിഷ്ടനോ ആയ കഥാപാത്രങ്ങളില്ലാതെയുള്ള മേൻമ അതിനു കൈവന്നതെന്നും വിശ്വാസങ്ങളിലും മറ്റും വന്ന മാറ്റങ്ങളും പ്രബുജനപ്രീതിയുമാവാം ലോകത്തിലെ മറ്റൊരു കൃതിക്കും അവകാശപ്പെടാൻ കഴിയാത്തത്ര സങ്കീർണ്ണതയുള്ള കൃതിയായി അതു മാറിയതെന്നും അദ്ദേഹം അഭിപ്രായപ്പെടുന്നു. വേദേദിഹാസപുരാണങ്ങളെല്ലാം ബ്രാഹ്മണരുടെ അറിവിൽ മാത്രം നിലനിന്നിരുന്നതായിരുന്നെന്നും തുടർന്ന് പിൻതലമുറയിൽക്കൂടി പകർന്നതാണെന്നും സംസ്കൃതപണ്ഡിതന്മാർ അഭിപ്രായപ്പെടുന്നുണ്ട്.

"ബ്രാഹ്മണചിന്തയുടെ അതതുകാലത്തെ തിരിവുകൊണ്ടും സ്വാർത്ഥതാല്പര്യത്തിന്റെ അതതുകാലത്തെ അത്യാവശ്യംകൊണ്ടും കൂട്ടിച്ചേർത്തതാണെന്നും, പല

പ്പോഴും പ്രാഗത്ഭ്യം കുറഞ്ഞ കൈകളുടെ പരുക്കൻ കൂട്ടിച്ചേർപ്പുകളാണ് അവയിൽ പലതുമെന്നും കാണാൻ, കഥയുടെ ആഖ്യാനശില്പത്തിലേക്കു അവയെ സന്നിവേശിപ്പിക്കുന്ന പരുക്കനായ സന്ദർഭസൃഷ്ടികളും ചോദ്യോത്തരങ്ങളുംകൊണ്ട് ആർക്കും ബോധ്യപ്പെടാവുന്നതേയുള്ളൂ"[75]. *മഹാഭാരത*ത്തിന്റെ കഥാഗതിയിൽ നമുക്കനുഭവപ്പെടുന്ന വിചിത്രവും പല തരത്തിലുള്ളതുമായ സാമുദായികഘടന ഇത്തരത്തിലുള്ള കൂട്ടിച്ചേർക്കലുകളുടെ ഫലമാണെന്നാണ് മേൽപറഞ്ഞ പണ്ഡിതരുടെ സാക്ഷ്യത്തിൽ ബാലകൃഷ്ണനും വിലയിരുത്തുന്നത്. ജാതിയുടെ ഘടന, സ്ത്രീപുരുഷബന്ധം, രാഷ്ട്രഘടന, ഭക്ഷണരീതികൾ, വസ്ത്രധാരണരീതികൾ എന്നിവപോലും പല തരത്തിലാണ്. സ്ത്രീപുരുഷബന്ധം, സന്മാർഗ്ഗജീവിതരീതി, പതിവ്രതാസങ്കല്പം തുടങ്ങിയവയെക്കുറിച്ച് ആശയപരമോ ധാർമ്മികചിന്താപരമോ ആയ തീർപ്പു കൽപ്പിക്കാൻ കഴിയാത്തവിധം സങ്കീർണ്ണമാണ് മഹാഭാരതത്തിന്റെ നില. "*വ്യാസഭാരത*ത്തിലെ ആശയപ്രപഞ്ചം പ്രാപഞ്ചികജീവിതത്തിന്റെ സമസ്തമണ്ഡലങ്ങളെയും, ഓരോരോ പതനങ്ങളിലായി, ഓരോരോ വ്യത്യസ്ത താത്പര്യത്തോടെ സ്പർശിക്കുന്ന പ്രതിഭിന്നമായ ആശയസഹസ്രങ്ങളുടെ അനന്തമഹാസഞ്ചയികയാണ്"[76] മഹാഭാരതത്തിന് സർവ്വകാലികമായ നിത്യത അവകാശപ്പെടാൻ കഴിയുന്നതും മേൽപ്പറഞ്ഞതുപ്രകാരമാണെന്നാണ് ബാലകൃഷ്ണൻ പറയുന്നത്. കഥാപാത്രസൃഷ്ടികളും നന്മതിന്മകളും വ്യാമിശ്രരൂപമായി മാറുന്നു. പ്രധാന കഥാപാത്രങ്ങളായ കർണ്ണനും കൃഷ്ണനും സുയോധനനും യുധിഷ്ഠിരനും അമാനുഷരാകുമ്പോൾ തന്നെ ഹീനകർമ്മങ്ങളുടെയും താഴ്ന്ന വിചാരങ്ങളുടെയും പ്രതീകങ്ങളാവുന്നുണ്ട് മഹാഭാരതത്തിൽ. എന്നാൽ ഒരു കവിയാൽ രൂപം നൽകപ്പെട്ട മഹാകാവ്യമെന്ന നിലപാടു സ്വീകരിച്ചുകൊണ്ടുള്ള അദ്ദേഹത്തിന്റെ കുരുവംശകഥാപ്രതിപാദനം ചരിത്രപണ്ഡിതമതവുമായി പൊരുത്തപ്പെടുന്നതല്ല. മഹാഭാരതപഠിതാക്കൾ മിക്കവരും ഏതെങ്കിലുമൊരു കവിയാൽ രചിക്കപ്പെട്ട ഒരൊറ്റ പുസ്തകമായി അതിനെ കാണുന്നില്ല.

### 2.2.2.1. പാഠവ്യത്യാസത്തിന്റെ പൊരുൾ

*ഭഗവത്ഗീത* പോലുള്ള കൂട്ടിച്ചേർക്കലുകളുടെ സ്വഭാവം മതപരം മാത്രമാണെന്ന് കൊസംബി തുടങ്ങിയവർ അടിവരയിടുന്നുണ്ട്. ബ്രാഹ്മണർ ഇച്ഛിച്ചപോലെ

ഏതുതത്ത്വത്തെയും തിരുകിക്കയറ്റാൻ പറ്റിയ ഉപാധിയായിത്തീർന്നു ഇതിഹാസം[77]. മാത്രമല്ല ശ്രീകൃഷ്ണന്റെ സ്വഭാവത്തിലെ ഒരു വൈരുദ്ധ്യമാണ് ഗീത എന്നും പറയാറുണ്ട്. ഗീതോപദേശത്തിനുശേഷം ഉപനിഷത്തുക്കളിലെ ന്യായാന്യായവിവേചനമോ ബുദ്ധന്റെ ശാന്തതയോ ആ ഉപദേശങ്ങളിൽ കാണുന്നില്ല. ഒരു ഫ്യൂഡലിസ്റ്റ് സൃഷ്ടിയാണ് ഗീത എന്നാണ് ഇത് വ്യക്തമാക്കുന്നത് ഒരു ബ്രാഹ്മണമേധാവിത്തസമൂഹത്തെയാണ് ഗീത പ്രതിനിധാനം ചെയ്യുന്നത്. 'കുരുക്ഷേത്രങ്ങളിലൂടെ കിഴക്കോട്ടു നീങ്ങിയ വൈദികഗോത്രക്കാർ കുരുവംശക്കാരെ തോൽപിച്ചോടിയശേഷം ഹസ്തിനപുരം, മഥുര, കൗശാമ്പി തുടങ്ങിയ സ്ഥലങ്ങളിലേക്കു വ്യാപിച്ചു തുടങ്ങിയ കാലത്താണ്. ഭാരതയുദ്ധത്തിന്റെ വീരഗാഥകൾക്ക് പ്രചാരം ലഭിക്കുന്നത്. ധാരാളം വീരഗാഥകൾ ഭാരതകഥയോടൊപ്പം കൂടിച്ചേരുന്നതും ഈ കാലത്താണ്. പുതിയ ഭൗതികാവശ്യങ്ങൾക്കു യാദവരെ കൂട്ടുപിടിച്ചു ജീവിച്ച പിൽക്കാലവൈദികരാവണം കൃഷ്ണനെ ഭാരതകഥയിലേക്കു കൊണ്ടുവന്നത്"[78] എന്ന് ചരിത്രകാരനായ രാജൻ ഗുരുക്കൾ അഭിപ്രായപ്പെടുന്നതും അവഗണിക്കാൻ കഴിയാത്തതാണ്. ഗീതയെക്കുറിച്ചുള്ള പണ്ഡിതകാഴ്ചപ്പാടുകൾ ചർച്ചചെയ്യുന്നതല്ലാതെ തന്റേതായ നിരീക്ഷണങ്ങൾ ബാലകൃഷ്ണൻ നടത്തുന്നില്ല.

**2.2.2.2. സ്ത്രീപുരുഷബന്ധം**

*മഹാഭാരത*ത്തിലെ സ്ത്രീപുരുഷബന്ധം പലപ്പോഴും നമ്മെ അത്ഭുതപ്പെടുത്തുന്നവയാണ്, പല സന്ദർഭങ്ങളിലും അതിലെ കഥാപാത്രങ്ങൾ സർവതന്ത്രസ്വതന്ത്രരായി കാണപ്പെടുന്നു. വൈവാഹികവേഴ്ചകൾതന്നെ പലപ്പോഴും വിചിത്രതരമാണ്. ദ്രൗപദിയുടെയും കുന്തിയുടെയും കഥകൾ ഉദാഹരണം. അനപത്യതാദുഃഖം അകറ്റാൻ മറ്റുള്ളവരിൽനിന്ന് സന്താനോല്പാദനം നടത്തുന്നതിൽ പാപമില്ലെന്ന് പാണ്ഡു കുന്തിയെ ബോധ്യംവരുത്തുന്നുണ്ട്. സ്ത്രീപുരുഷബന്ധത്തെപ്പറ്റി ഏതുതരം സങ്കൽപങ്ങൾ വെച്ചുപുലർത്തുകയും അതേപോലെതന്നെ ഏതു സങ്കൽപത്തെയും നിഷേധിക്കുകയും ചെയ്യാം എന്നതാണ് *മഹാഭാരത*ത്തിന്റെ അവസ്ഥ. "സ്ത്രീകൾക്ക് രാജ്യാവകാശിയായ പുത്രനില്ലെങ്കിൽ മറ്റൊരാളിൽനിന്ന് സന്താനോല്പാദനം സ്വീകരിക്കുക എന്നത് അന്നത്തെ അംഗീകൃതമായ ആചാരമായിരുന്നു...

ഇതിന് 'നിയോഗം' എന്നു പറയുന്നു. ദത്തെടുക്കുന്നതിനേക്കാൾ ശ്രേഷ്ഠമായി ഇതു കരുതി. പക്ഷെ പിൽക്കാലത്ത് ഈ നിയോഗം തിരോഭവിച്ചു"[79] എന്നിങ്ങനെ ഇരാവതി കാർവെയെ പോലുള്ളവരും ചൂണ്ടിക്കാണിക്കുന്നുണ്ട്. ബാലകൃഷ്ണന്റെ കാഴ്ചപ്പാടുപോലെതന്നെ പ്രാപഞ്ചികജീവിതത്തിന്റെ ഓരോ പൂർണ്ണതലത്തെയും ഓരോരോ പതനങ്ങളിലായി വ്യത്യസ്ത താൽപര്യത്തോടെ ചിത്രീകരിക്കുന്ന വ്യത്യ സ്തതയാർന്ന ആശയങ്ങളുടെ ഒരു സമാഹാരമാണ് *മഹാഭാരതം*.

*മഹാഭാരത*ത്തിൽ പ്രതിഫലിച്ചു കാണുന്ന, പ്രത്യേകിച്ച് കുരുവംശകഥാപ്രതി പാദനത്തിൽ വ്യക്തമാകുന്ന, വർണ്ണാശ്രമസങ്കല്പത്തെ പഠിക്കുമ്പോൾ ആര്യന്മാ രുടെ കടന്നുവരവിനെക്കുറിച്ചും വേദകാലഘട്ടത്തെക്കുറിച്ചും ബാലകൃഷ്ണൻ പരാ മർശിക്കുന്നുണ്ട്. അക്രമിച്ചു കടന്ന ജനതകളുടെ മേൽ സമ്പൂർണ്ണമായ ആധിപത്യമാ യിരുന്നു ആര്യജനത നടത്തിയത്. 1000-1500 ബി.സി. യോടടുത്താണ് വൈദികഗ്രന്ഥ ങ്ങൾ രചിക്കപ്പെടുന്നത്. പ്രസ്തുത സ്ഥലപരിധിയിൽ നടത്തിയ ഖനനവും പഠ നവും അവരുടെ ജനജീവിതം വ്യക്തമാക്കുന്നുണ്ട്. അതായത് ആര്യന്മാർ പഞ്ചാ ബിൽനിന്നും ഉത്തർപ്രദേശിലെ ഗംഗാ-യമുനാ ഭാഗം വ്യാപിച്ചു എന്നും രണ്ടു പ്രധാന വംശങ്ങളായ ഭരതരും പുരുക്കളും ചേർന്ന് കൗരവരായി എന്നും ഉള്ള ചരി ത്രപശ്ചാത്തലം ബാലകൃഷ്ണന്റെ വിവരണങ്ങളിൽ അനാവൃതമാവുന്നുണ്ട്. "*മഹാ ഭാരത*ത്തിലെ പ്രധാന പ്രതിപാദ്യവിഷയമായ ഭാരതയുദ്ധത്തെ സംബന്ധിച്ച കുരു വർഗ്ഗത്തിന്റെ ചരിത്രം പ്രധാനമാണ്. 950 ബി.സി.യോടടുത്ത് കൗരവരും പാണ്ഡ വരും തമ്മിൽ ഈ യുദ്ധം നടന്നുവെന്നാണ് കരുതപ്പെടുന്നത്"[80]എന്ന ആർ. എസ്. ശർമ്മയുടെ പ്രസ്താവനയും ഈ സന്ദർഭത്തിന് സാംഗത്യം നൽകുന്നുണ്ട്. വർണ്ണാ ശ്രമധർമ്മവും ജാതിവ്യത്യാസവും ഈ അധിനിവേശിത ആര്യന്മാരിൽ വളർന്നതല്ല. മറിച്ച് തദ്ദേശീയരായ ഗോത്രങ്ങളിൽ നിലവിലുണ്ടായിരുന്നതാണ് തങ്ങൾക്ക് എത്ര യും പ്രയോജനകരമായി അവ പുനക്രമീകരിക്കുകയുമാണ് ചെയ്തത്. 'വർണ്ണാശ്രമ ധർമ്മസങ്കൽപം ഒരു പ്രത്യേക വർഗ്ഗത്തിന്റെ തന്ത്രപൂർവകമായ സാരഥ്യത്തിൽ ക്രമേണ ക്രമേണ പരിണമിച്ചു. ജാതിധർമ്മം സകലധർമ്മങ്ങളുടെയും സാരസംഗ്രഹ മാണെന്ന നിലയിലേക്ക്-ഒരു പക്ഷെ ഒരു സാഹസ്രാബ്ധംകൊണ്ട്-വളരുകയാണു ണ്ടായത്. ഈ പ്രജാപതി രാജസ്ഥാനങ്ങളുടെ ഘടനയും വളർച്ചയും, അതിനുള്ളിൽ

ജാതിനിഷ്ഠമായ വർണ്ണാശ്രമധർമ്മവ്യവസ്ഥിതിയുടെ പരിണാമപരമായ വളർച്ചയും വ്യാസഭാരതത്തിലെ കുരുവംശകഥാപ്രതിപാദനത്തിൽ പതനം പതനമായി പ്രതിഫ ലിച്ചുകാണാം"[81] ഇത്തരത്തിലുള്ള പ്രസ്താവനകളിലൂടെ ഗംഗാതടപ്രദേശങ്ങലിൽ രൂപംകൊണ്ട് വർണ്ണാശ്രമവ്യവസ്ഥ ക്രമേണ സിന്ധു തടങ്ങളിലേക്ക് സംക്രമിച്ചതാ ണെന്നും അതിനുള്ള തെളിവായിട്ടാണ് പാണ്ഡു സ്ഥലകാലവ്യത്യാസമനുസരിച്ച് ദേശചര്യകൾ വ്യത്യാസപ്പെടുമെന്നുള്ള കാര്യം വിവരിക്കുന്നതും.

**2.2.2.3. വർണ്ണാശ്രമധർമ്മപ്രതിഷ്ഠ**

വർണ്ണാശ്രമധർമ്മസങ്കൽപം അവ്യക്തമായ രൂപംകൊണ്ടു തുടങ്ങുന്നതും എന്നാൽ ചാതുർവർണ്ണ്യനിഷ്കർഷ നിലവിൽ വന്നിട്ടില്ലാത്തതുമായ ഒരു സമുദായ ക്രമത്തിന്റെ രൂപീകരണമാണ് ബാലകൃഷ്ണൻ വ്യാസന്റേയും ശാന്തനു, സത്യവതി തുടങ്ങിയവരുടെയും വംശകഥയിലൂടെ പറയുന്നത്. വർണ്ണാശ്രമധർമ്മവ്യവസ്ഥിതി ചില പ്രത്യേക താൽപര്യത്തെ മുൻനിർത്തി വളരുന്നത് ചില കഥാപാത്രങ്ങളിലൂടെ ബാലകൃഷ്ണൻ ഉദാഹരിക്കുന്നുണ്ട്. സൂതനായ കർണ്ണൻ അതിൽ ഒരാളാണ്. ബ്രാഹ്മണപൂജാവ്രതം ലംഘിക്കാത്തവനാണ് കർണ്ണൻ. താരതമ്യേന താഴ്ന്ന വർണ്ണ ത്തിൽപ്പെട്ടവർ ബ്രാഹ്മണപ്രീതി നേടുന്നതിന്റെ നേർചിത്രമാണിത്. '*മഹാഭാരത*കഥ യിൽ ബ്രാഹ്മണർക്ക് കഥയുടെ കേന്ദ്രബിന്ദു എന്ന നിലയിലല്ലെങ്കിലും സുപ്രധാന പങ്കുണ്ട്. പരശുരാമകഥയുടെ ഉദ്ദേശം എന്തായിരുന്നു? കർണ്ണൻ ധീരനാണെന്നു തെളിയിക്കുകയും പരശുരാമന്റെ ശാപമില്ലെങ്കിൽ അയാൾ അജയ്യനാകുമായിരുന്നു എന്നു കാണിക്കുകയുമാവാം. മഹാഭാരതത്തിൽ ബ്രാഹ്മണരെക്കുറിച്ചുള്ള സുദീർഘ വും കാടുകയറിയതുമായ വിവരണം പ്രക്ഷിപ്തമായിരിക്കാനാണ് ന്യായം'. വ്യാസ ഭാരതം വംശചരിത്രാഖ്യാനങ്ങളും ബ്രാഹ്മണമഹിമാപ്രഖ്യാപനങ്ങളുമായി മാറുന്നത് ഇപ്രകാരം ഇരാവതി കാർവെയും വ്യക്തമാക്കുന്നുണ്ട്[82]. ഇപ്രകാരം *വ്യാസഭാരതം* വംശചരിത്രങ്ങളുടെ ആഖ്യാനങ്ങളും ഉപാഖ്യാനങ്ങളുമാണ്. അത് വർണ്ണാശ്രമ ധർമ്മം ആര്യസംസ്കാരവുമായി ചേർന്ന് ജനതയിൽ ധർമ്മമായി പ്രതിഷ്ഠിക്കപ്പെ ടുന്ന പ്രക്രിയയും ബ്രാഹ്മണർ കഷ്ടപ്പെടേണ്ടിവന്നാൽ സമൂഹത്തിനുണ്ടാവുന്ന വിപത്തും ഉദ്ഘോഷിക്കുന്നു.

*മഹാഭാരതം* രൂപം കൊണ്ട ആദ്യകാലത്ത് വർണ്ണാശ്രമധർമ്മവ്യവസ്ഥിതി ഉറച്ചു കഴിഞ്ഞില്ലായിരുന്നെന്നും അത് ഉറപ്പിച്ചു നിർത്താൻ ബ്രാഹ്മണർ നടത്തിയ ശ്രമം കൂടിയാണ് ഇന്നത്തെ *മഹാഭാരതം* എന്നുമാണ് പറഞ്ഞുവരുന്നത്.

#### 2.2.2.4 നന്മതിന്മകളുടെ വ്യാമിശ്രരൂപമായ *മഹാഭാരതം*

ഭക്തിയലൂടെയല്ലാതെ എഴുത്തച്ഛനിൽനിന്നും ഒരിതിവൃത്തവും കവിതയായി ജയിക്കയില്ല എന്ന സത്യം *ഭാരതം കിളിപ്പാട്ടും* തെളിയിക്കുന്നുണ്ട്. *വ്യാസഭാരത* ത്തിൽനിന്ന് *ഭരതം കിളിപ്പാട്ടി*ലേക്കുള്ള ദൂരം പൊതുവെ ശ്രദ്ധിക്കപ്പെടാത്തതാണെന്ന ധാരണയോടെ വ്യാസഭാരതപ്രപഞ്ചത്തെ നോക്കിക്കാണാനുള്ള ശ്രമമാണ് 'വ്യാസ ഭാരതപ്രപഞ്ചത്തിലേക്ക്' എന്ന പ്രബന്ധം. ഭാരത കർത്താവിന്റെ നിസ്സംഗതയും നിർവികാരികതയുംതന്നെയാണ് കഥാപാത്രങ്ങൾക്കുമുള്ളത്. നിസ്സംഗമായ ഈ സൃഷ്ടിവൈഭവം മഹാപ്രതിഭകളുടെ കൂടെ എന്നുമുള്ളതാണ്. അതൊരു സ്വപ്ന മായി അവരെ പിന്തുടരുന്നു. ഒരിക്കലും പൂർണ്ണമാവാത്തതാണെങ്കിലും സൃഷ്ടി കർത്താവിന്റെ പ്രതിഭയുടെ മേന്മയും നിലവാരവുമനുസരിച്ച് അതിന് ഏറ്റക്കുറച്ചിലു ണ്ടാകാറുണ്ട്. ഈ അവസ്ഥയെ മാതൃകയാക്കുന്ന ലോകസാഹിത്യകാരന്മാരെ ബാല കൃഷ്ണൻ ഉദാഹരിക്കുന്നുണ്ട്. വാല്മീകിയും ഹോമറും ലോകസാഹിത്യത്തിൽ ഈ നിലവാരത്തിൽ എത്തിപ്പെട്ടതായിട്ടദ്ദേഹം കാണുന്നു.

യുധിഷ്ഠിരനെയും കൃഷ്ണനെയും കഥാപാത്രങ്ങളെന്ന നിലയ്ക്കു വിശദീക രിക്കുമ്പോളും ഒരേ കഥാപാത്രത്തിലെ വിപരീത ഘടകങ്ങളെ വേർതിരിക്കാൻ ശ്രമം നടത്തുന്നുണ്ട്. ധർമ്മബോധമെന്ന ദൗർബല്യം മാത്രമല്ല വ്യാസന്റെ യുധിഷ്ഠിരൻ, ശക്തിവീര്യാദികളുടെ കുറവും അദ്ദേഹത്തിൽ കാണുന്നുണ്ട്. 'ധർമ്മമൂർത്തികളായ പാണ്ഡവപാത്രങ്ങളെവിട്ട് അധർമ്മമൂർത്തികലായ കൗരവകഥാപുരുഷന്മാരെ നിരൂപി ക്കുമ്പോഴാണ് *വ്യാസഭാരത*ത്തിലെ സൃഷ്ടിവൈഭവത്തിന്റെ പൂർണ്ണതയും നിസ്സംഗ തയും നമുക്കു ബോധ്യമാവുക"[83] എന്നാൽ *കിളിപ്പാട്ടിലും* മറ്റും നാം കാണുന്ന കഥാ പാത്രങ്ങളിൽ പലരും കലർപ്പില്ലാത്ത കഥാപാത്രങ്ങളാണ്.

ജീവിതചൈതന്യത്തോടെ ത്രസിക്കുന്ന സ്വയം പൂർണ്ണവ്യക്തികളായിട്ടാണ് വ്യാസഭാരതകഥാപാത്രങ്ങളെ ബാലകൃഷ്ണൻ കാണുന്നത്. ആഖ്യാനശില്പത്തി

ന്റേയും രംഗസംവിധാനത്തിന്റേയും ശക്തമായ വശ്യതയാണ് *വ്യാസഭാരത*ത്തിനുള്ളത്. ദിവ്യസിദ്ധികളും ദൈവികശക്തിയുമുള്ളവരായ കഥാപാത്രങ്ങൾക്കുള്ള മാനുഷികഭാവം ശ്രദ്ധിക്കപ്പേടേണ്ടതാണ്. വ്യാസന്റെ കഥാപുരുഷന്മാർ അധൃഷ്യമായ ഇച്ഛാശക്തിയോടെ സംഭവങ്ങളെ നേരിടുന്നു. കവിയുടെ ധർമ്മാധർമ്മ പക്ഷപാതങ്ങളിലല്ല, അവരുടെ കഴിവും ശക്തിയും സ്വഭാവഘടനയുമാണ് നിർണ്ണായകം. ഒരർഥത്തിൽ കാലമാണ് *വ്യാസഭാരത*ത്തിലെ പ്രധാന കഥാപാത്രം.

#### 2.2.2.5. ക്ഷയോന്മുഖമായ വൃദ്ധിയോ?

*വ്യാസഭാരത*ത്തിന്റെ കഥാഘടനയിൽ ഓരോ നായകനേയും തനിച്ചെടുത്താൽ കാണുന്ന വസ്തുത ഓരോ രീതിയിലുള്ള അധഃപതനവും പരാജയവുമാണെന്നും ആത്യന്തികമായി ആരും വിജയിക്കുന്നില്ല എന്നും ഉദാഹരിക്കുന്നതിനുവേണ്ടി അർജ്ജുനന്റെ ദൈന്യതയുടെയും യാദവനാശത്തിന്റെയും ചിത്രം ബാലകൃഷ്ണൻ കാണിച്ചുതരുന്നു. അജയ്യനും യുദ്ധവീരനുമായ വ്യാസന്റെ അർജ്ജുനൻ വീര്യം ക്ഷയിക്കുന്ന പ്രക്രിയ പടിപടിയായിട്ടാണ് ചിത്രീകരിച്ചിരിക്കുന്നത്. അർജ്ജുനനേക്കാൾ ലജ്ജാകരമായ തോൽവിയും ദൈന്യതയും വ്യാസകഥാപാത്രങ്ങളിൽ ഒരാൾക്കുമില്ല. കുരുക്ഷേത്രത്തിലേയും മൗസലപർവത്തിലെയും അർജ്ജുനചിത്രങ്ങളുടെ കൂടിച്ചേരലാണ് വാസ്തവത്തിലുള്ള അർജ്ജുനൻ എന്ന് നാം അറിയാതിരുന്നതും എന്നാൽ അറിയേണ്ടതുമാണ് എന്നാണ് അർത്ഥമാക്കുന്നത്. ശ്രീകൃഷ്ണന്റെ മരണവും യദുകുലവിനാശവും വിവരിക്കുന്ന മൗസലപർവം വളരെ പ്രത്യേകമായ പതനത്തിലാണ്, അതായത് കുരുക്ഷേത്രവിജയത്തിന്റെ സമാപനഭാഗമായിട്ടാണ് ഭാരതത്തിൽ വ്യാസൻ അവതരിപ്പിച്ചിരിക്കുന്നത്. മദ്യപിച്ചു മദോന്മത്തരായി യാദവന്മാർ പരസ്പരം കഴുത്തറുത്ത് ചത്തുമുടിയുന്നത് അതിന്റെ എല്ലാ ആശയങ്ങളോടെയും കൃഷ്ണനെക്കൊണ്ട്തന്നെ വ്യാസൻ പ്രസ്താവിപ്പിക്കുന്നു. സാത്യകിയും കൃതവർമ്മാവും തമ്മിലുണ്ടായ വാക്കേറ്റം മുതലുള്ള ചിത്രം കഥാന്ത്യത്തിൽ "നിബന്ധിച്ച കവിയുടെ ലക്ഷ്യം പ്രസ്പഷ്ടമാണ്. കാലഭാവഗതിയിൽ അർജ്ജുനനുണ്ടായ പരിണാമഭേദംപോലെ, പരിണാമവിധേയമായ കുരുക്ഷേത്രവിജയത്തിന്റെ ഭാവാന്തരം മാത്രമാണ് കടൽത്തീരത്ത്വെച്ച് യദുക്കൾ തമ്മിലുള്ള കലാപവും സമ്പൂർണ്ണ വിനാശവും"[84].

കുരുക്ഷേത്രത്തിന്റെ എപ്പിലോഗായിട്ടാണ് യദുക്കളുടെ ഈ കലാപം ഘടിപ്പിക്കപ്പെട്ടിരിക്കുന്നതെന്ന് ഓരോ ഭാഗവും വ്യക്തമാകുന്നു എന്നും മതപരമായ ഒരു ഇതിഹാസം എന്ന പദവിക്കുപുറമെ നിത്യമനുഷ്യന്റെ നിത്യമായ പ്രാപഞ്ചീകജീവിതത്തിന്റെ നിത്യചിത്രമായി സ്ഥലകാലങ്ങളെ വെല്ലുവിളിച്ചുകൊണ്ട് *വ്യാസഭാരതം* ജീവിക്കുന്നതിന്റെ രഹസ്യമിതാണെന്നു തോന്നുന്നു[85]. എന്നും ബാലകൃഷ്ണനെക്കൊണ്ട് ഈ സന്ദർഭങ്ങൾ ചിന്തിപ്പിക്കുന്നു.

**2.2.2.6 പരിഭാഷാകർമ്മത്തിലെ പ്രത്യേകത**

*വ്യാസഭാരത*ത്തിന്റെ തനതുസ്വഭാവത്തെ തെറ്റിദ്ധരിപ്പിക്കുന്ന രീതിയാണ് എഴുത്തച്ഛന്റെ *കിളിപ്പാട്ട്* പിന്തുടരുന്നത് എന്നത് വാസ്തവമാണ്. സാധാരണഗതിയിൽ ഒരു കൃതി സംക്ഷേപിക്കുന്ന സമയത്ത് മൂലത്തിലെ ഏതേതു ഭാഗങ്ങളിൽനിന്നും ഏതെല്ലാം കാര്യങ്ങൾ സംക്ഷപിക്കണമെന്ന ചിന്ത പരിഭാഷാകാരനെ ബാധിക്കുന്നുണ്ട്. അങ്ങനെ സ്വകീയമായ ഒരു വ്യാഖ്യാനത്തിൽ അദ്ദേഹം വ്യാപൃതനാവുകയും ചെയ്യുന്നു. എഴുത്തുച്ഛനെ സംബന്ധിച്ചിടത്തോളം അത് വിശദീകരിക്കേണ്ടതില്ല കാരണം അവിടെ ഭക്തിയാണ് മാനദണ്ഡം. പർവ്വാടിസ്ഥാനത്തിലുള്ള വിഹിതക്രമത്തിൽ അപ്പപ്പോഴുള്ള ഭക്തിയുടെ ഏറ്റക്കുറിച്ചിൽ മാത്രമാണ് അദ്ദേഹത്തെ നയിച്ചത്. സത്യത്തിൽ ഈ വിഹിതക്രമത്തിൽ സംഭവിച്ചത് കഥയുടെ സാരാംശത്തിൽ സംഭവിച്ച അന്തരമാണെന്നത് മലയാളികൾ ഓർക്കുന്നില്ല എന്നതാണ്. കഥാചുരുക്കം ക്രോഡീകരിച്ച പൗലോമപർവ്വത്തിന്റേയും കഥാഗതിയിൽ സർവപ്രധാന്യമുള്ള സഭാപർവത്തിന്റേയും പ്രാധിനിധ്യം ചിന്തിച്ചാൽ ഒരു 'ശ്രീകൃഷ്ണകഥാമൃത' മായി മാത്രം *വ്യാസഭാരത*ത്തെ എഴുത്തച്ഛൻ കണ്ടു എന്നു പറയാം.

ഒരു ബൃഹത്കൃതി സംക്ഷേപിക്കുമ്പോളുണ്ടാവുന്ന സ്വാഭാവികപരിമിതിയായി നിസ്സാരീകരിക്കുന്ന പഠിതാക്കളുടെ നിസ്സംഗതയെ ഗൗരവത്തോടെ കാണുകയും തെളിവുകളെ മുൻനിർത്തി അത് ഖണ്ഡിക്കുകയുമാണ് ബാലകൃഷ്ണൻ. കേവലം ഭാവവ്യത്യാസമല്ല കഥാവസ്തുതകൾപോലും മാറിവരുന്നുണ്ട് *കിളിപ്പാട്ടിൽ.* ഇരു കൃതികളിലെയും മൗസലപർവം മാത്രം ഇതുദാഹരിക്കും. വ്യാസൻ 19 പുറങ്ങളിൽ ഒതുക്കിയപ്പോൾ എഴുത്തച്ഛൻ 21 പുറങ്ങൾ ചെലവഴിച്ചു. യദുകുലവീരന്മാരും സ്ത്രീജനങ്ങളും തീർത്ഥാടനാർത്ഥം സമുദ്രതീരത്തേക്ക് യാത്രതിരിക്കുന്ന ഭാഗത്ത്

ഗാന്ധാരി പുത്രശോകാഭിതപ്തയായ് പറഞ്ഞ സമയം അടുത്തിരിക്കുന്നു എന്ന കൃഷ്ണനെക്കൊണ്ട് വ്യാസനും ചിന്തിപ്പിക്കുന്നുണ്ടെങ്കിലും കൃഷ്ണന്റെ നടപടികളിൽ അതിന്റെ സൂചനകൾപോലും നൽകുന്നില്ല. തുടർന്നു ബീഭത്സവും ജുഗുപ്സാവഹവുമായ രംഗമാണ് അവതരിപ്പിക്കുന്നത്. യുദവംശവിനാശരംഗം വളരെ ക്രൂരമായ മദിരോത്സവരംഗമാക്കിയാണ് വ്യാസൻ അവതരിപ്പിച്ചത്. എന്നാൽ എഴുത്തച്ഛന്റെ ഈ രംഗത്തെക്കുറിച്ചുള്ള വിവരണത്തിൽ ഭഗവാൻ കൃഷ്ണന് ഒരു പങ്കുമില്ല! വ്യാസകൽപനയിൽ ശ്രീകൃഷ്ണപത്നിമാർക്കുണ്ടായ ഗതി ശ്രദ്ധിക്കുക. കാണാൻ കൊള്ളാവുന്നവരെ നീചജാതിക്കാർ വലിച്ചിഴച്ചുകൊണ്ടുപോയി! ആ മഹാസത്യം പകർത്താൻ കഴിയാത്ത എഴുത്തച്ഛൻ വസുദേവരുടെ ചിതയിൽ ദേവകിയോടൊപ്പം പതിനാറായിരം കൃഷ്ണപത്നിമാരും ഉടന്തടിചാടി മരിച്ചുവെന്ന് വിവരിച്ച് ഒരുത്തിയെപ്പോലും ദസ്യുക്കളുടെ കാമാർത്തിക്കു വിട്ടുകൊടുക്കാതെ അവരുടെ മാനം രക്ഷിച്ചുവെന്നാണ് ബാലകൃഷ്ണൻ വിശദീകരിക്കുന്നത്. വ്യാസന്റെ ആ പ്രാപഞ്ചികജീവിതനിരീക്ഷണമോ നിസ്സംഗമായ കാഴ്ചപ്പാടോ അതിന്റെ അന്തർധാരയിൽ ഉൾക്കൊള്ളുന്ന അന്തസ്സാരശൂന്യമായ ക്രൗര്യമോ ഉൾക്കൊള്ളാൻ എഴുത്തച്ഛന് കഴിഞ്ഞിട്ടില്ല എന്നും എഴുത്തച്ഛൻ ബോധപൂർവ്വം നടത്തിയ ഒരു തിരുത്തിക്കുറിക്കലായിട്ടല്ല, മറിച്ച് തന്റേതായ സിദ്ധിയുടെ സ്വാധീനത്താൽ കണ്ണിൽപ്പെട്ട ദൃശ്യങ്ങൾ മറ്റു ചിലതായി മാത്രം ഉൾക്കൊണ്ടു എന്നുമാണ് ബാലകൃഷ്ണന്റെ വിവക്ഷ. *മഹാഭാരതം കിളിപ്പാട്ട്* ഒരു സ്വതന്ത്രകാവ്യം തന്നെയാണെന്നാണ് അദ്ദേഹത്തിന്റെ നിലപാട്.

### 2.2.3. കർണ്ണകഥാപാത്രം *വ്യാസഭാരത*ത്തിലും *കിളിപ്പാട്ടിലും*

ഒരു പ്രത്യേകമായ, വിചിത്രമായ അവസ്ഥയിൽമാത്രം സൃഷ്ടികർമ്മം നിർവഹിക്കപ്പെടുന്ന എഴുത്തച്ഛനിലെ കവിത്വത്തെ മൂലഗ്രന്ഥമായ *വ്യാസഭാരത*ത്തിലെ കർണ്ണകഥാപരാമർശവുമായി താരതമ്യപ്പെടുത്തുകയാണ് ബാലകൃഷ്ണൻ. എഴുത്തച്ഛന്റെ പരിഭാഷ പലപ്പോഴും മൂലത്തേയും അതിശയിക്കുന്നതായിട്ട് പണ്ഡിതന്മാർ പ്രശംസിക്കാറുണ്ട്.

ഭാരതം കിളിപ്പാട്ടുമായി മൂലഗ്രന്ഥത്തിനുള്ള വ്യത്യാസം പണ്ഡിത ചർച്ചയ്ക്കു വിധേയമായതാണ്. മൂലകഥകളുടെ സ്വീകാരപരിത്യാഗങ്ങളിലും സവിസ്തരാവിസ്തരപ്രതിപാദനത്തിലും സ്മൃതിവിസ്മൃതികളിലും *കിളിപ്പാട്ടിൽ* കവി വിപുലമായ

സ്വാതന്ത്ര്യം കാണിച്ചിട്ടുണ്ട്[86]. വ്യാസനും എഴുത്തച്ഛനും രണ്ടാദർശങ്ങളെ മുൻനിർ ത്തിയാണ് അവരവരുടെ ഭാരതകഥാഖ്യാനം നിർവഹിച്ചിരിക്കുന്നത്. ഇവിടെ കർണ്ണ കഥാപാത്രത്തെ പ്രത്യേകമെടുത്ത് പരിശോധിക്കുകയാണ് ബാലകൃഷ്ണൻ. വെളിച്ച ത്തിൽനിന്നും നിഴലിലേക്ക് അല്ലെങ്കിൽ അണിയറയിലേക്ക് കർണ്ണനെ നീക്കി നിർത്തിയതിനു പിന്നിലെ വസ്തുത അന്വേഷിക്കുന്നു അദ്ദേഹം. *കിളിപ്പാട്ടിൽ* ഒരി ടത്തും കർണ്ണന്റെ ശോഭ എഴുത്തച്ഛൻ ഉയർത്തിക്കാണിക്കുന്നില്ല എന്നത് വളരെ അത്ഭുതകരമായിട്ട് നമുക്കനുഭവപ്പെടുന്നുണ്ട്.

### 2.2.3.1. വ്യാസഭാരതത്തിലെ കർണ്ണൻ

*മഹാഭാരത*ത്തിലെ കർണ്ണനെപ്പോലെയുള്ള ട്രാജിക് കഥാപാത്രങ്ങൾ കവിഭാ വനയുടെ സൃഷ്ടിവൈഭവത്തിന്റെ പരമാവധിയാണെന്ന് ബാലകൃഷ്ണൻ അഭിപ്രായ പ്പെടുന്നുണ്ട്[87]. അത് കഥാപാത്രസൃഷ്ടിയിൽ അദ്ദേഹം വ്യക്തമാക്കുന്നത് ഇപ്രകാര മാണ്. 'ഭാരതകഥയിലെ കഥാപാത്രങ്ങളിൽ കർണ്ണനെ ഏറ്റവും ഉയരംകൂടിയവനാ ക്കിയ നടപടി പ്രതീകാത്മകമല്ലേ എന്നുതന്നെ നമുക്കു സംശയം തോന്നാം'[88]. മഹാ ഭാരതകഥയിൽ കുരുക്ഷേത്രയുദ്ധത്തിന്റെ സ്ഥാനം കർണ്ണനുള്ളതുകൊണ്ടാണെന്നും വ്യാസകഥാപാത്രസൃഷ്ടികളിൽ എല്ലാ അംശത്തിലും സമ്പൂർണ്ണനാണ് കർണ്ണൻ എന്നുമാണ് അർത്ഥമാക്കുന്നത്. എന്നാൽ *വ്യാസഭാരത*ത്തിൽ കർണ്ണനുള്ള പ്രാധാ ന്യം കുരുക്ഷേത്രയുദ്ധംകൊണ്ട് തീരുന്നതായി കണക്കാക്കാൻ കഴിയില്ലെന്ന് അദ്ദേ ഹം വിശദീകരിക്കുന്നു. കാരണം മരിച്ച കർണ്ണനെക്കുറിച്ചുള്ള ഓർമ്മകൾ ജീവിച്ചിരി ക്കുന്ന കഥാപാത്രത്തേക്കാൾ *മഹാഭാരത*കഥയിൽ സജീവമാകുന്നു എന്നതുതന്നെ. കർണ്ണൻ ജ്യേഷ്ഠനാണെന്നു തിരിച്ചറിഞ്ഞ യുധിഷ്ഠിരൻ പാപബോധത്താൽ നീറി ജീവിക്കുന്നു. ഭാരതകർത്താവിന്റെ ജീവിതദർശനം കുരുക്ഷേത്രയുദ്ധാനന്തരമാണ് തെളിഞ്ഞുവരുന്നത്.

### 2.2.3.2. കർണ്ണകഥാപാത്രസൃഷ്ടിയുടെ താരതമ്യം

1. *വ്യാസഭാരത*ത്തിൽ കർണ്ണപർവമൊഴിച്ച് തനിച്ച് പത്തുപന്ത്രണ്ട് സമ്പൂർണ്ണ രംഗങ്ങൾ കർണ്ണകഥയുമായി ബന്ധപ്പെട്ട് നിൽക്കുന്നു. എന്നാൽ *ഭാരതം കിളിപ്പാ ട്ടിൽ* അതേപോലെ കർണ്ണപർവം മാറ്റിനിർത്തി പരിശോധിച്ചാൽ വെറും അഞ്ചു

പുറങ്ങളിൽ 178 വരികളിൽ ഒതുക്കിനിർത്തപ്പെടുന്നു കർണ്ണകഥ. അറുന്നൂറുപുറം വരുന്ന *ഭാരതം കിളിപ്പാട്ടി*ലാണിങ്ങനെ സംഭവിക്കുന്നത്!

2. *വ്യാസഭാരത*ത്തിൽ അരങ്ങേറ്റരംഗം വിവരിക്കുമ്പോൾ കഥാപാത്രങ്ങളുടെ സ്വഭാവങ്ങളും പ്രത്യേകതകളും കഥാഗതിയും സൂചിതമാവുന്നുണ്ട്. എന്നാൽ *ഭാരതം കിളിപ്പാട്ടിൽ* ഇതൊന്നും ഉൾപ്പെടുന്നില്ല.

3. വളരെ വിശാലാർത്ഥദ്യോതകമായ സന്ദർഭത്തിലാണ് വ്യാസൻ കർണ്ണാർജ്ജുനന്മാരുടെ പ്രത്യഭിമുഖം വിവരിക്കുന്നത്. പ്രകൃതിയും ഋതുക്കളും ദേവന്മാരുമെല്ലാം തുല്യരായി പക്ഷം പിരിഞ്ഞുനിന്ന് പങ്കെടുക്കുന്ന വിശ്വമഹാപ്രതിദ്വന്ദ്വത്തിന്റെ പ്രതീകമെന്നാണ് പരസ്പരം എതിർത്തുനിൽക്കുന്ന അവരെ ബാലകൃഷ്ണൻ വിശേഷിപ്പിക്കുന്നത്. *ഭാരതം കിളിപ്പാട്ടിൽ* നിർണ്ണായകപ്രാധാന്യമുള്ള ഒരു കഥാപുരുഷനായി കർണ്ണനെ കാണാൻ കഴിയാത്തതു മാത്രമല്ല, അവിടെ കർണ്ണൻ ഒരു പരിഹാസപാത്രമായി ചുരുങ്ങിപ്പോകുകയും ചെയ്യുന്നു.

4. ദ്രൗപദീസ്വയംവരരംഗത്ത് ആയുധപരീക്ഷയിൽ ദുസ്സാധ്യമായ വില്ല് കർണ്ണൻ നിഷ്പ്രയാസം കുലയേറ്റിയെന്നു *വ്യാസഭാരതത്തിൽ* വിവരിക്കുമ്പോൾ കർണ്ണൻ പിൻമാറ്റപ്പെടുന്ന രംഗമാണ് എഴുത്തച്ഛൻ വിവരിക്കുന്നത്:

ശല്യരും ചെന്നു കൊലച്ചീടുവാൻ മുൽഗമാത്രം
മെല്ലെവേയടുത്തപ്പോൾസാധ്യമല്ലെന്നു കണ്ടു-
വില്ലും വെച്ചടങ്ങിനാനന്നേരം വൈകർത്തന
നെടുത്തുരോമമാത്രമടുത്തു ഗുണമപ്പോൾ

(ഭാ. കി. 286)[89]

ഇപ്രകാരം പരിഹാസ്യമായിട്ടാണ്.

*അദ്ധ്യാത്മരാമാണം കിളിപ്പാട്ടി*ലെ സീതാസ്വയംവരവർണ്ണന മൂലത്തെ അതിശയിക്കുന്ന ഒന്നായിട്ട് പ്രശസ്തി സമ്പാദിച്ച ഒന്നാണെങ്കിൽ *മഹാഭാരതം കിളിപ്പാട്ടി*ലെ പാഞ്ചാലീസ്വയംവരം മൂലത്തെ അതിശയിക്കുന്നു എന്നു പറയുന്നത് സാഹസമായിരിക്കും. അതേ സമയം സീതാസ്വയംവരത്തെ അപേക്ഷിച്ച് കൂടുതൽ സാധ്യതകളുള്ള രംഗമാണിത്. കാരണം ഇവിടെ മത്സരത്തോടൊപ്പം

കുടിപ്പകയുടെയും കുടുംബച്ഛിദ്രത്തിന്റേയും ജാതിപ്പോരിന്റെയും ഇഴകളും പിണച്ചുചേർത്തിരിക്കുന്നു. ഭാവവൈചിത്ര്യം നിറഞ്ഞ ഈ സന്ദർഭം പക്ഷെ എഴുത്തച്ഛന്റെ *കിളിപ്പാട്ടിൽ* ഭാവവൈചിത്ര്യത്തിന്റെ ഒരു നിഴലാട്ടം മാത്രമാകുന്നു എന്ന് നിരീക്ഷിക്കപ്പെട്ടതാണ്[90].

5. വനപർവ്വത്തിലെ ഘോഷയാത്രയിൽ കർണ്ണനും ഹതാശനും വിരഥനുമായി പിൻവാങ്ങുന്ന രംഗത്തിനു ശേഷം ചില അദ്ധ്യായങ്ങളിൽ കർണ്ണൻ ദ്വിഗ്വിജയത്തിൽ ജയിച്ചുവരുന്ന രംഗമുണ്ട്. പക്ഷെ *ഭാരതം കിളിപ്പാട്ടിൽ* അതിന്റെ സൂചനപോലുമില്ലെന്നല്ല കർണ്ണനെ അധിക്ഷേപിക്കുന്ന രൂപത്തിൽ:

    പോരിനു വിരുതുള്ള വീരനാം ചിത്രരഥൻ-
    പാരാതെ നൂറ്റുപേരെ പിടിച്ചു കെട്ടിക്കൊണ്ടാൻ-
    ആരിനി വീണ്ടും കൊൾവതെന്നു കർണ്ണാദികളും-
    നാരിമാരെന്നപോലെ ധർമജനോടു ചൊന്നാൻ!

ഇങ്ങനെ വിവരിക്കുകയും ചെയ്യുന്നു. വീരാടപർവ്വത്തിലെ ഗോഹരണരംഗത്തിലും ഭീഷ്മദ്രോണാദികളോടൊപ്പം കർണ്ണനെ പരാമർശിക്കുന്നിടത്ത് 'കർണ്ണനും പാർത്ഥനും തമ്മിലെതിർത്തപ്പോൾ.... അമ്പു കൊള്ളാത്തവരില്ല കുരുക്കളിൽ- വമ്പനാം കർണ്ണനുമോടിത്തുടങ്ങിനാൽ'[91] എന്ന പരിഹാസധ്വനി കാണുന്നു. ഇപ്രകാരം മൂലകൃതിയിൽനിന്നും വിരുദ്ധമായി കർണ്ണനെ തെറ്റിദ്ധാരണയുളവാക്കുന്ന സ്വരത്തിലുള്ളതാണ് എഴുത്തച്ഛന്റെ കർണ്ണപരാമർശങ്ങൾ.

ഭക്തിയിൽ മറ്റെല്ലാം മറന്ന് ലയിക്കുന്ന എഴുത്തച്ഛന്റെ അദ്ധ്യാത്മരാമായണം കിളിപ്പാട്ടിലും ഭാരതം കിളിപ്പാട്ടിലും കാണുന്ന മൂലകൃതിയിൽ നിന്നുള്ള വ്യതിചലനം ബാലകൃഷ്ണൻ വ്യക്തമാക്കുന്നുണ്ടെങ്കിലും എഴുത്തച്ഛന്റെ കൃതികളിൽ നിമഗ്നനാവുന്ന ബാലകൃഷ്ണനെയാണ് പ്രബന്ധങ്ങളിൽ മുഴുവൻ കാണുന്നത്. രാമായണത്തിന്റെയും മഹാഭാരതത്തിന്റെയും കലാമൂല്യങ്ങളെയും അവയിലെ കഥാപാത്രഗഹനതകളെയും മാനുഷികമൂല്യങ്ങളെയും തദാനുസാരിയായി നിലനിർത്താതെ, രാമകൃഷ്ണകഥകളിൽ കേന്ദ്രീകരിച്ച് ഭക്തിക്കും സന്മാർഗ്ഗചിന്തയ്ക്കും മാത്രം

പ്രാധാന്യം നൽകി ഗ്രന്ഥരചന നിർവ്വഹിച്ച എഴുത്തച്ഛനെ വിശ്വസാഹിത്യത്തിലെ ഒന്നാംകിട എഴുത്തുകാർക്കൊപ്പം ഇരുത്തിയിരിക്കുകയാണ് അദ്ദേഹം.

ബാലകൃഷ്ണൻ, കുമാരനാശാനെയും എഴുത്തച്ഛനെയും രണ്ടു വ്യത്യസ്ത സമീപനമവലംബിച്ച് പഠനം നടത്തുന്നു. കുമാരനാശാന്റെ കവിതകളെക്കുറിച്ചുള്ള പഠനം പരിശോധിക്കുമ്പോൾ അത് ഒരു സാംസ്കാരികപഠനമെന്നതിലുപരി ചില സാഹിത്യസങ്കല്പമടിസ്ഥാനമാക്കി നിർവ്വഹിച്ചതായിട്ടാണ് കാണുന്നത്. പ്രതിഭ യുടെയും സിദ്ധിയുടെയും സ്വാധീനമാണ് ആശാന്റെ ഓരോ കൃതിയിലും ബാലകൃ ഷ്ണൻ കണ്ടെത്തുന്നത്. ആശാനിലും അദ്ദേഹത്തിന്റെ കഥാപാത്രങ്ങളിലും കാല ഘട്ടം ചെലുത്തിയ സ്വാധീനവും അതിന്റെ പ്രതിഫലനവും സാമൂഹ്യദൃഷ്ട്യാ കണ്ടെത്താൻ അദ്ദേഹം ശ്രമിക്കുന്നില്ല. അതിനു കാരണം ഓരോ കൃതിയെ സമിപി ക്കുമ്പോഴും അദ്ദേഹം കൈക്കൊള്ളുന്ന പൂർവ്വനിശ്ചിതമായ സാഹിത്യസങ്കല്പമാ ണെന്നു കാണാവുന്നതാണ്. സൗന്ദര്യമെന്ന മൂല്യം വ്യക്തിഭാവത്തിൽനിന്നും ഉത്ഭവി ക്കുന്നു എന്ന അദ്ദേഹത്തിന്റെ കലാ-സാഹിത്യകാഴ്ചപ്പാടാണ് പഠനത്തിൽ പ്രവർത്തിക്കുന്നത്. എഴുത്തച്ഛനെക്കുറിച്ചുള്ള പഠനം കീഴാളപക്ഷചിന്തയിലൂന്നി നിന്നുകൊണ്ടുള്ള ഒരു സാമൂഹികവിമർശനമാണ്. *വ്യാസഭാരത* പഠനത്തിലൂടെ വർണ്ണാശ്രമധർമ്മവ്യവസ്ഥയെയും ജാതിവ്യവസ്ഥയെയും ഇവിടെ പരിശോധിക്കുന്നു. *വ്യാസഭാരത*ത്തെയും *ഭാരതം കിളിപ്പാട്ടി*നെയും താരതമ്യപ്പെടുത്തുമ്പോൾ കർണ്ണക ഥയ്ക്കാണ് എഴുത്തച്ഛൻ പ്രാധാന്യം നൽകുന്നത്. ഇതിലൂടെ ബാലകൃഷ്ണന്റെ പതിതവർഗ്ഗചിന്ത വ്യക്തമാക്കുന്നു.

## കുറിപ്പുകൾ

1. ബാലകൃഷ്ണൻ, പി.കെ. 'സമൂഹവും സൗന്ദര്യം എന്ന മൂല്യവും' *പി.കെ. ബാലകൃഷ്ണന്റെ ലേഖനങ്ങൾ* (കോട്ടയം: ഡി.സി. ബുക്സ്, സപ്തംബർ 2010, മൂന്നാംപതിപ്പ്) പു. 13.
2. മുരളീധരൻ നെല്ലിക്കൽ, 'പ്ലേറ്റോ' *വിശ്വസാഹിത്യദർശനങ്ങൾ* കോട്ടയം: ഡി.സി. ബുക്സ് 2008 ജൂലായ്, നാലം പതിപ്പ് പു. 23
3. ബാലകൃഷ്ണൻ, പി.കെ. 'വളർച്ചയും സാഫല്യവും' *കാവ്യകല കുമാരനാശാനിലൂടെ* (കോട്ടയം: ഡി.സി. ബുക്സ്, ജൂലൈ 2010, മൂന്നാംപതിപ്പ്) പു. 116.
4. അതേ പുസ്തകം പു. 117.

5. അതേ പുസ്തകം പു. 111

6. ബാലകൃഷ്ണൻ, പി.കെ. 'സിദ്ധിയുടെ കരിങ്കൽത്തറ' *കാവ്യകല കുമാരനാശാനിലൂടെ* (കോട്ടയം: ഡി.സി. ബുക്സ്, ജൂലൈ 2010, മൂന്നാംപതിപ്പ്) പു. 115.

7. കുമാരനാശാൻ, *ചിത്രയോഗനിരൂപണം* (പ്രത്യാഖ്യാനത്തിനുത്തരം) സമ്പാ. എൻ.കെ. ദാമോദരൻ, *കുമാരനാശാന്റെ ഗദ്യലേഖനങ്ങൾ* (തോന്നയ്ക്കൽ: കുമാരനാശാൻ സ്മാരക കമ്മറ്റി 1981 ഏപ്രിൽ) പു. 98.

8. ഡാനിയേൽ, കെ.എം. (ഡോ.) *വീണപൂവ് കൺമുമ്പിൽ* (തൃശ്ശൂർ: കേരളസാഹിത്യ അക്കാദമി, 2012 ഒക്ടോബർ) പു. 44.

9. ബാലകൃഷ്ണൻ, പി.കെ. 'പറന്നകലുന്ന കല' *കാവ്യകല കുമാരനാശാനിലൂടെ* (കോട്ടയം: ഡി.സി. ബുക്സ്, ജൂലായ് 2010) പു. 74

10. ബാലകൃഷ്ണൻ, പി.കെ. 'കാടുകയറിയ കവിപ്രതിഭ' *കാവ്യകല കുമാരനാശാനിലൂടെ* (കോട്ടയം: ഡി.സി. ബുക്സ്, ജൂലായ് 2010) പു. 89.

11. അയ്യപ്പപ്പണിക്കർ, കെ, 'ദുരവസ്ഥയുടെ ദുരവസ്ഥ' *കവിദർശനം* (തിരുവനന്തപുരം: കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ട്, 2002 ഒക്ടോബർ) പു. 27.

12. അതേ പുസ്തകം, പു. 28

13. നിത്യചൈതന്യയതി, ആശാന്റെ കൃതികൾക്കെഴുതിയ ആമുഖം, *ഗുരുനിത്യചൈതന്യയതി ആശാനെക്കുറിച്ച് എഴുതിയതെല്ലാം* തൃശൂർ: മലയാളപഠനഗവേഷണകേന്ദ്രം, 2011, നവംബർ പു. 266

14. ശങ്കരൻ തായാട്ട്, 'സത്യമാരാധകാ' *ആശാൻ: നവോത്ഥാനത്തിന്റെ കവി* (കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം, 2000 മെയ്) പു. 238.

15. കുമാരനാശാൻ. *കുമാരനാശാന്റെ സമ്പൂർണ്ണ പദ്യകൃതികൾ* (കോട്ടയം: സാഹിത്യപ്രവർത്തക സഹകരണ സംഘം 1981 ഒക്ടോബർ) പു. 623

16. ജനാർദ്ദനമേനോൻ കുന്നത്ത്, 'ദുരവസ്ഥയെക്കുറിച്ച്', *കുമാരനാശാൻ, കേരളഭാഷ പ്രണയികൾ* (എറണാകുളം: ദീപം പബ്ലിഷിംഗ് കമ്പനി, 1956 മെയ്) പു.

17. കൃഷ്ണപ്പിള്ള, എൻ. 'ആശാൻ കവിതയ്ക്കൊരാമുഖം' *കുമാരനാശാന്റെ സമ്പൂർണ്ണ പദ്യകൃതികൾ* (കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം, 1986 മെയ്, രണ്ടാംപതിപ്പ്) പു. 57

18. അതേ പുസ്തകം, പു. 591

19. മീരാക്കുട്ടി. പി. *ആശാൻ-കേരളകാളിദാസൻ* (കോട്ടയം: കറന്റ് ബുക്സ്, 1981 ഡിസംബർ) പു. 59

20. ബാലകൃഷ്ണൻ, പി.കെ. 'വളർച്ചയും സാഫല്യവും' *കാവ്യകല കുമാരനാശാനിലൂടെ* (കോട്ടയം: ഡി.സി. ബുക്സ്, ജൂലായ് 2010, മൂന്നാം പതിപ്പ്) പു. 125.

21. അതേ പുസ്തകം, പു. 126.

22. വിജയൻ, എം.എൻ. 'നളിനി' *എം.എൻ. വിജയന്റെ സമ്പൂർണ്ണകൃതികൾ,* വാല്യം രണ്ട് (എഡി. എൻ. പ്രഭാകരൻ) (തൃശ്ശൂർ: കറന്റ് ബുക്സ്, ജൂലായ് 2008) പു. 309, 310

23. നിത്യചൈതന്യയതി, 'നളിനി-അവതരണം' *നളിനി എന്ന കാവ്യശില്പം* (കോഴിക്കോട്: ലിപി പബ്ലിഷേഴ്സ്, സപ്തംബ് 2008, രണ്ടാംപതിപ്പ്) പു. 21..

24. വിജയൻ, എം.എൻ. 'നളിനി' *എം.എൻ. വിജയന്റെ സമ്പൂർണ്ണകൃതികൾ വാല്യം രണ്ട്* (എഡി. എൻ. പ്രഭാകരൻ) (തൃശ്ശൂർ: കറന്റ് ബുക്സ് 2008 ജൂലായ്) പു. 309.

25. ബാലകൃഷ്ണൻ, പി.കെ. 'കലയിലെ സത്യം' 'കാവ്യകല കുമാരനാശാനിലൂടെ' (കോട്ടയം: ഡി.സി. ബുക്സ് ജൂലായ് 2010, മൂന്നാം പതിപ്പ്) പു. 141.

26. വേലായുധൻപിള്ള പി.വി. 'നളിനി-ശില്പവിചാരം' തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ (എഡി. കെ.എസ്. രവികുമാർ) (തൃശൂർ: കേരളസാഹിത്യ അക്കാദമി, സപ്തംബർ 2010) പു. 129.

27. അതേ പുസ്തകം, പു. 136.

28. ബാലകൃഷ്ണൻ, പി.കെ. 'കലയിലെ സത്യം' *കാവ്യകല കുമാരനാശാനിലൂടെ* (കോട്ടയം: ഡി.സി. ബുക്സ്, ജൂലായ് 2010, മൂന്നാം പതിപ്പ്) പു. 143.

29. ബാലകൃഷ്ണൻ, പി.കെ. 'പ്രതിഭാരക്ഷസിന്റെ കുതിരസവാരി' *കാവ്യകല കുമാരനാശാനി ലൂടെ* (കോട്ടയം: ഡി.സി. ബുക്സ്, ജൂലായ് 2010, മൂന്നാം പതിപ്പ്) പു. 121..

30. സാനു, എം.കെ. 'സാഹിത്യവിമർശനത്തിന്റെ പ്രൗഢി', *പി.കെ. ബാലകൃഷ്ണൻ: ഉറങ്ങാത്ത മനീഷി* (കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം, ജൂൺ 2011) പു. 126..

31. നിത്യചൈതന്യയതി 'നാമരൂപങ്ങളും പ്രതിഭയും', *ഗുരുനിത്യചൈതന്യയതി ആശാനെക്കു റിച്ച് എഴുതിയതെല്ലാം* (തൃശൂർ: മലയാള പഠനഗവേഷണകേന്ദ്രം, നവംബർ 2011) പു. 240.

32. പ്രഭാകരൻ പ്രയാർ 'ആശാൻ കവിത - സലക്ഷണവും വിലക്ഷണവും' *ആശാൻ കവിത യുടെ ഹൃദയതാളം* (മാവേലിക്കര: ഫേബിയൻ ബുക്സ്, ജനുവരി 2012) പു. 46.

33. ബാലകൃഷ്ണൻ, പി.കെ. 'നിത്യഭാസുരങ്ങളായ നഭശ്ചരങ്ങൾ' *കാവ്യകല കുമാരനാശാനി ലൂടെ* (കോട്ടയം: ഡി.സി. ബുക്സ്, ജൂലായ് 2010, മൂന്നാം പതിപ്പ്) പു. 147..

34. ബാലകൃഷ്ണൻ, പി.കെ. 'ആഗ്രഹചക്രവാളം' *കാവ്യകല കുമാരനാശാനിലൂടെ* (കോട്ടയം: ഡി.സി. ബുക്സ്, ജൂലായ് 2010, മൂന്നാം പതിപ്പ്) പു. 210.

35. ബാലകൃഷ്ണൻ, പി.കെ. 'കാവ്യശൈലീപരിണാമം' *കാവ്യകല കുമാരനാശാനിലൂടെ* (കോട്ടയം: ഡി.സി. ബുക്സ്, ജൂലായ് 2010, മൂന്നാം പതിപ്പ്) പു. 199.

36. ഗംഗാധരൻ, എം, 'ആമുഖം' *കാവ്യകല കുമാരനാശാനിലൂടെ* (കോട്ടയം: ഡി.സി. ബുക്സ്, ജൂലായ് 2010, മൂന്നാം പതിപ്പ്) പു. 25.

37. അതേ പുസ്തകം, 193.

38. നിത്യചൈതന്യയതി, 'നാമരൂപങ്ങളും പ്രതിഭയും' *ഗുരു നിത്യചൈതന്യയതി ആശാനെക്കു റിച്ച് എഴുതിയതെല്ലാം* (തൃശ്ശൂർ: മലയാളപഠനഗവേഷണകേന്ദ്രം, നവംബർ 2011) പു. 244.

39. ബാലകൃഷ്ണൻ, പി.കെ. 'പ്രസ്താവന' *എഴുത്തച്ഛന്റെ കല- ചില വ്യാസഭാരതപഠനങ്ങളും* (തൃശ്ശൂർ: കറന്റ് ബുക്സ്, ഫെബ്രുവരി 2002) പു. 9

40. കൃഷ്ണപ്പിള്ള കുറ്റിപ്പുഴ, 'ആശാൻ-ദാർശനികകവി', *കുമാരനാശാനെപ്പറ്റി* (തോന്നയ്ക്കൽ: കുമാരനാശാൻ മെമ്മോറിയൽ കമ്മറ്റി, 1968 മാർച്ച്) പു. 9.

41. ബാലകൃഷ്ണൻ, പി.കെ. 'പരിത്യക്തനായ കവി' *കാവ്യകല കുമാരനാശാനിലൂടെ* (കോട്ടയം: ഡി.സി. ബുക്സ്, ജൂലായ് 2010, മൂന്നാം പതിപ്പ്) പു. 165.

42. കൃഷ്ണപ്പിള്ള, എൻ. 'ആശാൻ കവിതയ്ക്കൊരാമുഖം' *കുമാരനാശാന്റെ സമ്പൂർണ്ണ പദ്യകൃതി കൾ* (കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം, മെയ് 1986, രണ്ടാംപതിപ്പ്) പു. 36.

43. ജോസഫ് മുണ്ടശ്ശേരി, 'ആശാന്റെ സീത' *മുണ്ടശ്ശേരി കൃതികൾ,* (കോട്ടയം: ഡി.സി. ബുക്സ്, ഒക്ടോബർ 2010) പു. 547.

44. ബാലകൃഷ്ണൻ, പി.കെ. 'പതനവും ഉയിർത്തെഴുന്നേൽപും' *കാവ്യകല കുമാരനാശാനിലൂടെ* (കോട്ടയം: ഡി.സി. ബുക്സ്, ജൂലായ് 2010, മൂന്നാം പതിപ്പ്) പു. 162.

45. ശങ്കരൻ തായാട്ട്, 'പാഠഭേദവും രുചിഭേദവും' *ആശാൻ: നവോത്ഥാനത്തിന്റെ കവി* (കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം, മെയ് 2000) പു. 141..

46. വിജയൻ, എം.എൻ. 'ആശാന്റെ കവിവ്യക്തിത്വം' *എം.എൻ. വിജയൻ സമ്പൂർണ്ണകൃതികൾ സാഹിത്യം, വാല്യം രണ്ട്* (തൃശ്ശൂർ: കറന്റ് ബുക്സ്, ജൂലൈ 2008) പു. 518.

47. നിത്യചൈതന്യയതി 'ആശാൻ കൃതികൾക്കെഴുതിയ ആമുഖം' *ഗുരുനിത്യചൈതന്യയതി ആശാനെക്കുറിച്ച് എഴുതിയതെല്ലാം* (തൃശ്ശൂർ: മലയാളപഠനഗവേഷണകേന്ദ്രം, നവംബർ) പു. 276..

48. ബാലകൃഷ്ണൻ, പി.കെ. 'ആശാന്റെ ശബ്ദസങ്കല്പം' *കാവ്യകല കുമാരനാശാനിലൂടെ* (കോട്ടയം: ഡി.സി. ബുക്സ്) പു. 235.

49. സാനു, എം.കെ. 'കവിത സമൂഹത്തിനുവേണ്ടിയും', *മൃത്യുഞ്ജയം കാവ്യജീവിതം* (ഇരിങ്ങാലക്കുട: എസ്.എൻ ചന്ദ്രിക എഡ്യുക്കേഷണൽ ട്രസ്റ്റ്, 1996) പു.179.

50. ബാലകൃഷ്ണൻ, പി.കെ. 'പ്രേമസായൂജ്യം' *കാവ്യകല കുമാരനാശാനിലൂടെ* (കോട്ടയം: ഡി. സി. ബുക്സ്, ജൂലായ് 2010, മൂന്നാം പതിപ്പ്) പു. 255.

51. അതേ പുസ്തകം, പു. 258

52. ബഞ്ചമിൻ, ഡി. 'കരുണ' *കുമാരനാശാന്റെ കാവ്യപ്രപഞ്ചം.* സമ്പാ. കെ. രാമചന്ദ്രൻ നായർ, ടി. ഭാസ്കരൻ (തിരുവനന്തപുരം: കേരളസർവ്വകലാശാല പ്രസിദ്ധീകരണവിഭാഗം) പു. 81.

53. അപ്പുക്കുട്ടൻ മാമ്പുഴ. 'വിമർശനത്തിലെ പുരുഷശബ്ദം' *നവീനവിമർശനം മലയാളത്തിൽ* (തൃശ്ശൂർ: കേരള സാഹിത്യ അക്കാദമി, 1997) പു. 42.

54. സാഹിത്യപഞ്ചാനനൻ, പി.കെ. നാരായണപ്പിള്ള 'കുചേലവൃത്തം വഞ്ചിപ്പാട്ടും അതിനു മുൻപും പിൻപും' *പണ്ഡിതസദസ്സ്* (തൃശ്ശൂർ: ശ്രീ നരസിംഹവിലാസം ബുക്ക് ഡിപ്പോ, മാർച്ച്, 1955) പു. 23

55. ബാലകൃഷ്ണൻ, പി.കെ. 'കവിതയും കാവ്യസംഗീതവും' *കാവ്യകല കുമാരനാശാനിലൂടെ* (കോട്ടയം: ഡി.സി. ബുക്സ്, ജൂലായ് 2010, മൂന്നാം പതിപ്പ്) പു. 225.

56. അതേ പുസ്തകം, പു. 225

57. ബാലകൃഷ്ണൻ, പി.കെ. 'പ്രസ്താവന' *എഴുത്തച്ഛന്റെ കല-ചില വ്യാസഭാരതപഠനങ്ങളും* (തൃശ്ശൂർ: കറന്റ് ബുക്സ്, ഫെബ്രുവരി 2002) പു. 9..

58. അതേപുസ്തകം, പു. 126

59. അതേപുസ്തകം, പു.128

60. അതേപുസ്തകം, പു. 128

61. എഴുത്തച്ഛൻ, കെ.എൻ. 'എഴുത്തച്ഛന്റെ സംഭാവന' *തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ*(തൃശ്ശൂർ: കേരള സാഹിത്യ അക്കാദമി, മാർച്ച് 1990) പു. 417.

62. (അതേപുസ്തകം, പു. 417.)

63. ബാലകൃഷ്ണൻ, പി.കെ. 'എന്താണെഴുത്തച്ഛൻ' *എഴുത്തച്ഛന്റെ കല-ചില വ്യാസഭാരതപഠനങ്ങളും* (തൃശ്ശൂർ: കരന്റ് ബുക്സ്, ഫെബ്രുവരി 2002) പു. 130.

64. പത്മനാഭമേനോൻ, കെ.പി. *കൊച്ചിരാജ്യചരിത്രം* (കോഴിക്കോട്: മാതൃഭൂമി പ്രിന്റിംഗ് എന്റ് പബ്ലിഷിങ്ങ് കമ്പനി, 1989) പു. 813.

65. ഹരിശർമ്മ, എ.ഡി. *മലയാളസാഹിത്യം ചരിത്രപരമായ സമീപനം* (തുറവൂർ: ശ്രീനരസിംഹ വിലാസം ബുക്ക് ഡിപ്പോ, ഒക്ടോബർ 1959) പു. 23.

66. അതേ പുസ്തകം, പു. 136

67. എഴുത്തച്ഛൻ, കെ.എൻ. 'എഴുത്തച്ഛന്റെ സംഭാവന' *തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ*(തൃശ്ശൂർ: കേരള സാഹിത്യ അക്കാദമി, മാർച്ച് 1990) പു. 418.

68. ബാലകൃഷ്ണൻ, പി.കെ. 'അദ്ധ്യാത്മരാമായണത്തിലൂടെ വാഗ്ദേവതാ സന്നിധിയിലേക്ക്' *എഴുത്തച്ഛന്റെ കല-ചില വ്യാസഭാരതപഠനങ്ങളും* (തൃശ്ശൂർ: കരന്റ് ബുക്സ്, ഫെബ്രുവരി 2002) പു. 89.

69. ബാലകൃഷ്ണൻ, പി.കെ. 'എഴുത്തച്ഛൻ എന്ന കവിതാതത്ത്വസമസ്യ' *എഴുത്തച്ഛന്റെകല-ചില വ്യാസഭാരതപഠനങ്ങളും* (തൃശ്ശൂർ: കരന്റ് ബുക്സ്, ഫെബ്രുവരി 2002) പു. 101.

70. അതേപുസ്തകം, പു. 105.

71. അതേപുസ്തകം, പു. 109.

72. സാഹിത്യപഞ്ചാനനൻ, പി.കെ. നാരായണപ്പിള്ള 'എഴുത്തച്ഛൻ' *പഞ്ചാനനന്റെ വിമർശത്രയം* (തൃശ്ശൂർ: കേരളസാഹിത്യ അക്കാദമി, ഒക്ടോബർ 1986) പു. 245

73. ഇരാവതി കാർവെ, 'ആമുഖം' *മഹാഭാരതപഠനങ്ങൾ* വിവ: പി.ആർ. നായർ, (തിരുവനന്തപുരം: മൈത്രി ബുക്സ്, നവംബർ 2008) പു. 13.

74. Kosambi, D.D. *The Culture and Civilization of Ancient India in Historical Outline* (New Delhi: UBS Publishers and Distribots Pvt. Ltd., Vikas Publishing House Pvt. Ltd. , Noida) p. 72.

75. ബാലകൃഷ്ണൻ, പി.കെ. 'വ്യാസഭാരതത്തിന്റെ രൂപപരിണാമവും ഇന്ത്യയിലെ സമുദായപരിണാമവും' *എഴുത്തച്ഛന്റെ കല-ചില വ്യാസഭാരതപഠനങ്ങളും* (തൃശ്ശൂർ: കരന്റ് ബുക്സ്, ഫെബ്രുവരി 2002) പു. 142.

76. അതേ പുസ്തകം, പു. 144.

77. കൊസാംബി. ഡി.ഡി. *മിത്തും യാഥാർത്ഥ്യവും* പരിഭാഷ. പി. ഗോവിന്ദപ്പിള്ള, ഡോ. രാജൻഗുരുക്കൾ, ആർ. ഭാസുരേന്ദ്രബാബു (കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം, ഡിസംബർ 2012) പു. 60

78. രാജൻ ഗുരുക്കൾ, 'ശ്രീകൃഷ്ണൻ: സങ്കൽപത്തിലും സമൂഹത്തിലും' *മിത്ത്, ചരിത്രം, സമൂഹം* (പത്തനംതിട്ട: പ്രസക്തി ബുക്ക്ഹൗസ്, ആഗസ്ത് 2009) പു. 28

79. ഇരാവതി കാർവെ, 'ആമുഖം' *മഹാഭാരതപഠനങ്ങൾ* വിവ: പി.ആർ. നായർ, (തിരുവനന്തപുരം: മൈത്രി ബുക്സ്, നവംബർ 2008) പു. 138.

80. ശർമ്മ. ആർ.എസ്. *പ്രാചീന ഇന്ത്യ*. വിവ: സെനു കുര്യൻ ജോർജ്, (കോട്ടയം: ഡി.സി. ബുക്സ് 2008). പു. 95.

81. ബാലകൃഷ്ണൻ, പി.കെ. 'വ്യാസഭാരതത്തിന്റെ രൂപപരണാമവും ഇന്ത്യയിലെ സമുദായ പരിണാമവും' *എഴുത്തച്ഛന്റെ കല-ചില വ്യാസഭാരതപഠനങ്ങളും* (തൃശ്ശൂർ: കരന്റ് ബുക്സ്, ഫെബ്രുവരി 2002) പു. 146.

82. ഇരാവതി കാർവെ, *മഹാഭാരതപഠനങ്ങൾ,* വിവ: പി.ആർ. നായർ, (തിരുവനന്തപുരം: മൈത്രി ബുക്സ്, നവംബർ 2008) പു. 136.

83. ബാലകൃഷ്ണൻ, പി.കെ. 'വ്യാസഭാരതപ്രപഞ്ചത്തിലേക്ക്' *എഴുത്തച്ഛന്റെ കല-ചില വ്യാസ ഭാരതപഠനങ്ങളും* (തൃശ്ശൂർ: കരന്റ് ബുക്സ്, ഫെബ്രുവരി 2002) പു. 38.

84. അതേ പുസ്തകം, പു. 46.

85. അതേ പുസ്തകം, പു. 47.

86. രാജരാജവർമ്മ വടക്കുംകൂർ 'ഭാരതം മൂലവും ഭാരതം കിളിപ്പാട്ടും' *സാഹിത്യമഞ്ജുഷിക* (തൃശ്ശൂർ: കരന്റ് ബുക്സ്, ഒക്ടോബർ 1969) പു. 74.

87. ബാലകൃഷ്ണൻ, പി.കെ. 'വ്യാസന്റെ കർണ്ണൻ' *എഴുത്തച്ഛന്റെ കല-ചില വ്യാസഭാരതപഠന ങ്ങളും* (തൃശ്ശൂർ: കരന്റ് ബുക്സ്, ഫെബ്രുവരി 2002) പു. 61.

88. അതേ പുസ്തകം, പു. 65.

89. അതേ പുസ്തകം, പു. 77.

90. അരവിന്ദാക്ഷൻ, വി. (പ്രൊഫ.) 'എഴുത്തച്ഛന്റെ കർണ്ണൻ' *തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ* (തൃശ്ശൂർ: കേരളസാഹിത്യ അക്കാദമി, ഒക്ടോബർ 2013) പു. 80.

91. ബാലകൃഷ്ണൻ, പി.കെ. 'എഴുത്തച്ഛന്റെ കണ്ണൻ' *എഴുത്തച്ഛന്റെ കല-ചില വ്യാസഭാരതപഠ നങ്ങളും* (തൃശ്ശൂർ: കരന്റ് ബുക്സ്, ഫെബ്രുവരി 2002) പു. 79.

അദ്ധ്യായം മൂന്ന്

# നോവൽചിന്തയും ഗദ്യലേഖനങ്ങളും

## 3.1.0. മലയാളത്തിലെ ആദ്യകാല നോവൽപഠനങ്ങൾ

ഒരു ഭാഷയിൽ പുതുതായി ഒരു സാഹിത്യജനുസ്സ് കടന്നുവരുമ്പോൾ അതിനെ സാഹിത്യമണ്ഡലത്തിൽ അടയാളപ്പെടുത്തുന്നതിൽ നിരൂപണത്തിന് വലിയ പ്രസക്തിയുണ്ട്. സ്വാഭാവികമായും ആസ്വാദനപരമായ നിരീക്ഷണങ്ങളും ചർച്ചകളുമായിരിക്കും നിലനിൽക്കുന്ന സാഹിത്യാന്തരീക്ഷത്തിൽ അതിനിടം നൽകുന്ന പരിശ്രമങ്ങൾ. എന്നാൽ, പുതിയ സാഹിത്യജനുസ്സിനെ സംബന്ധിക്കുന്ന ലക്ഷണങ്ങളും രീതിഭേദങ്ങളും തിരിച്ചറിയുന്ന രണ്ടാം ഘട്ടത്തിലായിരിക്കും ആ സാഹിത്യജനുസ്സിന് ചിരപ്രതിഷ്ഠ ലഭിക്കുന്നതിന്റെ സൂചനയെങ്കിലും ലഭിക്കുന്നത്. ലക്ഷണനിർണ്ണയം ഒരർത്ഥത്തിൽ ആ സാഹിത്യജനുസ്സിലെ നിലവിലുള്ള എഴുത്തുകാർക്ക് മാർഗ്ഗനിർദ്ദേശവും പുതിയ എഴുത്തുകാർക്കുള്ള പ്രോത്സാഹനവുമാണ്.

മലയാളത്തിലെ നോവൽപഠനങ്ങളുടെ ചരിത്രം പരിശോധിച്ചാൽ ആദ്യകാലരചനകൾ മിക്കതും ഒറ്റയൊറ്റ നോവലുകളെക്കുറിച്ചുള്ള ആസ്വാദനപരമോ വിമർശനാത്മകമോ ആയ പഠനങ്ങളാണെന്നു കാണാം. നെടിയംവീട്ടിൽ ബാലകൃഷ്ണമേനോൻ, നോവലിന്റെ സാങ്കേതികവശങ്ങൾ വിശദീകരിച്ചുകൊണ്ട് 1916 ആഗസ്ത്, 1917 ജൂൺ, സപ്തംബർ, 1919 ജൂൺ എന്നീ വർഷങ്ങളിൽ *ഭാഷാപോഷിണി* മാസികയിൽ പ്രസിദ്ധീകരിച്ച ലേഖനങ്ങൾ[1], സി.പി. അച്യുതമേനോൻ പത്രാധിപത്യം വഹിച്ച *വിദ്യാവിനോദിനി* മാസികയിൽ അദ്ദേഹംതന്നെ കൊ.വ. 1067, 1068 കാലഘട്ടങ്ങളിൽ എഴുതി പ്രസിദ്ധീകരിച്ച *കുന്ദലത, ശാരദ, പറങ്ങോടീപരിണയം* തുടങ്ങിയ നോവലുകളെക്കുറിച്ചുള്ള ആസ്വാദനപരങ്ങളായ പഠനങ്ങൾ[2], മൂർക്കോത്തു കുമാരൻ അതേ നോവലുകളെക്കുറിച്ച് കൊ.വ 1080, 1082 കാലത്ത് *ഭാഷാപോഷിണി*യിൽ രചിച്ച വിമർശനക്കുറിപ്പുകൾ[3], കേസരി വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ കൊ.വ. 1060കളിൽ *വിദ്യാവിനോദിനി*യിൽ ആഖ്യായികകളെക്കുറിച്ചെഴുതിയ കുറിപ്പുകൾ[4] തുടങ്ങിയവ ഉദാഹരണം.

1930-ൽ പുറത്തിറങ്ങിയ എം.പി. പോളിന്റെ *നോവൽ സാഹിത്യ*മെന്ന ഗ്രന്ഥമാണ് നോവലിനെക്കുറിച്ചുണ്ടായ ആദ്യപഠനഗ്രന്ഥം. 1947-ൽ പ്രസിദ്ധീകരിച്ച കേസരി ബാലകൃഷ്ണപ്പിള്ളയുടെ *നോവൽ പ്രസ്ഥാനങ്ങൾ* പാശ്ചാത്യനോവൽ സാഹിത്യത്തിലുണ്ടായ പ്രത്യേകതകളെ വിശാലാർത്ഥത്തിൽ പരിചയപ്പെടുത്തുന്നതാണ്. പുതിയ സാഹിത്യജനുസ്സെന്ന നിലയിൽ ബാലാരിഷ്ടതകൾ അനുഭവിച്ചുപോന്ന മലയാളനോവൽസാഹിത്യത്തിന്, നോവലിസ്റ്റുകൾക്ക്, മാർഗ്ഗനിർദ്ദേശകമായിരുന്നു പോളിന്റെ ഗ്രന്ഥത്തിലെ നോവലിന്റെ കഥ, ഇതിവൃത്തം, കഥാപാത്രരൂപീകരണം, സംഭാഷണരചന തുടങ്ങിയ അദ്ധ്യയങ്ങൾ. പിന്നീട് ഒന്നരദശകം കഴിഞ്ഞ് പ്രസിദ്ധീകരിച്ച കേസരിയുടെ *നോവൽപ്രസ്ഥാനങ്ങൾ* എന്ന ഗ്രന്ഥത്തിൽ നോവലിന്റെ അടിസ്ഥാനഘടകങ്ങളെക്കുറിച്ചല്ല, നോവലിലെത്തന്നെ വ്യത്യസ്തമായ ധാരകളെയും പ്രസ്ഥാനങ്ങളെയുമാണ് മലയാളിക്ക് പരിചയപ്പെടുത്തിക്കൊടുക്കുന്നത്. ഒരർഥത്തിൽ ഈ വിഷയത്തിൽ പോൾ തുടങ്ങിവെച്ചതിന്റെ തുടർച്ചയാണ് കേസരി ഏറ്റെടുത്തത് എന്നുപറയാം. ഇരുവരും പാശ്ചാത്യമായ നോവലുകളെയും നോവൽ ചിന്തകളെയും മാതൃകയാക്കി മലയാളത്തിലെ നോവലെഴുത്തുകാർക്കും വായനക്കാർക്കും വഴികാട്ടുകയെന്ന ധർമ്മമാണ് ഫലപ്രദമായി അനുഷ്ഠിച്ചത്.

കേസരിയുടെ കൃതിക്കുശേഷം ആധുനികതാവാദകാലഘട്ടംവരെ ഈ വിഷയത്തിൽ കനപ്പെട്ട കൃതികളൊന്നും മലയാളത്തിലുണ്ടായിട്ടില്ല. നോവൽ എന്ന സാഹിത്യജനുസ്സിനെ ഗൗരവമായി പഠിക്കാനുള്ള ശ്രമം പിന്നീട് നടത്തിയത് പി.കെ. ബാലകൃഷ്ണനാണ്. അതിന്റെ തുടക്കമാണ് 1957-ൽ പ്രസിദ്ധീകരിച്ച *ചന്തുമേനോൻ ഒരു പഠനം* എന്ന ഗ്രന്ഥം. തുടർന്ന് നോവൽപഠനത്തിന് അദ്ദേഹം നൽകിയ ശ്രദ്ധേയമായ സംഭാവനയാണ് 1965-ൽ പ്രസിദ്ധീകരിച്ച *നോവൽ-സിദ്ധിയും സാധനയും.*

ബാലകൃഷ്ണന്റെ നോവൽസംബന്ധമായ ആലോചനകൾ പാശ്ചാത്യസാഹിത്യപഠനങ്ങളിലേക്ക് പോകുന്നുണ്ടെങ്കിലും നോവൽപ്രതിഭയുടെ ചില പ്രത്യേക വ്യക്തിവിശേഷങ്ങളിലേക്കാണ് കൂടുതലും കടന്നുചെല്ലുന്നത്. ജന്മസിദ്ധമായ

പ്രതിഭയും നിരന്തരസാധനയും-ഈ രണ്ടു പ്രധാന ഘടകങ്ങളുടെ പ്രവർത്തന മാണ് മഹത്തായ നോവൽസൃഷ്ടിയുടെ പിന്നിൽ പ്രവർത്തിക്കുന്ന തത്വമെന്നാണ ദ്ദേഹത്തിന്റെ സിദ്ധാന്തം. നോവലിലെ പ്രമേയം, ആഖ്യാനരീതി, കഥാപാത്രഘടന എന്നീ മേഖലകളിൽ അവയുടെ പ്രവർത്തനം അദ്ദേഹം വിശകലനം ചെയ്യുന്നുണ്ട്. പ്രതിഭയുടെ ഘടകങ്ങൾ ഏറ്റവും പ്രബലമായി ബാലകൃഷ്ണൻ കാണുന്ന മൂന്നു വ്യത്യസ്ത നോവലിസ്റ്റുകളെയാണ് *നോവൽ-സിദ്ധിയും സാധനയും* എന്ന ഗ്രന്ഥ ത്തിൽ പഠനവിധേയമാകുന്നത്. ബംഗാളിയായ താരശങ്കർ ബാനർജി, ഇംഗ്ലീഷുകാ രിയായ ജയിൻ ഓസ്റ്റൻ, റഷ്യക്കാരനായ ഡോസ്റ്റോയ്വ്സ്കി എന്നിവരുടെ കലാപ്രതിഭയെയും നോവൽരചനയിൽ അവർ അനുഷ്ഠിച്ച സാധനയെയും അവര വരുടെ വ്യക്തിജീവിതസാഹചര്യങ്ങളുമായി ഇഴചേർത്തുകൊണ്ട് വിശകലനം ചെയ്ത് തെളിവുകൾ നിരത്തുകയാണ് അദ്ദേഹം ചെയ്യുന്നത്.

കലാവിഷ്കാരത്തിനു നൈസർഗ്ഗികപ്രതിഭ വേണമെന്നത് പണ്ടുതന്നെ ഭാര തീയകലാമർമ്മജ്ഞർ ഏതാണ്ടെല്ലാവരും പറഞ്ഞുവെച്ചിട്ടുള്ളതാണ്. അപൂർവ്വ വസ്തുനിർമ്മാണക്ഷമമായ പ്രജ്ഞയെ അഭിനവൻ പ്രതിഭയെന്നു വിളിക്കുന്നു[5]. രസം, അലങ്കാരം, ധ്വനി, വക്രോക്തി തുടങ്ങിയ വ്യത്യസ്തപദ്ധതികൾ വിഭാവനം ചെയ്ത പൗരസ്ത്യചിന്തകർ കലാസൃഷ്ടിയിലെ നിർണ്ണായകഘടകം കലാകാ രന്റെ സിദ്ധപ്രതിഭയാണെന്ന് സിദ്ധാന്തിക്കുന്നത് കാവ്യങ്ങളെ മുൻനിർത്തിയാണ് എന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ബാലകൃഷ്ണനാകട്ടെ പൗരസ്ത്യമായ പ്രതിഭാസങ്കൽപത്തെ അങ്ങനെതന്നെ പിന്തുടരുകയല്ല ചെയ്യുന്നതെന്നും കാവ്യവി ശകലനത്തിന്റെ രീതിവിശേഷങ്ങൾ ഗദ്യസാഹിത്യമായ നോവലിന്റെ കാര്യത്തിൽ സംഗതമല്ല എന്ന കാര്യത്തെക്കുറിച്ച് അദ്ദേഹത്തിനു തികഞ്ഞ ബോധ്യമുണ്ടായി രുന്നു എന്നും *നോവൽ-സിദ്ധിയും സാധനയും* എന്ന ഗ്രന്ഥം വെളിവാക്കുന്നുണ്ട്. ജന്മനാ ലഭിക്കുന്ന ബോധമനസ്സിനു തികച്ചും വിധേയമാകുന്ന സ്വഭാവസവിശേഷ തകളോടല്ല, ഏറെയൊന്നും മാറ്റം വരുത്താനാകാത്ത ശാരീരികവികലതകളോ ടാണ്[6] അദ്ദേഹം പ്രതിഭയെ സാദൃശ്യപ്പെടുത്തുന്നത്. ജന്മനാ ലഭിക്കുന്ന ഒരു സ്വഭാ വപ്രത്യേകതയാണത്. അതായത് വ്യക്തിപ്രതിഭയാണ് കലയുടെ അടിസ്ഥാന

മെന്ന് ഊന്നിപ്പറഞ്ഞുകൊണ്ട് നോവലുകളിൽ അതു പ്രകടമാവുന്ന മൂന്നു വഴികൾ ബാലകൃഷ്ണൻ ഈ ഗ്രന്ഥത്തിലൂടെ കാണിച്ചുതരികയാണ്.

### 3.1.1. വ്യത്യസ്തതയാർന്ന പ്രമേയകൽപനകൾ

കൃതികളിലെ കേന്ദ്രാശയമായ പ്രമേയത്തെ മൂന്നു നോവലുകളിലും വ്യത്യസ്ത രീതികളിലാണ് ബാലകൃഷ്ണൻ ചർച്ചചെയ്യുന്നത്. സോദ്ദേശകമോ ധിഷണാപരമോ അല്ലാത്ത കേവലസൗന്ദര്യാവിഷ്കരണമാണ് കല എന്നും രൂപഭാവങ്ങളുടെ ഏകാഗ്രതയിലൂടെ മാത്രമാണ് കേവലസൗന്ദര്യാവിഷ്കരണം സാധിക്കുക[7] എന്നും ഉള്ള തന്റെ കലാസങ്കൽപചിന്തയെ അടിസ്ഥാനമാക്കിയാണ് *ആരോഗ്യനികേതന*ത്തിലെ പ്രമേയാവതരണം ബാലകൃഷ്ണൻ നിർവഹിക്കുന്നത്. പ്രമേയത്തിനു ശക്തിയും വ്യക്തതയുമുണ്ടാക്കാൻ കഥാപാത്രങ്ങളെക്കൊണ്ട് പ്രസംഗവും പ്രബന്ധവും അവതരിപ്പിക്കുന്ന നോവൽക്കർത്താക്കളിൽനിന്ന് വ്യത്യസ്തമായി, കലയുടെ നിയമങ്ങളെ ലംഘിക്കാതെയാണ് താരാശങ്കർ ബാനർജി അതു നിർവഹിക്കുന്നത് എന്നദ്ദേഹം പറയുന്നു. ഇതിവൃത്തം, കഥാപാത്രങ്ങൾ പ്രതിപാദനം എല്ലാംതന്നെ പ്രമേയത്തിന്റെ ഗാംഭീര്യത്തിനു മിഴിവു നൽകുന്ന പ്രതിഭാസഹജമായ രീതി കൈക്കൊണ്ടാണ് ഇത് നിർവഹിക്കപ്പെട്ടത്, എന്നാണ് അർഥമാക്കുന്നത്.

നോവലിൽ അവതരിപ്പിക്കുന്ന മൃത്യുദർശനം ഭാരതീയസാഹിത്യത്തിൽ അപരിചിതമല്ല. അത്ഭുതസിദ്ധി വിവരിക്കുന്നതും ഐതിഹ്യം കലർന്നതുമായ കഥകളാൽ സമ്പന്നമാണ് ഭാരതീയസാഹിത്യം. ജനിമൃതി, ജന്മാന്തരം, എന്നിവയെക്കുറിച്ചുള്ള മിത്തുകളും ബിംബങ്ങളും നോവലിൽ നിറഞ്ഞുനിൽക്കുന്നുണ്ട്. വലിയനോവലിൽ വലിയപ്രമേയം കൈകാര്യം ചെയ്യുന്ന രീതിയെക്കുറിച്ച് പഠിക്കാൻ താൽപര്യമുള്ളവർക്ക് വിലപ്പെട്ട ഒരു മാതൃകയാണ് *ആരോഗ്യനികേതനം* എന്ന് ബാലകൃഷ്ണൻ അഭിപ്രായപ്പെടുന്നത്[8] നോവലിലെ പ്രമേയത്തിന്റെ സാർവലൗകികതയും സാർവകാലികപ്രസക്തിയും മനസ്സിലാക്കിയിട്ടാണ്. പ്രമേയകൽപനയിൽ പ്രതിഭയുടെ സ്വാധീനമാണദ്ദേഹം അർഥമാക്കുന്നത്. മാനുഷികമഹത്വമെന്ന പ്രമേയം കലാനിയമങ്ങളെ ലംഘിക്കാതെ നോവലിൽ പ്രതിഷ്ഠിക്കപ്പെട്ടിരിക്കു

ന്നത് നോവലിസ്റ്റിന്റെ പ്രതിഭാസഹജമായ ലാഘവബുദ്ധികൊണ്ടാണ്. നമ്മയെ പ്രകീർത്തിക്കുന്ന കൃതിയായി നോവൽ മാറിയതിനു പിന്നിലും പ്രമേയസന്നിവേശത്തിനു പിന്നിൽ പ്രവർത്തിച്ച പ്രതിഭാശക്തിയാണ്. ഒരു വ്യക്തിയുടെ ഉള്ളറയിൽ നടക്കുന്ന സംഘർഷം നിലനിർത്തിക്കൊണ്ടിരിക്കുന്ന നോവലാണിത്. ഇതിന്റെ മലയാളപരിഭാഷയെ അവലംബമാക്കിയാണ് ബാലകൃഷ്ണൻ തന്റെ നിരീക്ഷണങ്ങൾ അവതരിപ്പിക്കുന്നതെന്ന് അദ്ദേഹം എടുത്തു പറഞ്ഞിട്ടുണ്ട്.

എന്നാൽ ഡോസ്റ്റോയ്‌വ്സ്കികൃതികളിൽ പ്രവേശിക്കുമ്പോൾ ബാലകൃഷ്ണന്റെ പ്രമേയസംബന്ധമായ ചിന്തകളല്ല പ്രവർത്തിക്കുന്നത്. പകരം ആഖ്യാനതന്ത്രം, കഥാപാത്രഘടന തുടങ്ങിയ ഘടകങ്ങളാണ് പഠനവിധേയമാക്കുന്നത്. ഡോസ്റ്റോയ്‌വ്സ്കിയുടെ സമകാലികരായ സാഹിത്യകാരന്മാർ റഷ്യൻ സമൂഹത്തിലെ ജനങ്ങൾ നേരിട്ട ദാരിദ്ര്യംപോലുള്ള പ്രശ്നങ്ങൾ കൂട്ടിക്കലർത്തി പ്രമേയം സ്വീകരിച്ചപ്പോൾ ഡോസ്റ്റോയ്‌വ്സ്കി അവരിൽനിന്നും വേറിട്ടുനിന്നു. സാമൂഹ്യചൂഷണം, മർദ്ദിതാവസ്ഥ തുടങ്ങിയവയെക്കുറിച്ചുള്ള പ്രതിഷേധചിന്ത ആ സാഹിത്യത്തിലില്ല. മറിച്ച് വിചിത്രമായ അനുഭവം വിചിത്രമായ പ്രതിഭയിൽ പ്രവർത്തിച്ചതിന്റെ കഥയാണ് ഡോസ്റ്റോയ്‌വ്സ്കിയുടെ കഥ. ജീവിതാനുഭവം അനുഭൂതിയായി മാറുന്ന പ്രക്രിയ വിശേഷപ്രതിഭയിൽ വ്യത്യസ്തമായിരിക്കുമെന്നാണ് പറഞ്ഞുവരുന്നത്. ആ അനുഭൂതി കലാവിഷ്കാരമായി മാറുമ്പോൾ തികച്ചും ആത്മനിഷ്ഠമായിരിക്കുമെന്നർത്ഥം. ഈ വ്യത്യസ്തതയാണ് കൃതികളിൽ പ്രതിഫലിക്കുന്നത്. അനുഭവം നേരിട്ടു കൃതികളെ സ്വാധീനിക്കുന്നില്ല. വ്യക്തിജീവിതത്തിലെ ഏറ്റവും കടുത്ത അനുഭവമായിരുന്ന ദാരിദ്ര്യത്തെ ഡോസ്റ്റോയ്‌വ്സ്കി കൃതികളിൽ പ്രമേയമാക്കിയിരുന്നില്ല. അതേസമയം സൈബീരിയയിലെ ജയിൽജീവിതാനുഭവത്തെ അദ്ദേഹം സ്വാംശീകരിക്കുകയും അത് അദ്ദേഹത്തിന്റെ കഥാപ്രപഞ്ചത്തിലും പാത്രസൃഷ്ടിയിലും സ്വാധീനിക്കുകയും ചെയ്തിരുന്നു. ഇത് വ്യത്യസ്ത അനുഭവം പ്രതിഭകളിൽ പ്രതിഭിന്ന പ്രതികരണമാണുണ്ടാക്കുക എന്ന തത്ത്വമായിട്ട് ബാലകൃഷ്ണൻ കണ്ടെത്തുന്നു. എന്നാൽ ഡോസ്റ്റോയ്‌വ്സ്കിയെ സംബന്ധിച്ചുള്ള ഈ അഭിപ്രായം പൂർണ്ണമായും ശരിയാവുകയില്ല. ചില എഴുത്തുകാർ രാഷ്ട്രീയാംശം വ്യംഗ്യസൂചനകളാൽ കൃതികളിൽ ഒതുക്കിനിർത്തുന്നവരാണ്. ഉദാഹരണ

മായി സാമുവൽ ബക്കറ്റിന്റെ രചനകൾതന്നെ. നാസിവിരോധിയും ഒളിപ്പോരാളിയും സാഹസികനുമായി രണ്ടാംലോകമഹായുദ്ധകാലത്ത് ജീവിച്ച ബക്കറ്റ് തന്റെ രാഷ്ട്രീയാനുഭവങ്ങളൊന്നും കൃതികളിൽ സൂചിപ്പിക്കുകകൂടി ചെയ്തിട്ടില്ല[9]. ചിലപ്പോൾ അർഥഗർഭമായ മൗനം പാലിക്കുന്നവരാണ് എഴുത്തുകാർ; അത്തരത്തിൽ മാത്രമേ ഇതിനെ കാണാൻ കഴിയൂ. അതേസമയം സാമൂഹികപ്രശ്നങ്ങൾ പ്രമേയമായ കൃതികൾ ഡോസ്റ്റോയ്വ്സ്കി രചിച്ചതായും കാണാവുന്നതാണ്. കഠിനമായ ദാരിദ്ര്യത്തോട് ഏറ്റുമുട്ടുന്ന നായകകഥാപാത്രങ്ങൾതന്നെ അദ്ദേഹത്തിന്റേതായിട്ടുണ്ട് എന്നത് ഒരു വസ്തുതയാണ്[10]. ജീവിതാനുഭവം വിശേഷപ്രതിഭയിൽ അനുഭൂതിയാകുന്ന പ്രക്രിയ പൂർണ്ണാർത്ഥത്തിൽ ഡോസ്റ്റോയ്വ്സ്കിയിൽ സംഗതമല്ല എന്നാണ് ബാലകൃഷ്ണന്റെ വാദം. കൃതികളിലെ സാമൂഹികാംശങ്ങൾ തീരെ ഉയർത്തിക്കാണിക്കാതിരിക്കുക എന്ന അദ്ദേഹത്തിന്റെ തീവ്രമായ നിലപാടാണ് ഡോസ്റ്റോയ്വ്സ്കി പഠനത്തിൽ കാണുന്നത്.

സാഹിത്യത്തിൽ, ആദ്യമായി നോവലുകളിലൂടെ മനുഷ്യമനസ്സിനെ പഠനവസ്തുവാക്കുകയും അങ്ങനെ നോവലുകൾക്ക് ഒരു പുതിയ മാനം നൽകുകയും ചെയ്തത് ഡോസ്റ്റോയ്വ്സ്കിയാണ്. മനുഷ്യാത്മാവിനെ തിരയുന്ന നോവലാണ് *കാരമസോവ് സഹോദരന്മാർ.* അതിലെ പ്രമേയം മൃഗീയവാസനകളാൽ ചോദിതനായ മനുഷ്യന്റെ ശാരീരികാസ്തിത്വവും ഈശ്വരോന്മുഖമായ ആത്മാവും തമ്മിലുള്ള സംഘട്ടനവുമാണ്. ഫ്രോയിഡും തുടർന്ന് യുങ്ങും കണ്ടെത്തിയ മിക്ക മനഃശാസ്ത്രതത്ത്വങ്ങൾക്കുമുള്ള സാധൂകരണം ഡോസ്റ്റോയ്വ്സ്കി കൃതികളാണ്[11]. വിശാലാർഥത്തിൽ, ഡോസ്റ്റോയ്വ്സ്കിയുടെ പ്രമേയം സാക്ഷാൽ പ്രപഞ്ചരഹസ്യംതന്നെയായിരുന്നു. പാപം, നന്മ, ആസ്തിക്യം തുടങ്ങിയ ഗഹനതമപ്രമേയങ്ങളെ മാത്രമാണദ്ദേഹം കൈകാര്യം ചെയ്തതെന്ന് ബാലകൃഷ്ണൻ മറ്റൊരു സന്ദർഭത്തിൽ പറയുന്നുണ്ട്[12]. സാമൂഹികപ്രശ്നങ്ങൾ ചിത്രീകരിക്കുന്നതിന് ഡോസ്റ്റോയ്വ്സ്കി കൃതികൾ ഉദാഹരണങ്ങളായിട്ടുണ്ട്. സമ്പത്തിന്റെ ക്രൂരവും ദുഷിച്ചതുമായ വശങ്ങൾ അദ്ദേഹത്തിന്റെ നോവലുകളിലെ പ്രധാനപ്രമേയങ്ങളാണ്. *കുറ്റവും ശിക്ഷയും* നോവലിലെ റസ്കോൽനിക്കോവ്നെപ്പോലുള്ള കഥാപാത്രങ്ങളെ ബാധിച്ചിരിക്കു

ന്നത് സാമ്പത്തികപ്രശ്നങ്ങൾ തന്നെയായിരുന്നു. റഷ്യൻ നോവലായ *poor folk*-ൽ രാഷ്ട്രീയ പ്രമേയമാണുള്ളത്.

നിരന്തരസാന്നിദ്ധ്യം അസാന്നിദ്ധ്യപ്രതീതിയുണ്ടാക്കുന്ന ഒരവസ്ഥ ജയിൻ ഓസ്റ്റനെ വായിക്കുമ്പോൾ വായനക്കാരിലുണ്ടാക്കുന്നുണ്ട്. പ്രമേയത്തിന്റെ പ്രത്യേകതയാണിതിനു കാരണം. സാധാരണസംഭവങ്ങളിൽക്കവിഞ്ഞ ഒന്നും അവരുടെ കൃതികളിൽ കാണാൻ കഴിയില്ല. അവയ്ക്കൊരു പ്രമേയമുണ്ടെങ്കിൽ ആ പ്രമേയം നിത്യസാധാരണമായ പ്രേമത്തെയും വിവാഹത്തെയും ചുറ്റിയുള്ളതാണ് എന്നും അദ്ദേഹം സൂചിപ്പിക്കുന്നുണ്ട്[13].ഓസ്റ്റൻകൃതികളിലെ ഈ പ്രത്യേകത കണക്കിലെടുത്താണ് ബാലകൃഷ്ണൻ പ്രതിഭാചർച്ച നടത്തുന്നത്. തന്റെ പ്രതിഭയുടെ പരിമിതിയറിഞ്ഞുകൊണ്ട് ജീവിതത്തിലെ സാധാരണസംഭവങ്ങളെടുത്താണ് അവർ സാഹിത്യം കൈകാര്യം ചെയ്തത്. പൊലിമയും നിറപ്പകിട്ടുമില്ലാത്തതെങ്കിലും സത്യവും മിഥ്യയും തമ്മിലുള്ള പൊരുത്തക്കേടിന്റെ സംഘട്ടനവേദിയാണ് ഏതുജീവിതവുമെന്ന് അവർക്കു കാണാൻ കഴിഞ്ഞു. അപ്രതീക്ഷിതത്വവും അസാധാരണത്വവും ചിലപ്പോൾ പ്രമേയമായി മാറുന്ന അവസ്ഥ കൃതികളിൽ അങ്ങനെ വന്നുകൂടുന്നു. വായനക്കാരെ ഉദ്വേഗപൂർവം വായനയ്ക്കു പ്രേരിപ്പിക്കുന്നത് നോവലിസ്റ്റിലെ പ്രതിഭയുടെ ഇത്തരം പ്രവർത്തനങ്ങളാണെന്നാണ് ബാലകൃഷ്ണൻ അർത്ഥമാക്കുന്നത്.

ഓസ്റ്റൻകൃതികളിലെ സമൂഹത്തിന്റെ ചലനക്ഷമത, ബാലകൃഷ്ണന്റെ ഡോസ്റ്റോയ്വ്സ്കി പഠനത്തെപോലെതന്നെ ഇവിടെയും വിശദീകരണത്തിൽ വ്യക്തമല്ല. സമൂഹമനസ്സിന്റെ ആഴമേറിയ അന്തർഭാവങ്ങളാണ് *പ്രൈഡ് ആന്റ് പ്രജുഡിസ്* പോലുള്ള നോവലിൽ ആവിഷ്കൃതമായിരിക്കുന്നത് എന്ന് നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്[14]. അവരുടെ നോവലുകളെല്ലാംതന്നെ ഒരുതരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ വ്യക്ത്യനുഭവത്തിന്റെയും സമൂഹസാന്നിദ്ധ്യത്തിന്റെയും പ്രത്യക്ഷോദാഹരണങ്ങളാണ്. സാന്മാർഗ്ഗികത അവരുടെ കൃതികളിൽ മുഖ്യവിഷയമായിരുന്നു[15]. കമ്പോളസമ്പദ്വ്യവസ്ഥയുടെയും സാമൂഹികവും രാഷ്ട്രീയവുമായ അതിന്റെ ബന്ധത്തിന്റെയും അന്തസത്ത തന്റെ അർത്ഥപൂർണ്ണമായ സാമൂഹികചിന്തകൊണ്ട്

അവർ കൃതികളിലൂടെ പ്രകടിപ്പിച്ചു. ഏതത്സംബന്ധമായ വിഷയവുമായി ബന്ധപ്പെട്ട് മൂന്നുതരം പ്രമേയങ്ങളാണ് അവർ കൃതികളിലൂടെ ആവിഷ്കരിക്കുന്നത്[16].

1. ഭൗതികഘടകങ്ങൾ മനുഷ്യബന്ധങ്ങളിൽ പ്രവർത്തിക്കുന്നു.
2. ധർമ്മാനുരൂപമായ ലിംഗസമത്വത്തിനുവേണ്ടിയുള്ള അവകാശവാദം
3. സമ്മർദ്ദങ്ങളിലൂടെയല്ലാതെ, പരസ്പരസമരസപ്പെടലിലൂടെ സാമൂഹിക മൈത്രിയും പൊതുസമ്മതവും നിലനിർത്തേണ്ടതിന്റെ പ്രാധാന്യം.

ഓസ്റ്റന്റെ പ്രമേയം അടിസ്ഥാനപരമായി ശിക്ഷണാനുസൃതമാണ്[17]. അവരുടെ നായികമാർ സഹനമെന്ന പ്രക്രിയയിലൂടെ സ്വയം ശുദ്ധീകരിക്കപ്പെട്ട് നന്മനിറഞ്ഞവരായിത്തീരുന്നു. അതിനുദാഹരണമാണ് *The Pride and Prejudice*-ലെ എലിസബത്ത്. കഴിഞ്ഞകാലജീവിതാനുഭവങ്ങളിൽ പശ്ചാത്തപിക്കുന്ന അവർ അനന്തരകാലം നന്മചെയ്യാൻ തീരുമാനിച്ചുറയ്ക്കുന്നു. പതിനെട്ടാം നൂറ്റാണ്ടിലെ ഇംഗ്ലീഷ് സമൂഹത്തെ ആക്ഷേപഹാസ്യരൂപത്തിൽ *The Mansfield Park*-ൽ ചിത്രീകരിക്കുന്നു. ഇംഗ്ലണ്ടിലെ മാറുന്ന സമൂഹക്രമമാണ് *Persuasion*-ൽ ദൃശ്യവൽക്കരിക്കുന്നത്. ഉപഭോഗതൃഷ്ണ ബാധിച്ച വ്യക്തികളുടെ ലോകമാണ് *Northanger Abbey*യിൽ കാണുന്നത്[18]. പ്രസ്തുതകൃതി വായനക്കാരെ ശിക്ഷണത്തിനു വിധേയമാക്കുന്നു എന്നത് ഒട്ടുമിക്ക വിമർശകരും ചൂണ്ടിക്കാട്ടിയതാണ്[19] ദാരിദ്ര്യമെന്ന യാഥാർത്ഥ്യത്തെ ഉൾക്കൊണ്ട് വരുമാനത്തെക്കുറിച്ചും പണത്തെക്കുറിച്ചും നിയതത്വമാർന്ന ചിന്തകളാണ്. *Emma*യിൽ പ്രത്യക്ഷവൽക്കരിക്കുന്നതെങ്കിൽ പാർട്രിയാർക്കൽ അധികാരഘടനയോടുള്ള ചെറുത്തുനില്പ് *Sense and Sensibility*യിൽ ദൃശ്യമാണ്. ഇങ്ങനെ കൃതികളിൽ മുഴുവൻ അന്തർധാരയായി ഗോത്രാധിപത്യസമാനമായ അധികാരഘടനയോടുള്ള എതിർപ്പ് നിലനിർത്തുന്നതായി കാണപ്പെടുന്നു.

രാഷ്ട്രീയസംഭവങ്ങളോ വിഷയങ്ങളോ അവരുടെ കൃതികളിൽ നിഴലിക്കുന്നില്ല എന്നത് ശരിയാണ്. രാഷ്ട്രീയസംഭവങ്ങളിൽനിന്നും സംവാദങ്ങളിൽനിന്നും അവർ വിട്ടിരുന്നെങ്കിലും[20] സാമൂഹികവിഷയങ്ങളിൽ, പ്രത്യേകിച്ച് സ്ത്രീയുടെ സാമൂഹികസ്ഥാനത്തെ അവർ കൃതികളിൽ പ്രതിഫലിപ്പിച്ചിരുന്നു.

സാമൂഹികവും മനുഷ്യസ്വഭാവസംബന്ധിയുമായ പ്രശ്നങ്ങൾ ഓസ്റ്റൻ കൃതികളിൽ പ്രമേയമായി വരുന്നില്ല എന്ന പ്രകാരമുള്ള ബാലകൃഷ്ണന്റെ വിധി തീർപ്പ് അസംഗതമാണെന്ന് മേൽപറഞ്ഞ വസ്തുതകൾ സാക്ഷ്യം വഹിക്കുന്നു. ഓസ്റ്റൻ കൃതികളിലെ പ്രശസ്തങ്ങളായവയെ മാത്രം ഉപജീവിച്ചുകൊണ്ടുള്ള ഇത്തരം നിരീക്ഷണങ്ങൾ, കൃതികളിൽ പ്രതിഫലിക്കുന്ന സമൂഹത്തെ കാണാതി രിക്കുന്ന ബാലകൃഷ്ണനിലെ സാമൂഹികചിന്തയുടെ പരിമിതികൾ വ്യക്തമാക്കുന്ന താണ്.

### 3.1.2. ആഖ്യാനരീതികൾ

ഓരോ പ്രതിഭാശാലിയായ നോവലിസ്റ്റിനും അവരുടേതായ ആഖ്യാനരീതി കളുണ്ടാവും. വികാരത്തേയും ചിന്തയേയും മൂല്യത്തേയും ദർശനത്തെയും പ്രതി ഭാശാലിയുടെ രീതിഭേദമനുസരിച്ച് ആഖ്യാനത്തിൽക്കൂടി ധ്വനിപ്പിക്കുന്നു. 'പ്രതിഭാ'വിശേഷത്തെ ആസ്പദമാക്കിയാണ് *ആരോഗ്യനികേതന*ത്തിന്റെ ആഖ്യാ നരീതിയെക്കുറിച്ചുള്ള ബാലകൃഷ്ണന്റെ വിലയിരുത്തൽ. പ്രതിഭാശാലിയായ ഒരു നോവലിസ്റ്റിന്റെ പ്രതിഭ സ്വൈരവിഹാരം ചെയ്തതിന്റെ ഫലമാണ് *ആരോഗ്യനി കേതന*ത്തിലെ ആഖ്യാനരീതിയെന്നാണ് ബാലകൃഷ്ണൻ അർത്ഥമാക്കുന്നത്. 'ആഖ്യാനരീതിയിലും മറ്റു സാങ്കേതികവശങ്ങളിലും പരീക്ഷണപരമായ പുതുമ കൾ തൊട്ടുതീണ്ടാത്ത ഒരു നോവലാണ് *ആരോഗ്യനികേതനം*[21] എന്ന അദ്ദേഹ ത്തിന്റെ നിരീക്ഷണം ആഖ്യാനരീതിയുടെ ഭാരതീയപാരമ്പര്യമാണ് അർഥമാക്കു ന്നത്[22]. *മഹാഭാരത*ത്തിൽ സർവ്വജ്ഞനായ ആഖ്യാതാവണല്ലോ സഞ്ജയൻ. മഹ ത്തായ നോവൽകർത്താക്കൾക്കുമാത്രം സാധിക്കുന്ന ജന്മസിദ്ധിയും ക്രാഫ്റ്റും അനന്യസാധാരണമായ അളവിൽ ഉദാഹരിക്കാവുന്ന പ്രതിഭയിൽനിന്നും ഉണ്ടായ താണിത്. നോവലിൽ സ്മരണകളുടെ ആഖ്യാനത്തിന് ബോധധാരാരീതിയുടെ സാധ്യതകൾ ഉപയോഗിച്ചിട്ടുണ്ട്. ഒരു കഥാനായകനെമാത്രം കേന്ദ്രീകരിച്ച കഥാ നായികയില്ലാത്ത നോവൽ, കാലത്തെ സ്തംഭിപ്പിച്ചുനിർത്തിക്കൊണ്ട് മാറ്റം കൂടാതെ ഒരേ ഒരു പശ്ചാത്തലത്തിൽ നീക്കുപോക്കില്ലാതെ ഒരു ജീവിതത്തെ പിന്തുടരുകയാണ്. രോഗിയെക്കുറിച്ചോ രോഗത്തെക്കുറിച്ചോ ഉള്ള കേവലമായ

അറിവല്ല ഇവിടെ ചികിത്സകന്റേത്. തലമുറകൾക്കപ്പുറത്തേക്കു കടന്നുപോകുന്ന ജ്ഞാനമാണത്. ജീവൻമശായ് എന്ന ചികിത്സകന്റെ ചിത്രം മനുഷ്യനിലവാരത്തിൽനിന്നും വിശ്വമനുഷ്യന്റെ നിലവാരത്തിലെത്തുന്ന ധ്വനിസാന്ദ്രമായ ആഖ്യാനത്തിന്റെ സവിശേഷതയാണ് ബാലകൃഷ്ണൻ ഇവിടെ വ്യക്തമാക്കുന്നത്.

**3.1.2.1. നാടകീയതയും കാലഗണനയും കൃതികളിൽ അനുഗൃഹീതമാക്കിയ പ്രതിഭകൾ**

ആഖ്യാനകലയിൽ താരാശങ്കർബാനർജി പരമാവധി വിജയിച്ചതായിട്ട് ബാലകൃഷ്ണൻ അവകാശപ്പെടുന്നു. നമ്മുടെ കൺമുമ്പിൽ നടക്കുന്ന ദൃശ്യങ്ങൾപോലെ നാടകീയതയോടെ നോവലിൽ സംഭവങ്ങൾ മുമ്പോട്ടുപോകുന്നു. അവിടെ വർത്തമാനകാലം താരതമ്യേന കുറവാണെങ്കിലും പ്രത്യക്ഷമായ വർത്തമാനകാലസംഭവങ്ങളുടെ കൂടെ അതീതകാലസ്മരണകൾ ഒന്നിടവിട്ടുവരുന്നതിനാൽ ഇത്തരമൊരു രീതി പ്രതിഭാശാലികൾക്കു സാധനയിലൂടെ മാത്രം കഴിയുന്നതെന്നാണ് ബാലകൃഷ്ണന്റെ അഭിപ്രായം. ആഖ്യാനകലയിൽ സിദ്ധപ്രതിഭകൾക്കു തരണം ചെയ്യേണ്ട മറ്റൊരു പ്രശ്നമാണ് ഇതിവൃത്തത്തിലെ കാലഗണന. *ആരോഗ്യനികേതന* ത്തിൽ വർത്തമാനകാലം ആറുമാസം മാത്രമാണ്. എന്നാൽ വായനക്കാരുടെ മനസ്സിൽ അവശേഷിപ്പിക്കുന്ന കാലപ്രതീതി വലുതാണ് എന്നതാണ് പ്രത്യേകത. ഹ്രസ്വമായ കാലയളവിൽ അമ്പതറുപത് കൊല്ലങ്ങൾക്കിടയ്ക്കു നടക്കുന്ന സംഭവങ്ങൾ നിബന്ധിച്ചിരിക്കുന്നതിന്റെ സാമർത്ഥ്യം അതിന്റെ സ്വാഭാവികമായ കഥയുടെ ഒഴുക്കുകാരണം നാം അറിയുന്നില്ല. കാലത്തിന്റെ ആഖ്യാനതന്ത്രം അത് പ്രതിഭാശാലികൾക്ക് സാധനകൊണ്ടുമാത്രം കഴിയുന്നതായിട്ട് വിവരിക്കുന്നു.

ആഖ്യാനരീതികളിൽ ജയിൻ ഓസ്റ്റൻ കൃതികളെ ഐറണിക്കു സമാനമായിട്ടാണ് ബാകൃഷ്ണൻ കാണുന്നത്. തന്റേതായ പ്രതിപാദനശൈലിയിൽ രചന നിർവഹിക്കണമെന്ന ശാഠ്യക്കാരിയായിരുന്ന അവർ സ്വന്തം പ്രതിഭയുടെ പരിമിതിയും തിരിച്ചറിഞ്ഞിരുന്നു. തന്റെ പ്രതിഭയുടെ സ്വാതന്ത്ര്യബോധം കൃതിയുടെ ഓരോ തരിയിലേക്കും അവർ സാധനയിലൂടെ പ്രവേശിപ്പിക്കുന്നു. ആഖ്യാനത്തിൽ നോവലിസ്റ്റിന്റേതായ നിയമങ്ങൾക്കു വിധേയമായിട്ടുമാത്രമാണ് ഓരോ കഥാപാത്ര

ത്തേയും ക്രമീകരിക്കുന്നത്. നീണ്ടുനീണ്ടുപോകുന്ന വലിയ വാചകങ്ങളാണ് പലപ്പോഴും കഥാപാത്രസംഭാഷണമായി വരുന്നത്. ഗൃഹസദസ്സിലെ ഭാഷയാണ് അവർ പ്രയോഗിച്ചത്. ആഖ്യാനത്തിന്റെ ഓരോ വാചകത്തിലും അവർ ഭാവംമാറ്റുന്നു. കലയ്ക്കുചേർന്ന കരവിരുതും, സാധന, സിദ്ധിയുമായി താദാത്മ്യപ്പെട്ടുവർത്തിക്കുന്ന രീതിയും പാത്രസൃഷ്ടിയിലും ആഖ്യാനത്തിലും അവ മാറ്റം വരുത്തുന്നതാണ് വിവക്ഷ. എന്നാൽ പതിനെട്ടാം നൂറ്റാണ്ടിലെ ഇംഗ്ലീഷ് നോവലുകളിൽ പ്രചരിച്ചിരുന്ന വൈകാരികനോവലുകളോട് പ്രതിഷേധിക്കുകയും പത്തൊൻപതാം നൂറ്റാണ്ടിലെ റിയലിസത്തിലേക്കുള്ള മാറ്റത്തിന്റെ ഭാഗമാവുകയും ചെയ്തതാണ് അവരുടെ നോവലുകളുടെ ആഖ്യാനരീതി[23].

#### 3.1.2.2. ധ്വനനശേഷി പ്രകടമാക്കുന്ന ആഖ്യാനരീതികൾ

ഡോസ്റ്റോയ്വ്സ്കിയുടെ പ്രതിഭയാൽ നിർവഹിക്കപ്പെടുന്ന ആഖ്യാനരീതിയുടെ കലാമർമ്മജ്ഞത ബാലകൃഷ്ണൻ വ്യക്തമാക്കുന്നു. അപൂർവദൃശ്യങ്ങളാൽ മിഥ്യാബോധസമാനവും അത്ഭുതകരവുമായ അനുഭവങ്ങൾ പകർന്നുതരുന്നവായാണവ. അവയിലെ രഹസ്യാത്മകവും ഉദാത്തവുമായ അനുഭൂതികൾ വായനക്കാരന്റെ ചിന്തകളെ അവ്യക്തമാക്കിത്തീർക്കുന്നവയാണ് എന്നതിനർത്ഥം മഹത്തായ കല ഒരർഥത്തിൽ അവ്യക്തമായ കലയാണെന്നാണ്. സാഹിത്യാസ്വാദനബോധമുള്ളവർക്കുമാത്രം അഭിഗമ്യവുമാണ് അവയിലെ രസാനുഭൂതി. ആസ്വാദനത്തിന്റെ പ്രധാനസവിശേഷത വ്യക്തമാക്കാൻ *കാരമസോവ് സഹോദരന്മാർ* എന്ന നോവലാണദ്ദേഹം തെരഞ്ഞെടുക്കുന്നത്. നോവലിസ്റ്റിന്റെ പ്രതിഭയെ രാക്ഷസീയം എന്ന് വിശേഷിപ്പിക്കുകയാണദ്ദേഹം. വായനക്കാരുടെ ബുദ്ധിയെ പൂർണ്ണമായും അത് കൈവശപ്പെടുത്തിക്കളയുന്നു. ആഖ്യാനകലയുടെ സവിശേഷമായ ധ്വനിപ്രയോഗത്തിലൂടെ അദ്ദേഹത്തിന്റെ ദർശനം, അനുഭവം എല്ലാം അസാധാരണമായ കരവിരുതോടെ ആഖ്യാനം ചെയ്യപ്പെട്ടിരിക്കുന്നു എന്ന് ബാലകൃഷ്ണൻ സൂചിപ്പിക്കുന്നേയുള്ളൂ. ആഖ്യാനരീതിയുടെ പരിപൂർണ്ണതയാണ് ആ നോവൽ പ്രതിഭ. ജീവിതം ഏതു വിപരീതാവസ്ഥയിലായാലും തന്റെ സൃഷ്ടിയുടെ ലോകത്ത് ആവിഷ്കാരത്തിന്റെയും ആഖ്യാനത്തിന്റെയും വൈവിധ്യമാർന്ന പരീക്ഷണങ്ങൾ നടത്തിയ

പ്രതിഭാശാലിയായിരുന്നു അദ്ദേഹം. ആഖ്യാനത്തിന്റെ പൂർണ്ണതയ്ക്കുവേണ്ടി ക്ലേശകരമായ സാധനയും തപശ്ചര്യാസമാനമായ കാഠിന്യവും അനുഭവിച്ച വ്യക്തിയായിരുന്നു ഡോസ്റ്റോയ്വ്സ്കി. ആഖ്യാനരീതിയിൽ, അതിന്റെ പൂർണ്ണതയിൽ ഒരിക്കൽപോലും അദ്ദേഹം തൃപ്തനായിരുന്നില്ല. സാഹിത്യമായിരുന്നു ഡോസ്റ്റോയ്വ്സ്കിക്ക് എല്ലാറ്റിനും ഉപരി എന്ന് ഈ രീതിയെക്കുറിച്ച് ജോ ആൻഡ്രൂവിനെപ്പോലുള്ള പണ്ഡിതരുടെ നിലപാടുകളും[24] ഈ വിഷയത്തിൽ ബാലകൃഷ്ണന്റെ വാദം സാധൂകരിക്കുന്നതാണ്.

രചനാശില്പവുമായി ബന്ധപ്പെട്ട് ഡോസ്റ്റോയ്വ്സ്കിയുടെ പ്രധാന ആഖ്യാന സമ്പ്രദായത്തെക്കുറിച്ച് ബാലകൃഷ്ണൻ വിശദീകരിക്കുന്നില്ല. പല നോവലുകളിലും ഡോസ്റ്റോയ്വ്സ്കി 'ആന്തരികാത്മഗത'രീതി എന്ന് വിശേഷിപ്പിക്കപ്പെടുന്ന 'ബോധപ്രവാഹ'രീതിയാണ് ഉപയോഗിച്ചിട്ടുള്ളത് ഡോസ്റ്റോയ്വ്സ്കിയിലെ ആഖ്യാനത്തിലെ നാടകീയരീതികളെക്കുറിച്ച് ജി.എൻ. പണിക്കർ വിശദീകരിക്കുന്നുണ്ട്[25]. സമകാലികയാഥാർത്ഥ്യം കൈകാര്യംചെയ്യണമെന്നുമാത്രമല്ല ആഖ്യാനരീതി വിശ്വസനീയമാവണമെന്ന നിർബ്ബന്ധബുദ്ധിയും ഡോസ്റ്റോയ്വ്സ്കി കാണിച്ചിരുന്നു. അതിനുവേണ്ടി ദിനപത്രംപോലും ഉപയോഗിച്ചതായി ബാലകൃഷ്ണൻ സൂചിപ്പിക്കുന്നു. 'ഒരുവശത്ത് ബൈബിളും സുവിശേഷങ്ങളും ക്ലാസിക്കൽഡ്രാമയും തത്വചിന്തയും മറുവശത്ത് ക്രൈം നോവലും വർത്തമാനപത്രവും കൊലപാതക റിപ്പോർട്ടുകളും'[26] ഉപയോഗിച്ചത് ആഖ്യാനരീതിയിൽ സമകാലികതയും വിശ്വാസ്യതയും ഉൾപ്പെടുത്തുന്നതിനുവേണ്ടിയായിരുന്നു. അങ്ങനെ സമകാലികജീവിതത്തിലെ സത്യങ്ങളുടെ വെളിച്ചത്തിൽ വിശ്വാസ്യതയുള്ള ഒന്നായിരിക്കണം നോവലെന്ന് പ്രതിഭാശാലിയായ ഡോസ്റ്റോയ്വ്സ്കി വിശ്വസിച്ചിരുന്നു.

### 3.1.3. കഥാപാത്രസൃഷ്ടികളിലെ പ്രതിഭാപ്രവർത്തനം

ഓരോ സാഹിത്യകാരനും പാത്രാവിഷ്കാരത്തിനു സ്വകീയതന്ത്രങ്ങൾ പ്രയോഗിക്കുന്നവരാകയാൽ അവ കണ്ടെത്തുക എന്നത് രസകരമായ പ്രവർത്തനമാണ്. നിരൂപകരുടെ കഴിവും മാനദണ്ഡവും പ്രതിപാദനരീതിയും ഇവിടെ പ്രധാനമാണ്. *ആരോഗ്യനികേതന*ത്തിലെ കഥാപാത്രസൃഷ്ടിയെക്കുറിച്ചു ചിന്തിക്കുമ്പോൾ

നോവലിസ്റ്റിലെ പ്രതിഭാസഹജമായ കഴിവിലാണ് ബാലകൃഷ്ണന്റെ ശ്രദ്ധ. സമഷ്ടിയുടെ ചിത്രീകരണത്തിനു വ്യക്തിയിൽ കേന്ദ്രീകരിക്കുക എന്ന പ്രതിഭാധനൻമാർക്കുമാത്രം സ്വായത്തമായ സൃഷ്ടികർമ്മമാണ് *ആരോഗ്യനികേതന*ത്തിൽ താരാശങ്കർ ബാനർജി നിർവഹിച്ചത്. സംഘട്ടനത്തിലൂടെയും സംക്ഷോഭത്തിലൂടെയും മാത്രമേ ഉൾക്കട്ടിയുള്ള കഥാപാത്രം ഉയിർക്കൊള്ളുകയുള്ളൂ എന്ന തത്വത്തിന്റെ അടിസ്ഥാനത്തിലാണ് ബാലകൃഷ്ണൻ 'ജീവൻമശായ്' എന്ന കഥാപാത്രസൃഷ്ടിയെ കാണുന്നത്. കഥാപാത്രസൃഷ്ടിയിലെ പ്രതിസന്ധി പ്രതിഭാസഹജമായ ലാഘവത്തോടെ നോവലിസ്റ്റു മറികടക്കുന്നു. പ്രമാണയോഗ്യമായ ട്രാജഡികളിലെ ധീരോദാത്തനായകനോടാണ് ജീവൻമശായ് എന്ന കഥാപാത്രത്തെ അദ്ദേഹം തുലനം ചെയ്യുന്നത്.

ഓസ്റ്റൻകൃതികളിലെ കഥാപാത്രഘടനയെക്കുറിച്ചു ചിന്തിക്കുമ്പോൾ, മറ്റു ഘടകങ്ങളെക്കുറിച്ചുള്ള നിരീക്ഷണങ്ങൾപോലെതന്നെ മൂൻപ് സൂചിപ്പിച്ച പ്രകാരം ബാലകൃഷ്ണന്റെ കണ്ടെത്തലുകൾ അവരുടെ ഒന്നുരണ്ടു കൃതികളെമാത്രം പ്രധാനമായിക്കാണുന്നതിനാൽ കൃത്യതയാർന്നതോ വേണ്ടവിധം വിപുലമായ ധാരണയിൽനിന്നും ഉണ്ടാവുന്നതോ അല്ല എന്ന മനസ്സിലാകുന്നു. ഓസ്റ്റന്റെ ജീവിതകാലം ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയതിൽത്തന്നെ അത് വ്യക്തമാകുന്നു. കുട്ടികളെയും പുരുഷന്മാരെയുമുൾപ്പെടെ അവർ കഥകളിൽനിന്നും അകറ്റിനിർത്തിയിട്ടുണ്ടെങ്കിലും സാധാരണ കഥാപാത്രങ്ങളെയാണവിടെ കാണാൻ കഴിയുന്നത്. പാത്രങ്ങളിൽ വൈവിധ്യശൂന്യത നിലനിൽക്കുന്നതായിട്ടാണദ്ദേഹം വിലയിരുത്തുന്നത്. കഥാനായകന്മാരുടെ ആദർശരൂപങ്ങളുടെ വിപരീതരൂപത്തിലുള്ളവർതന്നെയാണ് വില്ലൻ കഥാപാത്രങ്ങളായി രൂപപ്പെടുന്നത്.

ചുരുക്കം ചില കഥാപാത്രങ്ങളിലൂടെ ചുരുക്കം സംഭവങ്ങളിലൂടെ കഥ പറഞ്ഞ ഓസ്റ്റൻ വാസ്തവത്തിൽ അതിശയിപ്പിക്കുന്ന വൈവിധ്യമാണ് കഥാപാത്രസൃഷ്ടിയിൽ പ്രകടിപ്പിച്ചിരിക്കുന്നത്. *Pride and Prejudice* ലെ കഥാപാത്രങ്ങൾ അതിനുദാഹരണമാണ്. സമുദായത്തിന്റെ മുകൾത്തട്ടിലോ ഏറ്റവും താഴെയോ കഴിയുന്നവരെ അവിടെ കാണില്ല എന്നുമാത്രം.

കഥാപാത്രചർച്ചയിൽ, നോവലിസ്റ്റിന്റെ ജീവചരിത്രം പരാമർശിക്കുമ്പോൾ കൃതികളിലെ സാമൂഹികവിഷയം സാന്ദർഭികമായി വരുന്നുണ്ട്. അപ്പോഴെല്ലാം അവകളിലെ അഭാവങ്ങൾക്ക് പ്രാധാന്യം നൽകുന്നതുവഴി സംഭവിക്കുന്ന പിഴവുകൾ ബാലകൃഷ്ണന്റെ നിരീക്ഷണങ്ങളിൽ വ്യക്തമാണ്. റിയലിസ്റ്റ് കാഴ്ചപ്പാടായിരുന്നു ഓസ്റ്റന്റെ ലക്ഷ്യമെങ്കിൽ താഴ്ന്ന വർഗ്ഗക്കാരെ അവർ കൃതികളിൽ വർജ്ജിച്ചതെന്തിനെന്നും[27] ആണുങ്ങളായ യാതൊരു കഥാപാത്രത്തെയും എന്തുകൊണ്ടവർ തന്റെ സാഹിത്യലോകത്തിൽ കടത്തിയില്ല[28] എന്നുമുള്ള പ്രസ്താവനകൾ അതാണ് വ്യക്തമാക്കുന്നത്. ഓസ്റ്റൻകൃതികളെ കേവലാർത്ഥത്തിൽ പഠിക്കുന്നതു കൊണ്ടുണ്ടായ തരക്കേടായിട്ടാണിത് ഇത് അനുഭവപ്പെടുന്നത്.

ജയിൽ ഓസ്റ്റൻ എപ്പോഴും വ്യക്തികളേക്കാൾ സാമൂഹികസ്വത്വത്തിനായിരുന്നു വില കൽപിച്ചിരുന്നത്. വ്യക്തിയുടെ കാൽപനികസ്വത്വം സമൂഹത്തിൽ നിന്നു പിൻതിരിഞ്ഞ് തന്നിലേക്കൊതുങ്ങി സ്വകാര്യനേട്ടങ്ങൾക്കു ശ്രമിക്കുമെന്നും അതിന്റെ അമിതാനന്ദരീതികൾ ഒരു ധാർമ്മികസമൂഹത്തിന്റെ വികസനത്തിനു ഭീക്ഷണിയാകുമെന്നും അവർ കരുതിയിരുന്നു[29].

### 3.1.3.1 ഡോസ്റ്റോയ്വ്സ്കിയിലെ പാത്രസൃഷ്ടിവൈഭവം

തന്റെ കലാശില്പത്തിലെ ആധികാരികതയും രൂപഭദ്രതയും ഡോസ്റ്റോയ്വ്സ്കിക്കു പ്രധാനമായിരുന്നുവെന്നും അദ്ദേഹത്തിന്റെ കഥാപാത്രങ്ങളാകുന്ന ആശയപ്രതിബിംബങ്ങൾ ഇന്നും വേണ്ടവിധം വിലയിരുത്തപ്പെടാതെ നിലകൊള്ളുന്നുവെന്നും ബാലകൃഷ്ണൻ അഭിപ്രായപ്പെടുന്നു. ഡോസ്റ്റോയ്വ്സ്കിയുടെ കഥാപാത്രങ്ങൾ നാടകങ്ങളിലൂടെ പ്രേക്ഷകരുടെ മുമ്പിലെത്തുന്നത് സമുദായദ്രോഹമാണെന്നു ഗോർക്കി പറഞ്ഞത് ബാലകൃഷ്ണൻ ഉദ്ധരിക്കുന്നുണ്ട്. കാഴ്ചക്കാരെ കീഴ്പ്പെടുത്തിക്കളയുന്ന കഥാപാത്രസൃഷ്ടിയുടെ പ്രതിഭാസവിശേഷതയാണിതു വ്യക്തമാക്കുന്നത്. ഡോസ്റ്റോയ്വ്സ്കിയുടെ കൊലപാതകകഥകളിലെ ഏറ്റവും മികച്ച സൃഷ്ടി *കാരമസോവ് സഹോദരന്മാരി*ലെ ഇവാൻ കരമസോവ്- ഡോസ്റ്റോയ്വ്സ്കിയുടെ കൊലപാതകകഥയിലെ ഉപനായകൻ-ആണെന്നാണ് ബാലകൃഷ്ണന്റെ അഭിപ്രായം. മനുഷ്യസഹജമായ അനുഭവസിദ്ധികൾക്കപ്പുറമുള്ളതായി

തോന്നിപ്പിക്കുന്ന ഒരു പുതിയ വ്യാപ്തി *കാരമസോവ്സഹോദരന്മാരി*ലെ ഓരോ കഥാപാത്രത്തിലും പ്രതിഫലിപ്പിക്കുന്നതായി അദ്ദേഹം കാണുന്നു. ദിമിത്രി, അലിയോഷ എന്നീ കഥാപാത്രങ്ങളിലെ ആന്തരികഘടനയെ അങ്ങനെയാണദ്ദേഹം വിവരിക്കുന്നത്. കഥാപാത്രങ്ങളെ നോവലിസ്റ്റ് നല്ലവരും ദുഷ്ടരുമായി തരംതിരിക്കുന്നില്ല. നന്മതിന്മകളെന്നു നാം കരുതുന്ന പല അംശങ്ങളും ഒന്നിച്ചുചേർന്ന വ്യക്തിത്വങ്ങളായിട്ടാണദ്ദേഹം കാട്ടിത്തരുന്നത്[31] എന്ന് കെ.എം. തരകൻ പറയുന്നത് അതുകൊണ്ടാണ്. അസ്തിത്വവാദത്തോടു സാദൃശ്യമുള്ള ഒരു ദർശനം *കാരമസോവ് സഹോദന്മാരിൽ*ക്കൂടി ഡോസ്റ്റോയ്‌വ്സ്കി ആവിഷ്കരിച്ചതായാണ് ബാലകൃഷ്ണൻ സൂചിപ്പിക്കുന്നത്.

1866-ൽ പുറത്തിറങ്ങിയ *Crime and Punishment*ലൂടെ ഡോസ്റ്റോയ്‌വ്സ്കിയുടെ കഥാപാത്രസങ്കൽപം മാറിവന്നതായി ലേഖനത്തിൽ ബാലകൃഷ്ണൻ സൂചിപ്പിക്കുന്നുണ്ട്. പാതകം ഒരു സാർവത്രിക പ്രതിബിംബമായി നോവൽ പ്രതിഭയിൽ ഉൾക്കൊള്ളുകയും കഥാപാത്രങ്ങളിലൂടെ വലയംചെയ്യപ്പെടുകയുംവഴി വിശ്വോത്തരമായ ഒരു ജീനിയസ്സായി നോവലിസ്റ്റ് മാറുകയാണുണ്ടായത്. കുറ്റകൃത്യത്തെ സാർവത്രികവും സാർവകാലികവുമായ ഒരു പദവിയിൽ നോവൽരചനകളിൽ പ്രതിഷ്ഠിക്കുകയായിരുന്നു ഡോസ്റ്റോയ്‌വ്സ്കി.

കഥാപാത്രങ്ങൾ ഏകദേശം ഒരേ ടൈപ്പുകളാണെങ്കിലും ആവർത്തനവിരസതയില്ലാത്ത തനതായ ജീവചൈതന്യമുൾക്കൊള്ളുന്നവയാണ് അവ. അതിന്നടിസ്ഥാനം ഡോസ്റ്റോയ്‌വ്സ്കിപ്രതിഭയ്ക്കുമാത്രം കഴിയുന്ന പ്രത്യേകതയാണ്. സാധാരണക്കാരായ കഥാപാത്രങ്ങൾപോലും ഡോസ്റ്റോയ്‌വ്സ്കിയുടെ കൃതികളിൽ ഒരു അസാധാരണത്വം കൈവരിക്കപ്പെടുന്നുണ്ട്. മാതൃകകളില്ലാതെയും കഥാപാത്രങ്ങളുണ്ടാവാം എന്ന വസ്തുതയാണിത് വ്യക്തമാക്കുന്നത്. അന്തഃസംഘർഷങ്ങളുടെ ഉടമകളാണ് ഡോസ്റ്റോയ്‌വ്സ്കിയുടെ കഥാപാത്രങ്ങൾ. കഥാപാത്രസൃഷ്ടി കഥാപാത്രങ്ങളുടെതന്നെ ചിന്തകളിലും വികാരങ്ങളിലുമാണ് ആരംഭിക്കുക[32]. കഥാപാത്രസൃഷ്ടിയും നോവൽരചനയും യാതനാനിരതമായ ജീവിതമാക്കിയ പ്രതിഭയുടെ സർഗ്ഗപ്രവർത്തനമാണ് ബാലകൃഷ്ണൻ സൂചിപ്പിക്കുന്നത്. കഥാപാത്രസൃ

ഷ്ടിയുടെ പിന്നിൽ പ്രവർത്തിച്ച വസ്തുതകൾ വ്യക്തമാക്കുന്നവയാണ് പിൽക്കാലത്ത് പ്രസിദ്ധീകരിക്കപ്പെട്ട ഡോസ്റ്റോയ്വ്സ്കിയുടെ കുറിപ്പുകൾ. അവയെ ഉപജീവിച്ചാണ് ബാലകൃഷ്ണന്റെ വിവരണം.

### 3.1.3.2. സ്വാനുഭവനിഷേധം ഡോസ്റ്റോയ്വ്സ്കിയിലും ജയിൻ ഓസ്റ്റനിലും

ഒരു സാഹിത്യസൃഷ്ടിയിൽ കലാകാരന്റെ ജീവിതാനുഭവം ഏങ്ങനെ പ്രതിഫലിക്കുന്നു എന്നത് സാഹിത്യലോകത്ത് അവസാനിക്കാത്ത ചർച്ചയാണ്. ജീവിതാനുഭവം ഒരു കലാകാരനെ സംബന്ധിച്ചിടത്തോളം സർഗ്ഗാത്മകാനുഭൂതിയായി മാറുന്ന പ്രക്രിയയെ വേറിട്ടു നിർത്തിയാണ് ബാലകൃഷ്ണൻ പരിശോധിക്കുന്നത്. ഡോസ്റ്റോയ്വ്സ്കിയുടെയും ജയിൻ ഓസ്റ്റന്റെയും ചില നോവലുകളെ മുൻനിർത്തിക്കൊണ്ട് നടത്തുന്ന പഠനം എത്തിച്ചേരുന്നത് "ശ്രേഷ്ഠമായ ആഖ്യായികാകല, ജീവിതാനുഭവസമ്പന്നതയെക്കാളേറെ അനുഭവവിവേചനത്തിനുള്ള കഴിവാണെന്ന സത്യവും ജയിൻ ഓസ്റ്റിനെപ്പോലെതന്നെ ഡോസ്റ്റോയ്വ്സ്കിയും ഉദാഹരിക്കുന്നുണ്ട്"[33] എന്നാണ്. ആജന്മപ്രതിഭാശാലികളുടെ കാര്യത്തിൽ അനുഭവാവിഷ്കരണം ഭാഗികമായിരിക്കുമെന്നർഥം. കലാകാരനിലെ സർഗ്ഗസൃഷ്ടിക്കു കാരണമാകുന്ന ഘടകത്തെ സമഗ്രമായി മാറ്റാൻ ഒരിക്കലും അനുഭവത്തിനു കഴിയാറില്ല എന്ന ആശയത്തിലാണ് ബാലകൃഷ്ണന്റെ നിൽപ്. അത് സമർത്ഥിക്കാൻ ഏറ്റവും നല്ല ഉദാഹരണമായിട്ടാണ് ഡോസ്റ്റോയ്വ്സ്കി കൃതികളെ അദ്ദേഹം ആശ്രയിക്കുന്നത്. ആ കൃതികളിൽ പ്രകടമാവുന്ന പ്രത്യേകതകളിൽ പലതിലും വ്യക്തിസ്വഭാവത്തിന്റെയും ജീവിതത്തിന്റെയും സൂചനകൾ കാണുന്നുണ്ട്. പക്ഷെ മനുഷ്യൻ നേരിടുന്ന ഗൗരവപ്രശ്നങ്ങൾ ഒരു മുഖ്യസാമൂഹ്യപ്രശ്നമായി നോവലിസ്റ്റ് സ്വീകരിക്കുന്നില്ല. പ്രതിഭകളിലെ ഒരു പ്രക്രിയാപരമ്പരയായിട്ടാണ് ബാലകൃഷ്ണൻ ഈ അവസ്ഥ വിവരിക്കുന്നത്. അതായത് ജീവിതത്തിലെ പ്രത്യക്ഷമായ അനുഭവം ഭാവനയിൽ മറ്റൊരനുഭൂതിയായി രൂപം മാറുന്നു. അത് ഒരു സാധനാപ്രക്രിയയാണ്.

ഡോസ്റ്റോയ്വ്സ്കിയുടെ കൃതികളിൽ സാമൂഹ്യചൂഷണം പോലുള്ള പ്രശ്നങ്ങളെകുറിച്ചുള്ള പ്രതിഷേധചിന്തകൾ നിരാകരിക്കപ്പെട്ടിരിക്കുന്നു എന്നാണ് പറഞ്ഞുവരുന്നത്. എന്നാൽ കേവലസൗന്ദര്യാവിഷ്കരണമാണ് കലയെന്നു വിശ്വ

സിക്കുകയോ കല കലയക്കുവേണ്ടിയാണെന്നുള്ള സിദ്ധാന്തത്തെ സ്വീകരിക്കുകയോ അദ്ദേഹം ചെയ്തിട്ടുമില്ല. എന്നല്ല, സമകാലസമൂഹത്തിന്റെ പ്രശ്നങ്ങൾക്ക് പരിഹാരനിർദ്ദേശംകൂടിയാണ് തന്റെ നോവലുകളുടെ ധർമ്മം എന്നദ്ദേഹം വിശ്വസിച്ചുമിരുന്നു. അനുഭവബീജത്തിൽനിന്നല്ലാതെ സാഹിത്യമുണ്ടാവുകയില്ലെന്നുള്ള സത്യത്തോടൊപ്പംതന്നെ അനുഭവവർജ്ജനമാണ് കലയെന്ന സത്യം മനസ്സിലാക്കി ഒറ്റപ്പെട്ടുനിൽക്കുന്ന അത്ഭുതപ്രതിഭയാണ് ഡോസ്റ്റോയ്വ്സ്കി.

ജീവിതാനുഭവശൂന്യയായ ആത്മപരിഹാസക്കാരിയെന്നാണ് ബാലകൃഷ്ണൻ ജയിൻ ഓസ്റ്റനെ വിശേഷിപ്പിക്കുന്നത്. സമുദായവിലക്കുകൾ അനുഭവശുഷ്കമാക്കിയിട്ടും സാഹിത്യത്തിലെത്തിയ പ്രതിഭയായിരുന്നു അവർ. കല കലയ്ക്കുവേണ്ടി എന്ന ആദർശത്തിന്റെ പ്രയോക്താവായിട്ടാണ് അവരെ പൊതുവെ വിലയിരുത്തുന്നതെങ്കിലും[34] അവരുടെ കൃതികൾ മാനുഷികമൂല്യങ്ങൾ ഉൾക്കൊള്ളുന്നവയാണ്. ജന്മസിദ്ധപ്രതിഭയല്ലാതെ മറ്റൊന്നും സൃഷ്ടിപ്രേരണയായി അവരുടെ ജീവിതത്തിൽ കണ്ടെത്താൻ കഴിയുന്നില്ല. അനുഭവസങ്കോചത്തിൽനിന്ന്, അതുണ്ടാക്കുന്ന, അനുഭവരാഹിത്യത്തിൽനിന്ന് തനതായി ജീവിതസന്ദർഭങ്ങളെയും അനുഭവങ്ങളെയും സൃഷ്ടിക്കുന്ന ഒരുതരം കലാവിദഗ്ദ്ധയായിട്ടാണ് ബാലകൃഷ്ണൻ അവരെ വിലയിരുത്തുന്നത്. ജീവിതത്തിലെ വൈരുദ്ധ്യങ്ങളെയും പൊരുത്തക്കേടുകളെയും നിർമ്മമമായി സമീപിക്കുന്ന രീതി, തന്റെ അനുഭവസീമയിൽപ്പെടാത്ത യാതൊന്നിനെക്കുറിച്ചും എഴുതില്ലെന്ന നിഷ്കർഷ, ഇതെല്ലാമാണ് അവരെ അനുഭവനിഷേധത്തിന്റെ കലാകാരിയെന്നെല്ലാം വിശേഷിപ്പിക്കാനുള്ള യുക്തികൾ. ചില പ്രത്യേകതരം പാത്രങ്ങളെ തന്റെ കൃതികളിൽനിന്നും അവർ മനപൂർവം നീക്കിനിർത്തിയതിന്റെ പിന്നിൽ പ്രവർത്തിക്കുന്ന സൃഷ്ടിരഹസ്യം കണ്ടെത്താനും ബാലകൃഷ്ണൻ ശ്രമിക്കുന്നുണ്ട്. സമൂഹത്തിലെയും മനുഷ്യജീവിതത്തിലെയും സത്യങ്ങൾ ഓസ്റ്റൻ കൃതികളിൽ ഇല്ലെന്നല്ല ബാലകൃഷ്ണന്റെ കണ്ടെത്തൽ. കലാസൃഷ്ടിയിലെ പ്രമേയത്തിൽ ഉൾപ്പെടുന്ന നന്മതിന്മകളെക്കുറിച്ചുള്ള വിവേചനം നീക്കിനിർത്തുന്നതിൽ അവർ വിജയിച്ചു എന്നാണ്. ഫ്രഞ്ചുവിപ്ലവത്തിന്റെയും നെപ്പോളിയന്റെ പടയോട്ടങ്ങളുടെയും കാലത്താണ് അവർ ജീവിച്ചതെങ്കിലും കൃതികളിൽ ആ സംഭവങ്ങൾ നിഴലിക്കുന്നില്ല എന്നത് വാസ്തവമാണ്. പക്ഷേ സമകാലീന സമൂഹത്തിലെ

യാഥാർത്ഥ്യങ്ങളുടെ മിഴിവുറ്റ മാതൃകകൾ ചില കൃതികളിൽ അവർ അവതരിപ്പി ക്കുന്നുണ്ട് അതിനുദാഹരണമാണ് *The Pride and Prejudice*. ചില സംഭവങ്ങളും രംഗങ്ങളും തന്റെ ആഖ്യായികകളിൽനിന്നും ഓസ്റ്റൻ പുറത്തുനിർത്തുന്നുണ്ട്. സ്വന്തം കലാവൈഭവത്തിന്റെ പരിമിതികൂടി അവർക്ക് ബോധ്യമായിരുന്നതിന്റെ ഭാഗമാണിത്. പരിമിതമായ വ്യാപ്തിയിലും സർവസാധാരണവും ലളിതവുമായ ഭാഷയിലുമാണ് അവർ പ്രമേയത്തെ കൈകാര്യം ചെയ്തിരുന്നത്. നിശിതമായ ത്യാജ്യഗ്രാഹ്യവിവേ ചനബുദ്ധി പാലിക്കുന്നവയാണ് അവരുടെ കൃതികൾ മുഴുവൻ.

അനുഭവനിഷേധത്തെക്കുറിച്ചുപറഞ്ഞുപോകുമ്പോൾ ജയിൻ ഓസ്റ്റന്റെ ജീവ ചരിത്രവുമായി തീരെ യോജിക്കാതെ വരുന്നവയാണ് ബാലകൃഷ്ണന്റെ നിരീക്ഷ ണങ്ങൾപലതും. ഒരേ ജീവിതപരിതസ്ഥിതിയിൽ വളർന്നുവന്ന എഴുത്തുകാരിയല്ല ജയിൻഓസ്റ്റൻ. തന്റെ കാലഘട്ടത്തിലെ മറ്റു സ്ത്രീകളേക്കാൾ അനുഭവസമ്പന്നത അവർക്കുണ്ടായിരുന്നു. യാത്ര അവർക്ക് ജീവിതാനുഭവം പകർന്നു നൽകിയിരുന്നു. അവരുടെ നോവലുകളിലെ കഥാപാത്രങ്ങളായ എലിനർഡഷ്‌വുഡ്, എലിസബത്ത് ബെന്നറ്റ്, ഫെന്നിപ്രൈസ്. തുടങ്ങിയവർ അവരുടെതന്നെ ഭാഗമായിരുന്നു[35]. അവർ എഴുത്തിൽ സ്വജീവിതത്തിൽനിന്നും വ്യതിചലിച്ചിരുന്നില്ല. അതുകൂടാതെ കുട്ടി ക്കാലത്ത് രണ്ടുതവണ വീടുവിട്ട് അന്യദേശത്ത് വളർന്ന ജീവിതകാലം എഴുത്തിൽ വളരെയധികം സ്വാധീനം ചെലുത്തിയിരുന്നു.

ഗ്രന്ഥത്തിന്റെ പരിമിതികൾ മേൽവിവരിച്ചപ്രകാരം പലതുണ്ടെങ്കിലും നോവലിന്റെ സാഹിത്യപദവിയെക്കുറിച്ച് തികച്ചും വ്യത്യസ്തങ്ങളായ കാഴ്ചപ്പാടു കളാണ് ബാലകൃഷ്ണന്റെ ലേഖനങ്ങളിലൂടെ വ്യക്തമാകുന്നത് അവ രചിക്കപ്പെട്ട സാമൂഹികപശ്ചാത്തലം ശ്രദ്ധിക്കപ്പെടേണ്ടതാണ്. സാഹിത്യത്തിന്റെ സ്വഭാവവും ധർമ്മവുമായി ബന്ധപ്പെട്ട ഗൗരവതരങ്ങളായ ചർച്ചകളാണ് 1950 മുതൽ 1970-ക ളുടെ അവസാനം വരെ മലയാളസാഹിത്യലോകത്ത് നിലനിന്നത്. കേരളത്തിലെ പുരോഗമനസാഹിത്യപ്രസ്ഥാനത്തോടുള്ള അടുപ്പവും അകൽച്ചയും സാഹിത്യകാ രന്മാർ അവരവരുടെ നിലകളിൽ നിലനിർത്തിയപ്പോൾ കൃതികളിലെ ഉള്ളടക്കം ജീവിതാനുഭവങ്ങളുടെ പകർപ്പാകണമെന്ന ചിന്തയെ ബാലകൃഷ്ണൻ എതിർത്തി

രുന്നു. സദാചാരവും സാമൂഹ്യബോധവും ജനിപ്പിക്കുന്നതിൽക്കവിഞ്ഞ്, കലാപരത കൃതിയിൽ നിലീനമായിരിക്കണമെന്ന് അദ്ദേഹം ഉറച്ചു വിശ്വസിച്ചു. കേവല സൗന്ദര്യാവിഷ്കരണമാണ് കല[36] എന്നും അനുഭവസങ്കോചത്തിന്റെയും വൈവിധ്യത്തിന്റെയും കല[37] എന്നുമൊക്കെയുള്ള ഗ്രന്ഥത്തിലെ പരാമർശങ്ങൾ അതു വ്യക്തമാക്കുന്നു. അതിനുപുറമെ ഡോസ്റ്റോയ്വ്സ്കിയുടെയും ജയിൻ ഓസ്റ്റന്റെയും പഠനം ആദ്യന്തം വിനിയോഗിച്ചിരിക്കുന്നത് ജീവിതാനുഭവം നോവലിന് വിഷയമാവില്ല എന്നു സമർത്ഥിക്കാൻ വേണ്ടിക്കൂടിയാണ്. ബാലകൃഷ്ണന്റെ രചനകളുടെ കാലഘട്ടം അദ്ദേഹത്തിന്റെ സാഹിത്യസാമൂഹികചിന്ത രൂപപ്പെടുത്തുന്നതിൽ പ്രധാന പങ്കുവഹിച്ചിരുന്നു എന്ന് ഇവയെല്ലാം വ്യക്തമാക്കുന്നു.

നോവൽ രചയിതാവ് തന്റെ കൃതികളിൽനിന്ന് മാറ്റിനിർത്തിയ വസ്തുതകളെ കാണാതെ തുടർന്നുവന്ന പതിവുവിമർശനരീതികളിൽനിന്നും വ്യത്യസ്തമായി അവകളെ കണ്ടെത്തി  പഠനവിധേയമാക്കുന്ന രീതി ബാലകൃഷ്ണനിൽ കാണുന്നു. കൃതികളിലെ പ്രഭാവത്തെ മാത്രമല്ല ഇങ്ങനെ അഭാവത്തെയും അദ്ദേഹം പിന്തുടരുന്നു. ഈ പ്രവണത ആധുനികോത്തര നിരൂപണസമ്പ്രദായത്തിൽ പ്രകടമാണ്. അതേസമയം ഇതിനു വിരുദ്ധമായ നിരീക്ഷണങ്ങളും പഠനത്തിൽ ദൃശ്യമാണ്. കൃതികളിൽ നേരിട്ടുപ്രകടമല്ലാത്ത സാമൂഹികാംശങ്ങളായ ചൂഷണാവസ്ഥ, പ്രതിഷേധചിന്തകൾ എന്നിവയെ അദ്ദേഹം അകറ്റിമാറ്റുന്നു.

മറ്റു സാഹിത്യരൂപമെന്നതുപോലെ നോവലും മഹത്വമാർജിക്കുന്നത് സാഹിത്യകലയുടെ അടിസ്ഥാനതത്വങ്ങൾ അവ ഉൾക്കൊള്ളുമ്പോഴാണ്. ജന്മസിദ്ധമായ പ്രതിഭയുടെ പ്രവർത്തനമാണ് അതിൽ പ്രധാനമെന്ന് ബാലകൃഷ്ണൻ കരുതുന്നു. നിരന്തരമായ സാധനയാണ് മറ്റൊന്ന്. അത് അഭ്യാസത്താൽ സ്വായത്തമാകുന്നതാണ്. ഇവയെ അടിസ്ഥാനമാക്കിയാണ് അദ്ദേഹം താരാശങ്കർ ബാനർജിയുടെ *ആരോഗ്യനികേതന*വും ജയിൻ ഓസ്റ്റന്റെയും ഡോസ്റ്റോയ്വ്സ്കിയുടെ നോവലുകളും വിലയിരുത്തുന്നത്. ഗ്രന്ഥത്തിൽ *ആരോഗ്യനികേതന*ത്തെക്കുറിച്ചുള്ള ലേഖനം ഏറ്റവും മികച്ചനിലവാരം പുലർത്തുന്നു. ഓസ്റ്റൻകൃതികളെക്കുറിച്ചുള്ളത് താരതമ്യേന ലഘുവും ലളിതവുമാണ്. ഡോസ്റ്റോയ്വ്സ്കി കൃതികളെക്കുറിച്ചുള്ള ലേഖനം

ആദ്യന്തം ബ്രിട്ടീഷ് ചരിത്രകാരനായ എഡ്വേഡ് ഹാലറ്റ് കാറിനോട് കടപ്പാടുള്ള താണ്.

### 3.2.0 നവോത്ഥാനചിന്ത ചന്തുമേനോൻ കൃതികളിൽ

കേരളീയനവോത്ഥാനവും ദേശീയപ്രസ്ഥാനവും വെസ്റ്റേൺ ലിബറലിസവും ഹ്യൂമനിസ്റ്റ് ചിന്തകളും ഉൾക്കൊണ്ട ബാലകൃഷ്ണന്റെ ആശയലോകം ചില സാമൂഹ്യപ്രശ്നങ്ങളിൽ വേറിട്ടുനിൽക്കുന്നുണ്ട്. സാഹിത്യത്തിലെ സാമൂഹികാംശങ്ങ ളുമായി ബന്ധപ്പെട്ട പ്രത്യേക വീക്ഷണങ്ങളാണ് അവ. നിലവിലുള്ള സാമൂഹ്യ-രാഷ്ട്രീയ വ്യവസ്ഥയോടുള്ള കഠിനമായ എതിർപ്പും സ്വാതന്ത്ര്യവാഞ്ഛയും അദ്ദേഹത്തിന്റെ ചിന്തകളെ ഒരു റിബലാക്കുന്നു. സാമൂഹികവും സാംസ്കാരികവുമായ സരണിയിലൂടെയാണ് ബാലകൃഷ്ണൻ ചന്തുമേനോനെ കാണുന്നത്. ഇതൊരു സംസ്ക്കാരപഠനത്തെ (cultural study) സംയോജിപ്പിച്ചുകൊണ്ടുള്ള പഠനമാകുന്നു[38]. ഇന്ദുലേഖ പ്രസിദ്ധീകരിച്ച് അറുപത്തെട്ടുവർഷം പിന്നിടുമ്പോഴാണ് 1957-ൽ തന്റെ മുപ്പത്തൊന്നാം വയസ്സിൽ ഈ കൃതി പിറവിയെടുക്കുന്നത്. അന്നത്തെ നിലവിലുള്ള ഗ്രന്ഥരചനാരീതിയിൽനിന്നും മാറി മൗലികവും സ്വതന്ത്രവുമായ വീക്ഷണത്തോടെ കേരളത്തിന്റെ നവോത്ഥാനഘട്ടത്തെ വിശകലനം ചെയ്യുകയാണ് ബാലകൃഷ്ണൻ. ചന്തുമേനോന്റെ *ഇന്ദുലേഖ*യെക്കുറിച്ചുള്ള എം.പി. പോളിന്റെയും മൂർക്കോത്ത് കുമാരന്റെയും കാഴ്ചപ്പാടുകളിൽ നിന്നും വ്യത്യസ്തമായി, മൂലസ്രോതസ്സായ അതേ ഗ്രന്ഥത്തെക്കുറിച്ചുള്ള ബാലകൃഷ്ണന്റെ നിരൂപണത്തിന് പരിമിതികളുണ്ടായിരുന്നു. കാരണം കഴിഞ്ഞ അറുപതിലധികം വർഷങ്ങളായി വെട്ടിമാറ്റലുകൾക്കും തിരുത്തലുകൾക്കും വിധേയമാക്കപ്പെട്ട *ഇന്ദുലേഖ*യാണ് അക്കാദമിക് പണ്ഡിതരും ഗവേഷകരുമടക്കം കൈകാര്യം ചെയ്യുന്നത്. അന്തിമാധ്യായത്തിൽ മുക്കാൽ ഭാഗവും ഒഴിവാക്കപ്പെട്ടതും അലസരായ അച്ചുനിരത്തുകാരുടെയും പ്രൂഫ്വായനക്കാരുടെയും ആക്രമണങ്ങളാൽ പരിക്കേറ്റതുമായ പുസ്തകമാണ് അങ്ങനെ വായിക്കപ്പെടുന്നത്. "യാദൃച്ഛികമെന്നോ കൈയബദ്ധമെന്നോ പറഞ്ഞുതള്ളിക്കളയാനാവാത്ത സ്ഖലിതങ്ങളും ഒഴിവാക്കലുകളും തമസ്കരണങ്ങളുമാണ് *ഇന്ദുലേഖ*യിൽ സംഭവിച്ചിരിക്കുന്നത് എന്ന തിരിച്ചറിവ് ഞെട്ടിക്കുന്നതായിരുന്നു"[39]

എന്ന് ഡോ. പി.കെ. രാജശേഖരൻ, ഡോ.പി. വേണുഗോപാലൻ എന്നിവർ ചേർന്ന് 2014ൽ ബ്രിട്ടീഷ് ലൈബ്രറിയിൽനിന്നു കണ്ടെടുത്ത *ഇന്ദുലേഖ*യുടെ ആധികാരിക രണ്ടാം പതിപ്പിനെക്കുറിച്ച് വ്യക്തമാക്കിയിട്ടുണ്ട്.

ബാലകൃഷ്ണൻ മുതലുള്ള നിരൂപകരെല്ലാം ഇപ്രകാരം അപൂർണ്ണ പാഠത്തെ ആശ്രയിച്ചിട്ടുണ്ടെങ്കിലും *ചന്തുമേനോൻ ഒരു പഠനം* എന്ന ഗ്രന്ഥം എം.പി. പോളിൽ നിന്നുള്ള ഒരു മുന്നേറ്റമാണ് എന്നു വിലയിരുത്താം. വ്യക്തിപരമായ പ്രേരണയല്ലാതെയുള്ള കാരണമാണ് *ഇന്ദുലേഖാ* രചനയുടെ പിന്നിലുള്ളതെന്ന ബാലകൃഷ്ണന്റെ വിലയിരുത്തലുകൾ സാമൂഹികശാസ്ത്രപഠനരീതി അവലംബിച്ചുള്ളതാണ്.

### 3.2.1. അധിനിവേശവും ഭാഷാവിപ്ലവവും

കവിതമാത്രം പ്രാബല്യത്തിലുണ്ടായിരുന്ന സമൂഹത്തിൽ കവിതാബാഹ്യമായ രചന ചിന്തനീയമല്ലായിരുന്നു. കേരളസമൂഹത്തിന്റെ അധിനിവേശബന്ധമാണ് നമ്മെ ഇതരസാഹിത്യശാഖകൾ പരിചയപ്പെടുത്തുന്നത്. മിഷണറിപ്രവർത്തനമാണദ്ദേഹം സൂചിപ്പിക്കുന്നത്. അവരുടേത് മതപ്രചരണമായിരുന്നു ലക്ഷ്യമെങ്കിലും വിപ്ലവകരമായ അംശംകൂടി അതിലുണ്ടായിരുന്നു. അത് മലയാളഭാഷാഭിവൃദ്ധിയിലൂടെയുള്ള അധഃസ്ഥിതവർഗ്ഗോന്നമനമായിരുന്നു. മലയാളത്തിൽ വ്യാകരണം, നിഘണ്ടു മുതലായവയുടെ നിർമ്മാണത്തിനു മുൻകൈയെടുത്തത് വിദേശമിഷണറിമാരായിരുന്നു. അവയോടു ചേർന്നതാണ് നമ്മുടെ മികച്ച ഗദ്യത്തിന്റെ ആവിർഭാവം. ലളിതമായ ഗദ്യം അങ്ങനെ ഊർജ്ജസ്വലമായ ചിന്തയ്ക്കും ആശയോദ്ബോധനത്തിനും കാരണമായി. സമൂഹത്തിലെ ഏറ്റവും താഴെത്തട്ടിലുള്ളവരെയായിരുന്നു[40] അവർ സ്പർശിച്ചത്. ഇപ്രകാരം കേരളീയനവോത്ഥാനത്തിലേക്കുള്ള ഒരു പാലമായിട്ടാണ് പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തെ ബാലകൃഷ്ണൻ വിലയിരുത്തുന്നത്. ഇംഗ്ലീഷ് ഭാഷയിലൂടെ വൈദേശികചിന്ത സ്വായത്തമാക്കാൻ മലയാളികളെ പഠിപ്പിച്ച അവസ്ഥാവിശേഷത്തെ സാമൂഹികശാസ്ത്രവുമായി ബന്ധിപ്പിക്കുന്നു ബാലകൃഷ്ണൻ. കേരളത്തിലെ ബ്രിട്ടീഷ്മേൽക്കോയ്മ ഈ ഭാഷാവികാസത്തെ ഉപയോഗപ്പെടുത്തിയത് സാമൂഹികപ്രാധാന്യമർഹിക്കു

ന്നതാണ്. കേരളത്തിലെ പ്രതാപികൾക്കും പ്രഭുക്കൾക്കും ഇംഗ്ലീഷ് ഭാഷാപരിജ്ഞാനം അനുപേക്ഷണീയമായി വന്നത് ജീവിതത്തെ മുഴുവൻ ബാധിക്കുന്ന ബ്രിട്ടീഷ് മേൽക്കോയ്മ കാരണമായിരുന്നു. പ്രധാനപ്പെട്ട ഭരണകാര്യനിർവഹണങ്ങളെല്ലാം നടന്നിരുന്നത് ഇംഗ്ലീഷ് ഭാഷയിലൂടെയായതുകൊണ്ട് രാജ്യഭരണകൂടത്തിന്റെ ഉന്നതതലങ്ങളിലേക്ക് നേരിട്ടു സമ്പർക്കം പുലർത്തുന്നതിന് ഇംഗ്ലീഷുഭാഷ അവിഭാജ്യമായിവന്നു[41]. അങ്ങനെ ആംഗലഭാഷാപരിചയം അവരറിയാതെ അവരിൽ വന്നുചേർന്നു.

സംസ്കൃതത്തിന്റെ പരിധിയിൽമാത്രം വിഹരിച്ച ബൗദ്ധികസമൂഹത്തിനു സമൂഹത്തിൽ നടക്കുന്ന കാര്യങ്ങൾ അറിയാതെ പോവുകയും അതുകൊണ്ടുതന്നെ സാഹിത്യസൃഷ്ടികൾകൊണ്ട് സമൂഹത്തിൽ വരുത്താൻ കഴിയുന്ന സ്വാധീനം ഇല്ലാതെയുമായി. “പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനഭാഗങ്ങൾക്കു മുമ്പ് മലയാളസാഹിത്യത്തിൽ വിലപ്പെട്ട ഒറ്റക്കൃതിപോലും ഉണ്ടാകാത്തതിനു കാരണം ഏറിയപങ്കും ഈ ശൂന്യതയാണ്”[42] എന്ന പ്രസ്താവം സമൂഹവും സാഹിത്യവുമായി ബന്ധപ്പെട്ട ഈ വസ്തുതയാണ് സൂചിപ്പിക്കുന്നത്. ഇന്നത്തെ ശുഭ്രമായ മലയാളഗദ്യത്തോട് സമശീർഷമായി വർത്തിക്കുന്നതാണ് മിഷണറിഗദ്യം എന്ന് ഉദാഹരണസഹിതം ബാലകൃഷ്ണൻ വ്യക്തമാക്കുകയാണ്. *കുന്ദലത*യുടെയും *ഇന്ദുലേഖ*യുടെയും പാരമ്പര്യം അവിടെ നിന്നാണ് തുടങ്ങുന്നത്. നമ്മുടെ സാംസ്കാരികപാരമ്പര്യം ഗദ്യത്തിന്റെ പിതൃസ്ഥാനം കേരളവർമ്മ വലിയകോയിത്തമ്പുരാനു നൽകിയതിലെ പരിഹാസ്യതയാണ് ഉദാഹരണത്തിലൂടെ ഇവിടെ വ്യക്തമാക്കുന്നത്. സംസ്കൃതാലങ്കാരശാസ്ത്രങ്ങളുടെ നിബന്ധനകളിൽനിന്നും മുക്തിനേടാത്ത പല നിരൂപകരും *ഇന്ദുലേഖയെ* മികച്ച ഗദ്യമായി കണ്ടിരുന്നില്ല. അവർ *ഇന്ദുലേഖ*യും *കുന്ദലത*യുമൊക്കെ വെറും നോവലുകളാണെന്നും അവ പെണ്ണുങ്ങൾക്കു വായിക്കാനും രസിക്കാനുമുള്ളവയാണെന്നും മറ്റും പറഞ്ഞത് മുണ്ടശ്ശേരി അനുസ്മരിക്കുന്നുണ്ട്[43]. മുണ്ടശ്ശേരിയും മലയാളഗദ്യത്തിന്റെ പിതൃസ്ഥാനം കേരളവർമ്മയ്ക്കു നൽകുന്നതിൽ എതിർക്കുന്നുണ്ട്. സംസ്കൃതസാഹിത്യസിദ്ധാന്തങ്ങളിൽ അടിയുറച്ച ധാരണയാവാം പ്രസ്തുത നോവലുകളെ മികച്ച ആഖ്യായികാരൂപങ്ങളായിക്കാണാൻ പണ്ഡിതന്മാർക്ക് കഴിയാതിരുന്നത് എന്നാണ് മുണ്ടശ്ശേരിയും പറയു

ന്നത്. എന്നാൽ കോയിത്തമ്പുരാന്റെ ഗദ്യശൈലിയെക്കുറിച്ചുള്ള ബാലകൃഷ്ണന്റെ നിരീക്ഷണം തത്സമാനമായ മറ്റൊരുവസരത്തിൽ സുകുമാർ അഴീക്കോട് വിശദീകരിക്കുന്നുണ്ട്[44]. തമ്പുരാന്റെതന്നെ അവതാരികയെ വിലയിരുത്താതെയാണ് *അക്ബറി*ലെ ഭാഷയെ നിരൂപകന്മാർ എതിർക്കുന്നതെന്നാണ് അഴീക്കോട് അർത്ഥമാക്കുന്നത്. "സഹൃദയന്മാരിൽ പ്രഥമഗണനീയനായ നാടുനീങ്ങിയ വിശാഖംതിരുന്നാൾ മഹാരാജാവിന്റെ പ്രേരണയാൽ ആരംഭിക്കപ്പെട്ട ഈ ഭാഷാന്തരത്തിലെ വാചകരീതിയെ ആ തിരുമനസ്സിലേക്കും തത്സമാനരുചികളായി അനേകം അഭിജ്ഞന്മാർ ഇപ്പോൾ ഉള്ളവർക്കും രസിക്കത്തക്കവിധത്തിലാണ് ഞാൻ ഉപയോഗിച്ചിട്ടുള്ളത്"[45] എന്ന് അവതാരികയിൽത്തന്നെ തമ്പുരാൻ ഒരു രാജാവിന്റെ പ്രൗഢമായ അഭിരുചിയെ തൃപ്തിപ്പെടുത്താൻ വേണ്ടിയാണ് എഴുതപ്പെട്ടത് എന്നു പറയുന്നുണ്ട്. അതായത് രചനാപക്ഷപാതത്തോടുകൂടി സൃഷ്ടിക്കപ്പെട്ട ഒരു രാജകീയകൃതി എന്ന നിലയ്ക്കുവേണം *അക്ബറി*നെ കാണേണ്ടത്. മലയാളത്തിലെ ഗദ്യരൂപങ്ങളുടെ എല്ലാം ഉൽപ്പത്തി വിദേശമിഷണറിമാരിൽ കാണുന്നതിൽ അപാകം കാണാൻ കഴിയില്ല. കാരണം അർണ്ണോസ്പാതിരി ക്ലമന്റ്, ബെയ്ലി, ഗുണ്ടർട്ട് എന്നീ ഭാഷാപണ്ഡിതന്മാർ ചെയ്ത പ്രവൃത്തികളെല്ലാം കേരളവർമ്മയുടെ കാലത്തിനു മുൻപാണ്. ഒരു ഭാഷാഭിമാനിയുടെയും ശ്രദ്ധ ഇത്തരത്തിൽ വേണ്ടവിധം ഇവരിൽ പതിഞ്ഞില്ല എന്ന് ബാലകൃഷ്ണൻ പരിതപിക്കുന്നുണ്ട്. ഇവരൊക്കെത്തന്നെയാണ് ഭാഷയെ ഗദ്യമാക്കി വളർത്താൻ സഹായിച്ചവർ. ഗദ്യമെന്നു പറയാവുന്ന ഗദ്യം ക്രിസ്തീയമതസാഹിത്യമായിട്ടാണ് ഇവിടെ വളർന്നത്. ഇങ്ങനെ പാതിരിസാഹിത്യത്തിന്റെ സ്വാഭാവികത വ്യക്തമാക്കുന്നതോടൊപ്പം അവയുടെയൊക്കെ അനുവർത്തനമാണ് *കുന്ദലത*യിലും *ഇന്ദുലേഖ*യിലും കാണുന്നതെന്നും കോയിത്തമ്പുരാന്റെയും സി.വി.യുടെയും മലയാളം ഒന്നാണെന്നും ഗീവർഗീസ് കത്തനാരുടെയും ചന്തുമേനോന്റെയും ഭാഷകളും പരസ്പരം വലിയ വ്യത്യാസമില്ല എന്നുംകൂടി പറയുന്നുണ്ട് അദ്ദേഹം.

### 3.2.2 നവോത്ഥാനത്തിന്റെ തുടർച്ച

ചന്തുമേനോനും സി.വി.യും യഥാക്രമം സമകാലികപ്രശ്നവും പൂർവ്വചരിത്രവും കഥാവിഷയമാക്കി എന്ന ഉപരിപ്ലവമായ കാഴ്ചപ്പാടിനെ ബാലകൃഷ്ണൻ

ആശ്രയിക്കുന്നില്ല. ഇരുവരുടെയും ജീവിതവീക്ഷണവുമായി ബന്ധപ്പെട്ടതാണ് അത്. ചന്തുമേനോന്റെ കാഴ്ചപ്പാട് അദ്ദേഹത്തിന്റെ അക്കാലത്തെ സാമുദായികാവസ്ഥയുമായി ഒരിക്കലും ഒത്തുപോകാൻ കഴിയാത്തവണ്ണം പുരോഗമനപരമായിരുന്നു. "അറിഞ്ഞുകൊണ്ടുതന്നെ സാമുദായികചിന്തകനും സമുദായരാഷ്ട്രീയപരിഷ്കർത്താവുമായ സി.വി.ക്കു സാമൂഹ്യവിമർശനം തന്റെ കലാസൃഷ്ടിയിൽ കടത്താനേ സാധ്യമായില്ല.... ചന്തുമേനോന്റെ കാഴ്ചപ്പാട് വൈദേശികമായ ഒരു മാനസികഘടനക്കുമാത്രം സാധിക്കുന്ന ഒന്നാണ്. നിർവികാരത്വമാണ് അതിലാദ്യന്തം[46]". ഒരേ സാംസ്കാരികമായ പൈതൃകത്തിന്റെ, ഒരേ കാലഘട്ടത്തിലെ വ്യത്യസ്ത ആഖ്യായികാകാരന്മാർ എന്ന തരംതിരിവിൽമാത്രം ഒതുങ്ങുന്നതല്ല ഇവർ തമ്മിലുള്ള അന്തരം എന്നാണ് പറഞ്ഞുവരുന്നത്. അതിന് വിശാലമായ ഒരർത്ഥമുണ്ട്. അത് അവരുടെ കാഴ്ചപ്പാടുകളുമായി ബന്ധപ്പെട്ടതാണ്.

സി.വി. സ്വതന്ത്രമായ ഒരു ചരിത്രാഖ്യായിക രചിച്ചപ്പോൾ ചന്തുമേനോൻ സ്വതന്ത്ര്യമായ ഒരു മലയാള നോവൽ രചിച്ചു. കേരളത്തിൽ അതുവരെ നിലനിന്നിരുന്ന ചമ്പൂകാരന്മാരുടെയും ആട്ടക്കഥാകാരന്മാരുടെയും മണിപ്രവാളപാരമ്പര്യക്കാരുടെയും ഒരു മികച്ച പിന്തുടർച്ചയാണ് സി.വി. യെങ്കിൽ പാതിരി സാഹിത്യത്തിലൂടെ, പാശ്ചാത്യസംസ്കാരപ്രചോദനത്തിലൂടെ നവോത്ഥാനത്തിന്റെ പാരമ്പര്യമാണു ചന്തുമേനോൻ പിന്തുടർന്നത്. അതായത് ഒരാൾ നിശ്ചലമായിരുന്ന പ്രാചീനപാരമ്പര്യത്തിന്റെ മികച്ച ഫലപ്രപ്തിയിലെത്തിയപ്പോൾ, വരാൻപോകുന്ന ഒരു നവയുഗത്തിന്റെ ആരംഭസൂചകമായി മാറി മറ്റേയാൾ എന്നർത്ഥം. യൂറോപ്യൻ നവോത്ഥാനത്തിന്റെ രീതിയിൽത്തന്നെയാണ് ഇവിടെയും അത് ആവർത്തിച്ചതെന്നാണർത്ഥമാക്കുന്നത്.

എന്നാൽ യൂറോപ്യൻ നവോത്ഥാനവും ഇന്ത്യൻനവോത്ഥാനവും തമ്മിൽ അന്തരമുണ്ട്. യൂറോപ്യൻ നവോത്ഥാനം 14-ാം നൂറ്റാണ്ടുമുതൽ 17-ാം നൂറ്റാണ്ടുവരെയുള്ള കാലയളവിൽ കലാസാഹിത്യരംഗങ്ങളിലും ഭാഷാരൂപീകരണപ്രവർത്തനങ്ങളിലും മധ്യകാലത്തെ നാടുവാഴിത്ത മേൽക്കോയ്മയെയും പള്ളിവാഴ്ചയെയും തകർത്തെറിയുന്നതിനു കളമൊരുക്കി. ഇന്ത്യൻ നവോത്ഥാനം 19-ാം നൂറ്റാണ്ടിന്റെ

അന്ത്യപാദത്തോടെ കേരളമുൾപ്പെടെയുള്ള ഭാഗങ്ങളിൽ ബാധിച്ചതാണ്. പാശ്ചാത്യസംസ്കാരത്തിന്റേയും വിജ്ഞാനത്തിന്റെയും കടന്നുവരവാണ് അതിന്റെ പശ്ചാത്തലം. അച്ചടിവിദ്യയും ഗദ്യസാഹിത്യവും അങ്ങനെ സംഭാവനചെയ്യപ്പെട്ടതാണ്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ രണ്ടാംപകുതിയിലാണ് ഈ രംഗത്ത് വൻ മുന്നേറ്റമുണ്ടാകുന്നത്. "കേരളത്തിന്റെ സാംസ്കാരികപരിവർത്തനത്തെ ത്വരിതപ്പെടുത്തിയ മറ്റൊരു ഘടകം ഇംഗ്ലീഷ് വിദ്യാഭ്യാസമാണ്. പത്തൊമ്പതാം നൂറ്റാണ്ടിലെ പ്രൊട്ടസ്റ്റന്റ് മിഷണറിമാരാണ് ഇതിന്റെ പ്രോദ്ഘാടകർ. 1806-ൽ ദക്ഷിണതിരുവിതാംകൂറിൽ ലണ്ടൻ മിഷൻ സൊസൈറ്റിയും 1816-ൽ മധ്യതിരുവിതാംകൂറിൽ ചർച്ചുമിഷൻ സൊസൈറ്റിയും 1834-ൽ മലബാറിൽ ബാസൽമിഷനും പ്രവർത്തനമാരംഭിച്ചു. ഇവരുടെ പ്രവർത്തനങ്ങളാണ് കേരളത്തിൽ ആദ്യമായി പൊതുവിദ്യാഭ്യാസത്തിനു തുടക്കം കുറിച്ചത്"[47]. അതേപ്രകാരം കാര്യങ്ങൾ വേണ്ടവിധം ആവിഷ്കരിക്കാൻ കെൽപ്പുള്ള ഒരു ഗദ്യശൈലി രൂപപ്പെട്ടുവരുന്ന സാഹചര്യമാണ് ബാലകൃഷ്ണനും സൂചിപ്പിക്കുന്നത്. പാശ്ചാത്യസംസ്കാരവും മിഷണറിമാരും തന്നെയാണ് കേരളത്തിൽ നവോത്ഥാനത്തിന്റെ മാറ്റം കൊണ്ടുവന്നതെന്നും നാം നമ്മുടേതെന്നു പറയുന്ന മധ്യകാലസംസ്കാരത്തിൽനിന്നല്ല അത് വന്നത് എന്നും അദ്ദേഹം ആവർത്തിക്കുന്നുണ്ട് അത് പൂർണ്ണമായും ശരിയല്ല. ചരിത്രാഖ്യായിക എഴുതിയ മഹാനായും സാമൂഹ്യനോവലെഴുതിയ മഹാനായും യഥാക്രമം സി.വി.യെയും ചന്തുമെനോനെയും കാണുന്ന റിവൈവലിസത്തെയും റിനൈസൻസിനെയും തിരിച്ചറിയാൻ കഴിയാത്ത സാമൂഹ്യബോധത്തെയാണ് അല്ലെങ്കിൽ സാഹിത്യചരിത്രത്തെയാണ് അദ്ദേഹം അനാവരണം ചെയ്യുകയും വിമർശിക്കുകയും ചെയ്യുന്നത്.

### 3.2.3 തകരുന്ന ഫ്യൂഡൽ വ്യവസ്ഥയും ഉയരുന്ന പാശ്ചാത്യസംസ്കാരവും

മലയാളത്തിൽ ചന്തുമേനോന്റെ കൃതികളെക്കുറിച്ചുണ്ടായ ഏറ്റവും പ്രധാന പഠനം എം.പി. പോളിന്റേതാണ്. അതിനെ പിൻപറ്റിയാണ് പലരും *ഇന്ദുലേഖ* യെയും ശാരദയെയും പഠനം നടത്തുന്നത്. ഇംഗ്ലീഷ് വിദ്യാഭ്യാസം കഥാപാത്രങ്ങളിൽ ചെലുത്തിയ സ്വാധീനത്തെക്കുറിച്ചുണ്ടായ അഭിപ്രായഭേദങ്ങളും അവ്യക്തതകളും പലരിലും തെളിയുന്നുമുണ്ട്.

യൂറോപ്പിലെ ശാസ്ത്രവിദ്യാഭ്യാസത്തിന്റെ പാതയിലേക്ക് ഇന്ത്യയെ നയിക്കണമെന്ന രാജാറാം മോഹൻ റായിയുടെ വഴിക്കാണ് ചന്തുമേനോൻ ചിന്തിച്ചിരുന്നത്. അതുകൊണ്ടുതന്നെ അദ്ദേഹത്തിന്റെ ഇംഗ്ലീഷ് എന്ന സങ്കൽപ്പത്തിനുതന്നെ അപൂർവതയുണ്ട്. ഇംഗ്ലീഷ് സാഹിത്യം പഠിപ്പിക്കുന്ന ക്ലാസ്സുകളിൽ കേൾക്കാൻ കഴിയാത്ത ചാൾസ് ബ്രാഡ്‌ലാ, ഡാർവിൻ, ഹക്സലി തുടങ്ങി യൂറോപ്യൻ ചിന്തകരാണ് ചന്തുമേനോന്റെ ലോകത്തുള്ളത്. ഇവരുടെയെല്ലാം ആശയങ്ങളാണ് *ഇന്ദുലേഖ*യിൽ പതിനെട്ടാം അദ്ധ്യായത്തിൽ പ്രത്യക്ഷപ്പെടുന്നത്. "ആർഷസംസ്കാരനിരതമായ കേരളത്തിൽ ആംഗലഭാഷാസ്വാധീനതയുടെയും പാശ്ചാത്യ ചിന്താസംഘർഷത്തിന്റേയും സ്വാധീനതകൾ വിവരിക്കുന്ന ഇതിഹാസമാണ് *ഇന്ദുലേഖ*"[48] എന്ന് ബാലകൃഷ്ണൻ ചൂണ്ടിക്കാട്ടുന്നു. എം.പി. പോളിനെപ്പോലുള്ള നിരൂപകർ നോവലിന്റെ പരിമിതിയായി എടുത്തുകാണിച്ച നോവലിലെ പതിനെട്ടാമധ്യായം ചന്തുമേനോന്റെ ചിന്താലോകം കാണിച്ചുതരുന്നതാണ്. 'കഥാപ്രവാഹത്തെ പ്രതിരോധിക്കുന്ന ശിലാഖണ്ഡം' എന്നു ശ്രീ. പോൾ വിമർശിക്കുന്ന അധ്യായത്തെക്കുറിച്ച് "കഥാരചന ഒരു ദന്തശില്പമായിത്തീരണം എന്നു കരുതുന്നവരെ സംബന്ധിച്ച് ഈ അഭിപ്രായം അക്ഷരംപ്രതി ശരിതന്നെ, എന്നാൽ സമകാലികകേരളത്തിന് അപരിചതരായ തന്റെ മാനസികസന്തതികൾ എവിടെ ജനിച്ചവരാണെന്ന ചോദ്യത്തിന് ഗ്രന്ഥകർത്താവ് എഴുതിച്ചേർത്ത ഉത്തരമാണ് ആ അധ്യായം"[49] എന്ന് തായാട്ട് ശങ്കരൻ അഭിപ്രായപ്പെടുന്നുണ്ട്. പാശ്ചാത്യസംസ്കാരത്തിന്റെ സാന്നിദ്ധ്യം *ഇന്ദുലേഖ*യിൽ എങ്ങനെ ലീനമായിരിക്കുന്നു എന്ന കാര്യം ഭംഗിയായി ബാലകൃഷ്ണൻ അവതരിപ്പിക്കുന്നുണ്ട്. എന്നാൽ ചന്തുമേനോന്റെ കഥാപാത്രനിർമ്മിതിയിലും ഒരു ഇംഗ്ലീഷ് പക്ഷപാതസമീപനം ആരോപിക്കുന്നത് പാത്രനിർമ്മിതിയിലെ യാദൃച്ഛികത മാത്രമായിരിക്കും. ഇംഗ്ലീഷ് പരിജ്ഞാനമില്ലാത്തതിനാൽ ചില കഥാപാത്രങ്ങളെ വികലമായിട്ടാണ് നോവലിസ്റ്റ് ചിത്രീകരിച്ചിരിക്കുന്നത്. കഥാപാത്രങ്ങളുടെ മാനസികവൈകല്യം വ്യക്തമാക്കാനാണ് അത്തരം ചിത്രീകരണമെന്ന് ബാലകൃഷ്ണൻ വിചാരിക്കുന്നു.

"ഇംഗ്ലീഷ് ഭാഷാപരിജ്ഞാനംകൊണ്ട് ചന്തുമേനോൻ വിവക്ഷിക്കുന്നത് പുതിയൊരു സാംസ്കാരികനിലയും ജീവിതവുമാണെന്നു സ്പഷ്ടം"[50] എന്നിങ്ങനെ

തന്റെ കാഴ്ചപ്പാട് വ്യക്തമാക്കുന്നുമുണ്ട്. അതുപോലെ മറ്റൊന്നാണ് ചന്തുമേനോന്റെ നമ്പൂതിരി കഥാപാത്രങ്ങളെക്കുറിച്ചുള്ള സംശയങ്ങൾ. ആർഷകേരളസമൂഹത്തിന്റെ 'ഡെമീഗോഡു'കളെന്നാണ് അദ്ദേഹം അവരെക്കുറിച്ചു പറയുന്നത്. "ചന്തുമേനവൻ ഏതെങ്കിലും പക്ഷപാതം കാണിക്കുന്നുണ്ടെങ്കിൽ അതു പാശ്ചാത്യമോ പൗരസ്ത്യമോ അല്ലെന്നും യഥാർത്ഥ പരിഷ്കാരത്തിൽ മാത്രമേ അദ്ദേഹത്തിനു പക്ഷപാതം ഉള്ളൂവെന്നും അനുമാനിക്കാവുന്നതാണ്"[51] എന്ന എം.പി. പോളിന്റെ നിരീക്ഷണമാണ് ചന്തുമേനോന്റെ ഓരോ കഥാപാത്രത്തിന്റെയും സ്വഭാവനിരൂപണത്തിൽ അന്തർഭവിച്ചിരിക്കുന്നത്. ഒരു സമുദായ പരിഷ്കർത്താവിന്റെ പരിമിതവൃത്തമായിരുന്നില്ല ചന്തുമേനോന്റെ കാഴ്ചപ്പാടിന്റേത്. നായർ, നമ്പൂതിരി സമുദായങ്ങളിൽ മാത്രമോ കേരളം എന്ന ദേശത്തിന്റെ പരിധിയിലോ അല്ലാതെ പാശ്ചാത്യസംസ്കാരസന്നിവേശത്താൽ ഉടച്ചുവാർക്കപ്പെട്ട മനുഷ്യത്വത്തെ കണ്ടെത്തിയ ഒരു സമുദായം അധിവസിക്കുന്ന സമ്പൂർണ്ണഭാരതമായിരുന്നു അത്. *ശാരദ*യിലെ കൃഷ്ണൻമേനോനെപ്പോലെ ബുദ്ധിക്ക് ഇത്ര സ്വതന്ത്രരായുള്ളവർ ഹിന്ദുക്കളിൽ ദുർലഭമാണെന്ന ചന്തുമേനോന്റെ അതിരുകടന്ന പ്രസ്താവനയുടെ അർത്ഥം, വ്യക്തികൾക്ക് സ്വതന്ത്രചിന്തയും സമസൃഷ്ടിസ്നേഹവും വേണമെങ്കിൽ ഇംഗ്ലീഷ് സംസ്കാരം പങ്കുവെയ്ക്കണമെന്നാണ്. ഇന്ത്യയിലെ ഇംഗ്ലീഷ് ഗവൺമെന്റിനെ പലപ്പോഴും പുകഴ്ത്തിയ ചന്തുമേനോനിൽ ഒരു ബ്രിട്ടീഷ് ഉദ്യോഗസ്ഥന്റെ ദാസ്യമനോഭാവം പലരും കണ്ടിരുന്നു. എന്നാൽ നമുക്കു പരിചയമുള്ള രാഷ്ട്രീയവീക്ഷണം വെച്ചുകൊണ്ടുമാത്രമേ അദ്ദേഹത്തിൽ രാഷ്ട്രീയപ്രതിലോമപരത കാണാൻ കഴിയൂ എന്നാണ് ബാലകൃഷ്ണൻ പറയുന്നത്.

### 3.2.4. മാതൃകാനായികമാർ

*ഇന്ദുലേഖ*യും *ശാരദ*യും കേരളീയരുടെ നവ്യമായ സാംസ്കാരിക മുഖത്തെ അനാവരണം ചെയ്യുന്നു എന്ന് ബാലകൃഷ്ണൻ നിരീക്ഷിക്കുന്നുണ്ട്. മലബാർ മാര്യജ് കമ്മീഷന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് സിവിൽ വ്യവഹാരപ്രശ്നത്തിൽ ഇടപെട്ടതിനുശേഷമായിരുന്നു *ശാരദ*യുടെ രചന. നോവൽക്കർത്താവിന്റെ രചനാസാധനയും അനുഭവബീജവും ഉൾക്കൊണ്ടുകൊണ്ട് ജനിച്ച കൃതിയാണത്.[52] ചന്തു

മേനോൻ നേരിട്ടനുഭവിച്ച, കണ്ടുപഠിച്ച ജീവിതവും സമുദായപ്രശ്നങ്ങളും സൃഷ്ടിയെ സ്വാധീനിച്ചു എന്നാണിവിടെ അർത്ഥമാക്കുന്നത്. ഇക്കാര്യം ബാലകൃഷ്ണൻ ജയിൻ ഓസ്റ്റനെയും ഡോസ്റ്റോയ്വ്സ്കിയെയും പഠിക്കുമ്പോൾ പൊരുത്തപ്പെടാത്തതാണ്. അവിടെ കലാകാരന്റെ സർഗ്ഗസൃഷ്ടിക്കു കാരണമാകുന്ന ഘടകത്തെ സമഗ്രമാക്കിമാറ്റാൻ ഒരിക്കലും അനുഭവത്തിനു കഴിയില്ല എന്നദ്ദേഹം പറയുന്നു. *ഇന്ദുലേഖ*യെക്കുറിച്ച് മുൻപ് വിശദീകരിച്ചു. *ശാരദ* യിലെ കല്ല്യാണിയമ്മ നാടുവിട്ട് ഓടിപ്പോയത് തനിക്കിഷ്ടമില്ലാത്ത മധ്യവയസ്കനും വിരൂപനുമായ ഒരു ഇടപ്രഭുവിന് തന്നെ വിവാഹം ചെയ്തുകൊടുത്തതിനാലാണ്. അല്ലാതെ ഇംഗ്ലീഷ് വിദ്യാഭ്യാസം കുട്ടിനുണ്ടായിരുന്നിട്ടല്ല എന്ന് പ്രൊഫ. കെ.പി. ശരച്ചന്ദ്രൻ[53] അഭിപ്രായപ്പെടുന്നുണ്ട്. അതുകൊണ്ട് ആംഗലവിദ്യാഭ്യാസം സമാർജിക്കാൻ കഴിഞ്ഞ ഒരു നൂതനസംസ്കാരത്തിന്റെ മുഖം കാണിച്ചുതരികമാത്രമായിരുന്നില്ല ഈ നോവലുകളുടെ ലക്ഷ്യം. പാരമ്പര്യത്തിന്റെ ദോഷങ്ങൾ കാണിച്ചു തരികയുമായിരുന്നു. ചന്തുമേനോനാണ് മലയാളത്തിൽ ആദ്യമായി പ്രണയസങ്കൽപത്തിന്റെ ഒരു ചെറിയ രൂപം അവതരിപ്പിച്ചത്. *ഇന്ദുലേഖ*യ്ക്ക് ഭൗതികമായ ശക്തി പിൻബലമുണ്ടായിരുന്നു. എന്നാൽ *ശാരദ*യിലെ കല്യാണിയമ്മ പ്രതിസന്ധിക്കിടയിലും ധീരത കാണിച്ചു. ഒരു ശക്തിയും സഹായവുമില്ലാഞ്ഞിട്ടും ഒടുങ്ങാത്ത ജീവിതാസക്തിയാണ് അവരെ നാടുവിടാൻ പ്രേരിപ്പിച്ചത്. അന്നത്തെ കാലത്ത് അത് വിപ്ലവമായിരുന്നു.

### 3.2.5. സമ്മിശ്രാഭിരുചിയുടെ വക്താക്കൾ

ചന്തുമേനോന്റെ കഥാപാത്രങ്ങളിൽ പലരിലും നാം കാണുന്ന പലതരത്തിലുള്ള വൈരുദ്ധ്യങ്ങളിൽ കേവലയാദൃച്ഛികതയ്ക്കപ്പുറം ചില സാംസ്കാരികവും രാഷ്ട്രീയവുമായ മാനങ്ങളുമുണ്ട്. "*ഇന്ദുലേഖ*യുടെ സാംഗത്യവും വിജയവും ഒരു വലിയ അളവോളം, ബുദ്ധിജീവികളിൽ ലീനമായിരുന്ന വൈരുദ്ധ്യങ്ങളെയും സന്ദിഗ്ധതകളെയും അനിശ്ചിതത്വങ്ങളെയും സൂക്ഷ്മമായി രേഖപ്പെടുത്തുവാനും അവരുടെ സാംസ്കാരിക-രാഷ്ട്രീയാനുഭവങ്ങളെ പിടിച്ചെടുക്കുവാനും അതിനായി എന്നതിലധിഷ്ഠിതമാണ്"[54] എന്ന കെ.എൻ. പണിക്കരുടെ പ്രസ്താവന ഈ ആശയത്തെ ദൃഢീകരിക്കുന്നു.

ചന്തുമേനോന്റെ നോവലുകളിലെ ഉണർവിന്റേയും പുരോഗതിയുടെയും ലക്ഷണങ്ങൾ ഗ്രന്ഥത്തിലുടനീളം വിവരിച്ചുപോകുന്നുണ്ട്. ബ്രിട്ടീഷ് ഭരണത്തിന്റെ ഉദാരമായ സമീപനരീതികളിലും ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ ആധുനികവൽക്കരണത്തിലും ന്യായീകരണം കാണുന്ന ഒരു ബുദ്ധിജീവി വർഗ്ഗത്തെ ചന്തുമേനോൻ കാണിച്ചുതരുന്നുണ്ട്. പാത്രഭാഷണത്തിലുപരി ഗ്രന്ഥകർത്താവിന്റെ ഇടപെടലും ഇതു സാധൂകരിക്കുന്നു. മാധവനും *ഇന്ദുലേഖ*യും ഇംഗ്ലീഷ് വിദ്യാഭ്യാസസ്വാധീനങ്ങളുള്ളവരെങ്കിലും അധിനിവേശ അധീശത്വങ്ങൾക്ക് കീഴ്പ്പെട്ടവരായിരുന്നില്ല. പടിഞ്ഞാറൻ സംസ്കാരത്തെ പൂർണ്ണമായി സ്വീകരിക്കുകയോ പാരമ്പര്യസംസ്കൃതിയെ അതുപോലെ തിരസ്കരിക്കുകയോ അവർ ചെയ്തില്ല. അതേ സമയം ഒരു സമ്മിശ്രസാംസ്കാരികാഭിരുചികളാൽ രൂപപ്പെട്ടതായിരുന്നു അവരുടെ വ്യക്തിത്വം.

മാധവന്റെ ദേശാന്തരഗമനം പലപ്പോഴും നാമാരും ഗൗരവമായെടുക്കാറില്ല. പക്ഷെ ചന്തുമേനോന്റെ ചില കാഴ്ചപ്പാടുകളുടെ പ്രതിഫലനമാണത്. "ചന്തുമേനോന്റെ കല അദ്ദേഹത്തിന്റെ 'വിഷനെ' സഫലമാക്കുന്നുത് ആ പ്രവാസത്തിലൂടെയാണെന്ന് എനിക്ക് തോന്നുന്നു. ഭാരതമെന്ന രാജ്യത്തെയും, പരസ്പരം അറിയുകയും മനസ്സിലാക്കുകയും ചെയ്യുന്ന പുതിയ ഭാരതീയനെയും ചിതറിക്കിടക്കുന്ന ആ രംഗങ്ങളിൽ ഉടനീളം കാണാം. കൽക്കട്ടയും ബോംബെയും മദ്രാസും മലയാളവും ഒന്നായി ബന്ധിക്കപ്പെട്ടിരിക്കുകയാണവിടെ. ഇംഗ്ലീഷു സംസ്കാരത്തിന്റെ സ്വാധീനതയിൽ ഒരേ ആശയതന്തുവാൽ ബന്ധിക്കപ്പെട്ട ഒരു പുതിയ സാഹോദര്യം ഒരുപോലെ പുലരുന്നതും വേണമെങ്കിൽ അവിടെ കാണാം"[55]. സമുദായപരിഷ്കരണം പോലുള്ള ലക്ഷ്യത്തെ മാത്രമായി ചന്തുമേനോൻ കൃതികളെ നോക്കിക്കാണുന്ന രീതിയെ തള്ളിക്കളയുകയാണ് ഇവിടെ ബാലകൃഷ്ണൻ.

### 3.2.6. കഥയിൽ ഒളിപ്പിച്ച ആശയം

*ഇന്ദുലേഖ*യിലെ പതിനെട്ടാം അദ്ധ്യായം നിരുപകന്മാരാൽ പലതരത്തിലുള്ള ഏറ്റുമുട്ടലുകൾക്കും വിലയിരുത്തലുകൾക്കും വിധേയമായതാണ്. "ഗ്രന്ഥത്തിന്റെ ഉത്തരാർദ്ധത്തിൽ കഥാപ്രവാഹത്തെ പ്രതിരോധിക്കുന്ന ഒരു ശിലാഖണ്ഡമുണ്ട്"[56]

എന്ന എം.പി. പോളിന്റെ പ്രസ്താവനയെ അനുകൂലിച്ചുകൊണ്ടാണ് പലരും അന്ന് ചർച്ച ചെയ്തത്. ആ അദ്ധ്യായത്തിന് പുറമെനിന്നുള്ള ഒഴുക്കൻമട്ടിലുള്ള വിലയിരുത്തലല്ല ആവശ്യമെന്നും അകത്തുകടന്നുള്ള ഗൗരവനിരീക്ഷണമാണ് ആവശ്യമെന്നുമാണ് ബാലകൃഷ്ണന്റെ അഭിപ്രായം. കഥയുമായി ബന്ധപ്പെടുത്താതെയുള്ള വിലയിരുത്തലിനെയാണദ്ദേഹം അംഗീകരിക്കുന്നത്. സമൂഹവുമായി നേരിട്ടുബന്ധമുള്ള ജാതിവ്യത്യാസംപോലുള്ള അനാചാരങ്ങളുടെ നൂലാമാലകൾ ഉൾക്കൊള്ളുന്ന ഹിന്ദുമതത്തിന്റെ പ്രത്യേകതകൾ ചന്തുമേനോൻ ആഴത്തിൽ മനസ്സിലാക്കിയിരുന്നു. "മലയാളഭാഷയിലേക്കും കേരളീയ ചിന്തയിലേക്കും പാശ്ചാത്യഭൗതികചിന്തയുടെ നീരുറവകളും അതിന്റെ സമീപനരീതിയും ആദ്യമായി അവതരിപ്പിച്ചത് ചന്തുമേനോന്റെ പതിനെട്ടാമധ്യായമാണെന്നതു നിസ്തർക്കമാണ്"[57]. നോവലിൽ ഏറ്റവുമധികം സാമുഹ്യപ്രശ്നം ഉന്നയിക്കുന്ന അധ്യായമാണത് എന്നുതന്നെയാണർത്ഥം. അഗാധമായ ഒരു ബുദ്ധിക്കുമാത്രം കഴിയുന്ന ചിന്താധാരകൾ പരിചയപ്പെടുത്തിയെന്നതുമാത്രമല്ല, അതിന്നടിയിലെ ആശയപ്രപഞ്ചം വലിയ ആഖ്യായികാകാരന്മാരെ സംബന്ധിച്ചിടത്തോളം പഠനാർഹമായ സവിശേഷദൗർബല്യമാവാമെന്നും ടോൾസ്റ്റോയിയുടെയും ഡോസ്റ്റോയ്വ്സ്കിയുടെയും രചനകളിലെ സമാനസന്ദർഭങ്ങൾ ഉദാഹരണമാക്കി ബാലകൃഷ്ണൻ സമർത്ഥിക്കുന്നുണ്ട്.

പത്തൊമ്പതാം നൂറ്റാണ്ടിലെ ചരിത്രധാരകൾ ഉൾച്ചേർന്ന ഒരു നോവലിലെ പ്രസ്തുതാദ്ധ്യായത്തിന്റെ കലാപരമായ പ്രസക്തിയാണ് പല നിരൂപകരും ചർച്ച ചെയ്തത്. മനുഷ്യസമത്വത്തേയും സ്വാതന്ത്ര്യത്തെയും നവീനാശയങ്ങളെത്തന്നെയും ഒരു മലയാളകൃതിയിൽ എന്തുകൊണ്ട് ചർച്ചചെയ്തു എന്നു കണ്ടെത്താൻ പലരും ശ്രമിച്ചില്ല. കഥാപ്രവാഹത്തെയല്ല കാലപ്രവാഹത്തെയാണ് പലരും തിരിച്ചറിയാതിരുന്നത്. "പതിനെട്ടാമധ്യായം എഴുതുന്നതിൽ ചില പുസ്തകങ്ങൾ വരുത്തേണ്ടതിനു താമസം നേരിട്ടുണ്ടായിരുന്നില്ലെങ്കിൽ ഈ പുസ്തകം ജൂലായി 10-ാം തീയതിക്കു മുൻപെ എഴുതിത്തീർക്കുമായിരുന്നു"[58] എന്നു ചന്തുമേനോൻ തന്നെ അവതാരികയിൽ അധ്യായത്തിന്റെ പ്രാധാന്യം പറയുന്നുണ്ട്. അദ്ദേഹത്തിന്റെ സമകാലികനായിരുന്ന മൂർക്കോത്തു കുമാരനും പ്രസ്തുത സംവാദം വളരെ രസപ്രദവും

വിജ്ഞാനപ്രദവും ആണെന്ന് പറയുന്നതു കൂടാതെ വിഷയത്തിനും രസത്തിനും വിവിധത്വം വരുത്തുവാൻ ആ അദ്ധ്യായം ധാരാളം സഹായിക്കുന്നുണ്ട് എന്നുകൂടി പറയുന്നു[59] ഇവരെല്ലാം ഇപ്രകാരം വിലയിരുത്തിയിട്ടും എം.പി. പോളിൽനിന്നും ഉതിർന്ന വാക്കുകളെ തിരിച്ചും മറിച്ചും ഒരു പരിമിതവൃത്തത്തിൽ *ഇന്ദുലേഖാ*നിരൂപകർ സ്തംഭിച്ചുനിന്ന പശ്ചാത്തലത്തിലാണ് അതിനെ സാമൂഹിക കാഴ്ചപ്പാടിലേക്കും സാംസ്കാരികപഠനമേഖലകളിലേക്കും ബാലകൃഷ്ണൻ എടുത്തുപ്രതിഷ്ഠിച്ചത്. പോളിനെപ്പോലുള്ളവർ നോവിലന്റെ ഒരു ഭാഗം നീക്കി ആഖ്യാനം സാധ്യമാക്കാൻ നിർദ്ദേശിച്ചപ്പോൾ ഉത്തരാധുനിക നിലപാടുള്ളവർ അതേ ടെക്സ്റ്റിനെതന്നെ വ്യത്യസ്ത വിജ്ഞാനശാഖകൾ ഉൾപ്പെടുത്തി വായനയെ വിപുലീകരിക്കാനും നവീകരിക്കാനും ആഹ്വാനം ചെയ്യുകയാണുണ്ടായത്. അവർക്ക് അതിനുള്ള ഊർജ്ജം ലഭ്യമായതാകട്ടെ ബാലകൃഷ്ണനിൽനിന്നും "അധികൃതശബ്ദങ്ങളെ ഉറക്കെ കേൾപ്പിക്കുന്നതിനും അധഃകൃതശബ്ദങ്ങളെ നിശബ്ദമാക്കുന്നതിനും നോവൽ ഭാഷണങ്ങൾ ഫലപ്രദമായി ഉപയോഗിക്കപ്പെടുന്നതിന്റെ മലയാളത്തിലെ 'ലക്ഷണയുക്ത' മായ ആദ്യത്തെ 'ഉജ്ജ്വല'മാതൃകയാണ് *ഇന്ദുലേഖ*"[60] എന്ന അഭിപ്രായം ആധുനിക വിജ്ഞാനവിസ്ഫോടനത്തിന്റെ പശ്ചാത്തലത്തിൽ പതിനെട്ടാമധ്യായത്തിനു കൈവരിച്ച പ്രാധാന്യമാണ് വ്യക്തമാക്കുന്നത്. ഫ്യൂഡലിസത്തിന്റെ തകർച്ചയുടെ പശ്ചാത്തലമാണല്ലോ *ഇന്ദുലേഖ* പറയുന്നത്. അതായത് ഒരു സമൂഹപരിവർത്തന ഘട്ടത്തിലെ എഴുത്തുകാരനാണ് ചന്തുമേനോനെന്നർത്ഥം. "കഥാഖ്യാനത്തെക്കാൾ കൂടുതലായി ചിലതു ചെയ്യുവാനാണ് ചന്തുമേനോൻ ആഗ്രഹിച്ചിരുന്നത്. അക്കാലത്ത് ഇന്ത്യൻ സമൂഹം അഭിമുഖീകരിച്ചിരുന്ന ചില പ്രധാനമായ പ്രശ്നങ്ങളെ ഇതിവൃത്തത്തിൽ ഉൾച്ചേർത്തുകൊണ്ട്, ശക്തമായ സാംസ്കാരിക-രാഷ്ട്രീയ പ്രസ്താവനകൾ തീർക്കുകയായിരുന്നു അദ്ദേഹം"[61] എന്ന ഡോ. കെ.എൻ. പണിക്കരെപ്പോലുള്ളവരുടെ പഠനങ്ങൾ ശ്രദ്ധിക്കുമ്പോൾ അറുപതാണ്ടുകൾക്കപ്പുറം ബാലകൃഷ്ണന്റെ ദീർഘദർശിത്വവും വിശകലനവൈദഗ്ദ്ധ്യവും ബോധ്യപ്പെടും. പ്രസ്തുതാധ്യായത്തിൽ ഔചിത്യദോഷം ആരോപിക്കുന്നവർക്ക്വേണ്ടിയാണ് നേരത്തേ പറഞ്ഞരീതിയിൽ വിക്ടർഹ്യൂഗോവിന്റെയും ടോൾസ്റ്റോയിയുടെയും

ഡോസ്റ്റോയ്‌വ്സ്കിയുടെയും നോവലുകളിലെ സമാനസന്ദർഭങ്ങളിൽ കാണുന്ന തത്ത്വപ്രബോധനരംഗങ്ങൾ അദ്ദേഹം ഉദാഹരണമായി എടുത്തു കാണിക്കുന്നത്. ഇത്തരം സന്ദർഭങ്ങളിലാണ് സാമൂഹിക-സാംസ്കാരിക ഘടകങ്ങളെ ഒന്നിച്ചു ചേർത്ത് നിരൂപണം നടത്തുന്ന ബാലകൃഷ്ണനിലെ കാഴ്ചപ്പാട് വ്യക്തമാകുന്നത്. നോവലിന്റെ പകുതിക്കുശേഷം വായനക്കാരന് അനുഭവപ്പെടുന്ന വാചാലതയ്ക്ക് നോവലിൽ വ്യക്തമായ അർത്ഥതലങ്ങളുണ്ട്. ചന്തുമേനോന്റെ മനസ്സിന്റെ ചില അവസ്ഥാവിശേഷങ്ങൾ അവ ഉപന്യസിക്കും. ഇനിയും പൂർണ്ണമാവാത്ത ഇന്ത്യ യുടെ അവസ്ഥ, വ്യവസായവിപ്ലവം യൂറോപ്യൻ രാജ്യങ്ങളിൽ വരുത്തിയ മാറ്റം, ഇന്ത്യയുടെ സാമൂഹികഘടനാവൈചിത്ര്യത്താൽ ഇവിടെ നടന്നില്ല. ഒരു സമൂഹ മാറ്റത്തിനുവേണ്ടിയുള്ള പ്രവർത്തനത്തിനനുസരിച്ച് മാധവനും വളർന്നിരുന്നില്ല എന്നു കാണാൻ കഴിയും. "മൗലികമായ അടിത്തറയിൽ ഉറച്ചുനിന്നുകൊണ്ട് പരി ഷ്കാരങ്ങൾ ഉൾക്കൊണ്ട് ജീവിതത്തെ പരിഷ്കരണവിധേയമാക്കുവാനാണ് പ്രധാന മായും മാധവൻ വാദിക്കുന്നത്. അയാൾ പരിവർത്തനവാദിയല്ല. പരിഷ്കരണവാദിയാ ണെന്നർത്ഥം"[62] എന്ന പ്രൊഫ. കെ.പി. ശരച്ചന്ദ്രന്റെ പ്രസ്ഥാവനയുടെ അർത്ഥ തലം ബാലകൃഷ്ണനിൽനിന്നും രൂപപ്പെട്ടതാണ്. ചന്തുമേനോന്റെ ഫിലോസഫി യാണ് പ്രസ്തുതാദ്ധ്യായമെന്നും കേവലമായ ഒരു മതമോ സ്ഥാപിതമായ ഒരു നിലപാടോ അവിടെ ഇല്ല എന്നും ഒരു പുതിയ ഭാഷയിലൂടെ ഒരു പുതിയ സംസ്കാരത്തിന്റെ സ്വഭാവവും ഫലവും സ്വഹിതമനുസരിച്ച് വിശദീകരിക്കുക യാണ് ചന്തുമേനോൻ ചെയ്തതെന്നുമാണ് ഇവിടെ അർത്ഥമാക്കുന്നത്. ഇംഗ്ലീഷാ യിരുന്നു അദ്ദേഹത്തിന്റെ മതവും ഫിലോസഫിയും. പഴയതിനെയും പുതിയതി നെയും ഒരുപോലെ സംശയത്തോടെ കാണുകയും ചോദ്യങ്ങൾ ചോദിക്കുകയും ചെയ്യുന്ന ഒരു സ്വതന്ത്രചിന്തകനെയാണ് ബാലകൃഷ്ണൻ ചന്തുമേനോൻ എന്ന വ്യക്തിയിൽ കാണുന്നത്.

### 3.2.7. ചന്തുമേനോനിലെ കലാപ്രതിഭ

കലാതത്ത്വാപഗ്രഥനവും അറിവും ഒന്നിച്ചുചേർന്ന് ഈടുറ്റ അസ്തിവാര ത്തിൽ പടുത്തുയർത്തിയ എടുപ്പുകളായി ചന്തുമേനോന്റെ കൃതികളെ വിലയിരു

ത്തുന്നു. കലാപ്രതിഭയിൽ സിദ്ധി ആജന്മസ്വഭാവസവിശേഷതകളോടെ നിലകൊള്ളുന്നു എന്ന കാഴ്ചപ്പാടാണ് ഇവിടെ. കലാസ്വാദനാനുഗുണമായ വ്യക്തിവിശേഷമാണ് ചന്തുമേനോനുണ്ടായിരുന്നത് എന്നത് ജീവചരിത്രകാരനായ മൂർക്കോത്തു കുമാരൻ[63] സൂചിപ്പിക്കുന്നുണ്ട്. കലാഭാസത്തെയും കലാവ്യഭിചാരത്തെയും അസഹിഷ്ണുതയോടെ കണ്ടിരുന്ന ആ പ്രതിഭയിൽ ബിംബഭഞ്ജകമായ നിഷേധവും സർഗ്ഗാത്മകമായ ഭക്തിയും നിലനിന്നിരുന്നത് പ്രതിഭയുടെയും കലാസിദ്ധിയുടെയും ഭാഗമായിട്ടാണെന്ന് ബാലകൃഷ്ണൻ കരുതുന്നു. *ഇന്ദുലേഖ*യിൽ *ഇന്ദുലേഖാ*-സൂരിനമ്പൂതിരിമാരുടെ സംഭാഷണത്തിൽ കഥകളി വിഷയമാവുന്നത് ചന്തുമേനോനിലെ കലാഹൃദയമുൾക്കൊള്ളുന്ന പ്രതിഭയുടെ പ്രതിഫലനമാണ്. കഥകളിപരിഷ്കരണവിഷയത്തിൽ ചന്തുമേനോൻ വർഷങ്ങൾക്കുമുൻപ് പ്രകടിപ്പിച്ച ദീർഘദർശിത്വം കഥകളിഭക്തന്മാർക്കുപോലും ആദരവുണ്ടാക്കുന്നതാണ്. ചന്തുമേനോന്റെ ജീവചരിത്രഗ്രന്ഥത്തിൽനിന്നും അദ്ദേഹത്തിലെ ഇത്തരം അപൂർവതകൾ ബാലകൃഷ്ണൻ ഉദാഹരിക്കുന്നു. അവയിലെല്ലാം പ്രതിഭാസാന്നിധ്യം കണ്ടെത്തുകയാണ് അദ്ദേഹം.

സാഹിത്യാദികലകളിലെ ചന്തുമേനോന്റെ സഹൃദയത്വവും വിമർശനബോധവും ഔചിത്യദീക്ഷയും ഇവിടെ വ്യക്തമാക്കുന്നുണ്ട്. തനിക്കു രസിക്കാത്ത കലാരീതികളുടെ ആവിഷ്കർത്താക്കളെ പദവിയും മുഖവും നോക്കാതെ വിമർശിക്കുന്നതിനും ഉദാഹരണങ്ങളുണ്ട്. കേരളവർമ്മ വലിയ കോയിത്തമ്പുരാന്റെ *അക്ബറി*നോടും ചാത്തുക്കുട്ടിമന്നാടിയാരുടെ *ഉത്തരരാമചരിതം* പരിഭാഷയോടും അദ്ദേഹത്തിനുള്ള നിലപാട് അത്തരത്തിലുള്ളതാണ്. സംഗീതത്തിലും അദ്ദേഹത്തിലെ കലാസിദ്ധി ഒട്ടും കുറവായിരുന്നില്ല എന്നത് പട്ടരെക്കൊണ്ട് ഫിഡിൽ വായിപ്പിച്ചതടക്കമുള്ള സംഭവങ്ങളിലൂടെ വ്യക്തമാക്കുന്നുണ്ട്. ജീവിതത്തിന്റെ സർവമണ്ഡലങ്ങളിലും ചന്തുമേനോന്റെ ആത്മധൈര്യവും അഭിപ്രായധീരതയും പ്രതിഭയുമായി ബന്ധപ്പെടുത്തിയാണ് ബാലകൃഷ്ണൻ കാണുന്നത്. ജീവചരിത്രവസ്തുതകൾ അവലംബിച്ചുള്ള ഇത്തരം അവതരണരീതി ചന്തുമേനോന്റെതന്നെ കഥാസന്ദർഭങ്ങളെ പ്രത്യേകമായിട്ടെടുത്തിട്ടാണ് എന്നതാണ് ഇവിടെ പ്രത്യേകത.

### 3.2.8. സിദ്ധിയുടെയും സാധനയുടെയും പാരമ്പര്യം ചന്തുമേനോനിൽ

പ്രതിഭയേക്കാൾ കവിഞ്ഞ സാധനയുടെ പ്രവർത്തനം *ശാരദാ*സൃഷ്ടിയിൽ പ്രകടമാണ്. കോടതിവ്യവഹാരമുൾപ്പെടെയുള്ള സംഭവഗതിയുടെ രൂപരേഖ മന സ്സിൽ സ്വരൂപിക്കാതെ അത്തരമൊരു കഥയുടെ ആഖ്യാനം അസാധ്യമാണ്. രംഗ സജീകരണത്തിൽ ലക്ഷ്യബോധവും ശക്തമാണ്. നിസ്സാര കഥാപാത്രത്തിനും പ്രസക്തി കാണുന്നു. 'ലക്ഷ്യത്താൽ നിയതമായ ഒരു രൂപസങ്കൽപത്തെ സ്വയം സുഭഗമായ അവശ്യാവയവങ്ങൾ തൊടുത്ത് സുഭഗാൽസുഭഗമായി സംസൃഷ്ടി ചെയ്യുന്ന കലാവൈഭവത്തിനുള്ള മാതൃകയാ'[64]ക്കിയ ചന്തുമേനോന്റെ ആഖ്യാന ത്തിലെ ആസൂത്രണവും രൂപഭദ്രതയും കഥാപാത്രസജ്ജീകരണത്തിലൂടെ ശാരദ യിൽ വരുത്തിത്തീർക്കുന്നത് ജീനിയസ്സിന്റെ പ്രവർത്തനമാണ്. *ഇന്ദുലേഖ*യിലെ കഥാസന്ദർഭങ്ങൾ ഉപയോഗപ്പെടുത്തി ചന്തുമേനോനിലേക്ക് നീളുന്ന പഠനമാണ് *ശാരദ*യിലൂടെയും ബാലകൃഷ്ണൻ നിർവഹിക്കുന്നത്. രണ്ടു നോവൽ രചനക ൾക്കിടയിൽ നിലനിന്ന കാലഘട്ടമാണ് പ്രതിഭയുടെ സാധനാപ്രവർത്തനത്തിന്റെ പരിവർത്തനകാലഘട്ടം. *ഇന്ദുലേഖ*യുടെ സ്വീകാര്യതയ്ക്കുശേഷം ചന്തുമേനോ നിലെ എഴുത്തിന്റെ പരിസരവും ബോധവും മാറിമറിഞ്ഞിരുന്നു. സ്വന്തം കഴിവ് ബോധ്യംവന്ന വ്യക്തിയായി മാറിയിരുന്നു ചന്തുമേനോൻ. സാധനാനിരതമായ മന നത്തിൽ നിന്നല്ലാതെ ഒരു പ്രതിഭ ഒന്നും ചെയ്യില്ല. അപ്രകാരം ഗാഢമായ ചിന്ത യ്ക്കും തയ്യാറെടുപ്പുകൾക്കും ശേഷം പുതിയ ഒരു പ്രതിഭാസാന്നിദ്ധ്യം ഇവിടെ പ്രത്യക്ഷമാവുകയാണ്. അതാണ് 'മലബാർ മാര്യേജ് കമ്മീഷ'നുമായി ബന്ധപ്പെട്ട് ചന്തുമേനോന്റെ ജീവിതത്തിലെ പ്രധാന സംഭവം. മരുമക്കത്തായ ഹിന്ദു തറവാടു കളിലെ വിവാഹസമ്പ്രദായവും സ്വത്തവകാശവും സംബന്ധിച്ച് ഒരു റിപ്പോർട്ടു തയ്യാറാക്കാൻ മദിരാശി ഗവൺമെന്റ് 1891-ൽ ഒരു കമ്മീഷനെ നിയമിച്ചിരുന്നു. അതിൽ ചന്തുമേനോൻ അംഗമായിരുന്നു. അതിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട ചന്തുമേനോന്റെ അനുഭവമാണ് ഇവിടെ സൂചിപ്പിക്കുന്നത്. ആ ജീവചരിത്രപ്രധാന സംഭവമാണ് *ശാരദാ* രചനയ്ക്കുള്ള പ്രേരണയായി ബാലകൃഷ്ണൻ കാണുന്നത്. 'ഒരു ജീനിയസ്സിന്റെ ബോധപൂർവകമായ രചനാസാധനയും അനന്യസാധാരണ

മായ അനുഭവബീജവും തമ്മിൽ നടന്ന അപൂർവ്വസങ്കലനത്തിൽ ജനിച്ച പ്രജ'[65] എന്നു പറയുന്നത് അതുകൊണ്ടാണ്.

ഒരു നൂറ്റാണ്ടുമുൻപ് ചന്തുമേനോന്റെ എഴുത്തിൽ കാണുന്ന സിദ്ധപ്രതിഭാ പ്രവർത്തനവും യുക്തിബോധവും അസാധാരണവും അത്ഭുതകരവുമാണ്. അറിഞ്ഞോ അറിയാതെയോ അതിനദ്ദേഹത്തെ സ്വാധീനിച്ച പാരമ്പര്യവും വശപ്പെടുത്തിയ മാതൃകകളും ചരിത്രവും അന്വേഷിച്ചുപോകുന്ന ബാലകൃഷ്ണൻ തികച്ചും വൈദേശികഘടകത്തിലാണ് എത്തിച്ചേരുന്നത്. ചന്തുമേനോന്റെ ജീവചരിത്രവുമായി ബന്ധപ്പെട്ട വ്യക്തിബന്ധങ്ങളാണ് അവ. അത് ചില സുഹൃദ്ബന്ധങ്ങളിലുമാണ്. ധിഷണാശാലി എന്നു തീർത്തു പറയാവുന്ന, അല്ലെങ്കിൽ ഭാവികാലത്തിന്റെ ചിന്തയെയും ബോധത്തെയും വർത്തമാനകാലത്തിൽ സ്വയമറിയാതെ ആവിഷ്കരിച്ചുപോവുന്ന ജീനിയസ്സിന്റെ പദവിയിലദ്ദേഹത്തെ എത്തിച്ചത് മലബാർ കലക്ടറായിരുന്ന വില്യം ലോഗനാണ്. കേരളചരിത്രത്തിന്റെയും സംസ്കാരത്തിന്റെയും സാമൂഹ്യക്രമത്തിന്റെയും സവിശേഷതകൾ വിശകലനം ചെയ്യാൻ തയ്യാറായ അദ്ദേഹവുമായുണ്ടായ നിരന്തരസമ്പർക്കം സ്വന്തം നാട്ടിലെ ജീവിതത്തോട് ഭക്തിയും മമതയും തീണ്ടാത്ത രീതിയിൽ അകന്നും ഉയർന്നും നിൽക്കാൻ ചന്തുമേനോനെ പ്രാപ്തനാക്കി.

ചന്തുമേനോനെക്കുറിച്ചുള്ള പഠനഗ്രന്ഥത്തിൽ ബാലകൃഷ്ണൻ ചന്തുമേനോനെ പുകഴ്ത്തുമ്പോൾത്തന്നെ സി.വി. രാമൻപിള്ളയെയും അദ്ദേഹത്തിന്റെ കൃതികളെയും ഇകഴ്ത്തിക്കൊണ്ടുള്ള പ്രസ്താവനകളും കാണാം. എന്നാൽ സി.വി.യ്ക്ക് അദ്ദേഹം അത്യധികം പ്രശംസ നൽകുന്ന വേറെ സന്ദർഭങ്ങളുമുണ്ട്[66]. പാശ്ചാത്യ നോവൽ മാതൃകയാൽ ഉത്തേജിതനായി മലയാളത്തിന് അപരിചിതമായ ഒരു നോവൽ ലോകമാണ് സി.വി. നൽകിയത് എന്നും ഓരോ രചനയ്ക്കും വർഷങ്ങളുടെ ഇടവേള നൽകി തികഞ്ഞ വിശ്വാസ്യതയോടെ വായനക്കാരെ സ്തംഭിപ്പിച്ചുനിർത്താൻ സി.വി.യിലെ ജീനിയസ്സിനല്ലാതെ കഴിയില്ല എന്നും അദ്ദേഹം പറയുന്നു. സി.വി.യുടെ കഥാപാത്രങ്ങൾ ഓരോരുത്തരും പ്രത്യേക ഭാഷ സംസാരിക്കുന്നവരും സ്രഷ്ടാവിന്റെ ശാസനകളെ അതിലംഘിച്ചു ജീവിക്കുന്നവരുമാണ്.

*രാമരാജാബഹദൂറി*നെ മലയാളത്തിലെ ഏറ്റവും മഹത്തായ നോവലായിട്ട് അദ്ദേഹം വിലയിരുത്തുന്നു[67]. സി.വി.യെ അദ്ദേഹം വിലയിരുത്തുന്നത് ചരിത്രപശ്ചാത്തലഭൂമിക യിൽവെച്ചാണ് എന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. അതിൽ ദേശചരിത്രവും സമുദായചരിത്രവും കടന്നുവരുന്നുണ്ട്. സമുദായമഹിമാബോധം സി.വി.യെ സ്വാധീ നിക്കുന്നതായി പറയുന്നു. കഥാപരമായ പരിണാമഗുപ്തിക്കു പ്രാധാന്യം കൊടു ത്തതിനാൽ *മാർത്താണ്ഡവർമ്മ*യ്ക്ക് അദ്ദേഹം ശ്രേഷ്ഠത കൽപിക്കുന്നില്ല.

നോവൽപഠനങ്ങളിൽ, പ്രത്യേകിച്ച് ഡോസ്റ്റോയ്വ്സ്കി, ജയിൻഓസ്റ്റൻ എന്നിവരെ പഠിക്കുമ്പോൾ കാലസൃഷ്ടിയിലെ സന്ദേശത്തേയും അനുഭവത്തെയും സാമൂഹികപ്രാധാന്യത്തെയും നിഷേധിക്കുന്ന ബാലകൃഷ്ണനെയാണ് കാണുന്ന ത്. അവിടെ കലാകാരന്റെ അനുഭവവർജ്ജനത്തിനും അനുഭവനിഷേധത്തിനും അദ്ദേഹം വളരെയധികം പ്രാധാന്യംകൊടുക്കുന്നുണ്ട്. എന്നാൽ *ഇന്ദുലേഖ*യെ വിലയിരുത്തുമ്പോൾ അതിനു വിരുദ്ധമായ തലം കാണുന്നു. *ഇന്ദുലേഖ*യ്ക്കൊരു സന്ദേശമുണ്ടോ എന്ന ബാലകൃഷ്ണന്റെ സംശയത്തിന് ആംഗ്ലേയമാതൃകയിലുള്ള വിദ്യാഭ്യാസത്തിന്റെ സാർവ്വത്രിക പ്രചാരമാണ് തന്റെ ലക്ഷ്യമെന്ന് ചന്തുമേനോൻ പറയുന്നതായി അദ്ദേഹം രേഖപ്പെടുത്തുന്നു[68]. ഭാര്യയുടെ സ്വാധീനം കഥയെഴു ത്തിലെത്തിച്ച ചന്തുമേനോൻ കലാകാരന്റെ രീതിയിൽ സ്വന്തം കഥയ്ക്കു സ്വയം വിധേയനാവുകയായിരുന്നു. ഇംഗ്ലീഷ്വിദ്യാഭ്യാസത്തിന്റെയും ആംഗലേയ സംസ് കാരത്തിന്റെയും സാർവ്വത്രികപ്രചാരമായിരുന്നു *ഇന്ദുലേഖ*യുടെ ലക്ഷ്യമെന്നു പറ യുമ്പോളും കൃതിയിലെ സാമൂഹികപ്രാധാന്യം തന്നെയാണ് വ്യക്തമാകുന്നത്. ആർഷസംസ്കാരം തുടർന്നുവന്ന കേരളത്തിൽ പാശ്ചാത്യചിന്താസ്വാധീനതയുടെ ഇതിഹാസമായി *ഇന്ദുലേഖ*യെ അദ്ദേഹം കാണുന്നു[69]. കലാസൃഷ്ടിയിലൂടെയുള്ള ആശയപ്രചരണം സൃഷ്ടിയിലുണ്ടാക്കുന്ന കലാസംബന്ധമായ ന്യൂനതയെ എടു ത്തുകാണിക്കുന്ന ബാലകൃഷ്ണൻ അത്തരം ആശയങ്ങൾ *ശാരദ*യിൽ പ്രത്യക്ഷപ്പെ ടുമ്പോൾ കൃതിയുടെ ന്യൂനതയായി കാണുന്നില്ല. മലബാർ മാര്യേജ് കമ്മീഷന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് തെളിവെടുപ്പിൽ കണ്ടനുഭവിച്ച സാമൂഹികപ്രാധാന്യ മുള്ള പ്രശ്നമാണ് ചന്തുമേനോനെ *ശാരദ*ാരചനയിലേക്ക് നയിച്ചത്. ജീവിതാനു ഭവം മറ്റൊരു രീതിയിൽ ആവിഷ്കരിക്കപ്പെട്ടിരിക്കുകയാണ് ഇവിടെ.

സംസ്കൃതത്തെക്കുറിച്ചും കേരളത്തിലെ പ്രാചീനസാഹിത്യരൂപങ്ങളെക്കുറിച്ചും വിവരിക്കുമ്പോൾ ഇംഗ്ലീഷറിയാത്തവർക്ക് പുരോഗമനമില്ലെന്നുള്ള ധ്വനി ഗ്രന്ഥത്തിൽ പ്രകടമാണ്.

### 3.2.9. ബാലകൃഷ്ണന്റെ നോവൽസങ്കൽപം

സാഹിത്യലോകത്ത് സ്ഥിരപ്രതിഷ്ഠ നേടിയ ഒരു നോവലിന്റെ മേന്മകൾക്കടിസ്ഥാനമായ വസ്തുതകളെ അപഗ്രഥിച്ച് പ്രമാണഘടകങ്ങളാക്കുകയും ശാസ്ത്രീയനിർവചനം നടത്തി സാങ്കേതികഗ്രന്ഥമാക്കി മാറ്റുകയും ചെയ്യുന്ന രീതിയിലാണ് സാധാരണ നോവലുകളുടെ ലക്ഷണഗ്രന്ഥനിർമ്മിതി. ലക്ഷണനിർവ്വചനങ്ങൾക്കതീതമാണ് കലയെന്നും ലക്ഷണഗ്രന്ഥങ്ങളിൽ അവ ആപേക്ഷികമായി സാധ്യത തേടുകമാത്രമാണെന്നുമാണ് നോവലിനെക്കുറിച്ച് ചിന്തിക്കുമ്പോൾ ബാലകൃഷ്ണൻ വിശ്വസിക്കുന്നത്. അപൂർവ്വജനുസ്സിൽപ്പെടുന്ന ഈ സാഹിത്യരൂപം ഓരോ പ്രതിഭാശാലിയിലും പ്രതിഭിന്നരൂപം കൈവരുന്നു. ഏതെങ്കിലും ഒരു മാനദണ്ഡമനുസരിച്ച് നോവലുകളെ തരംതിരിക്കുവാൻ പ്രയാസമാണെന്ന് എം.പി. പോളും അഭിപ്രായപ്പെടുന്നുണ്ട്[70]. കലാപരമായ ഒരു കഴിവായ നോവൽരചനയെ ഒരു ജീനിയസ്സിൽനിന്നും ജന്മഗത്യാ വന്നുചേരുന്ന സർഗ്ഗവൈഭവമായി ബാലകൃഷ്ണൻ കാണുന്നു. നോവലിന് ഒരു കഥകൂടിയേതീരൂ എന്നില്ലെന്നുമാത്രമല്ല അതൊരു ദുർബലതയും പരാധീനതയും കൂടിയാണെന്നും അദ്ദേഹം വിശ്വസിക്കുന്നു. കഥയുമായി ബന്ധപ്പെട്ട പരിണാമഗുപ്തിയെ ആശ്രയിച്ചുള്ള കലാശില്പമെന്ന നോവലിന്റെ നിലനിൽപ് മഹത്തരമല്ല[71]. കഥാപ്രധാനമല്ലാത്ത *ഇന്ദുലേഖ*യുടെ മേന്മ അങ്ങനെ വിശദീകരിക്കുന്നു. *ഇന്ദുലേഖ* നമ്മെ രസിപ്പിക്കുന്നത് നമ്മുടെ മനസ്സിനെ ഉയർത്തുന്നതിനുള്ള അതിന്റെ വിശേഷപ്പെട്ട കഴിവുകൊണ്ടാണ്. ആത്മപ്രകാശനവൈഭവം കൊണ്ടാണ് നോവലിസ്റ്റ് കൃതികളിൽ സ്വാരസ്യം പ്രദാനം ചെയ്യുന്നത്. പ്രതിഭയുടെയും ശിക്ഷണത്തിന്റെയും പ്രയത്നത്തിന്റെയും സൃഷ്ടിയായ നല്ലനോവൽ അങ്ങനെ എഴുതപ്പെടുകയല്ല, സൃഷ്ടിക്കപ്പെടുകയാണ് എന്നാണ് അർത്ഥമാക്കുന്നത്.

അദൃശ്യമായ വ്യക്തിവൈഭവത്തിന്റെ വിശേഷണപദമായി മഹത്വത്തെ വിലയിരുത്തുന്ന ബാലകൃഷ്ണൻ നോവലിന്റെ കാര്യത്തിലും അങ്ങനെതന്നെ കാണു

ന്നു. കഥയെയും പ്രമേയത്തെയും നോവലിൽ അപ്രയുക്തമാക്കുന്ന അദ്ദേഹത്തിന്റെ നോവൽചിന്ത നോവലെന്ന കലാസൃഷ്ടിയെ അവ്യക്തവും[72] അവ്യവസ്ഥിതവുമായി[73] കണക്കാക്കുന്നു.

പ്രതിഭയും ശിക്ഷണവും പ്രയത്നവും ഒന്നിച്ചു കൂടുമ്പോളുണ്ടാകുന്ന വിചിത്രസൃഷ്ടിയായ നോവലിലെ നാലു ഘടകങ്ങളെ ബാലകൃഷ്ണൻ വിശദീകരിക്കുന്നുണ്ട്[74]. അവ, യഥാക്രമം കഥാപാത്രസംവിധാനം, ജനകീയത, പ്രതിപാദനരീതി, കഥാഘടന എന്നിവയാണ്.

**3.2.9.1. കഥാപാത്രസംവിധാനം**

'ക്രിയേറ്റിവിറ്റി' എന്ന പദവുമായി ബന്ധപ്പെട്ടുകൊണ്ടാണ് ബാലകൃഷ്ണൻ പാത്രസംവിധാനത്തെക്കുറിച്ചു ചിന്തിക്കുന്നത്. നോവലിസ്റ്റിന്റെ ജന്മവാസനയാണ് കഥാപാത്രസൃഷ്ടി. കൂടുതൽ വിശാലമായ ജനവിഭാഗങ്ങളെ രസിപ്പിക്കുകയെന്ന ലക്ഷ്യം നിറവേറ്റാൻ കഥയുടെ ഭാഗമായ വ്യക്തികൾ സമ്പൂർണ്ണത തേടണം. പ്രതിപാദിക്കപ്പെടുന്ന ജീവിതത്തിന്റെയും മനുഷ്യരുടെയും പുതുമ വായനക്കാരുടെ ജിജ്ഞാസയെ പുതിയ അനുഭവങ്ങൾക്കുവേണ്ടി ത്വരിപ്പിക്കുന്ന തരത്തിലുള്ളതാവണം. ഇവിടെയാണ് പാത്രസൃഷ്ടിയുടെ അംശം ബാലകൃഷ്ണൻ വിശദീകരിക്കുന്നത്. ഏറ്റവും മികച്ച നോവലിന്റെ ഏറ്റവും മികച്ച കഴിവ് പാത്രസൃഷ്ടിക്കുള്ള കഴിവാണെന്നർത്ഥം. ജന്മഗത്യാ നോവലിസ്റ്റിനു വന്നുപെടുന്ന വാസനയാണത്.

ജീവിതത്തിൽ വ്യക്തികൾ തമ്മിലുള്ള മാനസികാടുപ്പത്തിനു തുല്യമായ രീതിയിലാണ് കഥാപാത്രത്തേയും വായനക്കാരനെയും ബന്ധപ്പെടുത്തുന്നത്. കഥാപാത്രത്തിന്റെ വാസ്തവികതയിൽ നാം വിശ്വസിച്ചുകഴിഞ്ഞാൽ നാം അവരുമായി ലയിച്ചുപോകുന്നു. ഈ ആശയം കൂടുതൽ വ്യക്തതയോടെ എം.പി.പോൾ വിശദീകരിക്കുന്നുണ്ട്. ലോകജീവിതത്തിൽ വ്യക്തികൾ തമ്മിൽത്തമ്മിൽ പരിപൂർണ്ണ ജ്ഞാനം സമ്പാദിക്കുന്നില്ല എന്നാൽ കൃതികളിൽ കഥാപാത്രജീവിതം ഗ്രന്ഥകാരനു ദൃശ്യമാണ്. നോവലിലെ കഥാപാത്രങ്ങൾക്ക് യഥാർത്ഥ ലോകത്തിലെ ബന്ധുക്കൾക്കുപോലും ലഭിക്കാത്ത സ്ഥാനം നമ്മുടെ ഹൃദയത്തിൽ ലഭിക്കുന്നതിന്റെ

കാരണം അതാണെന്നദ്ദേഹം വിവരിക്കുന്നു[75]. ഇങ്ങനെ കഴിവുള്ള ആഖ്യായികാകാരന്റെ കഥാപാത്രസൃഷ്ടികൾ വായനക്കാരിൽ ജീവനുള്ളവരാകുന്നു. 'അവസാനാപഗ്രഥനത്തിൽ നോവൽ എന്ന സ്ഥാപനം അതിന്റെ എല്ലാ ശ്രേഷ്ഠവുമായ ഭാവങ്ങളോടെ പാത്രസൃഷ്ടിയിൽ ഒതുങ്ങും'[76] എന്നു ബാലകൃഷ്ണനും പറയുന്നതിനു കാരണമിതാണ്. ബൽസാക്കിന്റെയും ടോൾസ്റ്റോയിയുടെയും ഡിക്കൻസിന്റെയും കഥാപാത്രങ്ങളെ മാതൃകയാക്കിയാണ് കഥാപാത്രഘടനയിൽ നോവലിസ്റ്റിന്റെ ജന്മവാസനയും സിദ്ധിയും ബാലകൃഷ്ണൻ വിവരിക്കുന്നത്. ശിക്ഷണതുല്യമായ സാഹസം സഹിച്ച് രൂപപ്പെടുത്താൻ കഴിയുന്ന പാത്രസൃഷ്ടിവൈഭവമല്ല ഇവിടെ ക്രിയേറ്റിവിറ്റിയെന്ന് അർഥമാക്കുന്നത്. ക്രിയേറ്റിവിറ്റിയെ ജാത്യാലുള്ള ഒരു കഴിവായിട്ടുകാണുന്നു. പ്ലാൻ ചെയ്ത് സാധിക്കുന്ന ഒന്നല്ല, തൊടുന്നതു മുഴുവനും സ്വാഭാവികതയോടെ തന്മയത്വപൂർണ്ണമായിത്തീരുന്ന അവസ്ഥയാണത്. *ഇന്ദുലേഖ*യിലെയും *ശാരദ*യിലെയും കഥാപാത്രസംവിധാനത്തെക്കുറിച്ചുള്ള വിവരണങ്ങളിൽ കഥാപാത്രസ്വഭാവം 'ക്രിയേറ്റിവിറ്റി' എന്ന പദത്തിൽ പരിമിതപ്പെടുത്തിയിരിക്കുന്നു.

### 3.2.9.1.1. പാത്രസൃഷ്ടികളിലെ പ്രതിഭാപ്രവർത്തനം *ഇന്ദുലേഖ*യിലും *ശാരദ* യിലും

*ഇന്ദുലേഖ*യെന്ന നോവലിനോട് വായനക്കാർക്കുള്ള മാനസികവേഴ്ചയുടെ രഹസ്യം അതിന്റെ ശില്പവൈദഗ്ധ്യമാണ്. കരുതിക്കൂട്ടിയുള്ള ഒരു കഥാസംവിധാനം *ഇന്ദുലേഖ*യുടെ ആഖ്യാനക്രമത്തിലില്ല. യഥാർത്ഥനോവലിന്റെ ഭാഷ സന്ദർഭങ്ങൾക്കും ഭാവങ്ങൾക്കും ഇണങ്ങുന്നതാവണമെന്ന തത്ത്വം പാലിക്കുന്നതാണ് ചന്തുമേനോന്റെ ഭാഷയും പ്രതിപാദനവും. കഥാസംഘടനാവൈദഗ്ധ്യത്തിൽ *ഇന്ദുലേഖ* സമ്പന്നമല്ലെന്ന് ബാലകൃഷ്ണൻ പറയുന്നു. ഈ കുറവ് നോവലിസ്റ്റ് നികത്തുന്നത് ആഖ്യാനരീതിയുലൂടെയും കഥാപാത്രസംവിധാനത്തിലൂടെയുമാണ്.

തന്റെ പ്രതിഭയാൽ നോവലിസ്റ്റ് ഞൊടിയിടയിൽ അബോധപൂർവ്വമായി സൃഷ്ടിക്കുന്നതാണ് കഥാപാത്രങ്ങൾ. ചന്തുമേനോന്റെ കൃതികളിൽ ഒന്നിലധികം തവണ രംഗത്തുവരുന്ന കഥാപാത്രങ്ങൾ വ്യക്തിത്വം കൈവരിച്ചത് ഈ പ്രതിഭാപ്രവർത്തനംകൊണ്ടാണ്. നോവലിലെ രണ്ടാം ഗ്രേഡുകാരും മൂന്നാംഗ്രേഡുമായ

കഥാപാത്രങ്ങളെ ശ്രദ്ധിച്ചാൽ 'ക്രിയേറ്റിവിറ്റി' എന്നു ബാലകൃഷ്ണൻ വിശദീകരിക്കുന്ന കലാസിദ്ധി കാണാൻ കഴിയും. ഗോവിന്ദൻകുട്ടിമേനോൻ, ഗോവിന്ദപ്പണിക്കർ എന്നീ അപ്രധാനകഥാപാത്രങ്ങൾപോലും തമ്മിൽ മാറിപ്പോകാതെ മാധവനു മിഴിവുനൽകുന്ന കഥാപാത്രങ്ങളായി ജീവിക്കുന്നു. ഒരിക്കൽമാത്രം മുഖം കാണിച്ചുപോകുന്ന കുഞ്ഞിക്കുട്ടിയമ്മ നമുക്ക് പ്രത്യേകമായി കാണാൻ കഴിയുന്ന കഥാപാത്രമായി മാറുന്നു. ശീനുപ്പട്ടരാവട്ടെ രണ്ടുമൂന്നു തവണയാണ് അരങ്ങത്തെത്തുന്നതെങ്കിലും *ഇന്ദുലേഖ*യിലെ ഏറ്റവും വിജയിച്ച കഥാപാത്രമാകുന്നു. ഒന്നാംതരം പ്രതിഭയ്ക്കുമാത്രമേ ഇത്ര ചുരുങ്ങിയ പരിധിയിൽ ഇത്ര സജീവമായ കഥാപാത്രത്തെ സൃഷ്ടിക്കാൻ കഴിയൂ എന്നാണ് പറഞ്ഞതിനർത്ഥം.

ഒരു ഫോട്ടോക്യാമറയിലെപ്പോലെ ഒരു ഞൊടിയിടയിൽ എല്ലാ വിശദാംശങ്ങളോടുംകൂടി സമ്പൂർണ്ണമായ ഒരു ചിത്രമാണ് ഇങ്ങനെ തന്റെ വിവരണകലയിലൂടെ ആലേഖ്യമായി അവതരിപ്പിക്കുന്നത്. ഈ ഛായാഗ്രഹണത്തിലൂടെയും തുടർന്ന് പ്രതിഭാശക്തി ആചരിക്കുന്ന ചിത്രരചനയുടെയും ഫലമാണ് ഓരോ കഥാപാത്രവും. ഫോട്ടോഗ്രാഫിക് സിദ്ധി എന്ന് ബാലകൃഷ്ണൻ വിവരിക്കുന്നത് ജന്മസിദ്ധമായ പ്രതിഭയെതന്നെയാണ്. *ഇന്ദുലേഖ*യിൽ പരാജയപ്പെട്ട ഒരേയൊരു കഥാപാത്രമായി ചെറുശ്ശേരിനമ്പൂതിരിയെ അദ്ദേഹം കാണുന്നത് മേൽപറഞ്ഞ പ്രതിഭയിലെ അബോധപൂർവമായ ഫോട്ടോഗ്രഫിക്ക് സിദ്ധിയുടെ പ്രവർത്തനമില്ലായ്മ കാരണമാണ്. തന്റെ പ്രതിഭയിൽനിന്നും ഭിന്നമായ തരത്തിൽ ഒരു കൂട്ടിച്ചേർക്കലാണീ കഥാപാത്രമെന്നർത്ഥം.

*ഇന്ദുലേഖ*യെയും *ശാരദ*യേയും പലതരത്തിലും താരതമ്യപ്പെടുത്തിയാലറിയാം *ശാരദ*യുടെ വളർച്ച. പ്രതിപാദനം, കഥാഘടന, പാത്രസംവിധാനം തുടങ്ങി ഓരോ കാര്യത്തിലും അത്ഭുതകരമായ പുരോഗതിയാണ് *ശാരദ*യിലുള്ളത്. കഥാപാത്രഘടനയെക്കുറിച്ചുള്ള ചിന്തയുമായി *ശാരദ*യിലേക്കു പ്രവേശിക്കുമ്പോൾ തന്നെ ആഖ്യാനസംബന്ധമായ സാധനയെക്കുറിച്ചാണ് വിശദീകരണങ്ങൾ. ഒരു പ്ലാനിങ്ങിന്റെ സഹായത്തോടെ നല്ല തയ്യാറെടുപ്പുകൾ നടത്തി നോവലിസ്റ്റായ ചന്തുമേനോൻ മനഃപൂർവമായി ആചരിച്ച സൃഷ്ടികർമ്മത്തിന്റെ ഫലമാണ് *ശാരദ*.

അപൂർണ്ണമായ നോവലിന്റെ ആഖ്യാനശകലം പരിശോധിച്ചാണ് അദ്ദേഹം അഭിപ്രായം പറയുന്നത്. നോവലിലാകെ കോടതിവ്യവഹാരത്തെക്കുറിച്ചുള്ള സംഭവഗതികൾ നിറഞ്ഞു നിൽക്കുന്നതിനാൽ ആദ്യമേ മനസ്സിൽ ചില തയ്യാറെടുപ്പുകൾ നടത്താതെ കഥാപാത്രനിർമ്മാണം അസാധ്യമാണെന്നാണ് പറഞ്ഞതിനർത്ഥം. ഇവിടെ കഥാപാത്രങ്ങളെല്ലാംതന്നെ *ഇന്ദുലേഖ*യിലേതിൽനിന്നും ഭിന്നമാണ്. വൈവിധ്യമാർന്ന കഥാപാത്രങ്ങളുടെ ഒരു പരമ്പരതന്നെയുണ്ട് ഇവിടെ. ലളിതമായ ജീവിതസാഹചര്യങ്ങളിൽനിന്നും ഭിന്നമായി ക്രൂരത കലർന്നവരും ദുർബുദ്ധികളായവരുമായ വിചിത്രവ്യക്തികൾ വിഹരിക്കുന്ന ലോകമാണ് *ശാരദ*. 'കവിയുടെ നീതിന്യായ ബോധമല്ല ജീവിതത്തിലെ നിയമങ്ങളാണ് *ശാരദ*യിലെ സംഭവഘടനയ്ക്കാസ്പദ'മെന്നാണ് ബാലകൃഷ്ണൻ പറയുന്നത്[77]. സൃഷ്ടിക്കു പിന്നിലെ ജീവിതാനുഭവവൈവിധ്യം തന്നെയാണ് ഇതിനു പിന്നിൽ പ്രവർത്തിച്ചത്. കഥാപാത്രങ്ങളെ നോവലിൽ പരിചയപ്പെടുത്തുമ്പോൾതന്നെ ദുഃഖമാണ് പശ്ചാത്തലമായി വർത്തിക്കുന്നത്. പരസ്പരം സ്നേഹിക്കുന്ന രണ്ടുപേരിൽ ഒരാൾ മരണത്തിലേക്കും മറ്റൊരാൾ നിത്യമായ ആന്ധ്യത്തിലേക്കും പ്രവേശിക്കുമ്പോൾ ശാരദയെ കാര്യഗൗരവമുള്ള സ്വഭാവഘടനയോടുകൂടിയാണ് സൃഷ്ടിച്ചിരിക്കുന്നത്.

കലാസിദ്ധിപോലെതന്നെ ശക്തമായി വർത്തിക്കുന്ന ലക്ഷ്യബോധവും *ശാരദാ*രചനയിലെ രംഗസജ്ജീകരണത്തിലുണ്ടായിരുന്നു. നിസ്സാര കഥാപാത്രങ്ങൾക്കുപോലും കഥയിൽ പ്രസക്തി കൈവരുന്നു. മനഃപൂർവ്വമായുള്ള ആസൂത്രണാടിസ്ഥാനത്തിലുള്ളതായിരുന്നു നോവൽരചന എന്നു കഥാപാത്രസജ്ജീകരണം തെളിയിക്കുന്നതായി ബാലകൃഷ്ണൻ അഭിപ്രായപ്പെടുന്നു. ആഖ്യാനത്തിലൂടെ ആസൂത്രണവും രൂപഭദ്രതയും *ശാരദ*യിൽ വരുത്തിത്തീർക്കുന്നത് ജീനിയസ്സിന്റെ പ്രവർത്തനമാണ്.

ഒരു ജീനിയസ്സിന്റെ ഉത്തേജിത കലാസൃഷ്ടിപ്രക്രിയയിൽ വ്യാപൃതനായ കലാകാരൻ കാലസൃഷ്ടിക്കടിമയായിമാറുന്ന അവസ്ഥ *ശാരദാ*രചനയിൽ ചന്തുമേനോൻ അനുഭവിച്ചിരുന്നു. ഈ അവസ്ഥ കഥാപാത്രവ്യക്തിത്വം സ്വയം രൂപം കൊള്ളുന്നു എന്ന അർത്ഥത്തിലല്ല, തന്റെ ഇച്ഛയ്ക്കും ലക്ഷ്യത്തിനും അനുസരിച്ച് സൃഷ്ടി നടത്തുകയും എന്നാൽ അവരെല്ലാം സ്വയം പൂർണ്ണരായി രൂപപ്പെടുകയും

ചെയ്യുന്നു എന്ന അർത്ഥത്തിലാണ്. അപ്രകാരമാണ് ചന്തുമേനോനിലെ സിദ്ധപ്ര തിഭയെയും സാധനയെയും നാം മനസ്സിലാക്കേണ്ടത്[78].

ചന്തുമേനോൻപ്രതിഭയുമായി ബന്ധപ്പെടുത്തി *ശാരദ*യിലെ കഥാപരിസമാ പ്തിയിലെ കുറെ സാധ്യകൾകൂടി ബാലകൃഷ്ണൻ ചർച്ച ചെയ്യുന്നുണ്ട്. നോവ ലിലെ കൃഷ്ണമേനോനെ കൂടാതെ രാഘവമേനോൻ, ശങ്കരൻ എന്നിവരും നായക സ്ഥാനത്തേക്ക് ഉയരുന്ന സാഹചര്യമാണത്. ബാലകൃഷ്ണൻ നേരത്തേ സൂചി പ്പിച്ച സ്രഷ്ടാവായ ചന്തുമേനോനുപോലും നിയന്ത്രിക്കാൻ കഴിയാത്ത ഇച്ഛാ ശക്തിയുടെയും അഹങ്കാരത്തിന്റെയും മൂർത്തിയായി നോവലിലെ ശക്തമായ കഥാപാത്രമാണ് കോപ്പുണ്ണിയച്ചൻ. ഒരു പക്ഷെ വ്യവഹാരക്കേസ്സിന്റെ വിധിയിൽ ശാരദയുടെ അന്യായം ശരിവെച്ചു വിധിവന്നാൽ ദുർബലനാകുന്ന കഥാപാത്രമല്ല കോപ്പുണ്ണിയച്ചൻ. കൃഷ്ണമേനോൻ ശാരദയെ കല്യാണം കഴിക്കുന്നത് നോക്കി നിൽക്കുന്ന കഥാപാത്രമല്ല അദ്ദേഹമെന്നർത്ഥം. ഈ സന്ദർഭത്തിലാണ് മറ്റു രണ്ടു കഥാപാത്രങ്ങൾക്കും ബാലകൃഷ്ണൻ നായകസ്ഥാനം കാണുന്നത്. വ്യവഹാര ക്കേസ് രാജിയാക്കി കൃഷ്ണമേനോനെത്തന്നെ കേന്ദ്രമാക്കി പരിസമാപ്തി സങ്കൽപിച്ചാലും രചനാപരമായ പ്രശ്നം ഉയർന്നുവരുന്നതായി അദ്ദേഹം കാണു ന്നു. എങ്കിലും സംശയലേശമന്യേ ചന്തുമേനോന്റെ ജീനിയസ്സിനു സാധിക്കാവുന്ന തിന്റെ പരമാവധിയാകുമായിരുന്നു *ശാരദ*. അപൂർണ്ണമായ ഒരു വാഗ്ദാനമായിട്ടാണ് ശാരദ ഇന്നു നിലനില്ക്കുന്നത്.

വിശാലമായ അർത്ഥത്തിൽ യഥാർത്ഥനോവലിന്റെ കലാസിദ്ധി പാത്രസൃ ഷ്ടിയിലാണെന്ന് ബാലകൃഷ്ണൻ വിശ്വസിക്കുന്നു. പരിപൂർണ്ണമായ അർത്ഥ ത്തിൽ പാത്രസൃഷ്ടി സാധിച്ചിട്ടുള്ള സാഹിത്യകാരന്മാരെല്ലാം സ്വയം സവിശേഷ മായ കഥാപാത്രങ്ങളും ആയിരുന്നു എന്നദ്ദേഹം പറയുന്നുണ്ട്. ഇത്തരം സവിശേ ഷമായ പാത്രമെന്ന നിലയ്ക്ക് ചന്തുമേനോനെ പഠിക്കാനാണ് ഗ്രന്ഥത്തിൽ പൊതുവെ ബാലകൃഷ്ണൻ ശ്രമിക്കുന്നത്.

**3.2.9.2. ജനകീയത**

ജനസാമാന്യത്തിനിഷ്ടമായത് എന്നാണല്ലോ ജനകീയത എന്നതുകൊ ണ്ടർത്ഥമാക്കുന്നത്. ജനങ്ങൾക്കുവേണ്ടി അവരുടെ ഭാഷയിൽ എഴുതപ്പെടുന്ന

സാഹിത്യത്തിന്റെ വ്യാപനം ഒരു സാർവലൗകികതലത്തിലേക്ക് എത്തിച്ചേരുന്നു ണ്ട്. അതിന്റെ ചരിത്രപശ്ചാത്തലം അച്ചടിയന്ത്രവുമായി ബന്ധപ്പെട്ടിരിക്കുന്നു.

'യന്ത്രത്തറി വ്യവസായമണ്ഡലത്തിൽ വരുത്തിയ വിപ്ലവത്തോട്, അച്ചടി സാഹിത്യത്തിൽ വരുത്തിയ വിപ്ലവത്തിനു പല കാര്യത്തിലും സാദൃശ്യമുണ്ട്'[79] എന്ന താരതമ്യവാചകത്തിലൂടെ സാഹിത്യരചനയുടെ സാർവലൗകികതയും ജന കീയതയും വ്യവസായവശവും കൂടി സൂചിപ്പിക്കുന്നു. കൂടുതൽ പേർക്കുവേണ്ടി കൂടുതൽ ഉൽപാദിപ്പിക്കുക എന്ന ഫലം ഇതുകൊണ്ടുവരുന്നു. ആസ്വാദനശിക്ഷ ണമുള്ളവരെയും അതില്ലാത്തവരെയും ഒരുപോലെ രസിപ്പിക്കാൻ സാധിക്കുന്ന ഒരു ധാതു ഏതെന്ന ചോദ്യവും ഇതോടൊന്നിച്ചു പ്രത്യക്ഷപ്പെടുന്നു. അവിടെ യാണ് അനുഭവരസികത്വമെന്ന ഒരു പുതിയ അംശം ബാലകൃഷ്ണൻ പരിചയപ്പെ ടുത്തുന്നത്. അതിന്റെ തുടക്കം ബൊക്കാച്ചിയോവിന്റെ *The Decameron Tales* കഥ കളിൽനിന്നുമാണ്. പരിചിത കഥാപാത്രങ്ങളാൽ ശരിക്കും വിശ്വസ്തത ജനിപ്പി ക്കുന്ന കൃത്യങ്ങളുടെ തന്മയത്വപൂർണ്ണങ്ങളായ കഥകളായിരുന്നു അവ. വാസ്തവ ത്തിൽ സാഹിത്യലോകത്തുവന്ന മാറ്റമായിരുന്നു അത്. കഥയിൽ രസിക്കാനുള്ള ഏതു മനുഷ്യന്റെയും ആഗ്രഹംപോലെതന്നെ പഴക്കമുള്ളതാണ് തന്റെ പ്രതിരൂ പത്തെ അവയിൽക്കണ്ടു രസിക്കാനുള്ള അവന്റെ ആഗ്രഹവും. ഇങ്ങനെ സാർവ ത്രികമായ രണ്ടു മാനുഷികതൃഷ്ണകളാണ് ബൊക്കാച്ചിയോ എന്ന മഹാപ്രതിഭ തൃപ്തിപ്പെടുത്തിയത്. ആ കഴിവാണ് പ്രതിഭ. അതിലാണ് ജനകീയസാഹിത്യ ത്തിന്റെ പുതിയയുഗം ബാലകൃഷ്ണൻ ദർശിക്കുന്നത്.

കൃതികൾ കൂടുതൽ ജനവിഭാഗങ്ങളെ രസിപ്പിക്കുന്നതാവണമെന്നും പ്രചാര ത്തിന്റെ കാലദൈർഘ്യം നോവലിന്റെ മേൻമ അടയാളപ്പെടുത്തുന്നു എന്നും അദ്ദേഹം അർഥമാക്കുന്നുണ്ട്. വിശ്വപ്രസിദ്ധമായി ശാശ്വതാംഗീകാരം നേടിയ ആഖ്യായികകൾ ഈ സത്യം ഉദാഹരിക്കുന്നവയാണെന്നും ബാലകൃഷ്ണൻ പറയു ന്നു. ഇവിടെ ഇ.എം. ഫോസ്റ്ററുടെ Aspects of the Novel എന്ന ഗ്രന്ഥത്തെ അദ്ദേഹം ആശ്രയിക്കുന്നതായി കാണാം[80]. നമ്മെക്കൊണ്ട് വായിപ്പിക്കാനുള്ള കഴിവ്, ദീർഘവും സാവകാശവുമായ വൈകാരികബന്ധം ഉണ്ടാക്കണം. ജനകീയത എപ്പോൾ നശി

ക്കുന്നുവോ അപ്പോൾ അത് നോവലല്ലാതാകുന്നു എന്നാണ് പറഞ്ഞതിനർഥം. ബാലകൃഷ്ണന്റെ ഈ വാദം പൂർണ്ണമായും നിലനിൽക്കുന്നതല്ല. ലോകപ്രശസ്തങ്ങളായ മികച്ചനോവലുകൾ മുഴുവൻ ജനകീയാംഗീകാരം നേടി പ്രശസ്തങ്ങളായവയാണെന്ന് പറയാൻ കഴിയില്ല. മലയാളത്തിൽതന്നെ ആനന്ദിനെപ്പോലുള്ളവരുടെ നോവലുകൾ ഉദാഹരണങ്ങളാണ്.

#### 3.2.9.3. പ്രതിപാദനരീതി

നോവൽക്കഥയുടെ പ്രതിപാദനം ജീവിതംപോലെ സൂക്ഷ്മവിശദവും അതിന്റെ സംഭവ്യത ഏറിയും കുറഞ്ഞും നമുക്കനുഭവവേദ്യവുമാവണമെന്നുമാണ് അദ്ദേഹത്തിന്റെ നിരീക്ഷണം. ഈ അനുഭവവേദ്യതയെക്കുറിച്ചുള്ള ചർച്ച ഭാഷയിലേക്കും കഥാപാത്രസംവിധാനത്തിലേക്കുമാണ് ബാലകൃഷ്ണൻ നയിക്കുന്നത്.

#### 3.2.9.4. കഥാഘടന

കഥാകഥനത്തിൽ അനുഭവവേദ്യതയാണ് പ്രധാനം. അത് ജീവിതംപോലെ സൂക്ഷ്മവിശദമാവണം. കഥ നോവലിന്റെ പ്രധാന അംശമോ ശ്രേഷ്ഠമായ ആംശമോ ആയിട്ട് അദ്ദേഹം കാണുന്നില്ല. *ഇന്ദുലേഖ*യെ ഉദാഹരണമാക്കി അത് വിശദീകരിക്കുന്നുണ്ട്[81]. കഥയുടെ ശക്തികൊണ്ടു നിലനിൽക്കുന്ന നോവൽ താഴ്ന്നതരമായിട്ടാണദ്ദേഹം കരുതുന്നത്. ഒരു സംഭവം അതിന്റെ സന്ദർഭം അതോടു ബന്ധപ്പെട്ട മറ്റു സംഭവങ്ങൾ ഇതെല്ലാം ദീർഘദീർഘമായി വിവരിക്കുന്ന രീതിയാണല്ലോ നോവലിൽ കഥാപ്രതിപാദനം. വിശ്വാസ്യത ആർജ്ജിക്കത്തക്കവിധത്തിൽ കഥപറയണമെങ്കിൽ നിത്യവ്യവഹാരഭാഷ വേണമെന്ന അഭിപ്രായമാണദ്ദേഹത്തിനുള്ളത്. അതിനു കാരണം മനുഷ്യചിന്തയുടെ നൈസർഗികഭാഷണമാധ്യമം ഗദ്യമാണെന്നതുതന്നെ. അങ്ങനെ ഒരു കഥ അനുഭവേദ്യമായിക്കഴിഞ്ഞാൽ മറ്റു ഘടകങ്ങൾ സിദ്ധമായിക്കൊള്ളും. കഥയ്ക്കല്ല പ്രതിപാദനത്തിനാണ് ഇവിടെ പ്രാധാന്യം കൽപിക്കപ്പെടുന്നത്.

### 3.2.10. കലാകാരനും സമൂഹവും കലാസൃഷ്ടിയും

കലയും കലാകാരനും തമ്മിലുള്ള സങ്കീർണ്ണബന്ധമെങ്ങനെയെന്നും കേരളത്തിലെ സാമുദായിക പരിഷ്കരണപ്രസ്ഥാനത്തിന്റെ പിതൃസ്ഥാനത്തുനിന്നും

ചന്തുമേനോൻ അപ്രത്യക്ഷനായതെങ്ങനെയെന്നും ഉള്ള കാര്യങ്ങൾ ബാലകൃഷ്ണൻ അന്വേഷിക്കുന്നുണ്ട്. ഒരു സാധാരണ സമൂഹം ഒരു കലാകാരനെ അംഗീകരിക്കാറില്ല. ഒരു പക്ഷെ ആരാധിക്കപ്പെടുകയോ ശപിക്കപ്പെടുകയോ ചെയ്തേക്കാം എന്നു നിരീക്ഷിക്കപ്പെട്ടതുപോലെ[82] ചന്തുമേനോന്റെ പ്രവർത്തനത്തിലും സാമൂഹികപ്രതികരണത്തിന്റെ അഭാവമാണ് അദ്ദേഹത്തിന് നിർഭാഗ്യകരമായിത്തീർന്നതെന്ന് ബാലകൃഷ്ണൻ അർത്ഥമാക്കുന്നു. *ഇന്ദുലേഖ* എന്ന കൃതിയുടെ രചനാകാലം പരിഗണിച്ചാൽ അതിൽ ഉൾച്ചേർന്നിരിക്കുന്ന സാമൂഹികപരിഷ്കരണത്തിന്റേയും സ്ഫോടനാത്മകമായ നവീനചിന്തയുടെയും നിലവാരവും സാഹസികതയും നമ്മെ അത്ഭുതപ്പെടുത്തുന്നതാണ്. ചരിത്രപരമായി പറഞ്ഞാൽ കേരളസാമൂഹ്യപരിഷ്കരണത്തിന്റെ പിതൃസ്ഥാനം ചന്തുമോനോന് അർഹതപ്പെട്ടതാണ്. നാം അറിയുന്ന രീതിയിൽ ഇവിടെ സമുദായപരിഷ്കരണശ്രമങ്ങൾ ആരംഭിക്കുന്നത് നാരായണഗുരുവാണ്. അതായത് 1889ൽ ഇറങ്ങുന്ന *ഇന്ദുലേഖ* അത്തരമൊരു പരിഷ്കരണ ശ്രമങ്ങളുടെ പശ്ചാത്തലത്തിൽ മുളപൊട്ടിയതല്ല എന്നർത്ഥം. കുമാരനാശാന്റെ *ദുരവസ്ഥ*യെ മുൻനിർത്തിയാണ് അദ്ദേഹം ഇത് യുക്തിപൂർവ്വം സമർത്ഥിക്കുന്നത്. 1920-ൽ ഇറങ്ങിയ *ദുരവസ്ഥ*യ്ക്കുണ്ടായിരുന്ന ആശയപരമായ സാമൂഹികപശ്ചാത്തലം *ഇന്ദുലേഖ*യ്ക്കില്ലായിരുന്നു. കുമാരനാശാന് സാമുദായികപ്രസ്ഥാനത്തിന്റെ നേതൃത്വമെങ്കിലുമുണ്ടായിരുന്നു. സമുദായത്തിലെ ദുഷ്പ്രവണതകൾ ആ തരത്തിലെങ്കിലും അദ്ദേഹത്തിൽ പ്രതിഷേധചിന്ത വളർത്തി എന്നു വിചാരിക്കാം. ഇവിടെ അങ്ങനെയില്ല. കുമാരനാശാന്റെ *ദുരവസ്ഥ* സമൂഹത്തിലുണ്ടാക്കിയ പ്രതിഷേധം *ഇന്ദുലേഖ*യുണ്ടാക്കിയിട്ടില്ല. എന്നാൽ അതിനേക്കാൾ സ്ഫോടകസ്വഭാവം അതിനുണ്ടായിരുന്നുതാനും. എതിർക്കപ്പെടാതിരുന്നതിന് ചില സാമൂഹികേതരമായ കാരണങ്ങളാണ് അദ്ദേഹം കാണുന്നത്. അതിൽ പ്രധാനം ചന്തുമേനോന്റെ കലാവൈഭവംതന്നെ. "ഏറ്റവും ഉത്തുംഗമായ ഭാവത്തിൽ കലയൊരു ശക്തിവിശേഷം പോലെയാണ്. അതുൾക്കൊള്ളുന്ന വ്യക്തി മിക്കപ്പോഴും അതിന്റെ പിണിയാളായിപ്പോകുന്നു. സത്യദർശകമാണ് കല"[83]. കൂടാതെ രചനാരീതിയും സമൂഹത്തിൽ ഗ്രന്ഥകർത്താവിനുള്ള ഔദ്യോഗികസ്ഥാനവും കാരണമാവുന്നു. അതുകൊണ്ടെല്ലാമാണ് എതിർക്കപ്പെടാതിരുന്നത് നിർഭാഗ്യംപോലെ തോന്നുന്നു

എന്നു പറയുന്നത്. സാഹിത്യപ്രവർത്തനത്തിലൂടെ വിപ്ലവം സാധിച്ച കേരള ത്തിലെ സാമൂഹികപരിവർത്തനങ്ങളുടെ പ്രോദ്ഘാടകൻതന്നെയാണ് ചന്തുമേ നോൻ. ഇവിടെ കലയും കലാകാരനും തമ്മിലുള്ള ബന്ധത്തെ സൂചിപ്പിക്കുന്ന ചില സാമൂഹികതത്ത്വങ്ങൾ അന്തർഭവിച്ചതായി കാണാം. സൗന്ദര്യാവിഷ്കരണ ത്തിൽ ആവിഷ്കരണവിഷയത്തിലുള്ള പ്രശ്നങ്ങളെക്കുറിച്ചുള്ള ബോധം കലാകാ രന്റെ മനസ്സിൽ എങ്ങനെ നിലനിൽക്കുന്നു എന്നതാണത്. പ്രചരണപരമായ സാഹി ത്യത്തിന്റെ അപകർഷവും അദ്ദേഹം എടുത്തുപറയുന്നു. മനഃപൂർവ്വമായ പ്രചര ണോദ്ദേശം കൂടാതെ നിർമ്മിക്കപ്പെടുന്ന സാഹിത്യമാണ് നിലനിൽക്കുക. അതിനുദാ ഹരണമാണ് *ഇന്ദുലേഖ*. കലയിലെ പ്രചരണപരതയെ എതിർക്കുകയാണ് ബാല കൃഷ്ണൻ.

### 3.2.11. ചന്തുമേനോനിലെ ആന്തരവൈരുദ്ധ്യങ്ങൾ

ഗ്രന്ഥകർത്താവിന്റെ സാമൂഹ്യവ്യക്തിത്വം, സ്വകാര്യവ്യക്തിത്വം, കൃതിയിൽ പ്രതിഫലിക്കുന്ന വിശേഷമായ സാമൂഹികാവസ്ഥ, അവയുടെ പാരസ്പര്യം എന്നീ കാര്യങ്ങളെക്കുറിച്ചും ബാലകൃഷ്ണൻ മറ്റൊരവസരത്തിൽ ചിന്തിക്കുന്നുണ്ട്[84]. 1982-ൽ എഴുതിയ *ചന്തുമേനോനും സാമൂഹിക പശ്ചാത്തലവും* എന്ന ലേഖനം ചന്തുമേനോനിലെ സാമൂഹികവീക്ഷണത്തിന്റെ വേറിട്ട അടയാളപ്പെടുത്തലാണ്. *ഇന്ദുലേഖ* എന്ന കൃതികൊണ്ട് കേരളസമൂഹം വിലകൽപിക്കുന്ന നേട്ടങ്ങളെന്തെ ല്ലാമാണോ അതിന്റെയെല്ലാം വിരുദ്ധനിലപാടിൽ ചന്തുമേനോൻ എന്ന വ്യക്തി നിൽക്കുന്ന അവസ്ഥ ചന്തുമേനോന്റെ ജീവചരിത്രവസ്തുതകൾകൊണ്ട് ബാലകൃ ഷ്ണൻ വ്യക്തമാക്കുന്നു. മലബാർ മാര്യേജ് കമ്മീഷൻ റിപ്പോർട്ടിൽ സംബന്ധവി വാഹരീതിയും ദയാക്രമവും നിയമംകൊണ്ട് പരിഷ്കരിക്കുന്നത് അപകടമാണെന്ന രീതിയിലാണ് ചന്തുമേനോന്റെ നിലപാട്. അതുപോലെ നമ്പൂതിരി-നായർ ബാന്ധ വസ്ഥാനത്തോടുള്ള എതിർപ്പ് ചന്തുമേനോൻ എവിടെയും പ്രകടിപ്പിക്കുന്നില്ല. പെൺകുട്ടികളെ ഇംഗ്ലീഷ് പഠിപ്പിക്കുന്നതുമായി ബന്ധപ്പെട്ട അദ്ദേഹത്തിന്റെ കാഴ്ചപ്പാട് ശ്രദ്ധിക്കുക: "ഇംഗ്ലീഷ് ഭാഷാജ്ഞാനവും വിദ്യാഭ്യാസവും പുരുഷന്മാ രിൽത്തന്നെ ആയിരത്തിലൊരാൾക്കുപോലുമില്ലാത്ത സമുദായസ്ഥിതിയിൽ 'ആൺ കുട്ടികളെപ്പോലെ പെൺകുട്ടികളെയും ഇംഗ്ലീഷു പഠിപ്പിക്കാൻ' പ്രേരണയാകുന്നതി

നുവേണ്ടി ഒരാൾ നോവലെഴുതുമ്പോൾ ആ വശത്തെങ്കിലും സാമൂഹ്യശ്ചാത്തലം നിൽക്കുന്ന സ്ഥാനം നോവൽ നിൽക്കുന്ന സ്ഥാനത്തുനിന്നും നക്ഷത്രമണ്ഡല ത്തോളം അകലത്തിലാണ്"[85] എന്ന വാചകം സൂചിപ്പിക്കുന്നത് അന്നത്തെ സമൂഹ ത്തിലെ നായർസമുദായത്തിന്റെ ഇംഗ്ലീഷ് പരിജ്ഞാനത്തിന്റെ പരിതാപകരമായ അവസ്ഥയാണ്. എന്നാൽ സാമുദായികമായ കേവലാർത്ഥത്തിൽ പുരുഷന്മാരുടെ ഇംഗ്ലീഷ് പരിജ്ഞാനത്തിന്റെ വ്യാപ്തി കണക്കാക്കിയത് ശരിയാവണമെന്നില്ല. കാരണം ചന്തുമേനോൻ ഇംഗ്ലീഷ് പരിജ്ഞാനം എന്നുദ്ദേശിച്ചത് സമുദായിക നില വെച്ച് മാത്രമാവണമെന്നില്ല. മരുമക്കത്തായം, കാരണവർ-അനന്തരവൻ ബന്ധം ഈ വക കാര്യങ്ങളിലും ചന്തുമേനോൻ എന്ന വ്യക്തിയും നോവലിസ്റ്റും വളരെ അകലത്തിലാണ്. സൂരിനമ്പൂതിരി *ഇന്ദുലേഖ*യെ ബാന്ധവിക്കുന്നതിൽ മാധ വനെപ്രതി ആ അമ്മയ്ക്ക് വിഷമമുണ്ടാവാമെന്നല്ലാതെ സ്ഥാപനപരമായി അമർഷ മില്ല എന്നതിന് *ഇന്ദുലേഖ*യും ലക്ഷ്മിക്കുട്ടി അമ്മയും തമ്മിലുള്ള സംഭാഷണം തെളിയിക്കുന്നുണ്ട്. ചന്തുമേനോൻ വിരചിച്ച നമ്പൂതിരിചിത്രങ്ങൾ അക്കാലത്തെ സമൂഹത്തിന്റെ ബോധവുമായി ജൈവബന്ധം ലവലേശമില്ലാത്തചിത്രങ്ങളാണ് എന്ന് ബാലകൃഷ്ണൻ പറയുന്നുണ്ട്. *ഇന്ദുലേഖ*യിലെയും *ശാരദ* യിലെയും പല സന്ദർഭങ്ങളിലുമുള്ള അഭിപ്രായങ്ങളും മറ്റും സൂക്ഷ്മമായി അപഗ്രഥിച്ചാൽ ഈ ആന്തരവൈരുദ്ധ്യം വ്യക്തമാകും. "സർ സി. ശങ്കരൻ നായർക്കോ പത്മനാഭമേ നോനോ വിസ്ഫോടനശേഷിയോടെ, കേരളത്തിലെ നമ്പൂതിരി ബാന്ധവത്തിന്റെയും നായർ കൂട്ടുതറവാടിന്റെയും നായർ സംബന്ധരീതിയുടെയും അടിത്തറകൾ തകർ ത്തതു ചന്തുമേനോന്റെ നോവലുകളാണെന്നതു വല്ലാത്തൊരു വിരോധാഭാസമാ ണ്."[86] അന്നത്തെ സാമൂഹികപശ്ചാത്തലവും ചന്തുമേനോന് ഉണ്ടായിരുന്നു എന്നു നാം പറഞ്ഞുപോരുന്ന സാമൂഹികബോധവും കാര്യകാരണബന്ധംകൊണ്ട് പര സ്പരം വികർഷിക്കുന്നു എന്നാണ് പറയുന്നതിന്റെ അർത്ഥം.

### 3.3.0. ബാലകൃഷ്ണന്റെ നാടകവിമർശനങ്ങൾ

ബാലകൃഷ്ണന്റെ വിമർശനലോകത്ത് നാടകസാഹിത്യത്തിന് പ്രാധാന്യമി ല്ല. മലയാളത്തിലെ അതുല്യനാടകപ്രതിഭകളായിരുന്ന സി.ജെ. തോമസ്സും സി. എൻ. ശ്രീകണ്ഠൻനായരും അദ്ദേഹത്തിന്റെ സമകാലികരും അടുത്ത സുഹൃത്തു

ക്കളും രാഷ്ട്രീയ-സാഹിത്യരംഗങ്ങളിൽ സഹപ്രവർത്തകരുമായിരുന്നു. അതുകൊണ്ടുതന്നെ അവരുടെ കലാപ്രവർത്തനങ്ങളിൽ നേരിട്ട് ഇടപെടാനും നാടകങ്ങൾ പഠിക്കാനും ബാലകൃഷ്ണന് ഇടവന്നിട്ടുണ്ട്. അതിന്റെ ഫലമായിട്ടാണ് നാടകസംബന്ധമായ അദ്ദേഹത്തിന്റെ ലേഖനങ്ങൾ പ്രത്യക്ഷപ്പെടുന്നത്.

പെർഫെക്ഷനിസത്തിന്റെ ഒരു ട്രാജഡിയായിരുന്ന സി.ജെ.യുടെ ആജന്മമായ പ്രതിഭാവൈവിധ്യം ഓരോ രംഗത്തിലും പൂർണ്ണതയുടെ മാനദണ്ഡങ്ങളെ മുമ്പിൽവെച്ചുകൊണ്ട് ആവശേപൂർവം പരീക്ഷണങ്ങൾ നടത്തിയിരുന്നതായി ബാലകൃഷ്ണൻ പറയുന്നുണ്ട്[87]. പ്രതിഭയിലെ ജന്മസിദ്ധി തന്നെയാണ് ഇവിടെയും വ്യക്തമാക്കപ്പെടുന്നത്. സി.ജെ.യിലെ നാടകകൃത്തിനെ തനിച്ചെടുത്തുകൊണ്ടാണ് പരിശോധന. സ്റ്റേജുകൾക്കോ പ്രചരണപരതയ്ക്കോ വേണ്ടിയല്ലാതെ അദ്ദേഹത്തിലെ അനുരോധ്യമായ പ്രതിഭാപ്രവർത്തനത്തിന്റെ ആന്തരികചോദനയുടെ ശക്തി വ്യക്തമാക്കുന്നു. ഗ്രീക്ക് ട്രാജഡികളും ഷേക്സ്പിയർ, ഇബ്സൻ തുടങ്ങിയവരുടെ കൃതികളും പഠിച്ച് രൂപപ്പെട്ട സാധനാസമമായ പ്രയത്നം അവയ്ക്കു പിന്നിലുണ്ട്. ബൈബിളുമായുണ്ടായ അദ്ദേഹത്തിന്റെ ഹൃദയവേഴ്ച അദ്ദേഹത്തിന്റെ കഥാപാത്രങ്ങൾക്കും ഭാഷണങ്ങൾക്കും നാടകത്തിൽ പ്രതിരൂപാത്മകസ്വഭാവം കൈവരുത്തുന്നു. സി.ജെയിലെ സർഗ്ഗശക്തിക്കും പ്രതിഭയ്ക്കും സ്വതന്ത്രത കൽപിച്ചുകൊണ്ട് കലയെ സമീപിക്കുന്ന ഒരു രീതി ഇവിടെ ബാലകൃഷ്ണൻ അവലംബിക്കുന്നതു കാണാം. നാടകപരിഭാഷപോലും സി.ജെ. നിർവഹിച്ചത് ശ്രദ്ധയും സമയവുമെടുത്തുകൊണ്ടുള്ള പ്രയത്നത്തിലൂടെയാണ്. മലയാളത്തിന്റെ ഭാഷാപരിമിതികൾക്കിടയിൽപോലും മഹൽസാഹിത്യത്തിന്റെ ധ്വനി വരികൾക്കിടയിൽക്കൂടി മുഴങ്ങിക്കേൾപ്പിക്കുന്നതിന്റെ പിന്നിലെ സാധന ബാലകൃഷ്ണൻ എടുത്തുപറയുന്നു: 'സോഫോക്ലിസിന്റെ സ്കൂളിൽനിന്നും, ഏകകാലത്ത് ധ്യാനവും ശാപവും നടത്തി അദ്ദേഹം നാടകവിദ്യാഭ്യാസം നേടാൻ ശ്രമിച്ചു. കാവ്യഭാവനയ്ക്ക് ബൈബിളിൽനിന്നും നാടകകലയ്ക്ക് സോഫോക്ലിസ്സിൽനിന്നും ലഭിച്ച ഈ ശിക്ഷണങ്ങൾ, സി.ജെ.യുടെ പ്രധാനപ്പെട്ട മൂന്നു നാടകങ്ങളിലും പ്രത്യക്ഷമായി കാണാൻ കഴിയും'[88].

### 3.3.1. രംഗസജ്ജീകരണത്തിലെ സോഫോക്ലിയൻ ജനുസ്സ്

നാടകപ്രതിഭയിലെ സഹജമായ ബൈബിൾസംസ്കാരത്തിന്റെ സ്വാധീനം രംഗാവിഷ്കരണത്തിൽ ദൃശ്യമാണ്. അത് ഒരു സോഫോക്ലിയൻ വൈഭവത്തോടെ *അവൻ വീണ്ടും വരുന്നു* എന്ന നാടകത്തിൽ സമർഥമായി പ്രയോഗിച്ചിരിക്കുന്നു. രണ്ടാം ലോകമഹായുദ്ധാനന്തരമുള്ള കേരളീയപശ്ചാത്തലരംഗമായ നാടകത്തിൽ, മാത്തുക്കുട്ടി എന്ന കഥാപാത്രത്തിന്റെ ഒരേയൊരു മുറിയിലേക്കാണ് നാടകകൃത്ത് സംഭവങ്ങളെയും പാത്രങ്ങളെയും ആവാഹിക്കുന്നത്. പ്രതിരൂപാത്മകസ്വഭാവത്തി ലൂടെ പാത്രങ്ങൾക്കും ഭാഷണങ്ങൾക്കും സംഭവങ്ങൾക്കും അസാധാരണ അന്തരീ ക്ഷസൃഷ്ടിയാണ് രംഗത്ത് നടക്കുന്നത്.

'രംഗാവതരണനാടകമത'ക്കാരനായ സി.ജെ.യുടെ 'രംഗപ്രയോഗമതം' പരന്ന വിജ്ഞാനസൃഷ്ടിയാണ്. അനിരോധ്യമായ ആന്തരികപ്രചോദനഫലമാ ണത്. അവിടെ സൃഷ്ടിക്കുമാത്രമായിരുന്നു പ്രാധാന്യമെന്നും സ്റ്റേജിനോ നടനോ ആയിരുന്നില്ല എന്നും ബാലകൃഷ്ണൻ അർഥമാക്കുന്നു. കലയോടുള്ള കലാകാ രന്റെ സഹജപ്രതിഭാസവിശേഷതയാണ് ലേഖനത്തിലുടനീളം തെളിയുന്നത്.

### 3.3.2. കഥാപാത്രസൃഷ്ടി

ഗ്രന്ഥകർത്താക്കളുടെ ഹൃദയത്തിൽകൂടിയുള്ള സഞ്ചാരമാണ് നിരൂപണം എന്ന ആശയത്തെ പിൻപറ്റുന്നതാണ് ബാലകൃഷ്ണന്റെ നിരീക്ഷണങ്ങൾ. സി.ജെ. തോമസ്സിന്റെ നാടകങ്ങളിലെ കഥാപാത്രസംവിധാനം ഉദാഹരണമായെടുക്കാവുന്ന താണ്. പാത്രസൃഷ്ടിയിൽ കലാകാരന്റെ സ്വത്വം ഉൾച്ചേർന്നിരിക്കണമെന്നദ്ദേഹം പറയുന്നുണ്ട്. വലിയ കഥാപാത്രങ്ങളെ വിശ്വാസ്യതയാർന്ന വലിപ്പത്തിൽ ചിത്രീക രിക്കാൻ കലാകാരന്റെ സ്വത്വത്തിനു തുല്യമായ വലിപ്പംവരിക്കാൻ കഴിയണം. ദാവീദിനെപ്പോലുള്ള വലിയ മനുഷ്യന്റെ പുനഃസൃഷ്ടി സി.ജെ.യിലെ പ്രതിഭ പര മാവധി ഉത്തേജിതമായ നിലയിൽ അസുലഭനിമിഷത്തിൽ സംഭവിക്കുന്നതാണ്. ദാവീദിന്റെ സൃഷ്ടിപ്രക്രിയയെക്കുറിച്ച് ബാലകൃഷ്ണൻ ഇപ്രകാരം പറയുന്നു: "അനുഗൃഹീതമായ ഭാവനയുടെ തിളച്ച ലോഹദ്രവത്തെ, അസാധാരണ പാണ്ഡി

തൃത്തിന്റേയും മേധാശക്തിയുടെയും കരകൗശലജ്ഞാനത്തിന്റെയും മൂശയിൽ ഒഴിച്ചുവാർത്തെടുത്ത ഗംഭീരമായ ഒരു പ്രതിഭാശിൽപമാണ് 'ദാവീദ്' "[89]. ഇവിടെ ദാവിദ് എന്ന ഒറ്റക്കഥാപാത്രത്തെ മാത്രമാണദ്ദേഹം പരിശോധിക്കുന്നത്.

മലയാളത്തിലെ ഇതിഹാസജന്യനാടകകൃത്തുക്കളിൽ അപ്രതിമപ്രശസ്ത നായ സി.എൻ. ശ്രീകണ്ഠൻനായരുടെ നാടകത്രയത്തെ ആസ്പദിച്ചെഴുതിയ ലേഖന മാണ്. *സി.എൻ. ശ്രീകണ്ഠൻനായരും രാമായണനാടകങ്ങളും*. *കാഞ്ചനസീത*യിൽ നിന്ന് *സാകേത*ത്തിലൂടെ *ലങ്കാലക്ഷ്മി*യിലെത്തുമ്പോഴേക്കും സി.എന്നിലെ സിദ്ധി യുടെയും സാധനയുടെയും വളർച്ച പരമാവധി പ്രാപിക്കുന്നതായിട്ടാണ് നിരീ ക്ഷണം.

ഒരു കലാസൃഷ്ടിയെന്ന നിലയിൽ അതിന്റെ ആഭ്യന്തരയുക്തി ഭഞ്ജി ക്കുന്ന ബാലിശമായ കൃതിയായി *കാഞ്ചനസീത*യെ വിലയിരുത്തുന്നു[90]. കഥാപാ ത്രങ്ങൾ അവരുടെ മൗലികഘടന ലംഘിക്കപ്പെട്ടതിനുദാഹരണമാണ് കാഞ്ചനസീ ത. വസിഷ്ഠസൃഷ്ടിതന്നെ ഉദാഹരണമായിട്ടെടുക്കുന്നു. നാടകത്തിൽ രാമൻ സീതാപരിത്യാഗത്തെക്കുറിച്ച് പശ്ചാത്താപമുള്ളവനോ ദുഃഖംകൊണ്ട് നീറിക്കൊ ണ്ടിരിക്കുന്നവനോ ആയിട്ടല്ല കാണപ്പെടുന്നത്. പൊതുവെ എല്ലാ കഥാപാത്ര ങ്ങളും ഭാഷണംകൊണ്ട് പരസ്പരം വ്യത്യസ്തരാവുന്നില്ല, മറിച്ച് അവരുടെ വ്യത്യ സ്തത വേഷങ്ങളിൽ മാത്രം ഒതുങ്ങുന്നു. കഥാപാത്രഭാഷണത്തിന്റെ പോരായ്മ കഥാപാത്രങ്ങളെ ബാധിക്കുന്നതായിട്ടാണ് ബാലകൃഷ്ണന്റെ നിരീക്ഷണം.

അതേസമയം *സാകേത*ത്തിലേക്കു പ്രവേശിച്ചാൽ നാടകകൃത്ത് നാടകര ചന ജീവിതോപാസനയാക്കുകയും നാടക-സാഹിത്യപഠനം കൂടുതൽ ഗാഢമായ രീതിയിൽ കൈകാര്യം ചെയ്തതിന്റെ രീതി അദ്ദേഹം കാണുകയും ചെയ്യുന്നു. കലാകാരനിലെ സാധനയാണ് ബാലകൃഷ്ണൻ സൂചിപ്പിക്കുന്നത് *സാകേത*ത്തിൽ കഥാപാത്രങ്ങളുടെ ചെയ്തികളും ചലനങ്ങളും വാത്മീകിരാമായണത്തിലെ അയോ ദ്ധ്യാകാണ്ഡത്തിൽനിന്നും അതേപോലെ സ്വീകരിക്കപ്പെട്ടിരിക്കുന്നുവെങ്കിലും ശ്രീക ണ്ഠൻനായരുടെ ഭാവനയിലേക്ക് അവ ചേർക്കപ്പെട്ടിട്ടില്ല. പ്രധാനകഥാപാത്രമായ ദശരഥൻ സ്വന്തം ആധികാരികതയെ നിഷേധിക്കുന്ന തരത്തിലായിമാറി. കൈകേ

യിയുടെ കാര്യത്തിലും ഇതാണു സംഭവിച്ചത്. കൈകേയിയെ വാത്മീകിയുടെ അയോദ്ധ്യാകാണ്ഡത്തിൽ നിന്നും പറിച്ചുനട്ടതായിട്ട് വിശേഷിപ്പിക്കുന്നു. വാത്മീകി രാമായണത്തിന്റെ അനുകരണമാണ് കഥാപാത്രസൃഷ്ടിക്കാര്യത്തിൽ *സാകേത* ത്തിൽ സംഭവിച്ചത്.

*ലങ്കാലക്ഷ്മി*യിലെത്തുമ്പോൾ കഥാപാത്രഘടന കലാകാരനിലെ സിദ്ധിയുടെയും സാധനയുടെയും ക്രമാനുഗതമായ വളർച്ചയാണു കാണിക്കുന്നത്. ഏറ്റക്കുറിച്ചിലോടെ അതിന്റെ പരാധീനതയാണ് കഴിഞ്ഞ രണ്ടു നാടകങ്ങളിലും കാണാൻ കഴിഞ്ഞത്. ഇവിടെ ഓരോ കഥാപാത്രഭാഷണത്തിൽനിന്നും മറ്റൊരാളുടെ ഭാഷണം ജനിപ്പിക്കുന്ന അവസ്ഥ യുക്തിഭദ്രവും ഭാവസമ്പന്നവും പ്രൗഢവുമാണെന്ന് ബാലകൃഷ്ണൻ കാണുന്നു. അതുതന്നെയാണ് കഥാപാത്രസൃഷ്ടി മികവുറ്റതാക്കിത്തീർക്കുന്നത്. വാത്മീകിയുടെ ഇതിഹാസം നാടകകൃത്തിനു ഒരു ഊർജസ്രോതസ്സായി മാറുകയാണ് *ലങ്കാലക്ഷ്മി*യിൽ. വിഭീഷണകഥാപാത്രത്തെ ഉദാഹരണമാക്കി ബാലകൃഷ്ണൻ ഇത് വ്യക്തമാക്കുന്നു. രാവണന് യഥാർത്ഥത്തിലുള്ള സ്ഥാനം നൽകി ക്ലാസിക്കൽ ട്രാജഡിയുടെ മഹിതമായ ശോകസങ്കൽപത്തിന് ഉജ്വലമായ ഒരു പുനർജന്മം നൽകിയിരിക്കുന്നു.

ശ്രീകണ്ഠൻനായരുടെ ജന്മസിദ്ധി തെളിഞ്ഞ ഭാഗ്യത്തിന്റെ ഉച്ചസ്ഥാനത്തു നിൽക്കുമ്പോളായതു കാരണമാണ് രാമലക്ഷ്മണൻമാരെ രംഗത്തവതരിപ്പിക്കാതെ രാമ-രാവണയുദ്ധത്തെപ്പറ്റി നാടകം രചിച്ചത്. കലാകാരനിൽ അപൂർവമായി പ്രവർത്തിക്കുന്ന ഇത്തരം സൃഷ്ടിപ്രക്രിയയിൽ കഥാപാത്രങ്ങളുടെ ഭിന്നവ്യക്തിത്വങ്ങൾക്ക് ഒരിടത്തും മങ്ങലേൽക്കുന്നില്ല. നികുംഭൻ, വിരൂപാക്ഷൻ, സുപാർശ്വൻ എന്നീ കഥാപാത്രങ്ങളിൽ വിരുപാക്ഷനെന്ന കഥാപാത്രത്തെ ബാലകൃഷ്ണൻ കൂടുതൽ അടുത്തുകാണുന്നുണ്ട്. വളരെ മികവാർന്ന പാത്രസൃഷ്ടിവൈഭവമാണ് *ലങ്കാലക്ഷ്മി*യിൽ അദ്ദേഹം ദർശിക്കുന്നത്. ദുരന്താവബോധവേദനയിൽ പിടഞ്ഞ നാടകകൃത്തിന്റെ സൃഷ്ടികർമ്മത്തിന്റെ ഉത്തേജിതാവസ്ഥയിൽ രൂപം കൊണ്ടതാണ് *ലങ്കാലക്ഷ്മി.* കഥാപാത്രസൃഷ്ടിയിൽ നാടകകൃത്തിന്റെ ജീവിതാനുഭവം പ്രധാന പങ്കുവഹിച്ചിരിക്കുന്നു എന്നർത്ഥം. രാവണനടക്കമുള്ള കഥാപാത്രങ്ങളിൽ ഇതു തെളിയുന്നു. കലാകാരന്റെ ജീവചരിത്രസൂചനയോടൊപ്പം അനുഭവവർജനമെന്ന

ബാലകൃഷ്ണന്റെ സാഹിത്യസിദ്ധാന്തത്തെ നാടകപഠനത്തിൽ അദ്ദേഹം നിരസിക്കുന്നതായി കാണുന്നു. 'എന്റെ ജീവിതം ഒരു പാഴ്ചെലവാണോ?' എന്ന ചോദ്യം വിധിയോട് നിരന്തരം ചോദിച്ചുകൊണ്ട് ജീവശക്തി മുഴുവൻ സമാഹരിച്ചു രചിക്കപ്പെട്ട നാടകമാണ് *ലങ്കാലക്ഷ്മി*[91] എന്ന പ്രസ്താവനയിൽ രാവണകഥാപാത്രത്തിന് ശ്രീകണ്ഠന്റെ സ്വത്വവുമായിട്ടുള്ള സാത്മീകരണമാണ് ബാലകൃഷ്ണൻ അർഥമാക്കുന്നത്. കഥാപാത്രങ്ങളിൽ സ്രഷ്ടാവിന്റെ ഹൃദയം സംക്രമിക്കുന്ന സന്ദർഭമാണ് രാവണനും അമ്മയായ കൈകസിയും തമ്മിലുള്ള സംഭാഷണത്തിലൂടെ വ്യക്തമാകുന്നത്.

ജീവിതാനുഭവനിരാസംപോലെ കൃതികളുടെ പഠനങ്ങളിൽ സമൂഹത്തിന്റെ സ്വാധീനവും ബാലകൃഷ്ണൻ കണക്കിലെടുക്കാറില്ല എന്നതിന് ഉദാഹരണമാണ് *കാഞ്ചനസീത*യെ കാണുന്ന രീതി. *കാഞ്ചനസീത*യിലെ മുഖ്യാംശമായ സാമൂഹികപരതയെ അധികമൊന്നും സ്പർശിക്കാതെയാണ് ലേഖകന്റെ നിരീക്ഷണങ്ങൾ. വാസ്തവത്തിൽ *കാഞ്ചനസീത* രാഷ്ട്രീയം കേന്ദ്രസ്ഥാനത്തു പ്രതിഷ്ഠിക്കപ്പെട്ട നാടകമാണ്. അധികാരവും ആദർശവുമെല്ലാം ഉൾക്കൊള്ളുന്ന വ്യക്തിയിലെ പരിണാമം അത് ചർച്ച ചെയ്യുന്നുണ്ട്. ബ്രാഹ്മണമേധാവിത്തത്തിന്റെ ദുഷ്ഫലത്തെ എല്ലാം അത് വ്യംഗമായി കാണിച്ചുതരുന്നുണ്ട്. "തത്ത്വസംഹിതകൾ വളരുമ്പോൾ മനുഷ്യൻ തളർന്നുപോകുന്നതിലുള്ള വ്യഥയാണ് ഒരർത്ഥത്തിൽ *കാഞ്ചനസീത* പുരക്ഷേപിക്കുന്നത്. വനവും ജനപദവും രണ്ടാണെന്ന് വസിഷ്ഠൻ വാത്മീകിയോടുപദേശിക്കുമ്പോൾ, അത് നാടകകൃത്തിന്റെ രാഷ്ട്രീയവിമർശവുംകൂടിയാണെന്ന് നമുക്ക് തോന്നിപ്പോകുന്നു" എന്ന് ഡോ. അയ്യപ്പപ്പണിക്കർ ഈ നാടകത്തെ മനോഹരവും സമഗ്രവുമായി വിലയിരുത്തുന്നുണ്ട്[92]. സിദ്ധിയുടെ പ്രാധാന്യം ചർച്ചചെയ്യുമ്പോൾ ബാലകൃഷ്ണൻ ഇവിടെ കേവലം കൃതിയുടെ സാങ്കേതികതയിൽ ഒതുങ്ങുന്നു. പുരാവൃത്തോപജീവ്യങ്ങളായ നവസൃഷ്ടി നടത്തുമ്പോൾ ഗതാനുഗതികത്വം പിൻപറ്റാതെതന്നെ അതു നടത്താമെന്നാണ് ശ്രീകണ്ഠൻനായർ തെളിയിച്ചത്. ജീവിതസത്യങ്ങളല്ല കലയിലെ സത്യമെന്ന ബാലകൃഷ്ണന്റെ യുക്തി സമ്മതിച്ചാലും കലാമൂല്യം നിർണ്ണയിക്കുന്നതിൽ വിമർശയുക്തിയെ വിലക്കാനാവില്ല.

കൃതിയുടെ ചില പ്രത്യേക ഘടകങ്ങൾ മാത്രം സൂക്ഷ്മമായിക്കാണുന്ന ബാലകൃഷ്ണൻ *കാഞ്ചനസീത*യുടെ പുറംകാഴ്ചകൾ കാണാൻ തയ്യാറാകുന്നില്ല. ഒരു ഗൗരവമുള്ള വിഷയമെടുത്ത് രചിച്ച *സാകേതം* അരങ്ങിൽ പരാജയപ്പെട്ടതായിട്ടാണ് അദ്ദേഹം വിലയിരുത്തുന്നത്. എന്നാൽ അതിശ്രേഷ്ഠമായ ഒരു വിജയത്തിന്റെ നാന്ദി കുറിക്കുന്ന അന്തസ്സുറ്റ പരാജയം എന്നു വിശേഷിപ്പിക്കുന്നുമുണ്ട്.

ശ്രീകണ്ഠൻനായരുടെ രാഷ്ട്രീയവീക്ഷണവും വ്യക്ത്യനുഭവങ്ങളേൽപ്പിച്ച ആഘാതവുമെല്ലാം രാവണസൃഷ്ടിയിൽ പ്രകടമാകുന്നത് സൃഷ്ടികർമ്മത്തിന്റെ ഒരു പ്രത്യേക ഉത്തേജനത്തിൽ അല്ലെങ്കിൽ സിദ്ധിയിൽക്കൂടിയാണെന്നാണ് ബാലകൃഷ്ണന്റെ നിഗമനം. ശ്രീകണ്ഠൻനായരുടെ ജീവിതത്തിൽ സാരമായ പരിണാമങ്ങൾ സംഭവിച്ച കാലഘട്ടത്തിലാണ് അദ്ദേഹം രാമായണനാടകങ്ങൾ എഴുതുന്നത്. അദ്ദേഹത്തിന്റെ ജീവിതാനുഭവങ്ങളുമായി നാടകങ്ങൾ ഗാഢമായി ബന്ധപ്പെട്ടിരിക്കുന്നു. ബാലകൃഷ്ണൻ സാധന എന്ന പദംകൊണ്ട് അർത്ഥമാക്കുന്ന കലാകാരനിലെ സവിശേഷമായ സർഗ്ഗാത്മകപ്രവർത്തനം ഏറ്റവും ഫലപ്രദമായി തന്റെ സൃഷ്ടികളിൽ പ്രകടിപ്പിച്ച എഴുത്തുകാരനായിരുന്നു സി.എൻ. ശ്രീകണ്ഠൻനായർ. ആ അർത്ഥത്തിൽ കലാവിഷ്കരണത്തിന്റെ പൂർണ്ണതയ്ക്കുവേണ്ടി തന്റെ സർവ്വതും ചെലവഴിച്ച ശ്രീകണ്ഠൻനായരുടെ നാടകങ്ങളെക്കുറിച്ചുള്ള ബാലകൃഷ്ണന്റെ പഠനം അപൂർണ്ണമാണെന്നു പറയാം. ബാലകൃഷ്ണനുമായി അടുത്ത ബന്ധങ്ങളുണ്ടായിരുന്ന ശ്രീകണ്ഠൻനായരുടെ വ്യക്തിത്വത്തെ കൂടുതൽ മനസ്സിലാക്കാൻ ലേഖനം സഹായിക്കുന്നുണ്ട്. അതേ സമയം അദ്ദേഹത്തിന്റെ നാടകജീവിതത്തിന്റെ പൂർവ്വഘട്ടവും അന്ത്യഘട്ടവും വിസ്മരിക്കുന്നു എന്നതാണ് ബാലകൃഷ്ണന്റെ പഠനത്തിന്റെ പോരായ്മ എന്ന നിരീക്ഷണം അർത്ഥവത്തായി അനുഭവപ്പെടുന്നു[93].

ബാലകൃഷ്ണന്റെ നോവൽ-നാടക പഠനങ്ങൾ പരിശോധിക്കുമ്പോൾ കൃതികളിലെ സാമൂഹികചിന്തയേക്കാൾ സാഹിത്യചിന്തയാണ് ഉയർന്നു നിൽക്കുന്നത്. കലാപ്രതിഭകളിലെ ചില പ്രത്യേക വ്യക്തിവിശേഷങ്ങളിലാണ് അദ്ദേഹത്തിന്റെ ശ്രദ്ധ കടന്നുചെല്ലുന്നത് എന്നു വ്യക്തമാക്കുന്നു. അവ, ജന്മസിദ്ധമായ പ്രതിഭ, നിരന്തര സാധന എന്നീ ഘടകങ്ങളാണ്. ഇവ പ്രത്യക്ഷമാണെന്നു ബോധ്യമായ കൃതികളെ

യാണ് അദ്ദേഹം പഠനത്തിനു തെരഞ്ഞെടുക്കുന്നത്. വിവിധ കൃതികളെ വ്യത്യസ്തമായ കാഴ്ചപ്പാടിൽ കാണുന്ന അദ്ദേഹം, പഠനത്തിൽ പാശ്ചാത്യ-പൗരസ്ത്യ സിദ്ധാന്തങ്ങളെ ആശ്രയിക്കുന്നില്ല. നോവൽപഠനത്തിൽ ജീവചരിത്രനിരൂപണരീതി അവലംബിക്കുന്ന ബാലകൃഷ്ണൻ നോവലിസ്റ്റുകളുടെ സാമൂഹികപശ്ചാത്തലവും ജീവചരിത്രവസ്തുതകളും സൂക്ഷ്മമായി വിലയിരുത്തിയതായി കാണുന്നില്ല. കേരളസമൂഹത്തിന്റെ നവോത്ഥാനകാലഘട്ടം പഠനപരിധിയിൽ വരുന്നതിനാൽ ചന്തുമേനോനെക്കുറിച്ചുള്ള പഠനം സാമൂഹികവിമർശനരീതിയിൽ വിലയിരുത്താവുന്നതാണ്. കലാകാരന്റെ അനുഭവവും സമുദായസ്വാധീനവും കലാസൃഷ്ടിയിൽ ചെലുത്തുന്ന സ്വാധീനത്തെക്കുറിച്ചുള്ള നിരീക്ഷണങ്ങളിൽ വൈരുദ്ധ്യങ്ങൾ കാണുന്നു. കല ആത്മനിഷ്ഠമാണെന്നും അനുഭവാവിഷ്കാരം പ്രതിഭകളിൽ ഭാഗികമാണെന്നും ആഖ്യായിക വിശിഷ്ടരൂപം കൈക്കൊള്ളുന്നത് അനുഭവത്തിലുപരി അനുഭവവിവേചനത്തിലുള്ള കലാകാരന്റെ കഴിവാണെന്നുമാണ് നോവൽപഠനങ്ങളിലൂടെ ബാലകൃഷ്ണൻ സമർത്ഥിക്കുന്നത്.

ബാലകൃഷ്ണന്റെ നോവൽ-നാടക-സാഹിത്യചിന്തകളാണ് ഈ അദ്ധ്യായത്തിൽ വിലയിരുത്തിയത്. അദ്ദേഹത്തിന്റെ സാഹിത്യലോകത്ത് നോവൽരചനയ്ക്കും സ്ഥാനമുണ്ട്. അദ്ദേഹത്തിന്റെ സർഗ്ഗാത്മക സൃഷ്ടികളായ നോവലുകളെക്കുറിച്ചുള്ള പരിശോധനയാണ് അടുത്ത അദ്ധ്യായത്തിൽ.

## കുറിപ്പുകൾ

1. ബാലകൃഷ്ണമേനോൻ, നെടിയംവീട്ടിൽ, *നോവൽ പഠനങ്ങൾ* സമ്പാ: വത്സലൻ വാതുശ്ശേരി (കോട്ടയം: ഡി.സി. ബുക്സ്, 1989) പു. 21.
2. അച്യുതമേനോൻ, സി.പി. *സി.പി. അച്യുതമേനോന്റെ ലേഖനങ്ങൾ.* സമ്പാ: ടി.ടി. പ്രഭാകരൻ (തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1994) പു. 124, 141, 144.
3. കുമാരൻ മൂർക്കോത്ത് *ഗദ്യമഞ്ജരി* (കോഴിക്കോട്: പി.കെ. ബ്രദേഴ്സ്, 1967) പു. 42.
4. കുഞ്ഞിരാമൻനായനാർ, വേങ്ങയിൽ, *കേസരിനായനാരുടെ കൃതികൾ.* സമ്പാ: പ്രൊഫ. കെ. ഗോപാലകൃഷ്ണൻ (കോഴിക്കോട്: മാതൃഭൂമി പ്രിന്റിംഗ് ആന്റ് പബ്ലിഷിംങ് കമ്പനി-1987) പു. 42-47, 70-75.
5. ഭാസ്കരൻ, ടി. 'അഭിനവൻ' *ഭാരതീയകാവ്യശാസ്ത്രം* (തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1994 മെയ്) പു. 119.
6. ബാലകൃഷ്ണൻ, പി.കെ. 'ജീവിതവൃത്തവും പ്രതിഭയും' *കാവ്യകല കുമാരനാശാനിലൂടെ* (കോട്ടയം: ഡി.സി.ബുക്സ്, 2010 ജൂലൈ) പു. 34.

7. ബാലകൃഷ്ണൻ, പി.കെ. 'നോവലിലെ പ്രമേയചർച്ച' *നോവൽ: സിദ്ധിയും സാധനയും* (കോട്ടയം: ഡി.സി.ബുക്സ്, 2009 സപ്തംബർ) പു. 41.

8. അതേ പുസ്തകം, പു. 42.

9. സ്മിതാ രാജഗോപാൽ, 'ആധുനിക കലയിലെ ആവിഷ്കരണരീതികൾ ധർമ്മപുരാണത്തിലും പാശ്ചാത്യചിത്രകലയിലും' *ആധുനികതയുടെ ഘടകങ്ങൾ ചിത്രകലയിലും നോവലിലും*- ഗവേഷണപ്രബന്ധം (തിരുവനന്തപുരം: കേരളസർവകലാശാല പ്രസിദ്ധീകരണവിഭാഗം, 2009) പു. 65.

10. Joe Andrew, 'Fyodor Dostoevsky' *Russian Writers and Society in the Second Half of the Nineteenth Century* (London: The MacMillan Press Ltd., 1982) p. 47.

11. പണിക്കർ, ജി.എൻ. 'എന്താണ് ഡോസ്റ്റോയ്‌വ്സ്കി?' *ഡോസ്റ്റോവ്സ്കി* (കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം, നവംബർ 1980, രണ്ടാം പതിപ്പ്) പു. 284.

12. ബാലകൃഷ്ണൻ, പി.കെ. 'നല്ല നോവലും മഹത്തായ നോവലും' *പി.കെ. ബാലകൃഷ്ണന്റെ ലേഖനങ്ങൾ* (കോട്ടയം: ഡി.സി. ബുക്സ്, സപ്തംബർ 2010, മൂന്നാംപതിപ്പ്) പു. 133.

13. അതേ പുസ്തകം, പു. 132.

14. രാമചന്ദ്രൻനായർ, ജി. 'പ്രൈഡ് ആന്റ് പ്രിജുഡിസ്, *വിശ്വമഹാഗ്രന്ഥങ്ങൾ വാ. രണ്ട്* (തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1983 ഫെബ്രുവരി-രണ്ടാംപതിപ്പ്) പു. 195.

15. www.literaryhistory.com

16. http://shodhganga.inflibnet.ac.in

17. http://en.wikipedia

18. www.jasna.org

19. www.literaryhistory.com

20. http://commons.pacificu.edu/easfac

21. ബാലകൃഷ്ണൻ, പി.കെ. 'നല്ല നോവലും ധ്വനിയും' *നോവൽ സദ്ധിയും സാധനയും* (കോട്ടയം: ഡി.സി. ബുക്സ്, സപ്തംബർ 2009, രണ്ടാംപതിപ്പ്) പു. 34.

22. തരകൻ, കെ.എം. 'ആഖ്യാനവും സംഭാഷണവും', *ആധുനികനോവൽദർശനം* (കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം, ജൂലൈ 1982) പു. 157.

23. http://wikipedia.org

24. Joe Andrew, 'Fyodor Dostoevsky' *Russian Writers and Society in the Second Half of the Nineteenth Century* (London: The MacMillan Press Ltd., 1982) p. 47.

25. പണിക്കർ, ജി.എൻ. *ഡോസ്റ്റോവ്സ്കി* (കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം, നവംബർ 1980, രണ്ടാം പതിപ്പ്) പു. 322.

26. ബാലകൃഷ്ണൻ, പി.കെ. 'ജീനിയസ്സിന്റെ കാട്ടാറും ക്രാഫ്റ്റിന്റെ അണക്കെട്ടുകളും' *നോവൽ-സിദ്ധിയും സാധനയും* (കോട്ടയം: ഡി.സി. ബുക്സ്, സപ്തംബർ 2009, രണ്ടാംപതിപ്പ്) പു. 185.

27. അതേ പുസ്തകം, പു. 73.

28. ബാലകൃഷ്ണൻ, പി.കെ. അതേ പുസ്തകം, പു. 73.

29. http://shodhganga.inflibnet.ac.in

30. www.jasna.org

31. തരകൻ, കെ.എം. 'കാരമസോവ് സഹോദരന്മാർ', *വിശ്വമഹാഗ്രന്ഥങ്ങൾ വാ. രണ്ട്* (തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1983 രണ്ടാംപതിപ്പ്) പു. 182.

32. രാമചന്ദ്രൻനായർ, ജി. 'പ്രൈഡ് ആൻഡ് പ്രിജൂഡിസ്' *വിശ്വമഹാഗ്രന്ഥങ്ങൾ, വാ. രണ്ട്.* (തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, ഫെബ്രുവരി 1983, രണ്ടാംപതിപ്പ്) പു. 182.

33. ബാലകൃഷ്ണൻ. പി.കെ. 'പ്രതിഭയുടെ ഉറക്കറയിൽവെച്ചു മരിക്കുന്ന അനുഭവം' *നോവൽ-സിദ്ധിയും സാധനയും* (കോട്ടയം: ഡി.സി. ബുക്സ്, സപ്തംബർ 2009, രണ്ടാംപതിപ്പ്) പു. 133.

34. രാമചന്ദ്രൻനായർ, ജി. 'പ്രൈഡ് ആൻഡ് പ്രിജൂഡിസ്' *വിശ്വമഹാഗ്രന്ഥങ്ങൾ, വാ. രണ്ട്.* (തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, ഫെബ്രുവരി 1983, രണ്ടാംപതിപ്പ്) പു. 182.

35. www.jasna.org

36. ബാലകൃഷ്ണൻ, പി.കെ. 'നോവലിലെ പ്രമേയചർച്ച' *നോവൽ: സിദ്ധിയും സാധനയും* (കോട്ടയം: ഡി.സി.ബുക്സ്, സപ്തംബർ 2009, രണ്ടാംപതിപ്പ്) പു. 41.

37. അതേ പുസ്തകം, പു. 67.

38. സാനു, എം.കെ. 'ഏകാന്തമായ ഔന്നത്യം', *ഗ്രന്ഥാലോകം, വാ. 61, ല. 9* (ജൂലായ് 2011) പു. 10.

39. രാജശേഖരൻ, പി.കെ. (ഡോ.) വേണുഗോപാലൻ. പി. (ഡോ.) 'നഷ്ടഭാഗങ്ങൾ ചേർത്ത് ഇന്ദുലേഖ വായിക്കൂ' (മാതൃഭൂമി ആഴ്ചപ്പതിപ്പ്, 2014- ഏപ്രിൽ 13-19, ലക്കം. 4) പു. 12.

40. കൃഷ്ണപ്പിള്ള, എൻ. 'വിദേശീയ വൈദികരും മലയാളഗദ്യത്തിന്റെ പരിണാമങ്ങളും' *കൈരളിയുടെ കഥ* (എസ്.പി.പി.എസ്., ഡിസംബർ 1998) പു. 222.

41. ബാലകൃഷ്ണൻ, പി.കെ. 'കേരളത്തിലെ റിനൈസൻസ്' *ചന്തുമേനോൻ: ഒരു പഠനം* (കോട്ടയം: ഡി.സി. ബുക്സ്, 2006 ജൂലൈ) പു. 49.

42. അതേ പുസ്തകം. പു. 49.

43. ജോസഫ് മുണ്ടശ്ശേരി, 'രാജരാജന്റെ മാറ്റൊലി', *മുണ്ടശ്ശേരി കൃതികൾ* (കോട്ടയം: കറന്റ് ബുക്സ്, ഒക്ടോബർ, 1981), പു. 146.

44. സുകുമാർ അഴീക്കോട്. 'മലയാളഗദ്യത്തിന്റെയും വിമർശനത്തിന്റെയും പിതാവ്' *മലയാളസാഹിത്യ വിമർശനം* (കോട്ടയം: ഡി.സി. ബുക്സ്, 2010 ഏപ്രിൽ, ആറാം പതിപ്പ്) പു. 47.

45. കേരളവർമ്മ വലിയകോയിത്തമ്പുരാൻ. 'അവതാരിക', *അക്ബർ* (തിരുവനന്തപുരം: വി.വി. ബുക്ഡിപ്പോ, 1995) പു. 14.

46. ബാലകൃഷ്ണൻ, പി.കെ. 'കേരളത്തിലെ റിനൈസൻസ്' *ചന്തുമേനോൻ: ഒരു പഠനം* (കോട്ടയം: ഡി.സി. ബുക്സ്, 2006 ജൂലൈ) പു. 58.

47. തോമസ്, കെ.വി. 'കേരളീയനവോത്ഥാനവും മലയാളനോവലും', *നഗരത്തിൽ പറഞ്ഞ സുവിശേഷം* (കോഴിക്കോട്: ലിപി പബ്ലിക്കേഷൻസ്, ആഗസ്ത്, 2003), പു. 25.

48. ബാലകൃഷ്ണൻ, പി.കെ. 'ഇംഗ്ലീഷ്-മാജിക് വാന്റും ഫിലോസഫിയും' *ചന്തുമേനോൻ: ഒരു പഠനം* (കോട്ടയം: ഡി.സി. ബുക്സ്, 2006 ജൂലൈ), പു. 69.

49. ശങ്കരൻ തായാട്ട്. '*ഇന്ദുലേഖ*യും ഇംഗ്ലീഷുകാരും' *തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ* (തൃശൂർ: കേരളസാഹിത്യ അക്കാദമി, മാർച്ച്, 1990) പു. 63.

50. ബാലകൃഷ്ണൻ, പി.കെ. 'ഇംഗ്ലീഷ്-മാജിക് വാന്റും ഫിലോസഫിയും' *ചന്തുമേനോൻ: ഒരു പഠനം* (കോട്ടയം: ഡി.സി. ബുക്സ്, 2006 ജൂലൈ), പു. 70.

51. പോൾ, എം.പി. 'ഭാഷാനോവൽ-ചന്തുമേനോൻ' *നോവൽ സാഹിത്യം* (കോട്ടയം: സാഹിത്യ പ്രവർത്തകസഹകരണസംഘം, 1969 ഡിസംബർ) പു. 185.

52. ബാലകൃഷ്ണൻ, പി.കെ. '*ഇന്ദുലേഖ*യിൽനിന്നും ശാരദയിലേക്ക്' *ചന്തുമേനോൻ: ഒരു പഠനം* (കോട്ടയം: ഡി.സി. ബുക്സ്, 2006 ജൂലൈ) പു. 127.

53. ശരച്ചന്ദ്രൻ, കെ.പി. 'ഒരു സാംസ്കാരിക സംഘട്ടനത്തിന്റെ കഥ' *ഒ. ചന്തുമേനോൻ-അരങ്ങും അണിയറയും* (തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2013 ആഗസ്ത്, മൂന്നാം പതിപ്പ്) പു. 14.

54. പണിക്കർ, കെ.എൻ. 'പുതിയ സാംസ്കാരികാഭിരുചിയുടെ നിർമ്മിതി: പത്തൊമ്പതാം നൂറ്റാണ്ടിലെ ഒരു മലയാള നോവലിന്റെ വായന', *സംസ്കാരവും ദേശീയതയും* (തൃശ്ശൂർ: കറന്റ്ബുക്സ്, ഡിസംബർ 2010, മൂന്നാം പതിപ്പ്) പു. 134, 135.

55. ബാലകൃഷ്ണൻ, പി.കെ. 'ഇംഗ്ലീഷ്-മാജിക് വാന്റും ഫിലോസഫിയും' *ചന്തുമേനോൻ: ഒരു പഠനം* (കോട്ടയം: ഡി.സി. ബുക്സ്, 2006 ജൂലൈ), പു. 73, 74.

56. പോൾ, എം.പി. 'ഭാഷാനോവൽ' *നോവൽ സാഹിത്യം* (കോട്ടയം: സാഹിത്യപ്രവർത്തകസഹ കരണസംഘം, 1969 ഡിസംബർ) പു. 186.

57. ബാലകൃഷ്ണൻ, പി.കെ. 'ശപിക്കപ്പെട്ട പതിനെട്ടാമദ്ധ്യായം' *ചന്തുമേനോൻ: ഒരു പഠനം* (കോട്ടയം: ഡി.സി. ബുക്സ്, 2006 ജൂലൈ), പു. 78.

58. രാജഗോപാലൻ, ഇ.പി. (എഡി.). *ഇന്ദുലേഖ-വായനയുടെ ദിശകൾ* (തൃശൂർ: കേരളസാ ഹിത്യ അക്കാദമി, മാർച്ച്, 2001) പു. 127.

59. കുമാരൻ മൂർക്കോത്ത്, 'അനുബന്ധം- ഇന്ദുലേഖാ' *ഒയ്യാരത്തു ചന്തുമേനോൻ* (തൃശൂർ: കേരളസാഹിത്യ അക്കാദമി, മാർച്ച്, 1996) പു. 151.

60. ബാലറാം, എം.പി. 'പതിനെട്ടാം അദ്ധ്യായത്തിന്റെ രാഷ്ട്രീയ മൂല്യം' *ഇന്ദുലേഖ വർത്തമാന പാഠങ്ങൾ* (കണ്ണൂർ: കോറസ്സ്, അഗസ്ത്, 2015) പു. 32.

61. പണിക്കർ, കെ.എൻ. 'പുതിയ സാംസ്കാരികാഭിരുചിയുടെ നിർമ്മിതി: പത്തൊമ്പതാം നൂറ്റാണ്ടിലെ ഒരു മലയാള നോവലിന്റെ വായന', *സംസ്കാരവും ദേശീയതയും* (തൃശ്ശൂർ: കറന്റ്ബുക്സ്, ഡിസംബർ 2010, മൂന്നാം പതിപ്പ്) പു. 134.

62. ശരച്ചന്ദ്രൻ. കെ.പി. 'ഒരു സാംസ്കാരിക സംഘട്ടനത്തിന്റെ കഥ' *ഒ. ചന്തുമേനോൻ-അരങ്ങും അണിയറയും* (തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2013 ആഗസ്ത്, മൂന്നാം പതിപ്പ്) പു. 31.

63. കുമാരൻ മൂർക്കോത്ത്. 'സ്വഭാവവൈശിഷ്ട്യങ്ങൾ', *ഒയ്യാരത്തു ചന്തുമേനോൻ* (തൃശ്ശൂർ: കേരളസാഹിത്യഅക്കാദമി, മാർച്ച് 1996), പു. 49.

64. ബാലകൃഷ്ണൻ, പി.കെ. '*ഇന്ദുലേഖ*യിൽ നിന്നും ശാരദയിലേക്ക്' *ചന്തുമേനോൻ ഒരു പഠനം* (കോട്ടയം: ഡി.സി. ബുക്സ്, 2006 ജൂലൈ), പു. 122.

65. അതേ പുസ്തകം, പു. 127.

66. ബാലകൃഷ്ണൻ, പി.കെ. 'സ.വി. എന്ന നോവലിസ്റ്റ്' *പി.കെ. ബാലകൃഷ്ണന്റെ ലേഖനങ്ങൾ* (കോട്ടയം: ഡി.സി. ബുക്സ്, സപ്തംബർ 2010, മൂന്നാംപതിപ്പ്) പു. 138.

67. അതേ പുസ്തകം, പു. 144.

68. ബാലകൃഷ്ണൻ, പി.കെ. 'ഇംഗ്ലീഷ്-മാജിക് വാന്റും ഫിലോസഫിയും' *ചന്തുമേനോൻ: ഒരു പഠനം* (കോട്ടയം: ഡി.സി. ബുക്സ്, 2006 ജൂലൈ), പു. 63.

69. അതേ പുസ്തകം, പു. 69.

70. പോൾ, എം.പി. 'വസ്തുവിഭാഗം' *നോവൽ സാഹിത്യം* (കോട്ടയം: സാഹിത്യപ്രവർത്തകസഹകരണസംഘം, 1969 ഡിസംബർ) പു. 117.

71. ബാലകൃഷ്ണൻ, പി.കെ. 'നല്ല നോവലും മഹത്തായ നോവലും' *പി.കെ. ബാലകൃഷ്ണന്റെ ലേഖനങ്ങൾ* (കോട്ടയം: ഡി.സി. ബുക്സ്, സപ്തംബർ 2010, മൂന്നാംപതിപ്പ്) പു. 130.

72. അതേ പുസ്തകം, പു. 135.

73. അതേ പുസ്തകം, പു. 127.

74. ബാലകൃഷ്ണൻ, പി.കെ. 'എന്താണു നോവൽ' *ചന്തുമേനോൻ: ഒരു പഠനം* (കോട്ടയം: ഡി. സി. ബുക്സ്, 2006 ജൂലൈ), പു. 91.

75. പോൾ, എം.പി. 'പാത്രവിവരണം' *എം.പി. പോളിന്റെ സമ്പൂർണ്ണകൃതികൾ വാ. ഒന്ന്*. എഡി. ഡോ. കെവി. തോമസ് (കോഴിക്കോട്: മീഡിയ ഹൗസ്, 2012) പു. 112.

76. ബാലകൃഷ്ണൻ, പി.കെ. 'എന്താണു നോവൽ' *ചന്തുമേനോൻ: ഒരു പഠനം* (കോട്ടയം: ഡി. സി. ബുക്സ്, 2006 ജൂലൈ) പു. 92.

77. അതേ പുസ്തകം, പു. 115.

78. അതേ പുസ്തകം, പു. 129.

79. അതേ പുസ്തകം, പു. 92.

80. www.storyinsight.com

81. ബാലകൃഷ്ണൻ, പി.കെ. 'നല്ല നോവലും മഹത്തായ നോവലും' *പി.കെ. ബാലകൃഷ്ണന്റെ ലേഖനങ്ങൾ* (കോട്ടയം: ഡി.സി. ബുക്സ്, സപ്തംബർ 2010, മൂന്നാംപതിപ്പ്) പു. 130.

82. വിജയൻ, എം.എൻ. 'കലയിലെ സ്വാതന്ത്ര്യം' *കലയും ജീവിതവും* (തിരുവനന്തപുരം: ചിന്ത പബ്ലിഷേഴ്സ്, മാർച്ച് 1998) പു. 100.

83. ബാലകൃഷ്ണൻ, പി.കെ. 'കലയും സാമൂഹ്യവിപ്ലവവും' *ചന്തുമേനോൻ ഒരു പഠനം* (കോട്ടയം: ഡി.സി. ബുക്സ്, ജൂലൈ 2006), പു. 87.

84. ബാലകൃഷ്ണൻ, പി.കെ. 'ചന്തുമേനോനും സാമൂഹികപശ്ചാത്തലവും' *പി.കെ. ബാലകൃഷ്ണന്റെ ലേഖനങ്ങൾ* (കോട്ടയം: ഡി.സി. ബുക്സ്, സപ്തംബർ 2010, മൂന്നാംപതിപ്പ്) പു. 145.

85. അതേ പുസ്തകം, പു. 148.

86. ബാലകൃഷ്ണൻ, പി.കെ. 'ചന്തുമേനോനും സാമൂഹികപശ്ചാത്തലവും' *പി.കെ. ബാലകൃഷ്ണന്റെ ലേഖനങ്ങൾ* (കോട്ടയം: ഡി.സി. ബുക്സ്, സപ്തംബർ 2010, മൂന്നാംപതിപ്പ്) പു. 157.

87. ബാലകൃഷ്ണൻ, പി.കെ. 'ദുരന്തത്തിലേക്ക് തുറന്നുവെച്ച വാതിൽ' *സി.ജെ. തോമസ്സും സി. ജെ. തോമസ്സും* (കോട്ടയം: സാഹിത്യപ്രവർത്തകസഹകരണസംഘം, നവംബർ 2016) പു. 47.

88. ബാലകൃഷ്ണൻ, പി.കെ. 'നാടകസാഹിതിയും സി.ജെ. തോമസ്സും' *പി.കെ. ബാലകൃഷ്ണന്റെ ലേഖനങ്ങൾ* (കോട്ടയം: ഡി.സി. ബുക്സ്, സപ്തംബർ 2010, മൂന്നാംപതിപ്പ്) പു. 57.

89. അതേ പുസ്തകം, പു. 61.

90. അതേ പുസ്തകം, പു. 78.

91. അതേ പുസ്തകം, പു. 111.

92. അയ്യപ്പപണിക്കർ, കെ. 'സിഎന്നും നാടകത്തിന്റെ രാഷ്ട്രീയവും' *സി.എൻ. ശ്രീകണ്ഠൻനായർ ഓർമ്മയിലും പാഠത്തിലും* (തൃശൂർ: കേരള സാഹിത്യ അക്കാദമി, 2005 സപ്തംബർ), പു. 25.

93. രാജൻ, എൻ. 'ആമുഖപഠനം' *സി.എൻ. ശ്രീകണ്ഠൻ നായരുടെ നാടകങ്ങൾ- ഗവേഷണപ്രബന്ധം* (കോഴിക്കോട്: മലയാളവിഭാഗം, 1993, കോഴിക്കോട് സർവ്വകലാശാല), പു. 15.

അദ്ധ്യായം നാല്

# ബാലകൃഷ്ണന്റെ നോവൽരചനകൾ

നോവൽസാഹിത്യവുമായി അടുത്തബന്ധമുള്ളതാണ് ബാലകൃഷ്ണന്റെ സാഹിത്യജീവിതം. പാശ്ചാത്യനോവലുകളുമായിട്ടുള്ള നിരന്തരസമ്പർക്കം അദ്ദേഹത്തിന്റെ ലേഖനങ്ങളിൽ വ്യക്തമാണ്. ഡോസ്റ്റോയ്‌വ്സ്കിയുടെ ഒരു ലഘുനോവൽ അദ്ദേഹം പരിഭാഷപ്പെടുത്തിയതായി പറയുന്നു[1]. ബാലകൃഷ്ണന്റെ *ചന്തുമേനോൻ ഒരു പഠനം*, *നോവൽ-സിദ്ധിയും സാധനയും* എന്നീ നോവൽപഠനഗ്രന്ഥങ്ങളെക്കുറിച്ച് മുൻപ് വിവരിച്ചുകഴിഞ്ഞു. നോവലുകളിലെ ഇതിവൃത്തം, ആഖ്യാനം, പാത്രസൃഷ്ടി എന്നീ ഘടകങ്ങളെക്കുറിച്ച് തന്റേതായ ചില നിഗമനങ്ങൾ അദ്ദേഹം സ്വരൂപിക്കുന്നതായി കാണാം.

ബാലകൃഷ്ണന്റെ സർഗ്ഗാത്മകരചനാലോകത്ത് നോവൽരചനയക്കും പ്രാധാന്യമുണ്ട്. സ്വന്തമായ രണ്ടു നോവലുകൾ അദ്ദേഹത്തിന്റേതായിട്ടുണ്ട്. 1965-ൽ പ്രസിദ്ധീകരിച്ച സാമൂഹ്യപരിഹാസനോവലായ *പ്ലൂട്ടോ പ്രിയപ്പെട്ട പ്ലൂട്ടോ*, 1973 ൽ പ്രസിദ്ധീകരിച്ച ഇതിഹാസകഥാഖ്യാനമായ *ഇനി ഞാൻ ഉറങ്ങട്ടെ* എന്നിവയാണ് അവ. ആദ്യനോവൽ അപ്രശസ്തമെങ്കിലും രണ്ടാമത്തേത് ഇതിഹാസനോവൽ എന്ന നിലയിൽ മലയാളനോവൽസാഹിത്യത്തിലെ മികച്ച നോവലുകളിൽ ഒന്നായി പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നു. രണ്ടുനോവലുകളിലും നോവലിസ്റ്റിലെ സാമൂഹികവിമർശന കാഴ്ചപ്പാട് വ്യക്തമാണ്. കഥാഖ്യാനം, പാത്രസൃഷ്ടി എന്നീ ഘടകങ്ങളിലും നോവലിസ്റ്റ് കൈക്കൊണ്ട രീതികൾ ശ്രദ്ധിക്കപ്പെടേണ്ടതാണ്. നോവലിലെ അത്തരം ഘടകങ്ങളെക്കുറിച്ചുള്ള ഒരു അവലോകനമാണ് ഈ അദ്ധ്യായം.

## 4.1.0 ഇതിഹാസകാഥാഖ്യാനത്തിന്റെ പ്രസക്തി

സർഗ്ഗപ്രതിഭകളുടെ അന്വേഷണത്വര ശമിപ്പിക്കാൻ മതിയായ ഫലങ്ങൾ നൽകാൻ കഴിവുള്ള രത്നഖനികളാണ് ഇതിഹാസങ്ങൾ. പ്രതിഭകൾ അവരുടെ കഴിവും താൽപ്പര്യവുമനുസരിച്ച് അവയിൽ പ്രവേശിക്കുകയും അങ്ങനെ അത്ഭുതകരങ്ങളായ സൃഷ്ടിപ്രക്രിയകളിൽ ഏർപ്പെടുകയും ചെയ്തതിന്റെ ഫലമാണ്

മികച്ച സാഹിത്യകൃതികൾ പലതും. ലോകേതിഹാസങ്ങളിൽ ഏറ്റവും ബൃഹത്തും മഹത്തുമായ മഹാഭാരതകഥ ഇന്നും കലാകാരന്മാർക്ക് പ്രചോദനമാണ്. "പൂർണ്ണതതേടിയ ഇത്രയേറെ കഥാപാത്രങ്ങളെ തമ്മിലിണക്കി സൃഷ്ടിച്ച അത്ഭുതകരമായ അനന്തത സാഹസികരെ കൂടുതൽ കൂടുതൽ ആകർഷിച്ചുകൊണ്ടിരിക്കുന്നു"[2]. അതുകൊണ്ടുതന്നെ ഭാരതത്തിലെ വിവിധ ഭാഷകളിൽ പല തരത്തിലുള്ള പരിഭാഷകളും സ്വതന്ത്രകൃതികളുമായി മഹാഭാരതത്തെ ഉപജീവിച്ച് സാഹിത്യകൃതികൾ രചിക്കപ്പെടുന്നുണ്ട്.

### 4.1.1 ഇതിഹാസത്തിൽ നിന്നുള്ള നോവൽ

പി.കെ. ബാലകൃഷ്ണന്റെ *ഇനി ഞാൻ ഉറങ്ങട്ടെ* എന്ന നോവൽ അത്തരത്തിൽപ്പെട്ടതാണ്. മഹാഭാരതത്തിലെ കർണ്ണന്റെ ജനനം മുതൽ മരണം വരെയുള്ള പ്രധാന മുഹൂർത്തങ്ങൾ വ്യത്യസ്തമായി അവതരിപ്പിക്കുകയാണദ്ദേഹം ചെയ്യുന്നത്. കർണ്ണന്റെയും ദ്രൗപദിയുടെയും വിചിത്രമായ അടുപ്പത്തിന്റെയും അകൽച്ചയുടെയും കഥ ഇതിൽ ഉൾച്ചേർന്നിരിക്കുന്നുണ്ട്. മനുഷ്യജീവിതത്തിലെ അലംഘനീയമായ വിധിയുടെ വിവിധവശങ്ങൾ കാണിക്കുന്നതിനുവേണ്ടി പ്രതീകങ്ങളും പ്രതിബിംബങ്ങളും ഉപയോഗിച്ച് ഇതിഹാസാന്തരീക്ഷം സൃഷ്ടിച്ചുകൊണ്ടാണ് നോവലിസ്റ്റ് കഥ അവതരിപ്പിക്കുന്നത്.

### 4.1.2 ആഖ്യാനരീതി

ഇതിഹാസകൃതിയായ മഹാഭാരതത്തിൽ ആവിഷ്കരിക്കപ്പെട്ടിട്ടുള്ള വർണ്ണനാത്മകവും തത്വചിന്താപരവുമായ[3] ആഖ്യാനരീതികൾ തന്നെയാണ് നോവലിസ്റ്റും പിന്തുടരുന്നത്. പ്രമേയം, കഥാപാത്രസൃഷ്ടിവൈഭവം, ആഖ്യാനം എന്നിവയാൽ സമാകർഷകമാണ് നോവൽ. പുസ്തകത്തിന്റെ ഇതിവൃത്തഘടന, സ്വരൂപം എന്നിവയെ സമഗ്രഭാവത്തിൽ കാണാൻ കഴിയുന്നതേയില്ല[4] എന്ന് നോവലിസ്റ്റ് പറയുന്നത് ആഖ്യാനരീതികളിലെ വ്യത്യസ്തതയെക്കുറിച്ചാണ്.

ബോധധാരാസമ്പ്രദായരീതിയിലുള്ള സാങ്കേതികസമ്പ്രദായമാണ് നോവലിനുള്ളത്. ദ്രൗപദിയുടെ വിചാരധാരയിൽ കർണ്ണകഥാപാത്രത്തിനു ക്രമേണയുണ്ടാ

കുന്ന ഭാവവ്യത്യാസമാണ് നോവലിലെ പ്രമേയം. *മഹാഭാരത*വുമായുണ്ടായ പരിചയത്തിൽ സൃഷ്ടിച്ചെടുത്ത ഒരു സാങ്കൽപ്പികകഥാപാത്രമാണിതെന്ന് നോവലിസ്റ്റു തന്നെ പറയുന്നത് കഥാപാത്രസൃഷ്ടിയിൽ അദ്ദേഹം കൈക്കൊണ്ട സ്വാതന്ത്ര്യത്തെക്കുറിച്ചാണ്[5]. കാലക്രമമനുസരിച്ച് കഥ വിവരിക്കുന്ന രീതിയല്ല നോവലിസ്റ്റ് അവലംബിച്ചിരിക്കുന്നത്. കഥാപാത്രങ്ങളുടെ ഓർമ്മയിലുണരുന്ന ഭൂതകാലസംഭവങ്ങളിലൂടെയാണ് കഥ നീങ്ങുന്നത്. നോവൽ സംഭവബഹുലമല്ല എന്നർത്ഥം. മഹാഭാരതയുദ്ധാനന്തരമുള്ള കുറച്ചു കാര്യങ്ങൾ മാത്രമാണ് നോവലിലുള്ളത്. യുദ്ധാനന്തരം സഞ്ജയനും നാരദനും പറയുന്ന കാര്യങ്ങളിലൂടെ കഥാപാത്രങ്ങൾ കർണ്ണനെ ഓർക്കുകയാണ്.

തന്റെ സാഹിത്യസങ്കൽപ്പങ്ങൾ മനസ്സിൽവെച്ചുകൊണ്ട്, കുട്ടികൃഷ്ണമാരാരുടെ *ഭാരതപര്യടന*ത്തിലെ രംഗങ്ങൾ കഥയോട് ചേർത്ത് രചിക്കുക എന്ന നോവലിസ്റ്റിന്റെ ശക്തിമത്തായ ആഗ്രഹഫലമാണ് ഈ നോവൽ. കുഞ്ഞിക്കുട്ടൻതമ്പുരാന്റെ *ഭാഷാഭാരതവിവർത്തന*മാണ് അദ്ദേഹം അതിനുവേണ്ടി ഉപയോഗിച്ചത്. “മഹത്തായ സാഹിത്യത്തിന്റെ പ്രത്യേകമായ അന്തരീക്ഷത്തിൽ ശ്വസിക്കാൻ കഴിഞ്ഞിട്ടുള്ളവർക്കനുഭവപ്പെടുന്ന അസ്വാസ്ഥ്യകരമായ ഒരുതരം അസ്പഷ്ടതയുണ്ട്”[6] എന്ന് ബാലകൃഷ്ണൻ മഹത്തായ കൃതികളുടെ പ്രത്യേകതകളെക്കുറിച്ച് വിവരിക്കുന്നുണ്ട്. ഇപ്രകാരമുള്ള ആശയം ധ്വനിപ്പിക്കുന്ന സന്ദർഭങ്ങൾ ഗ്രന്ഥാരംഭത്തിൽത്തന്നെകാണാം. കഥാപാത്രങ്ങളുടെ വിചാരധാര ആരംഭിക്കുമ്പോൾത്തന്നെ മഹാഭാരതകഥാപാത്രങ്ങളുടേതായ ഗഹനതയും ദുരൂഹതയും പ്രകടമാണ്. മനുഷ്യലോകത്തിൽ വിശ്വസിക്കാവതായി, സത്യമായി യാതൊന്നാണുള്ളത് എന്ന അശ്വത്ഥാമാവിന്റെ വാക്കുകൾ ഉദ്ധരിക്കുന്നത്[7], ഇതിഹാസനോവലുകളിലെ പ്രതിപാദ്യവിഷയത്തോട് ബന്ധം പുലർത്തുന്ന ദാർശനികസമസ്യ ഗ്രന്ഥത്തിൽ ചേർക്കുന്നതിനുവേണ്ടിയാണ്. അതുപോലെ, കുന്തി തന്റെ പൂർവ്വകഥ പറയുമ്പോൾ നോവലിസ്റ്റ് അതിന്റെ അഖ്യാനം നിർവ്വഹിക്കുന്നത്: “നട്ടുച്ചസ്ഥാനത്തു നിന്നു ജ്വലിക്കുന്ന സൂര്യബിംബത്തെ മുഖമുയർത്തി ഒന്നു നോക്കാൻ ശ്രമിച്ച ദ്രൗപദി സഹിക്കവയ്യാത്ത ആഘാതമേറ്റപോലെ പിടഞ്ഞ് ദൃഷ്ടി പിൻവലിച്ചു. മുകളിലേക്കുയർന്ന കുന്തിയുടെ

കണ്ണുകൾ ആ തേജോഗോളത്തിൽ നിഷ്പന്ദമായി തങ്ങിനിൽക്കുന്ന കാഴ്ചകണ്ട് അവൾ വിസ്മിതയായി... കുന്തി തന്റെ അവസ്ഥ വിവരിച്ചു. ഹൃദയത്തിൽ ഒന്നും, മുഖത്തു മറ്റൊന്നുമായി ആത്മവഞ്ചന നിറഞ്ഞ തന്റെ ജീവിതം അന്നു തുടങ്ങിയ താണ്. മനസ്സിൽ അഗ്നിപർവ്വതം പുകഞ്ഞു. എന്നാൽ മുഖത്ത് സ്നിഗ്ധമായ മന്ദ ഹാസവുമായി ജീവിച്ചു"[8] ഇപ്രകാരമാണ്. വിധിയുടെ മുമ്പിലെ മനുഷ്യന്റെ നിസ്സ ഹായാവസ്ഥ വായനക്കാരന്റെ ആസ്വാദനനിലവാരമനുസരിച്ച് ഉൾക്കൊള്ളാൻ കഴി യുന്ന തരത്തിൽ നോവലിൽ ആദ്യാവസാനം നിലനിർത്തിയിരിക്കുന്നു.

#### 4.1.2.1 ഭാഷയും ആഖ്യാനവും

നോവലിലെ ഭാഷാശൈലി വിമർശകരിൽ പല തരത്തിലുള്ള അഭിപ്രായഭേദ ങ്ങൾക്കു കാരണമായതാണ്. ചിലർ ഇതിലെ ഭാഷയിൽ നിയോക്ലാസിക്ക് പ്രവണത ദർശിക്കുന്നു[9]. ചില രംഗങ്ങൾ ആഖ്യാനത്തിനു ഭംഗം വരുത്തുന്നുണ്ട്. അഭിരുചി വൈവിധ്യം അഭിപ്രായവ്യത്യാസത്തിനു കാരണമാകുമെങ്കിലും നോവലിലെ ചില ഭാഗങ്ങൾ അവ്യക്തഭാഷണരീതി അവലംബിക്കുന്നത് വഴിയെ വ്യക്തമാക്കുന്നുണ്ട്. എങ്കിലും അമൂർത്താശയങ്ങളായ സത്യത്തെയും കർമ്മത്തെയും വിധിയെയും ആവിഷ്കരിക്കാൻ അമൂർത്താശയദ്യോതകമായ ഭാഷതന്നെ വേണം എന്നത് നോവൽ തെളിയിക്കുന്നു.

നിദ്ര എന്ന ജീവശാസ്ത്രപരമായ മനുഷ്യന്റെ മാനസികാവസ്ഥയിൽ നോവ ൽകഥാപാത്രങ്ങളിൽ ദൃശ്യമാകുന്ന രംഗങ്ങൾ വായനക്കാരെ ഭ്രമാത്മകമായ അവ സ്ഥയിലെത്തിക്കുന്നു. അവ പലപ്പോഴും ജീവിതയാഥാർത്ഥ്യത്തേക്കാൾ തീക്ഷ്ണ തയേറിയതായി മാറുന്നു. നോവൽ മൂന്നാമദ്ധ്യായത്തിൽ കർണ്ണന്റെ പ്രവൃത്തികാ രണം പാണ്ഡവർക്കുണ്ടായ വിഷമതകൾ എണ്ണിയെണ്ണി ഭീമൻ പറയുമ്പോഴും യുധിഷ്ഠിരന്റെ നീതിയുടെ തുലാസ്സിൽ കർണ്ണസ്നേഹം ഭാരം വർദ്ധിപ്പിക്കുന്നു. യുധിഷ്ഠിരനിലെ യഥാർത്ഥ മനുഷ്യനെ പൂർണ്ണതയോടെ അവതരിപ്പിക്കുകയാണ് നോവലിസ്റ്റ്. ഭീമാർജ്ജുനന്മാരുടെ ശരി തന്റെ ശരിയുമായി ചേർത്തു ചിന്തിക്കു മ്പോൾ ശരിതെറ്റുകളുടെ ലോകം ഒന്നുതന്നെയോ എന്ന പ്രശ്നചിന്ത യുധിഷ്ഠിര നിൽ നാമ്പെടുക്കുന്നു. ധർമ്മാധർമ്മബോധത്തിനും ഹൃദയത്തിന്റെ ആഗ്രഹങ്ങൾക്കു

മപ്പുറം സത്യം ചിറകറ്റുവീണു കിടക്കുന്നത് യുധിഷ്ഠിരനിലൂടെ നോവലിസ്റ്റ് അവ തരിപ്പിക്കുന്നത് ഒരു ചിറകറ്റ പക്ഷിയോട് സാമ്യപ്പെടുത്തിയാണ്. "അങ്ങകലെ മര പ്പൊത്തിലെ കൂട്ടിൽ കുഞ്ഞുങ്ങൾ ആഹാരവും പാർത്തു കരഞ്ഞുകരഞ്ഞു മരിച്ചു കൊണ്ടിരിക്കുന്നു... പാവം പക്ഷി! അതു രണ്ടു ചിറകുകളുമറ്റു തറയിൽ കിട ക്കുന്നു!"[10]

സ്വന്തം ജ്യേഷ്ഠൻ തങ്ങൾക്കു ഭിക്ഷ നൽകിയ ജീവിതമാണ് പാണ്ഡവർ ജീവിച്ചുതീർക്കുന്നത് എന്ന ചിന്തയാണ് ചിറകറ്റ പക്ഷിയാക്കി യുധിഷ്ഠിരനെ മാറ്റുന്നത്. മനുഷ്യസ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും പാഠം അനുവാചകരി ലേക്ക് പ്രത്യേക ആഖ്യാനരീതിയുപയോഗിച്ച് പകർത്തുകയാണ് നോവലിസ്റ്റ്. "സഹജന്റെ സംരക്ഷണം ഓരോരുത്തരുടെയും ധർമ്മമാണെന്ന് ദ്യോതിപ്പിക്കുകയും അതിനു കഴിയാതെ വരുന്ന യുധിഷ്ഠിരന്റെ ശൂന്യത വ്യക്തമാക്കുകയുമാണ് ഇത്തരം സന്ദർഭങ്ങളിലൂടെ" നോവലിസ്റ്റ് ചെയ്തതെന്ന് ഡോ. ഇ. ബാനർജി അഭിപ്രായപ്പെ ടുന്നുണ്ട്[11]. ബാഹ്യമനുഷ്യനപ്പുറമുള്ള യാഥാർത്ഥ മനുഷ്യനാണ് ഇവിടെ ചിത്രീക രിക്കപ്പെടുന്നത്.

യുധിഷ്ഠിരന്റെ ബോധം ധാരധാരയായി ഭൂതകാലത്തിലേക്ക് പ്രവഹിക്കുന്ന കാഴ്ചയും കാണാം. അവയിൽ ആയുധവിദ്യാപ്രദർശനരംഗത്ത് കുന്തി മൂർഛിച്ചു കിടക്കുന്ന ഒരു സംഭവത്തിൽക്കൂടി മഹാദുഃഖത്താൽ പ്രകാശിക്കുന്ന അമ്മയുടെ ആത്മഗതഭാവത്തിന്റെ പൊരുൾ തേടുകയാണയാൾ. ഈ ഭാഗത്ത് യുധിഷ്ഠിരന്റെ യും ദ്രൗപദിയുടെയും ഭയചകിതചിന്തകളെ സർപ്പബിംബത്തോട് ചേർത്തുകൊണ്ട് വിവരിക്കുന്നതു കാണാം. അർജ്ജുനനു നേരെ കർണ്ണൻ പ്രയോഗിച്ച സർപ്പമുഖ ബാണമാകാം ഇത്തരത്തിലുള്ള ചിന്ത വരാൻ കാരണം. യുധിഷ്ഠിരവിചാരത്തിന്റെ തുടർച്ചയെന്നോണം കർണ്ണശരത്താൽ ശിരസ്സറ്റ അർജ്ജുനജഡം കണ്ട് വീണ്ടും അവൻ നടുങ്ങുന്നതായി ദ്രൗപദിക്കു തോന്നുന്നു.

നോവൽഭാഗം സ്വപ്നചിന്താധാരകൾകൊണ്ട് യാഥാർത്ഥ്യത്തേക്കാൾ മിക ച്ചതാക്കാൻ നോവലിസ്റ്റിനു കഴിഞ്ഞിരിക്കുന്നു. വായനക്കാരുടെ സൗന്ദര്യബോ

ധവും സാഹിത്യാസ്വാദനനിലവാരവും കണക്കിലെടുത്തുകൊണ്ടാണ് ഈ വിചാര ധാര കൃതിയിലുടനീളം നിബന്ധിച്ചിരിക്കുന്നത്. ദ്രൗപദിയിലൂടെ പാപചിന്ത നീളു കയാണ്. "വർത്തമാനകാലധർമ്മം അനുഷ്ഠിക്കുന്ന മിത്തിലൂടെ ജീവിതസത്യം അന്വേഷിച്ച നോവലിസ്റ്റ് ഇതിഹാസകഥയ്ക്ക് സംഘർഷാത്മകമായ ആധുനികജീവി തത്തിന്റെ മുഖം കൊടുക്കുന്നു[12] എന്നിങ്ങനെ ഈ രംഗത്തെ നിരീക്ഷിക്കപ്പെടു ന്നത് അതുകൊണ്ടാണ്. ഏതു കാലത്തും ജാതീയമായ വിവേചനം കർണ്ണൻമാർ നേരിടുന്നത് നോവലിസ്റ്റ് കാണിച്ചുതരുന്നത് ഇത്തരം സന്ദർഭങ്ങളിൽക്കൂടിയാണ്.

#### 4.1.2.2 കുന്തിയുടെ രഹസ്യം

ചിന്താഗ്രസ്തനായ യുധിഷ്ഠിരനെ, മനോവേദനയാകുന്ന കൂർത്ത മുന കൾകൊണ്ടു തീർത്ത ശരശയനത്തിൽ, കണ്ടുകൊണ്ടിരിക്കുന്ന ദ്രൗപദിയുടെ മന സ്സിൽ പ്രപഞ്ചത്തിലെ വലിയൊരു ചോദ്യവുമായി കുന്തി പ്രത്യക്ഷപ്പെടുന്നുണ്ട്. ദ്രൗപദി ചോദിക്കുന്നു: "അമ്മേ ലോകവിനാശം കുറിച്ച നിന്റെ രഹസ്യമെന്താണ്? സർവനാശത്തിന്റെ കരിനിഴൽ കണ്ടിട്ടുപോലും ചലിക്കാതെ നിന്റെ ചുണ്ടുകൾക്കു സൂക്ഷിക്കേണ്ടി വന്ന ഭയങ്കരമായ രഹസ്യമെന്താണ്?"[13].

ഉത്തരമില്ലാത്ത സ്വന്തം ചോദ്യംതന്നെ കേട്ടു ഞെട്ടിയ അവൾ ജീവിതമരണ ങ്ങൾക്കിടയിൽ ജീവിതവും മരണവുമല്ലാത്ത മേഖലയുണ്ടോ എന്നു സന്ദേഹിക്കുക യാണ്. സർവനാശത്തിന്റെയും കരിനിഴൽ കണ്ടിട്ടുപോലും ചലിക്കാത്ത കുന്തിയുടെ ചുണ്ടുകളുടെ രഹസ്യമാണവൾ അന്വേഷിക്കുന്നത്.

നോവലിൽ ആസ്വാദനത്തിന് അസ്വാരസ്യമുണ്ടാക്കുന്ന ചില വർണ്ണനകൾ കാണാം. അവ ആഖ്യാനത്തിന്റെ ഒഴുക്കു തടസ്സപ്പെടുത്തുന്നുണ്ട്. കഥാഘടനയിൽ പിരിമുറുക്കം സൃഷ്ടിക്കാൻ ലക്ഷ്യംവെച്ചാകാം നോവലിസ്റ്റ് കുന്തിയുടെ ബാല്യ കാലകഥകൾ നോവലിൽ ഘടിപ്പിച്ചിരിക്കുന്നത്. എന്നാൽ അവ പലപ്പോഴും അവ്യ ക്തവും അനാവശ്യവർണ്ണനകളാൽ അർത്ഥക്ലിഷ്ടതയുള്ളതായി മാറുകയും ചെയ്യു ന്നു. അതേ പ്രശ്നംതന്നെ നോവലിലെ നാരദയുധിഷ്ഠിര സമാഗമത്തിലും അനുഭ വപ്പെടുന്നുണ്ട്. ലളിതമായ ആശയങ്ങൾ സങ്കീർണ്ണവാചകങ്ങളിൽ കൂട്ടിഘടിപ്പിച്ചു

കൊണ്ടുള്ള വിവരണം ബാലകൃഷ്ണന്റെ ലേഖനങ്ങളിലെ പൊതുസ്വഭാവമാണ്. അതിന്റെ മറ്റൊരു വകഭേദമായി ഇങ്ങനെയുള്ള വിവരണങ്ങളെ കാണാം.

#### 4.1.2.3 നാരദനിലൂടെ അറിയുന്ന കർണ്ണകഥ

ശ്രാദ്ധകർമ്മം കഴിഞ്ഞു പിൻതിരിയുന്ന ജനങ്ങളെ, പാപകർമ്മത്തിന്റെ ചലിക്കുന്ന നിഴലുകളായി കാണുന്ന യുധിഷ്ഠിരൻ, ദുഃഖത്താൽ തന്റെ തപോഗമനോദ്ദേശ്യം നാരദനെ അറിയിക്കുന്നു. അപ്പോൾ കർമ്മം, വിധി, കർമ്മഫലം എന്നിവയെപ്പറ്റി നാരദൻ യുധിഷ്ഠിരനെ ദീർഘമായി പറഞ്ഞു മനസ്സിലാക്കുന്നു: "കർമ്മങ്ങളെല്ലാം തന്നെ വിധിനിയോഗവശാൽ മനുഷ്യനാചരിക്കുന്ന കേവലാനുഷ്ഠാനങ്ങളാണെന്നു വന്നാൽ ലോകജീവിതം അതോടെ നിരർത്ഥകമായിത്തീരുന്നു; നന്മയും തിന്മയും തമ്മിലും ധർമ്മവും അധർമ്മവും തമ്മിലും, തരംതിരിവുകളില്ലാതാകുന്നു. നന്മതിന്മകൾക്കും ധർമ്മാധർമ്മങ്ങൾക്കും അപ്പുറമുള്ള അർത്ഥശൂന്യമായ ഒരു കേവലഭാവത്തിൽ അപ്പോൾ എല്ലാ കർമ്മങ്ങളും ഒരുപോലെ പങ്കുപറ്റുന്നു. അതിനാൽ കർത്താവ് കർമ്മഫലങ്ങൾ അനുഭവിച്ചേ പറ്റൂ"[14] കർണ്ണന്റെ ജനനം കാനീനഗർഭത്തിലായതിന്റെ കാരണം അജ്ഞാതമായ വിധിയുടെ അപൂർവനിയോഗമാണെന്നും വിധിയുടെ അസാധാരണപ്രവൃത്തികളുടെ ചുമതല മനുഷ്യനേറ്റെടുക്കുന്നത് മൗഢ്യമാണെന്നുമാണ് ദീർഘമായ ഈ ഭാഷണത്തിലൂടെ നാരദൻ വ്യക്തമാക്കുന്നത്.

കേവലം ചെറിയ ഖണ്ഡികകളിൽ പറഞ്ഞു തീർക്കാവുന്ന ആശയം ഇത്ര സ്ഥൂലമായി വിവരിക്കുമ്പോൾ കഥാസന്ദർഭത്തിന്റെ ഐക്യരൂപവും പൂർവ്വാപരബന്ധവും നഷ്ടപ്പെടുകയും വായനക്കാരുടെ ജിജ്ഞാസ നശിക്കുകയും ചെയ്യുന്നു.

കർണ്ണജന്മം ഭാഗ്യഹീനമായിത്തീർന്നപോലെ കർണ്ണനു ഗുരുശുശ്രൂഷയും അതേ നിലവന്നതിൽ കർമ്മവും കർമ്മഫലവും തമ്മിലുള്ള ബന്ധവൈചിത്ര്യം ചൂണ്ടിക്കാണിക്കുന്നു നാരദൻ. അതിൽ വർഗ്ഗപരമായ ഉള്ളടക്കം കാണാം. ഗുരുക്കന്മാരായ പരശുരാമനിൽനിന്നും ദ്രോണാചാര്യരിൽനിന്നുമുണ്ടായ തിക്താനുഭവം ഈ ഭൂമിയിൽ അധഃകൃതനനുഭവിക്കേണ്ടിവന്ന യാതനയ്ക്ക് ഉദാഹരണമാണ്. "കർണ്ണന്റെ വലത് തുടയിൽ തുരന്നുകയറുന്ന കീടം അധഃസ്ഥിതവർഗ്ഗത്തിനെ ഗ്രസിച്ച ഭൂതം തന്നെ"[15] എന്ന ബോധം നമ്മുടെ ചിന്തയിലെത്തിക്കുന്നു. കർമ്മഫലം വർഗ്ഗപരമായ

വിവേചനത്താൽ തീവ്രമായ ഒരു ജീവിതദുരന്തമായി നോവൽ നമ്മെ അനുഭവിപ്പിക്കുന്നു.

നോവലിൽ നാരദന്റെ ആഗമനസന്ദർഭത്തിൽ സ്വപ്നവും യാഥാർത്ഥ്യവും ഇടകലർത്തിയുള്ള ആഖ്യാനം സവിശേഷതയാർന്നതാണ്. കർണ്ണകഥാപാത്രത്തെ ആശയഗരിമയുള്ളതാക്കിത്തീർക്കുന്നു ഈ രംഗം. കർമ്മസംബന്ധമായ യുധിഷ്ഠിരന്റെ സംശയങ്ങൾക്കുള്ള ഉത്തരങ്ങളായി നാരദനിൽനിന്നും പുറപ്പെടുന്ന വാക്കുകൾ കർണ്ണന്റെ മാഹാത്മ്യം വ്യക്തമാക്കുന്നു. നാരദൻ പറയുന്നു:

"ജീവിതത്തോടു മല്ലടിക്കുന്ന മനുഷ്യരുടെ ചര്യകൾക്ക് ആധാരമായ സാമാന്യതത്ത്വങ്ങൾകൊണ്ട്, വിധിയോട് മല്ലടിക്കുന്ന അപൂർവ്വസൃഷ്ടികളുടെ കർമ്മങ്ങളെയും കർമ്മഫലങ്ങളെയും അളക്കാനാവതല്ല. അർത്ഥികൾക്കു ദാനം നിഷേധിക്കുകയില്ലെന്ന മഹാവ്രതം ദേവകൾക്കുപോലും ദുഷ്കരമായ ഒന്നാണ്. ആ മഹാവ്രതമാണ് അവന്റെ അമാനുഷികശക്തിക്കുള്ള അവലംബം"[16].

തുടർന്ന് വിപ്രവേഷധാരിയായി പ്രത്യക്ഷപ്പെടുന്ന സൂര്യദേവനോട് കർണ്ണൻ പറയുന്ന മറുപടിയും കർണ്ണന്റെ ഉജ്ജ്വലവ്യക്തിത്വം കാണിച്ചുതരുന്ന നോവലിലെ മികച്ച ഭാഗങ്ങളാണ്.

**4.1.2.4 ദ്രൗപദിയുടെ ചിന്താകാലുഷ്യം**

ദ്രൗപദിയുടെ മാതൃത്വം സുഖദുഃഖചിന്തകളിൽ വ്യാപൃതമാവുന്നു. സുഖദുഃഖങ്ങളുടെ സ്വഭാവം വിചിത്രമാണെന്നും സംഭവങ്ങൾ അവസ്ഥകൾ എന്നിവ കണക്കിലെടുത്താൽ സുഖമനുഭവിക്കുന്ന ആളുടെ മനസ്ഥിതിയിലാണ് അത് നിലകൊള്ളുന്നതെന്ന് അവൾ വിലയിരുത്തുന്നു. പുരുവിനു വാർദ്ധക്യം സുഖം നൽകിയതും ദേവവ്രതനായ യുവരാജാവ് പിതാവിന്റെ സുഖത്തിനുവേണ്ടി ആജീവാനന്തബ്രഹ്മചര്യമനുഷ്ഠിച്ച് ഭീഷ്മപിതാമഹനായി ബ്രഹ്മചര്യം സുഖമാക്കിമാറ്റിയതും അവളോർക്കുന്നു. സുഖദുഃഖങ്ങളുടെ സ്വഭാവം അതനുഭവിക്കുന്ന ആളിന്റെ മനസ്ഥിതിയനുസരിച്ചാണ്. ഭർത്താക്കന്മാരോടൊത്തുള്ള വനവാസകാലം സുഖകാലമായി അവൾക്കുതോന്നാൻ കാരണം ശിലയേക്കാൾ ഉറച്ച സത്യമായി പതിമാർക്ക്

തന്നോടുള്ള സ്നേഹം അവളിൽ ജ്വലിച്ചിരുന്നതിനാലാണ്. പ്രതികാരമനസ്സോടെ യായിരുന്നെങ്കിലും ഭർത്തൃസ്നേഹത്താൽ വനവാസമവൾക്ക് പീഢനമായില്ല.

എന്നാൽ മനസ്സിന്റെ വിഭ്രാന്തമായ അവസ്ഥയിൽ അവളുടെ ചിന്ത തടസ്സപ്പെ ടുകയും ഭൂതകാലത്തെ മുൻപിൽ പ്രതിഷ്ഠിച്ച് വെച്ചുകൊണ്ട് മനഃപൂർവ്വം മറിച്ചു ചിന്തിക്കുന്നതും കാണാം. ഒരേ സമയം പിറകിലേക്കും മുൻപിലേക്കും ഓടിമറി യുന്ന ചിന്തകൾ അസാധ്യമായ ഒരനന്തരകാലത്തിലെത്തിച്ചേരുമ്പോളാണ് അവളുടെ മനോഭാവങ്ങൾക്കു മാറ്റമുണ്ടാകുന്നത്. ആ മാറ്റം ഭർത്താക്കന്മാരെ തനിക്കു നേരിടേ ണ്ടിവന്ന അനുഭവങ്ങൾക്ക് കാരണക്കാരാക്കിമാറ്റുന്നു. ഭർത്തൃശുശ്രൂഷാവ്യഗ്രതയാർ ന്ന ജീവിതവൃത്തി പുലർത്തുന്ന കുലസ്ത്രീയുടെ പ്രതിഷേധമാണ് നോവലിസ്റ്റ് കാണിക്കുന്നത്. നോവലിലെ ദ്രൗപദിയുടെ കൃഷ്ണചിന്ത ഇതിഹാസകഥാപാത്ര ത്തിനു അനുയോജ്യമല്ലാത്ത രീതിയിൽ കാണുന്നു. ഇത് പിന്നീടൊരിക്കൽ വ്യക്ത മാക്കുന്നതാണ്.

അമൂർത്താശയങ്ങൾ ആഖ്യാനത്തിലൂടെ വെളിവാക്കുന്നതിനു ഉദാഹരണ മാണ് കൃഷ്ണൻ ദ്രൗപദിക്കു നൽകുന്ന ദുർഗ്രഹമായ ഉപദേശം. നോവലിലെ പ്രമേ യത്തിന് ദിശാമാറ്റം സംഭവിക്കുന്ന സന്ദർഭം കൂടിയാണിത്. കൃഷ്ണന്റെ കർണ്ണനിരൂ പണത്തിലൂടെ ദ്രൗപദി ക്രമേണ യാഥാർത്ഥ്യത്തിലേക്കു വരുന്നു. സ്വജനങ്ങളിൽ നിന്നും അന്യവൽക്കരിക്കപ്പെട്ടവൾ താൻ എന്ന ചിന്ത സ്വന്തം തെറ്റിദ്ധാരണയിൽ നിന്നുണ്ടാവുന്നതാണ്. ജീവിതത്തിലെ കർമ്മപാശത്തിൽ നമ്മളെല്ലാം ബന്ധിപ്പിക്ക പ്പെട്ടതാണെന്നും അവശേഷിക്കുന്ന അനുഷ്ഠാനമാത്രമായ ജീവിതത്തെ ദ്രൗപദി വൃഥാ കാണാൻ ശ്രമിക്കുകയാണെന്നും കൃഷ്ണൻ പറയുന്നു[17]. സഭയിൽവെച്ച് ആക്ഷിപ്തവസ്ത്രയാകുന്നത് കണ്ടു ചിരിക്കുന്ന കർണ്ണൻ സത്യത്തിന്റെ ഒരു ബിന്ദു മാത്രമാണെന്നുകൂടി കൃഷ്ണൻ അവളെ ധരിപ്പിക്കുന്നു[18].

#### 4.1.2.5 കൃഷ്ണന്റെ കർണ്ണോപദേശം

കർണ്ണന്റെ ജന്മരഹസ്യം ആദ്യമായി കൃഷ്ണൻ കർണ്ണനെ അറിയിക്കുന്ന സന്ദർഭം നോവലിസ്റ്റ് ധ്വനിസാന്ദ്രമായി മികച്ച നിലയിൽ അവതരിപ്പിക്കുന്നതു കാണാം. കൃഷ്ണന്റെ വാക്കുകൾ കേൾക്കുമ്പോൾ ഞെട്ടിയ സാരഥിയായ ദാരു

കന്റെ പെരുമാറ്റം നോവലിലെ കർണ്ണകഥയുടെ പരിസമാപ്തി പ്രവചിക്കുന്ന രീതിയിലാണ്. ദാരുകൻ, "അവനറിയാതെ അവന്റെ കൈപ്പിടിയിലെ കടിഞ്ഞാൺ അയഞ്ഞുവീണു. അപ്പോൾ രഥത്തിന്റെ ഇഴഞ്ഞ ഗതിപോലും നിലച്ചു. ചലനം പൊടുന്നനേ നിലച്ച ചക്രങ്ങളുടെ ആക്രന്ദനത്തോടെ രഥം തികച്ചും നിശ്ചലമായി"[19].

കൃഷ്ണോപദേശം മുഴുവൻ കേട്ട കർണ്ണനിലെ പ്രതികരണമായി ഒരേയൊരു വാചകംകൊണ്ട് കർണ്ണസ്വഭാവവും പൂർണ്ണമായി വ്യക്തമാക്കുന്നു. "ആത്മാഭിമാനവും ആത്മവിശ്വാസവും തിരിച്ചുതരുന്നതിലൂടെ എനിക്കവൻ എന്റെ ജീവിതംതന്നെയാണ് കൃഷ്ണ, തിരിച്ചുതന്നത്! നിങ്ങളെല്ലാം ഇന്നു കാണുന്ന ഈ ജീവിതം സുയോധനൻ അന്നെനിക്കു ദാനമായി നൽകിയ ജീവിതമാണ്"[20] ജീവനേക്കാൾ ആത്മാഭിമാനത്തിനു വില നൽകിയ കർണ്ണനാണിത്. നടുക്കടലിൽപ്പെട്ട സുയോധനന്റെ രക്ഷയിൽക്കവിഞ്ഞ് തനിക്ക് മറ്റൊന്നുമില്ല ചിന്തിക്കാനെന്ന്, വിധിയുടെ ഹസ്തത്തിൽപ്പെട്ട മനുഷ്യന്റെ നിസ്സഹായത മറ്റൊരു തരത്തിലും കർണ്ണൻ വ്യക്തമാക്കുന്നുണ്ട്[21].

ഇതിഹാസകഥാഖ്യാനത്തിന്റെ അസാധാരണ പ്രൗഢി വ്യക്തമാക്കുന്നതാണ് ഇത്തരം വിവരണങ്ങൾ. ഉത്തരമില്ലാത്ത ചോദ്യങ്ങളും അവയ്ക്ക് അവ്യക്തതയാർന്ന സമസ്യകൾ ഉൾക്കൊള്ളുന്ന മറുവചനങ്ങളും ആഖ്യാനത്തിൽ ഗൗരവമുണ്ടാകുന്നു. പല അദ്ധ്യായങ്ങളും ഇങ്ങനെ വിവരണാതീതമായി നിലനിൽക്കുന്നുണ്ട്. ഭാവശോഷണമില്ലാതെ ആദ്യാവസാനം ഇത് നോവലിൽ ചേർത്തുവെച്ചിരിക്കുന്നതിനാൽ ആഖ്യാനാന്തരീക്ഷം മികച്ച രീതിയിൽ ഉയർന്നു നിൽക്കാൻ സഹായകമാകുന്നു. 'ഇതിഹാസകഥാപാത്രങ്ങളെ അവതരിപ്പിക്കുമ്പോൾ വേണ്ടത്ര ഗാംഭീര്യപ്രതീതിയോടെ ജീവത്തായി അവരെ പകർത്താൻ സാധാരണമല്ലാത്ത കൽപനാശക്തി വേണ'മെന്ന് ബാലകൃഷ്ണൻ നിരീക്ഷിക്കുന്നുണ്ട്[22]. കുമാരനാശാൻകൃതികളെക്കുറിച്ചുള്ള ബാലകൃഷ്ണന്റെ ഈ നിരീക്ഷണം ഒരളവോളം ഇവിടെ പാലിച്ചിരിക്കുന്നു.

#### 4.1.2.6 കുന്തിയെ വിചാരണ ചെയ്യുന്ന സ്വപ്നം

കൃഷ്ണോപദേശത്തിന്റെ ശക്തമായ കാറ്റ് ദ്രൗപദിയിൽ പതിക്കുന്നു. കുലധർമ്മബോധത്തിനോ, സതീധർമ്മസങ്കൽപത്തിനോ പൊരുത്തപ്പെടാൻ കഴിയുന്ന

തല്ല അവളിൽ കൊടുമ്പിരികൊള്ളുന്ന പുതിയ വിചാരങ്ങൾ. തുടർന്ന് അവൾ സ്വപ്നം കാണുന്നു. ഒരു ഭീകരസ്വപ്നം അവതരിപ്പിക്കാൻ വേണ്ടി പ്രകൃതിവർണ്ണന കൂടി പശ്ചാത്തലമായി വരുന്നതു കാണാം. 'ഒരു ഭീമാകാരനായ കൃഷ്ണപ്പരുന്ത് താഴ്ന്നുവരുന്നു. പാറക്കുന്നുകളിൽനിന്നും ആയിരം ശാഖകളുമായി ആകാശത്തിലേക്കുയർന്നു കത്തുന്ന തീയുടെ ചുവപ്പ്, രക്തം വാർന്ന് തളംകെട്ടിയ മേഘങ്ങളുടെ ചുവപ്പിൽ, ചെമ്പിച്ചു ചുവന്ന വലിയ ചിറകുകൾ വിതുർത്തി ചുറ്റിപ്പറന്ന്, ആ കൃഷ്ണപ്പരുന്ത് താഴേക്കുവന്ന്, അല്പം ദൂരെ ഒരു സ്ഥാനത്തിരുന്ന് കാലിൽ തൂക്കിപ്പിടിച്ചിരുന്ന ഒരു ജീവിയെ അതു കൊത്തിപ്പറിക്കുവാൻതുടങ്ങി'[23]. പരുന്തിന്റെ കൊത്തേറ്റു പിടയുന്ന കുന്തിയുടെ ജഡമാണ് ദ്രൗപദി കാണുന്നത്. പരുന്തിന്റെ ഗതി തന്നിലേക്കാണെന്നു തിരിച്ചറിഞ്ഞ അവൾ 'അമ്മേ' എന്നു വിളിച്ചലറിക്കൊണ്ട് ഉണർന്നുപോകുന്നു. 'അമ്മേ, അവൻ നിന്റെ മകനാണെന്ന് അവനോട് ഒരിക്കൽപോലും പറയാത്തതെന്ത്?'[24] എന്ന് കുന്തിയെ കുറ്റവിചാരണ ചെയ്യിച്ചുകൊണ്ടാണ് നോവലിസ്റ്റ് ആ സ്വപ്നരംഗം അവസാനിപ്പിക്കുന്നത്.

സ്വപ്നങ്ങളാൽ പീഡിതരാക്കപ്പെടുന്ന കഥാപാത്രങ്ങളാണ് നോവലിൽ പലരും. ധാരാളം സ്വപ്നരംഗങ്ങൾ ഭീകരദൃശ്യങ്ങളാക്കുന്നതും കാണാം. ഡോസ്റ്റോയ്‌വ്സ്കി കൃതികളുമായുണ്ടായ ഗാഢപരിചയമാണ് ബാലകൃഷ്ണന്റെ സ്വപ്നചിത്രണങ്ങളുടെ പ്രേരണയെന്ന് വിലയിരുത്തപ്പെടുന്നുണ്ട്[25]. അത് *ഇനി ഞാൻ ഉറങ്ങട്ടെ* എന്ന നോവലിനെ സംബന്ധിച്ച് വാസ്തവമാണ്.

#### 4.1.2.7 കുന്തീകർണ്ണസമാഗമത്തിന്റെ വ്യത്യസ്തത

കർണ്ണന്റെ പിതൃത്വവും മാതൃത്വവും അറിയിക്കാൻ കുന്തി കർണ്ണസമീപത്തെത്തുന്ന കാഴ്ച മൂലകൃതിയിൽനിന്നും വളരെ വ്യത്യസ്തമായാണ് നോവലിൽ ചേർത്തിരിക്കുന്നത്. ഗ്രന്ഥാരംഭത്തിൽ, പ്രസ്താവനയിൽ, ദ്രൗപദിയെപ്പറ്റി സ്വകീയമായ ഒരു കഥാസങ്കൽപ്പം നടത്തി എന്ന് നോവലിസ്റ്റ് മുൻകൂട്ടി പറയുന്ന കാര്യം[26] നോവൽ വ്യാഖ്യാനത്തിൽ കുന്തിക്കുകൂടി സംഗതമായതായി കാണാം.

നോവലിൽ ഈ രണ്ടു കഥാപാത്രങ്ങളുടെയും സമാഗമാരംഭത്തിനും പ്രത്യേകതയുണ്ട്. കുന്തീകർണ്ണബന്ധം സൂര്യന്റെ പശ്ചാത്തലത്തിൽ പ്രകൃതിയിൽനിന്നും വായിച്ചെടുക്കാവുന്ന രീതിയിൽ അർത്ഥപൂർണ്ണമായ അന്തരീക്ഷവർണ്ണനയിലൂടെയാണ് ഒരുക്കിയിരിക്കുന്നത്. "ആകാശമദ്ധ്യത്തോടടുത്തു കഴിഞ്ഞ സൂര്യൻ ധ്യാനസ്ഥനായ ദീർഘകായന്റെ നിഴൽ, ചെറിയൊരു വൃത്തംപോലെ മണൽപ്പരപ്പിൽ വീഴ്ത്തി. അകത്തും പുറത്തും ജ്വലിച്ച കൊടും മദ്ധ്യാഹ്നങ്ങളുടെ സമഗ്രാതപത്താൽ ആർത്തയായ യുധിഷ്ഠിരമാതാവ് കർണ്ണന്റെ പിന്നിൽ ആ തണൽവൃത്തത്തിലെത്തി, അവിടെ അഭയം പാർത്തു"[27]. ഇവിടെ മേൽപ്പറഞ്ഞ മൂന്നു കഥാപാത്രങ്ങളുടെ പരസ്പരബന്ധം മാത്രമല്ല കുന്തിയുടെ വ്യഥയും മൂലകൃതിയിൽനിന്നും അവൾക്കുള്ള വ്യതിയാനവും വ്യക്തമാകും.

കർണ്ണകഥാപാത്രത്തിന്റെ തത്വപ്രബോധനവും നോവലിൽ കവിഞ്ഞതോതിൽ പ്രവഹിക്കുന്നു. കർമ്മത്തിന്റെയും കർമ്മഫലത്തിന്റെയും അനിയന്ത്രിതാവസ്ഥ കർണ്ണൻ വിവരിക്കുന്നു[28]. കുന്തിയുടെ വാക്കുകളിലെ ശരി, മൃതവും ബീഭത്സവുമായ പ്രേതങ്ങളായിട്ട് കാണുകയും[29] സ്നേഹത്തിന്റെയും ഭ്രാതൃസ്നേഹത്തിന്റെയും മഹാത്മ്യം വ്യക്തമാക്കുകയും ചെയ്യുന്നു[30].

#### 4.1.2.8 ഇതിഹാസത്തിൽനിന്നും വേറിടുന്ന സംവാദരംഗം

കർണ്ണൗന്നത്യം സർവ്വാരാധ്യനായ ഭീഷ്മരെ തരംതാഴ്ത്തുന്ന രീതിയിൽ നോവലിലെ ഭീഷ്മകർണ്ണസംവാദം കാഴ്ചവെക്കുന്നു. 'വലിയ ഇതിഹാസപാത്രങ്ങളെ വിശ്വസനീയമായി അവതരിപ്പിക്കാനും അവരുടെതെന്നു നമ്മുടെ ഹൃദയത്തിനു തോന്നുന്ന രീതിയിൽ അവരെക്കൊണ്ടു സംഭാഷണം ചെയ്യിക്കാനും'[31] ഇതിഹാസാഖ്യാനത്തിൽ കഴിയണമെന്ന് ബാലകൃഷ്ണൻ കുമാരനാശാന്റെ *ചിന്താവിഷ്ടയായ സീത*യെ നിരൂപണം ചെയ്യുമ്പോൾ അഭിപ്രായപ്പെടുന്നുണ്ട്[31]. എന്നാൽ ഈ നിരീക്ഷണം അദ്ദേഹത്തിന്റെ ഇതിഹാസാസ്പദനോവലിലെ ഭീഷ്മകർണ്ണസംവാദത്തിൽ പാലിക്കപ്പെട്ടിട്ടില്ല. നോവലിൽ ഭീഷ്മർ പറയുന്ന പല കാര്യങ്ങളും ഇതിഹാസോചിതമാവുന്നില്ല. കർണ്ണന്റെ നേർക്ക് ചെരിയുന്ന ഭർത്സനങ്ങൾ തന്നെ ഉദാ

ഹരണം. കർണ്ണന്റെ നേർക്കുള്ള ആക്ഷേപങ്ങളെല്ലാം മൂലകൃതിയിൽ സോദ്ദേശ്യങ്ങളാണ്. ഇത്രമാത്രമല്ല വ്യതിയാനം. നോവലിൽ ഭീഷ്മകർണ്ണസംവാദം ഏറെ ദീർഘിപ്പിച്ച് അവതരിപ്പിച്ചപ്പോൾ മൂലകൃതിയിൽ ഇത് കേവലം 40 വരികളിൽ ഒതുക്കിനിർത്തിയതാണ്[32]. നോവലിൽ വേറിട്ടുനിൽക്കുന്ന ഈ ഭാഗം സഞ്ജയൻ വിവരിക്കുന്നതാണ്. ഭീക്ഷ്മരും കർണ്ണനുമായുള്ള വേഴ്ച ക്രമമായി വിവരിക്കാനുള്ള പ്രയാസം സജ്ഞയൻ നേരിട്ടു വ്യക്തമാക്കുന്നത്[33] കഥാസന്ദർഭത്തിലെ ആഖ്യാനരീതിയിൽ നോവലിസ്റ്റിനു നേരിടേണ്ടിവന്ന പ്രയാസംതന്നെയാണ്. അത് ആവിഷ്കരണത്തിൽ സങ്കീർണ്ണമായിത്തീരുന്ന ഭാഷാപ്രയോഗത്തിൽ വ്യക്തമാണ്. വിധിയെക്കുറിച്ചും കാലത്തെക്കുറിച്ചും ധർമ്മത്തെക്കുറിച്ചും ദുർഗ്രഹമായ വിവരണമാണ് ഈ ഭാഗം[34].

ഭീക്ഷ്മർ ജാതിപറഞ്ഞധിക്ഷേപിക്കുമ്പോൾ സുയോധനന്റെ പേരിൽ ക്ഷമിക്കുന്ന കർണ്ണന്റെ മറുപടി ആത്മപ്രശംസയോളമെത്തുന്നതു കാണാം. “ഇനി നിന്നോടു ചെർന്നുനിന്ന് ഞാൻ ധനുസ്സെടുക്കുകയില്ല. നീ വില്ല് താഴെവയ്ക്കുമ്പോൾ കർണ്ണനു ധനുർവിദ്യ അറിയുമോ എന്ന് ലോകം മനസ്സിലാക്കും”[35]. പക്ഷെ നോവലിലെ ഭീഷ്മർ അവസാനഭാഗത്ത് പശ്ചാത്താപസ്വരം പ്രകടിപ്പിക്കുന്നുണ്ട്. ഇത് മൂലകൃതിയിൽ ഒരിടത്തും കാണാത്തതാണ്[36] കർണ്ണന്റെ ജനനം പരാമർശിക്കുന്ന സമയത്ത് നിന്നെ ഭർത്സിച്ച എന്റെ ജിഹ്വ സ്വന്തം മനസ്സാക്ഷിയിൽ ഏൽപ്പിച്ച ക്ഷതങ്ങൾ എത്ര ആഴമുള്ളവയാണെന്ന് ഞാനിപ്പോഴറിയുന്നു! ശരീരമാകെ തറഞ്ഞിരിക്കുന്ന ശരങ്ങൾ എന്നെ വേദനിപ്പിക്കുന്നില്ല, മകനേ! അന്തരാത്മാവിലെ വേദനയാകുന്ന നീ എന്റെ കൺമുമ്പിൽ വന്നുവല്ലോ. ഗാംഗേയനായ ദേവവ്രതൻ ഇന്നു ധന്യനാണ്!”[37] ഇപ്രകാരം ഭീഷ്മർ പശ്ചാത്തപിക്കുന്നതു കാണാം. ഭാരതയുദ്ധം നിശ്ചയമായ അവസ്ഥയിൽ കൗരവപക്ഷത്തിന്റെ ഭാഗമായി നിൽക്കുന്ന കർണ്ണനെ ഉപദേശിക്കുന്നതും ഭീഷ്മസ്വഭാവത്തിനു നിരക്കുന്നതല്ല. ദ്രൗപദിയുടെ കണ്ണിലൂടെ പ്രത്യക്ഷനാകുന്ന കർണ്ണനിലെ വീര്യപൗരുഷങ്ങളെ സർവ്വലോകരും അംഗീകരിക്കുന്ന അവസ്ഥയിൽ, ഏതുരീതിയിൽ മികച്ചതാക്കി ചിത്രീകരിച്ചിട്ടും തൃപ്തിയാകാത്ത നോവലിസ്റ്റിനെയാണിവിടെ കാണുന്നത്.

#### 4.1.2.9 യുദ്ധരംഗം

യുദ്ധത്തിന്റെ തീഷ്ണത കർണ്ണപക്ഷത്തുനിന്നു വായിക്കാൻ നോവലിസ്റ്റു ശ്രമിക്കുന്നു. ആഖ്യാനത്തിൽ വൈകാരികത കലർത്തി യുദ്ധരംഗം കർണ്ണമനസ്സിന്റെ ദയനീയ ചിത്രമാക്കിമാറ്റുന്നു. സുയോധനന് ശ്രേയസ്സു കാംക്ഷിച്ച് സ്വന്തം പ്രാണനെ വിലവയ്ക്കാതെയാണ് കർണ്ണൻ യുദ്ധം ചെയ്തത്. സ്വന്തം ഭ്രാതാക്കളെ തിരിച്ചറിഞ്ഞ ദയാലുവും സത്യവ്രതനുമായ കർണ്ണൻ 'സ്വന്തം കൈകളെ സ്വയം ബന്ധിച്ച ദീനമാനസനുമായിരുന്നു[38]. 'രണ്ടായിപ്പിരിഞ്ഞ സ്വന്തം മനസ്സിന്റെ ഈരഴികൾ തമ്മിൽ നടത്തിയ കൊടിയ പോരാട്ടം കണ്ടു മനസ്സുപതറിയ ദീനമാനസനായ കർണ്ണന്റെ ചിത്രമാണ് സഞ്ജയനിലൂടെ വരച്ചിടുന്നത്.

യുദ്ധരംഗം ഒരു വിലാപമാക്കുന്നു. ക്ഷത്രിയധർമ്മം ലംഘിക്കാതെയുള്ള പ്രാണത്യാഗമായി മാറിയ ഭീഷ്മരുടെ പതനത്തോടെ കൗരവവരുടെ വിലാപം തുടങ്ങുന്നു. അവർ ഇടയനറ്റ ആട്ടിൻപറ്റമായി മാറുന്നു[39]. തുടർന്ന് ദ്രോണരുടെ സേനാധിപത്യത്തിൽ നടന്ന യുദ്ധം മനോഹരമായും ഉദ്വേഗഭരിതമായും ചിത്രീകരിക്കുന്നതിൽ നോവലിസ്റ്റ് വിജയിച്ചിരിക്കുന്നു.

ഉച്ചസൂര്യനെപ്പോലെ ജ്വലിച്ചുകൊണ്ട് പാണ്ഡവസേനയെ ദഹിപ്പിച്ചുമുന്നേറിക്കൊണ്ടിരിക്കുന്ന കർണ്ണനെ യുദ്ധരംഗത്തിൽ, ഏതു പരാക്രമത്തിനിടയിലും താൻ കൊടുത്ത വാക്കുപാലിക്കുന്ന കർണ്ണനായി അവതരിപ്പിക്കുന്നതിൽ നോവലിസ്റ്റ് വിജയിക്കുന്നു. കർണ്ണവധത്തിൽ യുധിഷ്ഠിരൻ അർജ്ജുനനെ അനുമോദിക്കുമ്പോൾ കർണ്ണഭയം എത്രത്തോളം യുധിഷ്ഠിരനിൽ നിലനിന്നിരുന്നു എന്നു വ്യക്തമാകുന്നു.

നോവലിന്റെ അവസാനഭാഗം ദ്രൗപദിയിലെ കർണ്ണചിത്രത്തിനു മാറ്റംസംഭവിക്കുന്നതു കാണാം. ആത്മപരിദേവനത്തിന്റേയും ആത്മനിന്ദയുടെയും പിടിയിലമർന്ന് ദ്രൗപദി ചോദിക്കുന്ന ചില ചോദ്യങ്ങൾ ആരെയും ഉണർത്തുന്നതാണ്. 'ദ്രൗപദീ നീ പതിവ്രതയാണോ'? നിനക്കെന്തെങ്കിലും സ്നേഹം ലഭിക്കുകയുണ്ടായോ? 'ഇന്നു ജീവനോടെ അഞ്ചു പതിമാരുള്ള നീ സനാഥയാണോ'? കൗന്തേ

യർക്കെല്ലാം ഒരുപോലെ പത്നിയായ നിന്നെ നാലു ഭർത്താകന്മാർ മരിച്ച വൈധ വ്യദുഃഖത്തിൽ നിന്നൊഴിവാക്കിയതാരാണ്'?[40] ഇത്തരം ചോദ്യങ്ങളിലൂടെ തന്റെ ജീവിതത്തെ കുന്തിയുടേതിനോട് സാമ്യപ്പെടുത്തുകയും തന്റെ മക്കളെ ഓർത്തു കൊണ്ട് കർണ്ണനെ ഭർത്താവായി പ്രതിഷ്ഠിക്കുകയും ചെയ്യുന്നു ദ്രൗപദി.

### 4.1.3. ഇന്ദ്രിയവേദ്യമായ പ്രകൃതിദൃശ്യങ്ങൾ

നോവൽ ആദ്യാവസാനം ഇന്ദ്രിയവേദ്യങ്ങളായ ദൃശ്യങ്ങളാൽ ഇടകലർത്തി യിരിക്കുന്നു. വായനയ്ക്കിടയിൽ, അവ നാദസ്പർശദർശനരുചിഗന്ധഗോചരമായ ലോകത്തിന്റെ സാന്നിദ്ധ്യം വ്യത്യസ്തരംഗങ്ങളിൽ മാറിമാറി അനുഭവിക്കുന്നു എന്ന അഭിപ്രായം[41] ശരിവയ്ക്കുന്നതായി അനുഭവപ്പെടുന്നു. ഒന്നാമദ്ധ്യായത്തിൽതന്നെ പ്രകൃതിചിത്രീകരണത്തോടെയാണ് കഥ ആരംഭിക്കുന്നത്. 'സരസ്വതീതടം മുതൽ ഹിരണ്വതീതടംവരെ വ്യാപിച്ചുകിടക്കുന്ന കുരുക്ഷേത്രഭൂമി മഞ്ഞയും ചുവപ്പും അങ്ങിങ്ങു വെളിക്കു കാട്ടിയ നരച്ച മേഘപ്പാളികൾക്കിടയിൽ, ചിതയിൽ കത്തിജ്വ ലിച്ച അസ്ഥിച്ചീളുപോലെ ചന്ദ്രക്കല തെളിഞ്ഞുനിന്നു......"[42] ഇപ്രകാരം വർണ്ണനക ളിലൂടെ ഇന്ദ്രിയാനുഭവം കൈവരുന്ന സന്ദർഭങ്ങൾ ധാരാളമുണ്ട്. കുരുകുലാധിപ നായ സുയോധനന്റെ ചേതനയറ്റ ശരീരത്തിൽ നിന്നൊഴുകുന്ന രക്തം നമ്മെ അനുഭ വിപ്പിക്കുന്നതാണ്[43]. ഹസ്തിനപുരരാജവീഥികളിലൂടെ വിധവാശതങ്ങൾ മുമ്പോ ട്ടോഴുകുകയും രാജകീയഭവനങ്ങളിൽനിന്നു സ്ത്രീജനങ്ങളുടെ നിലയ്ക്കാത്ത ഗദ്ഗദം കേൾക്കുകയും ചെയ്യുന്നു[44].

#### 4.1.3.1 മനസ്സിലെ അഗ്നിജ്വാലകൾ

നാലാം അദ്ധ്യായത്തിൽ അരണ്ടവെളിച്ചത്തിൽ ഉറങ്ങുന്ന യുധിഷ്ഠിരസമീപം ഇരിക്കുന്ന ദ്രൗപദി കാണുന്ന പ്രകൃതിദൃശ്യമുണ്ട്. അത് അവളുടെ സ്വന്തം ദൃശ്യ ങ്ങൾതന്നെയാണ്. "ആകാശത്തിൽ നിറയെ തെളിഞ്ഞ നക്ഷത്രങ്ങളുടെയും, അവ യ്ക്കു നടുവിൽ പ്രകാശിച്ച ചന്ദ്രക്കലയുടെയും വെളിച്ചം ഉറങ്ങുന്ന നദീപ്രവാഹത്തെ വെൺമഞ്ഞപ്പുതപ്പുകൊണ്ടുമൂടി. തിരിഞ്ഞും പിരിഞ്ഞും ഇടയ്ക്കിടെ ആഞ്ഞു

ശ്വസിച്ചും സ്വപ്നങ്ങൾ നുണഞ്ഞും ഗംഗാദേവി ഉറങ്ങുന്നു!"[45] ഇവിടെ പ്രകൃതി വർണ്ണനയിൽ ദ്രൗപദിയുടെ ചിന്തകളാണ് ചേർത്തുവച്ചിരിക്കുന്നത്. പ്രകൃതിബിംബ ങ്ങളിലെ പ്രത്യേകതകൾ ക്രമരഹിതമായ ജീവിതസ്മരണകളുടെ ബീഭത്സതയാണ് വ്യക്തമാകുന്നത്. വിപത്തുകളെ തനിക്കിനി ഭയപ്പെടാനില്ലെന്ന് അവൾ ആത്മഗതം നടത്തുന്നുണ്ടെങ്കിലും[46] കൈനിലകൾ ആകാശമധ്യത്തിലേക്ക് ഉയർന്നു കത്തുന്ന തുപോലെ അവളിലെ മനസ്സിന്റെ ജ്വാലകളും ഉയരുകയാണ്[47]. കർണ്ണചിന്തയാണ് യുധിഷ്ഠിരനെ തപോവനം പ്രാപിക്കുന്നതെന്ന ബോധമാണ് അവളിലെ തീജ്വാല.

ആയുധവിദ്യാപ്രദർശനരംഗത്തേക്ക് കടന്നുവരുന്ന കർണ്ണനിലും കാണാം ഇത്തരം വിവരണം. "അത്യുദ്ധതനായ ആ യുവാവിന്റെ കനകശോഭയാർന്ന സുദൃ ഢഗാത്രം രംഗത്തിൽ ജ്വലിക്കുന്നതായി തോന്നി"[48] എന്ന വിവരണം കർണ്ണചിത്രം മനോഹരമാക്കുന്നു. ദ്രൗപദീവിചാരവർണ്ണനകൾക്കനുസൃതമായിത്തന്നെയാണ് നോവ ലിൽ കൂട്ടിച്ചേർത്ത പ്രകൃതിദൃശ്യങ്ങൾ പലതും.

ഭ്രാതൃഹത്യാചിന്തയാൽ വ്യഥിതനായ യുധിഷ്ഠിരന്റെ ദുഃഖം ദ്രൗപദിയുടെ ഹൃദയത്തിനു അന്യമാകുന്ന വിചിത്രാനുഭവം[49] ഭയാജനകമായ പ്രകൃതിചിത്രീകര ണത്താൽ തീഷ്ണമാകുന്നതുകാണാം. പ്രകൃതിപ്രതിഭാസങ്ങളായ കാറ്റും മഴയും നദീപ്രവാഹവും മേഘഗർജ്ജനവും ദ്രൗപദിയുടെ മനസ്സിന്റെതന്നെ അവസ്ഥ കാണി ക്കുന്നതാണ്. അപമാനബോധം അവളിൽ വേലിയേറ്റ സമയത്ത് തലയുയർത്തുന്ന ഞണ്ടുകളായി പ്രത്യക്ഷപ്പെടുന്നു[50]. വിചാരങ്ങളുടെ താണ്ഡവത്തിനു ശ്രുതിചേർക്കു കയാണ് സിരകളിലൂടെ നിറഞ്ഞുപായുന്ന നദീപ്രവാഹം. ജീവിതത്തിൽനിന്നുമാത്ര മല്ല പ്രപഞ്ചത്തിൽനിന്നുതന്നെ അന്യവൽക്കരിക്കപ്പെടുകയും ഒറ്റപ്പെടുകയും ചെ യ്യുന്ന സ്ത്രീചിത്രമാണിത്.

ദ്രൗപദിക്കു കൃഷ്ണൻ ദുർഗ്രഹമായ ആശയങ്ങളാൽ ഉപദേശം നൽകുന്ന സന്ദർഭം മുൻപ് വിവരിച്ചു. ആ സമയത്ത് മനോഹരമായ സൂര്യോദയവർണ്ണന കാണാം. മനുഷ്യന്റെ വൃദ്ധിക്ഷയങ്ങൾ ഉദാഹരിക്കാൻ സൂര്യന്റെ ഉദയസ്തമയ ങ്ങൾ മനുഷ്യജന്മത്തിലാരോപിക്കുകയാണ് നോവലിസ്റ്റ്. സൂര്യോദയചിത്രീകരണ

ശേഷം സൂര്യന്റെ പതനം ചിത്രീകരിക്കുന്നു. "ഒടുവിൽ എരിഞ്ഞൊടുങ്ങിയ ചിതാകുണ്ഡം പോലെ, ചാമ്പലും, കനൽക്കട്ടകളും അടിഞ്ഞുകൂടിയ പശ്ചിമചക്രവാളച്ചെരുവിൽ, ദയനീയഗംഭീരനായി രക്തംവാർത്ത് അവൻ ചരമമടയുന്നു"[51]. തുടർന്ന് ഇത്തരം വർണ്ണനകൾ പ്രത്യക്ഷപ്പെടുന്നത് കൃഷ്ണോപദേശാനന്തരം ദ്രൗപദി സ്വപ്നം കാണുമ്പോഴാണ്. ആകാശം ഭൂമിയിലേക്കു താഴ്ന്നുവരുന്നു. തുടർന്ന് അനേകം ചന്ദ്രബിംബങ്ങളുടെ വലിപ്പമുള്ള ഒരു ചന്ദ്രബിംബം അതിന്റെ ഉച്ചിയിൽ കടുംനീലനിറത്തിൽ ശോഭിക്കുന്നതായും ആ നീല അന്തരീക്ഷത്തിൽ നോക്കെത്താത്ത ദൂരത്തോളം കാഠിന്യത്തിന്റെ വെല്ലുവിളിയായി കരിമ്പാറകൾ ചക്രവാളത്തോളം വ്യാപിച്ചുകിടക്കുന്നതായും വർണ്ണിക്കുന്നു[52]. ഈ പശ്ചാത്തലം ഭയജനകമായ ശബ്ദവും ചേർത്തുകൊണ്ടാണ് വിവരിക്കുന്നത്[53].

#### 4.1.3.2 കുന്തീകർണ്ണസമാഗമത്തിലെ പ്രകൃതി

ഗംഗാതടത്തിലെ വിജനതയിൽ കർണ്ണൻ സൂര്യനെ ധ്യാനിക്കുന്ന മദ്ധ്യാഹ്നത്തിലാണ് കുന്തി കർണ്ണനെ സമീപിക്കുന്നത്. സൂര്യബിംബം ആകാശത്തിന്റെ നെറുകയിലേക്കു കുതിക്കുന്നതിനനുസരിച്ച് കർണ്ണന്റെ നിഴൽ ചെറുതാവുന്നു. ഉച്ചസ്ഥാനം കടന്ന സൂര്യൻ പടിഞ്ഞാറേക്കു ചായുമ്പോൾ കർണ്ണന്റെ നിഴൽ കുന്തിയിൽനിന്നും അകലുന്നതായി കാണാം[54]. ഇവിടെ കർണ്ണനെ ഉയർത്തിക്കാണിക്കാനുള്ള ശ്രമത്തിനിടയിൽ കുന്തി കർണ്ണനെ നോക്കുന്നത് കുത്തനെയുള്ള 'ഒരു മലഞ്ചെരുവിൽ നിന്ന് മുകളിലെ പൂത്തവൃക്ഷത്തഴപ്പുകളെ നോക്കുമ്പോലെ'[55] എന്നാണ് നോവലിസ്റ്റ് വർണ്ണിച്ചിരിക്കുന്നത്.

#### 4.1.3.3 ദൃശ്യവും ശബ്ദവും യുദ്ധത്തിൽ

മുൻപ് സൂചിപ്പിച്ച പ്രകാരംതന്നെ പഞ്ചേന്ദ്രിയങ്ങളെ സജീവമാക്കുന്നതാണ് നോവലിലെ മനോഹരമായ യുദ്ധവർണ്ണന. അവ കാഴ്ചകൾക്കൊപ്പം ശബ്ദവും അകമ്പടി സേവിക്കുന്നു. കഥാപാത്രങ്ങൾ പരസ്പരമുള്ള വെല്ലുവിളികൾ,[56] ആയുധപ്രയോഗവൈഭവങ്ങൾ, ശംഖനാദപാഞ്ചജന്യവാദ്യഘോഷങ്ങൾ ഇവകൾക്കൊപ്പം

ശരങ്ങളുടെ പേമാരിയും ഞാണൊലിമുഴക്കവും[57] തേരുരുൾധ്വനിയും കൂടാതെ സേനാവ്യൂഹം ചമയ്ക്കുന്നതും തകർക്കുന്നതും പ്രതിരോധിക്കുന്നതുമായ കാഴ്ച കൾ വിചിത്രമാണ്.

അർജ്ജുനാസ്ത്രമേറ്റ കർണ്ണശരീരത്തെ പൂത്ത അശോകവൃക്ഷത്തോടും[58] അർജ്ജുനവിശിഖത്താൽ ശിരസ്സറ്റു വീഴുന്ന കർണ്ണനെ കൊടുങ്കാറ്റിൽ വീണ സുവർ ണ്ണാദ്രിയോടും സാദൃശ്യം കൽപിച്ചിരിക്കുന്നു[59]. കർണ്ണാർജ്ജുനയുദ്ധസമയത്തെ വിജ യകാർമുകത്തിന്റേയും ഗാണ്ഡീവത്തിന്റെയും മേഘനാദസന്നിഭമായ ശബ്ദം ദിഗ ന്തങ്ങളെ ഭേദിക്കുന്നതാണ്[60] ഇപ്രകാരം ആഖ്യാനത്തിൽ സാന്ദർഭികമായി വരുന്ന രംഗങ്ങളിൽ പ്രകൃതിചിത്രങ്ങൾ കൊരുത്ത് മനോഹരമാക്കിമാറ്റാൻ നോവലിസ്റ്റിനു കഴിഞ്ഞിരിക്കുന്നു. ആഖ്യാനത്തിൽ ബോധധാരാരീതി പിന്തുടരുന്ന നോവലിലെ മുഖ്യകഥാപാത്രമായ ദ്രൗപദിയുടെ മനസ്സ് ഒരു പ്രവാഹമായിമാറുന്ന കാഴ്ച കൂടു തൽ അനുഭവേദ്യമായി മാറുന്നത് മേൽപറഞ്ഞവിധം ദൃശ്യശ്രാവ്യഗന്ധസ്പർശരസനി ഷ്ഠങ്ങളായ ബിംബങ്ങൾ ആദ്യാവസാനം ചേർത്തുവെച്ചിരിക്കുന്നതിനാലാണ്.

### 4.1.4. നോവലിലെ കർണ്ണകഥാപാത്രം

നോവലിലെ കേന്ദ്രകഥാപാത്രമായ ദ്രൗപദിയിലൂടെ കർണ്ണന്റെ സമ്പൂർണ്ണ കഥ കൂടുതൽ തിളക്കമുള്ളതാക്കാനാണ് നോവലിസ്റ്റ് ശ്രമിച്ചത്. കർണ്ണനാണ് നായക കഥാപാത്രം. കർണ്ണകഥാപാത്രത്തിനു പ്രാധാന്യം നൽകുന്നതിൽ ബാലകൃഷ്ണന് വ്യക്തിപരമായ കാരണങ്ങളുണ്ട്. അതിനദ്ദേഹം കുട്ടികൃഷ്ണമാരാരുടെ *ഭാരതപ ര്യടന* ത്തിന്റെ പ്രേരണ വ്യക്തമാക്കുന്നുണ്ട്[61].

എഴുത്തച്ഛന്റെ *മഹാഭാരതം കിളിപ്പാട്ടിൽ* നിറം നഷ്ടപ്പെട്ട കർണ്ണന്റെ ചിത്രം- വ്യാസരചനയുടെ കഥാസന്ദർഭങ്ങളെ ഉപജീവിച്ച് പുനരാവിഷ്കരിക്കുകയാണദ്ദേഹം ചെയ്തത്. *ഭാരതം കിളിപ്പാട്ടിൽ* കർണ്ണനെപ്പറ്റിയുള്ള പരാമർശങ്ങൾ എല്ലാം മൂല കൃതിക്കു വിരുദ്ധമായ രീതിയിൽ തെറ്റിദ്ധാരണയുളവാക്കുന്നതാണെന്നദ്ദേഹം മറ്റൊരു സന്ദർഭത്തിൽ സൂചിപ്പിക്കുന്നുണ്ട്[62].

ജീവിതത്തിൽനിന്നും അന്യവൽക്കരിക്കപ്പെടുന്ന വ്യക്തികളുടെ ആത്മസം ഘർഷം നോവലിൽ ആദ്യവസാനം കാണുന്നു. പാർശ്വവൽകൃതജനതയോട് ചേർന്നുന്നിന്നു ചിന്തിക്കുന്ന നോവലിസ്റ്റിന്റെ രീതി കർണ്ണ, ദ്രൗപദീ ചിത്രീകരണ ത്തിൽ വ്യക്തമാണ്. കർണ്ണകഥാപാത്രത്തിന്റെ അസ്തിത്വം മൂലകൃതിയിലും അങ്ങ നെത്തന്നെയാണല്ലോ. ജന്മനാതന്നെ പ്രാന്തവൽകൃതനായി സ്വന്തം അച്ഛനമ്മമാരാ രെന്നറിയാതെ ജീവിക്കേണ്ടിവരുന്നു കർണ്ണൻ. കർണ്ണന്റെ ജീവിതാരംഭംമുതലുള്ള ഓരോ മുഹൂർത്തത്തിലെയും വസ്തുതകളെ അടിസ്ഥാനമാക്കി വിമർശനരീതിയി ലുള്ള ആഖ്യാനമാണിവിടെ നടത്തുന്നത്. കഥാപാത്രസന്ദർഭങ്ങളുമായി നോവ ലിസ്റ്റ് താദാത്മ്യം പ്രാപിച്ച് ആഖ്യാനനിർവഹണം നടത്തുകയാണ്. ഇതിഹാ സത്തെ ഉപജീവിച്ചു രചിക്കുന്ന കൃതികളിൽ പാത്രസ്വഭാവത്തിൽ മാറ്റം വരുത്തരു തെന്ന മരാരുടെ അഭിപ്രായം ബാലകൃഷ്ണൻ സ്വീകരിച്ചു എന്ന അഭിപ്രായമു ണ്ട്[63]. ഇതു പൂർണ്ണമായും ശരിയല്ല.

ബാലകൃഷ്ണനിലെ സാമൂഹികദൃഷ്ടി കർണ്ണകഥാപാത്രത്തിൽ ആദ്യന്തം നീലിനമാണ്. അവഗണന സഹിക്കേണ്ടി വരുന്നവന്റെ രോഷമാണ് കർണ്ണനിൽ മുന്നിട്ടുനിൽക്കുന്നത്. എല്ലാമുണ്ടായിട്ടും ഒന്നുമില്ലാത്ത അവസ്ഥയിൽ ജീവിക്കേ ണ്ടിവന്നവൻ. കഴിവും തേജസ്സും ജന്മനാ ലഭിച്ചിട്ടും സമൂഹത്തിലെ സമുദായനീതി കളുടെയും ഉച്ചനീചത്വങ്ങളുടെയും ഇരയായിത്തീർന്ന് ജീവത്യാഗം ചെയ്തവൻ. ഇതിഹാസകഥയ്ക്ക് ആധുനികജീവിതത്തിന്റെ മുഖം നൽകുകയാണ് നോവലിസ്റ്റ്. ഏതു കാലത്തും ജാതീയവിവേചനം സാമൂഹികാന്തരീക്ഷം കലുഷമാക്കുന്നതാണ്. *മഹാഭാരത*ത്തിൽ കർണ്ണന്റെ അരങ്ങേറ്റം വർഗ്ഗപരമായ വിവാദത്തിനു, തിരികൊള ത്തിക്കൊണ്ടാണ്"[64] എന്ന് നോവലിനെക്കുറിച്ച് പറയുന്നത് അതുകൊണ്ടാണ്. ബാല കൃഷ്ണന്റെ കീഴാളപരിപ്രേക്ഷ്യമാണ് കർണ്ണകഥാപാത്രത്തിൽ തെളിയുന്നത്.

നോവലിൽ കർമ്മത്തെയും കർമ്മഫലത്തെയും കുറിച്ച് സങ്കീർണ്ണമായ ആശയങ്ങൾ നാരദൻ അവതരിപ്പിക്കുമ്പോൾ കർണ്ണന്റെ സ്വഭാവസവിശേഷതകൾ വ്യക്തമാവുന്നു. ആജന്മവിഭൂഷകൾ ലക്ഷ്യംവെച്ച് ഇന്ദ്രൻ വരുന്നകാര്യം സൂര്യദേ വൻ അറിയിക്കുമ്പോൾ ജീവരക്ഷാർത്ഥം ജീവിതവ്രതം ലംഘിക്കില്ല എന്നാണ്

കർണ്ണൻ പറയുന്നത്. “അസ്തിത്വത്തിന്റെ അടിസ്ഥാനം നിഷേധിച്ചാൽ പിന്നെ കർണ്ണന് എങ്ങനെയാണ് ജീവിക്കാൻ കഴിയുക?... ദേവാ ഭാവിയിൽ പടനിലത്ത് ശത്രുവിനാൽ വധിക്കപ്പെടുന്നതൊഴിവാക്കാൻ ഇന്നേ കർണ്ണൻ സ്വയം ഹനിക്കുന്നത് അപഹാസ്യമല്ലേ?... സ്വപുത്രന്റെ ശത്രുവിന്റെ ഉപജാപത്താൽ ശക്തിഹീനനാകുന്ന ഇന്ദ്രന്റെ നടപടിക്കു കർണ്ണൻ ഉത്തരവാദിയല്ല”[65].

കർണ്ണകഥാപാത്രത്തിന്റെ നിശ്ചയദാർഢ്യവും ധൈര്യവും വ്യക്തമാക്കുന്നതാണീ രംഗം. ദുര്യശസ്സിനെ ഭയപ്പെടുന്ന കർണ്ണനെ ഹൃദയഹാരിയായി വരച്ചുവെച്ച ബാലകൃഷ്ണന്റെ നിരൂപണബുദ്ധിയും യുക്തിചിന്തയും സർഗ്ഗാത്മകവ്യക്തിത്വവും കൂടി അനാവരണം ചെയ്യപ്പെടുന്നു ഇവിടെ. കുന്തീകർണ്ണസമാഗമത്തിൽ കർണ്ണനെ അലിവിന്റെയും വിനയത്തിന്റെയും മൂർത്തിയായി വരച്ചുവയ്ക്കുന്നതു കാണാം. കുന്തിയുടെ മുൻപിൽ കർണ്ണൻ തന്റെ നിലപാടുകൾ വ്യക്തമാക്കുമ്പോൾ തന്റെ ജീവിതത്തിനു തനതായുണ്ടായിരുന്ന അർത്ഥം അപഹരിക്കപ്പെട്ട കാര്യം സൂചിപ്പിക്കുന്നുണ്ട്[66]. മാതൃസ്നേഹത്തിന്റേയും സഹോദരസ്നേഹത്തിന്റേയും വിലയറിയുന്നു എന്ന വിപരീതാർത്ഥപ്രയോഗംകൊണ്ട് അത് വ്യക്തമാക്കുകയും ചെയ്യുന്നു. അകീർത്തിയുടെയും അധർമ്മത്തിന്റേയും മാർഗ്ഗമാണ് തന്നോട് കുന്തിയുപദേശിക്കുന്നതെന്നു പറയുന്ന അവൻ മരണത്തിന്റെ മുൻപിൽപോലും തന്റെ ധീരതയാണ് വ്യക്തമാക്കുന്നത്. കുന്തിയുടെ സ്നേഹത്തിനു മുമ്പിൽപോലും ആത്മാഭിമാനം പണയം വയ്ക്കാൻ തയ്യാറാകാതെ കർണ്ണൻ പറയുന്നു:

“അഞ്ചുമക്കൾ നിനക്കു നിത്യമായുണ്ടാകട്ടെ എന്നു ഞാനാംശംസിക്കുന്നു. അർജുനൻ മരിച്ചാൽ സകർണ്ണന്മാരായ അഞ്ചുമക്കൾ, കർണ്ണൻ മരിച്ചാൽ സാർജ്ജുനന്മാരായ അഞ്ചുമക്കൾ. അഞ്ചുമക്കളുടെ പരിചര്യ നിനക്കു ലഭിക്കും.”[67]

സ്വന്തം അനുജന്മാരായ പാണ്ഡവരുമായി സാഹോദര്യം പുലർത്താൻ ഉപദേശിക്കുന്ന കൃഷ്ണനോടും ആദരവു പ്രകടിപ്പിച്ചുതന്നെ തന്റെ നിലപാട് വ്യക്തമാക്കുന്നു കർണ്ണൻ. തന്നെ സ്വന്തം കുട്ടിയെപോലെ വളർത്തിയ അധിരഥന്റെയും രാധയുടെയും ശ്രാദ്ധപിണ്ഡമർപ്പിക്കുന്ന പുത്രനല്ലാതെ ജീവിക്കാൻ കഴിയില്ലെന്നാണ് കർണ്ണൻ പറയുന്നത്.

മൂലകൃതികളിൽ കുന്തീകർണ്ണസമാഗമം സംഗ്രഹീതരൂപത്തിൽ കേവലം 5 പുറങ്ങളിൽ 141 വരികളിലാണ് കുഞ്ഞിക്കുട്ടൻ തമ്പുരാൻ പരിഭാഷ ചെയ്തിരിക്കുന്നത്[68]. കർണ്ണകഥാപത്രത്തെ കൂടുതൽ തിളക്കമുള്ളതാക്കാൻ വേണ്ടിയുള്ള ശില്പവൈദഗ്ധ്യം നോവലിൽ കാണാം. ഒരു നാടകരംഗസമാനമാക്കിമാറ്റിയ പ്രസ്തുതഭാഗം നോവലിസ്റ്റ് ദീർഘമായി. 11 പുറങ്ങളിൽ വിവരിച്ചിരിക്കുന്നു[69].

മുൻപു സൂചിപ്പിച്ച കഥാപാത്രവ്യത്യസ്തതയാണ് കർണ്ണകഥാപാത്രത്തിലേക്ക് നോവലിസ്റ്റിനെ ആകർഷിച്ചത്. എന്നാൽ കർണ്ണകഥാപാത്രത്തിന്റെ മഹത്വം പരമാവധി ഉയർത്തിക്കാണിച്ചപ്പോൾ നോവലിൽ വന്നുപോയ പിഴവ് കാണാതിരുന്നുകൂട. കർണ്ണന്റെ സമ്പൂർണ്ണകഥയാണ് കൃതിയുടെ പ്രധാനഭാഗമെന്ന് നോവലിസ്റ്റ് പറയുന്നുണ്ടെങ്കിലും മൂലകൃതിയിലെ കർണ്ണനിൽനിന്നും വ്യത്യസ്തതയാർന്നതാണ് നോവലിലെ കർണ്ണൻ. കർണ്ണന്റെ സർവ്വാതിശായിയായ വ്യക്തിത്വം വെളിപ്പെടുത്തുന്നതിനിടയിൽ മറ്റുചില ഭാരതകഥാപാത്രങ്ങളുടെ മഹത്വം കുറച്ചുകാട്ടിയതായിട്ട് നിരീക്ഷിക്കപ്പെട്ടിട്ടുള്ളത്[70] ശരിവയ്ക്കുന്നതാണ് നോവലിലെ കർണ്ണകഥാപാത്രസൃഷ്ടി.

**4.1.4.1 താരതമ്യം**

1. പാണ്ഡവപക്ഷത്തു ചേരുന്നതിനുവേണ്ടി കൃഷ്ണൻ കർണ്ണനുമായി സംഭാഷണം നടത്തുന്ന സമയത്ത് ധാർത്തരാഷ്ട്രന്റെ സേവയിൽ പശ്ചാത്താപപ്രകടനം നടത്തുന്നുണ്ട്. അതിലപ്പുറം കർണ്ണന്റെ പരാമർശമില്ല[71]. എന്നാൽ നോവലിൽ ദ്രൗപദീവസ്ത്രാക്ഷേപരംഗം ആത്മനിന്ദയോടെ സ്മരിക്കുന്നതാണ് കാണുന്നത്. ഇത് ദ്രൗപദിയുടെ കർണ്ണദ്വേഷം ഇല്ലാതാക്കാൻ നോവലിസ്റ്റ് കൂട്ടിച്ചേർത്തതാണ്. ഇതിഹാസകാരന്റെ കൽപനയിൽപ്പെടാത്തതാണ് കണ്ണന്റെ ഈ ആത്മനിന്ദ.
2. കവചകുണ്ഡലദാനവിവരണം മൂലകൃതിയിൽ പൂർണ്ണമായി വിവരിക്കുന്നുണ്ട്. കവചകുണ്ഡലദാനത്തിന് പകരമായി വേൽ നൽകാൻ കർണ്ണൻ ഇന്ദ്രനോട് അപേക്ഷിക്കുന്നതു കാണാം.

“എന്നാലുമാട്ടേ ഭഗവൻ, മുഖ്യവീരവധത്തിനായ്
അമോഘം വെലെനിക്കേകു കൊല്ലുവേൻ ഞാൻ പ്രതാപിയെ.

അടർത്തെടുത്തേകുവേൻ ഞാൻ ചട്ടയും കുണ്ഡലങ്ങളും

മുറിച്ചെടുത്ത ദേഹത്തിൽ ബ്ബീഭത്സത വരൊല്ല മേ[72].

കവചകുണ്ഡലങ്ങൾ ശരീരത്തിൽനിന്ന് അറുത്ത് വേർപെടുത്തുമ്പോഴുള്ള വടുക്കളാൽ എനിക്കു വൈരൂപ്യം സംഭവിക്കാതിരിക്കാൻ എന്നെ അനുഗ്രഹിക്കണം[73]. എന്നല്ലാതെ മറ്റൊന്നും കർണ്ണൻ നോവലിൽ പകരമാവശ്യപ്പെടുന്നില്ല. ദാനത്തിനു പകരമെന്തെങ്കിലും ആവശ്യപ്പെടുന്നത് കർണ്ണന്റെ ദാനമഹാത്മ്യം കുറയ്ക്കുമെന്നു കരുതിയാവാം നോവലിസ്റ്റ് അങ്ങനെ ചെയ്തത്. എന്നാൽ കർണ്ണനെ മഹാത്മവാക്കി മാറ്റിത്തീർക്കാൻ പറ്റുമായിരുന്ന ഇതേ സന്ദർഭം നോവലിസ്റ്റ് നഷ്ടപ്പെടുത്തുകയാണുണ്ടായത്. ഇന്ദ്രനിൽനിന്നു നേടിയ ശക്തി, ഘടോൽക്കചനെക്കൊണ്ട് കഷ്ടത്തിലായ കൗരവപ്പട ആവശ്യപ്പെട്ടപ്പോൾ കർണ്ണൻ മടികൂടാതെ ഘടോൽക്കചന്റെ നേർക്കുപ്രയോഗിച്ചത് കർണ്ണന്റെ അർജ്ജുനനോടുള്ള ഈറയെക്കാളും വലുത് ദുര്യോധനനോടുള്ള കൂറാണെന്നു തെളിയിരിക്കുന്നത് കുട്ടികൃഷ്ണമാരാർ സൂചിപ്പിക്കുന്നുണ്ട്[74].

3. മൂലകൃതിയിൽനിന്നും കർണ്ണകഥാപാത്രത്തെ വ്യത്യസ്തമാക്കി നോവലിൽ ചേർത്തിരിക്കുന്ന മറ്റൊരു സന്ദർഭമാണ് കുന്തീകർണ്ണസമാഗമം. മൂലകൃതിയിൽ കാണാൻ കഴിയാത്ത കുന്തിയുടെ കവിഞ്ഞ വിനീതഭാവം നോവലിൽ കർണ്ണകഥാപാത്രത്തിനുകൂടി ക്ഷതം വരുത്തിയിരിക്കുന്നു.

"ഞാൻ ക്ഷത്രജാതനെന്നാലുമേറ്റീലാ ക്ഷത്രസൽക്രിയ

നീ മൂലമിതിലും ദോഷ മഹിതം ശത്രു ചെയ്യുമോ?"[75]

എന്ന രീതിയിൽ കടുത്ത വാക്കുകൾ കർണ്ണന്റെ ഭാഗത്തുനിന്നുണ്ടാവുന്നെങ്കിലും കർണ്ണൻ തന്റെ ഹൃദയോദാരത കൂടുതൽ പ്രകടമാക്കുന്നുണ്ട്.

"ധാർത്തരാഷ്ട്രന്മാർക്കുവേണ്ടി നിൻമക്കളോടെതിർക്കുവേൻ

ബലവും ശക്തിയും കാട്ടി, നിന്നോടനൃതമോതിടാ.

..........................................................................................................

..............................................................................................................

ഒരിക്കലും നശിക്കാ നിന്നഞ്ചുമക്കൾ യശസ്വിനി!

പാർത്ഥൻ പോയാൽസ്സകർണ്ണൻമാർ ഞാൻചത്താലർജ്ജുനാന്വിതർ"[76]

എന്ന വരികളിലെ കർണ്ണമാഹാത്മ്യം നോവലിൽ കാണുന്നില്ല. അതേ സമയം കർണ്ണസാന്നിദ്ധ്യം പ്രകൃതിവർണ്ണനകളാൽ മികച്ചതാക്കിയിട്ടുണ്ട്[77].

4. കർണ്ണമഹാത്മ്യചിത്രീകരണം സർവ്വരാധ്യനും മഹാരഥിയും അമാനുഷഗുണങ്ങളുമുള്ള[78] ഭീക്ഷ്മരെപ്പോലും നിഷ്പ്രഭമാക്കുന്ന തരത്തിലും ഭാരതേതിഹാസത്തിൽ കാണാത്ത രൂപത്തിലുമാണ് നോവലിൽ ചിത്രീകരിച്ചിരിക്കുന്നത്. ദീർഘവീക്ഷണമില്ലാതെ പ്രസ്താവന നടത്തി പശ്ചാത്താപം പ്രകടിപ്പിക്കുന്നയാളല്ല ഇതിഹാസകഥാപാത്രമായ ഭീക്ഷ്മപിതാമഹാൻ. അതുകൊണ്ടുതന്നെ കർണ്ണനുനേരെ അദ്ദേഹം ഉയർത്തിയ വിമർശനങ്ങൾ സോദ്ദേശ്യങ്ങളായിരുന്നു. മൂലകൃതിയിലെ ഭീഷ്മകർണ്ണസംവാദം ഇതു വ്യക്തമാക്കുന്നതാണ്[79]. ഇതിഹാസത്തിൽ ഈ സന്ദർഭത്തിൽ മിതഭാഷിയായിട്ടാണദ്ദേഹം പ്രത്യക്ഷപ്പെടുന്നത്. നോവലിൽ വളരെ തീഷ്ണതയോടെ 'നീചൻ', 'സൂതപുത്രൻ', 'ജളൻ' എന്നിങ്ങനെ ഇതിഹാസനോവലിനു ചേരാത്ത തരത്തിലാണ് ഭീക്ഷ്മരുടെ കർണ്ണശാസന. "വീട്ടിലിരുന്ന് പട്ടി കുരയ്ക്കുംപോലെ നീ എത്ര കാലമായി, 'ഞാൻ അർജ്ജുനനെ വധിക്കും ഞാൻ അർജ്ജുനനെ വധിക്കും' എന്നു ജല്പിക്കുന്നു. പക്ഷെ അവനെ കണ്ടപ്പോഴെല്ലാം നീ കുറുക്കനെപ്പോലെ പായുന്നതാണ് ഞാൻ കണ്ടത്"[80]. ഇപ്രകാരമുള്ള ഭീഷ്മരുടെ വാക്പ്രയോഗങ്ങളിലൂടെ ഒരുപക്ഷെ, ഭീഷ്മരുടെ വ്യക്തിത്വത്തിലെ ആസുരതയെക്കൂടി[81] വ്യക്തമാക്കുയാവാം നോവലിസ്റ്റിന്റെ ലക്ഷ്യം.

അതേസമയം നോവലിൽ ഇതിഹാസകഥയിൽനിന്നും ഭിന്നമായി ആത്മാഭിമാനവും വീര്യവും കർണ്ണനിൽ ചൊരിയുന്നുണ്ട് നോവലിസ്റ്റ്. അർജ്ജുനന്റെ യുദ്ധവീര്യം അജയ്യമാണെന്നും സുയോധനപക്ഷത്തിനു നാശം തീർച്ചയാ

ണെന്നും വിധിക്കുന്ന ഭീഷ്മദ്രോണഭാഷണങ്ങൾക്ക് "പ്രതിയോഗി നമ്മെക്കാൾ ശക്തനാണെന്ന കാരണംകൊണ്ട് സന്ധിക്കു മുതിരുന്നതിൽ ധർമ്മാധർമ്മചിന്ത കൾക്ക് എവിടെയാണ് സ്ഥാനം? ദൗർബല്യത്തിന്റെ ഗതികേട് ധർമ്മമാകുന്ന തെങ്ങനെ?[82] ഭീരുത്വം ധർമ്മമാകുന്നതെങ്ങനെ? എന്നിപ്രകാരമുള്ള കർണ്ണന്റെ മറുചോദ്യംതന്നെ ഉദാഹരണം.

5. മൂലകൃതിയിൽ കർണ്ണൻ പലരോടും പരാജയപ്പെടുന്നു. ഭീമൻ[83], അഭിമന്യുകുമാരൻ[84] എന്നിവരോട് പലപ്പോഴും കർണ്ണൻ പരാജയപ്പെടുകയും പിൻതിരിഞ്ഞോ ടേണ്ടിവരികയും ചെയ്യുന്നുണ്ട്. ഭീമകർണ്ണയുദ്ധത്തിൽ ഭീമൻ കർണ്ണന്റെ വില്ലു മുറിക്കുന്നുണ്ട്. കുതിരകളും തേരാളികളും വധിക്കപ്പെട്ടപ്പോൾ സൂര്യപുത്രൻ പിന്തിരിഞ്ഞോടുന്നത് വിവരിക്കുന്നു[85]. ഇതൊന്നും നോവലിൽ സൂചിപ്പിക്കു ന്നില്ല എന്നു മാത്രമല്ല കർണ്ണനെ എല്ലാവർക്കും ഉയരത്തിൽ പ്രതിഷ്ഠിക്കാൻ അവന്റെ പരാജയങ്ങൾ മറച്ചുവെച്ചതായിട്ട് കാണുന്നു.

6. പരശുരാമന്റെ "ക്ഷത്രിയധർമ്മം ക്ഷത്രിയനേക്കാൾ വൈഭവത്തോടെ കൈപ്പറ്റാൻ പോന്ന ഒരു ബ്രാഹ്മണകുമാരനെ തനിക്കാദ്യമായിട്ടാണ് കിട്ടുന്നത്"[86] എന്ന പ്രസ്താവന കർണ്ണന്റെ മേൻമ വർദ്ധിപ്പിക്കാൻ നോവലിസ്റ്റ് കൂട്ടിച്ചേർത്തതാണ്.

7. കർണ്ണനെ നായകനാക്കിയുള്ള ദ്രൗപദിയുടെ സ്വപ്നദർശനം നോവലിസ്റ്റിന്റെ സ്വതന്ത്രകൽപനയിൽപ്പെടുന്നു.

നോവലിൽ കർണ്ണകഥാപാത്രഛായയിൽ മറഞ്ഞുനിൽക്കുകയാണ് മറ്റു പ്രമുഖ കഥാപാത്രങ്ങൾ മുഴുവൻ. ജാതീയമായ വിവേചനം കർണ്ണകഥാപാത്ര ത്തിൽ നോവലിസ്റ്റ് നിലനിർത്തുന്നുണ്ട്. കവചകുണ്ഡലദാനസമയത്ത് കർണ്ണ കഥാപാത്രത്തിൽ അബോധപൂർവ്വമായ ബ്രാഹ്മണവിധേയത്വം പ്രകടമാകുന്നു. കർണ്ണന്റെ വാക്കുകളിൽ ഒരു കീഴാളന്റെ വേദന നിഴലിക്കുന്നു. ഒരു വർഗ്ഗാധിപ ത്യത്തിന്റെ വിജയംതന്നെയാണ് കർണ്ണകഥാപാത്രത്തിന്റെ പതനത്തിനു പിന്നി

ലുള്ളത്. ഇത് സത്യത്തിൽ ഇന്നത്തേതും എന്നത്തേതുമായ ഒരു ദളിതന്റെ ജീവിതവസ്ഥ തന്നെയാണ്. സാമൂഹികാർത്ഥത്തിൽ ഇതുതന്നെയാണ് നോവലിസ്റ്റ് കാണിച്ചുതരുന്നത്.

### 4.1.4.2 കർണ്ണചിത്രത്തിലെ ആത്മകഥാംശം

നോവലിലെ കഥാപാത്രവ്യക്തിത്വത്തെ നോവലിസ്റ്റിന്റെതന്നെ ചില ജീവചരിത്രവസ്തുതകളുമായി താരതമ്യപ്പെടുത്താവുന്നതാണ്. സാഹിത്യസാമൂഹികപ്രവർത്തനങ്ങളെ ഗൗരവബുദ്ധിയോടെ സമീപിച്ച ബാലകൃഷ്ണൻ ജീവിതത്തിൽ ഒരിക്കൽപോലും പദവിക്കും പ്രശസ്തിക്കും പിന്നാലെ പോയിരുന്നില്ല എന്നത് അദ്ദേഹത്തിന്റെ ജീവചരിത്രം സാക്ഷ്യപ്പെടുത്തുന്നുണ്ട്. പദവികൾക്കുപരിയായ ഒരു മൂല്യസങ്കൽപം അദ്ദേഹത്തിൽ എന്നും നിലനിന്നിരുന്നു. മഹാഭാരതകഥാപാത്രങ്ങളിൽ അദ്ദേഹത്തിന് ഏറ്റവും അടുപ്പമുണ്ടാക്കിയ കഥാപാത്രം കർണ്ണനായിമാറിയത് കേവലമൊരു താൽപര്യത്തിനുപരി ചില മൂല്യങ്ങൾ എന്നും കർണ്ണനിൽ നിലനിന്നിരുന്നത് അദ്ദേഹം ശ്രദ്ധിച്ചിരുന്നതുകൊണ്ടാണ്. ജീവിതത്തിൽ ബാലകൃഷ്ണന് ആത്മാഭിമാനത്തിന്റെ കാര്യത്തിൽ ഒത്തുതീർപ്പില്ലായിരുന്നു. സാമ്പത്തികബുദ്ധിമുട്ടനുഭവിക്കുമ്പോൾപോലും ആത്മാഭിമാനത്തിനു ക്ഷതമേൽപ്പിച്ച വ്യക്തിക്കെതിരെ തെരഞ്ഞെടുപ്പിൽ മത്സരിച്ച്, എതിരാളിയെ തേജോവധം ചെയ്ത്, തൃപ്തികണ്ടെത്തിയ ബാലകൃഷ്ണൻ, പരാജയംപോലും അഭിമാനത്തിന്റെ ജയമായിക്കരുതിയ സംഭവം അദ്ദേഹത്തിന്റെ അടുത്ത സുഹൃത്തായിരുന്ന പഴവിള രമേശൻ അനുസ്മരിക്കുന്നുണ്ട്[87].

*മഹാഭാരത*ത്തെയും *രാമായണ*ത്തെയും ഉപജീവിച്ച് രചനകളിൽ ഏർപ്പെട്ടിരുന്നവരെല്ലാം അവരവരുടെ ജീവിതാനുഭവങ്ങളും അതിൽനിന്നും നിരീക്ഷിച്ചെടുത്ത ജീവിതതത്ത്വങ്ങളും കൃതികളിൽ ആവിഷ്കരിച്ചിരുന്നു. അവരെല്ലാം അവരുടെ കൃതികളിലൂടെ അവരുടെ ജീവിതത്തിന്റെയും സാക്ഷ്യം ചൊല്ലുകയാണ്[88]. എന്ന അഭിപ്രായം ബാലകൃഷ്ണന്റെ നോവലിനും ബാധകമാണ്.

### 4.1.5. ദ്രൗപദി

മനുഷ്യജീവിതത്തിന്റെ പതനത്തിനുദാഹരണമായി വ്യാസൻ സംഭാവന ചെയ്ത കഥാപാത്രമാണ് *മഹാഭാരത*ത്തിലെ പാഞ്ചാലി. ജീവിതത്തിന്റെ സായന്ത നവേളയിൽ, ഇനിയൊന്നും തിരുത്താനില്ലാത്ത, ഒരു നിർവേദാവസ്ഥയിലെത്തിയ സന്ദർഭത്തിൽ അവൾ തന്നിലേക്കുതന്നെ തിരിഞ്ഞുനോക്കുന്ന സന്ദർഭമാണ് ബാലകൃഷ്ണന്റെ ഈ നോവലിലുള്ളത്. പാഞ്ചാലി വിമർശനബുദ്ധിയോടെയാണ് സ്വന്തം ജീവിതത്തെ സൂക്ഷ്മമായി കണ്ടറിയുന്നത്. അവളിലെ സ്ത്രീചിന്ത പുനര വതരിപ്പിക്കുകയാണ് ഇവിടെ നോവലിസ്റ്റ്. "അപമാനഭാരത്തിനാൽ ജീവിക്കുന്നതി നേക്കാൾ സ്ത്രീക്കു സ്വാതന്ത്ര്യം പുരുഷനിലൂടെ എന്ന വാദത്തിന്റെ സ്ത്രീപക്ഷ കാഴ്ചപ്പാടാണ് നോവലിസ്റ്റിനുള്ളത്"[89] എന്നും ഈ രംഗം വിലയിരുത്തപ്പെട്ടിട്ടു ണ്ട്. നോവലിസ്റ്റിന്റെ സ്വതന്ത്രചിന്ത ദ്രൗപദിയെ അനാഥത്വം, സ്വത്വാന്വേഷണം എന്നിവ അലട്ടുന്ന സ്വതന്ത്രവനിതയായി രൂപപ്പെടുത്തിയിരിക്കുന്നു.

ഒരിക്കൽ തന്റെ ജീവിതത്തിലേക്ക് ദുർവിധിയായി കടന്നുവന്ന കർണ്ണൻ മര ണശേഷവും തന്നിലേക്കുതന്നെ ഭാവം മാറിവരുന്ന രംഗത്തോടെ ദ്രൗപദിയുടെ വിചാരധാര പുരോഗമിക്കുകയാണ്. കർണ്ണനെക്കുറിച്ചുള്ള യുധിഷ്ഠിരന്റെ നിർവേദ ചിന്ത പടയിൽ വെട്ടിവീഴ്ത്തിയ അഭിമന്യുകുമാരന്റെയോ പിതാമഹന്റേയോ ആചാ ര്യന്റെയോ പേരിലല്ല കർണ്ണന്റെ പേരിലാണ് എന്നതാണ് ദ്രൗപദിയുടെ ഹൃദയ ത്തിൽ കനൽ വിതറുന്നത്. യുധിഷ്ഠിരനാണ് ദ്രൗപദിയിൽ വേദന സൃഷ്ടിക്കുന്ന ത്. ഭ്രാതൃഹത്യാചിന്തയിൽ ജീവിതമുപേക്ഷിക്കുന്ന അവനെക്കുറിച്ചു മനസ്സു വേദ നിക്കുമ്പോഴും അവന്റെ ദുഃഖം തന്റെ ദുഃഖവുമായി ഏകീഭവിപ്പിക്കാൻ അവൾക്കാ വുന്നില്ല. ഈ ദുഃഖസത്യം ഈശ്വരൻ പൊറുക്കുമോ എന്നാണവൾ ചോദിക്കുന്നത്. യുധിഷ്ഠിരന്റെ ദുഃഖം ദ്രൗപദിയുടെ ഹൃദയത്തിന് അന്യമാവുന്ന അനുഭവമാണ് നോവലിൽ പ്രകടമാവുന്നത്.

എല്ലാവരിൽനിന്നും മാത്രമല്ല തന്നിൽ നിന്നുപോലും ഒറ്റപ്പെട്ടവളാണിവിടെ ദ്രൗപദി. ജീവിതകാലം മുഴുവൻ മക്കളപ്പോലും മറന്ന് പതിധർമ്മമാചരിച്ച അവൾ

ഭർത്തൃസ്നേഹം അനുഭവിച്ചിട്ടില്ല. തന്റെ സ്ഥാനം ഏതെന്ന ചോദ്യം ഇരുട്ടിൽനിന്നും പ്രതിധ്വനിച്ചു വരുന്നതായി അവൾക്ക് അനുഭവപ്പെടുന്നു[90]. തന്റെ ജീവിതത്തെ തന്റേതു മാത്രമായ ഒരു ജീവിതമായി വിലയിരുത്താൻ ശ്രമിച്ച അവളുടെ ആഗ്രഹ ങ്ങൾ ഭർത്തൃസ്നേഹത്തിന്റെ സങ്കുചിത വലയത്തിൽ ഒതുങ്ങി ശ്വാസം മുട്ടിമരി ച്ചു[91]. അങ്ങനെ മനസ്സ് ശവപ്പറമ്പായി മാറുമ്പോഴും യുധിഷ്ഠിരനിൽ സഹാനുഭൂതി ജനിക്കുന്നതു കാണാം.

"ഒരുത്തനെ ധ്യാനിച്ചു വളർന്നു. അവൻ തന്റെ മുമ്പിൽ വന്നു പക്ഷേ, അവൻ തനിച്ചല്ല മുമ്പിൽവന്നത്. ഒന്നിനുപകരം അഞ്ചുവീരന്മാരെ ഭർത്താക്കന്മാരായി ലഭി ച്ചു. വിധിയോടു പരിഭവം പറഞ്ഞില്ല. എല്ലാവരെയും സ്നേഹിച്ചു പക്ഷേ, സ്നേഹിച്ച ഭർത്താക്കന്മാരുമായി സൈ്വര്യജീവിതം പാഞ്ചാലരാജനന്ദിനിയായ താൻ അറിഞ്ഞ തേയില്ല"[92] വിചാരധാര കർമ്മഫലത്തെക്കുറിച്ചുള്ള ചിന്തയിലെത്തുന്നു. പിതാവി ന്റെയും സഹോദരന്മാരുടെയും ഉണ്ണികളുടെയും മരണത്തിൽ ദുഃഖിക്കാൻ അർഹ തയില്ലാത്തവളായി അവൾ സ്വയം വിലയിരുത്തുന്നു. കർമ്മഫലമെന്ന ആശയം ഇതിവൃത്തത്തിൽ ചേർത്തിരിക്കുന്നതിനാൽ നോവൽ അനുഭവം ഗംഭീരമായിത്തീ രുന്നു.

നോവലിലെ വസ്ത്രാക്ഷേപരംഗം, സ്ത്രീകളുടെ മേൽ പുരുഷാധിപത്യം പുലർത്തിപ്പോരുന്ന ധാർഷ്ട്യത്തിന്റെ പ്രതീകമായി വായിച്ചെടുക്കാവുന്നതാണ്. ചൂതിൽത്തോറ്റ് സമചിത്തത നഷ്ടപ്പെട്ട യുധിഷ്ഠിരന്റെ മുൻപിൽവെച്ച് ദുശ്ശാസ നൻ മുടിയിൽ ചുറ്റിപ്പിടിച്ച് വലിച്ചിഴയ്ക്കുമ്പോൾ ദ്രൗപദി ചോദിക്കുന്ന ചോദ്യമുണ്ട്: "എന്റെ കാന്തനായ ഈ നൃപൻ, ചൂതിൽ ഭ്രമിച്ച് മത്തനായി സ്വന്തം ഇച്ഛാശക്തി നഷ്ടപ്പെട്ടവനാണ് നഷ്ടബുദ്ധിയായ ഈ രാജാവിന്റെ കൃത്യങ്ങൾക്ക് ധർമ്മസാ ധ്യതയുണ്ടോ എന്നു നിങ്ങൾ പറയുവിൻ!... ഈ നൃപന് അതിൽപ്പിന്നെ മറ്റൊരാ ളുടെ സ്വാതന്ത്ര്യം പണയം വയ്ക്കാൻ ധർമ്മശാസ്ത്രാനുവാദമുണ്ടോ എന്നു നിങ്ങൾ പറയുവിൻ?[93] ഇപ്രകാരം ചോദ്യചെയ്യുന്ന ദ്രൗപദിയിലെ ഏകാന്തനിമിഷ ങ്ങളിലെ സ്ത്രീചിന്തയെ ഉണർത്തിക്കാണിക്കുകയാണ് നോവലിസ്റ്റ്. സമൂഹ

ത്തിന്റെ മുഖ്യധാരയിൽനിന്നും പ്രാന്തവൽക്കരിക്കപ്പെടുന്ന സ്വത്വത്തോട് കൂറുപുലർത്തുകയാണ് നോവലിസ്റ്റ്. ദ്രൗപദിക്കു ജീവിതത്തിൽ നേരിടേണ്ടിവന്ന വ്യഥകളുടെയെല്ലാം പ്രതിസ്ഥാനത്തുവരുന്നത് സ്വന്തം ഭർത്താക്കന്മാരാണ്. പതിധർമ്മം കാലാകാലമായി നിറവേറ്റിക്കൊണ്ടിരിക്കുന്ന അധർമ്മത്തിലേക്ക് നോവലിസ്റ്റ് നമ്മെ എത്തിക്കുകയും ഒരു പുതിയ ധർമ്മബോധം ദ്രൗപദിയിലൂടെ മുഴങ്ങിക്കേൾപ്പിക്കുകയും ചെയ്യുന്നു.

നോവലിസ്റ്റിന്റെ സാമൂഹികചിന്തയുടെ ഒരു വശമാണ് ദ്രൗപദീചിത്രത്തിലൂടെ നോവലിൽ ആവിഷ്കൃതമാവുന്നത്. കുമാരനാശാന്റെ *ചിന്താവിഷ്ടയായ സീത*യിൽ സീതയെക്കൊണ്ട് ആശാൻ നിർവഹിച്ച ധർമ്മാധർമ്മവിചിന്തനം മറ്റൊരുതരത്തിൽ ദ്രൗപദിയിലൂടെ നിർവഹിക്കപ്പെടുന്നു ഇവിടെ.

കൗരവസഭയിൽവെച്ച് അപമാനിക്കപ്പെട്ടപ്പോൾ തളർന്നു ബോധമറ്റുവീഴാനല്ല പ്രതികാരാഗ്നിയായി ജ്വലിക്കാനും ധർമ്മാധർമ്മവ്യവസ്ഥയെ പണ്ഡിതസദസ്സിൽവെച്ച് ചോദ്യം ചെയ്ത് ന്യായവാദങ്ങൾ നിരത്താനും മുതിരുകയാണവൾ ചെയ്തത്. ദുശ്ശാസനന്റെ കണ്ഠശോണിതം കുന്തളതൈലമാക്കിയിട്ടേ താൻ മുടികെട്ടുകയുള്ളൂ എന്ന പ്രതിജ്ഞ കൊണ്ടുമാത്രമാണ് കുഞ്ഞുങ്ങളെ പിരിഞ്ഞു വനവാസത്തിനു പോകുമ്പോൾപോലും അവൾ ദുഃഖിതയാകാതിരുന്നത്. ദുഃഖം പ്രതികാരദാഹത്തിനു വഴിമാറിക്കൊടുത്തു. അശ്വത്ഥാമാവിന്റെ 'ബ്രഹ്മശിരസ്സി'ന്റെ സംഹാരകശക്തിക്കുപോലും അവളിലെ പ്രതികാരം ശമിപ്പിക്കാൻ കഴിഞ്ഞില്ല.

**4.1.5.1 അമ്മയായ ദ്രൗപദി**

നോവലിലെ അതീവഹൃദയസ്പർശിയായ രംഗമാണ് മക്കളെച്ചൊല്ലിയുള്ള ദ്രൗപദിയുടെ വിലാപം. അമ്മയെന്ന നിലയിലുള്ള അവളുടെ നില പരമദയനീയമാണ്. വനവാസവും അജ്ഞാതവാസവും അനുഷ്ഠിച്ച പതിമൂന്നു വർഷക്കാലം തന്റെ പുത്രന്മാരെ കണ്ടില്ല എന്നോർമ്മിച്ചുകൊണ്ട് അവൾ തേങ്ങുന്നു. ദ്രൗപദിയിലെ സ്ത്രീത്വം സമഗ്രമായ ഒരു വിലയിരുത്തലിനു വിധേയമാവുകയാണിവിടെ. "അമ്മയുടെ അഭിജാതമായ ദുഃഖം തനിക്കവകാശപ്പെട്ടതല്ല"[94] എന്നും തന്നിലെ

മാതൃത്വത്തെ താൻതന്നെ അവഗണിച്ചു എന്നും അവൾ വേദനയോടെ ഓർക്കുന്നു. കരുണയുടെയും കുറ്റബോധത്തിന്റെയും ഉമിത്തീയിൽ എരിഞ്ഞുകൊണ്ടിരിക്കുന്ന അനാഥയായ അവൾ അന്യഥാത്വമനുഭവിക്കുന്ന സഹതാപാർഹയായ കഥാപാത്ര മായി മാറിയിരിക്കുന്നു. ദ്രൗപദിയുടെ മനസ്സിന്റെ ഓരോ സൂക്ഷ്മചലനവും രേഖ പ്പെടുത്തുന്നതിലൂടെ പുരാണകഥാപാത്രത്തെ ഒരു പുതിയ സങ്കൽപസൃഷ്ടിയായി ഉയർത്തുകയാണ് നോവലിസ്റ്റ്.

**4.1.5.1.1. പാത്രചിത്രീകരണത്തിലെ നിരർത്ഥകത**

വ്യാസസങ്കൽപ്പസൃഷ്ടമായ കൃഷ്ണാകൃഷ്ണബന്ധത്തിനു വിരുദ്ധമായ രീതിയിൽ നോവലിൽ ദ്രൗപദിയെയും കൃഷ്ണനെയും ചേർത്ത്വെച്ച് വിവരിക്കു ന്നതായി കാണാം. "ഭക്തിയാലും സ്നേഹത്താലും വിവശയായ നിലയിൽ അവന്റെ രൂപം ധ്യാനിക്കുമ്പോൾ, മനസ്സിന്റെ അദൃശ്യമായ കോണിൽ വ്രീളയുടെ രക്ത വർണ്ണം തെളിയുന്നതെന്തിനാണ്"[95] എന്ന പ്രകാരമുള്ള ദ്രൗപദിയുടെ മനസ്സിൽ തെളിയുന്ന കൃഷ്ണരൂപം, കൃഷ്ണാകൃഷ്ണബന്ധത്തിനു നിരക്കുന്നതല്ല എന്ന് നിരൂപിക്കപ്പെടുന്നുണ്ട്[96]. എന്നാൽ ഒറിയഭാഷയിൽ പ്രതിഭാറായ് രചിച്ച *ദ്രൗപദി* എന്ന നോവലിലും ഇങ്ങനെ ഒരു വീക്ഷണം കാണാവുന്നതാണ്[97].

അവസാനം ദ്രൗപദിയുടെ അശരണതയും വേദനയും തിരിച്ചറിയുന്നത് ഭർത്താക്കന്മാരല്ല, കൃഷ്ണനാണ്. കൃഷ്ണനിൽനിന്നു യാഥാർത്ഥ്യം മനസ്സിലാ ക്കിയ ദ്രൗപദിയിൽ പുതിയ വീക്ഷണം വളർന്നു വരുന്നു. പാണ്ഡവജ്യേഷ്ഠനായ കർണ്ണന്റെ സ്ഥാനം അവൾ ഉൾക്കൊള്ളുന്നു. അവളുടെ വിചാരങ്ങളുടെ നിരർത്ഥ കത ഉദാഹരണങ്ങളിലൂടെ കൃഷ്ണൻ സമർത്ഥിക്കുന്നു. തദനന്തരം ഒരു കേന്ദ്രബി ന്ദുവിൽ ചുറ്റിക്കറങ്ങുന്ന അവളും മനസ്സിനെ "പുതിയ രൂപസങ്കൽപങ്ങളുടെ നിഷി ദ്ധമേഖലയിലേക്ക് മനസ്സ് പരക്കം പായുന്നു"[98] എന്നാണ് നോവലിസ്റ്റ് ഇക്കാര്യത്തെ വിവരിക്കുന്നത്. സിംഹാസനത്തിലിരിക്കുന്ന കർണ്ണമഹാരാജാവിന്റെ പട്ടമഹിഷി യായി ഇരിക്കുന്ന വിചാരത്തിൽ നിന്നും മനസ്സുമാറ്റാൻ അവൾക്ക് പിന്നീട് കഴിയു ന്നില്ല.

വിചിത്രങ്ങളായ നിർഭാഗ്യങ്ങൾ എന്നും തന്നിൽ നിപതിച്ചിട്ടുണ്ടെന്ന് ഓർക്കുന്ന ദ്രൗപദി, കർണ്ണനെ മൂത്ത കൗന്തേയനായി തിരിച്ചറിയുന്നുണ്ട്. അതുകൊണ്ടുതന്നെ തന്റെ ഭർത്തൃസ്ഥാനം സ്വഭാവികമായും കർണ്ണനുകൂടി അവകാശപ്പെട്ടതാണ്. ആ നിലയിൽ തനിക്കൊരു വൈധവ്യംകൂടി വന്നു ചേർന്നതായി അവൾ അത്ഭുതപ്പെടുകയും ചെയ്യുന്നു.

കുലസ്ത്രീയുടെ സദാചാരബോധത്തിന് വിരുദ്ധമെങ്കിലും എല്ലാ വിലക്കുകളും അതിലംഘിച്ച് അവളുടെ മനസ്സിൽ തെളിയുന്ന ചിത്രങ്ങളാണിവ. അങ്ങനെ ദ്രൗപദിയുടെ ആന്തരികജീവിതത്തിലെ ഇരുട്ടറകളിലേക്ക് നോവലിസ്റ്റ് വെളിച്ചം വീശുമ്പോൾ മനുഷ്യബന്ധങ്ങളും മനസ്സിന്റെ ഗതിവിഗതികളും എത്ര സങ്കീർണ്ണവും ദുർഗ്രഹവുമാണെന്ന വിസ്മയഭാവത്തിലേക്കാണ് വായനക്കാരെ നയിക്കുക. കർണ്ണകഥ പറയാൻ തുടങ്ങിയ കഥാകൃത്തിന്റെ പിടിയിൽനിന്നും മാറി നോവലിൽ ദ്രൗപദീകഥ പ്രാമുഖ്യം നേടിയിരിക്കുന്നു.

**4.1.6 നോവലിലെ കുന്തി**

കഥാപാത്രചിത്രീകരണത്തിൽ കുന്തി മൂലകൃതിയിൽനിന്നും ഏറെ വ്യത്യസ്തയാണ്. മഹാഭാരതത്തിൽ ഗാംഭീര്യത്തോടെ ഉയർന്നുനിൽക്കുന്ന ആ വീരമാതാവിന് നോവലിൽ പാണ്ഡവരുടെ ഒരു രക്ഷാകർത്തൃസ്ഥാനമാണുള്ളത്. നോവലിസ്റ്റ്, കർണ്ണന്റെ മുമ്പിൽ പ്രത്യക്ഷപ്പെടുന്ന കുന്തിക്ക് വേണ്ടത്ര വ്യക്തിപ്രഭാവം പ്രകടിപ്പിക്കാൻ അവസരം നൽകിയിട്ടില്ല. കർണ്ണസാന്നിദ്ധ്യത്തിൽ കുന്തിപറയുന്നത് ശ്രദ്ധിക്കുക: "കർണ്ണാ, ധർമ്മവ്രതിയായ നിന്നോട് അർഹിക്കാത്ത ദയയും സ്നേഹവും ഞാൻ ഭിക്ഷയാചിക്കുന്നു. യാചിക്കുന്നവർക്കു യാതൊന്നും നിഷേധിക്കാത്ത നിന്റെ സ്നേഹം നിന്റെ അമ്മയ്ക്കു നീ ഭിക്ഷയായി നൽകൂ"[99]. എന്നു മാത്രമല്ല, "അഭയാർത്ഥിനിയായി ഞാൻ വന്നു"[100]. "കർണ്ണന്റെ രൂപത്തെ ധ്യാനനിരതയെപ്പോലെ അവൾ നോക്കി"[101] എന്നീപ്രകാരം ഈശ്വരസന്നിധിയിൽ കേണപേക്ഷിക്കുന്ന ഒരു ദീനമാനസയെപ്പോലെയാണ് നോവലിലെ കുന്തി. കൃതിയിൽ കുന്തിയ്ക്ക് പ്രാധാന്യം നൽകാൻ നോവലിസ്റ്റ് ശ്രമിക്കുന്നില്ല.

"എടോ ധർമ്മം നോക്കീടുക ധർമ്മസൃഷ്ടി പ്രകാരമേ

ക്ഷത്രിയന്മാർ ബാഹുസൃഷ്ടർ ബാഹുവിര്യോപജീവികൾ"[102]

എന്നും

'പൊരുതൂ ക്ഷത്രധർമ്മത്താൽത്താഴ്ത്തീടൊല്ല പിതൃക്കളെ

സാനുജൻ നീ പുണ്യമറ്റു പാപമാംവഴി പോകൊലാ"[103]

എന്നീപ്രകാരവും യുധിഷ്ഠിരന് കൃഷ്ണൻമുഖേന സന്ദേശമയക്കുന്ന യഥാർത്ഥ കുന്തിയെ നോവലിൽ കാണുന്നില്ല. തന്റെ നാലു പുത്രൻമാരുടെയും ജീവൻ രക്ഷിക്കാൻ ശത്രുപക്ഷത്തെ നായകനോട് യാചിക്കുന്ന ദുർബ്ബലമാതാവാണ് ഇവിടെ കുന്തി. ദുഃഖിതയെങ്കിലും ധർമ്മാനുഷ്ഠാനത്തിന്നുപദേശം നൽകുന്ന മഹാഭാരതത്തിലെ കഥാപാത്രഗാംഭീര്യം നോവലിൽ കുന്തീദേവിക്കു നഷ്ടപ്പെടുന്നു.

നോവലിലെ മറ്റു കഥാപാത്രങ്ങളായ യുധിഷ്ഠിരൻ, ദുര്യോധനൻ, ഭീമസേനൻ, ഭീഷ്മർ, കൃഷ്ണൻ തുടങ്ങിയവരിൽ അല്പാല്പം മാറ്റം വരുത്തിയതായേ കാണുന്നുള്ളൂ. കഥാപാത്രങ്ങളിൽ മാനുഷികഭാവം ആരോപിക്കുന്നുവെങ്കിലും അവർ ഇതിഹാസത്തിന്റെ അന്തരീക്ഷത്തിൽ തന്നെയാണ്.

### 4.1.7. *ഇനി ഞാൻ ഉറങ്ങട്ടെ*- ഒരു സമകാലിക ആഖ്യാനം

നോവലിന്റെ ആഖ്യാനതലത്തിൽ മൂലകൃതിയിൽനിന്നും വ്യതിചലിച്ചിട്ടില്ലെന്ന് ഗ്രന്ഥകർത്താവ് ആമുഖത്തിൽ പറഞ്ഞുവെച്ചതിനർത്ഥം മൂലഗ്രന്ഥകാരനോട് നീതിപുലർത്തിയിരിക്കുന്നു എന്നാണല്ലോ. എന്നാൽ മൂലകൃതിയിൽനിന്നും നോവൽ ആഖ്യാനത്തിനു ശോഷണം സംഭവിച്ചിരിക്കുന്നു എന്നത് വാസ്തവമാണ്.

നോവൽ ആധുനികമായ ഒരു ആഖ്യാനരീതിയുടെ സാഹിത്യരൂപമായതുകൊണ്ട് അത് ഉൽപാദിപ്പിക്കുന്ന ബോധവും ആധുനികമാണെന്നത് അനുക്തസിദ്ധമാണ്. ഇതിഹാസലോകത്തിൽനിന്നും ആഖ്യാനം സമകാലികലോകത്തേക്ക് സഞ്ചരിക്കുമ്പോളുണ്ടാകുന്ന മാറ്റമാണ് ഇവിടെ അർത്ഥമാക്കുന്നത്. പരിഭാഷകളിൽ പരിഭാഷകരുടെ ആശയങ്ങളും കടന്നുവരുന്നതുപോലെ നോവൽസൃഷ്ടി

യിൽ നോവലിസ്റ്റിന്റെ ആശയങ്ങൾ പ്രത്യക്ഷപ്പെട്ടിരിക്കുന്നു. ഇതിഹാസനോവലായ എം.ടി.യുടെ *രണ്ടാമൂഴ*ത്തിലും *ഇനി ഞാൻ ഉറങ്ങട്ടെ*യിലേതുപോലെ മാറ്റം സംഭവിച്ചിട്ടുണ്ട്. *മഹാഭാരത*മെന്ന ഇതിഹാസകഥയുടെ ചരിത്രപരമായ സ്ഥലകാലബോധവും നിലനിൽപുംതന്നെ വ്യാഖ്യാനവ്യത്യസ്തതകളിലാണല്ലോ. മഹാഭാരതപശ്ചാത്തലം വ്യത്യസ്ത സ്ഥലങ്ങളാണ്. സമകാലികസാമൂഹികജീവിതത്തിലെ യാഥാർത്ഥ്യങ്ങളെ കാണിച്ചുതരാനുള്ള ആധുനികനോവലിസ്റ്റുകൾക്കുള്ള അതുല്യമായ കഴിവ് എം.ടി.യെപ്പോലുള്ളവർ മനസ്സിലാക്കിയിരുന്നു. അതുതന്നെയാണ് ബാലകൃഷ്ണനെയും സ്വാധീനിച്ചത്. മഹാഭാരതത്തിലെ സാംസ്കാരികവും രാഷ്ട്രീയവുമായ വസ്തുതകളെക്കുറിച്ച് ധാരാളം ലേഖനങ്ങളും അദ്ദേഹം എഴുതിയത് ഇതിനു തെളിവാണ്[104].

*ഇനി ഞാൻ ഉറങ്ങട്ടെ*യിലെ റിയലിസപ്രത്യയശാസ്ത്രം അതിന്റെ ഘടനയിലൊരിടത്തുപോലും സാങ്കൽപ്പികപാത്രചിത്രീകരണത്തിന് സ്ഥാനമനുവദിക്കുന്നില്ല' എന്നും 'റിയലിസത്തിന്റെ പ്രത്യയശാസ്ത്രമാണ് ബാലകൃഷ്ണന്റെ നോവലിലെ നിയാമകശക്തി'യെന്നും നിരൂപകന്മാർ[105] അഭിപ്രായപ്പെടുന്നതും മേൽപ്പറഞ്ഞ വസ്തുതകൾ വ്യക്തമാക്കുന്നതാണ്. 'കുട്ടികൃഷ്ണമാരാരുടെ *ഭാരതപര്യടന* ത്തിൽ നിന്നാണ് ഇങ്ങനെയൊരു പരിശ്രമത്തിനുള്ള ആദ്യപ്രേരണ എനിക്കുണ്ടായത്'[106] എന്ന പ്രസ്താവനതന്നെ മഹാഭാരതത്തിന്റെ ഒരു വിർമശനപരമായ ആഖ്യാനമാണ് താനും നടത്തിയതെന്ന് നോവലിസ്റ്റ് വ്യക്തമാക്കുകയാണ്. അതുകൊണ്ട്, ഒരു പുനരാഖ്യാനത്തിന്റെ പുനർവായനയെന്ന നിലയിൽ *ഇനി ഞാൻ ഉറങ്ങട്ടെ* എന്ന നോവലിനെ സമീപിക്കേണ്ടിയിരിക്കുന്നു.

വർഗ്ഗവിവേചനം ഒരു ദുരന്തമായി കലാശിക്കുന്ന കഥപറഞ്ഞുതരുന്ന നോവലിന്റെ ആശയഗരിമ ഇന്നും നിലനിൽക്കുന്നു. ഇതര സർഗ്ഗാത്മക മേഖലകളിലൂടെ സമൂഹത്തെ പഠിക്കുകയും വിലയിരുത്തുകയും ചെയ്യുന്ന ബാലകൃഷ്ണന്റെ സാമൂഹികവിമർശനം പ്രകടമാക്കുന്ന ആഖ്യാനരൂപമാണ് *ഇനി ഞാൻ ഉറങ്ങട്ടെ*. അതുകൊണ്ട് നോവൽ സാമൂഹികപ്രാധാന്യമുള്ളതാണ്.

## 4.2.0 ആത്മാംശവും ആത്മപരിഹാസവും കലർന്ന ആഖ്യാനം

ആത്മപരിഹാസവും ആക്ഷേപഹാസ്യവും ഒന്നിച്ചുചേർത്തുകൊണ്ട് നാഗരികനും ഗ്രാമീണനും തമ്മിലുള്ള അന്തരത്തിന്റെ പൊള്ളത്തരം വ്യക്തമാക്കുന്ന നോവലാണ് *പ്ലൂട്ടോ പ്രിയപ്പെട്ട പ്ലൂട്ടോ*. മനുഷ്യനും മൃഗവും തമ്മിലുള്ള വിചിത്രമായ മമതാബന്ധത്തിന്റെ ഹൃദയസ്പർശിയായ ആഖ്യാനത്തിലൂടെയാണ് നോവലിസ്റ്റ് ഇത് സാധ്യമാക്കുന്നത്. ആത്മകഥാപരമായ രീതിയിലാണ് ആഖ്യാനം. ഒരു ഗ്രാമാന്തരീക്ഷത്തിൽ ഒരു വ്യക്തിക്കുണ്ടാവുന്ന ദൈനംദിനാനുഭവങ്ങൾ അകൃത്രിമമായി പറഞ്ഞുപോവുകയാണ് കഥാനായകൻ. ഒരു ഗ്രാമചന്ത അവസാനംവരെ കഥയിൽ നിറഞ്ഞുനിൽക്കുന്നു. 'ബാലകൃഷ്ണന്റെ നോവലിലെ മമതാബന്ധം തികച്ചും പുതിയതാണ്. അതിന്റെ വീക്ഷണവും ആഢ്യസ്വഭാവമില്ലായ്മയും ജീവിതത്തെ സ്ഫടികമാക്കി മാറ്റുന്നു. അതിന്റെ വിവരണകല, ഋജുരേഖയുടെ സൗന്ദര്യനിയമങ്ങൾ അവതരിപ്പിക്കുന്നു'[107]. എന്ന നോവലിനെക്കുറിച്ചുള്ള നീരിക്ഷണം നോവലിൽ ആദ്യന്തം അർത്ഥവത്താകുന്നുണ്ട്.

കഥാകൃത്ത് തന്റെ അഭിജാതചിന്തയാൽ പ്രേരിതനായി ഒരു അൽസേഷ്യൻപട്ടിയെ വാങ്ങുന്നു. ഗ്രീക്ക് ഇതിഹാസത്തിലെ 'പ്ലൂട്ടോ' എന്ന പാതാളദേവതയുടെ പേരിട്ട് അതിനെ പരിഷ്കാരത്തിൽ വളർത്തുന്നു. പക്ഷെ കുറച്ചുകാലംകൊണ്ടുതന്നെ കഥാകൃത്ത് വഞ്ചിക്കപ്പെട്ടതായി മനസ്സിലാക്കുന്നു. ഒരു നാടൻപട്ടിയുടെ എല്ലാ സംസ്കാരരഹിതമായ പെരുമാറ്റവും അത് പ്രകടിപ്പിച്ചുതുടങ്ങുന്നു. വീട്ടിൽനിന്നും അത് ചന്തയിലേക്ക് കുടിയേറുന്നതോടെ ഉടമസ്ഥനായ കഥാനായകന്റെ പൊറുതികേട് തുടങ്ങുന്നു. അവസാനം വെടിവെച്ച് കൊല്ലാൻ തീരുമാനിച്ചുവെങ്കിലും പെട്ടെന്നുതന്നെ സഹോദരീ ഭർത്തൃവീട്ടിലേക്ക് നാടുകടത്തപ്പെടുന്നു. പിന്നീടൊരുദിവസം അതിനെ കാണാതാവുന്നതായിട്ടാണ് നോവലിൽ സൂചിപ്പിക്കുന്നത്. ഇതാണ് നോവലിന്റെ സംഗ്രഹം.

കഥാനായകൻ തന്റെ പൂർവ്വകാലജീവിതം ഒരു സ്വപ്നാവതരണത്തിലൂടെയാണ് അവതരിപ്പിക്കുന്നത്. ഒരു പട്ടിയെ വാങ്ങാനുണ്ടായ പ്രേരണയാണ് ഈ

സ്വപ്നം. തന്റെ ഉറക്കമില്ലാത്ത രാത്രികളിൽ വല്ലപ്പോഴും കണ്ണടയുമ്പോൾ സ്വപ്നങ്ങളുടെ മഹാപ്രദർശനമാണ്. സ്വപ്നത്തിൽ പ്രത്യക്ഷപ്പെടുന്നതാകട്ടെ പരമശിവനും! ശിവൻ പ്രത്യക്ഷനായി വരം ചോദിക്കുമ്പോൾ 'എനിക്കു രണ്ടു പട്ടികളെ വേണ' മെന്നാണ് കഥാനായകൻ ആവശ്യപ്പെടുന്നത്. ആവർത്തിക്കപ്പെടുന്ന സ്വപ്നങ്ങളിലും അബോധപൂർവമായി പട്ടികളെ ആഗ്രഹിക്കുന്ന ആഖ്യാതാവിന്റെ ബാല്യകാലാനുഭവങ്ങളിലും നോവലിസ്റ്റ് വായനക്കാരെ എത്തിക്കുന്നു. ഒന്നിലധികം പട്ടികളെ കുട്ടിക്കാലത്ത് പരിചയപ്പെട്ടിരുന്നതും അവയുടെ ഓരോന്നിന്റെയും ദാരുണമായ അന്ത്യം കഥാനായകനിൽ ഉമിത്തീപോലെ വളരെക്കാലം എരിയുന്നതും നാമറിയുന്നു.

വേദനയും സന്തോഷവും തരുന്ന അനുഭവങ്ങൾ ഓർക്കുന്നതോടൊപ്പം നോവലിസ്റ്റ്; ഇതിഹാസങ്ങളിലെയും ലോകക്ലാസ്സിക്കുകളിലേയും കഥാപാത്രങ്ങളെ നോവലിൽ പ്രത്യക്ഷപ്പെടുത്തുന്നതു കാണാം. ഒരു സർവ്വജ്ഞന്റെയും പരിഷ്കാരിയുടെയും നിരർത്ഥകസങ്കൽപസ്രഷ്ടാവിന്റെയും മുഖം ആഖ്യാതാവിൽ ഒളിഞ്ഞിരിക്കുന്നു.

#### 4.2.1. നോവലിലെ ഗ്രാമചിത്രം

എഴുപതുവർഷം മുൻപുള്ള ഒരു ഗ്രാമത്തെരുവിനെ കേന്ദ്രീകരിച്ചാണ് കഥ നടക്കുന്നത്. ഒരു മാസ്മരശക്തിയുണ്ട് ആ ബസാറിന്. 'അടുത്ത് സമ്പർക്കം ചെയ്യുന്നവരെ അതു വശപ്പെടുത്തിക്കളയുന്നു[108]. കടൽക്കരയെ രണ്ടു മൈൽ ദൂരത്തുള്ള കായലോരത്തോടു ഘടിപ്പിക്കുന്ന വീതിവിസ്താരമുള്ള ഒരു വലിയതോട്; ആ തോടിനു വിലങ്ങനെയുള്ള വലിയ സർക്കാർ പാലത്തിന്റെ ഇരുകരകളിലുമാണ് ബസാർ. റോഡിന്റെ രണ്ടു വശങ്ങളിലുമായി പത്തിരുപത്തഞ്ച് കടകൾ കാണാം'[109]. ആയിരക്കണക്കിനാളുകൾ വന്നു നുരച്ചുവിഹരിക്കുന്ന ബസ്റ്റാന്റിലെ മാറ്റുകൂടാതെ നിൽക്കുന്ന ഒരു ഗർഭഗൃഹത്തിലെ അന്തേവാസികളാണ് കഥാനായകനടക്കമുള്ള ആളുകൾ. ബസാറിനോടനുബന്ധിച്ചുള്ള ഓരോ ജീവിക്കും അവരവരുടേതായ സ്ഥാനം നോവലിസ്റ്റ് നൽകിയിട്ടുണ്ട്. ബസാറിലെ മനുഷ്യേതരജീവികൾക്കുപോലുമുണ്ട് ഒരു ദേശാഭിമാനചിന്തയും ഐക്യബോധവും[110].

ജീവിതത്തിന്റെ ഒരു ഘട്ടത്തിൽ കഥാനായകന്റെ കുടുംബപശ്ചാത്തലം മാറുന്നു. അച്ഛൻ മരിക്കുകയും സഹോദരിമാർ വിവാഹിതരായി പോവുകയും കഥാനായകൻ രാഷ്ട്രീയം, സാഹിത്യം, പ്രസംഗം, കച്ചവടം, ജയിൽവാസം തുടങ്ങിയ കാരണങ്ങളാൽ നാടുവിട്ടുപോകേണ്ടിവരികയും ചെയ്യുന്നു. ആഴ്ചയിൽ ഒരിക്കൽമാത്രം വീട്ടിലെത്തുന്ന സാഹചര്യത്തിൽ അമ്മയ്ക്ക് ഒറ്റയ്ക്ക് കഴിയേണ്ടിവരുന്നു. ഒരു കാലത്ത് ഒച്ചയും ബഹളവുംകൊണ്ട് മുഖരിതമായ വീട് ആളില്ലാതെ വന്നപ്പോൾ ഒരു നല്ല പട്ടിയെ വാങ്ങണമെന്ന ചിന്ത കഥാനായകനിൽ രൂപപ്പെടുന്നു. അങ്ങനെയാണ് ബസാറിൽവെച്ച്, തൃശൂർക്കാരനായ പട്ടിവിൽപ്പനക്കാരൻ 'തിരുമാലി'യിൽനിന്നും ഒരു അൾസേഷ്യൻ പട്ടിയെ കഥാനായകൻ വാങ്ങുന്നത്.

### 4.2.2. അൾസേഷ്യനായ പ്ലൂട്ടോ

സമൂഹത്തിലെ രാഷ്ട്രീയത്തിന്റെയും സമുദായത്തിന്റെയും ചേരിതിരിവുകൾ കഥാപാത്രങ്ങളിലൂടെ നോവലിസ്റ്റ് വ്യക്തമാക്കുന്നുണ്ട്. കഥാനായകൻ ഇവിടെ സ്വയം ഒരു പരിഷ്കാരിയായി മാറുന്നു. കഥാനായകന്റെ അമ്മ പട്ടിക്കുട്ടിയെ വാങ്ങുന്നതിൽ വിമുഖത കാണിക്കുന്നുണ്ട്. പട്ടിക്കുട്ടിയെ വാങ്ങേണ്ടിവന്നതിന്റെ ന്യായം അമ്മയെ ബോധ്യപ്പെടുത്തുമ്പോൾ കഥാനായകൻ ആത്മഗതം നടത്തുന്നു: 'മനുഷ്യനായാൽ ഒരു ബുദ്ധിയും സംസ്കാരവുമൊക്കെ വേണം. ഒരു നല്ല അൾസേഷ്യൻനായയെ കിട്ടിയാൽ സംസ്കാരമുള്ളവരാരെങ്കിലും ഇങ്ങനെ പറയുമോ?'[111] ഗംഭീരാകാരനായ അൾസേഷ്യൻ തന്നെ അനുഗമിച്ച് ബസാറിലേക്കും മൈതാനത്തേക്കും നടക്കുമ്പോൾ ആളുകൾ ഭയന്നുപോകുന്നതും ഗമകാണിച്ചുകൊണ്ടുള്ള തന്റെ നടത്തവും കഥാനായകന്റെ മനസ്സിൽക്കൂടി ഓടി മറിയുന്നു.

ബസാറിന്റെ തനി ഗ്രാമീണാന്തരീക്ഷത്തിൽ കൊച്ചലി, മരക്കു, ഉമ്മർ, ഗോപാലൻ, തുടങ്ങിയവരെ പരിചയപ്പെടുത്തുന്നു. കഥാപാത്രങ്ങൾ തമ്മിലുള്ള സ്നേഹധിക്യം ഗ്രാമജീവിതത്തിന്റെ നേർസാക്ഷ്യങ്ങളാണ്. ഗോപാലൻ പട്ടിക്കുട്ടിയുടെ പരിശുദ്ധി ചോദ്യം ചെയ്യുകയും പരിഹസിക്കുകയം ചെയ്തപ്പോൾ അതിന്റെ പരിശുദ്ധി തെളിയിക്കാൻ കഥാപാത്രങ്ങളെല്ലാംകൂടി ശ്രമിക്കുന്നുണ്ട്. പട്ടി ഒന്നാംതരം

പട്ടിയാണെന്നു വിധിയെഴുതുകയും ചെയ്യുന്നു. പക്ഷെ പട്ടിയുടെ പരിശുദ്ധിയെക്കുറിച്ചുള്ള കഥാനായകന്റെ ആശങ്കകൾ വിട്ടുമാറുന്നില്ല കാരണം പട്ടിയെക്കുറിച്ചുള്ള ധാരാളം വിവരങ്ങൾ ഇതിനകം പലരിൽനിന്നും അദ്ദേഹം ശേഖരിച്ചു കഴിഞ്ഞിരുന്നു. 'അൽസേഷ്യൻ കുഞ്ഞാണോ, വളർത്തിയെടുക്കാൻ പാടാ. എങ്ങനെയായാലും അവൻ വയറ്റിൽ കേടായി ചോരതൂറും'[112] എന്ന വിദഗ്ധാഭിപ്രായം കേട്ടതിൽപിന്നെ നേരത്തെ അദ്ദേഹം മരുന്നു കരുതിവയ്ക്കുന്നുണ്ടെങ്കിലും സംശയം ബാക്കി നിൽക്കുന്നു. അപ്പോഴാണ് പട്ടിയിൽ അല്പാല്പമായി ചില മാറ്റങ്ങൾ കണ്ടുതുടങ്ങുന്നത്. എന്നും കണ്ടുകൊണ്ടിരുന്ന മാറ്റമായിരുന്നു അതെങ്കിലും അവന്റെ നിറത്തിലുണ്ടായിരുന്ന കറുപ്പുലാഞ്ഛന ഇപ്പോളില്ല. ശരീരത്തിലെങ്ങും ചാരക്കറുപ്പു നിറത്തോടെയുള്ള രോമപാളികൾ കാണുന്നില്ല. കണ്ണുകളിലെ തിളക്കം നഷ്ടപ്പെട്ടിരിക്കുന്നു.[113] കഥാനായകൻ ആത്മഗം ചെയ്യുന്നു:

'പ്ലൂട്ടോ നീ കുറ്റക്കാരനല്ല. നിന്നെ ഞാൻ വെറുക്കുകയില്ല. മനുഷ്യന്റെ പൊള്ളയായ തറവാടിത്തത്തിൽ, കഥകെട്ട പ്രഭുത്വപദവിയിൽ വിശ്വസിക്കുന്നവനല്ല ഈ ഞാൻ'[114]

തറവാടിത്തത്തിലും പ്രഭുത്വത്തിലും വിശ്വാസമില്ലാത്ത കഥാനായകൻ അദ്ധ്വാനിക്കുന്നവനെ ആര്യാധ്യനായി കാണുകയും മനുഷ്യരിലെ പ്രഭുക്കളെപ്പോലെ നായ്ക്കളിലെ അൽസേഷ്യൻ പ്രഭുക്കളെ പുല്ലുവിലയായി കരുതുകയും ചെയ്യുന്നു. 'പ്ലൂട്ടോ, നീ അൽസേഷനല്ലാതെ പ്രോലിറ്റേറിയനായത് എത്ര ഭാഗ്യം!'[115] എന്നദ്ദേഹം ചിന്തിക്കുന്നതതുകൊണ്ടാണ്.

തങ്ങളറിയാതെ ജീവിതത്തിൽ പാർശ്വവൽക്കരിക്കപ്പെട്ടവരായി കഴിയേണ്ടിവന്ന ജനതയോടുള്ള നോവലിസ്റ്റിന്റെ അനുതാപം നോവലിൽ ഇത്തരം സന്ദർഭങ്ങളിലൂടെ തെളിഞ്ഞുകാണുന്നു. മുൻപ് സൂചിപ്പിച്ച ഇതിഹാസപരാമർശങ്ങൾ ഇവിടെയും കാണാം. പ്ലൂട്ടോവിനെ സംബന്ധിക്കുന്ന ശുദ്ധാശുദ്ധസന്ദേഹം, പാതിവ്രത്യശങ്കതീർന്ന ശ്രീരാമൻ സീതയെ സ്വീകരിച്ച രാമായണത്തിലെ സന്ദർഭവുമായി നോവലിസ്റ്റ് താരതമ്യപ്പെടുത്തുന്നു.

### 4.2.3. ബഹിഷ്കൃതനായ പ്ലൂട്ടോ

ബസാറിലുള്ളവർ പട്ടിയെക്കുറിച്ചുള്ള പുതിയ വിവരങ്ങളറിയാൻ തിരക്കു കൂട്ടുന്നു. കഥാനായകൻ എറണാകുളത്തുനിന്നും എത്തിയപ്പോളാണ് കുട്ടികൾ ഒളിഞ്ഞുനിന്ന് അത് വെളിപ്പെടുത്തിയത്. പ്ലൂട്ടോ കക്കൂസ് മാലിന്യം തിന്നകാര്യം. വെറുതെ പറയുന്നതല്ല സാക്ഷികളുമുണ്ട്. കഥാനായകന് അസഹ്യമായ സങ്കടം വന്നു. പ്ലൂട്ടോവിനെ പൊതിരെ തല്ലി വീട്ടിൽനിന്നും പുറത്താക്കി.

സ്വന്തം വീട്ടിൽനിന്നും ബഹിഷ്കൃതനായ പ്ലൂട്ടോ സ്മാർത്തവിചാരം ചെയ്യപ്പെട്ട അന്തർജനത്തെപോലെ ഈ ബസാറിലാണ് എത്തിപ്പെടുന്നത്. പക്ഷെ ബസാറിലും അവനെ ബഹിഷ്കരിക്കണമെന്ന അഭിപ്രായം ഏകകണ്ഠമായിരുന്നു. കാരണം ബസാറിലെ വിഖ്യാതമായ മാനം കാത്തുസൂക്ഷിക്കാൻ പ്ലൂട്ടോവിനു സാധ്യമല്ലതന്നെ. എന്നാൽ യാദൃച്ഛികമായി ഒരു ഘട്ടത്തിൽ തന്റെ ധീരത കാണിക്കാൻ കിട്ടിയ ഒരവസരം അവനെ ബസാറിന്റെ സ്വന്തമാക്കിമാറ്റി. പ്ലൂട്ടോയെ ഓടിക്കാൻ ബസാറിലെ പ്രമാണിയായ മറ്റൊരു പട്ടിയെ ഏർപ്പാടാക്കിയെങ്കിലും പ്ലൂട്ടോ അതിന്റെ കുഞ്ചിയിൽ കടിച്ചുതൂങ്ങി ഓടിച്ചു. അങ്ങനെ പ്ലൂട്ടോ ബസാറിലെ പ്രിയപ്പെട്ടവനായി മാറി.

ഇതെല്ലാം കഥാനായകൻ നാട്ടിൽവരുന്നതിനു മുൻപാണ് സംഭവിച്ചതെങ്കിൽ അദ്ദേഹം ഒരാഴ്ചക്കുശേഷം ബോട്ടിറങ്ങി നാട്ടിലെത്തിയപ്പോൾ ബസാറിലെ പാലത്തിൽ തന്നെ സ്വീകരിക്കാൻ നിൽക്കുന്ന പ്ലൂട്ടോവിനെയാണ് കാണുന്നത്. കഥാനായകന് സന്തോഷം തോന്നിയെങ്കിലും പ്ലൂട്ടോവിനോട് ചെയ്ത തെറ്റിലും അനീതിയിലും കുറ്റബോധം തോന്നി. ഒരു വളർത്തുപിതാവിനോടുള്ള സ്നേഹമാണ് പ്ലൂട്ടോ ഇവിടെ കാണിക്കുന്നത്.

പ്ലൂട്ടോവിന്റെ ധീരകൃത്യങ്ങൾ നോവലിസ്റ്റിനെ മനഃശാസ്ത്രസിദ്ധാന്തങ്ങളിലേക്കു നയിക്കുന്നുണ്ട്[116]. ഒരു മനഃശാസ്ത്രജ്ഞന്റെ കൈയിലെ കരുവായിരുന്നു പ്ലൂട്ടോ എങ്കിൽ എന്തെന്ത് അത്ഭുതസിദ്ധാന്തങ്ങൾ അതിൽനിന്ന് ഉടലെടുക്കുമായിരുന്നില്ല എന്നദ്ദേഹം ഊഹിക്കുന്നു. പാവ്ലോവ് മനുഷ്യമനസ്സിലെ മനസ്സിലാക്കാൻ

ഉപയോഗിച്ചത് പട്ടികളെയായിരുന്നു. പാവ്ലോവിന്റെ പട്ടികൾക്ക് എന്തെങ്കിലും കാരണത്താൽ വല്ല ശാരീരികവൈകല്യവുമുണ്ടായിരുന്നെങ്കിൽ മനശാസ്ത്രത്തിന്റെ ഗതിതന്നെ മാറുമായിരുന്നില്ലേ എന്നാണ് നോവലിസ്റ്റ് ചോദിക്കുന്നത്[117].

കഥാസന്ദർഭത്തിൽ ഇത്തരം മനശാസ്ത്രചിന്തകൾ നോവലിസ്റ്റ് രസകരമായി അവതരിപ്പിക്കുന്നുണ്ടെങ്കിലും അവ പല ഘട്ടങ്ങളിലും വിരസങ്ങളാവുന്നതു കാണാം. ബാലകൃഷ്ണന്റെ ഗദ്യങ്ങളിൽ പലപ്പോഴും കണ്ടുവരാറുള്ള ഔചിത്യദോഷം വരുത്തുന്നതും ആശയസങ്കീർണ്ണതയുണ്ടാക്കുന്നതുമായ ആഖ്യാനരീതി ഇവിടെയും ആവർത്തിക്കുന്നു. നോവലിന്റെ ഏഴാമധ്യായത്തിൽ പ്ലൂട്ടോവിന്റെ ശാരീരിക വളർച്ചാഘട്ടങ്ങളിലെ വിവരണം അത്തരത്തിലുള്ളതാണ്.

### 4.2.4. മനുഷ്യനിലെ മൃഗനീതി

പ്ലൂട്ടോവിന്റെ പ്രവർത്തനങ്ങൾ വീണ്ടും ഗൗരവമാർന്നതും കഥാനായകന് അസ്വാസ്ഥ്യമുണ്ടാക്കുന്നതുമായി മാറി. മെരുങ്ങാത്ത അവന്റെ വന്യതയാർന്ന സ്വഭാവം എല്ലാവരെയും ഭയപ്പെടുത്തി. ആരെയെങ്കിലും കടിക്കുക എന്ന ഘട്ടം വരെയെത്തുന്നു കാര്യങ്ങൾ. വഴിയാത്രക്കാരുടെ വസ്ത്രം കടിച്ചുകീറി പരാക്രമം കാണിക്കുന്ന രീതിയിലായി അവന്റെ പ്രവർത്തനങ്ങൾ. ബസാറിലെ സ്വീകാര്യതയും അവനു നഷ്ടപ്പെടുന്നു. ഇത്തരം പെരുമാറ്റമൊക്കെ കാണിക്കുമ്പോഴും ഞായറാഴ്ചകളിലെ അവന്റെ അക്ഷമയോടെയുള്ള തെക്കോട്ടുള്ള നോട്ടവും ഇരുത്തവും പ്രത്യേകം എടുത്തുപറയുന്നു നോവലിസ്റ്റ്.

നാട്ടിൽ പ്ലൂട്ടോ നടത്തുന്ന പരാക്രമണങ്ങളെക്കുറിച്ചുള്ള ആരോപണങ്ങൾ വീണ്ടും കഥാനായകനിലേക്കു നീളുന്നു. ബസാറിൽ കഴിയുന്നവനെങ്കിലും അതിന്റെ ഉടമസ്ഥത കഥാനായകനായതിനാൽ അദ്ദേഹം പലപ്പോഴും നിസ്സംഗത പാലിക്കേണ്ടി വരുന്നു. ഒരിക്കൽ പ്ലൂട്ടോവിന്റെ ആരാധകരും രക്ഷിതാക്കളും ഗുരുക്കന്മാരുമായി അവകാശപ്പെട്ടവരും അവന്റെ ധീരതയെ പ്രോത്സാഹിപ്പിച്ച് കോമാളിയാക്കിയവരും ഇന്നവനെ കൈയൊഴിയുന്നു. അവന്റെ എല്ലാ പ്രവൃത്തികളും ഇപ്പോൾ കഥാനായകന്റെ പ്രവൃത്തികളായിട്ടാണവർ കാണുന്നത്. അങ്ങനെ പ്ലൂട്ടോ എന്ന സ്വത്വം കഥാനായകനിലേക്കു മാറുന്നതു കാണാം.

പൊതുജനത്തിന്റെ എതിർപ്പും പട്ടിയോടുള്ള സ്നേഹവും തമ്മിൽ കഥാനായ കന്റെ മനസ്സിൽ സംഘർഷമുണ്ടാക്കുന്നു. തന്റെ ഹൃദയാനുവാദമില്ലാതെ പ്ലൂട്ടോ വിന്റെ നാശം മനസ്സിൽ കാണാൻപോലും അദ്ദേഹത്തിനു കഴിയുന്നില്ല. മറ്റുള്ളവരാൽ ഹനിക്കപ്പെടുന്ന ആ ജീവൻ അവനെ സ്നേഹിക്കുന്ന താൻതന്നെ അവസാനിപ്പിക്കു ന്നതാണുചിതം എന്ന ചിന്തയിലേക്ക് കഥാനായകനെത്തുന്നു. ഇവിടെ തന്റെ അവ സ്ഥയും സഹനശക്തിയുമെല്ലാം മഹാഭാരതത്തിലെ കർണ്ണകഥയെ നോവലിസ്റ്റ് ഓർമ്മിപ്പിക്കുന്നു[118].

പ്ലൂട്ടോവിനെ വെടിവെച്ചുകൊല്ലാൻ തീരുമാനിച്ച കഥാനായകനിൽ മനു ഷ്യൻ നിർമ്മിച്ച നീതിനിർവ്വഹണത്തെക്കുറിച്ചുള്ള ചിന്ത ഉണരുന്നു. മനുഷ്യനെ കൊലയ്ക്കു കൊണ്ടുപോകുന്നതിനു മുൻപ് അവന് ഭക്ഷണം നൽകുന്നതും അവ സാനത്തെ ആഗ്രഹം അന്വേഷിക്കുന്നതുമായ രീതികളുണ്ട്[119]. എന്നാൽ അതെല്ലാം മനുഷ്യനെ ബാധിക്കുന്നതാണല്ലോ. പ്ലൂട്ടോ മനുഷ്യനല്ലല്ലോ. അതിനാൽ അവന്റെ അവസാന ആഗ്രഹമറിയാൻ നമുക്കു മാർഗ്ഗമില്ല. മനുഷ്യരായ നമുക്ക് അതിന്റെ ആവശ്യവുമില്ല. അതുകൊണ്ടുതന്നെ അവന്റെ മരണം മനുഷ്യരായ നമുക്ക് നിസ്സാ രമാക്കാം.

മനുഷ്യലോകത്തെ സാരം, മനുഷ്യന്റെ ജന്തുലോകത്തിൽ നിസ്സാരമാകുന്ന നീതിയുടെ നെറികേടുകളെ കാണിച്ചുതരികയാണ് നോവലിസ്റ്റ്. തനിക്കുചുറ്റും സംഭ വിച്ചുകൊണ്ടിരിക്കുന്ന അതിസാധാരണങ്ങളായ സംഭവങ്ങളിലെ നിഗൂഢതകളെ തന്മ യത്വത്തോടെ നോവലിസ്റ്റ് അവതരിപ്പിക്കുന്നു. കഴിഞ്ഞുപോയ സംഭവങ്ങളെങ്കിലും വർത്തമാനസംഭവങ്ങളായി പ്രതീതിജനിപ്പിച്ച് അൽപം പിരിമുറുക്കത്തോടുകൂടിയാ ണ് നോവലിലെ ഇത്തരം സന്ദർഭങ്ങളിലെ അവതരണരീതി.

കുടുംബബന്ധങ്ങളുടെയും സൗഹൃദത്തിന്റെയും സ്നേഹോഷ്മളവും നാട കീയവുമായ അനുഭവങ്ങൾ പങ്കുവയ്ക്കുന്നതാണ് കഥാനായകന്റെ സഹോദരീ ഭർത്താവിന്റെയും കുടുംബത്തിന്റെയും രംഗപ്രവേശനം. ആത്മസംഘർഷമനുഭവി ക്കുന്ന കഥാനായകൻ അത് പ്രകടിപ്പിക്കുന്നില്ല. കുഞ്ഞുങ്ങളുടെ സ്നേഹപ്രകടന

ത്തിലും മത്സരങ്ങളിലും ഇടപെടുമ്പോഴും അദ്ദേഹത്തിന്റെ മനസ്സിൽ പ്ലൂട്ടോവിന്റെ കരച്ചിൽ മുഴങ്ങിക്കേൾക്കുന്നു അത് ഓപ്പ കണ്ടെത്തുന്നുണ്ട്[120]. കുടുംബാംഗങ്ങളെല്ലാം ചേർന്നുകൊണ്ടുള്ള ഈ രംഗം പ്ലൂട്ടോവിന്റെ വിധി മാറ്റി മറിക്കുന്നു. അവനെ സഹോദരീഭർത്താവിന്റെ വീട്ടിലേക്ക് നാടുകടത്താൻ തീരുമാനമാവുന്നു.

നാടുകടത്തൽ ചിന്ത കഥാനായകനിൽ വേദനയുണ്ടാക്കാതിരുന്നതിനു കാരണം 'നാടുകടത്തൽ' എന്ന വാക്കിൽ നിലനിൽക്കുന്ന ഗംഭീരമായ ഒരു അർത്ഥപ്രതീതിയാണ്. ചരിത്രത്തിലെ ഗംഭീരപുരുഷന്മാർ പലരും ആ വാക്കുകൊണ്ടുകൂടി അറിയപ്പെടുന്നവരാണ്. 'എല്ലാ സാഹസങ്ങളും ഒടുങ്ങി അസ്തപ്രഭാവനായി, കരകടത്തപ്പെടാൻ വേണ്ടി ഒരു ബ്രിട്ടീഷ് യുദ്ധക്കപ്പലിലേക്ക് തുഴഞ്ഞു ചെന്നു കയറുന്ന നെപ്പോളിയന്റെ ചിത്രം'[121] പ്ലൂട്ടോവിന്റെ ചരിത്രവുമായി കൂട്ടിച്ചേർക്കുകയാണ് നോവലിസ്റ്റ്. ഇതിനു പുറമെ സമൂഹ മനഃശാസ്ത്രത്തെക്കുറിച്ചുള്ള ചിന്തകളും ഇതോടൊപ്പം വരുന്നു. പ്ലൂട്ടോവിന്റെ നാടുകടത്തൽ വാർത്താചിത്രം ബസാറിൽ നിന്നാണ് കഥാനായകൻ അറിയുന്നത്. നാടുകടത്തുമ്പോൾ വെപ്രാളപ്പെട്ട പ്ലൂട്ടോയെ മാർക്കറ്റിൽ തടിച്ചുകൂടിയ ജനം കൂക്കിവിളിച്ചത്രെ! അത് കഥാനായകനെ വേദനിപ്പിച്ചു. ക്രിസ്തുദേവന്റെ ചരിത്രത്തിലും സീസറിന്റെ നാടകത്തിലും പരിചയപ്പെട്ട ജനക്കൂട്ടത്തെ അദ്ദേഹം ഓർത്തു. പ്ലൂട്ടോ ഒരു ജനനേതാവോ ദിഗ്വിജയിയോ സാമ്രാജ്യസൃഷ്ടാവോ അല്ലാതിരുന്നിട്ടുപോലും പ്രബുദ്ധരായ ജനം അവനെ വിടുന്നില്ല. കാലത്തിനുശേഷവും ജനക്കൂട്ടത്തിന്റെ സ്വഭാവം മാറുന്നില്ല എന്ന് നോവലിസ്റ്റ് വ്യക്തമാക്കുകയാണ്. 'മനുഷ്യർ വരും മനുഷ്യർപോകും, പക്ഷെ, ഞങ്ങൾ ജനക്കൂട്ടം ഇങ്ങനെ എരപ്പകളായിത്തന്നെ തുടരും'[122] എന്ന ഒരിക്കലും മാറാത്ത, പ്രബുദ്ധരായ, വിശേഷബുദ്ധിയും വിവേകവുമുള്ള പട്ടികളിൽനിന്നും വ്യത്യസ്തരായി രണ്ടുകാലിൽ സഞ്ചരിക്കുന്നു എന്നവകാശപ്പെടുന്ന മനുഷ്യരുടെ സഹജമായ വ്യത്യസ്തസ്വഭാവത്തെ ആക്ഷേപഹാസ്യത്തോടെ പരിഹസിക്കുകയാണ് നോവലിസ്റ്റ്, സമുദായമനസ്സിലൂടെയും വ്യക്തിമനസ്സിലൂടെയും സഞ്ചരിക്കാൻ പ്ലൂട്ടോയുടെ നാടുകടത്തൽ സംഭവം കാരണമാവുന്നു. സമൂഹത്തിന്റെയും വ്യക്തിയുടെയും ക്രൂരമായ മറവി നോവലിസ്റ്റിന്റെ മനസ്സിൽ ഒരു പ്രധാന

വിഷയമാവുന്നു. 'മരണമില്ലാത്ത ജീവലോകസങ്കൽപത്തിന്റെ ഭീകരത മറവിയില്ലാത്ത മനുഷ്യമനസ്സിന്റെ ഭീകരതയുടെ മുമ്പിൽ എത്രയോ നിസ്സാരമാണെന്നു തോന്നിപ്പോകുന്നു[123]. ഏറെ കഴിയുന്നതിനു മുൻപുതന്നെ പ്ലൂട്ടോവിനെ താൻതന്നെ സ്വയം മറന്ന കാര്യമാണ് പറയുന്നത്.

#### 4.2.5 ഒരു സ്നേഹപ്രകടനം

മാസങ്ങൾക്കുശേഷം സഹോദരിയുടെ വീടിന്നടുത്ത് കല്യാണം കൂടാൻ വരുമ്പോൾപോലും 'പ്ലൂട്ടോ' എന്ന പേര് കഥാനായകന് ഒരു ഓർമ്മപോലുമല്ല. കാരണം താനിന്ന് നാട്ടിലെ പ്രസിദ്ധനാണെന്നതുതന്നെ. തന്റെ ചിന്തയും പ്രവർത്തനമണ്ഡലവും വളരെ ഉയർന്ന നിലയിലുള്ളതാണെന്ന ഒരു ഇടത്തരം ബുദ്ധിജീവിയുടെ കാപട്യമനോഭാവമാണ് കഥാനായകനുള്ളത്. ഒരു വിശ്രുതവാഗ്മിയായ തന്റെ പ്രസംഗം കേട്ട് ആളുകൾ കറങ്ങിപ്പോകാറുണ്ടെന്ന് അദ്ദേഹം കരുതുന്നു124. പക്ഷെ അപ്പോളെല്ലാം തന്നിലെ പ്രാകൃതൻ തലപൊക്കുന്നത് കാണാം. 'ജന്മഗത്യാലോ കർമ്മഗത്യാലോ ഞാനൊരു പ്രാകൃതനാണ്'[125] കഥാനായകന്റെ സംസ്കൃതപെരുമാറ്റരീതിയിൽ ഒരു അസംസ്കൃതൻ എന്നും നിലനിൽക്കുന്നത് ആത്മഗതത്തിൽ വ്യക്തമാക്കുന്നു. മാന്യമായ വിധത്തിൽ സംബോധന ചെയ്യുമ്പോൾപോലും 'നിന്റെ....' എന്നാണ് പറഞ്ഞുപോവുകയത്രെ.

വിവാഹവീട്ടിൽ വിചാരിച്ചപോലെ ആരാധകന്മാർ തന്നെ വളയാത്തതിൽ പ്രതിഷേധിച്ചങ്ങനെ ഇരിക്കുമ്പോളാണ് ആ കാഴ്ച കഥാനായകൻ കാണുന്നത്. എച്ചിലിലകൾക്കുവേണ്ടി നിൽക്കുന്ന ഭീമാകാരനും ഗംഭീരാകാരനുമായ ഒരു കുത്തകക്കാരൻ പട്ടി. 'പ്ലൂട്ടോ' എന്നു പതുക്കെ വിളിച്ചതേയുള്ളൂ അവൻ യാന്ത്രികമായി കഥാനായകനെ സ്നേഹപ്രകടനത്താൽ വശംകെടുത്തുന്നു. പ്ലൂട്ടോ അവിടെയും ഒരു തെണ്ടിപ്രമാണിയായി എന്നാൽ പരമയോഗ്യനായ ഒരു പുലിക്കുട്ടിയായി വാഴുകയാണെന്ന വാസ്തവം കഥാനായകന് അഭിമാനബോധമുണ്ടാക്കുന്നു. ഒരു മൃഗത്തിന്റെ സ്നേഹപ്രകടനത്തിനു മുൻപിൽ നിസ്സഹായതയോടെ ഹൃദയവേദന അനുഭവിക്കുന്ന കഥാനായകനെയാണ് നോവലിന്റെ അവസാനം കാണു

ന്നത്. പ്ലൂട്ടോവിന്റെ കിടപ്പിൽ കഥാനായകന്റെ വേദനകളിലേക്ക് നീളംകൂടിയ ഒരു നഖം താഴ്ന്നിറങ്ങുന്നു[126]. അവന്റെ കിടപ്പിലും നോട്ടത്തിലും കൃത്യമായ അർത്ഥം നോവലിസ്റ്റു കാണുന്നു. തന്റെ അവസ്ഥ കുരിശിൽനിന്നും മരിക്കാതെ വേർപെടുത്തിയെടുത്ത യേശുദേവനോട് സാദൃശ്യപ്പെടുത്തുന്നു[127].

അറബിക്കഥകളുടെ കൂട്ടത്തിലുള്ള ഒരു പ്രേമകഥയായിട്ട് കഥാനായകൻ പ്ലൂട്ടോയെ ബന്ധിപ്പിക്കുന്നു. പുതിയ ജോലികിട്ടി സുഖിച്ചു വാഴുന്നതിനിടയിൽ ഓപ്പയുടെ കത്തുകിട്ടുന്നു. 'നീ പോയന്നു വൈകീട്ട് അഴിച്ചുവിട്ടതിൽപിന്നെ പ്ലൂട്ടോപ്പട്ടിയെ ഇതുവരെ കണ്ടിട്ടില്ല'[128] പ്ലൂട്ടോവിന്റെ സ്നേഹം തിരിച്ചറിഞ്ഞെങ്കിലും കഥാനായകൻ സ്വന്തം സുഖങ്ങളിലും താൽപര്യങ്ങളിലും ആഴ്ന്നിറങ്ങി.

**4.2.6. നോവലിന്റെ പ്രത്യേകതയും ആത്മകഥാംശവും**

ബാലകൃഷ്ണന്റെ നോവൽ സങ്കൽപങ്ങളിൽനിന്നും വളരെ അകന്നുനിൽക്കുന്ന നോവലാണ്. *പ്ലൂട്ടോ പ്രിയപ്പെട്ട പ്ലൂട്ടോ* നോവലുകളെപ്പറ്റി ചിന്തിക്കുമ്പോൾ ഇതരസാഹിത്യകൃതികളിൽനിന്ന് നോവലുകൾക്കുള്ള പരിമിതി അദ്ദേഹം ഒരു ലേഖനത്തിൽ വ്യക്തമാക്കുന്നുണ്ട്[129]. നോവലിന്റെ സ്ഥൂലമായ രൂപവും അവ്യവസ്ഥിതമായ ഘടനയും അതിനെ സാധനാപ്രധാനമായ ഒന്നാക്കിത്തീർക്കുന്നതിനാൽ പഠനപരിശീലനംകൊണ്ട് ഒരു പരിധിവരെ നോവൽരചന വിജയിപ്പിക്കാൻ കഴിയും. ഇത്തരം കാഴ്ചപ്പാടിലൂടെ നോക്കുമ്പോൾ സാധനാപരമായ യത്നങ്ങൾ ഈ നോവലിനു പിന്നിൽ കാണുന്നില്ല.

ആഖ്യാനനിർവഹണം ഇവിടെ വിശ്വസനീയമായ രീതിയിൽ നിർവഹിച്ചിരിക്കുന്നു. കഥാപാത്രസംവിധാനം മികച്ചതെങ്കിലും ശിൽപഘടനയിൽ ബോധപൂർവകവും ശ്രമകരവുമായ പ്രവർത്തനം നോവലിസ്റ്റ് നടത്തിയിട്ടില്ല. ഇതിവൃത്തം പുതുമയുള്ളതും ആത്മകഥാപരവുമായതിനാൽ ഹൃദയസ്പർശിയായി അവതരിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ നോവലിസ്റ്റ് നോവലിൽ ആദ്യവസാനം മലയാളത്തിലെ മറ്റു നോവലുകളിലെ ആഖ്യാനരീതികളും കഥാപാത്രസംവിധാനവും മാതൃകയാക്കിയതായി കാണാം. വൈക്കം മുഹമ്മദ്ബഷീറിന്റെ ആത്മകഥാപരമായ

നോവലുകളിലെ കഥാസന്ദർഭങ്ങൾ *പ്ലൂട്ടോ പ്രിയപ്പെട്ട പ്ലൂട്ടോ* എന്ന നോവലിൽ ദൃശ്യമാണ്. നോവൽ രചനയ്ക്ക് സാർവ്വത്രികപ്രാബല്യമുള്ള നിയമങ്ങൾ ഇല്ല എന്ന് ബാലകൃഷ്ണൻ അഭിപ്രായപ്പെടുന്നുണ്ടെങ്കിലും[130] കലാപരമായ കഴിവുകൾ ഏറെ വഴങ്ങുന്ന സാഹിത്യരൂപമാണ് നോവലെന്നദ്ദേഹം വിശ്വസിക്കുന്നുണ്ട്. എന്നാൽ ആ കഴിവുകൾ മുഴുവൻ തന്റെ നോവൽ സൃഷ്ടിയിൽ പ്രയോഗിച്ചു എന്നു കരുതാനാവില്ല. ബാലകൃഷ്ണന്റെ തന്നെ നിരീക്ഷണപ്രകാരം മികച്ച നോവലുകൾക്ക് പ്രമേയം കൈകാര്യം ചെയ്യുമ്പോൾ സ്വാഭാവികമായി വന്നുപോകുന്ന സ്ഥൂലതയോ കഥകൾക്കുപരി നോവലിൽ വൈകാരികഭാവങ്ങളെ ഉന്നമിപ്പിക്കുകയും രസിപ്പിക്കുകയും ചെയ്യുന്നതിനുള്ള കഴിവോ ഈ നോവലിൽ കാണാൻ പ്രയാസമായിരിക്കും[131]. മേൽപ്പറഞ്ഞ കാരണങ്ങൾകൊണ്ടുതന്നെ മലയാളത്തിലെ മികച്ച നോവലുകളുടെ കൂട്ടത്തിലേക്ക് കടന്നുകൂടാൻ ഈ നോവലിനു കഴിഞ്ഞിട്ടില്ല.

സംസ്കാരം, പ്രാകൃതമായ ജീവപ്രകൃതിയുടെ മാറുന്ന പ്രക്രിയയാണ്. അവിടെ ചിന്തയ്ക്കും ഭാഷയ്ക്കും സുനിശ്ചിതങ്ങളായ അതിർത്തികളുണ്ട്. കാപട്യത്തിന്റെ ബന്ധനത്താൽ അസ്വാഭാവികവും അസ്വതന്ത്രവുമാണത്. ഈ ഒരു പ്രശ്നമാണ് നോവലിൽ ചർച്ചചെയ്യുന്നത്.

നിത്യജീവിതത്തിലെ അതിസാധാരണങ്ങളായ സംഭവങ്ങളെയും അനുഭവങ്ങളെയും വിവരിക്കുന്നതോടൊപ്പം നമ്മുടെ ചില സങ്കൽപങ്ങളിലെ ശരിതെറ്റുകളെ സമാന്തരമായി അപഗ്രഥിച്ചു പോകുന്ന രീതിയാണ് നോവലിനുള്ളത്. സംസ്കാരം, മാന്യത തുടങ്ങിയ സഹജസങ്കൽപ്പങ്ങളെ മാറ്റിയെഴുതാനുള്ള ശ്രമം നടത്തുകയാണ് നോവലിസ്റ്റ്. മനുഷ്യനിലെ പൊങ്ങച്ചം അതിലൊന്നുമാത്രം. നോവലിലെ കഥാനായകന്റെ പരിവേഷം മുഴുവൻ കാപട്യത്തിന്റെതും പൊങ്ങച്ചത്തിന്റേതുമാണ്. അതിന്റെ നേർവിപരീതമാണ് പ്ലൂട്ടോയും മറ്റു പല കഥാപാത്രങ്ങളും.

പ്രകടമായ പ്രകൃതിയെ മെരുക്കിയും മറച്ചുപിടിച്ചുമാണ് കഥാനായകൻ ജീവിക്കുന്നത്. അദ്ദേഹത്തിന്റെ സ്നേഹത്തിൽപോലും ഇത് പ്രകടമാണ്. തന്റെ വ്യവഹാരമണ്ഡലമായ രാഷ്ട്രീയം, സാഹിത്യം, ഉദ്യോഗം തുടങ്ങിയവയെല്ലാം താനുൾപ്പെടെയുള്ള ഒരു സംസ്കൃതസമൂഹത്തിന്റെ ഭാഗമാണെന്ന് അദ്ദേഹം കരു

തുന്നു. അതുകൊണ്ടാണ് അദ്ദേഹത്തിൽ താൻ മറ്റുള്ളവരിൽനിന്നും വ്യത്യസ്തനാണെന്ന ധാരണ നിലനിൽക്കുന്നത്. ഈ വ്യത്യാസം സൂചിപ്പിക്കാനാണ് പ്ലൂട്ടോയെ അൾസേഷനായി നോവലിൽ സങ്കൽപ്പിക്കപ്പെടുന്നത്. സംസ്കാരസമ്പന്നരിൽനിന്നും സംസ്കാരഹീനരിലേക്കുള്ള ദൂരം സാങ്കൽപികം മാത്രമാണെന്നാണ് നോവലിസ്റ്റ് അർത്ഥമാക്കുന്നത്.

നോവലിൽ ബഹിഷ്ക്കരിക്കപ്പെടുന്ന പട്ടിയാണ് ജാതിഭ്രഷ്ട് വന്നവനെപ്പോലെ സമൂഹത്തിൽനിന്നും പുറന്തള്ളപ്പെടുന്നത്. സാംസ്കാരികനായകരെന്നറിയപ്പെടുന്ന ബുദ്ധിജീവിവർഗ്ഗത്തെ പരിഹസിക്കുന്ന രീതിയിലാണ് നോവൽ രചിക്കപ്പെട്ടിരിക്കുന്നത്. ഒരു പക്ഷെ നോവലിസ്റ്റിന്റെ ആത്മകഥാംശം ഇതിലുണ്ടാകാം.

**4.2.7. പത്രാധിപർ ചീന്തിയെറിഞ്ഞ നോവൽ**

നോവലെന്ന നിലയിലുള്ള ഈ കൃതിയുടെ പരിമിതികൾ പറഞ്ഞു കഴിഞ്ഞെങ്കിലും *പ്ലൂട്ടോ പ്രിയപ്പെട്ട പ്ലൂട്ടോ* പുറത്തിറങ്ങിയ കാലത്തുണ്ടായ ചില സംഭവവികാസങ്ങൾ ബാലകൃഷ്ണനെക്കൊണ്ട് ഒരു ആക്ഷേപഹാസ്യനോവലെഴുതിക്കാൻ കാരണമാക്കിയിട്ടുണ്ട്. അത് അദ്ദേഹത്തിന്റെ അടുത്ത സുഹൃത്തായിരുന്ന പഴവിള രമേശൻ ഓർമ്മിക്കുന്നുണ്ട്[132]. നോവലിന്റെ പരസ്യം കെ. ബാലകൃഷ്ണൻ പത്രാധിപരായിരുന്ന 'കൗമുദി'യിൽ പ്രത്യക്ഷപ്പെട്ടിരുന്നു. തുടർന്ന് രണ്ടദ്ധ്യായം പ്രസിദ്ധപ്പെടുത്താൻ തുടങ്ങിയപ്പോഴാണ്. മലയാളത്തിലെ ഒരു പ്രശസ്ത നിരൂപകൻ താനാണ് ഈ നോവലിലെ കഥാപാത്രമെന്നും നോവൽ പ്രസിദ്ധീകരിച്ചാൽ താൻ നിശ്ചയമായും ആത്മഹത്യ ചെയ്യുമെന്നും ഭീഷണിമുഴക്കിയത്. തുടർന്ന് പത്രാധിപർ നോവലിന്റെ മാനുസ്ക്രിപ്റ്റ് വലിച്ചുകീറി ചവറ്റുകുട്ടയിൽ ഇട്ടു. നോവലിന്റെ ആക്ഷേപഹാസ്യ സ്വഭാവമാണ് ഈ സംഭവം വ്യക്തമാക്കുന്നത്.

ബാലകൃഷ്ണന്റെ സാമൂഹികവിമർശനബോധവും കീഴാളചിന്തയും നോവൽസങ്കല്പവും പ്രത്യക്ഷപ്പെടുന്ന ആഖ്യാനരൂപങ്ങളായ നോവലുകളാണ് ഇതുവരെ പരിശോധിച്ചത്. പരമ്പരയാ ധർമ്മതത്ത്വം പ്രസരിപ്പിക്കുന്ന *മഹാഭാരത*ത്തിന്റെ ഒരു പുതിയ ഭാഷ്യമാണ് *ഇനി ഞാൻ ഉറങ്ങട്ടെ*. നോവലിസ്റ്റിന്റെ ആഖ്യാ

നരീതി ബാലകൃഷ്ണന്റെതന്നെ നോവൽസങ്കല്പവുമായി ഏറെക്കുറെ യോജിക്കുന്നതാണ്. ബോധധാരാരീതിയിലുള്ള ആഖ്യാനരംഗങ്ങളിൽ കടന്നുവരുന്ന പ്രകൃതി ദൃശ്യങ്ങൾ ഇന്ദ്രിയാനുഭവമുളവാക്കുന്നു. കർണ്ണകഥാപാത്രത്തിന്റെ കാഴ്ചപ്പാടിൽ ആധുനികമനുഷ്യന്റെ ജീവിതപ്രശ്നങ്ങൾക്ക് ഉത്തരമന്വേഷിക്കുകയാണ് നോവലിസ്റ്റ്. അരികുവൽക്കരിക്കപ്പെടുന്ന സ്വത്വത്തോടുള്ള നോവലിസ്റ്റിന്റെ ആഭിമുഖ്യം കഥാപാത്രസൃഷ്ടികളിൽ നിഴലിക്കുന്നു. ഏതുകാലത്തും പ്രസക്തമായ ജാതിവിവേചനം നോവലിൽ തെളിയുന്നു.

സമൂഹത്തിലെ ബഹിഷ്കൃതസ്വത്വത്തിന്റെ ദുർഘടഘട്ടങ്ങളാണ് *പ്ലൂട്ടോ! പ്രിയപ്പെട്ട പ്ലൂട്ടോ!* കാഴ്ചവെയ്ക്കുന്നത്. സമൂഹത്തിലെ തറവാടിത്തഘോഷണത്തിന്റെ വ്യവസ്ഥ മനുഷ്യേതര ജീവിയിലൂടെ പ്രതിഫലിപ്പിക്കുകയാണ് നോവലിസ്റ്റ്.

## കുറിപ്പുകൾ

1) സാനു, എം.കെ. 'സർഗ്ഗാത്മകരചനയിലും തിളക്കം', *പി.കെ. ബാലകൃഷ്ണൻ: ഉറങ്ങാത്ത മനീഷി* (കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം, ജൂൺ 2011) പു. 159.
2) ഗോപിനാഥൻനായർ, എൻ. (ഡോ) 'പാഞ്ചാലിയെക്കുറിച്ചൊരു ചിന്ത', (സാഹിത്യലോകം ത്രൈമാസിക, 1984 ജനുവരി-മാർച്ച്, ലക്കം ) പു. .
3) മാണി വെട്ടം, ഭാരതം-സാമാന്യവിവരം, *പുരാണിക് എൻസൈക്ലോപീഡിയ* (കോട്ടയം: കറന്റ് ബുക്സ്, ജൂലായ് 1995, പതിമൂന്നാം പതിപ്പ്) പു. 875.
4) ബാലകൃഷ്ണൻ, പി.കെ. 'പ്രസ്താവന', *ഇനി ഞാൻ ഉറങ്ങട്ടെ* (കോട്ടയം: ഡി.സി. ബുക്സ്, നവംബർ 2010 പത്താംപതിപ്പ്) പു. 9.
5) അതേ പുസ്തകം. പു. 10.
6) ബാലകൃഷ്ണൻ, പി.കെ. 'നല്ല നോവലും ധ്വനിയും', *നോവൽ: സിദ്ധിയും സാധനയും* (കോട്ടയം: ഡി.സി. ബുക്സ്, സപ്തംബർ 2009, രണ്ടാംപതിപ്പ്) പു. 37.
7) ബാലകൃഷ്ണൻ, പി.കെ. *ഇനി ഞാൻ ഉറങ്ങട്ടെ* (കോട്ടയം: ഡി.സി. ബുക്സ്, നവംബർ 2010, പത്താംപതിപ്പ്) പു. 18.
8) അതേ പുസ്തകം. പു. 49
9) അപ്പൻ, കെ.പി. 'രചനയുടെ മുഖലക്ഷണം' *വരകളും വർണ്ണങ്ങളും* (കോഴിക്കോട്: ഒലീവ് പബ്ലിഷേഴ്സ്, സപ്തംബർ 1999) പു. 43.
10) ബാലകൃഷ്ണൻ, പി.കെ. *ഇനി ഞാൻ ഉറങ്ങട്ടെ* (കോട്ടയം: ഡി.സി. ബുക്സ്, നവംബർ 2010, പത്താംപതിപ്പ്) പു. 30.
11) ബാനർജി, ഇ. (ഡോ.) 'ഇനി ഞാൻ ഉറങ്ങട്ടെ മിത്തിന്റെ ദർശനസാഫല്യം', *മിത്തും മലയാള നോവലും* (തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, മാർച്ച് 2010) പു. 32.

12) അതേ പുസ്തകം. പു. 32

13) ബാലകൃഷ്ണൻ, പി.കെ. *ഇനി ഞാൻ ഉറങ്ങട്ടെ* (കോട്ടയം: ഡി.സി. ബുക്സ്, നവംബർ 2010, പത്താംപതിപ്പ്) പു. 45.

14) അതേ പുസ്തകം. പു. 55

15) ബാനർജി, ഇ. (ഡോ.) 'ഇനി ഞാൻ ഉറങ്ങട്ടെ മിത്തിന്റെ ദർശനസാഫല്യം', *മിത്തും മലയാള നോവലും* (തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, മാർച്ച് 2010) പു. 33.

16) ബാലകൃഷ്ണൻ, പി.കെ. *ഇനി ഞാൻ ഉറങ്ങട്ടെ* (കോട്ടയം: ഡി.സി. ബുക്സ്, നവംബർ 2010, പത്താംപതിപ്പ്) പു. 61.

17) അതേ പുസ്തകം. പു. 85

18) അതേ പുസ്തകം. പു. 85

19) അതേ പുസ്തകം. പു. 89

20) അതേ പുസ്തകം. പു. 93

21) അതേ പുസ്തകം. പു. 96

22) ബാലകൃഷ്ണൻ, പി.കെ. 'പാത്രാവതരണം', *കാവ്യകല കുമാരനാശാനിലൂടെ* (കോട്ടയം: ഡി.സി. ബുക്സ്, ജൂലായ് 2010, മൂന്നാംപതിപ്പ്) പു. 160.

23) ബാലകൃഷ്ണൻ, പി.കെ. *ഇനി ഞാൻ ഉറങ്ങട്ടെ* (കോട്ടയം: ഡി.സി. ബുക്സ്, നവംബർ 2010, പത്താംപതിപ്പ്) പു. 102.

24) അതേ പുസ്തകം. പു. 103

25) സാനു, എം.കെ. 'സർഗ്ഗാത്മകരചനയിലും തിളക്കം', *പി.കെ. ബാലകൃഷ്ണൻ: ഉറങ്ങാത്ത മനീഷി* (കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം, ജൂൺ 2011) പു. 159.

26) ബാലകൃഷ്ണൻ, പി.കെ. 'പ്രസ്താവന', *ഇനി ഞാൻ ഉറങ്ങട്ടെ* (കോട്ടയം: ഡി.സി. ബുക്സ്, നവംബർ 2010 പത്താംപതിപ്പ്) പു. 10.

27) അതേ പുസ്തകം. പു. 104

28) അതേ പുസ്തകം. പു. 112

29) അതേ പുസ്തകം. പു. 107

30) അതേ പുസ്തകം. പു. 113

31) ബാലകൃഷ്ണൻ, പി.കെ. 'പാത്രാവതരണം', *കാവ്യകല കുമാരനാശാനിലൂടെ* (കോട്ടയം: ഡി.സി. ബുക്സ്, ജൂലായ് 2010, മൂന്നാംപതിപ്പ്) പു. 161.

32) കുഞ്ഞിക്കുട്ടൻ തമ്പുരാൻ. 'ഭീഷ്മകർണ്ണസംവാദം', *ശ്രീമഹാഭാരതം മൂന്നാംവാല്യം* (കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം, ഫിബ്രവരി 1981, രണ്ടാംപതിപ്പ്) പു. 842-844.

33) ബാലകൃഷ്ണൻ, പി.കെ. *ഇനി ഞാൻ ഉറങ്ങട്ടെ* (കോട്ടയം: ഡി.സി. ബുക്സ്, നവംബർ 2010, പത്താംപതിപ്പ്) പു. 129.

34) അതേ പുസ്തകം. പു. 130.

35) അതേ പുസ്തകം. പു. 134.

36) അശോകൻ, കെ. *ഇതിഹാസത്തിൽനിന്നു നോവൽ* (ഭാഷാപോഷിണി, ഏപ്രിൽ 1986) പു. 64.

37) ബാലകൃഷ്ണൻ, പി.കെ. *ഇനി ഞാൻ ഉറങ്ങട്ടെ* (കോട്ടയം: ഡി.സി. ബുക്സ്, നവംബർ 2010, പത്താംപതിപ്പ്) പു. 146.

38) അതേ പുസ്തകം. പു. 154.

39) അതേ പുസ്തകം. പു. 155.

40) അതേ പുസ്തകം. പു. 177.

41) സാനു, എം.കെ. 'സർഗ്ഗാത്മകരചനയിലും തിളക്കം', *പി.കെ. ബാലകൃഷ്ണൻ: ഉറങ്ങാത്ത മനീഷി* (കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം, ജൂൺ 2011) പു. 156.

42) ബാലകൃഷ്ണൻ, പി.കെ. *ഇനി ഞാൻ ഉറങ്ങട്ടെ* (കോട്ടയം: ഡി.സി. ബുക്സ്, നവംബർ 2010, പത്താംപതിപ്പ്) പു. 17.

43) അതേ പുസ്തകം. പു. 19.

44) അതേ പുസ്തകം. പു. 21.

45) അതേ പുസ്തകം. പു. 31.

46) അതേ പുസ്തകം. പു. 31.

47) അതേ പുസ്തകം. പു. 31.

48) അതേ പുസ്തകം. പു. 38.

49) അതേ പുസ്തകം. പു. 69.

50) അതേ പുസ്തകം. പു. 70.

51) അതേ പുസ്തകം. പു. 86.

52) അതേ പുസ്തകം. പു. 101.

53) അതേ പുസ്തകം. പു. 101.

54) അതേ പുസ്തകം. പു. 104.

55) അതേ പുസ്തകം. പു. 104.

56) അതേ പുസ്തകം. പു. 158.

57) അതേ പുസ്തകം. പു. 158.

58) അതേ പുസ്തകം. പു. 207.

59) അതേ പുസ്തകം. പു. 209.

60) അതേ പുസ്തകം. പു. 202.

61) ബാലകൃഷ്ണൻ, പി.കെ. 'പ്രസ്താവന', *ഇനി ഞാൻ ഉറങ്ങട്ടെ* (കോട്ടയം: ഡി.സി. ബുക്സ്, നവംബർ 2010 പത്താംപതിപ്പ്) പു. 11.

62) ബാലകൃഷ്ണൻ, പി.കെ. 'എഴുത്തച്ഛന്റെ കർണ്ണൻ', *എഴുത്തച്ഛന്റെ കല-ചില വ്യാസഭാരതപ നങ്ങളും* (തൃശൂർ: കറന്റ് ബുക്സ്, ഫിബ്രവരി 2002, രണ്ടാംപതിപ്പ്) പു. 79.

63) സാനു, എം.കെ. 'സർഗ്ഗാത്മകരചനയിലും തിളക്കം', *പി.കെ. ബാലകൃഷ്ണൻ: ഉറങ്ങാത്ത മനീഷി* (കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം, ജൂൺ 2011) പു. 154.

64) ബാനർജി, ഇ. (ഡോ.) 'മിത്തിന്റെ ദർശനസാഫല്യം', *മിത്തും മലയാളനോവലും* (തിരുവന ന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, മാർച്ച് 2010) പു. 33.

65) ബാലകൃഷ്ണൻ, പി.കെ. *ഇനി ഞാൻ ഉറങ്ങട്ടെ* (കോട്ടയം: ഡി.സി. ബുക്സ്, നവംബർ 2010, പത്താംപതിപ്പ്) പു. 64.

66) അതേ പുസ്തകം. പു. 110.

67) അതേ പുസ്തകം. പു. 114.

68) കുഞ്ഞിക്കുട്ടൻ തമ്പുരാൻ, കൊടുങ്ങല്ലൂർ. 'കുന്തീകർണ്ണസംവാദം', (ഭഗവദ്യാനപർവ്വം) *ശ്രീമഹാഭാരതം മൂന്നാംവാള്യം* (കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം, ഫിബ്രവരി 1981, രണ്ടാംപതിപ്പ്) പു. 360–364.

69) ബാലകൃഷ്ണൻ, പി.കെ. *ഇനി ഞാൻ ഉറങ്ങട്ടെ* (കോട്ടയം: ഡി.സി. ബുക്സ്, നവംബർ 2010, പത്താംപതിപ്പ്) പു. 104–114.

70) അശോകൻ, കെ. *ഇതിഹാസത്തിൽനിന്നു നോവൽ* (ഭാഷാപോഷിണി, ഏപ്രിൽ 1986) പു. 60.

71) അതേ പുസ്തകം. പു. 61.

72) കുഞ്ഞിക്കുട്ടൻ തമ്പുരാൻ. 'കവചകുണ്ഡലദാനം', *ശ്രീമഹാഭാരതം രണ്ടാംവാള്യം* (കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം, 1980–1981) പു. 820.

73) ബാലകൃഷ്ണൻ, പി.കെ. *ഇനി ഞാൻ ഉറങ്ങട്ടെ* (കോട്ടയം: ഡി.സി. ബുക്സ്, നവംബർ 2010, പത്താംപതിപ്പ്) പു. 66.

74) കുട്ടികൃഷ്ണമാരാർ, 'കർണ്ണന്റെ അരങ്ങേറ്റം', *ഭാരതപര്യടനം* (കോഴിക്കോട്: മാരാർ സാഹിത്യപ്രകാശം, ജനുവരി 2012) പു. 38.

75) കുഞ്ഞിക്കുട്ടൻ തമ്പുരാൻ, കൊടുങ്ങല്ലൂർ. 'കുന്തീകർണ്ണസമാഗമം', *ശ്രീമഹാഭാരതം മൂന്നാം വാള്യം* (കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം, ഫിബ്രവരി 1981, രണ്ടാംപതിപ്പ്) പു. 363.

76) അതേ പുസ്തകം. പു. 363–364

77) ബാലകൃഷ്ണൻ, പി.കെ. *ഇനി ഞാൻ ഉറങ്ങട്ടെ* (കോട്ടയം: ഡി.സി. ബുക്സ്, നവംബർ 2010, പത്താംപതിപ്പ്) പു. 104.

78) ഉണ്ണികൃഷ്ണൻപോറ്റി. പി.എൻ. 'ഭീഷ്മർ' *വ്യാസകഥാപാത്രങ്ങൾ* (തിരുവനന്തപുരം: കേരള ഭാഷാഇൻസ്റ്റിറ്റ്യൂട്ട് ജൂൺ 2011) പു. 45.

79) കുഞ്ഞിക്കുട്ടൻ തമ്പുരാൻ. 'ഭീഷ്മകർണ്ണസംവാദം', *ശ്രീമഹാഭാരതം മൂന്നാംവാള്യം* (കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം, ഫിബ്രവരി 1981, രണ്ടാംപതിപ്പ്) പു. 842–844.

80) ബാലകൃഷ്ണൻ, പി.കെ. *ഇനി ഞാൻ ഉറങ്ങട്ടെ* (കോട്ടയം: ഡി.സി. ബുക്സ്, നവംബർ 2010, പത്താംപതിപ്പ്) പു. 134.

81) വിശ്വംഭരൻ തുറവൂർ, 'ഭീഷ്മസ്വഭാവം' *മഹാഭാരതപര്യടനം ഭാരതദർശനം: പുനർവായന* (കോട്ടയം: ഡി.സി. ബുക്സ്, മാർച്ച് 2014, മൂന്നാംപതിപ്പ്) പു. 911.

82) ബാലകൃഷ്ണൻ, പി.കെ. *ഇനി ഞാൻ ഉറങ്ങട്ടെ* (കോട്ടയം: ഡി.സി. ബുക്സ്, നവംബർ 2010, പത്താംപതിപ്പ്) പു. 133.

83) വെട്ടം മാണി, 'ഭീമൻ മഹാഭാരതയുദ്ധത്തിൽ', *പുരാണിക് എൻസൈക്ലോപീഡിയ* (കോട്ടയം: കറന്റ് ബുക്സ്, ജൂലായ് 1995, പതിമൂന്നാം പതിപ്പ്) പു. 884.

84) അതേ പുസ്തകം. പു. 60.

85) കുഞ്ഞിക്കുട്ടൻ തമ്പുരാൻ, കൊടുങ്ങല്ലൂർ. 'കർണ്ണപരാജയം', *ശ്രീമഹാഭാരതം രണ്ടാംവാള്യം* ദ്രോണപർവ്വം (കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം, ഫിബ്രവരി 1981) പു. 360.

86) ബാലകൃഷ്ണൻ, പി.കെ. *ഇനി ഞാൻ ഉറങ്ങട്ടെ* (കോട്ടയം: ഡി.സി. ബുക്സ്, നവംബർ 2010, പത്താംപതിപ്പ്) പു. 58.

87) രമേശൻ പഴവിള, 'പി.കെ. ബാലകൃഷ്ണൻ- കവചകുണ്ഡലങ്ങളില്ലാത്ത കർണ്ണൻ'. മാതൃഭൂമി ആഴ്ചപ്പതിപ്പ്, ഏപ്രിൽ 21-27, 1991.

88) രാധാകൃഷ്ണൻ, കെ.എസ്. 'കൃതികൾ ജീവിതത്തിന്റെ നേർസാക്ഷ്യങ്ങൾ', ഭാഷാപോഷിണി 1995 ഒക്ടോബർ ല. 5, പുറം. 23.

89) ശ്രീകല, ആർ.ബി. (ഡോ.) *മഹാഭാരതത്തിലെ മൗനഭാഷ്യങ്ങൾ* (പാലക്കാട്: ശാന്തം മാസിക, ഫെബ്രുവരി 2017) പു. 39.

90) അതേ പുസ്തകം. പു. 69.

91) അതേ പുസ്തകം. പു. 68.

92) അതേ പുസ്തകം. പു. 70.

93) അതേ പുസ്തകം. പു. 73.

94) അതേ പുസ്തകം. പു. 79.

95) അതേ പുസ്തകം. പു. 82.

96) അശോകൻ, കെ. *ഇതിഹാസത്തിൽനിന്നു നോവൽ* (ഭാഷാപോഷിണി, ഏപ്രിൽ 1986) പു. 60.

97) പ്രതിഭാറായ്, *ദ്രൗപദി* (നോവൽ). വിവ. പി. മാധവൻപിള്ള (കോട്ടയം: ഡി.സി. ബുക്സ്, ജൂലൈ 2016) പു. 335.

98) ബാലകൃഷ്ണൻ, പി.കെ. *ഇനി ഞാൻ ഉറങ്ങട്ടെ* (കോട്ടയം: ഡി.സി. ബുക്സ്, നവംബർ 2010, പത്താംപതിപ്പ്) പു. 99.

99) ബാലകൃഷ്ണൻ, പി.കെ. *ഇനി ഞാൻ ഉറങ്ങട്ടെ* (കോട്ടയം: ഡി.സി. ബുക്സ്, നവംബർ 2010, പത്താംപതിപ്പ്) പു. 108.

100) അതേ പുസ്തകം. പു. 111.

101) അതേ പുസ്തകം. പു. 111.

102) കുഞ്ഞിക്കുട്ടൻ തമ്പുരാൻ, കൊടുങ്ങല്ലൂർ. 'കുന്തീവാക്യം', *ശ്രീമഹാഭാരതം മൂന്നാംവാള്യം* ദ്രോണപർവ്വം (കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം, ഫിബ്രവരി 1981, രണ്ടാം പതിപ്പ്) പു. 334.

103) അതേ പുസ്തകം. പു. 335.

104) രവീന്ദ്രൻ, പി.പി. 'മലയാളത്തിലെ മഹാഭാരതനോവലുകൾ' മാതൃഭൂമി ആഴ്ചപ്പതിപ്പ്, മെയ് 23-29, 2004, ലക്കം 12, പു. 19.

105) അതേ പുസ്തകം. പു. 19-20.

106) ബാലകൃഷ്ണൻ, പി.കെ. 'പ്രസ്താവന', *ഇനി ഞാൻ ഉറങ്ങട്ടെ* (കോട്ടയം: ഡി.സി. ബുക്സ്, നവംബർ 2010 പത്താംപതിപ്പ്) പു. 11.

107) അപ്പൻ, കെ.പി. 'രചനയുടെ മുഖലക്ഷണം' *വരകളും വർണ്ണങ്ങളും* (കോഴിക്കോട്: ഒലീവ് പബ്ലിഷേഴ്സ്, സപ്തംബർ 1999) പു. 44.

108) ബാലകൃഷ്ണൻ, പി.കെ. *പ്ലൂട്ടോ പ്രിയപ്പെട്ട പ്ലൂട്ടോ* (നോവൽ) (കോട്ടയം: ഡി.സി. ബുക്സ്, ഡിസംബർ 2010, മൂന്നാംപതിപ്പ്) പു. 38.

109) അതേ പുസ്തകം. പു. 38.

110) അതേ പുസ്തകം. പു. 40.

111) അതേ പുസ്തകം. പു. 24.

112) അതേ പുസ്തകം. പു. 33.

113) അതേ പുസ്തകം. പു. 34.

114) അതേ പുസ്തകം. പു. 35.

115) അതേ പുസ്തകം. പു. 35.

116) അതേ പുസ്തകം. പു. 56.

117) അതേ പുസ്തകം. പു. 56.

118) അതേ പുസ്തകം. പു. 65.

119) അതേ പുസ്തകം. പു. 66.

120) അതേ പുസ്തകം. പു. 68.

121) അതേ പുസ്തകം. പു. 73.

122) അതേ പുസ്തകം. പു. 74.

123) അതേ പുസ്തകം. പു. 75.

124) അതേ പുസ്തകം. പു. 78.

125) അതേ പുസ്തകം. പു. 78.

126) അതേ പുസ്തകം. പു. 95.

127) അതേ പുസ്തകം. പു. 96.

128) അതേ പുസ്തകം. പു. 101.

129) ബാലകൃഷ്ണൻ, പി.കെ. 'ഒരു നോവലിന്റെ പണിപ്പുര' *നോവൽ: സിദ്ധിയും സാധനയും* (കോട്ടയം: ഡി.സി.ബുക്സ്, സപ്തംബർ 2009, രണ്ടാംപതിപ്പ്) പു. 51.

130) ബാലകൃഷ്ണൻ, പി.കെ. 'നല്ലനോവലും മഹത്തായ നോവലും' *പി.കെ. ബാലകൃഷ്ണന്റെ ലേഖനങ്ങൾ* (കോട്ടയം: ഡി.സി. ബുക്സ്, സപ്തംബർ 2010, മൂന്നാംപതിപ്പ്) പു. 127.

131) അതേ പുസ്തകം. പു. 131.

132) പഴവിള രമേശൻ, 'പി.കെ. ബാലകൃഷ്ണൻ - കവചകുണ്ഡലങ്ങളില്ലാത്ത കണ്ണൻ', മാതൃഭൂമി ആഴ്ചപ്പതിപ്പ്, 1991 ഏപ്രിൽ 21-27.

അദ്ധ്യായം അഞ്ച്

# ചരിത്രപഠനത്തിന്റെ വേറിട്ട വഴി

"സ്ഥായിയായൊരു ചരിത്രവീക്ഷണമില്ലാതെ സ്ഥായിയാ പ്രസ്ഥാനങ്ങളോ ഉൽഗമിക്കുന്ന ചിന്തകളോ ഉണ്ടാവുക സാദ്ധ്യമല്ല. മനുഷ്യമനസ്സിന്റെ ഉപബോധകാലത്തിലെ ഏറ്റവും വലിയ ഘടകമാണ് ചരിത്രം"[1]. ചരിത്രത്തെക്കുറിച്ചുള്ള ബാലകൃഷ്ണന്റെ നിരീക്ഷണമാണിത്. ചരിത്രം എന്നും അദ്ദേഹത്തിനു ഇഷ്ടവിഷയമായിരുന്നു. മനുഷ്യജീവിതത്തിൽ ചരിത്രത്തിന്റെ സാംസ്കാരിക പ്രാധാന്യം മനസ്സിലാക്കിയ അദ്ദേഹം വലിയൊരു സാമൂഹിക ശക്തിയായിട്ടാണ് അതിനെ വിലയിരുത്തിയത്. മനുഷ്യന്റെ വളർച്ചയുടെയും വികാസത്തിന്റെയും പിഴയ്ക്കാത്ത ഒരു സൂചികയിലാണ് ചരിത്രവീക്ഷണം നിലകൊള്ളേണ്ടത്. ചരിത്രരചനയെ നയിക്കേണ്ടത് സാമൂഹികപരിണാമത്തിന്റെ നിയമങ്ങളായിരിക്കണം. ഈ വീക്ഷണത്തിന്റെ അഭാവമാണ് കേരളചരിത്രരചയിതാക്കളുടെ ചരിത്രകൃതികളിൽ അദ്ദേഹം കാണുന്നത്. കേരളചരിത്രാന്വേഷണത്തിൽ കേരളീയരായ ചരിത്രകാന്മാരെക്കാൾ വിദേശീയരായവരാണ് എന്തെങ്കിലും ചെയ്തതെന്നാണ് ബാലകൃഷ്ണന്റെ ധാരണ. അന്ധവിശ്വാസാധിഷ്ഠിതമായ ചരിത്രരചനയാണ് കേരളീയർ നടത്തിവന്നത്. ശാസ്ത്രീയമായ ചരിത്രവും സാമൂഹികവീക്ഷണവും ഇവിടെ അസ്തമിക്കുകയായിരുന്നു[2].

കേരളചരിത്രചനകളിലെ നമ്പൂതിരി-നായർ വീക്ഷണങ്ങളെ ബാലകൃഷ്ണൻ തന്റെ മിക്ക ചരിത്രലേഖനങ്ങളിലും വിമർശിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ സാഹിത്യമടക്കമുള്ള പഠനഗ്രന്ഥങ്ങൾക്ക് ആഴവും ശക്തിയും കൈവരുന്നത് ചരിത്രസങ്കല്പത്തെ അടിസ്ഥാനമാക്കി വിശകലനം നടത്തുന്നതിലൂടെയാണ്. സാഹിത്യകാരന്മാരുട ചിന്താപദ്ധതികളിൽ രാഷ്ട്രീയ-സാമൂഹിക ഘടകങ്ങൾ ആവശ്യമാകേണ്ടതിന്റെ പ്രധാന്യം ലേഖനങ്ങളിൽ തെളിഞ്ഞുകാണാം.

## 5.1. ചരിത്രത്തിൽ തരംമാറിയ ഗുരു

കേരളസമൂഹത്തിൽ ചരിത്രപണ്ഡിതന്മാർ ശ്രദ്ധിക്കപ്പെടാതെ പോയ ചില അവസ്ഥകൾ, പോരായ്മകൾ, അർദ്ധസത്യങ്ങൾ എന്നിവയെക്കുറിച്ച് അദ്ദേഹം സാമൂ

ഹികവീക്ഷണത്തോടെ *നാരായണഗുരു* (1954) എന്ന സമാഹാരഗ്രന്ഥത്തിൽ വിശദീകരിക്കുന്നുണ്ട്. കേവലമായ ഒരു പാരായണരീതിക്കപ്പുറം സമുദായത്തിന്റെ വർഗ്ഗസ്വഭാവത്തെ നിരൂപണം നടത്തുന്ന ഗ്രന്ഥമാണത്. മഹാന്മാരെ പഠിക്കേണ്ടത് അവരുടെ ചരിത്രപശ്ചാത്തലം സ്പർശിച്ചുവേണം എന്ന ആശയമാണ് ഗ്രന്ഥം കാഴ്ചവെയ്ക്കുന്നത്. "പശ്ചാത്തല ബോധമില്ലാത്ത ജീവചരിത്രപഠനം എപ്പോഴും അപൂർണ്ണമായിരിക്കും"[3] എന്ന് ആമുഖത്തിൽ അദ്ദേഹം സ്ഥാപിക്കുന്നു. ഒരു കാലത്ത് കേരളസമൂഹത്തിൽ അവഗണിക്കപ്പെട്ടുപോയ അവശസമുദായത്തിന്റെ സാന്ദ്രതയെക്കുറിച്ചുള്ള സൂക്ഷ്മജ്ഞാനം നമുക്കില്ലാതെ പോയതിനു കാരണം നമ്മുടെ ചരിത്രം രാജാക്കന്മാരുടെ ചരിത്രം മാത്രമായി പരിമിതപ്പെട്ടുപോയതുകൊണ്ടാണ്. കുറെ ക്ഷത്രിയ-നമ്പൂതിരി-പരദേശിബ്രാഹ്മണരും നായന്മാരും ക്രിസ്ത്യാനികളും അല്ലാതെ മറ്റു ജനവിഭാഗം ചരിത്രഗ്രന്ഥങ്ങളിലില്ല. കഴിഞ്ഞ ആയിരം കൊല്ലത്തെ ചരിത്രത്തിലാദ്യമായി അധഃകൃതജനതയുടെ പ്രശ്നങ്ങൾ കേരളത്തിൽ ഉയർന്നുവരുന്നത് 1891-ൽ 10037 പേർ ഒപ്പിട്ട മലയാളിമെമ്മോറിയലിലാണ്[4].

കേരളത്തിൽ ശ്രീനാരായണഗുരുവിന്റെ പ്രവർത്തനം കേവലമൊരു ആത്മീയപ്രവർത്തനമായിരുന്നില്ല, ഒരു സാമൂഹികപരിഷ്കരണമായിരുന്നു. അതുകൊണ്ടാണ് ബുദ്ധമതാനുയായിരുന്ന സി. കൃഷ്ണനും മതവിശ്വാസിയല്ലാതിരുന്ന സഹോദരൻ അയ്യപ്പനും യോഗനേതാക്കളായത്. ചരിത്രം നിർമ്മിച്ചത് കീഴാളജനതയാണെന്ന ബോധമാണ് ഗ്രന്ഥനിർമ്മതിയിൽ ബാലകൃഷ്ണനെ നയിച്ചത്.

ചരിത്രരംഗങ്ങളിലെ ചില വ്യക്തിപ്രസ്താവനകൾ വസ്തുകൾക്കു നിരക്കാതെ ആധികാരികമല്ലാതെ രേഖപ്പെടുത്തിയത് ഗ്രന്ഥത്തിനു ദോഷമുണ്ടാക്കുന്നു. 1944-ൽ ഓണല്ലൂരിൽ വെച്ച് ഇ.എം.എസ്. നമ്പൂതിരിപ്പാട് നടത്തിയ യോഗക്ഷേമമഹാസഭയുടെ അദ്ധ്യക്ഷ പ്രസംഗം5 അതിന്റെ പൂർണ്ണരൂപത്തിൽനിന്നും തെറ്റിദ്ധാരണാജനകമായ രീതിയിൽ ഗ്രന്ഥത്തിൽ ചേർത്തിരിക്കുന്നത് ഉദാഹരണമാണ്.

### 5.2. രീതിശാസ്ത്രം ലംഘിച്ച ചരിത്രപഠനം

കേരളചരിത്രത്തിലെ കാർഷികഗ്രാമങ്ങളുടെ ആവിർഭാവംമുതൽ 1850-1890 വരെയുള്ള കാലഘട്ടത്തെ അടിസ്ഥാനമാക്കി രചിച്ച *ജാതിവ്യവസ്ഥിതിയും കേരള*

*ചരിത്രവും* എന്ന പി.കെ. ബാലകൃഷ്ണന്റെ ഗ്രന്ഥം, കേരളചരിത്രരചനാസമ്പ്രദായ ങ്ങളിലെ പതിവു സമുദായ-രാഷ്ട്രീയ സ്വാധീനങ്ങളുടെ സമീപനരീതികളിൽനിന്നും വ്യത്യസ്തമായ രചനാരീതി ഉൾക്കൊണ്ട സൃഷ്ടിയാണ്. ഗ്രന്ഥകർത്താവുതന്നെ ആമുഖത്തിൽ ഇത് വ്യക്തമാക്കിയിരിക്കുന്നു. ഒരു നിഗമനമെന്നതിനേക്കാൾ ചർച്ച കൾക്കും സംവാദങ്ങൾക്കും വഴിതുറക്കുന്ന ഒരു സാധ്യതയാണ് ഇതു സൂചിപ്പിക്കു ന്നത്. ഓരോ പ്രബന്ധത്തിന്റേയും നിർമ്മിതിയുടെ ബൗദ്ധികപശ്ചാത്തലവും പ്രയ ത്നവും വിപുലമാണ് എന്നത് അവയോരോന്നും വ്യക്തമാക്കുന്നു. കഴിഞ്ഞ മൂന്നു ദശാബ്ദത്തിലധികമായി ഒരു ചരിത്ര-സാമൂഹിക വിമർശനഗ്രന്ഥമെന്ന നിലയ്ക്ക് കേരളസമൂഹപഠനരംഗത്ത് ഈ ഗ്രന്ഥം സജീവമാണ്. "കേരളത്തിന്റെ ഭൂമിശാസ്ത്ര പരമായ സവിശേഷതകൾ കണക്കിലെടുത്തുകൊണ്ട് ഭൂതകാലസാമൂഹിക ജീവിത ത്തിന്റെ ഭൗതികപരിസരങ്ങൾ യഥാർത്ഥമായി മനസ്സിലാക്കാനുള്ള ആവേശവും പ്രേരണയുമാണ് ഗ്രന്ഥത്തിന്റെ ശ്രദ്ധേയമായ സംഭാവന. ആ നിലയ്ക്കാണിതിന്റെ പ്രസക്തിയും"[6] എന്ന ഡോ. രാജൻ ഗുരുക്കളുടെ അഭിപ്രായം ഈ ഗ്രന്ഥത്തിന്റെ പ്രത്യേകതയാണ് സൂചിപ്പിക്കുന്നത്.

ബാലകൃഷ്ണൻ ചർച്ചചെയ്ത പല പ്രാചീനചരിത്രവസ്തുതകളുടെയും പഠനങ്ങൾ ആധുനികഗവേഷകർ മുന്നോട്ടുകൊണ്ടുപോയിട്ടുണ്ട്. ജാതിവ്യവസ്ഥ, ഗോത്രസംസ്കൃതി, മരുമക്കത്തായം എന്നിവയെക്കുറിച്ചുള്ള വിമർശനാത്മകങ്ങളായ അവലോകനങ്ങൾ വന്നുകഴിഞ്ഞു. അവയിൽ പലതും ഗ്രന്ഥകാരന്റെ വീക്ഷണങ്ങ ളിൽനിന്നും വ്യത്യസ്തങ്ങളാണ്. ചരിത്രഘട്ടങ്ങളിലെ പല വിഷയങ്ങളെക്കുറിച്ചും വിമർശനാത്മകങ്ങളായ ചർച്ചക്കു വഴിവെക്കുന്ന നിരീക്ഷണങ്ങൾ അദ്ദേഹം അവത രിപ്പിക്കുന്നുണ്ടെങ്കിലും എന്തൊക്കെയോ കാരണങ്ങളാൽ ചരിത്രരേഖകളിൽനിന്നും ഗ്രന്ഥങ്ങളിൽനിന്നും തനിക്കിഷ്ടപ്പെട്ടു തെരഞ്ഞെടുത്ത രേഖകളുടെ അടിസ്ഥാന ത്തിൽ വ്യക്തിനിഷ്ഠമായ ചില വിശദീകരണങ്ങൾ നൽകുക എന്ന ഒരവസ്ഥ പല ലേഖനങ്ങളിലും ദൃശ്യമാണ്. പ്രാചീനഗോത്രസംസ്കൃതി പരിണമിച്ചുണ്ടായ കേര ളത്തിലെ കാർഷികജനസംസ്കൃതിയെക്കുറിച്ച് ഇന്ന് വ്യക്തമായ ധാരണയുണ്ട്. അതിനെക്കുറിച്ച് ഡോ. രാജൻ ഗുരുക്കൾ പറയുന്നു: "ബാലകൃഷ്ണൻ ഇവയെക്കു

റിച്ചെല്ലാം അലംഭാവം കൊള്ളുന്നു. ഗോത്രവർഗ്ഗസാഹചര്യത്തിൽ മാറ്റമുണ്ടായത് ബ്രാഹ്മണരുടെ നിവേശസ്ഥാനങ്ങൾ ഉണ്ടായതോടയാണെന്ന് ഗ്രന്ഥകാരൻ പറയുന്നുണ്ട്. പക്ഷേ, ബ്രാഹ്മണരുടെ നിവേശസ്ഥാനങ്ങളുടെ ക്ഷേത്രകേന്ദ്രിതസ്വഭാവം, അവയുടെ സമ്പദ്വ്യവസ്ഥയുൾക്കൊണ്ടിരുന്ന കാർഷികബന്ധങ്ങൾ, ഉത്പാദനരീതി അവ പൊതിഞ്ഞ് നിന്നിരുന്ന ഉപരിഘടനയിലെ വിശദാംശങ്ങൾ ഇവയൊന്നും അദ്ദേഹം ശ്രദ്ധിച്ചില്ല"[7] ഈ അഭിപ്രായം അദ്ദേഹത്തിന്റെ മേൽപ്പറഞ്ഞ കാഴ്ചപ്പാടിന്റെ ഒരു ഭാഗമാണ്.

### 5.2.1 രണ്ടാം ചേരരാജ്യമെന്ന ഭാവനാസൃഷ്ടി

എ.ഡി. ഒൻപതാം നൂറ്റാണ്ടുമുതൽ (AD 1800 മുതൽ 1102 വരെ) മഹോദയപുരം ആസ്ഥാനമാക്കി ഒരു രണ്ടാം ചേരവംശം വാണിരുന്നു എന്ന അംഗീകൃതചരിത്രം കേവലം ഭാവനാത്മകമായിരുന്നെന്നാണ് ബാലകൃഷ്ണന്റെ കണ്ടെത്തൽ. കേരളത്തിന്റെ അതിർത്തിപ്രദേശനിർണ്ണയനംതന്നെ അപൂർണ്ണവും ഐതിഹ്യപരമല്ലാത്ത തെളിവുകൾ ഇല്ലാത്തതുമായ അവസ്ഥയിൽ "കേരളീയശാസനങ്ങളിൽ ഇങ്ങനെ ഒരു രാജവംശത്തെയും വംശവാഴ്ചയെയും സൂചിപ്പിക്കുന്ന യാതൊരു പരാമർശവുമില്ലെന്നുള്ള വസ്തുതമാത്രം തൽക്കാലം നമുക്കു കണക്കിലെടുക്കാം"[8] എന്ന രീതിയിൽ അദ്ദേഹം വിശദീകരിക്കുന്നത് സ്വകാര്യവ്യക്തികൾ ചെയ്യുന്ന കർമ്മങ്ങളും തീരുമാനങ്ങളും രേഖപ്പെടുത്തുന്ന ക്ഷേത്രരേഖകൾ മാത്രമായി ശാസനങ്ങളെ കാണുന്നതുകൊണ്ടാണ്. "കാലത്തിന്റെ ഒഴുക്കിൽ മറ്റു ചരിത്രരേഖകൾ വിസ്മൃതമാകുമ്പോൾ, സ്വയം നശിച്ചുകൊണ്ടിരിക്കുമ്പോൾ, താൽപര്യങ്ങൾക്കനുസരിച്ചുള്ള കൂട്ടിച്ചേർക്കലിനും വെട്ടിച്ചുരുക്കലിനും വിധേയമാകുമ്പോൾ, ഒരു 'കർമ്മസാക്ഷി'യെപ്പോലെ വിശ്വസ്തത പുലർത്തുന്നവയാണ് ശിലാലിഖിതങ്ങൾ അഥവാ ശാസനങ്ങൾ"[9] എന്ന പ്രകാരമുള്ള ശാസനങ്ങളെക്കുറിച്ചുള്ള വിശ്വാസ്യതയും അവകളുടെ ആധികാരികതയും ഉൾക്കൊള്ളാൻ ബാലകൃഷ്ണന് കഴിയുന്നില്ല.

നിലവിലുള്ള ശാസനങ്ങളിൽ രാജാവിന്റെ വംശനിർദ്ദേശസൂചകമായ ഒന്നുമില്ല. മഹോദയപുരം പരാമർശവുമില്ല എന്നതൊക്കെ ശരിയാവാമെങ്കിലും ശാസന

ങ്ങളിൽ നിലവിലുള്ള രാജവാഴ്ചകൾക്കുപരി അവയുടെ നേട്ടങ്ങൾ സംബന്ധിച്ച അനുബന്ധവിവരങ്ങളും പ്രയോജനപ്പെടുമെന്ന കാര്യം ബി. ലീവിസ് റൈസിന്റെ ഉദ്ധരണിയിൽക്കൂടി സൂചിപ്പക്കുന്നുണ്ട്. ഇത് അവയുടെ ചരിത്രപരമായ മൂല്യ ങ്ങൾക്ക് ഉദാഹരണമാണ്. ബാലകൃഷ്ണൻ എടുത്തുകാണിക്കുന്ന ശാസനങ്ങൾ 34 എണ്ണം മത്രമാണ്. മറ്റനേകം ശാസനങ്ങൾ കണ്ടെത്തിയതും പ്രസിദ്ധീകരിച്ചതും അദ്ദേഹം സൂചിപ്പിക്കുന്നില്ല. ഈ ഗ്രന്ഥം പ്രസിദ്ധീകരിക്കുന്നതിനു പത്തുവർഷം മുൻപ് 1972-ൽ കേരള സർവ്വകലാശാലയിൽ ഡോ. എം.ജി.എസ്. നാരായണൻ സമർപ്പിച്ച പ്രബന്ധത്തിൽ പ്രസ്തുത ശാസനങ്ങളുടെ വിവരങ്ങളുണ്ട്. മാത്രമല്ല ഇന്ന് അത്തരം ശാസനങ്ങളുടെ എണ്ണം 157 ആയിട്ടുണ്ടെന്ന് ഡോ. രാജൻഗുരുക്കളും വ്യക്തമാക്കിയതാണ്[10]. കേരളശാസനങ്ങളിലെ ചെറിയ ഒരു ഭാഗം മാത്രം ആകര സാമഗ്രിയായെടുത്ത് അതിലുള്ള 'ഇല്ലായ്മ'കളെ കണ്ടെത്തുന്നത് ചരിത്രത്തിലെ ഒരു ബിന്ദുവിൽ കേന്ദ്രീകരിച്ച് തെളിവെടുത്ത് സാമാന്യവൽക്കരണം നടത്തുന്നതിനു സമമാണ്. ബാലകൃഷ്ണന്റെ രണ്ടാംചേരരാജ്യത്തെക്കുറിച്ചുള്ള കാഴ്ചപ്പാട് ഇപ്ര കാരം ആധികാരികത അവകാശപ്പെടാൻ കഴിയാത്തതാണ്. ഗ്രന്ഥത്തിലുടനീളം അദ്ദേഹം ചർച്ചചെയ്യുന്ന പല വിഷയങ്ങളും കേരളസർവകലാശാലപോലുള്ള കേന്ദ്രങ്ങളിൽ ഗവേഷണവിഷയമായവയാണ്. എന്നാൽ ഗ്രന്ഥകർത്താവ് അത്തര ത്തിലുള്ള ഗവേഷണഗ്രന്ഥങ്ങളോ പഠനഗ്രന്ഥങ്ങളോ പരിശോധിച്ചിരുന്നതായി ഗ്രന്ഥത്തിൽനിന്നും വ്യക്തമാകുന്നില്ല.

### 5.2.2 എ.ഡി. ഒമ്പതാം നൂറ്റാണ്ടുമുതലുള്ള സാമ്പത്തികമുരടിപ്പ്

എണ്ണൂറുവർഷത്തിൽ കുറവല്ലാത്ത കാലം കേരളം വാണ 31-ൽ കുറയാത്ത രാജവംശങ്ങളുടെയും 80-ൽ കുറയാത്ത മാടമ്പി പ്രഭുക്കളുടെയും ഇടയിൽ ചരിത്രപു രുഷപദവി നേടിയ ഒരാളുടെയും പേരുപോലും കാണാത്തതിന്റെ കാരണം അക്കാ ലത്തെ സമ്പദ്ഘടനയിലേക്കാണ് ശ്രദ്ധപതിപ്പിക്കുന്നത്. "വിഭവദാരിദ്യമെന്ന കൊടുംസത്യത്തിന്റെ പിടിയിൽ ആഗ്രഹമണ്ഡലവും ഭാവനാമണ്ഡലവും ശുഷ്കി ച്ചുപോയിരുന്ന ഒരു വർഗ്ഗമാകയാലാണ് വിശേഷവ്യക്തികളില്ലാത്ത ഒരു 'നിർവ്യ

ക്തികപ്പറ്റ്'മായി കേരളരാജാക്കന്മാർ അടിഞ്ഞുകൂടിയത്"[11]. മധ്യകാലസന്ദേശകാവ്യങ്ങളിൽ പ്രസ്തുതമായ ക്ഷേത്രങ്ങൾ മിക്കതും ഇന്നും കാണുന്നുണ്ടെങ്കിലും അതാതിടങ്ങളിലെ ഒരു രാജകീയവ്യക്തിത്വവും അവേശേഷിക്കുന്നില്ല. 500 വർഷം മുൻപ് ഇപ്രകാരം ഭൗതികവിഭവശേഷിയില്ലാത്ത, സാങ്കേതികകൈത്തൊഴിൽ നൈപുണ്യമില്ലാത്ത ദരിദ്രാവസ്ഥയ്ക്കുള്ള പ്രധാനമായ രണ്ടു കാരണം കാർഷികവിഭവോത്പാദനത്തിന്റെ കുറവും നികുതിസമ്പ്രദായത്തിലെ അപാകതയുമാണ്. കാർഷിക വിഭവം നെല്ലിൽമാത്രമൊതുങ്ങിയതും നികുതി 'ചേരിക്കൽജന്മ'ത്തെ മാത്രം അടിസ്ഥാനമാക്കിയതുമായിരുന്നു. പക്ഷെ, കേരളതീരം കയറ്റുമതി കാര്യത്തിൽ തെങ്ങ്, കവുങ്ങ്, കുരുമുളക്, ഇഞ്ചി തുടങ്ങിയവയ്ക്ക് പ്രാധാന്യമുണ്ടായിരുന്നതായി മാർക്കോപോളോ പോലുള്ള ധാരാളം സഞ്ചാരികളുടെ വിവരണങ്ങളിലൂടെയും പല സാഹിത്യകൃതികളിലെ പ്രസ്താവങ്ങളിലൂടെയും തെളിവുകളുള്ള കാര്യം രാഘവവാര്യരെപ്പോലുള്ള ചരിത്രപണ്ഡിതർ വ്യക്തമാക്കുന്നുണ്ട്[12]. സാങ്കേതികതൊഴിൽവിഭവശേഷിയിൽ വളർച്ചയുണ്ടായില്ല എന്നത് വാസ്തവമാണെങ്കിലും ഭക്ഷ്യവിള ഉത്പാദനം വ്യാപകമായിരുന്നു എന്നതിനു തെളിവുകളുണ്ട്. കോഴിക്കോട് പ്രധാന തുറമുഖമായി വളർന്നതുതന്നെ ഉദാഹരണം. മാടമ്പികളുടെയും നാടുവാഴികളുടെയും വളർച്ചയും ഇതാണ് സൂചിപ്പിക്കുന്നത്. "ഈ നാടുവാഴികളിൽ നല്ലൊരു ഭാഗവും കടലോരപ്രദേശങ്ങളിലല്ല, ഉൾനാടുകളിലാണ് വളർന്നുവന്നത് എന്നുകൂടി ശ്രദ്ധിക്കുക. ഇത്തരം നാട്ടുവഴികൾ മുമ്പു ഗോത്രവർഗ്ഗത്തലവന്മാരായിരുന്നെങ്കിൽത്തന്നെ, വിഭവസംഭരണത്തിലും ഭക്ഷ്യോത്പാദനത്തിലും ഒരു പടി മുന്നോട്ടുവയ്ക്കാതെ അവർക്കു വളരുവാൻ കഴിയുമായിരുന്നുവോ?"[13] എന്ന ഡോ. കെ.എൻ. ഗണേഷിന്റെ ചോദ്യം അക്കാലത്തെ കേരളമൂഹത്തിന്റെ സാമ്പത്തികപശ്ചാത്തലത്തെക്കുറിച്ചുള്ള ബാലകൃഷ്ണന്റെ അഭിപ്രായത്തെ പൂർണ്ണമായി ശരിവയ്ക്കുന്നതല്ല. പതിനെട്ടാം നൂറ്റാണ്ടുവരെ നെൽകൃഷി മാത്രമായിരുന്നു കേരളത്തിൽ ഉൽപാദിപ്പിച്ചിരുന്നത് എന്ന് ബാലകൃഷ്ണൻ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 1515-ൽ മലബാറിൽ ഉല്പാദിപ്പിക്കപ്പെട്ട സുഗന്ധദ്രവ്യം, കുരുമുളക് എന്നിവയിൽ 30 ശതമാനത്തിലധികം പോർട്ടുഗലിലേക്കുമാത്രം കയറ്റി അയക്കപ്പെട്ട കണക്കുകളുണ്ട്[14]. പതിനാറാം

ശതകമാകുമ്പോഴേക്കും നാളികേരം മുഖ്യ കച്ചവടച്ചരക്കായി കഴിഞ്ഞിരുന്നു. കൊല്ലത്തിൽ നാനൂറിലേറെ കപ്പലുകളിൽ നാളികേരം മലബാറിൽനിന്നും കയറ്റി പ്പോയിരുന്നു[15]. കേരളത്തിലെ കാർഷികവിഭവങ്ങളുടെ ഇത്തരം വൈവിധ്യമാർന്ന വിവരങ്ങളാണ് ചീനാ നാവികനായ ചെങ്ഹോവിന്റെ കപ്പലിൽ കേരളം സന്ദർശിച്ച ചീനക്കാർ രേഖപ്പെടുത്തിയിരിക്കുന്നത്.

**5.2.2.1 കാർഷികഗ്രാമങ്ങളുടെ ഉദയം**

സ്വത്തുടമസ്ഥതയുടെ ആവിർഭാവത്തോടെയാണ് വന്യഗോത്രനിലവാര ത്തിൽനിന്നും മനുഷ്യസമൂഹപരിണാമത്തിന്റെയും രാഷ്ട്രഭരണകൂടത്തിന്റെയും ആവിർഭാവം. ഒരു ജനവിഭാഗം ഒരു പ്രത്യേക ദിക്കിൽ കൃഷി ജീവിതസമ്പ്രദായമാ ക്കിയതിനു ശേഷമാണിത്. ഭാരതീയഗ്രാമസങ്കൽപത്തിൽനിന്നും കേരളീയഗ്രാമ ങ്ങൾക്ക് വ്യത്യാസമുണ്ടായിരുന്നു[16]. പൊതുവായ ഇടങ്ങൾ ഇവിടെ ഇല്ലായിരുന്നു എന്ന് ഡോ. എ. അയ്യപ്പനെ ഉദ്ധരിച്ചുകൊണ്ട് ബാലകൃഷ്ണൻ അഭിപ്രായപ്പെടുന്നു ണ്ട്[17]. കേരളത്തിൽ നിലനിന്ന സങ്കീർണ്ണഭരണസംവിധാനം എന്ന് ബാലകൃഷ്ണൻ ഉദ്ദേശിക്കുന്നത് മൂന്നും നാലും ഘടകങ്ങൾ ചേർന്ന ഭരണസംവിധാനമുള്ള കാലഘട്ട ത്തിലേതാണ്. കെ.വി. കൃഷ്ണയ്യർ അക്കാര്യം അദ്ദേഹത്തിന്റെ *The Zamorins of Calicut* എന്ന ഗ്രന്ഥത്തിൽ വിശദീകരിക്കുന്നുണ്ട്[18]. അതുപ്രകാരം സമൂഹത്തിലെ ആദ്യ ഘടകം 'തറ'യാണ്. ഏതാനും 'തറ'കൾ ചേർന്നതാണ് 'ദേശം'. ഒന്നിലധികം 'ദേശ'ങ്ങൾ കൂടിച്ചേരുമ്പോൾ 'നാട്'. ഓരോ തറയ്ക്കും അതിന്റെ കാരണവസം ഘങ്ങളുണ്ടാവും. പെരുമാൾ ഭരണകാലത്ത് നിലവിൽവന്ന ഈ ഭരണനിർവഹണ രീതിയിൽ 'നാടു' വാഴുന്നവരുടെ കീഴിലെ പ്രാദേശികഘടകങ്ങളായിരുന്നു ദേശവും തറയും. "ജനങ്ങളുടെ നിത്യസാധാരണ ജീവിതരംഗങ്ങളിൽ ഫലത്തിൽ നിലനിന്നിരു ന്നത് പൂർണ്ണമായ തദ്ദേശസ്വയംഭരണാധികാരമാണ്"[19] ഇപ്രകാരം അദ്ദേഹം അത് ഗ്രന്ഥത്തിൽ വിവരിക്കുന്നുണ്ട്. ഭരണനിർവഹണത്തിന്റെ താഴ്ന്ന ഘട്ടത്തിലെ 'തറ ക്കൂട്ട'ത്തിന്റെ അധിപൻ കാരണവരാണ്. എന്നാൽ അയാൾക്ക് ഭൂമിയിൽ അധികാര

മില്ല. കാരണം ഭൂമിയത്രയും ബ്രഹ്മസ്വവും ദേവസ്വവുമായിരുന്ന അവസ്ഥയാണു ണ്ടായിരുന്നത്. യഥാർത്ഥ ഉടമായണെങ്കിലോ, 'തറക്കൂട്ട'ക്കാരണവരെ തൊട്ടാൽ തീണ്ടിക്കുളിക്കേണ്ടയാളും. ഇതേ അവസ്ഥ കൃഷിഭൂമിയിൽ പണിയെടുക്കുന്നവനു മുണ്ട്. തറക്കൂട്ടത്തിന്റെ 72-അടി ദൂരെ മാറിനിൽക്കണം അവൻ. ഈ രീതികൊ ണ്ടുതന്നെ കൃഷിയുടെ പ്രയോഗികനടത്തിപ്പും അകന്നുതന്നെ നിൽക്കുന്നു. ഇത്തരം അയിത്തങ്ങൾക്ക് അൽപമെങ്കിലും മാറ്റമുണ്ടാവുന്നത് മാർത്താണ്ഡവർമ്മ യുടെയും ടിപ്പുസുൽത്താന്റേയും ആഗമനത്തോടെയാണ്. പൊതുവായ സമൂഹാഭി വൃദ്ധിക്കുള്ള പ്രവർത്തനങ്ങളെല്ലാം അനാചാരങ്ങളാൽ നിയന്ത്രിക്കപ്പെടുകയും നിലച്ചുപോവുകയും ചെയ്യുന്ന അവസ്ഥ മറ്റുതരത്തിൽ ഇന്ത്യയാകെ നിലനിൽക്കു ന്നുണ്ടായിരുന്നു. തരിശുഭൂമിപോലും കൃഷിയോഗ്യമാക്കാൻ കഴിയാതിരുന്ന സാമൂ ഹികാവസ്ഥ നിലനിന്നിരുന്നത് അദ്ദേഹം വിശദീകരിക്കുന്നുണ്ട്. ചരിത്രപണ്ഡിത ന്മാർ പലപ്പോഴും സ്പർശിക്കാത്തതും വേണ്ടത്ര ശ്രദ്ധനൽകാത്തതുമായ സാമൂഹി കമായ പരോക്ഷയാഥാർത്ഥ്യങ്ങളിലേക്കാണ് ബാലകൃഷ്ണൻ കടന്നുചെല്ലുന്നത്.

#### 5.2.2.2 കാർഷികവിഭവോത്പാദനവും അവയുടെ തിരോധാനവും

മുൻകാലത്തെ കേരളക്കരയിലെ കാർഷികഭക്ഷ്യോത്പാദനവുമായി ബന്ധ പ്പെട്ടു ചിന്തിക്കുമ്പോൾ വ്യവസ്ഥാപിതമായ ഒരു കാർഷികസംസ്കാരത്തെക്കുറിച്ച് അന്വേഷിക്കേണ്ടിവരും. ഇന്ത്യയുടെ ഇതരഭാഗങ്ങളിൽനിന്നും വ്യത്യസ്തമായി നില നിന്ന ഭൗതികവും സാംസ്കാരികവുമായ വേർതിരിവ് നിലനിന്ന ഇവിടെ പകുതി യോളം ജനങ്ങൾ തിങ്ങിപ്പാർത്തിരുന്ന കടലോര-കായലോരപ്രദേശങ്ങൾ സമീപകാ ലംവരെ തരിശുഭൂമിയായിക്കിടന്നിരുന്നു. ആദ്യകാലത്ത് കാർഷികവിളയായി നില നിന്നത് നെൽകൃഷി മാത്രമായിരുന്നു എന്നു കാണാം. എന്നാൽ സമ്പദ്ഘടനയിൽ പ്രധാനപങ്കുവഹിച്ച തെങ്ങിന്റെ ചരിത്രം ആധുനികമാണ്. തെങ്ങിനെക്കുറിച്ചുള്ള ആദ്യപരാമർശം 6-ാം നൂറ്റാണ്ടിലെ അലക്സാണ്ട്രിയൻ പുരോഹിതനായ 'കോസ് മോസി'ന്റേതാണ്[20] എന്നാണ് ബാലകൃഷ്ണൻ പറയുന്നതെങ്കിലും തെങ്ങിന്റെ നാനാഉൽപന്നങ്ങളുടെ ഉപയോഗം 18-ാം നൂറ്റാണ്ടിൽപോലും കേരളത്തിൽ സാർവ

ത്രികമായിരുന്നില്ലെന്നുള്ള അദ്ദേഹത്തിന്റെ അഭിപ്രായം ശരിയല്ല. സർദാർ കെ. എം. പണിക്കരുടെയും വിദേശസഞ്ചാരികളുടേതുമായ കുറിപ്പുകളാണ് ഇതിനുവേണ്ടിയദ്ദേഹം ആശ്രയിക്കുന്നത്. എന്നാൽ ഈ അടുത്തകാലത്ത് കണ്ടെടുത്ത ചെമ്പ്രലിഖിതങ്ങളെ ആസ്പദമാക്കി കേരളത്തിൽ തെങ്ങുകൃഷിയുടെ പ്രചാരത്തിന് പത്താംനൂറ്റാണ്ടിന്റെ മധ്യത്തോളം പഴക്കമുണ്ടെന്ന് പ്രൊഫ. എം.ആർ. രാഘവവാരിയർ അഭിപ്രായപ്പെടുന്നുണ്ട്[21]. 14-ാം നൂറ്റാണ്ടിൽ എഴുതിയ *ദഓജി ഷിലു* (*Daoji Zhilue*) എന്ന ചീനഗ്രന്ഥത്തിൽ തെങ്ങുകൾ നിറഞ്ഞ കേരളതീരത്തെക്കുറിച്ചു പറയുന്നതും അദ്ദേഹം വിവരിക്കുന്നുണ്ട്. ഡച്ചുകാലഘട്ടിതലാണ് തെങ്ങുകൃഷിയിൽ നിർണ്ണായക പുരോഗതിയുണ്ടാവുന്നത് എന്ന കാര്യം സർവ്വസമ്മതമാണ്. വിദേശസഞ്ചാരികളുടെ കുറിപ്പുകളിൽ ഇല്ലായ്മയെ കാണുകയും ഉണ്മയെ കാണാതിരിക്കയുമാണ് ഇവിടെ ബാലകൃഷ്ണന്റെ രീതി. വിദേശീയരുടെ കുറിപ്പുകളിൽ കാണുന്ന ഒരു വസ്തുതയുണ്ട്. ഏറ്റക്കുറച്ചിലില്ലാതെ കാണുന്ന തെങ്ങുകൃഷിയുടെ വളർച്ചയാണത്. അതിനദ്ദേഹം കാണുന്നത് കാർഷികരംഗത്ത് നിലനിന്ന താഴെ പറയുന്ന കാരണങ്ങളാണ്.

1. കൃഷിക്കു നിയുക്തരായ ജാതിക്കാർ ഏതുനിമിഷവും കുടിയിറക്കപ്പെടാം.
2. തിരു-മലബാർ, കൊച്ചി പ്രദേശങ്ങളിലെ ഏറ്റുപാട്ടകാലാവധി പന്ത്രണ്ടു വർഷമായിരുന്നു.
3. പത്തുപന്ത്രണ്ടുവർഷം നീണ്ട കാലത്തുമാത്രം ഫലംതരുന്ന തെങ്ങിന്റെ പ്രത്യേകത.

വ്യവസ്ഥാപിതമായി പ്രാചീനകാലത്തുതന്നെ നെൽകൃഷി വ്യാപകമായിരുന്നെങ്കിലും 19-ാം നൂറ്റാണ്ടിൽ അതിന്റെ ഉല്പാദനം മന്ദഗതിയിലായിരുന്നു. കൊച്ചി പ്രദേശത്തും മലബാറിലും നാട്ടിലെ ജനങ്ങൾക്കുവേണ്ട അരിയുടെ ഭൂരിഭാഗവും പുറത്തുനിന്നുകൊണ്ടുവരേണ്ട അവസ്ഥയിലായിരുന്നു. "കീഴ്ജാതിക്കാരായ ഊഴിയം അടിമകളും, പുലയർ തുടങ്ങിയ ആജന്മ അടിമകളും മുക്കാൽ പട്ടിണിക്കാരായിരിക്കുകയും, കഴിക്കുന്ന അൽപഭക്ഷണത്തിൽ അരി അപൂർവവസ്തുവായിരിക്കുകയും"[22]

ചെയ്യുന്ന നില ബാലകൃഷ്ണൻ വിവരിക്കുന്നു. അതിനു കാരണമാകുന്ന ഘടകങ്ങളെ ഇപ്രകാരം വിശദീകരിക്കുന്നു:

1. നെൽപാടങ്ങളിൽ ഏതാണ്ട് മുഴുവൻ ജോലികളും പുലയരാണ് ചെയ്തിരുന്നത്. അവരെപ്പോലെ ദയനീയരായ ചണ്ഡാലജാതികൾ പുലയരോടൊത്ത് ജോലിചെയ്യുന്നതിന് ജാത്യാചാരവും തീണ്ടലും അനുവദിച്ചില്ല.
2. താഴ്ന്ന ജാതികൾ മാത്രമല്ലാതെ കാർഷികരംഗം ശ്രദ്ധിക്കാൻ ആളില്ലാതെ വന്നു.
3. വളർത്തുമൃഗങ്ങളെ പ്രയത്നശേഷിക്കുവേണ്ടി പ്രയോഗിക്കാൻ സമൂഹം വളർന്നില്ല.
4. കാലവർഷത്തെ മാത്രം ആശ്രയിച്ചുള്ള കൃഷിരീതി. കൃത്രിമജലസേചനം അജ്ഞാതം.
5. വളപ്രയോഗത്തിനുവേണ്ടിയുള്ള കാലിവളർത്തൽ ഇല്ലായിരുന്നു.
6. അന്നന്നത്തെ വിശപ്പിൽമാത്രം ഒതുങ്ങിയ ജീവിതാവശ്യങ്ങൾ

കേരളസമൂഹത്തിന്റെ സൈനികവും കാർഷികവുമായ വളർച്ചയെ തടയുന്ന ഭൗതികവും സാംസ്കാരികവുമായ പല ഘടകങ്ങളും ബാലകൃഷ്ണൻ ചർച്ച ചെയ്യുന്നുണ്ടെങ്കിലും 19-ാം നൂറ്റാണ്ടിലുണ്ടായ കൊളോണിയൽ ചൂഷണവുമായി ബന്ധപ്പെട്ട പരമപ്രധാനമായ കാരണങ്ങളിലേക്ക് അന്വേഷണം കടന്നുചെല്ലുന്നില്ല. അതിനുദാഹരണമാണ് കൊളോണിയൻ കാലഘട്ടത്തെക്കുറിച്ച് അദ്ദേഹം ഗ്രന്ഥത്തിൽ ഒന്നും രേഖപ്പെടുത്താതിരുന്നത്. കൊളോണിയൽ കാലഘട്ടത്തിൽ ഇവിടെ കാർഷികോത്പാദനത്തിൽ വൻമാറ്റങ്ങളാണുണ്ടായത്. നാണ്യവിളകൾക്ക് പരമ പ്രാധാന്യം കൈവന്നു. 1861-നുശേഷം ഇറക്കുമതിനെല്ലിന്റെ ഡ്യൂട്ടി എടുത്തുകളഞ്ഞതിനാൽ അയൽനാടുകളിൽനിന്നും ധാരാളം നെല്ല് ഇറക്കുമതി ചെയ്തു[23]. നാണ്യവിളകളുടെ കടന്നുകയറ്റം വനവിസ്തൃതിയെയും ബാധിച്ചിരുന്നു. പശ്ചിമഘട്ടത്തിൽ വ്യാപകമായ തോട്ടങ്ങൾ വച്ചുപിടിപ്പിച്ചതിനാൽ വനവിഭവങ്ങൾ നശിച്ചു. “തിരുവിതാംകൂർ ഗവൺമെന്റും കൊളോണിയൽ കമ്പനികളും തമ്മിലുള്ള കരാറനുസരിച്ച് ധാരാളം വനഭൂമികൾ കൊളോണിയൽ കമ്പനികൾക്ക് പതിച്ചുകൊ

ടുത്തു"[24]. ഇത് പരിസ്ഥിതിയെയും മറ്റു പലതരത്തിലും ജീവിതത്തെയും ബാധിച്ച താണ്. വാണിജ്യവൽക്കരണം ജനങ്ങളുടെ കൃഷിയോടുള്ള ആശ്രിതത്വം കുറച്ചു. പണ്ടാരപ്പാട്ട വിളംബരവും തൊഴിൽ വിപണിയെയാണ് വളർത്താൻ സഹായിച്ചത്.

**5.2.2.3 ഗ്രാമപ്രകൃതി**

കാടാകുന്ന സമുദ്രത്തിലെ ജനപദദ്വീപുകളായിട്ടാണ് പ്രാചീന കേരളത്തിലെ ജനവാസകേന്ദ്രങ്ങളെ ബാലകൃഷ്ണൻ കാണുന്നത്. ഭൗതികവും സാംസ്കാരികവു മായ ഈ വശം സാമൂഹികപ്രാധാന്യമുള്ളതാണ്. അയിത്താചാരത്താൽ നമ്പൂതിരി ഒഴികെയുള്ളവർ ദേശം ഭൂലോകമായിക്കരുതിയവരായിരുന്നു എന്ന പ്രസ്താവന പൂർണ്ണമായും ശരിയല്ല; കാരണം സ്വന്തം ജന്മദേശം വിട്ടുപോകാൻ ആചാരപരമായ കാരണങ്ങളാൽ വിമുഖത പ്രകടിപ്പിച്ചവരായിരുന്നു നമ്പൂതിരിമാർ[25]. അതുകൊണ്ടു തന്നെ അവർക്ക് ഗതാഗതസൗകര്യം പ്രശ്നമല്ലായിരുന്നു. ബ്രഹ്മണാഗമനത്തോടെ യാണ് കാർഷികഗ്രാമവ്യവസ്ഥയുടെ വ്യാപനം കേരളത്തിൽ നടന്നതെന്ന അഭി പ്രായം തന്നെയാണ് ബാലകൃഷ്ണനുള്ളത്: "ക്ഷേത്രവും ജനവാസകേന്ദ്രവും ജാതിസംവിധാനവും തമ്മിലുള്ള ജൈവബന്ധം കേരളീയജാതിവ്യവസ്ഥിതിയുടെ ഓരോ സന്ധിയിലും തെളിഞ്ഞു കാണാം"[26]. കാലവർഷക്കാടുകൾ തെളിയിക്കുന്ന തിനുള്ള ഉത്സാഹം ജനതയിൽ പകർന്നത് ക്ഷേത്രസംസ്ഥാപനമാണ്. ക്ഷേത്രസം സ്ഥാപനങ്ങളാണ് ജന്മിമാരും ഭൂദേവന്മാരുമായി നമ്പൂതിരിമാരെ വളർത്തിയത്[27]. നമ്പൂതിരിസമ്പർക്കം, കാർഷിക-ഗ്രാമ-ജാതിസമൂഹം എന്നിവ മൂലം നായർഗോത്ര ങ്ങൾക്കിടയിൽ ക്രമത്തിൽ രൂപംകൊണ്ട് പിന്നീട് സമൂഹത്തിൽ പ്രബലമായതാണ് സാമുദായികമായ പല ആചാരങ്ങളും. കേരളത്തിലെ കാർഷികഗ്രാമസമൂഹ ത്തിന്റെ ഉത്ഭവം എ.ഡി. 7-ാം നൂറ്റണ്ടാണെന്നു കാലനിർണ്ണയം ചെയ്തുകൊണ്ട് ആ സാമൂഹ്യപരിണാമത്തിന്റെ പതനങ്ങൾ ചിത്രീകരിക്കുന്നു. അതിർത്തികളാൽ വ്യത്യസ്തമായിരുന്ന കേരളത്തിൽ കാർഷികഗ്രാമസമൂഹവും ഹൈന്ദവജാതിസമൂ ഹവും രൂപംകൊണ്ടത് തമിഴ്നാട്ടിലോ കർണ്ണാടകയിലോ രൂപംകൊണ്ട കാലത്ത ല്ലെന്നും നാലോ അഞ്ചോ ശതാബ്ദംകൂടി കഴിഞ്ഞിട്ടാണെന്നുമാണ് ബാലകൃ ഷ്ണന്റെ നിഗമനം.

### 5.2.3 ജാതിവ്യവസ്ഥ

നരവംശശാസ്ത്രജ്ഞരുടെയും ചരിത്രപണ്ഡിതരുടെയും ശ്രദ്ധപിടിച്ചുപറ്റിയതാണ് കേരളത്തിലെ ജാതിവ്യവസ്ഥ. 1950 കളിൽ കേരളത്തിൽ സജീവ ചർച്ചയ്ക്കു വിധേയമായിരുന്നു ഇത്. സംഘകാലഘട്ടത്തിൽ കേരളത്തിൽ ഗോത്ര വ്യവസ്ഥിതിയാണുണ്ടായിരുന്നതെന്നും ആര്യന്മാരുടെ സംസ്കാരം ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലേക്ക് പടർന്നു ഗോത്രവർഗ്ഗമാവുകയും അവർക്കിടയിൽ ജാതിനിലവിൽ വരികയുമാണുണ്ടായിരുന്നതെന്നും ഇതുതന്നെയാണ് ഭൂവുടമകളായ ബ്രഹ്മണരിലൂടെ കേരളത്തിലും സംഭവിച്ചത്[28] എന്നാണ് പൊതുവെ വിശ്വസിക്കപ്പെടുന്നത്.

ജാതിവ്യത്യാസവും അസമത്വവും വാസ്തവത്തിൽ ആര്യന്മാരുടെ ഇടയിലുണ്ടായിരുന്നില്ല. തൊഴിലനുസരിച്ചുള്ള ജാതിവ്യത്യാസവും അവരിൽ നിലനിന്നിരുന്നില്ല. എന്നാൽ അവർക്ക് പുതിയ പ്രദേശങ്ങളിലേക്ക് വ്യാപിക്കേണ്ടിവന്നപ്പോൾ തദ്ദേശവാസികളുമായി കൂടിക്കലരേണ്ടിവന്നിരുന്നു. ഇക്കാലത്താണ് തൊഴിലുകളിൽ പ്രത്യേക ജനവിഭാഗം ഏർപ്പെട്ടത്. ഇങ്ങനെ ഓരോ പ്രദേശത്തെയും വ്യത്യസ്ത തൊഴിൽ കൂട്ടായ്മകളെ തിരിച്ചറിയുക എന്നതിന്റെ അടിസ്ഥാനത്തിൽ കൈവന്ന സാമൂഹിക ക്രമമാണ് ജാതിവ്യവസ്ഥ.

ചരിത്രത്തെ സാമൂഹ്യ-സാമ്പത്തിക വ്യവസ്ഥിതിയുമായും രാഷ്ട്രീയചരിത്രവുമായും ബന്ധിപ്പിക്കാതെ യൂറോപ്യൻ പണ്ഡതന്മാർ അവലംബിച്ച വർഗ്ഗേതരമായ കാഴ്ചപ്പാടോടെയാണ് ബാലകൃഷ്ണനും സമീപിക്കുന്നത്.

ഇന്ത്യാചരിത്രപഠനത്തോടു ബന്ധമറ്റരീതിയിൽ നരവംശശാസ്ത്രത്തിന്റെ തനിച്ചുള്ള മേച്ചിൽസ്ഥാനമായി മാറുകയാണ് ജാതിപഠനം എന്ന അഭിപ്രായമാണു ബാലകൃഷ്ണനുള്ളത്. ജാതിയെ ഒരു പ്രധാനപ്രശ്നമായി വിലയിരുത്താൻ പാശ്ചാത്യ പൗരസ്ത്യചരിത്രകാരന്മാർ ശ്രമിച്ചില്ല. “ഓരോ വ്യക്തിയും ആജീവനാന്തം നിർവഹിക്കേണ്ട കർമ്മങ്ങളുടെയും ആജീവനാന്തം പരിപാലിക്കേണ്ട പദവിയും ജനനത്തോടെ തീരുമാനിക്കപ്പെടുന്നു[29]” എന്നിടത്തു ജാതിവ്യവസ്ഥയുടെ

പ്രത്യേകത അവസാനിക്കുന്നതായിട്ടദ്ദേഹം കരുതുന്നുമില്ല. ജാതികൾ തമ്മിലുള്ള ബന്ധം ചൂഷക-ചൂഷിത ബന്ധമല്ല എന്നു ബാലകൃഷ്ണൻ സ്ഥാപിക്കുന്നുണ്ട്.

ഡി.സി. കൊസാംബിയെയാണ് ഇന്ത്യാചരിത്രപരിണാമസന്ധികളെ കൃത്യമായി കാണാനും വന്യഗോത്ര, ഭൂപ്രദേശ, കാർഷികഗ്രാമ ജനപദങ്ങളുമായി പരിണമിക്കുന്ന ജനസമൂഹത്തെ പഠിക്കാനും അദ്ദേഹം മാതൃകയാക്കുന്നത് എന്ന് അവകാശപ്പെടുന്നു. ആർ.എസ്. ശർമ്മ, റോമിലാ ഥാപ്പർ, ഇർഫാൻ ഹബീബ് എന്നിവരും മേൽപറഞ്ഞ രീതിയിൽ ഈ വിഷയം ഉൾക്കൊണ്ടവരാണെന്നദ്ദേഹം കരുതുന്നു.

#### 5.2.3.1. ചില രീതിശാസ്ത്ര വ്യതിചലനങ്ങൾ

കേരളചരിത്രത്തിലെ സംഭവങ്ങളുടെ വിവരണങ്ങളിൽ ആധികാരികത കൈവിടുന്ന സന്ദർഭങ്ങൾ ബാലകൃഷ്ണന്റെ പരാമർശങ്ങളിൽ ധാരാളമായി കാണുന്നുണ്ട്. "ജാതിഭേദമനുസരിച്ച് ചരിത്രകഥകൾ വ്യത്യാസപ്പെട്ടിരിക്കുമെങ്കിലും ഒരു പര്യായപദത്തിന്മേലോ ഒരു കല്ലിൻകഷണത്തിന്മേലോ കടിച്ചുതൂങ്ങി നടത്തേണ്ട പടുകർമ്മമാണ് ചരിത്രരചന"[30] എന്ന അദ്ദേഹത്തിന്റെ പ്രസ്താവന ഉദാഹരണമാണ്. ചരിത്രരചനയുടെ അടിസ്ഥാനശിലകളെത്തന്നെ നിഷേധിക്കുന്നതാണിത്. നാമങ്ങളുടെയും പദങ്ങളുടെയും ഉച്ചാരണ വിശേഷങ്ങളുടെയും സാദൃശ്യകൽപനകളിൽക്കൂടി ചരിത്രരചന നടത്തുന്നവരായിട്ടാണ് ഇളംകുളത്തെപ്പോലുള്ളവരെ അദ്ദേഹം കാണുന്നത്. 'ശ്രീമൂലവാസം ബുദ്ധവിഹാര'ത്തെക്കുറിച്ചുള്ള പരാമർശങ്ങൾ ഭൂമിശാസ്ത്രവസ്തുതകൾക്കു നിരക്കുന്നതായിട്ടദ്ദേഹം കാണുന്നില്ല. ടി.എ. ഗോപിനാഥറാവു വെളിച്ചത്തുകൊണ്ടുന്ന പ്രസ്തുതവിഷയം ഇളംകുളം കുഞ്ഞൻപിള്ള, എം.ജി.എസ്. നാരായണൻ തുടങ്ങിയവർ തെളിവുകൾ സഹിതം ആധികാരികത വരുത്തിയതാണ്[31]. കൂടാതെ കെ.എൻ. എഴുത്തച്ഛനെപ്പോലുള്ള പണ്ഡിതരും ഇത് ആശയവ്യക്തത വരുത്തിയതാണ്[32]. ഇപ്രകാരമുള്ള വിഷങ്ങളിൽ കണ്ണടച്ചുള്ള നിഷേധം ചരിത്രരചനാസമ്പ്രദായങ്ങളിലെ ശാസ്ത്രീയരീതിയെ അവഗണിക്കുന്നതുകൊണ്ടാണ്.

#### 5.2.3.2 ജാതികളിലെ ഉപജാതി

ആദിമകേരളീയരിൽ നിലനിന്നിരുന്ന ജാതികളിലെതന്നെ ഉപജാതിവർഗ്ഗങ്ങളെക്കുറിച്ചുള്ള ചില നിരീക്ഷണങ്ങളുണ്ട്. അമൂർത്താശയങ്ങളിലൂടെയും അന്ധവിശ്വാസങ്ങളിലൂടെയും കീഴ്ജാതികളെ ഒരു വിധേയവർഗ്ഗമാക്കിത്തീർക്കാൻ നമ്പൂതിരിമാർക്ക് കഴിഞ്ഞു എന്നതിന് തെളിവാണ് നായർ മുതൽ ഏറ്റവും താഴെവരെയുള്ള ജാതികളിലെ അയിത്തവും ഉപജാതികളിലെ അസ്പൃശ്യതയും. "വന്യട്രൈബൽ ജീവിതത്തിൽനിന്നും കാർഷികഗ്രാമസമൂഹത്തിലേക്കുള്ള കേരളസമൂഹത്തിന്റെ മാറ്റം സാധ്യമാക്കിയതും ആ കർമ്മങ്ങൾക്കുവേണ്ട വെളിച്ചവും നേതൃത്വവും നൽകിയതും നമ്പൂതിരിമാരും തുടക്കത്തിൽ അവരോടൊത്തു വന്നിരുന്നിരിക്കാവുന്ന അനുചരസംഘവുമാണ്"[33] എന്ന നിരീക്ഷണം ക്ഷേത്രവും ജനവാസകേന്ദ്രവും ജാതി സംവിധാനവും പരസ്പരം നിലനിർത്തുന്ന ജൈവസംബന്ധമാണ് സൂചിപ്പിക്കുന്നത്.

#### 5.2.3.3 വിവാഹവും കുടുംബജീവിതവും

ഇന്ന് ലോകസാധാരണമായ കുടുംബം എന്ന സങ്കല്പം വെച്ച് പ്രാചീനകേരളത്തിലെ രീതി അന്വേഷിച്ചാൽ കിട്ടുന്ന ചിത്രം വിചിത്രമാണ്. ചില ജാതികളിൽ 'സാഹോദര്യബഹുഭർത്തൃത്വ സമ്പ്രദായം' നിലനിന്നതായി ബാർബോസ രേഖപ്പെടുത്തിക്കാണുന്നു. ഒന്നിലധികം സഹോദരന്മാർ കൂട്ടായി ഒരു ഭാര്യയെ വരിക്കുന്ന അവസ്ഥ അന്നത്തെ ദുസ്സഹമായ ദരിദ്രാവസ്ഥ മാത്രമായിട്ടല്ല, ഇതരജാതികളിലെ ക്രമരഹിതലൈംഗികജീവിതത്തിന്റെ പ്രതിഫലനമായിട്ടുകൂടിയാണ് ബാലകൃഷ്ണൻ കാണുന്നത്. "പിതൃവഴിയുള്ള കുടുംബക്രമവും ലൈംഗികസന്മാർഗ്ഗക്രമവും കൈവരിച്ചു കഴിഞ്ഞിട്ടില്ലാത്ത ഗോത്രജീവിതത്തിന്റെ അവശിഷ്ടങ്ങളാണ് പ്രദർശിപ്പിക്കുന്നത്"[34] എന്ന അഭിപ്രായം ഗോത്രജീവിതത്തിന്റെ ശേഷിപ്പുകളായിട്ട് അതിനെ കാണുന്നതുകൊണ്ടാണ്. നായർസമുദായത്തിലെ കൂട്ടുകുടുംബവ്യവസ്ഥിതി അവരിൽ നിലവിൽവന്നത് ആജീവനാന്ത യോദ്ധാവായിട്ടിരിക്കാനാണെന്ന് അദ്ദേഹം വിശ്വസക്കുന്നില്ല. നമ്പൂതിരിസമ്പർക്കം കൊണ്ട് കാർഷികവൃത്തിയുമായി ബന്ധ

പ്പെട്ട്, ജാതിസമൂഹം രൂപം കൊണ്ടതിനുശേഷം കുടുംബക്രമത്തിലേക്കു വളർന്ന നായർ ഗോത്രങ്ങൾക്കിടയിൽ സ്വാഭാവികമായി രൂപപ്പെട്ടതാണെന്നാണ് പറയുന്നത്[35]. ബ്രാഹ്മണാഗമവുമായി ബന്ധപ്പെട്ട ചർച്ചയിൽ പലപ്പോഴും കടന്നുവരാറുള്ളതാണ് മരുമക്കത്തായത്തെക്കുറിച്ചും സംബന്ധത്തെക്കുറിച്ചുമുള്ള ഇത്തരം ചർച്ചകൾ. ബ്രാഹ്മണരല്ലാത്ത ചില വിഭാഗങ്ങളിലും നായന്മാരുമായി ഒരു ബന്ധവുമില്ലാത്ത 'അവർണ്ണ'ജാതികളിലും മരുമക്കത്തായം എങ്ങനെ വളർന്നുവരുന്നു എന്ന ചോദ്യത്തിന് ചരിത്രപണ്ഡിതർക്ക് ഉത്തരമില്ലാത്തത്[36] ബാലകൃഷ്ണന്റെ വാദത്തെ സാധൂകരിക്കുന്നതാണ്.

### 5.2.3.4 വർഗ്ഗബന്ധങ്ങൾ

ജാതികളിലെ ഉപജാതിവർഗ്ഗത്തെ സൂചിപ്പിച്ചപ്പോൾ ജാതിപരമായ പതിത്വങ്ങളും അയിത്താചാരവും നമ്പൂതിരി ഇവിടെ കൊണ്ടുവന്ന കാര്യങ്ങളല്ല എന്ന് ബാലകൃഷ്ണൻ പറയുന്നുണ്ട്[37]. തൊഴിലിന്റെ അടിസ്ഥാനത്തിലുള്ള വർഗ്ഗവിഭജനം ബ്രാഹ്മണാധിപത്യത്തിന്റെ മുൻപുതന്നെ ഇവിടെ സംഭവിച്ചിരുന്നു എന്നും മേലോർ, കീഴോർ എന്നീ വിഭാഗങ്ങളെക്കുറിച്ച് സംഘം കൃതികളിൽ കാണാമെന്നുമുള്ള അഭിപ്രായം നിലവിലുണ്ട്[38]. ജാതികളിലെ തൊഴിൽവർഗ്ഗബന്ധങ്ങളെക്കുറിച്ച് ചിന്തിക്കുമ്പോൾ അവ ജാതിബാധ്യതകളിൽ ബന്ധക്കപ്പെട്ടതായി കാണുന്നുണ്ട്. ഓരോ ജാതിയും ഓരോ ചെറിയ സമൂഹമാണ്. അതിൽതന്നെ ഉപജാതിസമൂഹം പരസ്പരം അയിത്തം കൊണ്ടു വികർഷിച്ചുനിൽക്കുന്നവയുമാണ്. ജാതിമഹിമ താഴ്ന്ന ജാതികളെ ക്രൂരവും ബീഭത്സവുമായ രീതിയിൽ നിന്ദിക്കുകയായിരുന്നു. ഇത് നമ്പൂതിരിമാരിൽനിന്നും താഴോട്ട് പകർന്നതും ഏറ്റവും താഴ്ന്ന തലത്തിൽപോലും നിലനിൽക്കുന്നതുമാണ്. സാമ്പത്തികാടിത്തറയും സാഹചര്യങ്ങളും മാറിയിട്ടും കേരളീയ ജാതിസമൂഹത്തിലെ ഈ വിഷസമാനമായ രീതി വളരുകയായിരുന്നു. ജീർണ്ണതയിലേക്കാണിത് നയിച്ചത്. "മതവൽക്കരണത്തിലൂടെ ദിവ്യമാക്കപ്പെട്ട അസമത്വസിദ്ധാന്തമാണ് ജാതിസമൂഹത്തിന്റെ പ്രത്യയശാസ്ത്ര"[39]മെന്നാണ് ബാലകൃഷ്ണൻ ഈ സാമൂഹ്യാവസ്ഥയെ വിശേഷിപ്പിക്കുന്നത്. ഓരോ പ്രദേശത്തും ഓരോ ജാതിക്കകത്തും

ഓരോരോ വ്യത്യസ്തരീതിയിലാണ് ഉപജോതിഘടകങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നതെന്നും സമൂഹത്തിൽ സ്വയം ചൂഷണം ചെയ്യപ്പെടുന്നു എന്നോ ചൂഷണം ചെയ്യുന്നു എന്നോ ഉള്ള ബോധം അന്നവർക്കുണ്ടായിരുന്നില്ല എന്നതുമാണതിന്റെ പ്രത്യേകത.

കേരളരാഷ്ട്രീയചരിത്രത്തിൽ ജാതിരാഷ്ട്രീയത്തിന്റെ തുടക്കം അന്വേഷിച്ചുചെന്നാൽ രാഷ്ട്രീയാധികാരം നിലനിർത്താൻ പടപൊരുതുന്ന ജാതികളെ കാണാം എന്നാൽ നമ്പൂതിരിയെ കാണാൻ കഴിയില്ല. കാരണം ആചാരാന്ധതയിൽ നമ്പൂതിരിസമുദായം മൃതമായിരുന്നു.

### 5.2.3.5 ജാതിവ്യവസ്ഥയും ഭാഷാപരിണാമവും

മനുഷ്യസമുദായപരിണാമവുമായി ബന്ധപ്പെടുത്തി മലയാളഭാഷാചരിത്രത്തെ നോക്കിക്കാണുന്നുണ്ട് ബാലകൃഷ്ണൻ. തമിഴിനോട് ബന്ധമൊന്നുമില്ലാതെ നടന്ന പ്രക്രിയയാണ് മലയാളത്തിന്റെ വളർച്ചയെന്നാണ് അദ്ദേഹം അർത്ഥമാക്കുന്നത്. കേരളത്തിൽ മലയാളഭാഷയും ജാതിവ്യവസ്ഥിതിയും ഒരേ സാമൂഹ്യപരിണാമപ്രക്രിയയുടെ ഭാഗമായി നടന്നതാണെന്ന് അദ്ദേഹം വിശ്വസിക്കുന്നു. ശാസനഭാഷ വെച്ചുകൊണ്ട് അത് കണ്ടെത്തിയ ദിക്കിലെ നിത്യവ്യവഹാരഭാഷ നിർണ്ണയിക്കാൻ പറ്റില്ല എന്ന് അദ്ദേഹം പറയുന്നത് ശരിയാകാം. പക്ഷെ, എഡി. 9 മുതൽ 17 വരെയുള്ള നൂറ്റാണ്ടുകാലയളവിലെ ആദ്യത്തെ നാലു ശതകങ്ങളിൽ വാമൊഴിക്കു രാജഭാഷയിൽ എത്രത്തോളം കൈകടത്താൻ കഴിഞ്ഞു എന്നതിനു കേരളത്തിലെ ശിലാശാസനങ്ങളും ചെപ്പേടുകളും നിദർശനങ്ങളാണ്. ശാസനഭാഷ ആ നാട്ടിലെ ആധികാരികഭാഷയല്ലെന്നു പറയാൻ കഴിയില്ല. വ്യക്തികൾക്കും ക്ഷേത്രങ്ങൾക്കും പണവും വസ്തുക്കളും ദാനം ചെയ്യുന്ന രേഖകൾ ചെമ്പുതകിടിലും കല്ലിലുമായിരുന്നു. ഒമ്പതാം ശതകത്തിന്റെ ഉത്തരാർദ്ധംമുതൽ അവ പ്രാബല്യത്തിലുണ്ട്. മേൽപറഞ്ഞ രേഖകളിലെ ഗദ്യങ്ങളിൽ അപരിചതങ്ങളായ ധാരാളം വാക്കുകളുണ്ട്. എന്നാൽ "മലയാളസാഹിത്യകൃതികളിൽ സംസ്കൃതഭാഷ നടത്തിയിടത്തോളം ആക്രമണം ഈ കുറിപ്പുകളിൽ നടത്തിയിട്ടില്ല"[40] എന്ന് പ്രൊഫ. എൻ. കൃഷ്ണപ്പിള്ള പറയുന്നത് നിഷേധിക്കാൻ കഴിയാത്തതാണ്. സംഘകാലകവി

തകളിൽ ഒരു വലിയ വിഭാഗവും ബ്രാഹ്മണവിരിചതങ്ങളാണ് എന്നതാണ് ജാതിപ്രഭാവത്തിന്റെ സ്വാധീനം ഭാഷയിൽ കലരുന്നതിന്റെ അടിസ്ഥാനമായി ബാലകൃഷ്ണൻ കാണുന്നത്. ഭാഷയുടെ ഘടനാവിശേഷം ജാതിവ്യവസ്ഥയുടെ ജീവവായു ശ്വസിച്ചാണ് വളർന്നതെന്നും അദ്ദേഹം പറയുന്നു. പക്ഷെ സംഘകൃതികളിലെ തമിഴ്തന്നെയാണ് തമിഴകത്തിലെ സാധാരണ ജനങ്ങളും ഉപയോഗിച്ചുവന്നത് എന്നുപറയാൻ കഴിയുകയില്ലല്ലോ. തമിഴ്നാട്ടിലെ സാധാരണക്കാരുടെ ഡയലക്റ്റുകൾ കൂടിച്ചേർന്ന് ആധുനികതമിഴ്ഭാഷയായിത്തീർന്നപ്പോൾ, കേരളത്തിലെ പ്രാദേശികഘടകങ്ങൾ ഇവിടത്തെ ഡയലക്ടുകൾക്ക് മറ്റൊരു രൂപമാണ് നൽകിയത്"[41] എന്നതുകൊണ്ട് പ്രാചീന കേരളത്തിൽ തമിഴ് സംസ്കാരത്തിന് ഒരു സ്വാധീനവുമുണ്ടായിരുന്നില്ലെന്ന് വരുന്നില്ലെന്ന് കെ.എൻ. ഗണേശ് പറയുന്നുണ്ട്.

ജാതിവ്യവസ്ഥപോലുള്ള സാമൂഹികാവസ്ഥകളുമായി ബന്ധപ്പെടുത്താതെ ഭാഷാപണ്ഡിതന്മാർ മലയാളഭാഷാചരിത്രത്തെ മാറ്റിയെന്നാണ് ബാലകൃഷ്ണന്റെ അഭിപ്രായം. സാർവ്വത്രികമായി അറിയപ്പെടുന്ന ഒരു ഭാഷ ഒൻപതാം നൂറ്റാണ്ടു വരെ മലയാളക്കരയിൽ ഉണ്ടായില്ലെന്നും ഇവിടെ ഉണ്ടായിരുന്നത് പരസ്പരം സാമ്യമല്ലാത്ത വന്യഗോത്രപ്രാദേശികഭാഷകളായിരുന്നെന്നും നമ്പൂതരി ബ്രാഹ്മണരുടെ ആഗമനത്തോടെ കേരളീയ ജാതിവ്യവസ്ഥിതിയുമായി ബന്ധപ്പെട്ടാണ് മലയാളം വളർന്നതെന്നുമാണ് അദ്ദേഹം സമർത്ഥിക്കുന്നത്. സാർവ്വത്രികമായി പ്രയോഗിക്കാൻ കഴിയുന്ന അഭിസംബോധനാപദങ്ങൾ മലയാളത്തിലില്ലാത്തത്, ജാതിവ്യവസ്ഥിതിയുമായി ബന്ധപ്പെട്ട ഭാഷാവളർച്ചയുടെ ഒരുദാഹരണമായി അദ്ദേഹം കാണുന്നു. എഫ്. ഡബ്ലിയു എല്ലിസിനെ മാതൃകയാക്കിയാണദ്ദേഹം മലയാളഭാഷയുടെ വളർച്ചയും സാഹിത്യപ്രവേശനവും വ്യക്തമാക്കുന്നത്.

**5.2.3.6 മണിപ്രവാളത്തിലെ ജാതിചിന്ത**

കേരളീയജാതിസമൂഹത്തിന്റെ സത്യസന്ധമായ ആത്മാവിഷ്ക്കാരമാണ് മണിപ്രവാളസാഹിത്യം. മധ്യകാലസമൂഹത്തിലെ കുടുംബസംവിധാനം, ഭാഷാരീതി തുടങ്ങിയവയും സമൂഹത്തിൽ നിലനിന്നിരുന്ന മറ്റുപലതരത്തിലുള്ള വ്യവഹാരരീതി

കളുടെ ചിത്രങ്ങളും തരുന്ന, ചരിത്രപരമായി സമ്പന്നമായ, സാഹിത്യവിഭാഗമാണത്. ഇളംകുളം ഇവ വിശദീകരിച്ചപ്പോൾ ദേവദാസീ സമ്പ്രദായത്തിനു നൽകിയ പ്രാധാന്യത്തെയാണ് ബാലകൃഷ്ണൻ പരിഹസിക്കുന്നത്. ഇത് 'നൂറ്റാണ്ടുയുദ്ധം' കെട്ടിച്ച മച്ച പോലെയാണെന്നാണ് അദ്ദേഹത്തിന്റെ മതം. കേരളീയക്ഷേത്രങ്ങൾ ജാതിവ്യവസ്ഥയാൽ തീണ്ടാപ്പാടു ദൂരത്താണെന്ന പ്രശ്നം ഇളംകുളത്തെ അലട്ടുന്നില്ല. ഈ ദേവദാസീ വർഗ്ഗത്തെ ജാതിയും ഉപജാതിയും തൊഴിലും വേർതിരിച്ചു നിർത്തിയ ജാതി നിർണ്ണയത്തിലോ ചരിത്രരേഖകളിലോ കാണുന്നില്ല എന്നതും പ്രധാന വസ്തുതയാണ്. ഭാഷാപരിണാമചർച്ചയിൽ ശാസനങ്ങളെ നിരസിച്ചുകൊണ്ടാണ് ഇളംകുളം കുഞ്ഞാൻപിള്ളയുടെ നിലപാടുകളെ അദ്ദേഹം എതിർത്തത്.

**5.2.3.7 ദൃശ്യകലകളിലെ ജാതീയത**

നമ്മുടെ കലാപൈതൃകത്തിൽ നിലനിൽക്കുന്ന ജാതിസ്വാധീനത്തെ പരാമർശിച്ചുകൊണ്ട്: "കേരളത്തിലെ പരമ്പരാഗത ദൃശ്യകലാരൂപങ്ങൾക്കോരോന്നിനും നിയതവും നീക്കുപോക്കില്ലാത്തതുമായ ജാതിവേഴ്ചയുണ്ട്"[42] എന്നു ബാലകൃഷ്ണൻ പറയുന്നുണ്ട്. ക്ഷേത്രവേഴ്ച കൂടാതെയും ജാതിവേഴ്ച കൂടാതെയും ആദ്യമായി കേരളത്തിലുണ്ടാവുന്ന കലാരൂപങ്ങളാണ് കഥകളിയും തുള്ളലും. എന്നാൽ ട്രൈബൽ വേഴ്ചയുള്ള തെയ്യം, തിറ, പടയണി എന്നിവയ്ക്കുള്ള അനുഷ്ഠാനപരത ശ്രദ്ധാർഹമാണ്. തെയ്യം, തിറ, പടയണി എന്നിവയുടെ ആവിഷ്കാരത്തിന് പരമ്പരാഗതമായി അതു പരിശീലിച്ചവർതന്നെ വേണം, എന്നും അവർക്ക് മദ്യമാംസാദികളും വേണമെന്നുള്ള പരാമർശം പ്രത്യേകം കണക്കിലെടുക്കണം, കാരണം ബാലകൃഷ്ണൻ ഗ്രന്ഥരചന നിർവഹിക്കുന്ന കാലത്ത് അനുഷ്ഠാനങ്ങൾ മാത്രമായിരുന്ന തെയ്യം, തിറ എന്നിവയെ കലാരൂപമായി അംഗീകരിച്ചിരുന്നില്ല. ഒരു കലാരൂപത്തെക്കുറിച്ചുള്ള ഇത്തരം മുൻവിധികളും ബാലകൃഷ്ണനിലെ അബോധപൂർവ്വമായ സവർണ്ണകാഴ്ചപ്പാടിൽ നിന്നുണ്ടായതാണ് എന്നു പറയേണ്ടിവരും. ഗ്രന്ഥത്തിൽ ആദ്യന്തം കാണപ്പെടുന്ന നായർ, നമ്പൂതിരി ജാതികളുടെ ആന്തരികഘടകങ്ങളുടെ പരിശോധനകൾക്ക് മാത്രം നൽകിയ പ്രാധാന്യം അത്തരമൊരു ചിന്ത വായനക്കാരിൽ ഉണ്ടാക്കുന്നുണ്ട്.

### 5.2.4 നായർ–പരാജയം ഏറ്റുവാങ്ങിയ സമുദായം

നരവംശശാസ്ത്രത്തിന്റെയും നരസംസ്കാരത്തിന്റെയും മണ്ഡലത്തിൽ സാർവദേശീയ ശ്രദ്ധപിടിച്ചുപറ്റിയ[43] കേരളത്തിലെ പ്രബലവിഭാഗമായ നായർ സമുദായത്തിലെ ചില പ്രത്യേക അവസ്ഥകളിലേക്ക് ചരിത്രരേഖകളുടെ സഹായത്തോടെ ബാലകൃഷ്ണൻ പ്രവേശിക്കുന്നുണ്ട്. രാജാവിനെയും രാജ്യത്തെയും ഐശ്വര്യമായി നിലനിർത്തുകയും ഐശ്വര്യങ്ങൾ സ്വയം അനുഭവിക്കുകയും ചെയ്ത പ്രഭുവർഗ്ഗമാണവർ[44]. എന്നാൽ അവരുടെ ജീവിതപരിത:സ്ഥിതി ഒരിക്കലും അവരുടെ സാമൂഹികനിലവാരത്തിനു യോജിക്കുന്നതായിരുന്നില്ല. ദ്രുതഗതിയിലുള്ളതും സാമൂഹികശാസ്ത്രതത്വങ്ങൾക്കും ധാരണകൾക്കും യോജിക്കാത്തതുമായ അവരുടെ വംശനാശം അത്ഭുതപ്പെടുത്തുന്നതായിരുന്നു. അറിയപ്പെടുന്ന ചരിത്രകാലഘട്ടത്തിൽ കേരളത്തിൽ സൈനികവൃത്തി ജാതിവൃത്തങ്ങളുടെ പരിധിയിലായിരുന്ന "പതിനേഴ് പതിനെട്ട് നൂറ്റാണ്ടുകളിൽ ഉണ്ടായിരിക്കാവുന്ന മൊത്തം ജനസംഖ്യയെ കവച്ചുവയ്ക്കുന്നയത്രയുമെണ്ണം നായർ യോദ്ധാക്കൾ ഇവിടെ അന്നുണ്ടായിരുന്നു"[45] എന്ന് അക്കാലത്തെ യുദ്ധരേഖകൾ അടിസ്ഥാനമാക്കി ബാലകൃഷ്ണൻ പറയുന്നുണ്ട്. മരുമക്കത്തായ കുടുംബത്തിലെ പുരുഷൻ മറ്റൊരു മരുമക്കത്തായ കുടുംബത്തിൽനിന്നു വിവാഹം കഴിക്കുന്നതിനാൽ ഭർത്താവും ഭാര്യയും വിഭിന്നങ്ങളായ കുടുംബങ്ങളിലെ അംഗങ്ങളായി അമ്മയോടൊപ്പം കഴിയുകയാണ് പതിവ്[46]. എന്ന നായർ-നമ്പൂതിരി ബാന്ധവവേഴ്ചയുടെ പശ്ചാത്തലമാണ് അദ്ദേഹം സൂചിപ്പിക്കുന്നത്. തൊഴിൽ പുച്ഛമായിക്കണ്ട അലസവർഗ്ഗമായിരുന്ന അവർക്ക് ശാരീരികാദ്ധ്വാനം നിഷിദ്ധവുമായിരുന്നു. "സ്വന്തം ഭാര്യയെയും സന്താനങ്ങളെയും പുലർത്താൻ ബാധ്യതയില്ലാത്ത വ്യക്തി മാത്രമല്ല, മുൻകാലത്തെ നായർ. വല്ലരീതിയിലും കുറെ സമ്പാദ്യമുണ്ടാക്കി അവർക്കു സ്ഥിരമായി പ്രയോജനപ്പെടുന്ന രീതിയിൽ കൊടുക്കാൻ സാധ്യമല്ലാത്ത നിസ്സഹായൻ കൂടിയായിരുന്ന[47] ഇത്തരക്കാരുടെ ഭൗതികജീവിതചുറ്റുപാടും ദേശാചാരത്താൽ നിയന്ത്രിതമായിരുന്നു. ഭരണവർഗ്ഗമായിരുന്ന ഇവരുടെ വീടുകൾ താഴ്ന്ന ജാതികളുടേതിനു സമാനമായ കൂരകളായിരുന്നു[48]. തടിവെട്ടുന്നതും ഓടുമേയുന്നതും നല്ലവീടുവയ്ക്കുന്നതും രാജ്യദ്രോഹമാകുന്ന സാമൂഹികാവസ്ഥയ്ക്ക് വിരാമമാകുന്നത് 1817-ലെ ഒരു രാജകീയ വിളംബരം ഉദ്ധരിച്ച് ബാലകൃഷ്ണൻ വ്യക്തമാക്കുന്നുണ്ട്.

#### 5.2.4.1 പരാജയപ്പെട്ട സൈനികവൃത്തി

ജീവിതവൃത്തിയിൽ പരാജയം ഏറ്റുവാങ്ങിയ സമുദായം സൈനികവൃത്തി യിലും അതുതന്നെ ആവർത്തിക്കുന്ന കാഴ്ചയാണ് നമ്മൾ കാണുന്നത്. നായന്മാർ ചരിത്രത്തിൽ പ്രത്യക്ഷപ്പെട്ട കാലം മുതൽ സൈനികവൃത്തി സ്വീകരിച്ചവരാണ്. കൊല്ലവർഷം 288(AD 1113)ലെ ഒര രേഖയിലാണ് നായന്മാരെപ്പറ്റിയുള്ള ആദ്യപരാ മർശമെന്ന് ഇളംകുളം പറയുന്നുണ്ട്[49]. ആയുധപ്രയോഗംകൊണ്ടുള്ള തൊഴിൽ കൂലിവേലയാക്കിയ ഈ വിഭാഗം സൈന്യാധിപനെന്ന അർത്ഥത്തിൽ നാമം വിപു ലീകരിക്കുന്നത് പോർച്ചുഗീസ് എഴുത്തുകാരിലൂടെയാണെന്ന് കെ.വി. കൃഷ്ണ യ്യരും അഭിപ്രായപ്പെടുന്നു[50]. ഒരു രാജ്യത്തിന്റെ ധനശേഷിയാണ് അവിടത്തെ സൈനികസജ്ജീകരണത്തിന്റെ ശക്തി. ധനശേഷിയെക്കുറിച്ചു നാം മുൻപ് വിശദീക രിച്ചുകഴിഞ്ഞു. അങ്ങനെയെങ്കിൽ അത്തരം ഒരു ദേശത്തിനു യോജിക്കുന്ന സൈന്യം തന്നെയെന്ന് ആലങ്കാരികമായിട്ടാണു ബാലകൃഷ്ണൻ പറയുന്നതെങ്കിലും വാസ്തവ മാണ്. കേരളത്തിൽ സൈനികവൃത്തി നായരിതരസമുദായവുമായി ചേർന്നു നിൽക്കു ന്നതായി അദ്ദേഹം കാണുന്നില്ല. എന്നാൽ ആയുധപ്രയോഗത്തിൽ ശിക്ഷണം നേടാൻ ഈഴവർക്കും അവകാശമുള്ളതായി വടക്കൻപാട്ടുകൾ തെളിവുതരുന്നതായി പറയുന്നു. ആയുധാഭ്യാസികളായ ഈഴവർ അങ്കച്ചേകവരായിരുന്നു എന്ന കാര്യം ബാർബോസ വിവരിക്കുന്നുണ്ട്. മുസ്ലീം സമുദായവും ആയുധവിദ്യ അഭ്യസിച്ചിരു ന്നു[51]. ശക്തമായ ഒരു സൈന്യത്തെ നേരിടാൻ കഴിയാത്തവരായിരുന്നു കേരള ത്തിലെ നായർ സൈന്യം.

#### 5.2.4.2 ഉത്പാദനം മരവിപ്പിച്ച സമുദായം

ജാതി-ഉപജാതിഘടനയിൽ നിലനിന്ന കേരളസമൂഹത്തിന്റെ ഉത്പാദനമുര ടിപ്പിനു കാരണക്കാരായവരും ആയോധനവൃത്തിസ്വീകരിച്ചവരുമായ നായർ സമൂ ഹത്തെ 'ഉത്കർഷേച്ഛ കൈമോശം വന്ന കൂട്ടുകുടുംബക്രമം' എന്ന ഭാഗത്ത് വിശ ദീകരിക്കുന്നുണ്ട്. ജന്മസ്വങ്ങളല്ലാത്ത ഭൂമിയേ ഇല്ലാതിരുന്ന കേരളത്തിൽ ഈഴ വർക്കും നീചജാതികൾക്കും ഭൂമി കൈവശമില്ലായിരുന്നു എന്ന വസ്തുത നാം

കണ്ടു കഴിഞ്ഞു. തരിശായിക്കിടന്ന വനഭൂമികൾ പലശതാബ്ദങ്ങളായി ഉപയോഗ പ്രദമല്ലാതെ കിടന്നതനു കാരണം മറ്റൊന്നുമല്ലായിരുന്നു. ജാതിനിർണ്ണയനഗ്രന്ഥ ത്തിലെ നിബന്ധനതന്നെ. കാർഷികവൃത്തി പരിശീലിക്കാൻപോലും നിവൃത്തിയി ല്ലാതിരുന്ന വർഗ്ഗമായിരുന്നു താഴ്ന്ന ജാതികൾ. നിബന്ധന പാലിക്കാതെ കാർഷി കപ്രവർത്തനങ്ങളിലേർപ്പെട്ടാൽ അവരുടെ ജീവിതം വാൾത്തലയിൽ അവസാനി ക്കുമായിരുന്നു, കാരണം ഇത്തരം ധർമ്മാചാരലലംഘനത്തെ തടയുന്നത് ധർമ്മ മായി കരുതിയവരായിരുന്നു നായർ യോദ്ധാക്കൾ. സമൂഹത്തിന്റെ തലച്ചോറും കണ്ണുമായി പ്രവർത്തിക്കേണ്ട നമ്പൂതിരിയും നായരും പ്രാകൃതവും ക്രൂരവുമായ അനാചാരങ്ങളാൽ തടവിലാക്കപ്പെട്ടവരായിരുന്നു. നായർസമുദായമാകട്ടെ സൈനി കവൃത്തിയിൽ ഏർപ്പെട്ട് ഇപ്രകാരം കാർഷികോത്പാദനത്തെ തടസ്സപ്പെടുത്തിയ ഒരു വിഭാഗമായി സാമൂഹികദൃഷ്ട്യാ ബാലകൃഷ്ണൻ വിവരിക്കുന്നത് നമുക്ക് നിഷേധിക്കാൻ കഴിയില്ല. 18-ാം നൂറ്റാണ്ടുവരെ കേരളസമൂഹത്തിൽ ഒരു പ്രത്യേക സമുദായത്തിൽ നിലനിന്ന അനാചാരം എങ്ങനെ സാമൂഹികവും സാമ്പത്തികവു മായ ദൂരവ്യാപകമായ പ്രത്യാഘാതമുണ്ടാക്കി എന്നു വ്യക്തമാക്കുന്നതാണിത്.

### 5.2.5 കേരളത്തിലെ നമ്പൂതിരിമാർ

കേരളത്തിലെ നമ്പൂതിരിമാരെക്കുറിച്ച് ധാരാളം പഠനങ്ങൾ നടന്നതാണ്. ഐതിഹ്യപ്രകാരം പറയുന്ന 64 ഗ്രാമങ്ങളിൽ തെക്കു കേരളത്തിലുള്ള 32 ഗ്രാമ ക്കാരെ നമ്പൂതിരി എന്നു വ്യവഹരിച്ചുപോരുന്നു[52]. “പ്രസ്തുത ഗ്രാമങ്ങൾ ക്രിസ്തു ഒമ്പതാം ശതകത്തിൽ ചേരമാൻ പെരുമാക്കളുടെ ആദ്യലിഖിതങ്ങൾ അറിയപ്പെടു ന്നതിന്റെ മുമ്പുതന്നെ സ്ഥാപിക്കപ്പെട്ടിരിക്കണം”[53] എന്ന് എം.ജി.എസ്. നാരായണ നെപ്പോലുള്ളവർ അവകാശപ്പെടുന്നുണ്ട്. പടിഞ്ഞാറൻ കടൽത്തീരം വഴി കർണ്ണാ ടക തുളു പ്രദേശങ്ങളിലൂടെ കടന്നുവന്ന ആര്യബ്രാഹ്മണരാണിവർ. 11-ാം നൂറ്റാ ണ്ടിന്റെ അന്ത്യമായപ്പോഴേക്കും നമ്പൂതിരിമാരുടെ ആധിപത്യം കേരളത്തിൽ വന്നു[54]. ഇങ്ങനെ കേരളത്തിലെത്തിയ നമ്പൂതിരിമാർ ഇന്ത്യയിലെ മറ്റു ബ്രാഹ്മണ സമൂഹത്തിൽനിന്നും ആചാരവിശേഷങ്ങളിൽ പ്രത്യേക വർഗ്ഗമായതെങ്ങനെയെന്നും എന്തുകൊണ്ടെന്നുമാണ് ബാലകൃഷ്ണൻ അന്വേഷിക്കുന്നത്.

കേരളത്തിലെത്തിയ നമ്പൂതിരിമാർ അതേ വർഗ്ഗമായ തമിഴ്ബ്രാഹ്മണസങ്കേതങ്ങളിൽനിന്നും അകന്നു നിന്നിരുന്നു, അല്ലെങ്കിൽ അവരെ വർജ്ജിച്ചിരുന്നു. തെക്കൻ തിരുവിതാംകൂറിലും പാലക്കാടും അവരുടെ സാന്നിധ്യം ഇല്ലാത്തത് അതിനുദാഹരണമായി കാണുന്നുണ്ട്. അതുകൂടാതെ അവരാദ്യമായി കാലുകുത്തിയ കേരള-കർണ്ണാടക അതിരിനു തൊട്ടുള്ള ചിറയ്ക്കൽ താലൂക്കിൽ ഏതാനും ഇല്ലങ്ങൾ മാത്രമേ അവരുടേതായുള്ളൂ എന്നതും ശ്രദ്ധയർഹിക്കുന്നതാണ്[55]. *അകം കവിതകളിൽ*ക്കൂടി (*പഴംതമിഴ്പാട്ട്*) പരാമർശമാകുന്ന 'പെരുഞ്ചെല്ലൂർ' ഈ ഭാഗത്താണ്. ഇങ്ങനെയുള്ള അധിവാസപ്രത്യേകതകളിൽനിന്നും വ്യക്തമാകുന്നത് ഇതര ബ്രാഹ്മണവിഭാഗങ്ങളുമായുള്ള സംസർഗത്തെയെന്നപോലെ രാജകീയരാഷ്ട്രീയാധികാരം നിലവിലുള്ള പ്രദേശങ്ങളിലെ അധിവാസവും നമ്പൂതിരിമാർ വർജ്ജിച്ചിരുന്നു[56] എന്നാണ്. ഇവിടെ ബാലകൃഷ്ണൻ വ്യക്തമാക്കുന്ന കാര്യം കേരളീയനമ്പൂതിരിമാരുടെ ആചാരാവിശേഷങ്ങളിൽ ഏതെങ്കിലും ചിലതുപോലും അനുസരിക്കുന്ന ബ്രാഹ്മണർ ഇന്ത്യയിലില്ല എന്നതാണ്. കേരളത്തിൽ വന്നതിനുശേഷം മാത്രമുണ്ടായക്കിയ ആചാരവിശേഷങ്ങളായിരുന്നു അവരുടേതെന്നർത്ഥം. "ബ്രാഹ്മണജനതകൾക്കെല്ലാം ബാധകമായ ധർമ്മശാസ്ത്രവിധികളിൽനിന്നു വ്യത്യസ്തമായും പലപ്പോഴും അതിനു കടകവിരുദ്ധമായും വിശേഷമായ ആചാരക്രമങ്ങളും അനുഷ്ഠാനങ്ങളും സ്വീകരിച്ച നമ്പൂതിരിനടപടി, മനപ്പൂർവമായി മറ്റുള്ളവരിൽനിന്നും വ്യതിരിക്തരാവാനുള്ള വർഗ്ഗസ്വാർത്ഥത്തെ പ്രതിഫലിപ്പിക്കുന്നു"[57]. കേരളത്തിൽ അവർക്കു നേടാൻ കഴിഞ്ഞ അദൃശ്യപദവി മറ്റാരും പങ്കുപറ്റരുതെന്ന നിഷ്കർഷയാണ്, ഇതര ബ്രാഹ്മണരുടെ ആചാരനടപടികളിൽനിന്നും വിരുദ്ധമായ ആചാരങ്ങൾ അനുഷ്ഠിക്കാൻ നിർബ്ബന്ധിക്കപ്പെട്ടത് എന്നാണ് ഇപ്പറഞ്ഞതിനർത്ഥം. ഇത്തരം അനാചാരങ്ങൾ കേരളത്തിൽ മുഴുവൻ ഒരേപോലെ അനുവർത്തിക്കുന്നതിനാൽ ഒരു മിശ്രബ്രാഹ്മണജനതായണ് ഇവിടുത്തേത് എന്നു പറയാൻ കഴിയില്ല. ഇതരദേശങ്ങളിലെ ജാതിസമൂഹഘടനയിൽനിന്നും കേരളത്തിലെ ജാതിവ്യവസ്ഥിതിക്കുള്ള വ്യത്യാസങ്ങൾക്കും കാരണമിതാണ്. ദക്ഷിണകർണ്ണാടകദേശത്തുനിന്നും ഇവരുടെ അധിനിവേശകാരണമെന്തെന്ന് ആരും വ്യക്തമാക്കുന്നില്ല. നാഗമയ്യയുടെയും പത്മനാഭമേ

നോന്റെയും അഭിപ്രായങ്ങൾപോലെ വരൾച്ചയുടെയും ക്ഷാമത്തിന്റെയും പകർച്ച വ്യാധിയുടെയും ഭീഷണിയിൽനിന്നും അവർ ഇവിടെ പ്രത്യക്ഷപ്പെട്ടു എന്ന് ബാലകൃ ഷ്ണൻ വിശ്വസിക്കുന്നു.

മൊത്തം ജനസംഖ്യയിൽ അര ശതമാനം പോലുമില്ലാത്ത ഒരു വർഗ്ഗമാണ് 18-ാം നൂറ്റാണ്ടുവരെ ആയിരം വർഷക്കാലം ഒരു പ്രദേശത്തിലെ സമ്പത്തിന്റെ ഏറിയ പങ്കും കൈവശംവെച്ചത്. അവരെ ഇരുപതാംനൂറ്റാണ്ടിന്റെ കവാടത്തിൽ നാം കാണുന്നത് ദരിദ്രരും നിസ്സഹായരുമായ ഒരു ജനവിഭാഗമായിട്ടാണ്. ഈ ഒരു അപൂർവയാഥാർത്ഥ്യം മുൻനിർത്തിയാണ് കേരളചരിത്രത്തിന്റെ പരിണാമചരിത്രം പഠിക്കാൻ നമ്പൂതിരിയുടെ സമുദായസ്ഥിതി പഠിക്കണമെന്നു ബാലകൃഷ്ണൻ പറ യുന്നത്. "ഒരു മേധാവിവർഗ്ഗത്തിന്റെ മേധാവിത്തം ആയുധശക്തികൊണ്ടു പിടിച്ചു പറ്റിയതാണെന്നും കുടിലതന്ത്രങ്ങൾ കൊണ്ടുനേടിയ സമ്പത്തിന്റെ ബലംകൊ ണ്ടാണ് ആയിരം വർഷം അവരതു നിലനിർത്തിയതെന്നും ലോകചരിത്രത്തെപ്പറ്റി എന്തെങ്കിലും ബോധമുള്ളവർ പറയുകയില്ല"[58] എന്ന പ്രസ്താവം നമ്പൂതിരിക്ക് സമൂഹത്തിൽ ഉണ്ടായ പ്രഭാവം കാരണമാണ് ഉന്നതസ്ഥാനവും സംപൂജ്യതയും നേടിക്കൊടുത്തത് എന്നും ബലംകൊണ്ടും ധനംകൊണ്ടും നേടിയതല്ല അത് എന്നുമാണ് അർത്ഥമാക്കുന്നത്. മേധാവിവർഗ്ഗമായ നമ്പൂതിരിസമുദായത്തിന്റെ ഈ സാമൂഹികപദവി പഠനവിധേയമാക്കിയതാണ്[59].

#### 5.2.5.1 'സ്വയംഭൂ' ഉടമസ്ഥത

നമ്പൂതിരിമാരുടെ ഭൂഉടമസ്ഥതയുമായി ബന്ധപ്പെട്ട ധാരാളം രേഖകൾ ബാല കൃഷ്ണൻ ഉദ്ധരിക്കുന്നുണ്ട്. ഇത്തരം രേഖകളുടെ പരിശോധനകളിൽനിന്നും വ്യക്ത മാകുന്ന കാര്യം ഭൂമിയിൽ അവർക്കുള്ള അവകാശങ്ങൾ അവർതന്നെ സ്വയം സൃഷ്ടിച്ചെടുത്തതാണെന്നാണ്. കൃഷിഭൂമിയത്രയും നമ്പൂതിരിജന്മം, ദേവസ്വംജന്മം, ചേരിക്കൽജന്മം എന്നീ ഇനങ്ങളിൽപ്പെട്ടതായിരുന്നു. ഇത് ഇന്ത്യയുടെ മറ്റ് പ്രദേശ ങ്ങളിലെ ഭൂമിയുടമസ്ഥതാരീതികളിൽനിന്നും തികച്ചും ഭിന്നമായിരുന്നു. കേരളീയ നാടുവാഴികലുടെ ഉത്ഭവചരിത്രംകൊണ്ട് വെളിവാകുന്ന ഒരു പ്രധാന വസ്തുത

ട്രൈബൽ സങ്കൽപത്തിൽനിന്നും വേറിട്ട്, ഭൂമി സ്വത്താണ് എന്ന സാമൂഹ്യസ ങ്കൽപം[60]. ഉരുത്തിരിയുന്ന സാമൂഹ്യപരിണാമപ്രക്രിയയുടെ ഭാഗമായി നമ്പൂതിരി മാർ സൃഷ്ടിച്ചതാണ് 'സ്വയംഭൂ' എന്നതാണ്. ഇതിനു തെളിവായിട്ട് അദ്ദേഹം ഉദാഹ രിക്കുന്നത് ഒരു പ്രത്യേക നമ്പൂതിരി ഇല്ലത്തിനുള്ള ജന്മാവകാശത്തിന്റെ ആധികാരി കതയുടെ നിജസ്ഥിതി മറ്റൊരു നമ്പൂതിരിഇല്ലം തർക്കമുന്നയിച്ച ചരിത്രം കാണാ ത്തതാണ്. ഈ വിഷയത്തിൽ തർക്കം വന്നാലുള്ള അപകടം നമ്പൂതിരി ജനത യ്ക്കാകെ ബോധ്യമുണ്ടായിരുന്നു എന്നർത്ഥം. ഈ 'സ്വയംഭൂ' ഉടമസ്ഥതയുടെ അസ്വാഭാവികത അദ്ദേഹം മറ്റു ദേശങ്ങളിലെ ബ്രാഹ്മണസമുദായവുമായിട്ടും താര തമ്യം ചെയ്യുന്നുണ്ട്. ഇത് മുൻപ് സൂചിപ്പിച്ച തമിഴ്ബ്രാഹ്മണകേന്ദ്രങ്ങളെ കേന്ദ്രീക രിച്ചുള്ള അവരുടെ നിലപാടിലും വ്യക്തമായതാണ്. മധ്യകാലത്തെ ഇന്ത്യയിൽ ഒരിടത്തും ഇങ്ങനെ കുടുംബത്തിനു പരമ്പരയായുള്ള അനുഭവനടപടി നിലവിലില്ലാ യിരുന്നു. ചരിത്രപരമായി നോക്കുമ്പോൾ വില്യംലോഗൻ ഉൾപ്പെടെയുള്ളവരുടെ രേഖകളിലും 15, 16 നൂറ്റാണ്ടുകളിൽപോലും ജന്മിക്ക് കുടിയാന്റെമേൽ പരിമിതായ അവകാശങ്ങൾ മാത്രമാണ് ഉണ്ടായിരുന്നത്[61] എന്നാണ് കാണുന്നത്.

#### 5.2.5.2 കുടുംബവ്യവസ്ഥ

മൂത്തമകന് വേളി എന്ന കുടുംബവ്യവസ്ഥയുടെ അടിസ്ഥാനം കുടുംബ സ്വത്ത് ശിഥിലമവരുതെന്ന സ്വാർത്ഥചിന്തയാലാണെന്നാണ് പൊതുവെ പത്മനാഭ നെപ്പോലുള്ള ചരിത്രകാരന്മാരുടെ അഭിപ്രായം. പക്ഷെ, ഇതരദേശബ്രാഹ്മണർക്കി ല്ലാത്ത ഈ ചിന്ത കേരളീയബ്രാഹ്മണർക്കുണ്ടാവാൻ കാരണമെന്തെന്ന ചോദ്യ ത്തിനു അധിനിവേശിതരിൽ സ്ത്രീകൾ കുറവായിരുന്നു എന്ന ഉത്തരം സ്വീകാര്യ മാവണമെങ്കിൽ കേരളത്തിൽ വന്നപാടെ നമ്പൂതിരിമാർ നായർസ്ത്രീകളുമായുള്ള ബന്ധം തുടങ്ങി എന്നു വിശ്വസിക്കേണ്ടിവരും. സ്ഥിതിവിവരക്കണക്കുകൾ മാത്ര മല്ല മറ്റ് സാഹചര്യതെളിവുകളും ആ വാദം സാധൂകരിക്കാഞ്ഞതല്ല എന്നു ബാല കൃഷ്ണൻ സമർത്ഥിക്കുന്നു. കേരളത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകളു ടെയും ജീവശാസ്ത്രപരമായ മറ്റു കാരണങ്ങളാലും ഉണ്ടായേക്കാവുന്ന സ്വവർഗ്ഗ

പ്പെരുപ്പം തടയേണ്ടതാണെന്ന ബോധം ഇങ്ങനെ ഒരു നിബന്ധന സ്വീകരിക്കുന്ന തിനു നമ്പൂതിരിമാരെ പ്രേരിപ്പിച്ചതാണെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം.

ഇതുകൊണ്ട് ജീവിതത്തിലെ "വൈകാരികവേഴ്ചയുടെ സംശുദ്ധസ്രോതസ്സു കളിലെല്ലാം വിഷം കലർത്തുകയും അതിൽ മിക്കതും വറ്റിച്ചുകളയുകയും ചെയ്തും കൊണ്ടുള്ള"[62] ഒരു ജനവിഭാഗത്തിന്റെ കെട്ടജീവിതമാണ് ബാലകൃഷ്ണൻ വരച്ചുവ യ്ക്കുന്നത്. സ്നേഹാനുഭവങ്ങളും കുടുംബബന്ധവുമില്ലാത്ത ഒരുതരം വിചിത്രമനു ഷ്യരാക്കി നമ്പൂതിരിമാരെ മാറ്റി. സ്നേഹിക്കാനും സ്നേഹിക്കപ്പെടാനും അറിയാ തെ, പ്രയത്നശീലമെന്തെന്നറിയാതെ നീണ്ടതലമുറകളായി ജീവിക്കേണ്ടിവന്ന ഇവരിലെ സ്ത്രീവർഗ്ഗത്തെപ്പറ്റി നാം പഠിച്ചിട്ടുണ്ടാവാം. എന്നാൽ വൈകാരികഘട നയുടെ പ്രത്യേകത പഠിച്ചിട്ടില്ല. സ്മാർത്തവിചാരനടപടികളിലൂടെ ചിലതെല്ലാം അറിയാമെന്നുമാത്രം.

ജാതിസമൂഹമായി മാറിയ ഗോത്രജനതയിൽ ആശാസ്യമായ പരിഷ്കാരം നമ്പൂതിരിമാരുടെ ആഗമനം വരുത്തിയിട്ടുണ്ട്. പ്രായേണ അപരിഷ്കൃതരായ അവരെ കാർഷിക-ഗ്രാമ-ജാതിസമൂഹത്തിലേക്ക് ചുവടു വയ്പിക്കുന്നുണ്ട്. എന്നാൽ മറ്റൊരു തരം പ്രാകൃതാവസ്ഥ ബീജസങ്കലനം ചെയ്യുകയായിരുന്നു അവരിൽ. സ്വയം സൃഷ്ടിച്ച ആചാരങ്ങളിൽ കൃത്യനിഷ്ഠത പാലിക്കാൻ നിഷ്ഠകാണിക്കുന്ന അവർ 'ശൂദ്രസംഗ'ക്കാര്യത്തിൽ ശങ്കരസ്മൃതി കണ്ടില്ലെന്നു നടിക്കുന്നവരാണ്. ചൂഷണ മെന്തന്നറിയാത്ത ചൂഷിതരും ദാരിദ്ര്യമെന്തെന്നറിയാത്ത ദരിദ്രരുമായിരുന്നു പത്തൊ മ്പതാം നൂറ്റാണ്ടിലേക്കു കടന്നുവന്ന നമ്പൂതിരിമാരെന്നാണു ബാലകൃഷ്ണൻ പറ യുന്നത്. കേരളസമൂഹത്തെക്കുറിച്ച് പരിപൂർണ്ണാർത്ഥത്തിൽ അങ്ങനെയൊരു വിധി യെഴുത്ത് നടത്താൻ കഴിയില്ല. കാരണം ചൂഷണം ചെയ്യുന്നത് ചൂഷകനും ചൂഷണം ചെയ്യപ്പെടുന്നുവെന്ന് ചൂഷിതനും അറിഞ്ഞില്ല എന്നതുകൊണ്ട് ചൂഷണമില്ലാതാ കുന്നില്ല. ചൂഷണത്തെപ്പറ്റി ബോധമില്ലാതാകുന്ന അവസ്ഥ അക്കാലത്തെ പ്രത്യയ ശാസ്ത്രവിജയത്തെയാണ് കാണിക്കുന്നത്[63].

### 5.2.6 ബാലകൃഷ്ണന്റെ നിഗമനങ്ങളും വസ്തുതകളും

ചേര-ചോളയുദ്ധത്തെ ആധാരമാക്കി ജാതിവ്യവസ്ഥ, ജന്മിസമ്പ്രദായം, മരുമക്കത്തായം എന്നിവയെ വിലയിരുത്തുന്നത് ഉചിതമല്ല എന്നാണ് ബാലകൃഷ്ണന്റെ അഭിപ്രായം. എന്നാൽ ജാതിവ്യവസ്ഥയുടെ കേന്ദ്രസ്ഥാനത്തെ സംബന്ധിച്ച അദ്ദേഹത്തിന്റെ നിരീക്ഷണങ്ങൾ പ്രസക്തവും ബ്രഹ്മണാധിപത്യസങ്കൽപത്തിൽ അധിഷ്ഠിതവുമാണ്. ബ്രാഹ്മണരുടെ പ്രത്യയശാസ്ത്രം ജാതിവ്യവസ്ഥ സൃഷ്ടിക്കുന്നതിൽ മുഖ്യപങ്കുവഹിച്ചു എന്ന് രാജൻഗുരുക്കളും പറഞ്ഞിട്ടുണ്ട്[64]. ബ്രാഹ്മണ-സംസ്കൃത ആശയസംഹിതയാണ് ജാതിവ്യവസ്ഥയ്ക്കു കാരണമെന്ന് പൊതുവിൽ അംഗീകരിക്കപ്പെട്ട വസ്തുതയാണ്.

കേരളത്തിൽ നിലവിലിരുന്നത് അർദ്ധട്രൈബൽ സ്വഭാവമുള്ള ജാതിവിഭജനത്താൽ ക്രമീകരിക്കപ്പെട്ട സമ്പദ്‌വ്യവസ്ഥയാണ് എന്നദ്ദേഹം കരുതുന്നു. ഡി.ഡി. കോസാംബിയുടെ *ഇന്ത്യാചരിത്രപഠനത്തിന് ഒരു മുഖവുര* എന്ന ഗ്രന്ഥത്തിന്റെ ആമുഖം ഗ്രന്ഥകർത്താവിന്റെ ചരിത്രദർശനമായ ചരിത്രാധിഷ്ഠിതഭൗതികവാദത്തെക്കുറിച്ചുള്ളതാണ്. എന്നാൽ ബാലകൃഷ്ണൻ അവകാശപ്പെടുന്നതുപോലെ അവയെ പിന്തുടരുന്നില്ല. "കേരളചരിത്രത്തിന്റെ ഭൗതികമായ അടിത്തറയും സമൂഹഘടനയും തമ്മിലുള്ള ബന്ധം കണ്ടെത്താനുള്ള ശ്രമത്തിൽ ആശയവാദവും യാന്ത്രികതയും കൂടിക്കലർന്ന സമീപനമാണ് ബാലകൃഷ്ണൻ സ്വീകരിച്ചിരിക്കുന്നത്". എന്ന് ചരിത്രകാരനായ കെ.എൻ. ഗണേശ് അഭിപ്രായപ്പെടുന്നത് അതുകൊണ്ടാണ്[65]. കേരളത്തിന്റെ യഥാർത്ഥ സാമൂഹികചരിത്രം എഴുതാനുള്ള ഗ്രന്ഥകർത്താവിന്റെ ശ്രമം *ജാതിവ്യവസ്ഥിതിയും കേരളചരിത്ര*വും എന്ന കൃതിയുടെ രചനയിൽ പരാജയപ്പെടുന്നതായിട്ടാണ് അനുഭവപ്പെടുന്നത്. ഗ്രന്ഥത്തിൽ ആകെയുള്ള 32 വരെയുള്ള അദ്ധ്യായങ്ങളിൽ അദ്ധ്യായം 9 അടക്കം 14 മുതൽ 32വരെയുള്ള അദ്ധ്യായങ്ങളാണ് ജാതിവ്യവസ്ഥയെ അപഗ്രഥിക്കുന്നതിനുവേണ്ടി ഉപയോഗിച്ചിരിക്കുന്നത്. അതിൽതന്നെ കൂടുതൽ ഭാഗവും സവർണ്ണജാതിവിഭാഗങ്ങളായ നമ്പൂതിരി-നായർ ജാതികളുടെ ചരിത്രവും അവയുടെ ആന്തരികഘടനകൾ പരിശോധിക്കാനും വേണ്ടിയാണ് ഉപയോഗപ്പെടുത്തിയത്. കേരളത്തിലെ കീഴാളവർഗ്ഗ ജീവിതാവസ്ഥയുടെ ചരിത്രം സൂക്ഷ്മാർത്ഥത്തിൽ വിശകലനം ചെയ്ത് രേഖപ്പെടുത്താൻ ശ്രമി

ക്കുന്ന ബാലകൃഷ്ണൻ, അബോധപൂർവ്വമായി മേലാളവർഗ്ഗങ്ങളായ നമ്പൂതിരി-നായർ ജാതികൾ പഠിക്കുന്നതിനുവേണ്ടി ഉപയോഗപ്പെടുത്തിയിരിക്കുന്നു. അതുകൊണ്ട് നമ്പൂതിരി-നായർ ജനവിഭാഗങ്ങൾക്കു പഠനത്തിൽ കൂടുതൽ പ്രാധാന്യം കൈവരികയും ജാതിവ്യവസ്ഥയെക്കുറിച്ചുള്ള പഠനം ജാതിമാഹാത്മ്യത്തെക്കുറിച്ചുള്ള വിവരണമായി മാറുകയും ചെയ്യുന്നു. ചരിത്രരചന ഒരു ഭാഗിക അന്വേഷണതലത്തിലേക്ക് നീങ്ങിയതിന്റെ ഫലമാണിത്. ഗ്രന്ഥകർത്താവ് അവകാശപ്പെടുന്ന മേൽവിവരിച്ച കേരളത്തിലെ ഗോത്രസംസ്കൃതി, മരുമക്കത്തായം, രണ്ടാം ചേരരാജ്യം, ശാസനങ്ങളുടെ വിശ്വാസ്യത, മധ്യകേരള കാർഷിക സമ്പദ്‌വ്യവസ്ഥ, ബുദ്ധമത പ്രചാരണം എന്നീ വിഷയങ്ങളുടെ ആധികാരികത, ചരിത്രഗ്രന്ഥപരിചയവും അതിന്റെ രീതിശാസ്ത്രപഠനവും മനസ്സിലാക്കിയവർക്കു മാത്രമേ തിരിച്ചറിയാൻ കഴിയൂ. ചരിത്രരചനയിൽ ഇളംകുളം കുഞ്ഞൻപിള്ളയെ എതിർക്കുന്ന ബാലകൃഷ്ണൻ അദ്ദേഹത്തെ തിരുത്തുന്നതിന്നാവശ്യമായ വസ്തുനിഷ്ഠവും ശാസ്ത്രീയവുമായ തെളിവുകൾ ഹാജരാക്കുന്നില്ല.

ഒരു ചരിത്രഗ്രന്ഥമെന്ന നിലയിൽ അതിന്റെ ആധികാരികതയെ പരിഹസിക്കുന്നതാണ് ഗ്രന്ഥത്തിനു നൽകിയിരിക്കുന്ന മുഖചിത്രം. മുഖചിത്രം, ഔചിത്യരഹിതവും അസ്വാഭാവികവുമായ തരത്തിലുള്ളതാണ്. ആനപ്പുറത്തിരിക്കുന്ന കൊച്ചീരാജാവിന്റെ ചിത്രത്തിലെ ആന ആഫ്രിക്കൻ ആനയാണ്. ഡച്ച് സഞ്ചാരിയും വ്യാപാരിയുമായിരുന്ന Jan Huyghen Van Linschoten (1562-1611) 16-ാം നൂറ്റാണ്ടിൽ വരച്ച ചിത്രമാണിത്[66].

ഒരു പത്രപ്രവർത്തകന്റെ ആലങ്കാരികവും അതിശയോക്തിപരവുമായ ഭാഷ ഒരു പഠനഗ്രന്ഥമെന്ന നിലയിൽ ഗ്രന്ഥത്തിനു ദോഷമുണ്ടാക്കുന്നു. വിഷയസമീപനങ്ങളിൽ ആത്മനിഷ്ഠമായ സിദ്ധാവൽക്കരണങ്ങളിൽ എത്തിപ്പെടുകയാണ് ബാലകൃഷ്ണൻ.

ഇതൊക്കെയാണെങ്കിലും ബാലകൃഷ്ണന്റെ ഗ്രന്ഥത്തിൽ ഉപയോഗപ്രദമായ ധാരാളം നിരീക്ഷണങ്ങളുണ്ടെന്ന കാര്യം പല ചരിത്രപണ്ഡിതരും അംഗീകരിച്ചതാണ്.

## 5.3. വേറിട്ട ഒരു ചരിത്രഗ്രന്ഥം

മൈസൂർ ഭരണാധികാരിയായിരുന്ന നവാബ് ടിപ്പുസുൽത്താൻ ബഹാദൂറിനെക്കുറിച്ച് മലയാളത്തിൽ ആദ്യമായുണ്ടായ ചരിത്രഗ്രന്ഥമാണ് ബാലകൃഷ്ണന്റെ *ടിപ്പുസുൽത്താൻ*. 1957-ൽ എഴുതിയ ഗ്രന്ഥം ടിപ്പുവിനെക്കുറിച്ചു നിലനിൽക്കുന്ന ധാരണകൾക്കു വിരുദ്ധമായി, പുതിയ കാഴ്ചപ്പാട് ഉൾക്കൊള്ളുന്നതാണ്. നമ്മുടെ ചരിത്രകാരന്മാർ ടിപ്പു എന്ന ഭരണാധികാരിയെ ദേശാഭിമാനത്തിന്റെ പടിപ്പുരയ്ക്കു പുറത്തുനിർത്തിയത്, ചില ദേശാഭിമാനവിഗ്രഹങ്ങൾ ഉടയാൻ കാരണമായേക്കാം എന്നതുകൊണ്ടാവാമെന്ന് ഗ്രന്ഥകർത്താവ് അഭിപ്രായപ്പെടുന്നു. അതുകൊണ്ടു തന്നെ ഗ്രന്ഥകർത്താവെന്ന നിലയിൽ ബാലകൃഷ്ണൻ അഭിമുഖീകരിക്കേണ്ടിവന്നത് ചരിത്രരേഖകളുടെ ആധികാരികതയായിരുന്നു. നിഷ്കൃഷ്ടമായ ചരിത്രപഠനത്തിലൂടെ തനിക്കു ബോധ്യപ്പെട്ട വസ്തുതകൾ അവതരിപ്പിക്കുകയാണ് ചെയ്തതെന്ന് ഗ്രന്ഥകർത്താവ് അവകാശപ്പെടുന്നുണ്ട്.

ടിപ്പുവിന്റെ പിതാവായ ഹൈദറിന്റെ വ്യക്തിവൈഭവം ജീവചരിത്രസംഗ്രഹവൈഭവത്തോടെ ചരിത്രപശ്ചാത്തലത്തിൽ നാടകീയമായി ഗ്രന്ഥകർത്താവ് അവതരിപ്പിക്കുന്നുണ്ട്. 'ജയിക്കാൻ മാത്രമല്ല തോൽക്കാനും ഹൈദർക്ക് നിശ്ചയമുണ്ടായിരുന്നു'[67]. എന്ന പ്രസ്താവം പരാജയംപോലും ജീവിതത്തിന്റെ പാഠമാക്കിയ ഹൈദറിനു തികച്ചും യോജിക്കുന്നതാണ്. നിരക്ഷരനും നിരാലംബനുമായിരുന്ന ഹൈദർ[68] 1758ൽ മൈസൂറിന്റെ സർവസൈന്യാധിപനായ അസാധാരണന്മാർക്കിടയിലെ അസാധാരണവ്യക്തിയായി ബാലകൃഷ്ണൻ കാണുന്നു. മൊഹിബുൽ ഹസ്സനെയാണ്[69] ആദ്യന്തം ഗ്രന്ഥരചനയിൽ അദ്ദേഹം അവലംബിച്ചിരിക്കുന്നത്.

### 5.3.1 ടിപ്പുവിന്റെ സമാധാനശ്രമങ്ങൾ

1766-ൽ ഇളം പ്രായത്തിൽ യുദ്ധക്കളങ്ങളിലെ വർത്തമാനങ്ങളിലൂടെയാണ് ടിപ്പുവിനെ നാം അറിയുന്നത്. അച്ഛനായ ഹൈദറുമായുള്ള ബന്ധവും ചുമതലാനിർവഹണത്തിൽ അദ്ദേഹത്തിന്റെ നിർദ്ദയശിക്ഷകളും വേറിട്ട് അനുഭവപ്പെടുന്നു.

1780-ൽ ഇംഗ്ലീഷുകാരുമായുണ്ടായ വിജയമുൾപ്പെടെയുള്ള ടിപ്പുവിന്റെ പല വിജയങ്ങളും ടിപ്പുവിന്റെ ക്രൂരതകളുടെ കഥകൾ കൊണ്ടുള്ള മുതലക്കണ്ണീരിനാൽ മൂടുകയാണ് ബ്രിട്ടീഷ് ചരിത്രകാരന്മാർ ചെയ്തിരിക്കുന്നത്. കുംഭകോണത്ത് നടന്ന സംഭവത്തിൽ കീഴടങ്ങാൻ സമ്മച്ചതിനുശേഷം ടിപ്പു ഒരപമര്യാദയും അക്രമവും ചെയ്തിട്ടില്ലായിരുന്നു എന്ന ജെയിംസ് മില്ലിന്റെ അഭിപ്രായമാണിവിടെ ബാലകൃഷ്ണനു സഹായകമാകുന്നത്.

രണ്ടാം മൈസൂർയുദ്ധത്തിൽ ജനറൽ മാത്യൂസിനെയും ഇംഗ്ലീഷുകാരെയും തടവിലാക്കിയത് ടിപ്പുവിന്റെ നികൃഷ്ടതയ്ക്കും വിശ്വാസവഞ്ചനയ്ക്കും തെളിവായി ബ്രിട്ടീഷ് ചരിത്രകാരന്മാർ എടുത്തുകാണിക്കുന്നത് ഗ്രന്ഥകർത്താവ് സൂചിപ്പിക്കുന്നു. ബദനൂർ കോട്ട ജനറൾ മാത്യൂസ് പിടിച്ചെടുത്തത് ഗവർണ്ണർ അയസ്ഖാനുമായി നടത്തിയ രഹസ്യധാരണയെത്തുടർന്നായിരുന്നു. എന്നാൽ കോട്ട ശക്തമാക്കാൻ ടിപ്പു ലുഫ്ത് അലി ബെഗുവിനെ നിയോഗിക്കുകയും അങ്ങനെ ഇംഗ്ലീഷുകാരെ പ്രതിരോധിക്കുകയുമാണ് ചെയ്തത്. എന്നാൽ സുൽത്താൻ ക്രൂരത കാണിച്ചുവെന്ന് ജനറൽ മാത്യൂസ് പ്രചരിപ്പിച്ചിരുന്നു. സുൽത്താന്റെ തടവിൽ കിടന്നു രോഗം വന്ന് ജനറൽ മരിച്ചപ്പോളും വിഷം നൽകികൊന്നതാണെന്ന് പ്രചരണമുണ്ടായിരുന്നു[70]. ഈ സംഭവത്തിന്റെ വിവരണം മൊഹിബുൽ ഹസ്സനും ടിപ്പുവിന്റെ ക്രൂരതയായിട്ടു കാണുന്നില്ല. ടിപ്പു മാത്യൂസിനോട് ക്ഷമയും മനുഷ്യത്വവും കാട്ടിയതിന് ധാരാളം തെളിവുകൾ ബാലകൃഷ്ണൻ കാണിക്കുന്നുണ്ട്. രണ്ടാം മൈസൂർ യുദ്ധമാണ് ബ്രിട്ടീഷുകാർക്ക് ഇന്ത്യ ഒരു പേടിസ്വപ്നമായിത്തീരാൻ കാരണമായത്. “ടിപ്പുവിന്റെ പതനം കൊണ്ടതല്ലാതെ ഇന്ത്യയിലെ ബ്രിട്ടീഷ് നിലനിൽപിനു സ്ഥിരതയില്ലെന്ന് അവർ വിശ്വസിച്ചു”[71] എന്നദ്ദേഹം പറയുന്നതതുകൊണ്ടാണ്.

ജയിച്ചു മുന്നോട്ടുപോകുമ്പോൾപോലും പരസ്പരസമാധാനമുണ്ടാക്കാനുള്ള ശ്രമങ്ങൾ ടിപ്പുവിന്റെ ഭാഗത്തുനിന്നുണ്ടായിരുന്നു. തന്റെ രാജ്യത്തിന്റെ ഏറ്റവും വലിയ വിപത്ത് ഇംഗ്രീഷുകാരാണെന്നുള്ള വിശാലമായ കാഴ്ചപ്പാട്

അദ്ദേഹത്തിനുണ്ടായിരുന്നു. ടിപ്പുവിന്റെ ഓരോ സൈനികപ്രവൃത്തിയിലും നില നിൽക്കുന്ന സമാധാനശ്രമം ബാലകൃഷ്ണൻ കാണുന്നു. മഹാരാഷ്ട്ര സൈന്യവും നാനാഫർനാവ്സുമായുള്ള ബന്ധങ്ങളും അതാണു കാണിക്കുന്നത്. ശത്രുസേന യുമായുള്ള ഒത്തുതീർപ്പുകൾക്കു കീഴടങ്ങേണ്ടിവന്നതിലും ടിപ്പുവിനെതിരെ ആരോ പണമുയർന്നിരുന്നു. "അഡോണിയിലേക്കുള്ള പടനീക്കം മുതൽ ടിപ്പുവിന്റെ ഓരോ സൈനികനടപടിയും സമാധാനം വരുത്താനുള്ള സമ്മർദ്ധത്തെ ലക്ഷ്യമാക്കിയായി രുന്നെന്നു കാണാം"[72]. ഇത് മഹാരാഷ്ട്രാസൈന്യശക്തിയെക്കുറിച്ചുള്ള ഭയം കൊണ്ടല്ല. മഹാരാഷ്ട്രസൈന്യത്തോടുള്ള വിജയം തുച്ഛമാണെന്നും അതിനേ ക്കാൾ മികച്ചത് ഇംഗ്ലീഷുകാരോടുള്ള ഏറ്റുമുട്ടലാണെന്ന ടിപ്പുവിന്റെ ചിന്തയാണെ ന്നുമാണ് അദ്ദേഹം അർത്ഥമാക്കുന്നത്.

ജീവിതരീതി, വിശ്വസങ്ങൾ എന്നിവയിൽക്കൂടി ടിപ്പുവിന്റെ സ്വഭാവങ്ങൾ വെച്ചുനോക്കുമ്പോൾ ബ്രിട്ടീഷുകാർക്ക് അപ്രതിരോധ്യനായി തോന്നേണ്ട കാര്യ മില്ല അതുകൊണ്ടാണ്. "ബോധപൂർവം അദ്ദേഹം ഒരു പാശ്ചാത്യനായിരുന്നില്ലെ ങ്കിലും ഫലത്തിൽ അദ്ദേഹത്തിന്റെ സങ്കല്പങ്ങളുടെയെല്ലാം മുൻതൂക്കം അങ്ങോ ട്ടായിരുന്നു"[73] എന്നു പറയുന്നത്.

പ്രസിദ്ധമായ മൂന്നാം മൈസൂർ യുദ്ധത്തിന്റെ പ്രത്യക്ഷകാരണത്തിനു ആനുഷംഗികപ്രസക്തിയേയുള്ളൂ എന്നു പറയുന്നതിനും കാരണമുണ്ട്. കോൺവാ ലീസ് പ്രഭുവിന് ഇന്ത്യയിൽ ഒരു ഭാഗധേയം കണ്ടെത്തുക ഒരു ആവശ്യമായിരു ന്നു[74]. അതിനദ്ദേഹം വലിയ തയ്യാറെടുപ്പുകളും നടത്തിയിരുന്നു. ഇതുകൂടാതെ രണ്ടാം മൈസൂർ യുദ്ധത്തെപ്പോലെയല്ലായിരുന്നു ടിപ്പുവിനു മൂന്നാം മൈസൂർ യുദ്ധം. അതദ്ദേഹം ഒറ്റയ്ക്കു നടത്തേണ്ടിവന്നു[75] എന്നത് ഒരു യാഥാർത്ഥ്യമായിരു ന്നു. ഇംഗ്ലീഷ്സംഖ്യത്തിലായിരുന്ന തിരുവിതാംകൂറിനെ ടിപ്പു ആക്രമിച്ചതാണ് മൂന്നാം മൈസൂർ യുദ്ധത്തിന് പെട്ടെന്നുണ്ടായ കാരണം. ജയിച്ചുമുന്നേറുമ്പോഴും പരാജയം മുന്നിൽ കാണുമ്പോഴും സമാധാനത്തിനുള്ള ടിപ്പുവിന്റെ ശ്രമങ്ങളടക്കം യുദ്ധത്തിന്റെ പശ്ചാത്തലവും യുദ്ധരംഗങ്ങളും സൂക്ഷമതയോടെയാണ് ബാലകൃ

ഷ്ണൻ വിവരിക്കുന്നത്. ടിപ്പുവിന്റെ ജീവിതത്തിലെ ചില യാദൃച്ഛികതകളും നിസ്സാരമായ അശ്രദ്ധകളും നിർണ്ണായകനിമിഷങ്ങളിലെ ചില പോരായ്മകളും മാത്രമാണ് അദ്ദേഹത്തിന്റെ പതനത്തിനു കാരണങ്ങളായി ഗ്രന്ഥത്തിൽ വിലയിരുത്തപ്പെടുന്നത്. "Hyder was born to create an empire, Tipu to lose one"[76] എന്ന വിൽക്സിന്റെ പ്രസ്താവന ശരിവയ്ക്കുന്നതാണ് ടിപ്പുവിന്റെ പരാജയം. ഇവകൂടാതെതന്നെ അദ്ദേഹത്തിന്റെ മനസ്സിന്റെ ചില പ്രത്യേകതകൾകൂടി പതനകാരണമായി ബാലകൃഷ്ണൻ വിലയിരുത്തുന്നു. ഈശ്വരവിശ്വാസം അന്ധവിശ്വാസത്തിന്റെ പരിധിയോളം ടിപ്പുവിൽ വളർന്നിരുന്നു.

മൂന്നാം മൈസൂർ യുദ്ധത്തിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട നേർരേഖകൾ ഈ ഗ്രന്ഥനിർമ്മാണഘട്ടത്തിൽ ബാലകൃഷ്ണനു ലഭ്യമായതായി കാണുന്നില്ല. നിർണ്ണായകരേഖകളായിരുന്ന തലശ്ശേരി ഫാക്ടറി ഡയറികൾ ഉപയോഗിച്ചതായും സൂചനകളില്ല. നിലവിലുള്ള ചരിത്രകൃതികളിലെ സംഭവങ്ങളെ അവലോകനം നടത്തുന്നതിലുപരി പുതിയ നിരീക്ഷണങ്ങളൊന്നും ഇവിടെ അദ്ദേഹം അവതരിപ്പിക്കുന്നില്ല.

### 5.3.2. ഭരണാധികാരിയായ ടിപ്പു

ഭരണാധികാരിയായ ടിപ്പുവിന്റെ മഹത്വം പാശ്ചാത്യപൗരസ്ത്യഭേദമെന്യേ ചരിത്രകാരന്മാരാൽ വിലമതിക്കപ്പെട്ടതാണ്. "പാശ്ചാത്യരീതികൾ ഭരണകാര്യത്തിൽ പ്രയോഗിക്കുന്ന ആദ്യത്തെ ഇന്ത്യൻ ഭരണാധികാരിയാണ് ടിപ്പു"[77] എന്ന 'ഡോഡ്‌വെല്ലി'ന്റെ പ്രസ്താവന ബാലകൃഷ്ണൻ ഉദ്ധരിക്കുന്നുണ്ട്. "It is said, he was the first Indian Sovereign to seek to apply western methods in his administration"[78] എന്നപ്രകാരം പി.എൻ. ചോപ്രയെപ്പോലുള്ള ചരിത്രകാരന്മാരും അത്തരത്തിൽ വിലയിരുത്തിയിട്ടുണ്ട്. എന്നാൽ ബാലകൃഷ്ണൻ ഉദ്ധരിക്കുന്ന രേഖകളുടെ പ്രത്യേകത, അവ മിക്കവയും ടിപ്പുവിന്റെ ശത്രുക്കളായ ഇംഗ്ലീഷുകാരുടേതായിരുന്നു എന്നതാണ്. അതിനർത്ഥം ഇംഗ്ലീഷുകാർപോലും മൈസൂർ ഭരണകൂടത്തിന്റെ നീതിനിർവഹണത്തിന്റെയും നാട്ടിൽ പ്രകടമായിരുന്ന ഐശ്വര്യത്തിന്റെയും വ്യത്യസ്തതയും

മേന്മയും സമ്മതിക്കേണ്ടിവന്നിരുന്നു എന്നതാണ്. ഏകാധിപതിയെങ്കിലും തന്റെ ഭരണം ജനക്ഷേമകരമാകണമെന്ന നിർബന്ധം ടിപ്പുവിനുണ്ടുയിരുന്നു. ഭൂമിയിൽ പരമാവധി വിളയിറക്കപ്പെട്ടതായി അവരുടെ രേഖകളിൽ കാണുന്നുണ്ട്. എന്നാൽ പലരുടെ രേഖകളിലെ വിവരണങ്ങളിലും ഹൈദരുടെതുമായി കാലഗണനയറ്റരീതി കാണാനുള്ളത് അദ്ദേഹം ശ്രദ്ധിക്കുന്നു. ഭരണം പിതൃസ്വത്തായി ലഭിച്ച ടിപ്പു പതിനെട്ടുവർഷമാണ് ഭരണത്തിലുണ്ടായിരുന്നത്. അതിൽ അഞ്ചു സമ്പൂർണ്ണവർഷങ്ങൾ യുദ്ധത്തിനുവേണ്ടി മാത്രമാണദ്ദേഹം ചെലവഴിച്ചത്. എന്നിട്ടും ഇന്ത്യാചരിത്രത്തിലെ മികച്ച നാലു ഭരണകർത്താക്കളിൽ അദ്ദേഹം പെടുന്നു. ഈ ഒരു പാശ്ചാത്തലത്തിൽ നിന്നുകൊണ്ടാണ് ബാലകൃഷ്ണൻ ടിപ്പുവിനെ വിലയിരുത്തുന്നത്. വ്യക്തിത്വത്തിൽ ഉൾച്ചേർന്ന ആന്തരികമായ അച്ചടക്കത്തിനുടമയായിരുന്ന ടിപ്പുവിന്റെ ദിനംപ്രതിയുള്ള പ്രവർത്തനത്തിൽ ചിട്ടകളും കൃത്യനിഷ്ഠയും തെളിഞ്ഞുകാണുന്നത് എൽ. ബി. ബൗറിങ്ങിലൂടെ വിശദീകരിക്കുന്നു.

### 5.3.3. കാർഷികപരിഷ്കാരങ്ങൾ

മൈസൂറിലെ കൃഷിക്കാരുടെ നന്മയ്ക്കുവേണ്ടിയുള്ള പ്രവർത്തനത്തിന്റെ ഭാഗമായുള്ള ടിപ്പുവിന്റെ ശ്രമങ്ങൾ വിവരിക്കുമ്പോൾ ബ്രിട്ടീഷ്സമ്പ്രദായത്തെ വിമർശിക്കുന്നതോടൊപ്പം മൈസൂർ രാജാവ് സാധിച്ച നേട്ടം താരതമ്യം ചെയ്യുന്നുണ്ടദ്ദേഹം. മാടമ്പികളെയും ഇടപ്രഭുക്കളെയും വകവരുത്തി രാഷ്ട്രീയകേന്ദ്രീകരണം സാധിച്ചത് വലിയ നേട്ടമായി ബ്രിട്ടീഷ്ചരിത്രകാരന്മാർ അവകാശപ്പെടാറുണ്ട്. എന്നാൽ അതിനേക്കാളെത്രയോ അധികം മൈസൂർ ഭരണത്തിനു കഴിഞ്ഞിരുന്നു. 'റയട്ട്വാരി' സമ്പ്രദായം ബ്രിട്ടീഷുകാർക്ക് മനസ്സിലാക്കാനും പ്രയോഗിക്കാനും ദശവർഷങ്ങൾതന്നെ വേണ്ടിവന്നിരുന്നു[79]. ഈ ഒരു താരതമ്യംകൊണ്ടു മാത്രം അദ്ദേഹം തൃപ്തനാവുന്നില്ല. ഇതര ഇന്ത്യൻ സ്റ്റേറ്റുകളിലെ സമ്പ്രദായവുമായുള്ള ഒരു താരതമ്യംകൂടി നിർവഹിക്കുന്നുണ്ട്. ഇപ്രകാരമുള്ള താരതമ്യപഠനത്തിലൂടെ ടിപ്പുവിന്റെ പ്രവൃത്തിയുടെ വിദൂരവീക്ഷണം അവിശ്വസനീയമായി അനുഭവപ്പെടും. "He established direct relationship between the government and the cultivator by discouraging the 'jagirdari' system, resumption of unauthorised inam

(rentfree) lands and confiscations of the hereditary land rights of the poligam (zamindars)"എന്ന് ബി.എൽ ഗ്രോവറും[80] "His revenue policy in Malabar was something related to ryotwar, collecting the share directly from the cultivating class"[81] എന്നു കെ.കെ.എൻ. കുറുപ്പും ഈ ഭരണക്രമത്തെ സമഗ്രമായി വിലയിരുത്തുന്നുണ്ട്.

**5.3.4. മതസമീപനം**

വിശ്വാസത്തിന്റെ കാര്യത്തിൽ "നീക്കുപോക്കില്ലാത്തതും നിർദ്ദയവുമായ ചില അച്ചടക്കങ്ങൾ; പാറയേക്കാൾ ഉറച്ച വിശ്വാസം; സ്വയം ക്രൂരതയെന്നുതന്നെ പറയാവുന്ന ഒരുതരം ചുമതലാബോധം"[82] ഇത്തരം ഒരു രീതി പുലർത്തിപ്പോന്ന ടിപ്പുവിന്റെ ജീവിതം മതാനുഷ്ഠാനവ്യഗ്രമായിരുന്നു. പക്ഷെ ഈ ഒരു സ്വഭാവവിശേഷം വളരെയധികം തെറ്റിദ്ധരിക്കപ്പെട്ടതായിരുന്നു എന്നാണ് ബാലകൃഷ്ണന്റെ അഭിപ്രായം. ഹിന്ദുഭരണത്തിലായിരുന്ന ഒരു രാജ്യത്തെ ഭരണാധികാരിക്ക് ഇടത്തട്ടുകാരെ നിർമ്മാർജ്ജനം ചെയ്ത് യോഗ്യതാനുസരണമുള്ള ഒരു പുതിയ ഭരണകേന്ദ്രീകരണത്തിനു ശ്രമിക്കുന്ന ഒരു മുസ്ലീംഭരണാധികാരിക്ക് നേരിടേണ്ടിവരുന്ന എതിർപ്പ് നിസ്സാരമാവില്ല. ഇവിടെയാണ് മതധ്വംസനവുമായി ബന്ധപ്പെട്ട് അദ്ദേഹത്തെക്കുറിച്ചുള്ള പരാതിയുടെ ഉറവിടം നാം കാണുന്നത്. അതിന്റെ തുടക്കം മലബാറിലായത് മൈസൂർ ഭരണംകൊണ്ട് വലിയ വിലനൽകേണ്ടിവന്ന വർഗ്ഗം നായന്മാരും നമ്പൂതിരിമാരുമായതുകൊണ്ടാണ്. അവർ അധികാരഭ്രഷ്ടരാക്കപ്പെട്ടവർ മാത്രമല്ല നാട്ടിൽ നിന്നും ബഹിഷ്കരിക്കപ്പെട്ടവരുമായിമാറി. അതേസമയം ടിപ്പുവിനെതിരായി മാപ്പിളമാർ നടത്തിയ ലഹള ആരും കാണാതെപോയി. "In 1785 the oppression of Tippu's revenue officers led to the rebellion of the Goorkal a Maplah chief of Manjeri"[83] കെ.വി. കൃഷ്ണയ്യർ ഇത് ഇപ്രകാരം വിവരിക്കുന്നുണ്ട്. ഡച്ച് കമ്പനിക്കു കീഴിൽ പ്രവർത്തിച്ച ക്രിസ്ത്യാനികൾക്കും ഇത്തരം അനുഭവങ്ങൾ ഉണ്ടായിട്ടുണ്ട്. മതഭേദമന്യേ എല്ലാവരോടും ഒരുപോലെതന്നെയാണ് ടിപ്പു പ്രവർത്തിച്ചത് എന്നത് വാസ്തവമാണ്. "It is true he crushed the HIndu Coorgs and the Nairs but he did not spare the Muslim Moplahs, when they defied his authority"[84] ബി.എൽ ഗ്രോവറും

ഇത് ഇപ്രകാരം കാണുന്നു. ഇത്തരത്തിലുള്ള ആരോപണങ്ങളിലെ സത്യാവസ്ഥ യേക്കാൾ അവയുടെ പിന്നിൽ പ്രവർത്തിച്ച സാമൂഹികവസ്തുതകളിലാണ് ബാല കൃഷ്ണൻ ശ്രദ്ധിക്കുന്നതെന്ന് കാണാവുന്നതാണ്.ടിപ്പുവിന്റെ സർവ്വീസിൽ ഏറ്റവും ഉന്നതരായ ഹിന്ദുബ്രാഹ്മണർ നിരവധിയുണ്ടായിരുന്നതായി അദ്ദേഹം രേഖപ്പെടു ത്തുന്നുണ്ടെങ്കിലും ഇതിന് അപവാദം ചില ചരിത്രഗ്രന്ഥങ്ങളിൽ കാണുന്നുണ്ട്. “That Tipu had strong aversion for non-muslims was attested by the fact that he replaced HIndu Officers by Muslim in important situation under his administration”[85] എന്നിങ്ങനെയുള്ള നിരീക്ഷണങ്ങൾ അത്തരത്തിൽപെട്ടതാണ്. പക്ഷെ അത് മതപ രമായ കാരണംകൊണ്ടാണെന്നു പറയുന്നതിലർത്ഥമില്ല. ടിപ്പുവിന് ചില വ്യക്തിക ളിൽ സംശയവും ഭയവും നിലനിന്നിരുന്നു. സർക്കാറിന്റെ റവന്യൂവരുമാനം കുറയു ന്നുണ്ട[86]. ടിപ്പുവിന്റെ മർദ്ദനവും മതഭ്രാന്തുമായി ബന്ധപ്പെട്ട വസ്തുതകളെ ചരിത്ര കാരന്മാർ പ്രതിപാദിച്ചത് ബാലകൃഷ്ണന് സ്വീകാര്യമാവുന്നില്ല. അത് അവരുടെ കാഴ്ചപ്പാടിന്റെ തരക്കേടായിട്ടാണ് അദ്ദേഹം കാണുന്നത്. മലബാറിലെ മൈസൂർഭ രണം സാമൂഹ്യപരിവർത്തനമായി കാണാൻ പലർക്കും കഴിഞ്ഞില്ല. ഒരു സാമൂഹ്യ വ്യവസ്ഥ തകരുമ്പോൾ അതുവളർത്തിയ നേതൃത്വവും തകരുമെന്നും എന്നാൽ ആ തകർച്ചയുടെ കാരണക്കാരെ എതിർക്കുന്നതും സ്വാതന്ത്ര്യത്തിനുള്ള ഒടു ങ്ങാത്ത ദാഹമായിട്ടു കാണുന്ന സർദാർ കെ.എം. പണിക്കരെപോലുള്ള ചരിത്രകാര ന്മാരെയാണ് ബാലകൃഷ്ണൻ വിമർശിക്കുന്നത്. കേരളത്തിൽ നിലനിന്ന ഒരു പ്രത്യേ കതരം ഭൂവുടമാസമ്പ്രദായത്തിനു കാരണക്കാരായിരുന്നു നമ്പൂതിരി-നായർ നാടുവാ ഴികൾ. എന്നാൽ ടിപ്പുവിന്റെ കീഴിൽ റവന്യൂഭരണം കേന്ദ്രീകൃത രാഷ്ട്രീയാടി സ്ഥാനത്തിൽ മധ്യവർത്തികളില്ലാതെ നേരിട്ടു സംഘടിതമായപ്പോൾ അവർ ബഹി ഷ്കൃതരായതുമാത്രമല്ല ജീവിതമാർഗ്ഗം നിശ്ശേഷം നിലച്ചുപോയി നാടുവിടേണ്ടി വന്നവരുമാണ് എന്നത് വാസ്തവമാണ്. സർദാർ കെ.എം. പണിക്കർ ഇത് വിവരി ക്കുന്നത് ഡോ. സി.കെ. കരീം. സൂചിപ്പിക്കുന്നുണ്ട്[87]. അവർ മനപൂർവം ടിപ്പുവിനെ തിരെ അസത്യപ്രസ്താവന നടത്തിയതല്ല, മറിച്ച് നിഷ്കളങ്കമായി അവരവർക്കനു ഭവപ്പെട്ട ക്രൂരമായ യാഥാർത്ഥ്യം ഭയവും വെറുപ്പും വിദ്വേഷവും അറപ്പും കലർന്ന മാനസികാവസ്ഥയിൽ സമൂഹത്തിൽ പ്രചരിപ്പിച്ചതാണ്. സമൂഹത്തിലെ ചില സമു

ദായങ്ങൾക്ക് മനുഷ്യത്വരഹിതമായ കെടുതിവരുത്തിയത് നിസ്സാരമായി കാണാൻ സമൂഹത്തെ പഠിക്കുന്നവർക്ക് കഴിയില്ല. അത്തരമുള്ള ചിന്ത ബാലകൃഷ്ണൻ കാണുന്നു. സമൂഹപുരോഗതിയ്ക്ക് എതിർപ്പില്ലാതെ വരില്ല എന്ന തത്വത്തിന്റെ സാധുത മൈസൂർ ഭരണത്തിൽ എത്രമാത്രം ശരിയായിരുന്നു അല്ലെങ്കിൽ അതിന്റെ ഗുണദോഷങ്ങളും ശരിതെറ്റുകളും തമ്മിൽ എത്രമാത്രം അവശേഷിക്കുന്നു എന്നത് ഇവിടെ പ്രധാനമാണ്. രാജകീയപദവിയിൽ നിലകൊണ്ട ഒരു സമുദായ ത്തിന്റെ ദാരുണമായ പതനത്തെ "ദീനമായ മനുഷ്യത്വത്തിന്റെ അനുകമ്പാർഹമായ പിടച്ചിലുക"ളായിട്ടാണ്[88] ബാലകൃഷ്ണൻ കാണുന്നത്. ഈ ഒരു സമുദായത്തെ മുൻനിർത്തി അദ്ദേഹം ടിപ്പുവിനെ വിലയിരുത്തുന്നുണ്ട്.

വ്യക്തിപരമായി തികഞ്ഞ ഒരു സന്മാർഗ്ഗിയും കുടുംബത്തിന്റെ പവിത്രത യിലും ഭദ്രതയിലും വലിയ വിശ്വാസവുമുണ്ടായിരുന്ന സുൽത്താന്റെ മുമ്പിലെ നായർ വർഗ്ഗം അപരിഷ്കൃതരായിരുന്നു. നിയമാനുസൃതമല്ലാത്ത കുടുംബജീവിത ത്തിലെ അവ്യവസ്ഥിതിയിലും മദ്യപാനാസക്തിയിലും മുഴുകിയ അവരെ കർശന മായി നിയമത്തിനു മുൻപിൽ കൊണ്ടുവന്നിരുന്നു. സാമൂഹ്യപരിഷ്കരണപദ്ധതിക ളെല്ലാം നേരിട്ടുബാധിച്ചത് ഈ സമുദായത്തെയായിരുന്നു. സ്വന്തം രീതിയിൽ മനു ഷ്യരായില്ലെങ്കിൽ ബലമായി മറ്റു രീതിയിൽ മനുഷ്യരാക്കും എന്നർത്ഥം വരുന്ന നായർക്കെതിരായുള്ള വിളംബരത്തിലെ ഇസ്ലാം സൂചനകൾ[89] ജനങ്ങളിൽ ആശങ്ക യുണ്ടാക്കിയതിൽ അസ്വാഭാവികതയില്ലായിരുന്നു. ജന്മനാ യോദ്ധാക്കളായ സമൂഹം അടക്കിവാണ നായർസമുദായത്തിന്റെ ജീവിതത്തിന്റെ ഒരു വിപരീതാവസ്ഥയായി ഈ ഘട്ടത്തെ ചരിത്രകാരനായ ഡോ. കരീമിനെപ്പോലുള്ളവർ കാണുന്നുണ്ട്[90].

**5.3.5. ഗ്രന്ഥത്തിന്റെ പരിമിതി**

ഒരു ചരിത്രഗ്രന്ഥനിർമ്മിതിയിൽ പാലിക്കേണ്ടിയിരുന്ന അവധാനതയും ആധികാരികസ്രോതസ്സുകളുടെ ശേഖരണവും അവലോകനവും വേണ്ടവിധം നിർവഹിക്കാതെ രചിച്ച ഈ ഗ്രന്ഥം ആശയസംഗ്രഹണത്തിലും ഭാഷയുടെ ചിട്ട പ്പെടുത്തലുകളിലും ഉദാസീനത പ്രകടിപ്പിക്കുന്നു. അതുകൊണ്ടുതന്നെ ആധികാ രികമെന്നോ മൗലികമെന്നോ അവകാശപ്പെടാൻ ചരിത്രദൃഷ്ട്യാ ഈ ഗ്രന്ഥത്തിനു

കഴിയുകയില്ല. എഴുതിയ കാലഘട്ടത്തിന്റെ മലയാളചരിത്രഗ്രന്ഥങ്ങളുടെ ദൗർല ഭ്യവും നിലവിലുണ്ടായിരുന്ന ഗ്രന്ഥങ്ങളിലെ വീക്ഷണങ്ങളിൽനിന്നും വ്യത്യസ്ത മായി വേറിട്ടുള്ള കാഴ്ചപ്പാടിൽ രചന നിലനിർത്തിയതുമാണ് ഗ്രന്ഥത്തെ ശ്രദ്ധേയ മാക്കിയത്. ഗ്രന്ഥകർത്താവ് പ്രസ്താവനയിൽ പറഞ്ഞപ്രകാരം ടിപ്പുസുൽത്താന്റെ ചരിത്രത്തിന്റെ ചെറിയ ഒരംശമാണ് മലബാറുമായുള്ളത്. ഇന്ന് ചരിത്രരംഗം വളരെ മാറിക്കഴിഞ്ഞിരിക്കുന്നു. ഈ പുസ്തകം രൂപംകൊണ്ട കാലത്തുള്ള പ്രസക്തി ഇന്നിതിനില്ല.

## കുറിപ്പുകൾ

1. ബാലകൃഷ്ണൻ, പി.കെ. 'ചരിത്രത്തെപ്പറ്റി പൊതുവെ ചിലത്' *ഒരു വീരപുളകത്തിന്റെ കഥ* (വർക്കല: പൂർണ്ണാ പ്രിന്റിംഗ് ആന്റ് പബ്ലിഷിംഗ് ഹൗസ്, ജനുവരി 2015) പു. 196.
2. ബാലകൃഷ്ണൻ, പി.കെ. 'കേരളചരിത്രത്തിന്റെ നിലയും ഇം.എം.എസിന്റെ സമീപനാടിസ്ഥാ നവും' *കൗമിദി. പി.കെ. ബാലകൃഷ്ണൻ പതിപ്പ്* (തിരുവനന്തപുരം: കൗമുദി പബ്ലിക്കേ ഷൻസ്, ജനുവരി-മാർച്ച് 2012) പു. 111.
3. ബാലകൃഷ്ണൻ, പി.കെ. 'കറുത്ത പശ്ചാത്തലവും ചില ഭാസുരരേഖകളും' *നാരായണഗുരു സമാഹാരഗ്രന്ഥം* (കോട്ടയം: ഡി.സി. ബുക്സ്, ജൂലൈ 2010) പു. 14.
4. ഗോവിന്ദപ്പിള്ള, പി. 'മലയാളി നാടകവും മലയാളി മെമ്മോറിയലും' *കേരളനവോത്ഥാനം ഒരു മാർക്സിസ്റ്റ് വീക്ഷണം* (തിരുവനന്തപുരം: ചിന്ത പബ്ലിഷേഴ്സ്, ഡിസംബർ 2009) പു. 83.
5. ഭാസ്കരൻ, സി. (എഡി.). 'നമ്പൂതിരി മനുഷ്യനാകാൻ' *ഇ.എം.എസ്സിന്റെ തെരഞ്ഞെടുത്ത പ്രസംഗങ്ങൾ* (തിരുവനന്തപുരം: ചിന്ത പബ്ലിഷേഴ്സ്, ഒക്ടോബർ 2009) പു. 13.
6. രാജൻഗുരുക്കൾ, പി.എം. (ഡോ.) 'ആത്മനിഷ്ഠമായ ഉപദർശനങ്ങൾ', *മിത്ത് ചരിത്രം സമൂഹം* (പത്തനംതിട്ട: പ്രസക്തി ബുക്ക്ഹൗസ്, ആഗസ്ത് 2009) പു. 368.
7. അതേ പുസ്തകം, പു.368
8. ബാലകൃഷ്ണൻ, പി.കെ. 'ചേരവംശവും കേരളവും കേരളീയ ശാസനങ്ങളും' *ജാതിവ്യവസ്ഥി തിയും കേരളചരിത്രവും* (കോട്ടയം: ഡി.സി. ബുക്സ്, ജനുവരി 2015, അഞ്ചാംപതിപ്പ്) പു. 49.
9. കുറുപ്പ്, കെ.കെ.എൻ. 'ശിലാലിഖിതങ്ങളും ശാസനങ്ങളും', *സമൂഹം ചരിത്രം സംസ്കാരം* (ചരിത്രലേഖനങ്ങൾ) (കോഴിക്കോട്: പൂർണ്ണ പബ്ലിക്കേഷൻസ്, 1988) പു. 21.
10. രാജൻഗുരുക്കൾ, പി.എം. (ഡോ.) 'ആത്മനിഷ്ഠമായ ഉപദർശനങ്ങൾ', *മിത്ത് ചരിത്രം സമൂഹം* (പത്തനംതിട്ട: പ്രസക്തി ബുക്ക്ഹൗസ്, ആഗസ്ത് 2009) പു. 365.
11. ബാലകൃഷ്ണൻ, പി.കെ. 'രാജക്കന്മാർ-ജീവിതരീതിയും പരിതഃസ്ഥിതികളും' *ജാതിവ്യവസ്ഥി തിയും കേരളചരിത്രവും* (കോട്ടയം: ഡി.സി. ബുക്സ്, ജനുവരി 2015, അഞ്ചാംപതിപ്പ്) പു. 99.

12. രാഘവവാരിയർ, എം.ആർ. 'കേരളചീനാബന്ധങ്ങൾ' *കേരളീയത ചരിത്രമാനങ്ങൾ* (ശുക പുരം: വള്ളത്തോൾ വിദ്യാപീഠം, മെയ് 2009) പു. 164-166.

13. ഗണേശ്, കെ.എൻ. (ഡോ.) 'ജാതിവ്യവസ്ഥിതിയും കേരളചരിത്രവും: ഒരു വിമർശനപഠനം' *കേരളസമൂഹപഠനങ്ങൾ* (പത്തനംതിട്ട: പ്രസക്തി ബുക്ക്ഹൗസ്, സപ്തംബർ 2002) പു. 243.

14. ഗണേഷ്, കെ.എൻ. 'ഉൽപാദനവും വിനിമയവും മുതലാളിത്തയുഗത്തിലേക്ക്' *കേരളത്തിന്റെ ഇന്നലെകൾ* (തിരുവനന്തപുരം: കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, നവംബർ 2011, മൂന്നാംപതിപ്പ്) പു. 72.

15. രാഘവവാരിയർ, എം.ആർ. 'കേരളത്തിലെ കാർഷികവ്യാപനം' *മധ്യകാലകേരളം സമ്പത് സമൂഹം സംസ്കാരം* (തിരുവനന്തപുരം: ചിന്ത പബ്ലിഷേഴ്സ്, 1997) പു. 15.

16. Rajan Gurukkal, 'Formationof agrarian society: Historical antecedents', *The Kerala Temple and Early Medieval Agrarian System* (Sukapuram: Vallthol Vidyapeetham, December 1992) p. 16.

17. ബാലകൃഷ്ണൻ, പി.കെ. 'തറക്കൂട്ടങ്ങളുടെ സിവിൽഭരണം', *ജാതിവ്യവസ്ഥിതിയും കേരളചരിത്രവും* (കോട്ടയം: ഡി.സി. ബുക്സ്, ജനുവരി 2015, അഞ്ചാംപതിപ്പ്) പു. 143.

18. Krishna Ayyar, K.V. 'Kerala and its people' *The Zamorins of Calicut* (University of Calicut: Publication Division, December 1999), pp. 51-52.

19. ബാലകൃഷ്ണൻ, പി.കെ. 'തറക്കൂട്ടങ്ങളുടെ സിവിൽഭരണം', *ജാതിവ്യവസ്ഥിതിയും കേരളചരിത്രവും* (കോട്ടയം: ഡി.സി. ബുക്സ്, ജനുവരി 2015, അഞ്ചാംപതിപ്പ്) പു. 141.

20. അതേ പുസ്തകം, പു.161

21. രാഘവവാരിയർ, എം.ആർ. 'കേരളത്തിലെ കാർഷികവ്യാപനം' *മധ്യകാലകേരളം: സമ്പത് സമൂഹം സംസ്കാരം* (തിരുവനന്തപുരം: ചിന്ത പബ്ലിഷേഴ്സ്, 1997) പു. 14.

22. ബാലകൃഷ്ണൻ, പി.കെ. 'ഉത്പാദനസാങ്കേതികത്വവും നെൽകൃഷിയും ജീവിതനിലവാരവും', *ജാതിവ്യവസ്ഥിതിയും കേരളചരിത്രവും* (കോട്ടയം: ഡി.സി. ബുക്സ്, ജനുവരി 2015, അഞ്ചാംപതിപ്പ്) പു. 171.

23. ഗണേഷ്, കെ.എൻ. 'ഉൽപാദനവും വിനിമയവും മുതലാളിത്തയുഗത്തിലേക്ക്' *കേരളത്തിന്റെ ഇന്നലെകൽ* (തിരുവനന്തപുരം: കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, നവംബർ 2011, മൂന്നാംപതിപ്പ്) പു. 83.

24. അതേ പുസ്തകം, പു. 84

25. ജോൺവിൽസൺ (ഡോ.) (വിവ. എ.ആർ. സത്യദാസ്). *ഇന്ത്യൻ ജാതിവ്യവസ്ഥ* (തിരുവനന്തപുരം: ആരോ ബുക്സ്, ആഗസ്ത് 2006) പു. 426.

26. ബാലകൃഷ്ണൻ, പി.കെ. 'കാടും കൃഷിയിടവും വന്യഗോത്രങ്ങളും ജാതികളും', *ജാതിവ്യവസ്ഥിതിയും കേരളചരിത്രവും* (കോട്ടയം: ഡി.സി. ബുക്സ്, ജനുവരി 2015, അഞ്ചാംപതിപ്പ്) പു. 311.

27. Rajan Gurukkal, 'Temple and agrarian economy', *The Kerala Temple and Early Medieval Agrarian System* (Sukapuram: Vallthol Vidyapeetham, December 1992) p. 32.

28. ഗണേശ്, കെ.എൻ. (ഡോ.) 'കേരളത്തില ജാതിവ്യവസ്ഥ-ചരിത്രവും യാഥാർത്ഥ്യവും' *കേരളസമൂഹപഠനങ്ങൾ* (പത്തനംതിട്ട: പ്രസക്തി ബുക്ക്ഹൗസ്, സപ്തംബർ 2002) പു. 48.

29. ബാലകൃഷ്ണൻ, പി.കെ. 'ഇന്ത്യാചരിത്രത്തിൽ പുതിയ വെളിച്ചം' *ജാതിവ്യവസ്ഥിതിയും കേരളചരിത്രവും* (കോട്ടയം: ഡി.സി. ബുക്സ്, ജനുവരി 2015, അഞ്ചാംപതിപ്പ്) പു. 208.

30. അതേ പുസ്തകം, പു. 223

31. Padmakumari Amma. 'Srimula Vasam' *Jain-Budhist Centres in the Early History of Kerala,* Thesis, Dept. of History, University of Calicut, 1995, p. 239.

32. എഴുത്തച്ഛൻ. കെ.എൻ. 'ബുദ്ധമതവും കേരളവും', *തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ വാള്യം രണ്ട്* (തൃശൂർ: കേരളസാഹിത്യ അക്കാദമി, മാർച്ച് 1991) പു. 288.

33. ബാലകൃഷ്ണൻ, പി.കെ. 'കാടും കൃഷിയിടവും വന്യഗോത്രങ്ങളും ജാതികളും', *ജാതിവ്യവസ്ഥിതിയും കേരളചരിത്രവും* (കോട്ടയം: ഡി.സി. ബുക്സ്, ജനുവരി 2015, അഞ്ചാംപതിപ്പ്) പു. 310.

34. അതേ പുസ്തകം, പു. 315

35. അതേ പുസ്തകം, പു. 320

36. ഗണേശ്, കെ.എൻ. (ഡോ.) 'കേരളത്തില ജാതിവ്യവസ്ഥ-ചരിത്രവും യാഥാർത്ഥ്യവും' *കേരളസമൂഹപഠനങ്ങൾ* (പത്തനംതിട്ട: പ്രസക്തി ബുക്ക്ഹൗസ്, സപ്തംബർ 2002) പു. 49-50.

37. ബാലകൃഷ്ണൻ, പി.കെ. 'കാടും കൃഷിയിടവും വന്യഗോത്രങ്ങളും ജാതികളും', *ജാതിവ്യവസ്ഥിതിയും കേരളചരിത്രവും* (കോട്ടയം: ഡി.സി. ബുക്സ്, ജനുവരി 2015, അഞ്ചാംപതിപ്പ്) പു. 304.

38. ഗോപാലകൃഷ്ണൻ, പി.കെ. 'ഫ്യൂഡലിസം', *കേരളചരിത്രം വാല്യം രണ്ട്* (എറണാകുളം: കേരളഹിസ്റ്ററി അസ്സോസിയേഷൻ, കൊച്ചി) പു. 108.

39. ബാലകൃഷ്ണൻ, പി.കെ. 'തണ്ടാൻസ്ഥാനികളും ജാതിസമൂഹത്തിന്റെ അണിയറയും', *ജാതിവ്യവസ്ഥിതിയും കേരളചരിത്രവും* (കോട്ടയം: ഡി.സി. ബുക്സ്, ജനുവരി 2015, അഞ്ചാംപതിപ്പ്) പു. 368.

40. കൃഷ്ണപ്പിള്ള, എൻ. 'ഒരായിരം ഗദ്യം', *കൈരളിയുടെ കഥ* (കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം, ഡിസംബർ 1998) പു. 217.

41. ഗണേശ്, കെ.എൻ. (ഡോ.) 'ജാതിവ്യവസ്ഥിതിയും കേരളചരിത്രവും: ഒരു വിമർശനപഠനം' *കേരളസമൂഹപഠനങ്ങൾ* (പത്തനംതിട്ട: പ്രസക്തി ബുക്ക്ഹൗസ്, സപ്തംബർ 2002) പു. 241.

42. ബാലകൃഷ്ണൻ, പി.കെ. 'സ്ഥലകാലവേഴ്ചയില്ലാത്ത ചരിത്രസങ്കല്പങ്ങൾ', *ജാതിവ്യവസ്ഥിതിയും കേരളചരിത്രവും* (കോട്ടയം: ഡി.സി. ബുക്സ്, ജനുവരി 2015, അഞ്ചാംപതിപ്പ്) പു. 228.

43. ഇന്ദുചൂഡൻ, വി.ടി. 'നായന്മാർ', *കേരളചരിത്രം-ഒന്നാം വാല്യം* (എറണാകുളം: കേരളഹിസ്റ്ററി അസ്സോസിയേഷൻ, കൊച്ചി, 1973) പു. 931.

44. ബാലകൃഷ്ണൻ, പി.കെ. 'നായന്മാരുടെ ജീവിതപരിതഃസ്ഥിതിയും ജീവിതരീതിയും', *ജാതിവ്യവസ്ഥിതിയും കേരളചരിത്രവും* (കോട്ടയം: ഡി.സി. ബുക്സ്, ജനുവരി 2015, അഞ്ചാംപതിപ്പ്) പു. 115.

45. അതേ പുസ്തകം, പു. 128

46. ഇന്ദുചൂഡൻ, വി.ടി. 'നായന്മാർ', *കേരളചരിത്രം-ഒന്നാം വാല്യം* (എറണാകുളം: കേരളഹിസ്റ്ററി അസ്സോസിയേഷൻ, കൊച്ചി, 1973) പു. 940.

47. ബാലകൃഷ്ണൻ, പി.കെ. 'ഉത്കർഷേച്ഛ കൈമോശം വന്ന കുടുംബക്രമം', *ജാതിവ്യവസ്ഥിതിയും കേരളചരിത്രവും* (കോട്ടയം: ഡി.സി. ബുക്സ്, ജനുവരി 2015, അഞ്ചാംപതിപ്പ്) പു. 341.

48. http://archive.org

49. ഇന്ദുചൂഡൻ, വി.ടി. 'നായന്മാർ', *കേരളചരിത്രം-ഒന്നാം വാല്യം* (എറണാകുളം: കേരളഹിസ്റ്ററി അസ്സോസിയേഷൻ, കൊച്ചി, 1973) പു. 940.

50. Krishna Ayyar, K.V. 'Kerala and its people' *The Zamorins of Calicut* (University of Calicut: Publication Division, December 1999), p.48.

51. Krishna Ayyar, K.V. 'Social and economic conditions' *A Short History of Kerala* (Ernakulam: Pai and Company, 1966, Printed Mathrubhoomi Press, Ernakulam), p.132.

52. *മലയാളം ലക്സിക്കൻ വോള്യം VII* (തിരുവനന്തപുരം: കേരളയൂണിവേഴ്സിറ്റി പ്രസിദ്ധീകരണ വിഭാഗം, 1997) പു. 434.

53. നാരായണൻ, എം.ജി.എസ്. 'കേരളത്തിലെ ജാതിസമ്പ്രദായം', *ജാതിവ്യവസ്ഥ: പഠനങ്ങൾ* (എഡി. എം. ഗംഗാധരൻ) (തൃശൂർ: ജനകീയ പ്രസിദ്ധീകരണകേന്ദ്രം, 1986) പു. 84.

54. ഗോപാലകൃഷ്ണൻ, പി.കെ. 'ഫ്യൂഡലിസത്തിലേക്കുള്ള പരിവർത്തനം', *കേരളത്തിന്റെ സാംസ്കാരികചരിത്രം* (തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് 1991, നാലാംപതിപ്പ്) പു. 262.

55. രാമവർമ്മ, കെ.ടി. 'ചരിത്രകാലത്തെ മലയാളക്കര', *പണ്ടത്തെ മലയാളക്കര* (തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് 2008) പു. 186.

56. ബാലകൃഷ്ണൻ, പി.കെ. 'ആരാണു നമ്പൂതിരിമാർ' *ജാതിവ്യവസ്ഥിതിയും കേരളചരിത്രവും* (കോട്ടയം: ഡി.സി. ബുക്സ്, ജനുവരി 2015, അഞ്ചാംപതിപ്പ്) പു. 293.

57. അതേ പുസ്തകം, പു. 295

58. അതേ പുസ്തകം, പു. 243

59. ബാബു. ഐ.വി. 'ജാതിവ്യവസ്ഥയും നമ്പൂതിരിമാരുടെ മേൽക്കോയ്മയും', *കേരളീയനവോത്ഥാനവും നമ്പൂതിരിമാരും* (കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം 2001) പു. 53.

60. ബാലകൃഷ്ണൻ, പി.കെ. 'നമ്പൂതിരി ജന്മസ്വത്തിന്റെ അടിസ്ഥാനമെന്ത്?' *ജാതിവ്യവസ്ഥിതിയും കേരളചരിത്രവും* (കോട്ടയം: ഡി.സി. ബുക്സ്, ജനുവരി 2015, അഞ്ചാംപതിപ്പ്) പു. 261.

61. നമ്പൂതിരിപ്പാട്, ഡി.എച്ച്. 'നമ്പൂതിരിമാർ' *കേരളചരിത്രം വാല്യം ഒന്ന്* (എറണാകുളം: കേരള ഹിസ്റ്ററി അസ്സോസിയേഷൻ, കൊച്ചി, 1973) പു. 910.

62. ബാലകൃഷ്ണൻ, പി.കെ. 'നമ്പൂതിരിമാരുടെ കുടുംബക്രമം' *ജാതിവ്യവസ്ഥിതിയും കേരളചരിത്രവും* (കോട്ടയം: ഡി.സി. ബുക്സ്, ജനുവരി 2015, അഞ്ചാംപതിപ്പ്) പു. 324.

63. ഗണേശ്, കെ.എൻ. (ഡോ.) 'ജാതിവ്യവസ്ഥയും കേരളചരിത്രവും: ഒരു വിമർശനപഠനം' *കേരളസമൂഹപഠനങ്ങൾ* (പത്തനംതിട്ട: പ്രസക്തി ബുക്ക്ഹൗസ്, സപ്തംബർ 2002) പു. 245.

64. ഗണേശ്, കെ.എൻ. 'ജാതിവ്യവസ്ഥയും കേരളചരിത്രവും: ഒരു പുനരന്വേഷണം' *ഗ്രന്ഥലോകം മാസിക*, ജൂലായ് 2011, ലക്കം 9, പു. 45.

65. ഗണേശ്, കെ.എൻ. (ഡോ.) 'ജാതിവ്യവസ്ഥയും കേരളചരിത്രവും: ഒരു വിമർശനപഠനം' *കേരളസമൂഹപഠനങ്ങൾ* (പത്തനംതിട്ട: പ്രസക്തി ബുക്ക്ഹൗസ്, സപ്തംബർ 2002) പു. 238.

66. https://commons.wikimedia.org

67. ബാലകൃഷ്ണൻ, പി.കെ. 'ഹൈദർ' *ടിപ്പുസുൽത്താൻ* (കോട്ടയം: ഡി.സി. ബുക്സ്, ജൂലായ് 2010, നാലാംപതിപ്പ്) പു. 36.

68. Sreenivasa Muthry, H.V. Ramakrishnanan, R. 'Hyder Ali and Tipu Sultan' *History of Karnataka* (New Delhi: S. Chand & Company Ltd., Second Edition, 1978) p. 272.

69. www.biblio.com

70. കുറുപ്പ്, കെ.കെ.എൻ. 'സൽത്തനത്ത്-ഇ-ഖുദാദത്ത്' *നവാബ് ടിപ്പുസുൽത്താൻ ഒരു പഠനം* (കോഴിക്കോട്: മാതൃഭൂമി ബുക്സ്, 2007, രണ്ടാംപതിപ്പ്) പു. 48.

71. ബാലകൃഷ്ണൻ, പി.കെ. 'രണ്ടാം മൈസൂർയുദ്ധത്തിന്റെ അവസാനം' *ടിപ്പുസുൽത്താൻ* (കോട്ടയം: ഡി.സി. ബുക്സ്, ജൂലായ് 2010, നാലാംപതിപ്പ്) പു. 48.

72. അതേ പുസ്തകം, പു. 57

73. അതേ പുസ്തകം, പു. 65

74. കുറുപ്പ്, കെ.കെ.എൻ. 'സാമ്രാജ്യത്വവിരുദ്ധയുദ്ധം' *നവാബ് ടിപ്പുസുൽത്താൻ ഒരു പഠനം* (കോഴിക്കോട്: മാതൃഭൂമി ബുക്സ്, 2007, രണ്ടാംപതിപ്പ്) പു. 79.

75. Sreenivasa Muthry, H.V. Ramakrishnanan, R. 'Hyder Ali and Tipu Sultan' *History of Karnataka* (New Delhi: S. Chand & Company Ltd., Second Edition, 1978) p. 275.

76. Grover, B.L., Grover, S. 'Mysore under Hyderali and Tipu Sultan' *A new look at modern Indian Hisotry* (S. Chand & Company Ltd. 1994), p. 153.

77. ബാലകൃഷ്ണൻ, പി.കെ. 'ഭരണകർത്താവ്' *ടിപ്പുസുൽത്താൻ* (കോട്ടയം: ഡി.സി. ബുക്സ്, ജൂലായ് 2010, നാലാംപതിപ്പ്) പു. 135.

78. Chopra, P.N. Raveendran, T.K., Subrahmanyan, V., 'Anglo-Mysore Relation in 18th Century' *History of South India Vol. III, Modern Period* (New Delhi: S. Chand and Company Ltd.), p. 98.

79. ബാലകൃഷ്ണൻ, പി.കെ. 'ഭരണകർത്താവ്' *ടിപ്പുസുൽത്താൻ* (കോട്ടയം: ഡി.സി. ബുക്സ്, ജൂലായ് 2010, നാലാംപതിപ്പ്) പു. 131.

80. Grover, B.L., Grover, S. 'Mysore under Hyderali and Tipu Sultan' *A new look at modern Indian Hisotry* (S. Chand & Company Ltd. 1994), p. 149.

81. Kurup, K.K.N. 'Tribute to Tipu Sultan' The Legacy of Islam (Kerala), *A Study of the Mapila of Kerala* (Kannur: Samayam Publication, 2006) p. 105.

82. ബാലകൃഷ്ണൻ, പി.കെ. 'മതഭ്രാന്ത്' *ടിപ്പുസുൽത്താൻ* (കോട്ടയം: ഡി.സി. ബുക്സ്, ജൂലായ് 2010, നാലാംപതിപ്പ്) പു. 121.

83. Krishna Ayyar, K.V. 'The Mysorean Invasion' *The Zamorins of Calicut* (University of Calicut: Publication Division, December 1999), p.231.

84. Grover, B.L. ‘Mysore under Hyderali and Tipu Sultan’ *A New Look at Modern Indian Hisotry* (S. Chand & Company Ltd. 1994), p. 49.

85. Chopra, P.N. ‘Anglo-Mysore Rlation in the 18th century’, *History of South India Vol.III, Modern Period* (S. Chand and Company Ltd.), p. 99.

86. അതേ പുസ്തകം, പു. 99

87. കരീം, സി.കെ. ‘മൈസൂർ കാലഘട്ടം’ *കേരളചരിത്രം വാല്യം ഒന്ന്* (എറണാകുളം: കേരളഹിസ്റ്ററി അസ്സോസിയേഷൻ, കൊച്ചി, 1973) പു. 624.

88. ബാലകൃഷ്ണൻ, പി.കെ. ‘മർദ്ദനം, മതഭ്രാന്ത് മുതലായവ’ *ടിപ്പുസുൽത്താൻ* (കോട്ടയം: ഡി. സി. ബുക്സ്, ജൂലായ് 2010, നാലാംപതിപ്പ്) പു. 178.

89. അതേ പുസ്തകം, പു. 180

90. Kareem, C.K. (Dr.) ‘Effects and consequences of Tipu’s Reforms’, *Kerala under Haider Ali and Tipu Sultan* (Cochin: Kerala HIstory Association, August 1973), p. 230.

# ഉപസംഹാരം

പത്രാധിപത്യം, സംഘാടനം, സാഹിത്യ-സാമൂഹികവിമർശനം, സർഗ്ഗാത്മകസാഹിത്യപ്രവർത്തനം, ചരിത്രരചന എന്നീ ധൈഷണികമേഖലകളിൽ പ്രവർത്തിച്ച ബാലകൃഷ്ണന്റെ കൃതികളിൽ സാമൂഹികനീതിയും മാനവികതയുമാണ് അടിസ്ഥാനമായി നിലനിന്നത്. സാമൂഹ്യവീക്ഷണത്തിൽ ഒത്തുതീർപ്പുകൾക്കു വഴങ്ങാത്ത കീഴാളപക്ഷചിന്ത അദ്ദേഹത്തിന്റെ എല്ലാ ബൗദ്ധികപ്രവർത്തനങ്ങളിലും നിലനിന്നിരുന്നു. സാഹിത്യവിമർശനത്തിലും ചരിത്രരചനയിലും സർഗ്ഗാത്മകസാഹിത്യപ്രവർത്തനത്തിലും അദ്ദേഹം കൈക്കൊണ്ട നിലപാടുകളെ, സാമൂഹിക-ചരിത്രാത്മകരീതി അവലംബിച്ച് അപഗ്രഥിച്ചുകൊണ്ടാണ് പ്രബന്ധരചന നിർവ്വഹിച്ചിരിക്കുന്നത്. അഞ്ച് അദ്ധ്യായങ്ങളിലായി ചർച്ചചെയ്ത് അവതരിപ്പിച്ച വിഷയങ്ങളെക്കുറിച്ചുള്ള നിരീക്ഷണങ്ങളും നിഗമനങ്ങളും ഇവിടെ വ്യക്തമാക്കുന്നു.

ദേശീയവും അന്തർദേശീയവുമായ രംഗങ്ങളിൽ വലിയ സാമൂഹികമാറ്റങ്ങൾ നടക്കുന്ന പശ്ചാത്തലത്തിലാണ് ബാലകൃഷ്ണന്റെ ജനനം. യൗവനകാലത്ത് ഇടതുപക്ഷരാഷ്ട്രീയത്താൽ ആകർഷിക്കപ്പെട്ട അദ്ദേഹം, സാഹിത്യ-സാമൂഹികരംഗങ്ങളിലും പുരോഗമനസാഹിത്യസംഘടനയിലും സജീവമായിരുന്നു. കേരളത്തിലെ പുരോഗമനസാഹിത്യസംഘടനയുടെ പ്രവർത്തനം പ്രധാനമായും രണ്ടു ധാരകളിൽ ഉൾപ്പെട്ടിരുന്നു. അതിൽ ഒന്നാമത്തേത്, സാഹിത്യത്തിന്റെ സാമൂഹികപ്രതിബദ്ധതാവിഷയത്തിൽ തീവ്രവാദപരമായ നയം സ്വീകരിച്ചവരുടേതായിരുന്നു. രണ്ടാമത്തേത്, അതേ വിഷയത്തിൽ അനുഭാവം പുലർത്തി സ്വതന്ത്രചിന്ത കൈമോശംവരാതെ നിലനിർത്തിയവരുടേതും. ഇതിൽ രണ്ടാമത്തെ വിഭാഗത്തിലാണ് ബാലകൃഷ്ണന്റെ സ്ഥാനം. കലയും സാഹിത്യവും സ്വാതന്ത്ര്യത്തിനു വിലങ്ങുതടിയായിക്കൂടാ എന്ന നിലപാടിൽ ഉറച്ചുനിന്നുകൊണ്ട്, സാഹിത്യത്തിൽ പ്രയോജനാത്മകമായ മൂല്യത്തേക്കാൾ കലാസൗന്ദര്യത്തിന് അദ്ദേഹം പ്രാധാന്യം നൽകി. സാഹിത്യത്തിൽ, പ്രത്യേകിച്ച് കവിതാനിരൂപണത്തിൽ ജീവചരിത്രപഠനത്തോടൊപ്പം ഈ ചിന്തയ്ക്കാണ് അദ്ദേഹം പ്രാധാന്യം നൽകിയത്. കുമാരനാശാനെക്കുറിച്ചുള്ള പഠനം ഈ മാനദണ്ഡം അനുസരിക്കുന്നു.

ജീവചരിത്രപഠനത്തിലൂടെ കവിയിലെ ജീനിയസ്സിനെ കണ്ടെത്തുന്ന രീതിയിലാണ് ബാലകൃഷ്ണന്റെ ആശാൻപഠനം. സാമുദായികവിവേചനമനുഭവിച്ച് സ്വന്തം പ്രതിഭകൊണ്ട് മഹത്വമാർജ്ജിച്ച കുമാരനാശാന്റെ കൃതികളെ ആശാന്റെ തന്നെ ജീവചരിത്രപശ്ചാത്തലം അവലംബമായി പഠിക്കുകയാണ് ചെയ്തത്. സ്ത്രോത്രകാരനിൽനിന്നുള്ള സ്വാഭാവികവളർച്ചയായിരുന്നു കുമാരനാശാനിലെ കവിയുടേത് എന്ന നിരീക്ഷണം, കുമാരനാശാനെ ശ്രീനാരായണഗുരുവിന്റെ ജീവചരിത്രവുമായി ബന്ധിപ്പിക്കുന്നതിന്റെ ഉദാഹരണമാണ്. ഇങ്ങനെ ആശാൻകൃതികളെ വിലയിരുത്തുമ്പോൾ 'പ്രതിഭ' 'സിദ്ധി' എന്നീ ഘടകങ്ങൾക്കാണ് പഠനത്തിൽ പ്രാധാന്യം നൽകുന്നത്.

കവിപ്രതിഭയ്ക്കു യോജിക്കാത്ത പ്രമേയമായിരുന്നു *ദുരവസ്ഥ*യുടെ പരാജയത്തിനു കാരണമെങ്കിൽ, കവിയിലെ ജീനിയസ്സിന്റെ പ്രവർത്തനംകൊണ്ടാണ് സമുദായബന്ധമറ്റ രീതിയിൽ *നളിനി* രചിക്കാനിടയായതെന്ന് അദ്ദേഹം കണ്ടെത്തുന്നു. സമൂഹം അംഗീകരിക്കാത്ത സ്നേഹതത്ത്വവും ഭീകരമായ ജീവിതനിഷേധവുമാണ് *നളിനി*യിലേത്. *നളിനി*യിൽ നഷ്ടമായ സമുദായബന്ധത്തെ ഏറ്റുപറയുന്ന കൃതിയായി *ലീല*യെ ബാലകൃഷ്ണൻ വിലയിരുത്തുന്നുവെങ്കിലും രജോഗുണമാർന്ന സ്ത്രീപുരുഷപ്രേമം ചിത്രീകരിക്കാൻ *ലീല*യിൽ ആശാനു കഴിഞ്ഞിട്ടില്ല എന്നദ്ദേഹം കണ്ടെത്തുന്നു. അതായത് *നളിനി*യും *ലീല*യും അടിസ്ഥാനപരമായി ഏകവർഗ്ഗസ്വഭാവം പുലർത്തുന്നു എന്നർത്ഥം. സ്നേഹഗായകനായ ആശാന്റെ പ്രധാന കൃതികളെടുത്ത് അവയിലെ സ്നേഹസങ്കല്പത്തെക്കുറിച്ച് സൂക്ഷ്മാർത്ഥത്തിൽ വിചിന്തനം ചെയ്യുമ്പോൾ, ബാലകൃഷ്ണന്റെ കാഴ്ച എത്തിപ്പെടാത്ത ചില വസ്തുതകളുണ്ട്. ഭൂമിയിൽ അനുഭവമല്ലാത്ത ഒരന്തരീക്ഷം *നളിനി*യിൽ സൃഷ്ടിച്ച് പ്രാപഞ്ചികജീവിതത്തിന്റെ ആസ്വാദ്യത ഉയർത്തിക്കാണിക്കുകയാണ് ആശാൻ *നളിനി*യിൽ ചെയ്തത്. സാമൂഹികവും വ്യക്തിപരവുമായ ചിന്തകളിലെ സംഘർഷം കുമാരനാശാനെ സ്വാധീനിച്ചിരുന്നു. ആശാന്റെ മാനസികജീവിതം പ്രതിഫലിപ്പിക്കുന്ന കൃതിതന്നെയാണ് *നളിനി*. കുമാരനാശാനെ സംബന്ധിച്ച വൈയക്തികവും സാമൂഹികവുമായ ഇത്തരം വസ്തുതകൾ ബാലകൃഷ്ണന്റെ നിരൂപണത്തിൽ ചർച്ച ചെയ്യപ്പെടുന്നില്ല.

ഇതിഹാസകഥാഖ്യാനത്തെക്കുറിച്ചു ചിന്തിക്കുമ്പോൾ അവ ഗാംഭീര്യപ്രതീതിയുളവാക്കണം എന്നത് ബാലകൃഷ്ണന്റെ സാഹിത്യചിന്തയുടെ ഭാഗമാണ്. അതുകൊണ്ടുതന്നെ *ചിന്താവിഷ്ടയായ സീത*യിലെ പൗരജനഭർത്സനം അദ്ദേഹത്തിനു സ്വീകാര്യമാകുന്നില്ല. രചനാസമയത്ത് ആശാനു നേരിടേണ്ടിവന്ന ഒരു പ്രതിസന്ധിയായി ഈ സന്ദർഭത്തെ അദ്ദേഹം വിഭാവനം ചെയ്യുന്നു. ഇവിടെ ബാലകൃഷ്ണൻ തന്റേതായ ഒരു മാനദണ്ഡം മുൻകൂട്ടി തീരുമാനിക്കുകയും അതിനു യോജിക്കാത്തവയെ ഏകപക്ഷീയമായി നിഷേധിക്കുന്നതും കാണാം. ആശാൻ, സീതയെക്കൊണ്ട് പറയിപ്പിക്കുന്ന വാക്കുകളുടെ സാമൂഹികപശ്ചാത്തലം അദ്ദേഹം ഇവിടേയും വ്യക്തമാക്കിക്കാണുന്നില്ല. *ബുദ്ധചരിതം* പരിഭാഷയെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ നിഗമനങ്ങളും ഇപ്രകാരം *ബുദ്ധചരിത* രചനയുമായി ബന്ധപ്പെട്ട കുമാരനാശാന്റെ ജീവചരിത്രവസ്തുതകൾക്കു നിരക്കുന്നതല്ല. സാമുദായികപ്രവർത്തനങ്ങളിലേർപ്പെട്ടിരുന്ന ആശാനിൽ നവോത്ഥാനപ്രസ്ഥാനങ്ങളുടെ സ്വാധീനം പ്രതിഫലിച്ചിരുന്നു. സാഹിത്യത്തിൽ നിലനിന്ന നവഭാവുകത്വപരിണാമവുമായി ആശാനു പരിചയം സിദ്ധിച്ചിരുന്നു. അതു പ്രകടമാക്കുന്ന കൃതികൂടിയാണ് *ബുദ്ധചരിതം*. സാമൂഹികപ്രാധാന്യമുള്ള ഈ വിഷയമെന്നും പഠനത്തിൽ വരുന്നില്ല. പകരം ബാലകൃഷ്ണൻ പ്രതിഭയുടെ സ്വഭാവവും നൂതനത്വവും അതുല്യമാണെന്ന തത്ത്വം സമർത്ഥിക്കുകയാണ്. ആശാന് എഴുത്തച്ഛനോടുള്ള ശിഷ്യത്വം ഏറ്റു പറയുന്ന കൃതിയായി *ബുദ്ധചരിതത്തെ* ബാലകൃഷ്ണൻ വിശേഷിപ്പിക്കുന്നതിനുകാരണം, ബാലകൃഷ്ണന്റെ തന്നെ എഴുത്തച്ഛനോടുള്ള ആരാധനയുടെ ഭാഗമാണെന്ന് കാണാവുന്നതാണ്.

കുമാരനാശാനിൽ കാലഘട്ടങ്ങളിലൂടെ പ്രത്യക്ഷപ്പെടുന്നതും എന്നാൽ കൃതികളിൽ നേരിട്ടു പ്രത്യക്ഷപ്പെടാത്തതുമായ സമൂഹമാറ്റം പഠനത്തിൽ കാണുന്നില്ല. ആശാനിലെ യഥാർത്ഥകവിപ്രതിഭ കേരളീയസമുദായത്തിലെ നിത്യജീവിതത്തെ വലംവെച്ചൊഴിയുന്നതായി അദ്ദേഹം കരുതുന്നു. സൗന്ദര്യമെന്ന മൂല്യം മനുഷ്യവർഗ്ഗത്തിൽനിന്നും ഭിന്നമായി വ്യക്തിഭാവത്തിൽ രൂപംകൊള്ളുന്നു എന്നു വിശ്വസിക്കുന്ന ബാലകൃഷ്ണന്റെ സാഹിത്യചിന്തയാണ് ഇവിടെ കാണുന്നത്. കാവ്യനിരൂപണത്തിൽ ഈ തത്ത്വം മുറുകെ പിടിക്കുന്നതുകൊണ്ടാണ് കൃതികളിലെ മാറുന്ന സമൂഹത്തെയും സാമൂഹികപ്രതിഫലനത്തെയും അദ്ദേഹം കുമാരനാശാന്റെ കൃതികളിൽ കാണാത്തത്.

എഴുത്തച്ഛനെക്കുറിച്ചുള്ള ബാലകൃഷ്ണന്റെ ചിന്തകൾ ഒരു സാംസ്കാരിക പഠനമെന്ന നിലയിൽ കാണാവുന്നതാണ്. ഒരു പ്രദേശത്തിന്റെ സാംസ്കാരിക ചരിത്രത്തിലൂടെ എഴുത്തച്ഛനിലെ കവിപ്രതിഭ രൂപംകൊണ്ട പശ്ചാത്തലത്തെക്കുറിച്ചുള്ള അന്വേഷണം ഇതര എഴുത്തച്ഛൻ പഠനങ്ങളിൽ നിന്നും വേറിട്ടുനിൽക്കുന്നു. എഴുത്തച്ഛനെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ ആലോചനകൾ, 1970കളിൽ അദ്ദേഹം നടത്തിയ ആശാൻപഠനങ്ങളോടെ ആരംഭിക്കുന്നുണ്ട്. 1983-ൽ പുറത്തിറങ്ങിയ *ജാതിവ്യവസ്ഥിതിയും കേരളചരിത്രവും* എന്ന ഗ്രന്ഥത്തിലും എഴുത്തച്ഛനെക്കുറിച്ചുള്ള നിരീക്ഷണങ്ങൾ കാണാം. കേവലമൊരു തർജ്ജമക്കാരൻ വരകവിയും ഭാഷാപിതാവുമാകുന്നതെങ്ങനെയെന്ന സംശയം ബാലകൃഷ്ണൻ പ്രകടിപ്പിക്കുന്നുണ്ടെങ്കിലും തന്റെ സാഹിത്യാവബോധത്തിന്റെ 'മൂലശില' ഭക്തകവിയായ എഴുത്തച്ഛനാണെന്ന ബോധം ബാലകൃഷ്ണനിൽ നിലിൽക്കുന്നുണ്ട്.

ബ്രാഹ്മണജനവിഭാഗമല്ലാത്ത താഴ്ന്ന ജാതിയിൽ ജനിച്ച പ്രതിഭകളുടെ പിതൃത്വം സവർണ്ണരിൽ ചാർത്തുന്ന പതിവിൽനിന്നു വ്യത്യസ്തമായി, എഴുത്തച്ഛന്റെ ജനനം നായന്മാർക്കിടയിലെ പതിതജാതിയിലായിരുന്നു എന്ന് ചരിത്രവസ്തുതകളെ ആസ്പദമാക്കി അദ്ദേഹം സമർത്ഥിക്കുന്നു. ആശയം സമർത്ഥിക്കുന്നതിനുവേണ്ടി 'അജ്ഞാനീനാമാദ്യനായുള്ളോരു ഞാൻ' എന്ന വരിയിലെ 'ആദ്യൻ' എന്ന വിശേഷണം എടുത്തു കാണിക്കുന്നുണ്ട്. കവിയോ സമൂഹമോ അറിയാതെയാണ് ഭാഷാപിതൃസ്ഥാനം എഴുത്തച്ഛനിൽ വന്നുചേർന്നതെന്നും എഴുത്തച്ഛന്റെ കാലത്തിനു ശേഷം ഒന്നോ ഒന്നരയോ ശതാബ്ദം കഴിഞ്ഞാണ് കേരളജനത ആ ശബ്ദം കേൾക്കാൻ തുടങ്ങിയതെന്നും ബാലകൃഷ്ണൻ പറയുന്നു. താഴ്ന്ന സമുദായസ്ഥിതിയിൽ കഴിഞ്ഞ ബ്രാഹ്മണേതര ജാതികളിലെ ദേവസംബന്ധമായ പേരുകൾ എഴുത്തച്ഛൻ കൃതികളിൽക്കൂടി നേടിയതാണ്. സാധാരണക്കാരന്റെ സാംസ്കാരികനിലവാരം വളർത്തുന്നതിൽ എഴുത്തച്ഛന്റെ പങ്ക് നിസ്തുലമാണ്.

പരകീയമായ ഒരു ആശയബീജമോ പരാധീനതയുടെ സ്വാധീനമോ ഇല്ലാതെ എഴുത്തച്ഛനിലെ കവിത്വസിദ്ധി പ്രവർത്തനക്ഷാമമാവില്ല എന്നതിനുദാഹരണമായി

അദ്ധ്യാത്മരാമായണം കിളിപ്പാട്ടിനെ അദ്ദേഹം എടുത്തുകാണിക്കുന്നു. *രാമായണം* മൂലവും *കിളിപ്പാട്ടും* തമ്മിൽ പല ഭാഗങ്ങളിലും വ്യത്യസ്തത നിലനിൽക്കുന്നു. ആരണ്യകാണ്ഡത്തിൽ രാക്ഷസസേന രാമനുമായുള്ള ഏറ്റുമുട്ടൽ മൂന്നു ശ്ലോകങ്ങ ളിൽ പറഞ്ഞത് കിളിപ്പാട്ടിൽ ഒൻപതു പുറങ്ങളിൽ കാണുന്നത് ഉദാഹരണംമാത്രം.

എഴുത്തച്ഛന്റെ അനുകരണങ്ങളെ അനുകരണങ്ങളായി തിരിച്ചറിഞ്ഞിട്ടും എഴുത്തച്ഛന്റെതന്നെ സൃഷ്ടികളായി കണക്കാക്കുകയാണ് ബാലകൃഷ്ണൻ. പല സന്ദർഭങ്ങളിലും ഔചിത്യദീക്ഷയില്ലാതെ അതിവാചാലതയിൽ അഭിരമിക്കുമ്പോഴും ആവിഷ്കരണത്തിൽ പുതുമനിലനിർത്തി കവിതാസരസ്വതിയെ എഴുത്തച്ഛൻ വിളി പ്പുറത്തെത്തിക്കുന്നു. എഴുത്തച്ഛൻ കവിതയിൽ ഉൾച്ചേർന്നിരിക്കുന്ന സംഗീതാത്മ കത വിചിത്രമായ രചനാസ്വത്വത്തിൽനിന്നും നിർഗ്ഗളിക്കുന്നതാണ്.

എഴുത്തച്ഛൻകൃതികളെ വിശ്വമഹാകവികളുടെ സൃഷ്ടികളുമായി താരത മ്യം ചെയ്യുമ്പോൾ ബാലകൃഷ്ണന് എഴുത്തച്ഛനോടുള്ള ഭക്തിസമാനമായ വികാര മാണ് പ്രകടമാകുന്നത്. അന്യഭാഷയെയും ആശയങ്ങളെയും ഉപജീവിച്ച് സർഗ്ഗ വ്യാപാരത്തിലേർപ്പെടുന്ന ഒരു കവിയെ വിശ്വമഹാകവിസ്ഥാനം നൽകി ബഹുമാനി ക്കുന്നതിൽ ഔചിത്യക്കുറവുണ്ട്. ആധുനികഭാഷയുടെ പിതൃസ്ഥാനം എഴുത്തച്ഛനു നൽകുന്നതിൽക്കവിഞ്ഞ് നവഭാഷാസൃഷ്ടിയുടെ പേരിൽ എഴുത്തച്ഛനെ വാഴ്ത്തു കയാണ് ബാലകൃഷ്ണൻ. ദാർശനികകവിത്വം എഴുത്തച്ഛനിൽ കാണുമ്പോഴും അതേ ചിന്ത ശ്രീനാരായണഗുരുവിലേക്കു വ്യാപിക്കുന്നതു കാണാം.

ബാലകൃഷ്ണൻ, എഴുത്തച്ഛൻ കൃതികളിലൂടെ തരംമാറിവരുന്ന വ്യാസക ഥാപാത്രങ്ങളെയും താരതമ്യം ചെയ്യുന്നുണ്ട്. *ഭാരതം കിളിപ്പാട്ടിൽ* കലർപ്പില്ലാത്ത കഥാപാത്രങ്ങളാണെങ്കിൽ, *വ്യാസഭാരതത്തിൽ* പൂർണ്ണവ്യക്തികളായിട്ടാണ് പാത്ര സൃഷ്ടിയെന്നും പാത്രസൃഷ്ടിയിലെ കവിയുടെ ധർമ്മാധർമ്മപക്ഷപാതങ്ങൾ വ്യാസഭാരതത്തിൽ പ്രത്യക്ഷമല്ല എന്നും വ്യക്തമാക്കുന്നു. *വ്യാസഭാരത*കഥാഘട നയിൽ ഓരോ നായകനും ഓരോ രീതിയിലുള്ള അധഃപതനവും പരാജയവും ഏറ്റുവാങ്ങുന്നുണ്ട്. കുരുക്ഷേത്രത്തിലെയും മൗസലപർവ്വത്തിലെയും അർജ്ജുന ചിത്രങ്ങളുടെ കൂടിച്ചേരലാണ് യഥാർത്ഥ അർജ്ജുനചിത്രം എന്നത് മനസ്സിലാക്കേ

ണ്ടതാണ് എന്നദ്ദേഹം പറയുന്നു. എഴുത്തച്ഛന്റെ *വ്യാസഭാരതപരിഭാഷ*യിൽ ഭക്തിയുടെ അപ്പപ്പോഴുള്ള ഏറ്റക്കുറച്ചിൽ കാരണം കഥയുടെ സാരാംശത്തിൽ ഇങ്ങനെ അന്തരം സംഭവിച്ചിരിക്കുന്നു. കേവലം ഭാവവ്യത്യാസമല്ല, കഥാവസ്തുതകൾപോലും *കിളിപ്പാട്ടിൽ* മാറിവരുന്നു. വ്യാസന്റെ പ്രാപഞ്ചികജീവിതനിരീക്ഷണമോ നിസ്സംഗ കാഴ്ചപ്പാടോ ഉൾക്കൊള്ളാൻ എഴുത്തച്ഛനു കഴിഞ്ഞിട്ടില്ല. വ്യാസനും എഴുത്തച്ഛനും രണ്ടാദർശങ്ങളെ മുൻനിർത്തിയാണ് അവരവരുടെ ഭാരതകഥാഖ്യാനം നിർവ്വഹിച്ചിരിക്കുന്നത്.

*വ്യാസഭാരത*ത്തിൽ കർണ്ണകഥയുമായി ബന്ധപ്പെട്ട് പത്തുപന്ത്രണ്ട് സമ്പൂർണ്ണരംഗങ്ങളുള്ളപ്പോൾ *കിളിപ്പാട്ടിൽ* അത് വെറും അഞ്ചുപുറങ്ങളിൽ ഒതുങ്ങിപ്പോകുന്നു. *വ്യാസഭാരത*ത്തിൽ അതിന്റെ പ്രസിദ്ധമായ അർത്ഥം വ്യക്തമാക്കുന്ന സന്ദർഭത്തിൽ കർണ്ണാർജ്ജുനന്മാരുടെ പ്രത്യഭിമുഖം വിവരിക്കുമ്പോൾ *കിളിപ്പാട്ടിൽ* കർണ്ണൻ ഒരു പരിഹാസപാത്രമായി ചുരുങ്ങിയിരിക്കുന്നു. പൊതുവെ വെളിച്ചത്തിൽനിന്നും നിഴലിലേക്ക് കർണ്ണനെ നീക്കിനിർത്തിയിരിക്കുകയാണ് എഴുത്തച്ഛൻ.

കേരളത്തിലെ ജാതിവ്യവസ്ഥിതിയും നാടുവാഴിത്തസമ്പ്രദായവും ഇന്ത്യയുടെ ഇതരദേശങ്ങളിൽനിന്നും വ്യത്യസ്തമായിരുന്നു. മഹാഭാരതത്തിൽ പലതരത്തിലുള്ള കൂട്ടിച്ചേർക്കലുകളും വ്യാഖ്യാനഭേദങ്ങളും നടന്നതുകൊണ്ടാകാം കഥാപാത്രസൃഷ്ടികളും നന്മതിന്മകളും വ്യാമിശ്രരൂപമായി മാറുന്നതും വിചിത്രമായ പല സാമുദായിക ഘടന അതിൽ ഉൾപ്പെടുന്നതും. അതുകൊണ്ടാണ് സ്ഥലകാലനിരപേക്ഷമായ നിത്യത അതിന് അവകാശപ്പെടാൻ കഴിയുന്നത്. വർണ്ണാശ്രമധർമ്മവും ജാതിവ്യവസ്ഥയും ഒരു അധിനിവേശിത ആര്യന്മാരിൽ നിലനിന്നതല്ല, തദ്ദേശീയരായ ഗോത്രങ്ങളിൽ നിലവിലുണ്ടായിരുന്നതാണ്.

ബാലകൃഷ്ണന്റെ സാമൂഹികവിമർശനം കടന്നുവരുന്ന സർഗ്ഗാത്മകമേഖലയാണ് കാവ്യപഠനങ്ങൾ. അതിനുദാഹരണമാണ് ഗ്രന്ഥത്തിലെ ജാതിവ്യവസ്ഥയുടെ അപഗ്രഥനം. കീഴാളജനതയുടെ ഉയിർത്തെഴുന്നേൽപ്പാണ് എഴുത്തച്ഛന്റെ ജീവചരിത്രപഠനത്തിലും പറയുന്നത്. വ്യാസഭാരതത്തെയും ഭാരതം കിളിപ്പാട്ടി

നെയും താരതമ്യപ്പെടുത്തുമ്പോൾ കർണ്ണകഥയ്ക്ക് ബാലകൃഷ്ണൻ പ്രധാന്യം നൽകുന്നതിനു കാരണമിതാണ്.

മഹാഭാരതഭാഷ്യത്തിന്റെ അതതുകാലത്തെ കൂട്ടിച്ചേർക്കലുകളെക്കുറിച്ചും ഭഗവത്ഗീതാസന്നിവേശത്തെക്കുറിച്ചും ഡി.ഡി. കൊസാംബിയുടെ നിരീക്ഷണങ്ങളിൽ നിന്നും ഭിന്നമായി പുതിയ കാഴ്ചപ്പാടുകൾ ബാലകൃഷ്ണൻ നൽകുന്നില്ല.

സാഹിത്യവിമർശകനെന്ന നിലയിൽ ബാലകൃഷ്ണന്റെ സാഹിത്യചിന്ത തെളിഞ്ഞു കാണുന്ന ഭാഗങ്ങളാണ് അദ്ദേഹത്തിന്റെ നോവൽപഠനങ്ങൾ. *നോവൽ -സിദ്ധിയും സാധനയും* എന്ന ഗ്രന്ഥത്തിൽ നോവൽപ്രതിഭയുടെ ചില പ്രത്യേക വ്യക്തിവിശേഷങ്ങളിലേക്കാണ് ആലോചനകൾ കടന്നുചെല്ലുന്നത്. ജന്മസിദ്ധമായ പ്രതിഭയും നിരന്തരസാധനവുമാണത്. അവ കൃതികളിൽ ഏറ്റവും മികച്ച രീതിയിൽ പ്രകടമാക്കുന്ന താരാശങ്കർ ബാനർജി, ജയിൻ ഓസ്റ്റൻ, ഡോസ്റ്റോയ്വ്സ്കി എന്നിവരുടെ നോവലുകളിലെ പ്രമേയം, ആഖ്യാനം, പാത്രസൃഷ്ടി എന്നിവയിലെ പ്രതിഭാപ്രവർത്തനമാണ് *നോവൽ സിദ്ധിയും സാധനയും* എന്ന ഗ്രന്ഥത്തിൽ ചർച്ചചെയ്യുന്നത്. മൂന്നു നോവസിസ്റ്റുകളുടെയും കൃതികളെ വ്യത്യസ്തരീയിൽ കാണുന്ന ബാലകൃഷ്ണൻ, സമീപനങ്ങളിൽ പാശ്ചാത്യവും പൗരസ്ത്യവുമായ മാനദണ്ഡങ്ങളെ അതേപോലെ പിന്തുടരുന്നില്ല.

മാനുഷികമഹത്വത്തെ *ആരോഗ്യനികേതന* ത്തിൽ അദ്ദേഹം പ്രമേയമായി കണ്ടെത്തുമ്പോൽ നിത്യസാധാരണ പ്രമേയങ്ങൾ ജയിൻ ഓസ്റ്റനിലും, പാപം, നന്മ തുടങ്ങിയവ ഡോസ്റ്റോയ്വ്സ്കി കൃതികളിലും കാണുന്നു. അതീതകാലസ്മരണകളുടെ ആഖ്യാനമാണ് *ആരോഗ്യനികേതന* ത്തിലേതെങ്കിൽ ഓരോ വാചകത്തിലും ഭാവം മാറിവരുന്ന ആഖ്യാനരീതി ജയിൻ ഓസ്റ്റൻ കൃതികൾ കൈക്കൊള്ളുന്നു. ധ്വനിപ്രയോഗനിഷ്ഠയാണ് ഡോസ്റ്റോയ്വ്സ്കിയുടെ സവിശേഷതയായി ബാലകൃഷ്ണൻ എടുത്തു പറയുന്നത്.

പാത്രസൃഷ്ടിയിൽ, സമഷ്ടിയുടെ ചിത്രീകരണത്തിനു വ്യക്തിയിൽ കേന്ദ്രീകരിക്കുക എന്ന സൃഷ്ടികർമ്മം താരാശങ്കർബാനർജി സ്വീകരിച്ചപ്പോൾ വൈവിധ്യപൂർണ്ണതയാണ് ഓസ്റ്റൻ പ്രകടിപ്പിച്ചത്. ഡോസ്റ്റോയ്വ്സ്കിയുടെ കഥാപാത്രങ്ങൾ അന്ത:സംഘർഷങ്ങളുടെ ഉടമകളായി മാറി.

ഓസ്റ്റൻകൃതികളെക്കുറിച്ചുള്ള ബാലകൃഷ്ണന്റെ കണ്ടെത്തലുകൾ അപൂർണ്ണ മാണ്. അടിസ്ഥാനപരമായി ശിക്ഷണസമാനമായ പ്രമേയങ്ങൾ കൃതികളിൽ കൊണ്ടുവന്ന ജയിൻ ഓസ്റ്റൻ, സാന്മാർഗ്ഗികത മുഖ്യവിഷയമാക്കിയ എഴുത്തുകാരി യാണ്. നിലവിലുള്ള ആഖ്യാനരീതികളിൽനിന്നും വ്യത്യസ്തമായി പത്തൊമ്പതാം നൂറ്റാണ്ടിന്റെ റിയലിസത്തിലേക്കുള്ള മാറ്റം വ്യക്തമാക്കുന്ന കൃതികളാണ് അവരു ടേത്. ഈ വസ്തുതകൾ ബാലകൃഷ്ണനു കാണാൻ കഴിയുന്നില്ല.

നോവലിസ്റ്റുകളുടെ സൃഷ്ടികളിൽ നിന്നും സമൂഹസംബന്ധമായ ഘടക ങ്ങളെ അകറ്റിമാറ്റി വിശദീകരിക്കുന്നവയാണ് അദ്ദേഹത്തിന്റെ നോവൽപഠനങ്ങൾ. അതുകൊണ്ട് സാമൂഹികചൂഷണസന്ദർഭങ്ങൾ, പ്രതിഷേധചിന്തകൾ തുടങ്ങിയവ ഗ്രന്ഥത്തിൽ നിരൂപണവിഷയമല്ലാതാകുന്നു.

ചന്തുമേനോനെക്കുറിച്ചുള്ള പഠനം, അദ്ദേഹത്തിന്റെ ജീവചരിത്രത്തോ ടൊപ്പം കേരളസമൂഹത്തിന്റെ നവോത്ഥാനകാലഘട്ടംകൂടി വിശകലനം ചെയ്യുന്ന താണ്. ഒരു സമുദായപരിഷ്കർത്താവിന്റെ പ്രാദേശികചിന്തയല്ല; പാശ്ചാത്യസം സ്കാരത്താൽ മാറിയ സമ്പൂർണ്ണഭാരതമായിരുന്നു ചന്തുമേനോന്റെ സ്വപ്നം. *ഇന്ദു ലേഖ*യുടെ രചനാകാലം പരിഗണിച്ചാൽ അതിലുൾപ്പെട്ട സാമൂഹികപരിഷ്കര ണോദ്ദേശ്യം സ്ഫോടനാത്മകമാണ്. ആ അർത്ഥത്തിൽ കേരളത്തിന്റെ സാമൂഹിക പരിഷ്കരണത്തിന്റെ പ്രോദ്ഘാടകനാണ് ചന്തുമേനോൻ എന്ന് ബാലകൃഷ്ണൻ അവകാശപ്പെടുന്നു. പഴയതിനെയും പുതിയതിനെയും ഒരേസമയം ചോദ്യം ചെയ്ത സ്വതന്ത്രചിന്തയും ഒത്തുതീർപ്പുകൾക്കു വഴങ്ങാത്ത ഹൃദയവുമുള്ള പ്രതിഭയായി രുന്നു ചന്തുമേനോൻ. അതേസമയം *ഇന്ദുലേഖ*യെന്ന കൃതികൊണ്ട് കേരളസ മൂഹം വിലകൽപിക്കുന്ന നേട്ടങ്ങൾക്ക് വിരുദ്ധമായ ഒരു നിലപാടിൽ ചന്തുമേ നോൻ നിലനിന്നിരുന്നു എന്ന കാര്യം പിന്നീട് ബാലകൃഷ്ണൻ കണ്ടെത്തുന്നുണ്ട്. ചന്തുമേനോൻകൃതികളിലെ നവോത്ഥാനചിന്ത വിവരിക്കുമ്പോൾ പ്രചാരണോദ്ദേ ശ്യംകൂടാതെ രചിക്കപ്പെടുന്ന മികച്ച കൃതികൾക്ക് ഉദാഹരണായി *ഇന്ദുലേഖ*യെ ബാലകൃഷ്ണൻ അടയാളപ്പെടുത്തുന്നുമുണ്ട്.

ബാലകൃഷ്ണന്റെ പഠനത്തിൽ ഉപാദാനങ്ങളുടെ അപര്യാപ്തത വ്യക്തമാണ്. സംസ്കൃതത്തെക്കുറിച്ചും കേരളത്തിലെ പ്രാചീനസാഹിത്യത്തെക്കുറിച്ചും വിവരിക്കുമ്പോൾ ഇംഗ്ലീഷറിയാത്തവർക്ക് പുരോഗമനമില്ലെന്ന ധ്വനി പലപ്പോഴും പ്രകടമാകുന്നു. കലാകാരന്റെ ജീവിതാനുഭവങ്ങളും സാമുദായികപ്രശ്നങ്ങളും കലാസൃഷ്ടിയിൽ ചെലുത്തുന്ന സ്വാധീനം ചന്തുമേനോനെ പഠിക്കുമ്പോൾ വ്യക്തമാകുന്നു. എന്നാൽ താരാശങ്കർ ബാനർജി, ജയിൻഓസ്റ്റൻ, ഡോസ്റ്റോയ്വ്സ്കി എന്നിവരെ പഠിക്കുമ്പോൾ അതിനു വിരുദ്ധമായ നിലപാട് സ്വീകരിക്കുന്നത് കാണാം.

ബാലകൃഷ്ണന്റെ സങ്കൽപ്പപ്രകാരം ലക്ഷണനിർവ്വചനങ്ങൾക്കതീതമായി നിലനിൽക്കുന്ന അവ്യവസ്ഥിത സാഹിത്യരൂപമാണ് നോവൽ. പ്രതിഭാശാലികളിൽ അത് ഭിന്നരൂപം കൈക്കൊള്ളുന്നു. പ്രതിഭയും ശിക്ഷണവും പ്രയത്നവും ഒന്നിച്ചു കൂടുമ്പോഴുണ്ടാകുന്ന വിചിത്രസൃഷ്ടിയാണത്. കൃതികളിലെ പ്രഭാവത്തിനു മാത്രമല്ല, അഭാവത്തിനുകൂടി ബാലകൃഷ്ണൻ പഠനത്തിൽ പ്രാധാന്യം നൽകുന്നുണ്ട്. കഥ നോവലിൽ പ്രധാന ഘടകമല്ല. ജനകീയതയെ നോവലിന്റെ മികച്ച് ഗുണമായി അദ്ദേഹം കാണുന്നു. എന്നാൽ മികച്ച നോവലുകളുടെ ജനപ്രീതിയുമായി പൊരുത്തപ്പെടുന്നതല്ല ഈ അഭിപ്രായം.

അനുഭാവാവിഷ്കരണം പ്രതിഭാശാലികളിൽ ഭാഗികമായിരിക്കുമെന്ന ആശയത്തിലൂന്നിനിന്നുകൊണ്ടാണ് ബാലകൃഷ്ണൻ നോവലിസ്റ്റുകളെ സമീപിക്കുന്നത്. ശ്രേഷ്ഠമായ ആഖ്യായികാകല ജീവിതാനുഭവസമ്പന്നതയേക്കാളേറെ അനുഭവവിവേചനത്തിനുള്ള കഴിവാണെന്ന് അദ്ദേഹം സമർത്ഥിക്കുന്നുണ്ട്. ഇത് ബാലകൃഷ്ണന്റെ സാഹിത്യസിദ്ധാന്തമായി കാണാം. വ്യക്തിയുടെ ജീവിതത്തെ സൂക്ഷ്മമായി ചിത്രീകരിക്കുന്നതിലൂടെ സമഷ്ടിയുടെ ചിത്രം പൂർണ്ണമായിത്തീരുന്നു എന്ന അദ്ദേഹത്തിന്റെ സങ്കല്പം കല ആത്മനിഷ്ഠമാണെന്നും വ്യക്തിനിഷ്ഠമായ സൗന്ദര്യബോധത്തിൽനിന്നും അത് ഉത്ഭവിക്കുന്നു എന്നും വ്യക്തമാക്കുന്നതാണ്. സാമൂഹികവീക്ഷണമെന്നതിലുപരി സാഹിത്യചിന്തയാണ് അദ്ദേഹത്തിന്റെ നാടക നിരൂപണങ്ങളിൽ കാണുന്നത്. സിദ്ധിയുടെയും സാധനയുടെയും വളർച്ചയാണ് ഇവിടെ ചർച്ച ചെയ്യുന്നത്.

ബാലകൃഷ്ണന്റെ സാമൂഹികവിമർശനബോധവും കീഴാളചിന്തയും പ്രകടമാകുന്നവയാണ് അദ്ദേഹത്തിന്റെ സർഗ്ഗാത്മകകൃതികളായ നോവലുകൾ. പൗരാണികമായ ധർമ്മതത്ത്വത്തിന്റെ വെളിച്ചമായ മഹാഭാരതത്തിന്റെ പുതിയ ഭാഷ്യമാണ് *ഇനി ഞാൻ ഉറങ്ങട്ടെ*. ജീവിതത്തിന്റെ അലംഘനീയമായ വിധിയുടെ വ്യത്യസ്തവശങ്ങളാണ് നോവൽ കാഴ്ചവെക്കുന്നത്. ഇതിവൃത്തം, ആഖ്യാനം, പാത്രസൃഷ്ടി എന്നീ ഘടകങ്ങൾക്കാണ് ഇവിടെയും പ്രാധാന്യം. കർണ്ണന്റെ സമ്പൂർണ്ണ കഥ പറയലിലൂടെ കീഴാളപക്ഷത്തുനിന്നുകൊണ്ട് വർത്തമാനജീവിതപ്രശ്നങ്ങൾക്ക് ഉത്തരമന്വേഷിക്കുകയാണ് നോവലിസ്റ്റ്. ഇതിഹാസസമാനമായ വർണ്ണനകളും ആവിഷ്കരണവും അനുവർത്തിക്കുന്ന നോവലിൽ ബോധധാരാസമ്പ്രദായത്തിലുള്ള ആഖ്യാനരീതിയാണ് സ്വീകരിച്ചിരിക്കുന്നത്. കഥാപാത്രങ്ങളുടെ ഓർമ്മകളിലൂടെ, സ്വപ്നങ്ങളിലൂടെ പ്രമേയം നീങ്ങുമ്പോൾ മനുഷ്യസ്നേഹത്തിന്റെയും കാരുണ്യത്തിന്റേയും പാഠമാണ് പകർന്നുതരുന്നത്. നോവലിൽ സ്വപ്നദർശനം യഥാർത്ഥ്യത്തേക്കാൾ മികച്ചതാക്കിത്തീർക്കാൻ നോവലിസ്റ്റിനു കഴിഞ്ഞിരിക്കുന്നു. ആഖ്യാനത്തിലെ സ്വപ്നരംഗങ്ങൾ ബാലകൃഷ്ണന്റെ നോവൽബന്ധം വ്യക്തമാക്കുന്നവയാണ്. പ്രകൃതിരംഗങ്ങളുമായി അർത്ഥപൂർണ്ണമായി കൂട്ടിച്ചേർത്തിരിക്കുന്ന ആഖ്യാനരീതി നോവലിൽ ഇന്ദ്രയാനുഭവം പകരുന്നു. അതേസമയം ആഖ്യാനത്തിന് ആസ്വാരസ്യമുണ്ടാക്കുന്ന വർണ്ണനകൾക്കും നോവൽ സാക്ഷ്യംവഹിക്കുന്നു. അതിനുദാഹരണമാണ് നാരദ-യുധിഷ്ഠിര സമാഗമംപോലുള്ള സന്ദർഭങ്ങൾ. നോവലിലെ ഭീക്ഷ്മ-കർണ്ണസംവാദം മൂലകൃതിയുമായി യോജിക്കാതെ ദീർഘവും സങ്കീർണ്ണവുമായി പോകുന്നതോടൊപ്പം മൂലകഥാപാത്രസ്വഭാവത്തിൽ നിന്നു ഭിന്നമാകുന്ന സന്ദർഭങ്ങളും കാണാം. മുഖ്യ കഥാപാത്രമായ ദ്രൗപദിയുടെ മനസ്സ് ഒരു പ്രവാഹമായിത്തീരുന്നു. പൊതുവെ ആഖ്യാനതലത്തിൽ മൂലകൃതിയിൽനിന്നും ശോഷണം സംഭവിച്ചിരിക്കുന്നു എന്നുപറയാം. കേന്ദ്രകഥാപാത്രങ്ങളായ കർണ്ണൻ, ദ്രൗപദി എന്നിവരെ കേന്ദ്രീകരിക്കുന്ന നോവലിൽ, സമൂഹത്തിൽ അന്യവൽക്കരിക്കപ്പെടുന്ന ജീവിതചിത്രീകരണത്തിലുള്ള ബാലകൃഷ്ണന്റെ താൽപര്യം വ്യക്തമാക്കുന്നുണ്ട്. അത് അദ്ദേഹത്തിന്റെതന്നെ സാമൂഹികചിന്തയുമായി ബന്ധപ്പെട്ടതാണ്. ജാതിവിവേചനംപോലുള്ള പാർശ്വവൽക്കരണം ഏതുകാലത്തും പ്രസക്തമാണെന്ന് നോവലിസ്റ്റ് വ്യക്തമാക്കുന്നു.

ഇതിഹാസകൽപനയിൽപ്പെടാത്ത കഥാപാത്രവ്യത്യസ്തത പാത്രസൃഷ്ടിയിൽ കാണുന്നു. ദ്രൗപദീവസ്ത്രാക്ഷേപവിവരണം, കവചകുണ്ഡലദാനം, ദ്രൗപദിയുടെ സ്വപ്നദർശനം, കുന്തീ-കർണ്ണസമാഗമം, ഭീഷ്മ-കർണ്ണസംവാദം എന്നീ സന്ദർഭങ്ങളിൽ നോവലിസ്റ്റ് കർണ്ണകഥാപാത്രത്തെ ഉയർത്തിക്കാണിക്കുന്നുണ്ട്. ജാതീയമായ വിവേചനംകൊണ്ട് പതനം സംഭവിക്കുന്ന കർണ്ണകഥാപാത്രസൃഷ്ടിയിൽ ഇതിഹാസത്തിന്റെ വർത്തമാനപ്രയോജനമാണ് നോവലിസ്റ്റ് നിർവ്വഹിച്ചിരിക്കുന്നത്. അതിൽ അദ്ദേഹത്തിന്റെ കാഴ്ചപ്പാട് അടങ്ങയിരിക്കുന്നു. ബാലകൃഷ്ണനിലെതന്നെ ചില മൂല്യങ്ങളുടെ അംശവും കർണ്ണകഥാപാത്രസൃഷ്ടിയിൽ കാണാവുന്നതാണ്. പ്രാന്തവൽക്കരിക്കപ്പെടുന്ന സ്വത്വത്തോട് കൂറുപുലർത്തുന്ന നോവലിസ്റ്റിനെയാണ് ദ്രൗപദീചിത്രീകരണത്തിൽ കാണുന്നത്. സമൂഹം കാലാകാലമായി പുലർത്തിവരുന്ന പുരുഷാധിപത്യത്തെക്കുറിച്ചുള്ള വിചാരങ്ങൾ ഈ കഥാപാത്രഭാഷണത്തിൽ അന്തർഭവിച്ചിരിക്കുന്നു. ദ്രൗപദിയോടു കർണ്ണൻ പറയുന്ന വാക്കുകൾതന്നെ പുരുഷപക്ഷത്തോടുള്ള ആക്ഷേപവും അവളോടുള്ള സഹതാപവുമായി കാണാവുന്നതാണ്. കൗരവസഭയിൽ അപമാനിതയായപ്പോൾ തളരാതെ ധർമ്മാധർമ്മവ്യവസ്ഥയെ ചോദ്യം ചെയ്ത ദ്രൗപദിയുടെ ചിന്ത നോവലിസ്റ്റിന്റെ തന്നെ സാമൂഹികചിന്തയുടെ ഭാഗമാണ്. അങ്ങനെ ദ്രൗപദിയുടെ മനസ്സിന്റെ ഇരുട്ടറകളിലേക്ക് വെളിച്ചം വീശി മനസ്സിന്റെ ഗതിവിഗതികളെ സൂക്ഷ്മനിരീക്ഷണം നടത്തുകയാണ് നോവലിസ്റ്റ്.

*മഹാഭാരത*ത്തിൽ ഉജ്ജ്വലനിലയിൽ നിൽക്കുന്ന കുന്തി, ബാലകൃഷ്ണന്റെ നോവലിൽ പ്രകാശം മങ്ങി പ്രത്യക്ഷപ്പെടുന്ന കഥാപാത്രമായി മാറിയിരിക്കുന്നു. തന്റെ നാലുപുത്രന്മാരെയും രക്ഷിക്കാൻ ശത്രുപക്ഷനായകനോട് യാചിക്കേണ്ടിവന്ന ദീനമാനസയായി മാറിയ കുന്തിയ്ക്ക് നോവലിൽ വേണ്ടത്ര പ്രാധാന്യം നേടാൻ അവസരം നൽകിയിട്ടില്ല.

സമൂഹത്തെ ഗ്രസിച്ച വർഗ്ഗവിവേചനമെന്ന മാറാരോഗത്തിന്റെ നാനാവശങ്ങൾ സൂക്ഷ്മമായി നോവലിൽ ചിത്രീകരിച്ചിരിക്കുന്നു. മിത്തുകളെ ഉപയോഗിച്ചുകൊണ്ട് സമകാലികസമൂഹത്തിലെ യാഥാർത്ഥ്യങ്ങളെ കാണിച്ചുതരികയും കരുണയുടെയും ധർമ്മത്തിന്റെയും പാഠങ്ങൾ പഠിപ്പിക്കുയും ചെയ്യുന്നത് നോവലിസ്റ്റു

കളുടെ എക്കാലത്തെയും സാമൂഹികലക്ഷ്യം തന്നെയാണ്. അതുതന്നെയാണ് *ഇനി ഞാൻ ഉറങ്ങട്ടെ* എന്ന നോവലിലൂടെ ബാലകൃഷ്ണൻ നിർവ്വഹിച്ചിരിക്കുന്നത്.

ആത്മകഥാപരമായ രീതിയിലാണ് *പ്ലൂട്ടോ! പ്രിയപ്പെട്ട പ്ലൂട്ടോ!* എന്ന നോവലിന്റെ നിർമ്മിതി. 'സംസ്കാരം', 'മാന്യത' തുടങ്ങിയ മനുഷ്യസങ്കല്പനങ്ങളിൽ അടങ്ങിയിരിക്കുന്ന കാപട്യം ആക്ഷേപഹാസ്യരൂപത്തിൽ ആവിഷ്കരിച്ചിരിക്കുകയാണ് നോവലിസ്റ്റ്. സമൂഹത്തിൽനിന്നും ബഹിഷ്കൃതരായവരുടെ സ്വത്വപ്രതിസന്ധിതന്നെയാണ് നോവലിൽ ചർച്ചചെയ്യുന്നത്. ബാലകൃഷ്ണന്റെ രചനകളിൽ സ്ഥാനം പിടിക്കാറുള്ള ഇതിഹാസകഥാപരാമർശങ്ങൾ, രാഷ്ട്രീയ വീക്ഷണങ്ങൾ, ചരിത്ര-തത്ത്വചിന്തകൾ, മാനസികാപഗ്രഥനങ്ങൾ എന്നിവ ഇവിടെയും കാണാം. ഇതിഹാസനോവലിലെ സ്വപ്നാവതരണവും ആവർത്തിക്കുന്നുണ്ട്. കഥാനായകന്റെ ജീവിതപശ്ചാത്തലവും ഗ്രാമീണജീവിതത്തിന്റെ വ്യത്യസ്തമുഖങ്ങളും ഹൃദയസ്പൃക്കായി ആഖ്യാനം ചെയ്യുന്നു. പ്ലൂട്ടോയുടെ 'ആൾസേഷ്യൻ' തറവാടിത്തത്തെ ചോദ്യം ചെയ്യപ്പെടുന്ന നോവൽഭാഗം, സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ട മനുഷ്യരോടുള്ള നോവലിസ്റ്റിന്റെ സമീപനം വ്യക്തമാക്കുന്നതു കൂടാതെ മനുഷ്യനിർമ്മിതമായ നീതിനിർവ്വഹണത്തിലെ നെറികേടുകളെചോദ്യം ചെയ്യുന്നതുകൂടിയാണ്. മനുഷ്യൻ വന്നാലും പോയാലും കാലം മാറിയാലും ആൾക്കൂട്ട മന:ശാസ്ത്രം ഇപ്പോഴും അതേപോലെ നിലനില്ക്കുന്നു എന്ന യാഥാർത്ഥ്യം ആക്ഷേപഹാസ്യരൂപത്തിൽ അവതരിപ്പിക്കുകയാണ് നോവലിസ്റ്റ്.

ചരിത്രത്തിന്റെ സാംസ്കാരികപ്രാധാന്യം മനസ്സിലാക്കി, ചരിത്രരചനയെ നയിക്കേണ്ടത് സമൂഹപരിണാമത്തിന്റെ നിയമങ്ങളായിരിക്കണമെന്ന് പി.കെ. ബാലകൃഷ്ണൻ വിശ്വസിച്ചിരുന്നു. കേരളചരിത്രരചനകളിലെ നമ്പൂതിരി-നായർ വീക്ഷണങ്ങളെ എതിർത്ത പി.കെ. ബാലകൃഷ്ണൻ, ശാസ്ത്രീയചരിത്രരചന ഇവിടെ അസ്തമിച്ചതായി കണ്ടെത്തി. ചരിത്രരചനകളിൽ തമസ്കരിക്കപ്പെട്ടുപോയ അധഃസ്ഥിതവർഗ്ഗചരിത്രമാണ് ബാലകൃഷ്ണന്റെ ചരിത്രലേഖനങ്ങൾ ലക്ഷ്യമാക്കുന്നത്.

കേരളത്തിന്റെ സാമൂഹികനവോത്ഥാനവും ചരിത്രവും പരാമർശവിഷയമാകുന്ന സമാഹാരഗ്രന്ഥമാണ് *നാരായണഗുരു.* ചരിത്രപണ്ഡിതർ ശ്രദ്ധിക്കാതെ

പോയ കേരളസമൂഹത്തിലെ അവശസമുദായങ്ങളുടെ അവസ്ഥ ബാലകൃഷ്ണൻ ഗ്രന്ഥത്തിൽ വിശദീകരിക്കുന്നു. ചരിത്രം നിർമ്മിച്ചത് കീഴാളജനതയാണെന്ന ബോധമാണ് ബാലകൃഷ്ണനുള്ളത്.

ഒരു സാമൂഹികവിമർശനപഠനമെന്ന നിലയിലാണ് *ജാതിവ്യവസ്ഥിതിയും കേരളചരിത്ര*വും എന്ന ഗ്രന്ഥത്തിന്റെ പ്രസക്തി. സാമ്പ്രദായികരീതിയിലുള്ള ചരിത്രരചനകളിലെ സവർണ്ണാധിപത്യചിന്തകൾക്കെതിരെ ഒരു കീഴാളപരിപ്രേക്ഷ്യമാണ് ഇവിടെയും ബാലകൃഷ്ണൻ ലക്ഷ്യം വെച്ചത്. ഗ്രന്ഥാരംഭത്തിൽത്തന്നെ കേരളത്തിലെ കാർഷികഗ്രാമവ്യവസ്ഥ ചർച്ച ചെയ്യുന്നുണ്ട്. ബ്രഹ്മസ്വവും ദേവസ്വവുമായി നിലനിന്ന ഭൂവുടമാസമ്പ്രദായത്തിൽ, വിചിത്രമായ അയിത്തമെന്ന അനാചാരം കാരണം ഉത്പാദനത്തിനും സമൂഹാഭിവൃദ്ധിക്കും തടസ്സമായിനിന്ന സാമൂഹികാന്തരീക്ഷമാണ് ബാലകൃഷ്ണന്റെ ശ്രദ്ധയ്ക്ക് വിഷയമാകുന്നത്.

കേരളത്തിന്റെ കാർഷികരംഗത്തെ കൊളോണിയൽ സ്വാധീനം പഠനത്തിൽ കാണുന്നില്ല. തിരുവിതാംകൂർ ഗവൺമെന്റും കൊളോണിയൽ കമ്പനികളും നടത്തിയ കരാറുകൾ കാരണം നാണ്യവിളകൾക്ക് പ്രാധാന്യം കൈവന്നത് സാമൂഹികപ്രാധാന്യമുള്ള വിഷയമാണ്. കൃഷിയുടെ വാണിജ്യവൽക്കരണം വനവിഭവങ്ങളെയും പരിസ്ഥിതിയെയും നേരിട്ടു ബാധിച്ചിരുന്നു.

ശാസനങ്ങൾപോലുള്ള രേഖകൾ ഉപയോഗിച്ചുള്ള ശാസ്ത്രീയചരിത്രരചനാരീതികളെ അവിശ്വസിക്കുകയും വിദേശസഞ്ചാരികളുടെ കുറിപ്പുകളെ ആശ്രയിക്കുകയും ചെയ്യുകയാണ് ബാലകൃഷ്ണൻ. കേരളചരിത്രത്തിലെ മഹോദയപുരം ആസ്ഥാനമാക്കിയുള്ള രണ്ടാം ചേരവംശത്തെക്കുറിച്ചും ശ്രീമൂലവാസം ബുദ്ധവിഹാരത്തെക്കുറിച്ചും ഉള്ള ബാലകൃഷ്ണന്റെ പരമാർശങ്ങൾ അതാണ് വ്യക്തമാക്കുന്നത്. ചരിത്രത്തെളിവുകളായ പ്രാഥമിക ഉപാദാനങ്ങളെ അവിശ്വസിക്കുകയും ദ്വിതീയ ഉപാദാനസാമഗ്രികളെ വിശ്വാസത്തിലെടുക്കുകയും ചെയ്യുമ്പോൾ ചരിത്രരചനയിൽ സംഭവിക്കുന്ന പ്രശ്നങ്ങൾ ബാലകൃഷ്ണന്റെ ചരിത്രഗ്രന്ഥത്തിൽ സ്ഥാനം പിടിക്കുന്നു.

ചരിത്രത്തെ സാമൂഹ്യ-സാമ്പത്തിക-രാഷ്ട്രീയചരിത്രവുമായി ബന്ധിപ്പിക്കാതെ വർഗ്ഗേതരമായ കാഴ്ചപ്പാടോടെയാണ് ബാലകൃഷ്ണൻ കാണുന്നത് എന്ന് ഗ്രന്ഥം സാക്ഷ്യപ്പെടുത്തുന്നു. യൂറോപ്യൻ പണ്ഡിതരുടെ മാർഗ്ഗമാണ് ഇത്. കേരളത്തിലെ ജാതിവ്യവസ്ഥയെക്കുറിച്ചു ചിന്തിക്കുമ്പോൾ, ബ്രാഹ്മണാധിപത്യവുമായി ബന്ധപ്പെട്ട ആശയങ്ങളുടെ സ്വാധീനത്തിൽ വളർന്നുവന്ന ഒരു സാമൂഹികപ്രതിഭാസമാണ് ജാതിവ്യവസ്ഥ എന്നു ബാലകൃഷ്ണൻ വിശ്വസിക്കുന്നു. ജാതികൾ തമ്മിലുള്ള ബന്ധം ചൂഷക-ചൂഷിത ബന്ധമല്ല എന്നാണദ്ദേഹം സ്ഥാപിക്കുന്നത്. നായർ-നമ്പൂതിരി സമുദായങ്ങളെക്കുറിച്ചു പ്രസ്താവിക്കുമ്പോൾ നായർ സമുദായം ഉത്പാദനം മരവിപ്പിച്ച സമുദായമായി കാണുന്നു. ഇന്ത്യയിലെ മറ്റു ബ്രാഹ്മണസമുദായങ്ങളിൽനിന്നും വ്യത്യസ്ത ആചാരങ്ങൾ പുലർത്തുന്ന കേരളത്തിലെ നമ്പൂതിരിമാർ 'ശൂദ്രസംഗ' ത്തിന്റെ കാര്യത്തിൽ ശങ്കരസ്മൃതി കണ്ടില്ലെന്നു നടിക്കുന്നവരും. 'സ്വയംഭൂ' പോലുള്ള ഭൂവുടമാസമ്പ്രദായങ്ങൾ തങ്ങളുടെ സാമൂഹിക പദവി നഷ്ടപ്പെടാതിരിക്കാൻ നിഷ്കർഷപുലർത്തി സംരക്ഷിക്കുന്നവരുമാണ്.

മലയാളത്തിൽ ആദ്യമായി ഗ്രന്ഥരൂപത്തിൽ പ്രസിദ്ധീകരിച്ച ടിപ്പുസുൽത്താന്റെ ചരിത്രം ചരിത്രരേഖകളുടേയും ഉറവിടഗ്രന്ഥങ്ങളുടേയും അപര്യാപ്തത വ്യക്തമാക്കുന്നതാണ്. പൊതുവെ ബാലകൃഷ്ണൻ സാഹിത്യപഠനങ്ങളിൽ കൃതികളിലെ പ്രഭാവത്തിനും അഭാവത്തിനും പ്രാധാന്യം നൽകിയപ്പോൾ ചരിത്രഗ്രന്ഥങ്ങളിൽ ഇല്ലായ്മകളാണ് മുന്നിട്ടുനിൽക്കുന്നത്.

# ഗ്രന്ഥസൂചി


അച്യുതൻ, എം. (പ്രൊ). *സ്വാതന്ത്ര്യസമരവും മലയാളസാഹിത്യവും.* തൃശൂർ: കേരള സാഹിത്യ അക്കാദമി, 2003.

----------------. *പാശ്ചാത്യസാഹിത്യദർശനം.* കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം, 1977.

അച്യുതനുണ്ണി, ചാത്തനാത്ത്, *ഗവേഷണം-പ്രബന്ധരചനയുടെ തത്ത്വങ്ങൾ.* ശുകപുരം: വള്ളത്തോൾ വിദ്യാപീഠം, 2006.

അപ്പൻ, കെ.പി. *വരകളും വർണ്ണങ്ങളും.* കോഴിക്കോട്: ഒലീവ് പബ്ലിഷേഴ്സ്, സപ്തംബർ, 1999.

അപ്പുക്കുട്ടൻ, മാമ്പുഴ, *നവീനവിമർശനം.* തൃശൂർ: കേരള സാഹിത്യ അക്കാദമി, 1997.

അയ്യപ്പൻ, കെ. *ഭാരതപ്പുഴമ.* കോഴിക്കോട്: മാതൃഭൂമി പ്രിന്റിംഗ് അന്റ് പബ്ലിഷിങ്ങ് കമ്പനി, 1962.

അയ്യപ്പപ്പണിക്കർ, കെ. *വ്യക്തിചിത്രങ്ങൾ യാത്രാദൃശ്യങ്ങൾ.* തിരുവനന്തപുരം: സാംസ്കാരിക പ്രസിദ്ധീകരണവകുപ്പ്: കേരളസർക്കാർ, 2005.

----------------. *കവിദർശനം.* തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2002.

അരവിന്ദാക്ഷൻ, വി. (പ്രൊ.). *തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ.* തൃശൂർ: കേരള സാഹിത്യഅക്കാദമി, 2013.

ഇരാവതി കാർവെ. *മഹാഭാരതപഠനങ്ങൾ* (വിവ.) പി.ആർ. നായർ. തിരുവനന്തപുരം: മൈത്രി ബുക്സ്, 2008.

ഉണ്ണി, കെ.എസ്. *മഹാഭാരതത്തിലെ കർണ്ണൻ.* തലശ്ശേരി: വിദ്യാവിലാസം പ്രസ്. കൊ.വ. 1099.

ഉണ്ണികൃഷ്ണൻ പോറ്റി, *വ്യാസകഥാപാത്രങ്ങൾ.* തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2011.

ഉണ്ണികൃഷ്ണൻ, സി.എൻ. (സമ്പാ.), *നാടും നാടകവും* (സി.എൻ. ശ്രീകണ്ഠൻ നായരുടെ തെരഞ്ഞെടുത്ത ലേഖനങ്ങൾ). തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2001.

എസ്.കെ. പൊറ്റെക്കാട്ട്, *എന്റെ വഴിയമ്പലങ്ങൾ*. കോഴിക്കോട്: പി.കെ. ബ്രദേർസ്, 1994.

എഴുത്തച്ഛൻ, കെ.എൻ., *തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ, വാ. രണ്ട്*. തൃശൂർ: കേരള സാഹിത്യ അക്കാദമി, 1991.

കരീം, സി.കെ. *ഡോ. സി.കെ. കരീമിന്റെ ചരിത്രപഠനങ്ങൾ*. തിരുവനന്തപുരം: ചരിത്രം പബ്ലിഷേഴ്സ്, തിരുവനന്തപുരം, 1984.

കരുണാകരൻ, തിരുനല്ലൂർ, *ഒരു മഹായുദ്ധത്തിന്റെ പര്യവസാനം.* കൊല്ലം: സങ്കീർത്തനം പബ്ലിക്കേഷൻസ്, 2004.

കുഞ്ഞൻപിള്ള ഇളംകുളം, *കേരളഭാഷയുടെ വികാസപരിണാമങ്ങൾ (ഒന്നാം ഭാഗം)*. കോട്ടയം: സാഹിത്യപ്രവർത്തകസഹകരണംസംഘം, 1984.

കുഞ്ഞിക്കുട്ടൻ തമ്പുരാൻ, *ശ്രീമഹാഭാരതം മൂന്നാം വാല്യം*. കോട്ടയം: സാഹിത്യ പ്രവർത്തകസഹകരണംസംഘം, 1981.

----------------. *ശ്രീമഹാഭാരതം രണ്ടാം വാല്യം*. കോട്ടയം: സാഹിത്യപ്രവർത്ത കസഹകരണംസംഘം, 1981.

കുട്ടികൃഷ്ണമാരാർ. *ഭാരതപര്യടനം*. കോഴിക്കോട്: മാരാർ സാഹിത്യപ്രകാശം, 2012.

കുമാരൻ, മാമ്പുഴ, *സംസ്കാരത്തിന്റെ അടയാളങ്ങൾ*. ശുകപുരം: വള്ളത്തോൾ വിദ്യാപീഠം, 2015.

കുമാരൻ മൂർക്കോത്ത്, *ഒയ്യാരത്തു ചന്തുമേനോൻ (ജീവചരിത്രം)*. തൃശൂർ: കേരള സാഹിത്യ അക്കാദമി, 1996.

കുറുപ്പ്, കെ.കെ.എൻ. *നവാബ് ടിപ്പുസുൽത്താൻ: ഒരു പഠനം*. കോഴിക്കോട്: മതൃഭൂമി ബുക്സ്, 2007.

----------------. *സമൂഹം ചരിത്രം സംസ്കാരം*. കോഴിക്കോട്: പൂർണ്ണ പബ്ലിക്കേ ഷൻസ്, 1988.

കൃഷ്ണപ്പിള്ള, എൻ. *കൈരളിയുടെ കഥ.* കോട്ടയം: സാഹിത്യപ്രവർത്തകസഹക രണംസംഘം, 1998.

----------------. (സമ്പാ.) ഏഴുമറ്റൂർ രാജാരാജവർമ്മ. *എൻ. കൃഷ്ണപ്പിള്ളയുടെ പ്രബന്ധങ്ങൾ സമ്പൂർണ്ണം*. കോട്ടയം: കറന്റ് ബുക്സ്, 2014.

കേരളഹിസ്റ്ററി അസ്സോസിയേഷൻ, *കേരളചരിത്രം (ഒന്നാംവാല്യം).* എറണാകുളം: കേരളഹിസ്റ്ററി അസ്സോസിയേഷൻ, 1973.

----------------.*കേരളചരിത്രം (രണ്ടാംവാല്യം).* എറണാകുളം: കേരളഹിസ്റ്ററി അസ്സോസിയേഷൻ, 1974.

കേരളവർമ്മ വലിയകോയിത്തമ്പുരാൻ, *അക്ബർ.* തിരുവനന്തപുരം: വി.വി. ബുക്ഡിപ്പോ, 1995.

കൊച്ച്, കെ.കെ. *കേരളചരിത്രവും സമൂഹരൂപീകരണവും*. തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2015.

കൊസാംബി, ഡി.ഡി. *ഇന്ത്യാചരിത്രപഠനത്തിനൊരു മുഖവുര*, പരിഭാഷ. പ്രൊഫ. വി. കാർത്തികേയൻനായർ. തിരുവനന്തപുരം: മൈത്രി ബുക്സ്, 2010.

ഗംഗാധരൻ, എം. (എഡി.). *ജാതിവ്യവസ്ഥ: പഠനങ്ങൾ*. തൃശൂർ: ജനകീയ പ്രസിദ്ധീകരണകേന്ദ്രം, 2000.

ഗണേശ്, കെ.എൻ. *കേരളത്തിന്റെ ഇന്നലെകൾ.* തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2011.

----------------. *കേരളസമൂഹപഠനങ്ങൾ.* പത്തനംതിട്ട: പ്രസക്തി ബുക്സ്, 2011.

ഗോപാലകൃഷ്ണൻ, കെ. (സമാ.) *കേസരി നായനാരുടെ കൃതികൾ.* കോഴിക്കോട്: മതൃഭൂമി ബുക്സ്, 1987.

ഗോപാലകൃഷ്ണൻ, പി.കെ. *കേരളത്തിന്റെ സാംസ്കാരികചരിത്രം.* തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1991.

----------------. *പുരോഗമനസാഹിത്യപ്രസ്ഥാനം നിഴലും വെളിച്ചവും.* തൃശൂർ: ഡി.സി. ബുക്സ്, 2010.

ഗോവിന്ദപ്പിള്ള, പി. *കേരളനവോത്ഥാനം ഒരു മാർക്സിസ്റ്റ് വീക്ഷണം. ഒന്നാം സഞ്ചയിക.* തിരുവനന്തപുരം: ചിന്ത പബ്ലിഷേഴ്സ്, 2004.

ചന്ദ്രബാബു, വി., കവടിയാർ രാമചന്ദ്രൻ, ഏഴുമറ്റൂർ രാജരാജവർമ്മ (സമ്പാ.). *എൻ. കൃഷ്ണപ്പിള്ളയും സാംസ്കാരികരംഗവും.* കോട്ടയം: സാഹിത്യപ്രവർത്തകസഹകരണസംഘം, 1988.

ചന്ദ്രശേഖരൻ, എം.ആർ. *കേരളത്തിലെ പുരോഗമനസാഹിത്യപ്രസ്ഥാനത്തിന്റെ ചരിത്രം.* കോട്ടയം: ഡി.സി. ബുക്സ്, 2010.

ചുമ്മാർ, ടി.എം. *സി.വി.യുടെ ആഖ്യായികകൾ.* തൃശൂർ: കറന്റ് ബുക്സ്, 1965.

ജനാർദ്ദനമേനോൻ കുന്നത്ത്, *കുമാരനാശാൻ, കേരളഭാഷാപ്രണയികൾ.* എറണാകുളം: ദീപം പബ്ലിഷിങ്ങ് കമ്പനി, 1956.

ജയാസുകുമാരൻ, ഡോ. *ബംഗാളിനോവലുകൾ മലയാളത്തിൽ- വിവർത്തനപഠനത്തിന്റെ സിദ്ധാന്തവും പ്രയോഗവും.* ചങ്ങനാശ്ശേരി: താരതമ്യപഠനസംഘം, വിത. കറന്റ് ബുക്സ്, 2011.

ജോൺപോൾ. (എഡി.), *സി.ജെ. തോമസ്- അവൻ വീണ്ടും വരുന്നു ഒരു പുനർവായന.* കോട്ടയം: സാഹിത്യപ്രവർത്തകസഹകരണസംഘം, 2016.

----------------. *സി.ജെ. തോമസും സി.ജെ. തോമസും.* കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം, 2016.

ജോൺ വിൽസൺ, ഡോ. (വിവ.) എം.എൽ. സത്യദാസ്. *ഇന്ത്യൻ ജാതിവ്യവസ്ഥ.* തിരുവനന്തപുരം: ആരോബുക്സ്, 2006.

ജോർജ്, ഇരുമ്പയം, *നോവൽ: സി.വി. മുതൽ ബഷീർ വരെ (പഠനങ്ങൾ).* കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം, 1998.

----------------. *ആദ്യകാല മലയാളനോവൽ.* കോട്ടയം: സാഹിത്യപ്രവർത്തകസഹകരണസംഘം, 2010.

ടോണി മാത്യു, *നോവൽപരിചയം.* കോട്ടയം: ഡി.സി. ബുക്സ്, 1986.

ഡാനിയേൽ, കെ.എം. *വീണപൂവ് കൺമുമ്പിൽ.* തൃശൂർ: കേരള സാഹിത്യ അക്കാദമി, 2012.

----------------.*നവചക്രവാളം നളിനിയിലും മറ്റും.* കോട്ടയം: സാഹിത്യപ്രവർത്തകസഹകരണംസംഘം, 1973.

തരകൻ, കെ.എം. *വിശ്വമഹാഗ്രന്ഥങ്ങൾ വാ. രണ്ട് (ഒരു സംഘം ലേഖകർ).* തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1983.

----------------. *ആധുനികനോവൽദർശനം.* കോട്ടയം: സാഹിത്യപ്രവർത്തകസഹകരണംസംഘം, 1992.

----------------. *ഒ. ചന്തുമേനോൻ.* തിരുവനന്തപുരം: കേരള സർവ്വകലാശാല പ്രകാശനവിഭാഗം, 1994.

തോമസ്, കെ.വി. (എഡി.) *എം.പി. പോളിന്റെ സമ്പൂർണ്ണകൃതികൾ, വാ. ഒന്ന്.* കോഴിക്കോട്: മീഡിയ ഹൗസ്, 2012.

----------------. *എം.പി. പോളിന്റെ സമ്പൂർണ്ണകൃതികൾ, വാ. രണ്ട്.* കോഴിക്കോട്: മീഡിയ ഹൗസ്, 2012.

ദസ്തയോവ്സ്കി. *ജീവിതം ദർശനം കത്തുകൾ (ജീവചരിത്രം)*, പരിഭാഷ, പി. ജയലക്ഷ്മി. കോഴിക്കോട്: ഒലീവ് പബ്ലിക്കേഷൻസ്, 2012.

ദാമോദരൻ, എൻ.കെ. (എഡി.). *കുമാരനാശാന്റെ ഗദ്യലേഖനങ്ങൾ.* തോന്നയ്ക്കൽ: കുമാരനാശാൻ സ്മാരകകമ്മറ്റി, 1981.

നമ്പൂതിരിപ്പാട്, ഇ.എം.എസ്. *തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ.* തൃശ്ശൂർ: കേരള സാഹിത്യ അക്കാദമി, 1990.

നമ്പൂതിരിപ്പാട്, ഇ.എം.എസ്. *ആശാനും മലയാളസാഹിത്യവും.* തിരുവനന്തപുരം: ചിന്ത പബ്ലിഷേഴ്സ്, 2008.

*നാടകക്കളരി (പ്രബന്ധങ്ങൾ)* (സമ്പാ.). കൂത്താട്ടുകുളം: സി.ജെ. സ്മാരകപ്രസംഗ സമിതി, 1972.

നാരായണപ്പിള്ള, പി.കെ. *പഞ്ചാനനന്റെ വിമർശത്രയം.* തൃശൂർ: കേരള സാഹിത്യ അക്കാദമി, 1986.

നിത്യചൈതന്യയതി, *ഗുരുനിത്യചൈതന്യയതി ആശാനെക്കുറിച്ച് എഴുതിയതെല്ലാം.* തൃശൂർ: മലയാളപഠനഗവേഷണകേന്ദ്രം, 2011.

----------------. *നളിനി എന്ന കാവ്യശില്പം.* കോഴിക്കോട്: ലിപി പബ്ലിക്കേഷൻസ്, 2008.

----------------. *ആശാൻ എന്ന ശില്പി.* തിരുവനന്തപുരം: മലയാളവിഭാഗം, കേരള സർവ്വകലാശാല, 1994.

നീലകണ്ഠശാസ്ത്രി, കെ.എ. *ദക്ഷിണഭാരതചരിത്രം.* വിവ. എം. ദിവാകരൻ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1991.

പത്മനാഭമേനോൻ, കെ.പി. *കൊച്ചിരാജ്യചരിത്രം.* കോഴിക്കോട്: മാതൃഭൂമി ബുക്സ്, 1989.

പണിക്കർ, ജി.എൻ. *അകലെനിന്ന് അടുത്ത്നിന്ന് (അനുസ്മരണങ്ങൾ).* തിരുവനന്തപുരം: സാംസ്കാരിക പ്രസിദ്ധീകരണവകുപ്പ്, കേരള സർക്കാർ, 2005.

----------------. *ഡോസ്റ്റോയ്വ്സ്കി.* കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം, 1980.

പണിക്കർ, കെ.എൻ. *സംസ്കാരവും ദേശീയതയും.* തൃശൂർ: കരന്റ് ബുക്സ്, 2010.

----------------. *തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ.* തൃശൂർ: കേരള സാഹിത്യ അക്കാദമി, 2010.

പ്രതിഭാറായ്, *ദ്രൗപദി* (നോവൽ) വിവ: പി. മാധവൻപിള്ള. കോട്ടയം: ഡി.സി. ബുക്സ്, 2016.

പ്രഭാകരൻ, ടി.ടി. (സമ്പാ), *സി.പി. അച്യുതമേനോന്റെ നിരൂപണങ്ങൾ.* കോട്ടയം: ഡി.സി. ബുക്സ്, 1989.

പ്രഭാകരൻ പ്രയാർ, *ആശാൻ കവിത- സലക്ഷണവും വിലക്ഷണവും.* മാവേലിക്കര: ഫേബിയൻ ബുക്സ്, 2012.

പ്രഭാകരൻ, എൻ. (ജനറൽ എഡിറ്റർ). *എം.എൻ. വിജയന്റെ സമ്പൂർണ്ണകൃതികൾ വാ. ഒന്ന്.* തൃശൂർ: കറന്റ് ബുക്സ്, 2008.

----------------. *എം.എൻ. വിജയന്റെ സമ്പൂർണ്ണകൃതികൾ വാ. രണ്ട്.* തൃശൂർ: കറന്റ് ബുക്സ്, 2008.

----------------. *എം.എൻ. വിജയന്റെ സമ്പൂർണ്ണകൃതികൾ, വാ. ഒമ്പത്, അഭിമുഖം*. തൃശൂർ: കറന്റ് ബുക്സ്, 2009.

----------------. *എം.എൻ. വിജയന്റെ സമ്പൂർണ്ണകൃതികൾ, വാ. പത്ത്, ആത്മകഥ, ഓർമ്മക്കുറിപ്പുകൾ, അനുബന്ധങ്ങൾ*. തൃശൂർ: കറന്റ് ബുക്സ്, 2009.

പ്രഭാകരവാരിയർ, കെ.എം. *ഗവേഷണപദ്ധതി.* ശുകപുരം: വള്ളത്തോൾ വിദ്യാപീഠം, വിത. കറന്റ് ബുക്സ്, കോട്ടയം, 1982.

പ്രസന്നമണി, *പി.കെ. ബാലകൃഷ്ണൻ (ജീവചരിത്രം).* തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2017.

പ്രസന്നരാജൻ, *കെടാത്ത ജ്വാല, കെ. ബാലകൃഷ്ണൻ*. കോട്ടയം: ഡിസി ബുക്സ്, 2010.

ബഞ്ചമിൻ, ഡി. *കുമാരനാശാന്റെ കാവ്യപ്രപഞ്ചം*. സമ്പാ. കെ. രാമചന്ദ്രൻനായർ, ടി. ഭാസ്കരൻ. തിരുവനന്തപുരം: കേരള സർവ്വകലാശാല പ്രസിദ്ധീകരണ വിഭാഗം, 1976.

----------------. *നോവൽ സാഹിത്യപഠനങ്ങൾ.* തിരുവനന്തപുരം: മാളൂബൻ പബ്ലിക്കേഷൻസ്, 1997.

----------------. *സാഹിത്യഗവേഷണത്തിന്റെ രീതിശാസ്ത്രം.* തിരുവനന്തപുരം: മാളൂബൻ പബ്ലിക്കേഷൻ, 2012.

ബഷീർ, എം.എം. *കുമാരനാശാന്റെ രചനാശില്പം; ഹസ്തലിഖിതങ്ങളെ ആധാരമാക്കി ഒരു പഠനം*. തിരൂർ: തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല, 2017.

----------------. *20 നോവലുകൾ (നിരൂപണം).* കോഴിക്കോട്ട്: ലീഡ് ബുക്സ്, 2013.

----------------. (സമ്പാ.). *കുമാരനാശാന്റെ നോട്ടുബുക്കുകൾ.* കോഴിക്കോട്, ലിപി, പബ്ലിക്കേഷൻസ്, 1983.

ബാനർജി, ഇ. *മിത്തും മലയാളനോവലും*. തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2010.

ബാബു, ഐ.വി. *കേരളീയ നവോത്ഥാനവും നമ്പൂതിരിമാരും.* കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണസംഘം, 2001.

ബാലകൃഷ്ണൻ, പി.കെ. *എഴുത്തച്ഛന്റെ കല-ചില വ്യാസഭാരതപഠനങ്ങളും.* തൃശൂർ: കരന്റ് ബുക്സ്, 2002.

----------------. *ഒരു വീരപുളകത്തിന്റെ കഥ.* സമ്പാ. ഡോ.എസ്. ഷാജി. വർക്കല: കലാപൂർണ്ണ പബ്ലിക്കേഷൻസ്, 2015.

----------------. *നോവൽ-സിദ്ധിയും സാധനയും.* കോട്ടയം: ഡി.സി. ബുക്സ്, 2009.

----------------. *ചന്തുമേനോൻ: ഒരു പഠനം.* കോട്ടയം: ഡി.സി. ബുക്സ്, 2006.

----------------. *കേരളീയതയും മറ്റും പി.കെ. ബാലകൃഷ്ണന്റെ അസമാഹൃതരചനകൾ.* കോട്ടയം: ഡി.സി. ബുക്സ്, 2008.

----------------. *നാരായണഗുരു- സമാഹരണഗ്രന്ഥം.* കോട്ടയം: ഡി.സി. ബുക്സ്, 2010.

----------------. *കാവ്യകല കുമാരനാശാനിലൂടെ.* കോട്ടയം: ഡി.സി. ബുക്സ്, 2010.

----------------. *ജാതിവ്യവസ്ഥിതിയും കേരളചരിത്രവും.* കോട്ടയം: ഡി.സി. ബുക്സ്, 2015.

----------------. *ടിപ്പുസുൽത്താൻ.* കോട്ടയം: ഡി.സി. ബുക്സ്, 2010.

----------------. *വേറിട്ട ചിന്തകൾ.* കോഴിക്കോട്: പ്രതീക്ഷാ ബുക്സ്, 2011.

----------------. *പി.കെ. ബാലകൃഷ്ണന്റെ ലേഖനങ്ങൾ.* കോട്ടയം: ഡി.സി. ബുക്സ്, 2010.

----------------. *ഇനി ഞാൻ ഉറങ്ങട്ടെ,* കോട്ടയം: ഡി.സി. ബുക്സ്, 2010.

----------------. *പ്ലൂട്ടോ! പ്രിയപ്പെട്ട പ്ലൂട്ടോ!.* കോട്ടയം: ഡി.സി. ബുക്സ്, 2010.

ബാലകൃഷ്ണമോനോൻ, നെടിയംവീട്ടിൽ. *നോവൽപഠനങ്ങൾ.* (സമ്പാ.) വത്സലൻ വാതുശ്ശേരി. കോട്ടയം: ഡി.സി. ബുക്സ്, 1989.

ബാലറാം, എം.പി. *സ്വത്വം സംസ്കാരം സങ്കല്പനം, വിമർശനപാഠങ്ങൾ*. കണ്ണൂർ: കോറസ് പബ്ലിഷേഴ്സ്, 2016.

ബാലറാം, എൻ.ഇ. *മാക്സിയൻ സൗന്ദര്യശാസ്ത്രം.* തിരുവനന്തപുരം: ദേശാഭിമാനി ബുക്ഹൗസ്, 1996.

ബിയാട്രിക്സ് അലെക്സിസ്, ഡോ. *വയലാർ പുരസ്കാരപ്പെരുമ നോവലുകളിൽ.* കൊല്ലം: രചന ബുക്സ്, 2016.

ഭാസ്കരൻ, ടി. *ഭാരതീയ കാവ്യശാസ്ത്രം.* തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1994.

ഭാസ്കരൻ, സി. (എഡി.). *ഇ.എം.എസ്സിന്റെ തെരഞ്ഞെടുത്ത പ്രസംഗങ്ങൾ.* തിരുവനന്തപുരം: ചിന്ത പബ്ലിഷേഴ്സ്, 2009.

മത്തായി മാഞ്ഞൂരാൻ, *പ്രകാശത്തിലേക്ക്.* എറണാകുളം, ശാസ്ത്രകലാപ്രസിദ്ധീകരണങ്ങൾ, വിത. കരന്റ്ബുക്സ്, തൃശൂർ, 1957.

മണി, എം.എസ്. *ജനാധിപത്യം തിരുകൊച്ചിയിൽ.* കോട്ടയം: നാഷണൽ ബുക്സ്റ്റാൾ, 1954.

മാണി, വെട്ടം. *പുരാണിക് എൻസൈക്ലോപീഡിയ*. കോട്ടയം: കരന്റ് ബുക്സ്, 1995.

രാഘവവാരിയർ, എം.ആർ. *കേരളീയത ചരിത്രമാനങ്ങൾ*. എടപ്പാൾ: വള്ളത്തോൾ വിദ്യാപീഠം, 2009.

----------------. *മധ്യകാലകേരളം സ്വരൂപനീതിയുടെ ചരിത്രപാഠങ്ങൾ.* കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം, 2014.

----------------. *ചരിത്രത്തിലെ ഇന്ത്യ*. കോഴിക്കോട്: മാതൃഭൂമി ബുക്സ്, 1997.

----------------. *മധ്യകാലകേരളം: സമ്പത്ത് സമൂഹം സംസ്കാരം*. തിരുവനന്തപുരം: ചിന്ത പബ്ലിഷേഴ്സ്, 1997.

രാഘവവാരിയർ, രാജൻ ഗുരുക്കൾ, *മിത്തും സമൂഹവും*. കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം, 2013.

----------------. *കേരളചരിത്രം.* ശുകപുരം: വള്ളത്തോൾ വിദ്യാപീഠം, 1991.

രാജഗോപാലൻ, ഇ.പി. (എഡി.). *'ഇന്ദുലേഖ' - വായനയുടെ വഴികൾ.* തൃശൂർ: കേരള സാഹിത്യ അക്കാദമി, 2001.

രാജൻഗുരുക്കൾ, *മിത്ത് ചരിത്രം സമൂഹം*, പത്തനംതിട്ട. പ്രസക്തി ബുക്സ്, 2009.

രാജീവ്, വി. *ആര്യാധിനിവേശവും നമ്പൂതിരിസംസ്കാരവും.* കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണസംഘം, 2015.

രാജീവൻ, ബി. *വാക്കുകളും വസ്തുക്കളും.* കോട്ടയം: ഡി.സി. ബുക്സ്, 2011.

രാമവർമ്മ, കെ.ടി. *പണ്ടത്തെ മലയാളക്കര.* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റി റ്റ്യൂട്ട്, 2008.

ലോഗൻ, വില്യം. *ലോഗന്റെ മലബാർ മാന്വൽ.* വിവ. ടി.പി. കൃഷ്ണൻ. കോഴി ക്കോട്: മാതൃഭൂമി ബുക്സ്.

രാമചന്ദ്രൻനായർ, ജി. *വിശ്വമഹാഗ്രന്ഥങ്ങൾ വാ. രണ്ട്.* (സമാ. ഒരു സംഘം ലേഖ കർ). തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1983.

വിജയൻ, എം.എൻ. *കലയും ജീവിതവും.* തിരുവനന്തപുരം: ചിന്ത പബ്ലിഷേഴ്സ്, 1998.

----------------. (എഡി.). *നമ്മുടെ സാഹിത്യം നമ്മുടെ സമൂഹം.* തൃശൂർ: കേര ളസാഹിത്യ അക്കാദമി, 2000.

----------------. *അധികാരം, അനുരാഗം, ആത്മരഹസ്യങ്ങൾ.* താഹ മാടായി (എഡി.). തിരുവനന്തപുരം: ചിന്ത പബ്ലിഷേഴ്സ്, 2002.

----------------. *കലയും ജീവിതവും.* തിരുവനന്തപുരം: ചിന്ത പബ്ലിഷേഴ്സ്, 1998.

വിജയൻ, എം.എൻ. (എഡി.) *നമ്മുടെ സാഹിത്യം നമ്മുടെ സമൂഹം.* തൃശൂർ: കേര ള സാഹിത്യ അക്കാദമി.

വിശ്വംഭരൻ, തുറവൂർ, 2014. *മഹാഭാരതപര്യടനം ഭാരതദർശനം: പുനർവായന* (ഡി. സി. ബുക്സ്).

വേലായുധൻ, പണിക്കശ്ശേരി (സമ്പാ.). *കേരളം പെരുമാക്കന്മാരുടെ കാലത്ത്.* കൊല്ലം: ശ്രീരാമവിലാസം ബുക്ക്ഡിപ്പോ, 1963.

----------------. *ചരിത്രത്തിന്റെ അടിവേരുകൾ.* കോട്ടയം: ഡിസി. ബുക്സ്, 2012.

വേലായുധപിള്ള, പി.വി. *മലയാളസാഹിത്യവിമർശനം.* കോട്ടയം: നാഷണൽ ബുക്സ്റ്റാൾ, 1981.

ശങ്കരൻ, തായാട്ട്. *ആശാൻ: നവോത്ഥാനത്തിന്റെ കവി.* കോട്ടയം: സാഹിത്യപ്രവർത്തകസഹകരണസംഘം, 2000.

----------------. *തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ.* തൃശൂർ: കേരള സാഹിത്യ അക്കാദമി, 1990.

ശങ്കുണ്ണിമേനോൻ, വി. *തിരുവിതാംകൂർ ചരിത്രം.* വിവ. ഡോ. സി.കെ. കരീം. തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1988.

ശരച്ചന്ദ്രൻ, കെ.പി. *ഒ. ചന്തുമേനോൻ അരങ്ങും അണിയറയും.* തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2013.

ശർമ്മ, ആർ.എസ്. *പ്രാചീന ഇന്ത്യ* (വിവ.) സെനു കുര്യൻജോർജ്ജ്. കോട്ടയം: ഡി.സി. ബുക്സ്, 2008.

ശ്രീകണ്ഠൻനായർ, എൻ. *കഴിഞ്ഞകാല ചിത്രങ്ങൾ (ഓർമ്മക്കുറിപ്പ് ഒന്നാം ഭാഗം),* തിരുവനന്തപുരം: എസ്.ആർ.വി. പ്രസ്, 1950.

----------------. *സ്മരണ, രണ്ടാംഭാഗം.* കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം, 1976.

ഷാജി, എസ്. *ആശാന്റെ രാഷ്ട്രീയം.* വർക്കല: വിവേകോദയം പ്രിന്റേഴ്സ്, 1998.

ഷേക്ക് അലി, ബി. *ടിപ്പുസുൽത്താൻ* (ദേശീയ ജീവചരിത്രപരമ്പര). *തർജ്ജമ ഐ. കെ.കെ. മേനോൻ.* ന്യൂഡൽഹി: നാഷണൽ ബുക്ട്രസ്റ്റ് ഇന്ത്യ, 2002.

സർദാർകുട്ടി, ഇ. *പുരോഗമനസാഹിത്യനിരൂപണം.* തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1993.

സാനു, എം.കെ. *നാരായണഗുരുസ്വാമി (ജീവചരിത്രം).* കോട്ടയം: സാഹിത്യപ്രവർത്തകസഹകരണസംഘം, 2013.

----------------. *സി.ജെ. തോമസ് ഇരുട്ടുകീറുന്ന വജ്രസൂചി (ജീവചരിത്രം).* കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം, 2016.

----------------. *മൃത്യുഞ്ജയം കാവ്യജീവിതം* (കുമാരനാശാന്റെ ജീവചരിത്രം). ഇരിങ്ങാലക്കുട: എസ്.എൻ. ചന്ദ്രിക എഡ്യുക്കേഷനൽ ട്രസ്റ്റ്. വിത. നാഷണൽ ബുക്സ്റ്റാൾ, കോട്ടയം.

----------------. *പി.കെ. ബാലകൃഷ്ണൻ: ഉറങ്ങാത്ത മനീഷി.* കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം, 2011.

സാം, എൻ; ബഞ്ചമിൻ, ഡി. (സമ്പാ.) *സാഹിത്യഗവേഷണവും വിമർശനവും.* കോട്ടയം: ഡി.സി. ബുക്സ്, 1990.

സുകുമാരൻനായർ, നാവായിക്കുളം, *എൻ. ശ്രീകണ്ഠൻനായർ: വ്യക്തിയും പ്രസ്ഥനയും*. കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം, 1980.

സുകുമാർ, അഴീക്കോട്, *മലയാളസാഹിത്യവിമർശനം*. കോട്ടയം: ഡി.സി. ബുക്സ്, 2010.

സുരേന്ദ്രൻ, കെ. *ദസ്തയേവ്സ്കിയുടെ കഥ*. കോട്ടയം: സാഹിത്യപ്രവർത്തകസഹകരണസംഘം, 1976.

സ്മിതാഗോപാൽ, *ആധുനികതയുടെ ഘടകങ്ങൾ ചിത്രകലയിലും നോവലിലും.* തിരുവനന്തപുരം: പ്രകാശനവിഭാഗം, കേരള സർവ്വകലാശാല, 2009.

ഹരിശർമ്മ, എ.ഡി. (സമ്പാ.) *പണ്ഡിതസദസ്സ്.* തുറവൂർ, നരസിംഹവിലാസം ബുക്ക്ഡിപ്പോ, 1955.

റസ്സലുദ്ദീൻ, എ. സി.ജെ. *ധിക്കാരിയുടെ കാതൽ*, കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം, 2008.

റോബിൻ ജെഫ്രി. *നായർ മേധാവിത്തത്തിന്റെ പതനം* (വിവ.). പുതുപ്പള്ളി രാഘവൻ, എം.എസ്. ചന്ദ്രശേഖരവാരിയർ. കോട്ടയം: ഡി.സി. ബുക്സ്, 1979.

റോയ്, എം.എൻ. *ദിവ്യമാരുടെ മനഃശാസ്ത്രം*. വിവ. എം.വി. ഹരിദാസൻ. കോഴിക്കോട്: ഇൻസൈറ്റ് പബ്ലിക്ക, 2012.

## ആനുകാലികങ്ങൾ


അശോകൻ, കെ. 'ഇതിഹാസത്തിൽ നിന്നു നോവൽ'. *ഭാഷാപോഷിണി,* 1986 ഏപ്രിൽ, പു. 59.

ആനന്ദ്. 'നോവലും നോവൽ രചനയും'. *ഭാഷാപോഷിണി*, 2008 ജനുവരി, ല. 8, പു. 16-24.

ഗണേശ്, കെ.എൻ. 'ജാതിവ്യവസ്ഥയും കേരളചരിത്രവും: ഒരു പുനരന്വേഷണം'. *ഗ്രന്ഥലോകം*, 2011, ല. 9, പു. 44.

ഗോപിനാഥൻ നായർ, എൻ. 'പാഞ്ചാലിയെക്കുറിച്ചൊരു ചിന്ത'. *സാഹിത്യലോകം,* 1984.

ബഷീർ, എം.എം. 'പുരാണകൃതികളെ പാവനമായി സൂക്ഷിക്കണോ?' *സുപ്രഭാതം ഓണം വിശേഷാൽ പതിപ്പ്,* 2018.

ബാലകൃഷ്ണൻ, പി.കെ. 'മഹാകവി കുമാരനാശാൻ'. *കൗമുദി ആഴ്ചപ്പതിപ്പ്,* കൊ.വ. 1130, ല. 10, പുസ്തകം. 6.

--------------, 'കുട്ടികൃഷ്ണമാരാരും സ്റ്റാലിനും തമ്മിൽ ഒരു വലിയ തർക്കം'. *കൗമുദി ആഴ്ചപ്പതിപ്പ്*, കൊ.വ. 1130, ല. 13, പുസ്തകം. 6.

--------------, 'കമ്മ്യൂണിസ്റ്റുകാരും ഫ്യൂഡലിസവും'. *കൗമുദി പി.കെ. ബാലകൃഷ്ണൻ പതിപ്പ്*, 2012 മാർച്ച്-ഏപ്രിൽ.

രമേശൻ, പഴവിള. 'പി.കെ. ബാലകൃഷ്ണൻ-കവചകുണ്ഡലങ്ങളില്ലാത്ത കർണ്ണൻ'. *മാതൃഭൂമി ആഴ്ചപ്പതിപ്പ്,* 1991, ഏപ്രിൽ 21-27, പു.?

രവീന്ദ്രൻ, പി.പി. 'മലയാളത്തിലെ മഹാഭാരതനോവലുകൾ'. *മാതൃഭൂമി ആഴ്ചപ്പതിപ്പ്,* 2004 മെയ് 23-29. പു. 19.

രാജശേഖരൻ, പി.കെ, വേണുഗോപാലൻ, പി. 'നഷ്ടഭാഗങ്ങൾ ചേർത്ത് ഇന്ദുലേഖ വായിക്കൂ'. *മാതൃഭൂമി ആഴ്ചപ്പതിപ്പ്*, 2014 ഏപ്രിൽ 13, പുസ്ത. 92, ല.2.

രാധാകൃഷ്ണൻ, കെ.എസ്. 'കൃതികൾ ജീവിതത്തിന്റെ നേർസാക്ഷ്യങ്ങൾ'. *ഭാഷാ പോഷിണി,* 1995, ല. 5, പു. 21-24.

വിജയകുമാർ, ടി.ബി. 'എഴുത്തച്ഛന്റെ ജാതി', *ഭാഷാപോഷിണി,* 2005 സപ്തംബർ, ല. 4, പു. 66-74.

ശ്രീകല, ആർ.ബി. 'മഹാഭാരതത്തിലെ മൗനഭാഷ്യങ്ങൾ', *ശാന്തം മാസിക.* 2017 ഫിബ്രവരി, വാ. 5, ല. 8.

സാനു, എം.കെ. 'ഏകാന്തമായ ഔന്നത്യം'. *ഗ്രന്ഥലോകം*, 2011 ജൂലായ്, വാ. 61, ല. 9.

--------------. വിട്ടുവീഴ്ചയില്ലാത്ത ജീവിതം. *മാധ്യമം ആഴ്ചപ്പതിപ്പ്,* 2011 ജൂലായ്, ല. 679-701.

സോമശേഖരൻനായർ, പി. (എഡി.) *മലയാളം ലക്സിക്കൻ*, വാ. എഴ്, തിരുവനന്തപുരം: കേരള സർവ്വകലാശാല പ്രസിദ്ധീകരണവിഭാഗം, 2009.

**ഗവേഷണപ്രബന്ധങ്ങൾ**

ബാബു, ഐ.വി. *നമ്പൂതിരി നവോത്ഥാനത്തിന്റെ സാമൂഹികവും സാംസ്കാരികവുമായ ഫലങ്ങൾ*, 1996. തലശ്ശേരി, മലയാളവിഭാഗം, ഗവ. ബ്രണ്ണൻ കോളേജ്.

രാജൻ, എൻ. *ശ്രീകണ്ഠൻനായരുടെ നാടകങ്ങൾ*, 1993, മലയാളവിഭാഗം, കാലിക്കറ്റ് സർവ്വകലാശാല.

സുകമാരൻ, ടി.പി. *എ. ബാലകൃഷ്ണപ്പിള്ളയുടെ സാഹിത്യനിരൂപണം. സിദ്ധാന്തവും പ്രയോഗവും*, 1982, മലയാളവിഭാഗം, കാലിക്കറ്റ് സർവ്വകലാശാല.

സ്മിതാഗോപാൽ. *ആധുനികതയുടെ ഘടകങ്ങൾ ചിത്രകലയിലും നോവലിലും,* 2009. തിരുവനന്തപുരം: കേരള സർവ്വകലാശാല.

**English Books**

Andrew, Joe. *Russian writers and society in the second half of the Nineteenth Century.* The MacMillan Press Ltd., 1982.

Bowring, Lewin, B. *Rulers of India.* Delhi: S Chand & Co., 1969.

Carr, Edward Hallet. *Dostoyesky, Fyodor 1821-1881. Novelists Russian 19th Century Biography.* London: G. Allen, C. 1962.

Chopra, P.N., Ravindran, T.K., & Subrahmanian. N. *History of South India, Vol. 3, Modern Period.* New Delhi: S. Chand & Company Ltd.

Desai, A.R. *Social background of Indian Nationalism.* Bombay: Popular Prakasam, 1987.

Dostoevsky, Fyodor. *The Gambler with Polina Suslova's Diary.* Tr. Edward Wasiolek. London: The University of Chicago Press, 1972.

Dostoevsky, Fyodor. *The Notebooks for The Brother Karamasov.* Ed. & Tr. by Edward Wasiolek. London: The University of Chicago Press, 1971.

Dostoevsky, Fyodor. *The Possessed.* Tr. Constance Garnett, Heinemann, London, 1970.

Dostoysky. Fyodor. *Notes from Underground White Nights Dream of a Ridiculous Man and from the House of the Dead.*

Fuller, C.J. *The Nayars Today.* London: Cambridge University Press, 1976.

Gholam, Mohammed, MMDLT. *The History of Hyder Shah alias Hyder Alikhan Behadur: and his son Tippoo Sultan.* Delhi: Cosmo Publications, 1976.

Grover, B.L. *A New Look at Modern Indian History.* New Delhi: S. Chand & Company Ltd., 1994.

Grover, Verinder. *M N Roy (Political Thinkers of Modern India*-5*)*. New Delhi: Deep and Deep Publication, 1991.

Habib, Irfan (ed.). *Confronting colonialism resistance and modernization under Haider Ali and Tipu Sultan*. New Delhi: Indian History Congress, 1999.

Helperin, John. *Jane Austen Bicentenary Essays*. Cambridge University Press, 1975.

Jafferson, Douglas William. *A Landmark in English Fiction*. London: Sussex University Press, 1977.

Jeffrey, Robin. *The Decline of Nair Dominance Society and Politics in Travancore 1847-1908*. New Delhi: Manohar Publication, 1994.

Jones, John, *Dostoevsky*. Oxford University Press, 1985.

Kareem, C.K. *Effects and consequences of Tipu's Reforms*. Cochin: Kerala History Association, 1973.

Kashina, Nadezha. *The Aesthetics of Dostoyevsky*. Tr. Julius Kaster. Moscow: Raduga Publishers, 1987.

Kosambi, D.D. *The Culture and Civilization of Ancient India in Historical Outline*. New Delhi: Vikas Publishing House, 1981.

Krishna Ayyer, K.V. *The Zamorins of Calicut*.Publication Division, University of Calicut 1999.

Krishna Ayyhar, K.V. *A Short History of Kerala*. Ernakulam: Pai and Company, 1966.

Kunjan Pillai Elamkulam. *Studies in Kerala History*. Kottayam: National Book Stall, 1970.

Kurup, K.K.N. *The Legacy of Islam (Kerala)- A Study of the Mappilas of Kerala*. Kannur: Samayam Publication, 2006.

Logan, William. *A Collection of Treaties, Engagements and Other Papers of Importance Relating to British Affairs in Malabar*. New Delhi: Asian Educational Services, 1989.

Majumdar, R.C. *Ancient India*. New Delhi: Indological Publishers and book Sellers, 1977.

Managhan, David. *Jane Austen Structure and Social Vision*. London: The MacMillan Press Ltd, 1980.

Mirsky, D.S. *A history of Russian Literature (ed.)*. Francis J. Whitefield, London: Routledge & Kegan Paul, 1968.

Narayanan, M.G.S. *Perumals of Kerala Brahmin Oligarchy and Ritual Monarchy*. Thrissur: Cosmo book, 2013.

Neelakanda Sastri, K.A. *A History of South India*. Oxford University Press, 1966.

New, Christopher. *Philosophy of literature: An introduction*. London: Routledge, 1999.

Oliga, Sartse (tr.). *Poor People- A Novel and Stories of the 1840s* (Selected works). Moscow: Raduga Publishers, 1988.

Padmanabha Menon, K.P. *History of Kerala, Vol. 2* (Ed.) Sahithyakusalan, T.K. Krishnamenon. New Delhi: Asian Educational Service, 1983.

Rajan Gurukkal, T.M. *The Kerala Temple and Early Medieval Agrarian System*. Sukapuram: Vallathol Vidhyapeetham, 1992.

Rajan Gurukkal, T.M., Raghava Varrier, M.R. *Cultural History of Kerala*. Thiruvananthapuram: Department of Cultural Publication, Kerala, 1999.

Roy, M.N. *Fragments of a Prisoners Diary: India Message*. Delhi: Ajanta Publictions, 1982.

Roy, M.N. *Materialism: An outline of the hisotry of scientific thought*. Jawahar Nagar, Delhi: Ajanta Books International, 1982.

Sabharwal, Aditya. *Critical Interpretation of Jane Austen*. New Delhi: Wisdom Press, 2012.

Sreedhara Menon, A. *A Survey of Kerala History*. Kottayam: Sahitya Pravarthaka Co-operative Society, 1967.

Sreenivasa Murthy, H.V., & Ramakrishnan, R. *A History of Karnataka.* New Delhi: Chand and Company Ltd. 1978.

Thaper, Romila. *A History of India, Vol. I*. New Delhi: Penguin Books, India, 1990.

Vidya Dhar Mahajan. *Early History of India*. New Delhi: S. Chand & Co., Ram Nagar, 1970.

Welleck, Rene. *Dostoevsky: A collection of critical essays.* USA: Prentice Hall, Inc, Englewood Cliffs, N.J. 1962.

**Journal**

Assadi, Muzaffar. *The Hindu Daily,* September 27, 2014.

**Research Thesis**

Padmakumari Amma. 'Srimula Vasam' *Jain Budhist Centres in the Early History of Kerala*. 1995. Department of History, University of Calicut.

**Online References**


- http://www.archive.org
- http://www.biblio.com
- http://www.britanica.com
- http://www.cambridge.org
- http://www.cambridgeindia.org
- http://www.celestialtimepiece.com
- http://www.dominantbooks.com
- http://www.en.wikipedia.org
- http://www.en.wikipedia.org
- http://www.exoticindiaart.com
- http://www.ezread.net
- http://www.newworldencyclopedia.org
- http://www.novel-writing-help.com
- http://www.researchgate.net
- http://www.rqjtbix8V
- http://www.storyinsight.com
- https://www.commonpacificu.edu/easfac
- https://www.commons.wikimedia.org
- https://www.exoticindiaart.com
- https://www.gradesaver.com
- https://www.jasna.org.
- https://www.literaryhistory.com

## അനുബന്ധം ഒന്ന്

# പി.കെ. ബാലകൃഷ്ണന്റെ ജീവിതരേഖ

| | | |
|---|---|---|
| 1926 മാർച്ച് 2 | : | എറണാകുളം ജില്ലയിലെ വൈപ്പിൻ ദ്വീപിൽ എടവനക്കാട് ഗ്രാമത്തിൽ കേശവൻ ആശാന്റെയും മാണിയമ്മയുടെയും മകനായി ജനനം. |
| 1940 | : | വിദ്യാർത്ഥി, രാമവർമ്മ യൂണിയൻ ഹൈസ്കൂൾ, ചേറായി. |
| 1942 | : | വിദ്യാർത്ഥി, എറണാകുളം മഹാരാജാസ് കോളേജ് |
| 1942 ഒക്ടോ. 21 | : | 16-ാം വയസ്സിൽ ക്വിറ്റ് ഇന്ത്യ സമരത്തിൽ പങ്കെടുത്തതിന് തൃശൂർ സെൻട്രൽ ജയിലിൽ രണ്ടുമാസം ഡെറ്റിന്യൂ തടവ് |
| 1944 | : | കോളേജ് വിദ്യാഭ്യാസം പുനരാരംഭിച്ചു |
| 1947 | : | വിദ്യാർത്ഥികോൺഗ്രസ്സിന്റെ മുഖപത്രമായ 'ആസാദ്' മാസികയുടെ പ്രവർത്തന പങ്കാളി. |
| 1949 | : | കേരള സോഷ്യലിസ്റ്റുപാർട്ടിയുടെ മുഖപത്രമായ *സോഷ്യലിസ്റ്റ്* വാരികയുടെ പത്രാധിപർ. |
| 1950 ഏപ്രിൽ | : | *നവഭാരതം* ദിനപത്രത്തിൽ ചേർന്നു. |
| 1952-1952 | : | സർക്കിൾ ബുക്ക് ഹൗസ് നടത്തിപ്പ്, എറണാകുളം ജട്ടി. |
| 1954 ഒക്ടോ | : | കോട്ടയം പുരോഗമന സാഹിത്യസമ്മേളനത്തിൽ പങ്കെടുത്തു. |
| 1958 ജൂലൈ 25 | : | 'ദിനപ്രഭ' ദിനപത്രത്തിന്റെ മുഖ്യ പത്രാധിപർ |
| 1960 | : | തിരുവനന്തപുരത്ത് സ്ഥിരതാമസം |
| 1960-1970 | : | കേരളകൗമുദി പത്രാധിപർ |
| 1974 | : | കേരളസാഹിത്യഅക്കാദമി അവാർഡ് |
| 1978 | : | വയലാർ അവാർഡ് |
| 1987-1991 | : | മാധ്യമം പത്രാധിപർ |
| 1991 ഏപ്രിൽ 3 | : | മരണം. |

## അനുബന്ധം രണ്ട്

## പി.കെ. ബാലകൃഷ്ണന്റെ രചനകളുടെ കാലക്രമം

1953 : ഗാന്ധിജിയും ദേവേന്ദ്രനും ഒരു ജൂതനും (ഏകാങ്കനാടകം)

1954 : നാരായണഗുരു (സമാഹാരഗ്രന്ഥം)

1957 : ചന്തുമേനോൻ ഒരു പഠനം (നിരൂപണം)

1958 : മര്യാദക്കാരനായ കള്ളൻ (നോവൽ പരിഭാഷ)

1959 : ടിപ്പുസുൽത്താൻ (ചരിത്രപഠനം)

1963 : പ്ലൂട്ടോ!പ്രിയപ്പെട്ട പ്ലൂട്ടോ! (നോവൽ)

1965 : നോവൽ: സിദ്ധിയും സാധനയും (നോവൽ പഠനം)

1973 : ഇനി ഞാൻ ഉറങ്ങട്ടെ (ഇതിഹാസനോവൽ)

1978 : മായാത്ത സന്ധ്യകൾ (നിരൂപണം)

1982 : എഴുത്തച്ഛന്റെ കല- ചില വ്യാസഭാരതപഠനങ്ങളും (നിരൂപണം)

1983 : ജാതിവ്യവസ്ഥിതിയും കേരളചരിത്രവും (ചരിത്രപഠനം)

1989 : നിദ്രാസഞ്ചാരങ്ങൾ (നിരൂപണം)

2000 : Naninnu Nidrasuve (Kannada Tr. Sara Aboobacker)

2001 : Ini njan Urangattum (Tamil Tr. A. Madhavan)

2004 : കേരളീയതയും മറ്റും (ലേഖനങ്ങൾ)

2011 : വേറിട്ട ചിന്തകൽ (ലേഖനങ്ങൾ)

2015 : ഒരു വീരപുളകത്തിന്റെ കഥ (ലേഖന സമാഹാരവും പഠനവും)

2016 : Ab Muje Sone Do (Hindi Tr. G. Gopinathan)

2017 : Battle Beyond Kurukshetra
(English Tr. Jayalekshmy, P.K)

# അനുബന്ധം മൂന്ന്

## എ പട്ടിക

### 1094–ൽ പ്രജാസഭയിലെ പ്രതിനിധികളുടെ ജാതി

| ജാതി | താലൂക്ക പ്രതിനിധികൾ | വ്യാപാരം, തോട്ടവ്യവസായം, നഗരം, സംഘടന പ്രതിനിധികൾ | ആകെ |
|---|---|---|---|
| നായന്മാർ | 12 | 2 | 14 |
| നായന്മാരായിരിക്കാൻ സാധ്യതയുള്ളവർ | 9 | — | 9 |
| പരദേശബ്രാഹ്മണർ | 9 | 2 | 11 |
| സുറിയാനിക്രിസ്ത്യാനികൾ | 8 | 2 | 10 |
| മലയാളബ്രാഹ്മണർ | 7 | — | 7 |
| ക്ഷത്രിയർ | 6 | — | 6 |
| മുസ്ലിങ്ങൾ | 3 | 2 | 5 |
| ഈഴവർ | 1 | — | 1 |
| ഈഴവരായിരിക്കാൻ ഇടയുള്ളവർ | 1 | — | 1 |
| ലത്തീൻ കത്തോലിക്കർ | 1 | — | 1 |
| ചാന്നാർ | 1 | — | 1 |
| പ്രൊട്ടസ്റ്റന്റ് (മതം മാറിയവർ) | 1 | 1 | 2 |
| യൂറോപ്യന്മാർ | — | 7 | 7 |
| അനിശ്ചിതം | 6 | — | 6 |
| ആകെ | 65 | 16 | 81 |

Source: TGER, TPD· File 113 A. of 1904·

## ബി പട്ടിക

### പത്മനാഭപുരം–തിരുവനന്തപുരം–കോട്ടയം ഡിവിഷനുകളിലെ താലൂക്കപ്രതിനിധികളുടെ തൊഴിൽ–ജാതി–മതാടിസ്ഥാനത്തിൽ

| | നായർ | നായരായിരിക്കാൻ സാദ്ധ്യതയുള്ളവർ | സുറിയാനിക്കാർ | പരദേശ ബ്രാഹ്മണർ | മലയാള ബ്രാഹ്മണർ | ക്ഷത്രിയർ | മുസ്ലിം | മറ്റുള്ളവർ | അനിശ്ചിതം | ആകെ |
|---|---|---|---|---|---|---|---|---|---|---|
| ഭൂവുടമകൾ | 10 | 4 | 4 | 1 | 0 | 4 | 0 | 4 | 4 | 31 |
| വക്കീലും ഭൂവുടമയും | 1 | 0 | 0 | 1 | 0 | 0 | 0 | 0 | 1 | 3 |
| വ്യാപാരിയും ഭൂവുടമയും | 0 | 0 | 0 | 0 | 0 | 0 | 2 | 0 | 0 | 2 |
| പുരോഹിതനും ഭൂവുടമയും | 0 | 0 | 1 | 0 | 0 | 0 | 0 | 0 | 0 | 1 |
| ജന്മി | 0 | 0 | 0 | 0 | 3 | 0 | 0 | 0 | 0 | 3 |
| വക്കീൽ | 0 | 0 | 0 | 2 | 0 | 0 | 0 | 0 | 0 | 2 |
| വ്യാപാരികൾ | 0 | 0 | 0 | 1 | 0 | 0 | 0 | 0 | 0 | 1 |
| | 11 | 4 | 5 | 5 | 3 | 4 | 2 | 4 | 5 | 43 |